ഇത് തിരുവചന സത്യം

# വിസ്മയ സന്ദേശം

*വിതരണം :*

**The Good Samaritan Ministry**
Thiruvalla

(Malayalam)
**ITHU THIRUVACHANA SATHYAM**
Perakathu Cherian Skariah, Thiruvalla

© Reserved

First Impression: 5000 Copies - December 2015
Second Impression: 5000 Copies - August 2017
Third Impression : 5000 Copies - April 2019
Revised Fourth Impression: 15000 Copies - November 2021
Revised Fifth Impression: 10000 Copies - January 2024

Printed at:
Ebenezer Printpack (P) Ltd
Thrissur - 680 012, Kerala
Tel: 0487 2360992, 2361892
www.ebenezerprinters.com

*Distributed by :*
**The Good Samaritan Ministry**
Thiruvalla.

Price Rs. 150/-

---

**ബന്ധപ്പെടേണ്ട വിലാസം :**

Perakathu Cherian Skariah
Thiruvalla, District Pathanamthitta, Kerala
Ph: 9747097977
Email: susyskariah@hotmail.com

# ആമുഖം

ഒരു സത്യവേദപുസ്തകവും, എണ്ണിത്തിട്ടപ്പെടുത്തുവാൻ പ്രയാസമായിരിക്കുംവിധം പല ക്രിസ്തീയ സഭകളും! സത്യവേദപുസ്തകം വിശ്വസിക്കാത്ത ഒരുവൻ ഒരിക്കൽ ഇപ്രകാരം ചോദിക്കുകയുണ്ടായി: ക്രിസ്തീയ സഭകൾക്കെല്ലാം ഒരേ വേദപുസ്തകം; എല്ലാവരും ഒരേ വേദപുസ്തകത്തിൽനിന്നും വായിക്കുന്നു; എന്നാൽ നിങ്ങൾക്ക് വിശ്വാസത്തിൽ ഏകീഭവിക്കുവാൻ സാധിക്കാത്തത് എന്തുകൊണ്ടാണ്? ഇന്നും ആ ചോദ്യം ചെവിയിൽ മുഴങ്ങുകയാണ്. ചോദ്യം മറ്റൊരുവിധത്തിൽ എന്റെ ഹൃദയത്തിൽ ഉദിച്ചു. ക്രിസ്തുവാകുന്ന ഏക തല എങ്കിൽ, എണ്ണിത്തിട്ടപ്പെടുത്തുവാൻ പ്രയാസമാകുംവിധം ശരീരങ്ങൾ എങ്ങനെ രൂപം കൊണ്ടു? ഉത്തരം ലളിതമായതല്ല. മനുഷ്യന് തിരുവചനത്തോടുള്ള മനോഭാവവും സമീപനവുമാണ് പല കാരണങ്ങളിൽ ഒന്ന്. മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ദൈവത്തിന്റെ വായിൽകൂടി വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു എന്ന ക്രിസ്തുവിന്റെ പ്രസ്താവനയ്ക്ക് മനുഷ്യഹൃദയങ്ങളിൽ ഇടം ലഭിക്കാതെ പോകുന്നു.

കഴിഞ്ഞ ഏതാണ്ട് 35 വർഷങ്ങളോളം സഭാമൂപ്പനായി ഞാൻ സേവനം തുടരുന്നു. വേദപുസ്തകം മറ്റുള്ളവരുമായി പങ്കുവയ്ക്കുക എന്നത് ദൗത്യത്തിന്റെ ഒരു ഭാഗമാണ്. സത്യവേദപുസ്തകത്തിന്റെ എല്ലാ ഭാഗങ്ങളും എല്ലാവരുടേയും വിശ്വാസത്തിന്റെ ഭാഗമല്ല എന്ന സത്യം ഈ കാലയളവിൽ മനസ്സിലാക്കുവാൻ സാധിച്ചു. എന്തുകൊണ്ടാണ് സത്യവേദപുസ്തകത്തിന്റെ ചില ഭാഗങ്ങൾ എല്ലാവരും വിശ്വസിക്കാത്തത് എന്ന് ചോദിക്കുമ്പോൾ ലഭിക്കാറുള്ള മറുപടികളിൽ ചിലത്: (1) അത്  യെഹൂദന് കൊടുത്തതായിരുന്നു. (2) അത് ന്യായപ്രമാണത്തിൻ കീഴുള്ളവർക്കുവേണ്ടി കൊടുത്തതായിരുന്നു. (3) അത് ക്രൂശിൽ തറച്ച് നീങ്ങിപ്പോയവയാണ്. (4) അത് പഴയനിയമകാലത്ത് പ്രാബല്യത്തിൽ ഉണ്ടായിരുന്നവയാണ്. ഈ മനോഭാവത്തിൽ ചതിയും മരണവും പതിയിരിക്കുന്നു എന്ന ബോധം എനിക്ക് ഉണ്ടായിട്ട്, തെറ്റിദ്ധാരണകൾ ഒഴിവാക്കുവാൻ രൂപീകരിച്ചിട്ടുള്ള ഒരു പഠനമാണ് ഈ പുസ്തകം.

The Good Samaritan Ministry യിലൂടെ ഈ പുസ്തകം സൗജന്യമായി നിങ്ങൾക്ക് ലഭിക്കുന്നു. ഈ സേവനത്തിന് എനിക്ക് ഉത്തേജനവും തുണയും നൽകിയ ദൈവത്തിന് പൂർണ്ണ ഹൃദയത്തോടെ സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു. പരിശുദ്ധാത്മാവിനാൽ നൽകപ്പെട്ടിരിക്കുന്ന തിരുവചനം പഠിക്കുമ്പോൾ അത് ഗ്രഹിക്കുവാൻ പരിശുദ്ധാത്മവാസം വായിക്കുന്ന വ്യക്തിയിൽ ഉണ്ടായിരിക്കേണ്ടതാണ്. ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്ന വിഷയങ്ങൾ പഠിക്കുമ്പോൾ അതിന്റെ ആഴത്തിലേക്ക് ഇറങ്ങിച്ചെല്ലുവാനും അത് ജീവിതത്തിന്റെ ഭാഗമാക്കുവാനും ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഈ പുസ്തകത്തിൽ മറഞ്ഞിരുന്ന് സംസാരിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ദൈവ തൃപ്പാദത്തിൽ ഈ പുസ്തകം സമർപ്പിക്കുന്നു.

ഗ്രന്ഥകാരൻ

# ഉള്ളടക്കം

**പേജ്**

**ആമുഖം**

**അദ്ധ്യായങ്ങൾ**

1. പഴയനിയമം പുതിയനിയമം ........................................ 7

2. ന്യായപ്രമാണത്തിൻ കീഴിൽ ........................................ 64

3. ക്രൂശിൽ തറച്ചത് എന്ത്? ........................................ 194

4. അത് യെഹൂദനു കൊടുത്തതായിരുന്നു? ........................................ 233

5. ഒരു വിശുദ്ധ ദിവസം ........................................ 290

6. അഭ്യർത്ഥന ........................................ 339

## അദ്ധ്യായം 1

# പഴയനിയമം പുതിയനിയമം

### വാക്കുകളുടെ അർത്ഥം

പഴയനിയമം പുതിയനിയമം എന്ന വാക്കുകൾക്ക് അവയുടെ ഉദ്ദേശ്യത്തെ ആസ്പദമാക്കി മൂന്ന് വിവിധ അർത്ഥങ്ങൾ ഉണ്ട്.

1. സമയഘടനയെയാണ് ആധാരമാക്കുന്നത് എങ്കിൽ പഴയനിയമം എന്നുപറഞ്ഞാൽ ഏദെൻ മുതൽ കുരിശു (മരണം) വരെയും, പുതിയനിയമം എന്നുപറഞ്ഞാൽ കുരിശു (മരണം) മുതൽ വർത്തമാനകാലംവരെയും എന്നാണ് അർത്ഥം.

2. തിരുവചനത്തിലെ പുസ്തകങ്ങളെയാണ് ഉദ്ദേശിക്കുന്നത് എങ്കിൽ പഴയനിയമം എന്നു പറഞ്ഞാൽ ഉല്പത്തി പുസ്തകം മുതൽ മലാഖിവരെയും, പുതിയനിയമം എന്നു പറഞ്ഞാൽ മത്തായി തുടങ്ങി വെളിപ്പാടുവരെയുള്ള പുസ്തകങ്ങളുമാണ്.

3. ഇവ രണ്ടും കൂടാതെ പഴയനിയമം പുതിയനിയമം എന്ന വാക്കുകൾക്ക് മറ്റൊരു അർത്ഥം കൂടിയുണ്ട്. അത് കൂടുതൽ വേദശാസ്ത്രപരമായതുകൊണ്ട് അല്പംകൂടി ആഴമായ പഠനം ആവശ്യമാണ്. പഴയനിയമം പുതിയനിയമം എന്ന വാക്കുകളിൽ പൊതുവായ ഒരു വാക്ക് ഉള്ളത് നിയമം"എന്ന വാക്കാണ്. നിയമം എന്ന വാക്കിന്റെ അർത്ഥം മനസ്സിലായെങ്കിൽ മാത്രമേ പഴയതും പുതിയതുമായ നിയമത്തിന്റെ അർത്ഥം മനസസ്സിലാക്കുവാൻ സാധിക്കുകയുള്ളു.

### നിയമം എന്നാൽ എന്ത്?

ഈ ലോകത്തിൽ നിയമത്തിന്റെ തുടക്കം ഉല്പത്തി 3: 15-ൽ രേഖപ്പെടുത്തിയിരിക്കുന്നു. മനുഷ്യൻ പാപം ചെയ്തതോടെ ദൈവവുമായുള്ള ബന്ധം അറ്റുപോയി. യെശയ്യാ പ്രവാചകൻ ഇതിനെ സംബന്ധിച്ച് പറയുന്നത് നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത് (യെശ. 59:2). ഉല്പത്തി 3-ാം അദ്ധ്യായത്തെ സംബോധന ചെയ്തുകൊണ്ട് അപ്പൊ.

പൗലൊസ് പറയുന്നത് അതുകൊണ്ട് ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. അങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു"(റോമർ 5:12). നിത്യമായ മരണത്തെ സംബന്ധിച്ചല്ല തിരുവചനം ഇവിടെ പ്രതിപാദിക്കുന്നത്. ആദാമിന്റെയും ഹവ്വയുടെയും പാപം ദൈവത്തെ വിസ്മയിപ്പിക്കുന്നില്ല. ലോക സ്ഥാപനത്തിനു മുമ്പേ പാപത്തിന്റെ സാദ്ധ്യത കണ്ട ദൈവം പാപപരിഹാരം ലോകസ്ഥാപനത്തിനുമുമ്പേ ആസൂത്രണം ചെയ്തിരുന്നു. പാപം ഈ ഭൂമിയിൽ ഉടലെടുത്ത ദിവസം തന്നെ വെയിലാറിയപ്പോൾ ദൈവം തോട്ടത്തിലേക്ക് കടന്നു വരികയും പ്രത്യാശയുടെ സന്ദേശം അവരെ അറിയിക്കയും ചെയ്തു. നിന്നെ രക്ഷിക്കുവാൻ ഞാൻ മശീഹായെ അയക്കാം എന്ന ദൈവ വാഗ്ദത്തമാണ് ഉല്പത്തി 3:15-ൽ അടങ്ങിയിരിക്കുന്നത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ: സ്നേഹത്തിൽനിന്നും ഉദിച്ച് രക്ഷയെ ലക്ഷ്യമാക്കിയുള്ള ദൈവ പ്രതിജ്ഞാബദ്ധതയാണ് നിയമം എന്ന വാക്കുകൊണ്ട് അർത്ഥമാകുന്നത്. ഒരു നിയമത്തിൽ രണ്ട് കക്ഷികൾ എങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. ദൈവ നിയമം ഒരു ഉടമ്പടി ആയതുകൊണ്ട് വാഗ്ദത്തം ചെയ്യുന്ന ദൈവം ഒരു കക്ഷിയും നിയമത്തിൽ പങ്കെടുക്കാം എന്ന് സമ്മതിക്കുന്ന മനുഷ്യൻ മറുകക്ഷിയുമാണ്. നിയമത്തിന്റെ (ഉടമ്പടിയുടെ) നിബന്ധനകൾ ദൈവമാണ് സ്ഥാപിക്കുന്നത്; മനുഷ്യന് അതിനുള്ള യോഗ്യതയും അധികാരവും ഇല്ല എന്ന വസ്തുത ഓർത്തിരിക്കേണ്ടതാണ്. സ്നേഹ ബന്ധമാണ് നിയമത്തിന്റെ അടിസ്ഥാനം എന്നു ഉല്പത്തി 3:15 സ്ഥാപിക്കുന്നു.

ദൈവ നിയമത്തെ മനസ്സിലാക്കുവാൻ സഹായിക്കുന്ന ചില ഉപമകൾ കർത്താവ് പറഞ്ഞിരിക്കുന്നത് എടുത്തു പറയുവാൻ താല്പര്യപ്പെടുന്നു. ഒരുത്തന് 100 ആട് ഉണ്ടായിരുന്നു എന്നിരിക്കട്ടെ. അതിൽ ഒന്ന് മരുഭൂമിയിൽ നഷ്ടപ്പെട്ടുപോയി. സ്നേഹവാനായ ഇടയൻ 99 നെയും മരുഭൂമിയിൽ വിട്ടേച്ച് നഷ്ടപ്പെട്ടുപോയ ഒന്നിനെ കണ്ടെത്തുന്നതുവരെ തിരയുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. കണ്ടെത്തുമ്പോൾ ഉണ്ടാകുന്ന അതിസന്തോഷം പ്രകടിപ്പിച്ചുകൊണ്ട് ഉപമ അവസാനിക്കുന്നു (ലൂക്കൊസ് 15:4-6).

കർത്താവ് വീണ്ടും ഒരു ഉപമ പറഞ്ഞു. ഒരു സ്ത്രീക്ക് 10 ദ്രഹ്മ ഉണ്ടായിരുന്നു, അതിൽ ഒന്ന് നഷ്ടപ്പെട്ടുപോയി. സ്ത്രീ വിളക്കു കത്തിച്ച് വീട് അടിച്ചു വാരി നഷ്ടപ്പെട്ടു പോയ ദ്രഹ്മ കണ്ടെത്തുംവരെ തിരയുന്നതായി ഉപമയിൽ പറഞ്ഞിരിക്കുന്നു. കണ്ടുകിട്ടിയ ശേഷം സ്നേഹിതമാരെയും അയല്ക്കാരെയും വിളിച്ചുകൂട്ടി സന്തോഷിക്കുന്ന

തായി പറഞ്ഞുകൊണ്ട് ഉപമ അവസാനിപ്പിക്കുന്നു. ലൂക്കോസ് 15-ൽ കർത്താവ് പറഞ്ഞ മൂന്ന് ഉപമകളിൽ മൂന്നാമത്തെ ഉപമ (മുടിയനായ) പുത്രന്റെ ഉപമയാണ്. പിതാവിന്റെ ഭവനം വിട്ടുപോയ ഇളയ പുത്രന്റെ തിരിച്ചുവരവ് കാത്തിരിക്കുന്ന ഒരു പിതാവാണ് ഉപമയിലെ പ്രധാന വ്യക്തി. മകൻ തിരിച്ച് വന്നപ്പോൾ യാതൊരു ചോദ്യവും ചോദിക്കാതെ മകനെ വീണ്ടും ഭവനത്തിൽ സ്വീകരിക്കുന്നു. മകന്റെ മുഷിഞ്ഞ വസ്ത്രം നീക്കിയിട്ട് മേല്ത്തരമായ അങ്കിയും, കാലിന് ചെരിപ്പും, കൈക്ക് മോതിരവും കൊടുത്ത് വലിയൊരു ആഘോഷത്തോടെ ഉപമ അവസാനിക്കുന്നു. കർത്താവ് പറഞ്ഞ ഈ ഉപമകളിലെല്ലാം നഷ്ടപ്പെട്ടുപോയ മനുഷ്യനെ തേടി ചെല്ലുന്ന ഒരു ദിവ്യസ്നേഹം കാണുവാൻ കഴിയുന്നു. ഉല്പത്തി 3:15-ൽ ഈ നിഗമനം തെളിവായി കാണുന്നു. സ്ത്രീയുടെ സന്തതിയായി മശീഹാ വരുമെന്നും സാത്താന്റെ തല തകർക്കുമെന്നും നഷ്ടപ്പെട്ടുപോയ ബന്ധം യഥാസ്ഥാനപ്പെടുത്തുമെന്നും ദൈവം ആദാമിനോടും ഹവ്വയോടും വാഗ്ദത്തം ചെയ്തു. മനുഷ്യനോട് ദൈവം ചെയ്യുന്ന വാഗ്ദത്ത ഉടമ്പടിയാണ് (covenant) നിയമം. തുടർന്നുള്ള പഠനത്തിൽ നിയമത്തോടനുബന്ധിച്ച് എപ്പോഴും ദൈവ വാഗ്ദത്തങ്ങൾ കാണാവുന്നതാണ്.

മനുഷ്യൻ ദൈവത്തോട് നിയമം ചെയ്ത ഉദാഹരണവും തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. രാജാവ് തൂണിന്നരികെ നിന്നുകൊണ്ടു താൻ യഹോവയെ അനുസരിച്ച് നടക്കയും അവന്റെ കല്പനകളും സാക്ഷ്യങ്ങളും ചട്ടങ്ങളും പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും കൂടെ പ്രമാണിക്കയും ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന നിയമത്തിന്റെ വാക്യങ്ങൾ നിവർത്തിക്കയും ചെയ്യുമെന്ന് യഹോവയുടെ മുമ്പാകെ ഒരു നിയമം ചെയ്തു. ജനമൊക്കെയും ഈ നിയമത്തിൽ യോജിച്ചു" (2 രാജാക്കന്മാർ 23:3). യോശീയാ രാജാവ് യഹോവയോട് ഒരു വാഗ്ദത്ത ഉടമ്പടിയിൽ ഏർപ്പെടുന്നതിനെ നിയമം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ദൈവം മനുഷ്യനോടും മനുഷ്യൻ ദൈവത്തോടും ചെയ്യുന്ന "വാഗ്ദത്ത ഉടമ്പടിയാണ് നിയമം"എന്ന വാക്കുകൊണ്ട് അർത്ഥമാകുന്നത്.

## പലവിധ നിയമങ്ങൾ

നിയമങ്ങളെ പ്രധാനമായും രണ്ടായി തരം തിരിക്കാം.

### 1. മനുഷ്യർ തമ്മിലുള്ള നിയമം

മനുഷ്യർ തമ്മിലുള്ള നിയമത്തിൽത്തന്നെ വിവിധ തരത്തിലുള്ള നിയമങ്ങൾ കാണുവാൻ സാധിക്കുന്നു. (1) രണ്ട് വ്യക്തികൾ കൂടിവന്ന്

ഒരു വ്യാപാരത്തിൽ ഏർപ്പെടുന്നതിന് മുമ്പ് അവർ നിയമം ചെയ്യുകയും നിയമത്തിന്റെ വ്യവസ്ഥകൾ കൈമാറുകയും ചെയ്യുന്നു. (2) മാതാപിതാക്കൾ മക്കൾക്ക് അവകാശം കൈമാറുമ്പോൾ വിൽപ്പത്രം എഴുതി വയ്ക്കുന്നതിനെ നിയമത്തിന്റെ പട്ടികയിൽ ചേർത്തിരിക്കുന്നു. (3) യജമാനനും ദാസനും ചേർന്ന് നിയമത്തിൽ ഏർപ്പെടുന്നതിന്റെ ഉദാഹരണങ്ങൾ തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. (4) വിവാഹ ഉടമ്പടിയേയും നിയമത്തിന്റെ പട്ടികയിൽ ചേർത്തിരിക്കുന്നു. ഇരുകൂട്ടരും നിയമത്തിന്റെ വ്യവസ്ഥകൾ പാലിക്കാമെന്ന് സാക്ഷികളുടെ മുമ്പാകെ നിയമം (ഉടമ്പടി) ചെയ്യുന്നു. ഏതെങ്കിലും ഒരു കക്ഷി നിയമത്തിന്റെ വ്യവസ്ഥകൾ ലംഘിക്കുമ്പോൾ ബന്ധം അറ്റുപോകുന്നു. ഉടമ്പടി ബന്ധമാണ് നിയമം.

## 2. ദൈവവും മനുഷ്യനുമായുള്ള നിയമം

പിതാവായ ദൈവം തന്റെ പുത്രനെ ബലി അർപ്പിച്ച് മനുഷ്യനെ നിത്യമായ മരണത്തിൽനിന്ന് രക്ഷിച്ച് നിത്യജീവനെ തിരികെ തരാമെന്ന് ചെയ്യുന്ന പ്രതിജ്ഞാബദ്ധതയാണ് ദൈവനിയമം എന്നു നാം കണ്ടുകഴിഞ്ഞു. ദൈവം ഉന്നതനും മനുഷ്യൻ താഴ്ന്ന നിലവാരത്തിൽ ഉള്ളവനുമായതുകൊണ്ട് ദൈവം നിയമത്തിന്റെ വ്യവസ്ഥകൾ തീരുമാനിക്കയും മനുഷ്യനെ നിയമത്തിലേക്ക് ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. ഭൂമി പാപരഹിതമായിരുന്നപ്പോൾ മനുഷ്യന് ദൈവത്തോടുള്ള സ്നേഹവും അനുസരണവും വിശ്വസ്തതയും പ്രകടമാക്കുവാൻ തോട്ടത്തിന്റെ നടുവിൽ ഒരു വൃക്ഷം നട്ടിരുന്നു. നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും"എന്ന വ്യവസ്ഥ പാപത്തിനുമുമ്പ് ഉണ്ടായിരുന്നു എന്നു പറയാം. അനുസരിച്ചു ജീവിക്കുക എന്നും അനുസരണക്കേടിൽ അകപ്പെട്ടാൽ മരിക്കും എന്നുമായിരുന്നു നിയമത്തിന്റെ (ബന്ധത്തിന്റെ) വ്യവസ്ഥ. ഇതിനെ ആസ്പദമാക്കി അപ്പൊ. പൗലൊസ് പറയുന്നു: “ഇങ്ങനെ ജീവനായി ലഭിച്ചിരുന്ന കല്പന എനിക്ക് മരണഹേതുവായിത്തീർന്നു എന്നു ഞാൻ കണ്ടു"(റോമർ 7:10). മനുഷ്യൻ പാപം ചെയ്തതോടെ ബന്ധം നഷ്ടപ്പെട്ടുപോയി. പാപത്താൽ ബന്ധം നഷ്ടപ്പെട്ടതുകൊണ്ട് മനുഷ്യൻ മരണത്തിന് ഇരയായിത്തീർന്നു. മനുഷ്യനുമായി വീണ്ടും ബന്ധത്തിൽ ഏർപ്പെടുവാൻ ദൈവം കടപ്പെട്ടിരുന്നില്ല. എങ്കിലും ദൈവം തന്റെ സ്നേഹം മൂലം വീണ്ടും ഒരു ബന്ധത്തിൽ ഏർപ്പെടുന്നു. കർത്താവായ യേശുവിലുള്ള വിശ്വാസത്താൽ പാപം പോക്കി നഷ്ടപ്പെട്ടുപോയ ബന്ധം പുനഃസ്ഥാപിക്കാം എന്ന് ദൈവം ഒരു വ്യവസ്ഥ സ്ഥാപിച്ചു. അങ്ങനെ ദൈവം മനുഷ്യനുമായി ഒരു നിയമം ചെയ്തു.

## നിയമവും തെറ്റിദ്ധാരണയും

മനുഷ്യൻ അനുസരിച്ച് ജീവിക്കുവാൻ ദൈവം തന്നിരിക്കുന്ന ചട്ടങ്ങളും കല്പനകളും ന്യായപ്രമാണങ്ങളുമാണ് "നിയമം"എന്ന വാക്കുകൊണ്ട് അനേകർ അർത്ഥമാക്കുന്നത്. ഇത് നിയമം എന്ന വാക്കിന്റെ തെറ്റിദ്ധാരണയാണ്. ചട്ടങ്ങൾക്കും കല്പനകൾക്കും ന്യായപ്രമാണങ്ങൾക്കും നിയമവുമായി അഭേദ്യമായ ഒരു ബന്ധം ഉണ്ടെങ്കിലും നിയമം എന്നത് സ്നേഹത്തിൽ അധിഷ്ടിതമായിരിക്കുന്ന ബന്ധമാണ്. അതുകൊണ്ട് കർത്താവ് പറയുന്നു "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും" (യോഹ. 14:15). സ്നേഹബന്ധത്തെ പരിപോഷിപ്പിച്ച് നിലനിർത്തുന്ന വ്യവസ്ഥകളാണ് കല്പനകൾ എന്നു പറയാം. ഞാൻ അല്ലാതെ അന്യദൈവങ്ങൾ നിനക്ക് ഉണ്ടാകരുത് (പുറ. 20:3). മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഞാനും നീയുമായി ഉള്ള സ്നേഹബന്ധം പോലെ മറ്റൊരു സ്നേഹബന്ധം ഉണ്ടാകരുത് എന്നാണ് കല്പന. ഇത് സ്നേഹബന്ധത്തിന്റെ വ്യവസ്ഥയാണ്; അതുപോലെ ശേഷിക്കുന്ന 9 കല്പനകളും. സ്നേഹം ഒരുനാളും ഉതിർന്നുപോകയില്ല (1 കൊരി. 13:8). അതുകൊണ്ട് സ്നേഹബന്ധത്തിന്റെ കല്പനകളും ഒരുനാളും ഉതിർന്നുപോകയില്ല.

ദൈവവും മനുഷ്യനും തമ്മിലുള്ള നിയമത്തെ വിവാഹബന്ധത്തോട് (marriage covenant) തിരുവചനം ഉപമിക്കുന്നു. വിവാഹ ഉടമ്പടിയുടെ വ്യവസ്ഥകളല്ല സ്നേഹബന്ധം. ഉടമ്പടികൾ പാലിക്കുവാനല്ല വിവാഹബന്ധത്തിൽ ഏർപ്പെടുന്നതും. മോശെ മുഖാന്തരം ദൈവം മനുഷ്യന് തന്നിരുന്ന ന്യായപ്രമാണങ്ങളായിരുന്നു പഴയനിയമം എന്നും കർത്താവായ യേശു ഭൂമിയിൽ വന്നപ്പോൾ മോശെ മുഖാന്തരം തന്നിരുന്ന ന്യായപ്രമാണങ്ങൾ റദ്ദ് ആക്കിയിട്ട് പുതിയ കല്പകൾ തന്നിരിക്കുന്നതാണ് പുതിയനിയമം എന്നുമാണ് ആഗോളമായി കാണുന്ന തെറ്റിദ്ധാരണ. ഇപ്രകാരമുള്ള തെറ്റിദ്ധാരണകൊണ്ട് ദൈവജനം 10 കല്പന ഉപേക്ഷിച്ച് പാപം ചെയ്യുന്നു. ടെലിവിഷൻ പ്രക്ഷേപണത്തിൽ ഒരു പ്രസംഗകൻ ഇപ്രകാരം പറയുകയുണ്ടായി: ദൈവം കൈകൊണ്ട് എഴുതിയ ഒരേ ഒരു കാര്യമേ ഉള്ളു: അത് പത്ത് കല്പനയാണ്. കയ്യെഴുത്ത് മായിച്ചു ക്രൂശിൽ തറച്ചു നടുവിൽനിന്നു നീക്കിക്കളഞ്ഞു എന്ന് പൗലൊസ് പറയുന്നതുകൊണ്ട് 10 കല്പന നീങ്ങിപ്പോയിരിക്കുന്നു. ഇത് തെറ്റിദ്ധാരണയുടെ ഒറ്റപ്പെട്ട ഒരു പ്രസംഗമല്ല. (ക്രൂശിൽ തറച്ചത് എന്ത് എന്ന വിഷയത്തെ പ്രതിപാദിക്കുന്ന അദ്ധ്യായം വായിക്കുക.) ദൈവം മനുഷ്യനോട് ചെയ്ത ചില നിയമങ്ങൾ പഠിക്കുമ്പോൾ നിയമം

എന്ന വാക്ക് കൊണ്ട് തിരുവചനം എന്ത് അർത്ഥമാക്കുന്നു എന്ന് ഗ്രഹിക്കാവുന്നതാണ്.

## നിയമത്തിന്റെ ഉദാഹരണങ്ങൾ

### ദൈവം ആദാമിനോട് നിയമം ചെയ്തു

ആദാമും ഹവ്വയും പാപം ചെയ്തപ്പോൾ അവർ നിത്യമരണത്തിന് വിധേയരായിത്തീർന്നു. പാപം നിമിത്തം ദൈവവുമായുള്ള ബന്ധവും നഷ്ടപ്പെട്ടു. അന്നു തന്നെ വെയിലാറിയപ്പോൾ ദൈവം തോട്ടത്തിലേക്ക് കടന്നു വരികയും അവരോട് സംസാരിക്കുകയും ചെയ്തു. മരണത്തിന് വിധേയരായ തന്റെ മക്കളോടുള്ള അമിതമായ സ്നേഹം നിമിത്തം അവരെ രക്ഷിക്കുവാൻ മശീഹായെ അയയ്ക്കാം എന്ന വാഗ്ദത്ത ഉടമ്പടിയും ചെയ്തു. ഉല്പത്തി 3:15-ൽ കാണുന്ന ഈ വാഗ്ദത്ത ഉടമ്പടിയാണ് നിയമം എന്ന വാക്കുകൊണ്ട് തിരുവചനം അർത്ഥമാക്കുന്നത് എന്ന് വീണ്ടും എടുത്തു പറയുന്നു. തിരുവചനത്തിൽ കാണുന്ന മറ്റെല്ലാ നിയമങ്ങളും ഉല്പ. 3:15-ന്റെ അടിസ്ഥാനത്തിൽ രൂപം കൊണ്ടിട്ടുള്ളതാണ്. ലോകസ്ഥാപനത്തിനു മുമ്പ് ദൈവം രൂപീകരിച്ച നിയമം പാപം ഈ ഭൂമിയിൽ കടന്നപ്പോൾ പ്രാബല്യത്തിൽ വന്നു, അത് ആദാമിൽ ആരംഭിച്ചു. മശീഹായുടെ ജീവനെ കൊടുത്ത് മനുഷ്യനെ രക്ഷിക്കാം എന്ന് ദൈവം ആദാമിനോടും ഹൗവ്വായോടും നിയമം ചെയ്തു. ഉല്പത്തി 3:15-ൽ കാണുന്ന നിയമത്തിന്റെ നിറവേറലാണ് യോഹന്നാൻ 3:16-ൽ കാണുന്നത്. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ. 3:16).

നിയമത്തിന്റെ മറുകക്ഷിയാകുന്ന മനുഷ്യനിൽനിന്നും ദൈവം ആഗ്രഹിക്കുന്നത് ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കയും ചെയ്യുക എന്നതാണ്. നാമും നമ്മുടെ ജീവനുപരിയായി ദൈവത്തെ സ്നേഹിക്കാം എന്നുള്ള വാഗ്ദത്തം നാം ദൈവത്തോട് ചെയ്യേണ്ടതാണ്, എങ്കിൽ മാത്രമേ ദൈവത്തിന്റെ നിയമത്തിൽ നമുക്ക് പങ്കാളികളായിത്തീരുവാൻ സാധിക്കയുള്ളു. ദൈവനിയമത്തിൽ നാം പങ്കാളികളാകുന്നതാണ് നമ്മുടെ രക്ഷ. എന്നെക്കാൾ അധികം മകനെയോ, മകളെയോ പ്രിയപ്പെടുന്നവൻ എനിക്ക് യോഗ്യനല്ല. തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കാത്തവനും എനിക്ക് യോഗ്യനല്ല. തന്റെ ജീവനെ കണ്ടെത്തിയവൻ അതിനെ കളയും, എന്റെ നിമിത്തം തന്റെ

ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും (മത്തായി 10:37-39). നാം നിമിത്തം യേശു തന്റെ ജീവനെ ബലികഴിച്ചു. യേശുനിമിത്തം നാം നമ്മുടെ ജീവനെ യേശുവിന് പൂർണ്ണമായി സമർപ്പിക്കേണ്ടതാണ്. അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യ വചനം ഹേതുവായിട്ടും ജയിച്ചു. മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല" (വെളി. 12:11). ഇതാണ് നിയമം. ഇങ്ങനെ ഒരു നിയമ ത്തിലേക്കാണ് ദൈവം നമ്മെ ആഹ്വാനം ചെയ്യുന്നത്. ചടങ്ങ് നിറവേ റ്റുന്ന ഒരു ചത്ത ക്രിസ്തീയ ജീവിതത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ച് ജീവനും ചൈതന്യവും ഉള്ള ഒരു ക്രിസ്തീയ ജീവിതത്തിലേക്ക് നാം ഉയരേണ്ടതാണ്. ദൈവം പരിശുദ്ധാത്മാവ് മുഖാന്തരം നമുക്ക് ശക്തി നൽകും. ദൈവം ലോകത്തിന് ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോട് നിരപ്പിച്ചുപോന്നു... (2 കൊരി. 5:19) ഈ ലോകത്തിൽ പാപത്തിന്റെ ഉല്പത്തി ആദാമിൽ ആരംഭിച്ചു, അതു കൊണ്ട് പാപത്തിന് പരിഹാരം വരുത്തുന്ന നിയമവും ആദാമിനോടു ചെയ്തു.

ദൈവം ആദാമിനോട് ചെയ്ത നിയമം ഒരു കൂട്ടം ന്യായപ്രമാണ ങ്ങളും ചട്ടങ്ങളും വിധികളും കല്പനകളും അല്ല. ഉല്പത്തി 3:15-ൽ മശീഹായെ രക്ഷകനായി അയയ്ക്കാം എന്ന് ദൈവം ചെയ്ത വാഗ്ദ ത്തമാണ് നിയമം. ഇവിടെ നിയമം ആരംഭിക്കുന്നു. കർത്താവായ യേശു വിലുള്ള വിശ്വാസത്താൽ രക്ഷ എന്നുള്ളതാണ് പുതിയനിയമം എങ്കിൽ പുതിയനിയമം പഴയനിയമത്തെക്കാൾ പഴയതാണ്; കാരണം മശീഹാ യിലുള്ള വിശ്വാസത്താൽ രക്ഷ എന്ന വ്യവസ്ഥ ഏദെനിൽ ആരംഭിച്ചു. മോശെ മുഖാന്തരം ദൈവം യിസ്രായേലിനുകൊടുത്തതാണ് പഴയനിയ മമെങ്കിൽ അതിനു മുമ്പുള്ള നിയമത്തെ എന്ത് പേർ ചൊല്ലി വിളിക്കും? മശീഹായിലുള്ളവിശ്വാസത്താൽ ഹാബേൽ യാഗം അർപ്പിച്ചത് ഏത് നിയമ അടിസ്ഥാനത്തിലാണ്? അവിശ്വാസത്താൽ നഷ്ടപ്പെട്ടുപോയ ബന്ധം വിശ്വാസത്താൽ പുനഃസ്ഥാപിക്കാം എന്ന ദൈവത്തിന്റെ രക്ഷാ പദ്ധതി ആദാമുമായി ദൈവം ആരംഭിച്ചു. ഇത് ആദാമ്യ നിയമം.

## ദൈവം നോഹയോട് നിയമം ചെയ്തു

ഉല്പത്തിയിൽ ആരംഭിച്ച പാപം നോഹയുടെ കാലം ആയപ്പോ ഴേക്കും യഹോവ മനുഷ്യനെ ഉണ്ടാക്കിയതുകൊണ്ട് അനുതപിക്കത്ത ക്കവിധത്തിൽ വഷളായിത്തീർന്നു. ദൈവത്തിന്റെ പദ്ധതി മനുഷ്യൻ ആകമാനം നിഷേധിച്ചു. പാപത്തെപ്പറ്റി മനുഷ്യന് ബോധം വരുത്തുന്ന

പരിശുദ്ധാത്മാവിന് പ്രവർത്തിക്കാൻ ഇടം ഇല്ലാതവണ്ണം ജനം വാതിൽ അടച്ചുകളഞ്ഞതുകൊണ്ട് ദൈവവും വാതിൽ അടയ്ക്കുവാൻ തീരുമാനിച്ചു. എന്നാൽ ദൈവം നോഹയോട് ഒരു നിയമം ചെയ്തു. നിന്നോടോ ഞാൻ ഒരു നിയമം ചെയ്യും; നീയും നിന്റെ പുത്രന്മാരും ഭാര്യയും പുത്രന്മാരുടെ ഭാര്യമാരും പെട്ടകത്തിൽ കടക്കേണം (ഉല്പത്തി 6:18). ജലപ്രളയത്തിനുശേഷം ദൈവം നോഹയോട് ഒരു നിയമം ചെയ്തു. ഇനി സകല ജഡവും ജലപ്രളയത്താൽ നശിക്കുകയില്ല; ഭൂമിയെ നശിപ്പിക്കുവാൻ ഇനി ജലപ്രളയം ഉണ്ടാകുകയുമില്ല എന്നു ഞാൻ നിങ്ങളോട് ഒരു നിയമം ചെയ്യുന്നു (ഉല്പത്തി 9:11). ദൈവം നോഹയോട് ചെയ്ത നിയമത്തിന്റെ ഉള്ളടക്കം: ദൈവത്തിന്റെ രക്ഷാപദ്ധതിയും വാഗ്ദത്തവുമാണ്. ആദാമിനോട് ചെയ്ത വാഗ്ദത്തത്തിന്റെ സ്വഭാവമാണ് നോഹയോട് ചെയ്ത നിയമത്തിലും കാണുന്നത്. ഞാൻ എന്റെ വില്ലു മേഘത്തിൽ വെക്കുന്നു. അത് ഞാനും ഭൂമിയും തമ്മിലുള്ള നിയമത്തിന്റെ അടയാളമായിരിക്കും. ഞാൻ ഭൂമിയുടെ മീതെ മേഘം വരുത്തുമ്പോൾ മേഘത്തിൽ വില്ലുകാണും അപ്പോൾ ഞാനും നിങ്ങളും സർവ്വ ജഡവുമായ സകല ജീവജന്തുക്കളും തമ്മിലുള്ള എന്റെ നിയമം ഞാൻ ഓർക്കും. ഇനി സകല ജഡത്തെയും നശിപ്പിപ്പാൻ വെള്ളം ഒരു പ്രളയമായി തീരുകയില്ല (ഉല്പത്തി 9:13-15.) ആദാമിനോട് ദൈവം ഒരു വാഗ്ദത്ത ഉടമ്പടി ചെയ്തതിനെ നിയമം എന്ന് നാം മനസ്സിലാക്കി. നോഹയോടും ഒരു വാഗ്ദത്ത ഉടമ്പടി ചെയ്തതിനെ നിയമം എന്നു വിളിക്കുന്നു. വാഗ്ദത്ത ഉടമ്പടിയാണ് നിയമം.

അനുസരിച്ച് ജീവിക്കാനുള്ള ചട്ടങ്ങളുടെ പട്ടികയല്ല നിയമം. പാപത്താൽ നഷ്ടപ്പെട്ടുപോയ ബന്ധം പുനഃസ്ഥാപിക്കുവാനുള്ള ദൈവത്തിന്റെ രക്ഷാപദ്ധതിയാണ് നിയമം. അങ്ങനെയെങ്കിൽ പഴയനിയമം നീങ്ങിപ്പോയി എന്നുപറയുമ്പോൾ പറയുന്നവർ എന്താണ് അർത്ഥമാക്കുന്നത്? ദൈവം നോഹയോട് ചെയ്ത നിയമത്തിന്റെ ഉള്ളടക്കം രക്ഷ എന്നുള്ളതാണ്. നോഹയുടെ പെട്ടകം ദൈവത്തിന്റെ രക്ഷാപദ്ധതിയായിരുന്നു. ദൈവത്തിന്റെ നിയമത്തിൽ രക്ഷ എപ്പോഴും കാണാവുന്നതാണ്. കാരണം നിയമം രക്ഷാപദ്ധതിയായതുകൊണ്ടുതന്നെ.

ദൈവത്തിന്റെ നിയമത്തിലേക്ക് നോഹ 120 വർഷങ്ങൾ സർവ്വജനത്തേയും ആഹ്വാനം ചെയ്തു; എന്നാൽ ലോകം ദൈവത്തിന്റെ നിയമത്തെ നിഷേധിച്ചതുകൊണ്ട് സർവ്വ ജനവും നശിച്ചുപോയി. നോഹയോട് ദൈവം ചെയ്ത നിയമം ദൈവത്തിന്റെ രക്ഷാപദ്ധതിയും വാഗ്ദ

ത്തങ്ങളുമായിരുന്നു. ദൈവത്തിന്റെ നിയമത്തിൽ മനുഷ്യൻ പങ്കാളി യാകുന്നതാണ് മനുഷ്യന്റെ രക്ഷ എന്ന് വീണ്ടും ഓർമ്മപ്പെടുത്തുന്നു.

## ദൈവം അബ്രഹാമിനോട് ചെയ്ത നിയമം

ദൈവം അബ്രഹാമുമായി തന്റെ നിയമം ചെയ്തു. "എനിക്കും നിനക്കും മദ്ധ്യേ ഞാൻ എന്റെ നിയമം സ്ഥാപിക്കും; നിന്നെ അധി കമധികമായി വർദ്ധിപ്പിക്കും എന്ന് അരുളിച്ചെയ്തു." "ഞാൻ നിനക്കും നിന്റെ ശേഷം നിന്റെ സന്തതിക്കും നീ പ്രവാസം ചെയ്യുന്ന ദേശമായ കനാൻദേശമൊക്കെയും ശാശ്വത അവകാശമായി തരും; ഞാൻ അവർക്ക് ദൈവമായുമിരിക്കും." "നിങ്ങളുടെ അഗ്രചർമ്മം പരിച്ഛേദന ചെയ്യണം. അത് എനിക്കും നിങ്ങൾക്കും മദ്ധ്യേയുള്ള നിയമത്തിന്റെ അടയാളമാകും" (ഉല്പത്തി 17:2,8,11). ദൈവം അബ്രഹാമിനോട് ചെയ്ത നിയമം (covenent) ഒരു വാഗ്ദത്തവും പ്രതിജ്ഞയും അനുഗ്രഹവു മാണ്.

ലോകത്തെ രക്ഷിക്കുവാൻ ദൈവം അബ്രഹാമിൽകൂടി ഒരു ജനത്തെ രൂപീകരിക്കുവാൻ തീരുമാനിച്ചു. അതുകൊണ്ട് ദൈവം അബ്ര ഹാമിനോട്: "ഞാൻ നിന്നെ അധികമായി വർദ്ധിപ്പിക്കും" എന്ന് അരു ളിച്ചെയ്തു. ദൈവത്തിന്റെ നിയമത്തിൽ രക്ഷയുടെ പദ്ധതിയും അനു ഗ്രഹങ്ങളും എപ്പോഴും കാണുവാൻ സാധിക്കുന്നു; കാരണം നിയമം (covenent) എന്നു പറയുന്നതിന്റെ അർത്ഥംതന്നെ രക്ഷയെ ലക്ഷ്യമാ ക്കിയുള്ള വാഗ്ദത്ത ഉടമ്പടി എന്നാണ്. ഉടമ്പടിബന്ധം സ്ഥിരീകരി ക്കുന്നത് രക്തത്താലാണ്. അതുകൊണ്ട് ദൈവം അബ്രഹാമിനോട് കല്പിച്ചതിൻ പ്രകാരം അബ്രഹാം മൃഗങ്ങളെ പിളർക്കുന്നതായി കാണുന്നു. "അവൻ അവനോട് നീ മൂന്നു വയസ്സുള്ള ഒരു പശുക്കിടാ വിനെയും മൂന്ന് വയസ്സുള്ള ഒരു കോലാടിനെയും മൂന്ന് വയസ്സുള്ള ഒരു ആട്ടുകൊറ്റനെയും ഒരു കുറുപ്രാവിനെയും ഒരു പ്രാവിൻകുഞ്ഞി നെയും കൊണ്ടുവരിക" എന്നു കല്പിച്ചു. ഇവയെയൊക്കെയും അവൻ കൊണ്ടുവന്ന് ഒത്ത നടുവേ പിളർന്നു. ഭാഗങ്ങളെ നേർക്കുനേരേ വച്ചു: പക്ഷികളെയോ അവൻ പിളർന്നില്ല. സൂര്യൻ അസ്തമിച്ച് ഇരുട്ടായ ശേഷം ഇതാ, പുകയുന്ന ഒരു തീച്ചൂള, ആ ഭാഗങ്ങളുടെ നടുവേ ജ്വലി ക്കുന്ന ഒരു പന്തം കടന്നുപോയി. അന്ന് യഹോവ അബ്രഹാമിനോട് ഒരു നിയമം ചെയ്തു. "നിന്റെ സന്തതിക്ക് ഞാൻ മിസ്രയീം നദി തുടങ്ങി ഫ്രാത്ത് നദിയായ മഹാനദിവരെയുള്ള ഈ ദേശത്തെ കേന്യർ, കെനി സ്യർ, കദ്മോന്യർ, ഹിത്യർ, പെരിസ്യർ, രെഫായീമ്യർ, അമോര്യർ, കനാ

ന്യർ, ഗിർഗ്ഗശ്യർ, യെബൂസ്യർ എന്നിവരുടെ ദേശത്തെ തന്നെ തന്നിരിക്കുന്നു എന്നു അരുളിച്ചെയ്തു" (ഉല്പത്തി 15:9,10,17-21). ജ്വലിക്കുന്ന തീപ്പന്തം ദൈവസാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്നു. ദൈവവും അബ്രഹാമും തമ്മിൽ ചെയ്ത നിയമത്തിന്റെ മുറയാണ് ഇവിടെ കാണുന്നത്. **ഈ നിയമത്തിൽ വാഗ്ദത്തങ്ങൾ ഉണ്ട്, അനുഗ്രഹങ്ങൾ ഉണ്ട്, തന്നെയുമല്ല രക്ഷ എന്നുള്ളതാണ് നിയമത്തിന്റെ അടിസ്ഥാനം എന്നും നാം മനസ്സിലാക്കുന്നു. ന്യായപ്രമാണങ്ങളും, ചട്ടങ്ങളും, അടങ്ങുന്ന ഒരു പട്ടികയല്ല നിയമം.** ഈ തെറ്റിദ്ധാരണ മാറിയെങ്കിൽ മാത്രമെ നമുക്ക് തിരുവചന സത്യങ്ങൾ മനസ്സിലാകയുള്ളു; അല്ലെങ്കിൽ പഴയ നിയമം മാറിപ്പോയി എന്ന ധാരണയിൽ പാപം ചെയ്തു പോകും.

## ദൈവം യിസ്രായേലിനോട് നിയമം ചെയ്തു

യാക്കോബിന്റെ കാലത്ത് 70 പേർ ക്ഷാമം നിമിത്തം മിസ്രയീമിലേക്ക് പോകേണ്ടിവന്നു. യാക്കോബിന്റെ കാലം മുതൽ യിസ്രായേൽ ജനത്തിന്റെ പുറപ്പാട് വരെ, 215 വർഷങ്ങൾകൊണ്ട് ജനം വർദ്ധിച്ച് ആറ് ലക്ഷം പുരുഷന്മാർ ഉള്ള ഒരു ജനമായിത്തീർന്നു. ദൈവം അവരെ മിസ്രയീമിന്റെ അടിമത്വത്തിൽനിന്നും വിടുവിച്ച് സീനായ് പർവ്വതത്തിന്റെ അടിവാരത്തുകൊണ്ടുവന്നു. അവിടെവച്ച് ദൈവത്തിന്റെ ചട്ടങ്ങളും വിധികളും ആരാധനയും അവരെ പഠിപ്പിച്ചു. കൂടാതെ,ദൈവം യിസ്രായേലിനോട് തന്റെ നിയമം ചെയ്തു. "ആകയാൽ നിങ്ങൾ എന്റെ വാക്കുകേട്ട് അനുസരിക്കയും എന്റെ നിയമം പ്രമാണിക്കയും ചെയ്താൽ നിങ്ങൾ എനിക്ക് സകല ജാതികളിലും വെച്ച് പ്രത്യേക സമ്പത്തായിരിക്കും, ഭൂമി ഒക്കെയും എനിക്കുള്ളതല്ലോ. നിങ്ങൾ എനിക്ക് ഒരു പുരോഹിത രാജത്വവും വിശുദ്ധ ജനവുമാകും. ഇവ നീ യിസ്രായേൽ മക്കളോട് പറയേണ്ടുന്ന വചനങ്ങളാകുന്നു. മോശെ വന്ന് ജനത്തിന്റെ മൂപ്പന്മാരെ വിളിച്ച് യഹോവ തന്നോടു കല്പിച്ച ഈ വചനങ്ങളൊക്കെയും അവരെ പറഞ്ഞുകേൾപ്പിച്ചു. യഹോവ കല്പിച്ചതൊക്കെയും ഞങ്ങൾ ചെയ്യും എന്ന് ജനം പറഞ്ഞു. മോശെ ജനത്തിന്റെ വാക്ക് യഹോവയുടെ സന്നിധിയിൽ ബോധിപ്പിച്ചു" (പുറ. 19:5-8). ദൈവവും യിസ്രായേലും തമ്മിൽ ഒരു ഉടമ്പടി ബന്ധത്തിൽ ഏർപ്പെടുകയാണ്. നിങ്ങൾ എനിക്ക് സകല ജാതികളിലും വെച്ച് ഒരു പ്രത്യേക സമ്പത്തായിരിക്കും എന്ന വാഗ്ദത്തമാണ് നിയമം. ആകയാൽ നിങ്ങൾ എന്റെ വാക്കുകേട്ട് അനുസരിക്കയും എന്റെ നിയമം അനുസരിക്കയും ചെയ്താൽ എന്നത് നിയമത്തിന്റെ വ്യവസ്ഥയാണ്. ഉടമ്പടിയുടെ വ്യവ

സ്ഥകൾ ദൈവം യിസ്രായേലിനെ അറിയിച്ചു. വ്യവസ്ഥകൾ പാലിക്കാം എന്ന ജനത്തിന്റെ പ്രതികരണം മോശെ ദൈവത്തോട് പറഞ്ഞു. നിയമം എന്നു പറയുന്നത് രക്ഷയെ ലക്ഷ്യമാക്കിയുള്ള ദൈവത്തിന്റെ രക്ഷാ പദ്ധതിയായതുകൊണ്ട് ദൈവത്തിന്റെ രക്ഷാപദ്ധതി യിസ്രായേലിനെ ഏല്പിച്ചു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ദൈവരാജ്യം അവരുടെ പക്കൽ ഏല്പിച്ചു (മത്തായി 21:43).

നിയമത്തിന്റെ വ്യവസ്ഥകൾ ഏതെങ്കിലും ഒരു കക്ഷി പാലിക്കാതിരുന്നാൽ മറുകക്ഷി നിയമത്തിൽനിന്നും ഒഴിവാക്കപ്പെടും. യിസ്രായേൽ അവരുടെ വാക്കുകൾ പാലിച്ചില്ല. ലോകത്തോട് സുവിശേഷം അറിയിക്കുന്നതിൽ അവർ നിശ്ശേഷം പരാജയപ്പെട്ടുപോയി. അതുകൊണ്ട് ദൈവം യിസ്രായേലിനോട് ചെയ്ത നിയമത്തിൽനിന്നും ഒഴിവായി. യേശു പറഞ്ഞതിൻ പ്രകാരം “ദൈവരാജ്യം നിങ്ങളുടെ പക്കൽ നിന്നും എടുത്ത് അതിന്റെ ഫലം കൊടുക്കുന്ന ജാതിക്ക് കൊടുക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു” (മത്തായി 21:43). യേശു പറഞ്ഞ പ്രസ്താവനയിൻ പ്രകാരം ഇന്ന് ജാതികളിൽനിന്നും ആത്മീക യിസ്രായേൽ ആയവർ ലോകത്തോട് സുവിശേഷം അറിയിക്കുന്നു. ദൈവം തന്റെ നിയമം റദ്ദാക്കിയില്ല. യിസ്രായേലിന്റെ സ്ഥാനത്ത് മറ്റൊരു യിസ്രായേലിനെ രൂപീകരിച്ചു. യിസ്രായേലിനോടുള്ള നിയമത്തിൻ പ്രകാരം ആത്മീയ യിസ്രായേൽ ഇന്ന് സുവിശേഷം പ്രസംഗിക്കുന്നു. ദൈവം യിസ്രായേലിനോട് നിയമം ചെയ്തപ്പോൾ മോശെ രക്തം ജനത്തിന്മേൽ തളിച്ച് ദൈവവുമായുള്ള നിയമം (ഉടമ്പടി/covenant) സ്ഥിരീകരിച്ചു. **“അപ്പോൾ മോശെ രക്തം എടുത്ത് ജനത്തിന്മേൽ തളിച്ചു; ഈ സകല വചനങ്ങളും ആധാരമാക്കി യഹോവ നിങ്ങളോട് ചെയ്തിരിക്കുന്ന നിയമത്തിന്റെ രക്തം” ഇതാ എന്നു പറഞ്ഞു”** (പുറ. 24: 8). നിയമത്തിന്റെ രക്തം എന്ന പദപ്രയോഗം ശ്രദ്ധേയമാണ്. നിയമവും രക്തവും തമ്മിൽ അഭേദ്യമായ ബന്ധം ഉണ്ട്. **നിയമം** എന്നു പറയുന്നത് ദൈവം മനുഷ്യജാതിയോട് ചെയ്യുന്ന രക്ഷാപദ്ധതിയുടെ പ്രതിജ്ഞയാണ്.

നിയമം എന്ന വാക്ക് തെറ്റിദ്ധരിച്ചിരിക്കുന്നതുകൊണ്ട് അനുസരണക്കേട് എന്ന പാപത്തിൽ വീണുപോകുന്നവരുടെ എണ്ണം നിശ്ചയിക്കുക അസാദ്ധ്യമാണ്. അനുസരിച്ച് ജീവിക്കുവാനുള്ള ചട്ടങ്ങളുടെ കൂമ്പാരമല്ല നിയമം. ദൈവം യിസ്രായേലിനോട് ചെയ്ത നിയമം ശ്രദ്ധയോടെ പഠിച്ചാൽ അതിൽ അടങ്ങിയിരിക്കുന്ന കാതലായ ആശയം രക്ഷാപദ്ധതിയാണ് എന്ന് മനസ്സിലാകുന്നു. മശീഹായിലുള്ള (യേശു

വിലുള്ള) വിശ്വാസത്താൽ രക്ഷ പ്രാപിക്കാം എന്നുള്ളതായിരുന്നു ദൈവം അവരോടു ചെയ്ത നിയമം. യാഗത്തിൽ യിസ്രായേൽ അർപ്പിച്ച രക്തം മശീഹായുടെ രക്തത്തിന്റെ നിഴലായിരുന്നു.

## യേശു സഭയോട് നിയമം ചെയ്തു

ഉല്പത്തി 3:15-ൽ ദൈവം ആദാമിനോട് ചെയ്ത നിയമത്തിന്റെ നിവൃത്തിയായി മശീഹായാകുന്ന യേശു ഈ ഭൂമിയിലേക്ക് വന്നു. തന്റെ മരണത്തിനു മുമ്പ് യേശു ശിഷ്യന്മാരോടുകൂടി പെസഹാ ആചരിച്ചു. "പുളിപ്പില്ലാത്ത അപ്പത്തിന്റെ ഒന്നാം നാളിൽ ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ വന്ന് "നീ പെസഹാ" കഴിക്കാൻ ഞങ്ങൾ ഒരുക്കേണ്ടത് എവിടെ എന്നു ചോദിച്ചു. അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്ത് വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്ക് കൊടുത്തു. "വാങ്ങി ഭക്ഷിക്കുവിൻ ഇതു എന്റെ ശരീരം" എന്നുപറഞ്ഞു. പിന്നെ പാനപാത്രം എടുത്ത് സ്തോത്രം ചൊല്ലി അവർക്ക് കൊടുത്തു. "എല്ലാവരും ഇതിൽനിന്നു കുടിക്കുവിൻ ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന **പുതിയ നിയമത്തിനുള്ള എന്റെ രക്തം**" (മത്താ. 26:17, 26–28).

പാപത്താൽ നഷ്ടപ്പെട്ടുപോയ നിത്യജീവൻ, കർത്താവ് തന്റെ രക്തം കാൽവറി ക്രൂശിൽ ചൊരിഞ്ഞ് നമുക്ക് തിരികെ പ്രദാനം ചെയ്യുന്നു. ഇത് ദൈവത്തിന്റെ രക്ഷാപദ്ധതിയാണ്. ഈ രക്ഷാപദ്ധതിയെ **നിയമം** എന്ന് തിരുവചനം അർത്ഥമാക്കുന്നു. അതുകൊണ്ട് കർത്താവുതന്നെ പറയുന്നു. "പുതിയനിയമത്തിനുള്ള എന്റെ രക്തം" എന്ന്. മോശെയും കർത്താവ് പറഞ്ഞതുതന്നെ പറഞ്ഞു." "യഹോവ നിങ്ങളോട് ചെയ്തിരിക്കുന്ന നിയമത്തിന്റെ രക്തം" (പുറ. 24:8) **രക്തബന്ധമാണ് നിയമം.** നിയമം രക്തത്താലാണ് ഉറപ്പാക്കുന്നത്. കർത്താവ് രക്തം ചൊരിഞ്ഞ് സഭയുമായുള്ള നിയമം ഉറപ്പാക്കി. വീണ്ടും രക്തവും നിയമവുമായി ബന്ധം ആവർത്തിച്ച് കാണുവാൻ സാധിക്കുന്നു. **മോശെയിൽ കൂടി തന്നിരുന്ന ചട്ടങ്ങൾ ക്രൂശിൽ തറച്ചിട്ട് കർത്താവ് പുതിയ ചട്ടങ്ങൾ തന്നിരിക്കുന്നു എന്നല്ല പുതിയ നിയമം എന്നുള്ള വാക്കിന്റെ അർത്ഥം. പത്തുകല്പനകൾ രണ്ടാക്കി ചുരുക്കിയതുമല്ല പുതിയ നിയമം.**

"എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്. ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കും." "എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു"

(യോഹ. 6:54, 56). കർത്താവിന്റെ, സഭയോടുള്ള ഈ പ്രതിജ്ഞാബദ്ധതയാണ് പുതിയ നിയമം.

ദൈവം ആദാമിനോടും നോഹയോടും, അബ്രഹാമിനോടും യിസ്രായേലിനോടും, സഭയോടും ചെയ്ത നിയമം പഠിക്കുമ്പോൾ നിയമം എന്ന വാക്കിന്റെ അർത്ഥം വളരെ വ്യാപ്തിയുള്ളതും ആഴമുള്ളതുമാണ് എന്നു മനസ്സിലാക്കാം. ദൈവത്തിന്റെ രക്ഷാപദ്ധതിയും വാഗ്ദത്തങ്ങളും അനുഗ്രഹങ്ങളുമാണ് നിയമം.

## നിയമത്തിന്റെ തുടക്കവും തുടർച്ചയും

പ്രപഞ്ചവും അതിലുള്ളതൊക്കെയും സൃഷ്ടിച്ചത് പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ത്രിയേക ദൈവമാണ്. അങ്ങനെയായതുകൊണ്ട് സകല സൃഷ്ടിക്കും മുമ്പേ ത്രിത്വം മാത്രം ഉള്ള ഒരു സമയം ഉണ്ടായിരുന്നു എന്ന് ഗ്രഹിക്കാം. അവരുടെ മദ്ധ്യേ ഒരു സ്നേഹ ബന്ധം നിലനിന്നിരുന്നു. മനുഷ്യഭാഷയിൽ പറഞ്ഞാൽ ഒരുവനുവേണ്ടി മറ്റൊരുവൻ ജീവനെ കൊടുക്കുന്ന ബന്ധം. "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു എന്നും ഞാൻ പിതാവിലും പിതാവ് എന്നിലുമാകുന്നു" എന്നും കർത്താവ് പറഞ്ഞ ബന്ധം അനാദിയായി നിലനിന്നിരുന്നു. അനാദിയായി ത്രിത്വത്തിൽ കാണുന്ന സ്നേഹ ബന്ധം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവനിലേക്ക് പകർന്നു. "അങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു" (ഉല്പത്തി 1:27). ആദാമിന്റെയും ഹവ്വയുടെയും മദ്ധ്യത്തിൽ നിലനിന്നിരുന്ന സ്നേഹബന്ധം ദിവ്യ സ്നേഹബന്ധമായിരുന്നു. അവരുടെ വിവാഹ ഉടമ്പടി (marriage covenant) ത്രിത്വത്തിൽ നിലനിന്നിരുന്ന ഉടമ്പടിയുടെ പകർപ്പായിരുന്നു എന്ന് പറയാം. ദിവ്യസ്വഭാവം മനുഷ്യനിലേക്ക് പകർന്നതിനെയാണ് ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു എന്ന് പറയുന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ദൈവം മനുഷ്യനെ സ്നേഹിക്കുന്നതും ത്രിത്വത്തിൽ നിലനിൽക്കുന്ന സ്നേഹം കൊണ്ടാണ്. "യഹോവ ദൂരത്തുനിന്ന് എനിക്ക് പ്രത്യക്ഷനായി അരുളിച്ചെയ്തത്; നിത്യസ്നേഹം കൊണ്ട് (ത്രിത്വത്തിലെ സ്നേഹം കൊണ്ട്) ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു, അതുകൊണ്ട് ഞാൻ നിനക്ക് ദയ ദീർഘമാക്കിയിരിക്കുന്നു" (യിരെ. 31: 3). ദൈവം നമ്മെ സ്നേഹിക്കുന്നതുപോലെ നാമും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹി

ക്കേണം എന്നു തന്നെ" (യോഹ. 13: 34). "നിന്റെ ജനത്തിന്റെ മക്കളോട് പക വെക്കരുത്, കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം; ഞാൻ യഹോവ ആകുന്നു" (ലേവ്യ. 19: 18).

പിതാവും പുത്രനും പരിശുദ്ധാത്മാവും നിത്യ സ്നേഹബന്ധത്തിലാണ്. സ്നേഹത്തിന്റെ ഉറവിടം ഇവിടെ ആരംഭിക്കുന്നു. മനുഷ്യനിലേക്ക് ആ ദിവ്യസ്നേഹം പകർന്നതുകൊണ്ട് നാമും ദിവ്യസ്നേഹം ഉൾക്കൊണ്ട് പരസ്പരം സ്നേഹിക്കേണം എന്ന് ദൈവം ആഗ്രഹിക്കുന്നു. ത്രിത്വം പരസ്പരം സ്നേഹിക്കുന്നതുപോലെ മനുഷ്യനെ സ്നേഹിക്കുന്നു. ദൈവം മനുഷ്യനെ സ്നേഹിക്കുന്നതു പോലെ മനുഷ്യനും ദൈവത്തെ സ്നേഹിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു. പരസ്പര സ്നേഹബന്ധത്തിന്റെ ആകെ തുകയാണ് നിയമം. അത് ദൈവത്തിൽ ആരംഭിച്ച് മനുഷ്യനിൽ തുടർന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് നിയമത്തിന്റെ തുടക്കം ത്രിത്വത്തിലാണ് എന്ന് മനസ്സിലാക്കാം.

## നിയമങ്ങൾ

ദൈവവും മനുഷ്യനുമായുള്ള നിയമങ്ങൾ പഠിക്കുമ്പോൾ മൂന്നു പ്രധാന നിയമങ്ങൾ തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

1. നിത്യനിയമം
2. പഴയനിയമം
3. പുതിയനിയമം

### 1. നിത്യനിയമം

ഏതൊരു സൃഷ്ടിക്കും മുമ്പേ പാപത്തിന്റെ സാദ്ധ്യത കണ്ട ദൈവം സൃഷ്ടിക്കുവാനിരുന്ന സൃഷ്ടിയോട് ഒരു പ്രതിജ്ഞ (commitment) ചെയ്തു എന്ന് തിരുവചനം പഠിപ്പിക്കുന്നു. പാപത്താൽ ദൈവവുമായുള്ള ബന്ധം നഷ്ടപ്പെട്ടുപോയാൽ ക്രിസ്തു മുഖാന്തരം ബന്ധം യഥാസ്ഥാനപ്പെടുത്തും എന്നുള്ളതായിരുന്നു ദൈവം ചെയ്ത പ്രതിജ്ഞ. അപ്പൊ. പത്രൊസ് അതിനെക്കുറിച്ച് പറയുന്നത്. "അവൻ ലോകസ്ഥാപനത്തിനുമുമ്പേ മുന്നറിയപ്പെട്ടവനും അവൻ മുഖാന്തരം ദൈവത്തിൽ വിശ്വസിക്കുന്ന നിങ്ങൾ നിമിത്തം ഈ അന്ത്യകാലത്ത് വെളിപ്പെട്ടവനും ആകുന്നു" (1 പത്രൊസ് 1:20). വിശ്വാസത്താലുള്ള രക്ഷ (നീതികരണം) എന്നത് ദൈവത്തിന്റെ നിത്യ നിയമമാണ് എന്ന് പത്രൊസ് പറയുന്നു. അപ്രകാരം അപ്പൊസ്തലനായ പൗലൊസും നിയമത്തെപ്പറ്റി പറയുന്നു.

നിയമം ദൈവത്തിന്റെ **"അനാദിനിർണ്ണയപ്രകാരം"** നിയോഗിക്കപ്പെട്ടു എന്ന് എഫെസ്യർ 3:11–ൽ രേഖപ്പെടുത്തിയിരിക്കുന്നു. ദൈവത്തിന്റെ അനാദി നിർണ്ണയം എന്നു പറയുമ്പോൾ ഈ നിർണ്ണയത്തിന് ഒരു ആദി കുറിക്കുവാൻ സാദ്ധ്യമല്ല എന്നാണ് അർത്ഥമാകുന്നത്. അതുകൊണ്ട് ദൈവത്തിന് സർവ്വസൃഷ്ടിയോടുമുള്ള പ്രതിജ്ഞാബദ്ധതയെ നിത്യനിയമം എന്ന് തിരുവചനം പഠിപ്പിക്കുന്നു. ദൈവം ആദാമിനോടും അബ്രഹാമിനോടും യിസ്രായേലിനോടും ദാവീദിനോടും ചെയ്ത നിയമം നിത്യനിയമമാണ്. ദൈവത്തിന്റെ നിത്യനിയമത്തിന് മാറ്റം വരിക അസാദ്ധ്യമാണ്. **"നിത്യനിയമം"** എന്ന പദപ്രയോഗം 16 പ്രാവശ്യം തിരുവചനത്തിൽ ഉപയോഗിച്ചിരിക്കുന്നു. ഈ വേദഭാഗങ്ങൾ എല്ലാം തന്നെ പരിശോധിക്കുമ്പോൾ നിത്യനിയമത്തിന് ആദിയും അവസാനവുമില്ലെന്ന് മനസ്സിലാക്കുവാൻ സാധിക്കുന്നു. യഥാർത്ഥത്തിൽ ആദിയും അവസാനവും ഇല്ലാത്ത കാര്യങ്ങൾ മാത്രമാണ് "നിത്യ" എന്ന പദപ്രയോഗത്തിന് യോഗ്യം. കർത്താവായ യേശു അഖിലാണ്ഡത്തിന്റെ രക്ഷിതാവ് എന്നതാണ് നിത്യനിയമം.

പാപത്തിനുശേഷം സർവ്വ സൃഷ്ടിയോടും ദൈവത്തിന്റെ നിത്യനിയമത്തെ ഘോഷിക്കുന്നതിനെ "നിത്യസുവിശേഷം" എന്നു തിരുവചനം പഠിപ്പിക്കുന്നു. "മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻകീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല" (അപ്പൊ. പ്രവൃ. 4:12). അനാദിയായതിന് മാറ്റം വന്നുകൂടാ. ആദാമിന്റെ സമയം മുതൽ ഇന്നുവരെ നിത്യനിയമത്തിന്റെ സുവിശേഷം ലോകത്തോട് അറിയിച്ചുകൊണ്ടിരിക്കുന്നു. **വേറൊരു ദൂതൻ ആകാശമദ്ധ്യേ പറക്കുന്നത് ഞാൻ കണ്ടു. ഭൂവാസികളായ സകല ജാതിയും ഗോത്രവും ഭാഷയും, വംശവും ആയവരോട് അറിയിപ്പാൻ അവന്റെ പക്കൽ ഒരു നിത്യസുവിശേഷം ഉണ്ടായിരുന്നു** (വെളി. 14: 6). നിത്യനിയമം ലോകത്തോട് ഒരു വിവേചനവും കൂടാതെ അറിയിക്കുന്നതാണ് **"നിത്യസുവിശേഷം."** നിത്യസുവിശേഷം നിത്യനിയമത്തോട് അഭേദ്യമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. പാപത്തിനുശേഷമാണ് നിത്യനിയമവും നിത്യസുവിശേഷവും പ്രാബല്യത്തിൽ വന്നത്; അത് ആദാമിൽ ആരംഭിച്ചു. ലോകത്തെ രക്ഷിക്കുവാൻ ദൈവത്തിന് ഒരു സുവിശേഷം മാത്രമേ ഉള്ളു, അത് നിത്യനിയമത്തിന്റെ സുവിശേഷമാണ്. അതിൽ വിവേചനമില്ലെന്ന് എല്ലാവരും വിശ്വസിക്കേണ്ടതാണ്. അതിൽ യെഹൂദനെന്നും യവനനെന്നും ഇല്ല. എ.ഡി. 62 ൽ അപ്പൊ. പൗലൊസ് എഫെസോസിലുള്ള യെഹൂദന്മാർക്കും ജാതി

കൾക്കും, യൂറോപ്യന്മാർക്കും അടിമകൾക്കും, സ്വതന്ത്രർക്കും വിവേചനം കൂടാതെ എഴുതുന്നത്: **“നാം അവന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്ക്കളങ്കരും ആകേണ്ടതിന് അവൻ ലോകസ്ഥാപനത്തിനുമുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുക്കുകയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിന് അവൻ പ്രിയനായവനിൽ നമുക്ക് സൗജന്യമായി നൽകിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചയ്ക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കുകയും ചെയ്തുവല്ലോ”** (എഫെസ്യർ 1:4-6). കർത്താവായ യേശു ലോകസ്ഥാപനത്തിനുമുമ്പേ പാപികൾക്കുവേണ്ടി മുൻനിയോഗിക്കപ്പെട്ടു എന്നാണ് സമ്മിശ്രസമൂഹത്തോട് അപ്പൊ. പൗലൊസ് പറയുന്നത്. “യെഹൂദ പാപി” എന്നോ “യവന പാപി” എന്നോ പാപിയെ വിവേചിക്കാൻ സാധിക്കാത്തതുപോലെ ദൈവത്തിന്റെ നിത്യനിയമത്തേയും നിത്യസുവിശേഷത്തേയും വിവേചിക്കാൻ സാദ്ധ്യമല്ല. പാപം സാർവ്വത്രികമായതുകൊണ്ട് പാപപരിഹാരമാകുന്ന നിയമവും സാർവ്വത്രികമാണ്.

ഈ ലോകത്തിൽ മനുഷ്യനെ സൃഷ്ടിക്കുന്നതിനുമുമ്പ് പാപത്തിന്റെ സാദ്ധ്യത ദൈവം കണ്ടതുകൊണ്ട് യേശുവിനെ പാപപരിഹാരകനായി നിയോഗിച്ചു. ഇതിനെ നിത്യനിയമം എന്ന് തിരുവചനം പഠിപ്പിക്കുന്നു.

**2. പഴയനിയമം**

കർത്താവായ യേശുവിൽകൂടി പാപികളെ രക്ഷിക്കുവാൻ ലോകസ്ഥാപനത്തിനുമുമ്പെ സ്ഥാപിച്ച നിത്യനിയമം ഉള്ളപ്പോൾ രക്ഷയ്ക്ക് മറ്റൊരു നിയമത്തിന്റെ ആവശ്യം എന്താണ്? ദൈവം “പഴയനിയമം” എന്തിന് ഏർപ്പാടു ചെയ്തു? പാപം പോക്കുവാൻ സാധിക്കാത്ത കാളകളുടേയും ആട്ടുകൊറ്റന്മാരുടേയും രക്തത്താൽ എന്തു സാധിച്ചു? (എബ്രാ. 10:4). പഴയനിയമ കാലത്ത് ന്യായപ്രമാണം ആചരിക്കുന്നതിനാലും യാഗം കഴിക്കുന്നതിനാലും രക്ഷ സാദ്ധ്യമായിരുന്നു എങ്കിൽ കർത്താവ് എന്തിന് ക്രൂശിൽ മരിച്ചു.? ന്യായപ്രമാണകാലത്ത് മശീഹായിലുള്ള വിശ്വാസത്താലല്ലാതെ രക്ഷ സാധിച്ചിരുന്നുവോ? ക്രൂശിനു മുമ്പും പിമ്പും മശീഹായിലുള്ള വിശ്വാസത്താൽ രക്ഷ വരുന്നു എങ്കിൽ പഴയനിയമവും പുതിയനിയമവും തമ്മിൽ വ്യത്യാസമെന്ത്? “പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽനിന്ന് നീങ്ങിപ്പോകണമേ” എന്ന പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കാതെ പോയത് രക്ഷയ്ക്ക് മറ്റ് മാർഗ്ഗങ്ങളില്ലാത്തതുകൊണ്ടല്ലേ? **“ഒന്നാമത്തെ നിയമം കുറവില്ലാ**

**ത്തതായിരുന്നുവെങ്കിൽ രണ്ടാമത്തേതിന് ഇടം അന്വേഷിക്കയില്ലാ യിരുന്നു"** (എബ്രായർ 8:7) എന്നു പറയുമ്പോൾ ദൈവം നിയോഗിച്ചാ ക്കിയ നിയമത്തിന് കുറവുണ്ടായിരുന്നു എന്നാണോ അർത്ഥം? നിയമ ത്തിന്റെ കുറവ് നിയമ കർത്താവാകുന്ന ദൈവത്തിന്റെ കുറവാണ് എന്നു വരികയില്ലേ? ഈ ചോദ്യങ്ങൾക്കും ഇതുപോലെയുള്ള ചോദ്യങ്ങൾക്കും വചനാടിസ്ഥാനമായ ഉത്തരം ലഭിക്കുമ്പോൾ പഴയനിയമം എന്ത് എന്ന് മനസ്സിലാകും. ഇന്നത്തെ ചില ഉപദേഷ്ടാക്കന്മാർ പഴയനിയമത്തിനും പുതിയ നിയമത്തിനും തമ്മിൽ ശത്രുത്വം സൃഷ്ടിക്കുന്നു, ജനങ്ങൾ വിശ്വസിക്കയും ചെയ്യുന്നു എന്നുള്ളത് വഞ്ചകന്റെ തന്ത്രമാണ്.

**പഴയനിയമത്തിന്റെ തുടക്കം**

ന്യായപ്രമാണപ്രകാരം ഏകദേശം സകലവും രക്തത്താൽ ശുദ്ധീ കരിക്കപ്പെടുന്നു. രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല (എബ്രാ. 9:22). ഇത് രക്ഷാപദ്ധതിയുടെ അടിസ്ഥാനമാണ്. ക്രിസ്തു ആരാകുന്നു എന്ന് ആരംഭിച്ച് ഭൗമിക കൂടാര ശുശ്രൂഷയും സ്വർഗ്ഗീയ കൂടാര ശുശ്രൂ ഷയും കേന്ദ്രീകരിച്ച് ക്രിസ്തു പാപികളുടെ രക്ഷിതാവാകുന്നു എന്ന് അപ്പൊ. പൗലൊസ് എഴുതുന്ന ലേഖനമാണ് "എബ്രായർ." കർത്താ വായ യേശുവിന്റെ ക്രൂശ്മരണത്തെ പ്രതിനിധീകരിക്കുന്ന യാഗങ്ങളും ചടങ്ങുകളും അപ്പൊസ്തലൻ വിവരിക്കുന്നു. എന്നാൽ മശീഹായിൽ വിശ്വസിക്കാതെ യാഗത്തിൽ ആശ്രയിക്കുന്നവർക്ക് രക്ഷ സാദ്ധ്യമ ല്ലെന്നും, വരുവാനിരുന്ന മശീഹായിലുള്ള വിശ്വാസത്തിന്റെ പ്രകടന മാണ് യാഗം എന്നും അപ്പൊസ്തലൻ സ്ഥാപിക്കുന്നു. "ന്യായപ്രമാണം വരുവാനുള്ള നന്മകളുടെ നിഴലല്ലാതെ കാര്യങ്ങളുടെ സാക്ഷാൽ സ്വരൂ പമല്ലായ്ക കൊണ്ട് ആണ്ടുതോറും ഇടവിടാതെ കഴിച്ചുവരുന്ന അതേ യാഗങ്ങളാൽ അടുത്തുവരുന്നവർക്ക് സൽഗുണപൂർത്തി വരുത്തുവാൻ ഒരുനാളും കഴിവുള്ളതല്ല. കാളകളുടേയും ആട്ടുകൊറ്റന്മാരുടേയും രക്ത ത്തിന് പാപങ്ങൾ നീക്കുവാൻ കഴിവുള്ളതല്ല" (എബ്രാ. 10:1, 4). ക്രൂശിനു മുമ്പ്, പാപപരിഹാരകനായി വരുവാനിരുന്ന, മശീഹായുടെ നിഴലായി രുന്നു യാഗങ്ങൾ എന്നാണ് അപ്പൊസ്തലൻ വിവരിക്കുന്നതിന്റെ ചുരുക്കം. നിഴലായിരുന്ന എല്ലാവക ആചാരങ്ങളേയും ചേർത്ത് പഴയ നിയമം എന്ന് നാം ഇപ്പോൾ സംബോധന ചെയ്യുന്നു. നാം ഇപ്പോൾ പഴയനിയമം എന്ന് സംബോധന ചെയ്യുന്ന പഴയനിയമത്തിൽ പഴയ നിയമം എന്ന് ഒരു പദപ്രയോഗം ഇല്ല. **പുതിയനിയമം സ്ഥാപിക്കുക എന്നത് ദൈവ പദ്ധതി ആയിരുന്നില്ല.** ഒന്നാമത്തെ നിയമം കുറവി ല്ലാത്തതായിരുന്നു എങ്കിൽ രണ്ടാമത്തെതിന് ഇടം അന്വേഷിക്കയില്ലാ യിരുന്നു (എബ്രാ. 8:7). (പഴയനിയമം കുറവുള്ളതോ എന്ന തലക്കെ

ട്ടിൽ കൂടുതൽ വിവരണം) ക്രിസ്തു വന്നതിനു ശേഷം പഴയനിയമ ത്തെപ്പറ്റി പറയുന്നത്, "ക്രിസ്തുവോ വരുവാനുള്ള നന്മകളുടെ മഹാ പുരോഹിതനായി വന്നിട്ട് കൈപ്പണിയല്ലാത്തതായി എന്നു വെച്ചാൽ ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി വലിപ്പവും തികവുമേറിയ ഒരു കൂടാരത്തിൽ കൂടി ആട്ടുകൊറ്റന്മാരുടെയും പശുക്കിടാക്കളുടെയും രക്ത ത്താലല്ല സ്വന്ത രക്തത്താൽ തന്നെ ഒരിക്കലായിട്ട് വിശുദ്ധ മന്ദിരത്തിൽ പ്രവേശിച്ച് എന്നേക്കുമുള്ള വീണ്ടെടുപ്പ് സാധിപ്പിച്ചു" (എബ്രായർ 9:11).

ദൈവം യിസ്രായേലിനോട് ചെയ്ത നിയമമാണ് പഴയനിയമ ത്തിന്റെ തുടക്കം എന്നാണ് സാധാരണ വിശ്വസിച്ചു വരുന്നത്. "മോശെ രക്തത്തിൽ പാതി എടുത്ത് പാത്രങ്ങളിൽ ഒഴിച്ചു, രക്തത്തിൽ പാതി യാഗപീഠത്തിന്മേൽ തളിച്ചു. അവൻ നിയമപുസ്തകം (book of the covenant) എടുത്തു ജനം കേൾക്കെ വായിച്ചു. യഹോവ കല്പിച്ച തെല്ലാം ഞങ്ങൾ അനുസരിച്ച് നടക്കും" എന്ന് അവർ പറഞ്ഞു. അപ്പോൾ മോശെ രക്തം എടുത്ത് ജനത്തിന്മേൽ തളിച്ചു, "ഈ സകല വചനങ്ങളും ആധാരമാക്കി യഹോവ നിങ്ങളോട് ചെയ്തിരിക്കുന്ന നിയ മത്തിന്റെ രക്തം ഇതാ" എന്നു പറഞ്ഞു. (പുറപ്പാട് 24:6-8) ദൈവം യിസ്രായേലിനോട് ചെയ്ത നിയമത്തിന്റെ രേഖയാണ് മേൽ ഉദ്ധരി ച്ചത്. എന്നാൽ പാപപരിഹാരത്തിന് ദൈവം ചെയ്ത ഏർപ്പാട് (യാഗം) യിസ്രായേലുമായിട്ടല്ലല്ലോ ആരംഭിക്കുന്നത്. അതിനു മുമ്പും പാപപരി ഹാരത്തിന് യാഗം അർപ്പിച്ചിരുന്നു. കയീനും, ഹാബേലും യാഗം അർപ്പിച്ചു. കയീന്റെ യാഗത്തിൽ ദൈവം പ്രസാദിച്ചില്ല, എന്നാൽ ഹാബേലിന്റെ യാഗത്തിൽ ദൈവം പ്രസാദിച്ചു. രക്തം ചൊരിഞ്ഞിട്ട ല്ലാതെ പാപപരിഹാരം ഇല്ല എന്ന ദൈവ വ്യവസ്ഥപ്രകാരം ഹാബേൽ യാഗം കഴിച്ചതുകൊണ്ടാണ് ആ യാഗത്തിൽ ദൈവം പ്രസാദിച്ചത്. പാപപരിഹാരത്തിന് മശീഹായിലുള്ള വിശ്വാസത്തിന്റെ പ്രകടനമായി മൃഗബലി എന്ന തത്വം ആദാമിൽ ആരംഭിക്കയും, പിന്നീട് നോഹയു മായും, അബ്രഹാമുമായും യിസ്രായേലുമായും പുതുക്കുന്നു എന്നാണ് കാണുവാൻ സാധിക്കുന്നത്. അതുകൊണ്ട് പഴയനിയമത്തിന്റെ ആരംഭം ആദാമിൽ തുടങ്ങി എന്ന് വിശ്വസിക്കേണ്ടതാകുന്നു. എങ്കിലും പഴയ നിയമം യിസ്രായേലുമായി ആരംഭിക്കുന്നതായി നാം ഇപ്പോൾ പൊതു വിൽ മനസ്സിലാക്കുന്നു.

### പഴയനിയമം എന്തിന് ആരംഭിച്ചു?

പാപ പരിഹാരത്തിന് മശീഹായുടെ കുരിശുമരണം എന്ന പ്രതി വിധി അനാദിയായി ദൈവം ഏർപ്പാട് ചെയ്തിരുന്നിട്ടും മൃഗബലി എന്ന

പഴയനിയമത്തിന്റെ ആവശ്യം എന്താണ് എന്നത് ന്യായമായ ചോദ്യമാണ്. മനുഷ്യൻ പാപം ചെയ്ത ദിവസം തന്നെ മശീഹാ മരിച്ചിരുന്നു എങ്കിൽ മൃഗബലി ഏർപ്പാടുചെയ്യേണ്ട ആവശ്യം തന്നെ വരികയില്ലായിരുന്നു. ഈ ഭൂമിയിൽ പാപത്തിന്റെ പ്രാരംഭത്തിനും ക്രൂശുമരണത്തിനും തമ്മിൽ ഏതാണ്ട് 4000 വർഷത്തെ കാല ദൈർഘ്യം വന്നു. പാപത്തിന് പരിഹാരം ഇല്ലാതെ ഒരു ദിവസം പോലും അസ്തമിക്കാൻ പാടില്ലഎന്ന് വചനം പഠിക്കുമ്പോൾ മനസ്സിലാകുന്നു. യിസ്രായേൽ അവരുടെ ദൈവാലയത്തിൽ ദിവസേന രണ്ട് ആടിനെ യാഗം കഴിച്ചിരുന്നു, ഒന്ന് രാവിലെയും രണ്ടാമത്തേത് വൈകിട്ടും. ഈ പൊതുവായ യാഗം, ഓരോ വ്യക്തിയും അവനവന്റെ പാപത്തിന് യാഗം ദൈവാലയത്തിൽ കൊണ്ടുവരുന്നതുവരെ അവനെ സംരക്ഷിച്ചിരുന്നു. പാപപരിഹാരം ഇല്ലാതെ ദിവസം അസ്തമിക്കാൻ പാടില്ലാത്തതുകൊണ്ടാണ് ആദാം പാപം ചെയ്ത ദിവസം തന്നെ“വെയിലാറിയപ്പോൾ”ദൈവം ഏദെനിലേക്ക് കടന്നു വരികയും അന്നു തന്നെ മൃഗബലി ആരംഭിക്കുകയും ചെയ്തത്. അങ്ങനെ ഏദെനിൽ ആരംഭിച്ച നിഴലായ യാഗം കാലസമ്പൂർണ്ണത വന്നപ്പോൾ പിതാവായ ദൈവം പുത്രനെ ലോകത്തിലേക്ക് അയയ്ക്കുന്നതു വരെ തുടർന്നുപോന്നു.

ന്യായപ്രമാണം (പഴയനിയമം) എന്തിന് എന്ന ചോദ്യവും അതിന്റെ ഉത്തരവും ഗലാത്യർക്കെഴുതിയ ലേഖനത്തിൽ നിന്നും ലഭിക്കുന്നു. “ന്യായപ്രമാണം എന്തിന്? വാഗ്ദത്തം ലഭിച്ച സന്തതി (ക്രിസ്തു) വരുവോളം അത് ലംഘനങ്ങൾ നിമിത്തം കൂട്ടിച്ചേർത്തതും ദൂതന്മാർ മുഖാന്തരം മദ്ധ്യസ്ഥന്റെ കയ്യിൽ ഏല്പിച്ചതുമത്രേ. അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന് ന്യായപ്രമാണം (പഴയനിയമം) ക്രിസ്തുവിന്റെ അടുക്കലേക്ക് നടത്തുവാൻ നമുക്ക് ശിശുപാലകനായി ഭവിച്ചു” (ഗലാത്യർ 3:19,24). നിത്യനിയമത്തിന്റെ ക്രിസ്തു പാപപരിഹാരമായി ഈ ലോകത്തിലേക്ക് വരുന്നതുവരെ ക്രിസ്തുവിനെ യാഗത്തിൽ കൂടി വിശ്വാസത്താൽ കാണുവാൻ തക്കവണ്ണം പഴയനിയമം തന്നു എന്നാണ് അപ്പൊസ്തലൻ പറയുന്നതിന്റെ ചുരുക്കം.

ഈ ലോകത്തിൽ പലവിധ സ്മാരകങ്ങൾ കാണുന്നു. അവ എല്ലാം തന്നെ ഒരു വ്യക്തിയെയോ, ഒരു സംഭവത്തെയോ സൂചിപ്പിക്കുന്നു. “യാഗം” ഒരു സ്മാരകമായിരുന്നു അത് വരുവാനിരുന്ന ക്രിസ്തുവിനെ സൂചിപ്പിച്ചു. അങ്ങനെ ക്രൂശിനു മുമ്പ്, യാഗം കഴിച്ചിരുന്നപ്പോഴൊക്കെ, ക്രിസ്തു വരും പാപപരിഹാരം വരുത്തും എന്ന വിശ്വാസത്തെ പ്രകടിപ്പിച്ചിരുന്നു. ഇവിടെ പ്രതിപാദിക്കുന്ന വിഷയം മോശെയുടെ ന്യായപ്ര

മാണത്തെയാണ്, പത്തുകല്പന അല്ല. **വിശ്വാസത്താൽ നീതീകരിക്കപ്പെടുവാൻ ന്യായപ്രമാണം** എന്ന് അപ്പൊസ്തലൻ പറയുന്നതു കൊണ്ട് ന്യായപ്രമാണം വിശ്വാസത്തിൽ അധിഷ്ഠിതമായിരിക്കുന്നു എന്ന് ഗ്രഹിക്കാവുന്നതാണ്. പ്രവൃത്തിയാൽ നീതീകരിക്കപ്പെടേണ്ടതിന് ന്യായപ്രമാണം എന്ന് പൗലൊസ് പറഞ്ഞിരുന്നു എങ്കിൽ പഴയനിയമക്കാർ പ്രവൃത്തിയാൽ നീതീകരിക്കപ്പെട്ടിരുന്നു എന്ന് പറയാമായിരുന്നു. പ്രവൃത്തിയാൽ ഒരു മനുഷ്യനും ഒരു കാലത്തും നീതീകരിക്കപ്പെട്ടിരുന്നില്ല. പഴയനിയമകാലത്തും പുതിയനിയമകാലത്തും മനുഷ്യൻ ക്രിസ്തുവിലുള്ള വിശ്വാസത്താൽ മാത്രം നീതീകരിക്കപ്പെടുന്നു എന്നത് ദൈവ വ്യവസ്ഥയാണ്.

**പഴയനിയമം കുറവുള്ളതോ?**

**ഒന്നാമത്തെ നിയമം (പഴയനിയമം) കുറവില്ലാത്തതായിരുന്നു എങ്കിൽ രണ്ടാമത്തേതിന് (പുതിയനിയമത്തിന്) ഇടം അന്വേഷിക്കുകയില്ലായിരുന്നു** (എബ്രായർ 8:7).

ദൈവം മോശെ മുഖാന്തരം യിസ്രായേലിനു കൊടുത്തിരുന്ന പഴയ നിയമം കുറവുള്ളതായിരുന്നു എന്നാണ് പൊതുവായ ധാരണ. എന്നാൽ പഴയ നിയമത്തിന് ഒരു കുറവും ഇല്ലായിരുന്നു എന്നുള്ളതാണ് സത്യം. എബ്രായർ 8:7-ാം വാക്യം വിശകലനം ചെയ്താൽ തെറ്റിദ്ധാരണ മാറിക്കിട്ടും.

**1. പഴയനിയമം ആർ യിസ്രായേലിന് കൊടുത്തു?**

എല്ലാ നിയമങ്ങളും ദൈവമാണ് തന്നിട്ടുള്ളത്. ഒരുവന് മറ്റൊരു മനുഷ്യന് ന്യായപ്രമാണം കൊടുക്കുവാനുള്ള അധികാരം ഇല്ല. യിസ്രായേലിന് ന്യായപ്രമാണം കൊടുത്തത് ദൈവമാണ്. അത് മോശെ മുഖാന്തരം കൊടുത്തതുകൊണ്ട് മോശെയിക ന്യായപ്രമാണം എന്ന് അറിയപ്പെടുന്നു.

**2. ദൈവം കൊടുത്ത നിയമത്തിന് കുറവു വരിക സാദ്ധ്യമോ?**

പരിപൂർണ്ണനായ ദൈവം കുറവുള്ള നിയമം സൃഷ്ടിക്കുക അസാദ്ധ്യം.

**3. നിയമത്തിന് കുറവുണ്ടായിരുന്നുവെങ്കിൽ അത് നിയമത്തിന്റെ കുറ്റമാണോ?**

അല്ല, നിയമകർത്താവാകുന്ന ദൈവത്തിന്റെ കുറ്റം എന്നു വരും, അത് അസാദ്ധ്യത്തിനും അപ്പുറമാണ്.

**4. അങ്ങനെ എങ്കിൽ ഒന്നാമത്തെ നിയമം "കുറവില്ലാത്തതായി രുന്നു എങ്കിൽ" എന്നു പറയുന്നതിന്റെ അർത്ഥം എന്താണ്?**

എബ്രായർ 8:8-ാം വാക്യത്തിൽ നിന്നും ഉത്തരം ലഭിക്കുന്നു. "എന്നാൽ അവൻ **അവരെ** ആക്ഷേപിച്ചുകൊണ്ട്" അരുളിച്ചെയ്യുന്നത്... നിയമത്തിന് കുറവുണ്ടായിരുന്നു എങ്കിൽ യിസ്രായേലിനെ ആക്ഷേ പിക്കേണ്ടതില്ലല്ലോ. ഇംഗ്ലീഷ് കെ.ജെ.വി തർജ്ജമയിൽ "Finding fault with them he says" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ദൈവ ത്തിന്റെ നിയമത്തിന് കുറവുണ്ടായിരുന്നു എന്നല്ല അപ്പൊസ്തലൻ പറ യുന്നത്. ദൈവത്തിന്റെ കുറവില്ലാത്ത നിയമത്തിന് യിസ്രായേൽ വീഴ്ച വരുത്തി എന്നാണ് പറയുന്നതിന്റെ അർത്ഥം. അവൻ **നിയമത്തെ** ആക്ഷേപിച്ചു കൊണ്ട് എന്നല്ല, അവൻ **അവരെ** ആക്ഷേപിച്ചുകൊണ്ട് എന്നാണ് പറയുന്നത്.

**5. നിയമത്തിന് കുറവുവരുത്തിയതെങ്ങനെ?**

നിത്യനിയമത്തിന്റെ തിരശ്ശീല ഉയരുന്നതുവരെ (യേശു കുരിശിൽ മരിക്കുന്നതുവരെ) മശീഹായിലെ വിശ്വാസത്താലുള്ള നീതീകരണം എന്ന ദൈവ മുൻനിയോഗം കാത്തു പരിപാലിക്കുവാൻ ദൈവം യാഗം ഏർപ്പാടുചെയ്തു. നിത്യനിയമത്തിന് പകരം ദൈവം സ്ഥാപിച്ചതല്ല പഴയനിയമം. ഏത് ഉദ്ദേശ്യത്തോടുകൂടി ദൈവം പഴയനിയമം സ്ഥാപി ച്ചുവോ ആ പ്രത്യേക ഉദ്ദേശ്യത്തിൽ പഴയനിയമം പ്രയോജനം ഉള്ള തായിരുന്നു. പഴയനിയമം ആദാമിനെ മശീഹായിലുള്ള വിശ്വാസത്തിൽ സൂക്ഷിച്ചു. നോഹ യാഗം കഴിച്ചപ്പോൾ നോഹയെ വരുവാനുള്ള മശീ ഹായിലുള്ള വിശ്വാസത്തിൽ സൂക്ഷിച്ചു. അബ്രഹാം യാഗം കഴിച്ച പ്പോൾ മശീഹായെ കണ്ടു. "നിങ്ങളുടെ പിതാവായ അബ്രഹാം എന്റെ ദിവസം കാണും എന്നുള്ളതുകൊണ്ട് ഉല്ലസിച്ചു, അവൻ കണ്ട് സന്തോ ഷിച്ചുമിരിക്കുന്നു എന്ന് ഉത്തരം പറഞ്ഞു" (യോഹന്നാൻ 8:56) യിസ്രാ യേലിന് ദൈവം "പെസഹാ" കൊടുത്തു. പുതിയനിയമ സഭയാകുന്ന നമുക്ക് മശീഹായെ ഓർമ്മയിൽ സൂക്ഷിക്കുവാൻ അപ്പവും വീഞ്ഞും എന്ന "തിരുവത്താഴ" ശുശ്രൂഷ കർത്താവ് ഏർപ്പാട് ചെയ്തു. പെസ ഹാകുഞ്ഞാടിനെ അറുത്ത് പെസഹാ ആചരിക്കുന്ന സ്ഥാനത്താണ് തിരുവത്താഴം കർത്താവ് സ്ഥാപിച്ചത്. "അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർ ത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു" (1 കൊരി ന്ത്യർ 11:26). തിരുവത്താഴത്തിന്റെ അപ്പം തിന്നുകയും പാനപാത്രം കുടി ക്കയും ചെയ്യുന്ന പ്രവൃത്തിയിൽ രക്ഷ ലഭ്യമാകും എന്ന് വിശ്വസിക്കു

ന്നവർ ഇന്ന് നമ്മുടെ ഇടയിൽ ഉണ്ട്. ക്രിസ്തുവുമായുള്ള അഭേദ്യ ബന്ധത്തിന്റെ ഒരു സാക്ഷ്യം പോലും അവരുടെ ജീവിതത്തിൽ കാണുന്നില്ല. ഇത്തരം ജീവിതങ്ങൾ തെറ്റിദ്ധാരണയുടെ തെളിവുകളാണ്. "എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്‌വീൻ" എന്നു പറഞ്ഞ ക്രിസ്തുവിന് തങ്ങളുടെ ജീവിതത്തിൽ സ്ഥാനം ഇല്ലാതെ പോകുന്നു. ദൈവത്തിന്റെ കുറവില്ലാത്ത പുതിയനിയമത്തിന് ഈ കൂട്ടർ കുറവുവരുത്തുന്നു എന്നു പറയാം.

അതുപോലെ തന്നെ പഴയനിയമകാലത്തും യാഗം എന്ന തങ്ങളുടെ കൈകളുടെ പ്രവൃത്തിയിൽ യിസ്രായേൽ ആശ്രയിക്കയും വരുവാനിരുന്ന മശീഹാ ഓർമ്മയിൽ നിന്നും വിട്ടുപോകയും ചെയ്തു. അതുകൊണ്ടാണ് അപ്പൊസ്തലൻ: "പഴയനിയമം കുറവില്ലാത്തതായിരുന്നു എങ്കിൽ" എന്നും "അവൻ അവരെ ആക്ഷേപിച്ചും കൊണ്ട്" എന്നും പറയുന്നത്. അപ്പൊസ്തലൻ നിയമത്തെ കുറ്റം പറയുന്നില്ല എന്ന് റോമർക്കെഴുതിയ ലേഖനത്തിൽ നിന്നും മനസ്സിലാകുന്നു. "നീതിയുടെ പ്രമാണം പിന്തുടർന്ന യിസ്രായേലോ ആ പ്രമാണത്തിൽ എത്തിയില്ല. അതെന്തുകൊണ്ട്? വിശ്വാസത്താലല്ല പ്രവൃത്തികളാൽ അന്വേഷിച്ചതുകൊണ്ടുതന്നെ അവർ ഇടർച്ചക്കല്ലിന്മേൽ തട്ടി ഇടറി" (റോമർ 9:30-32). പ്രമാണത്തിന് (പഴയനിയമത്തിന്) കുറവില്ല; അത് **നീതിയുടെ പ്രമാണം** എന്നാണ് അപ്പൊസ്തലൻ പറയുന്നത്. തട്ടിഇടറിയ കല്ലിനും (ക്രിസ്തു) കുറവൊന്നും ഇല്ല; എന്നാൽ അവിശ്വാസത്താൽ അവർ രക്ഷയുടെ കല്ല് ഇടർച്ചക്കല്ല് ആക്കിത്തീർത്തു.

"ഒന്നാമത്തെ നിയമം കുറവില്ലാത്തതായിരുന്നു എങ്കിൽ" എന്നു പറയുന്നതിന്റെ അർത്ഥം യെശയ്യാപ്രവചനം ഒന്നാം അദ്ധ്യായത്തിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നു. "നിങ്ങളുടെ ഹനനയാഗങ്ങളുടെ ബാഹുല്യം എനിക്ക് എന്തിന് എന്ന് യഹോവ അരുളിച്ചെയ്യുന്നു; മുട്ടാടുകളെക്കൊണ്ടുള്ള ഹോമയാഗവും കൊഴുപ്പിച്ച മൃഗങ്ങളുടെ മേദസ്സും കൊണ്ട് എനിക്ക് മതിവന്നിരിക്കുന്നു; കാളകളുടെയോ കോലാട്ടുകൊറ്റന്മാരുടെയോ രക്തം എനിക്ക് ഇഷ്ടമല്ല. നിങ്ങൾ എന്റെ സന്നിധിയിൽ വരുമ്പോൾ എന്റെ പ്രാകാരങ്ങളെ ചവിട്ടുവാൻ ഇതു നിങ്ങളോട് ചോദിച്ചത് ആര്? ഇനി നിങ്ങൾ വ്യർത്ഥമായുള്ള കാഴ്ച കൊണ്ടുവരരുത്. ധൂപം എനിക്ക് വെറുപ്പാകുന്നു. അമാവാസിയും ശബ്ബത്തും സഭായോഗം കൂടുന്നതും നീതികേടും ഉത്സവയോഗവും എനിക്ക് സഹിച്ചുകൂടാ" (യെശയ്യാവ് 1:11-13). ദൈവം ഏർപ്പാടുചെയ്ത യാഗവുമായി ജനം ദൈവാലയത്തിലേക്ക് വരുമ്പോൾ ദൈവം ചോദിക്കുന്നത്... ഇത്

നിങ്ങളോട് ചോദിച്ചതാർ? എന്നാണ്. ഇനിയും നിങ്ങൾ വ്യർത്ഥമായുള്ള കാഴ്ച കൊണ്ടുവരരുത് എന്ന് താക്കീതും കൊടുക്കുന്നു. ദൈവത്തിന്റെ അർത്ഥവത്തായ നിയമത്തെ യിസ്രായേൽ വ്യർത്ഥമാക്കിക്കളഞ്ഞു. വിശ്വാസത്താലല്ല പ്രവൃത്തികളാൽ നീതീകരണം അന്വേഷിച്ചതു കൊണ്ട് യിസ്രായേൽ വീണുപോയി എന്ന് അപ്പൊസ്തലൻ പറയുന്നു. കുറവില്ലാത്ത ദൈവത്തിന്റെ നിയമത്തിന് മനുഷ്യൻ കുറവുവരുത്തി; അങ്ങനെ ഒന്നാമത്തെ നിയമം (പഴയനിയമം) കുറവുള്ളതാക്കി ത്തീർത്തു എന്ന് പൗലൊസ് പറയുന്നു.

പഴയനിയമം ദൈവം ഏർപ്പാട് ചെയ്തതുപോലെ അർത്ഥവത്തായി ആചരിച്ചിരുന്നു എങ്കിൽ "പുതിയനിയമം" എന്ന പദപ്രയോഗം ദൈവ ജനത്തിന്റെ മദ്ധ്യത്തിൽ പേരു പറക പോലും ഇല്ലായിരുന്നു എന്നാണ് അപ്പൊ. പൗലൊസ് പറയുന്നത്. "ഒന്നാമത്തെ നിയമം കുറവില്ലാത്ത തായിരുന്നു എങ്കിൽ **രണ്ടാമത്തേതിന് ഇടം അന്വേഷിക്കയില്ലായിരു ന്നു."**പഴയനിയമം എന്നൊരു പദപ്രയോഗം പഴയനിയമത്തിൽ കാണു ന്നില്ല. പഴയനിയമം എന്ന പദപ്രയോഗം അപ്പൊ. പൗലൊസിൽ നിന്നും ഉത്ഭവിച്ചു. ദൈവത്തിന്റെ കുറവില്ലാത്ത നിയമത്തിന് മനുഷ്യൻ കുറവു വരുത്തിയതുകൊണ്ടാണ് നിയമം പുതുക്കിച്ചെയ്യേണ്ടിവന്നത്. അതു കൊണ്ട് "പഴയനിയമം" എന്നും "പുതിയനിയമം" എന്നുമുള്ള പദ പ്രയോഗങ്ങൾ ഉടലെടുത്തു എന്നുപറയാം. അല്ലെങ്കിൽ "നിയമം" എന്ന ഒരു പദപ്രയോഗം മാത്രം അവശേഷിക്കുമായിരുന്നു. ഒന്നാമത്തെ നിയമം കുറവില്ലായിരുന്നു എന്നും മനുഷ്യൻ കുറവുവരുത്തിയതു കൊണ്ട് "കുറവില്ലാത്തതായിരുന്നു എങ്കിൽ" എന്നും എഴുതിയിരി ക്കുന്നു എന്ന് നാം വിശ്വസിക്കേണ്ടതാണ്.

### 3. പുതിയനിയമം

"പഴയനിയമം" (ഒന്നാമത്തെ നിയമം) കുറവുള്ളതാക്കിയതുകൊണ്ട് പുതിയനിയമം ചെയ്യേണ്ടിവന്നു എന്ന് എബ്രായർ 8:7-ൽ സ്ഥാപി ക്കുന്നു. ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹൂദാ ഗൃഹത്തോടും പുതിയോരു നിയമം ചെയ്യുന്ന കാലം വരും എന്ന് യഹോവയുടെ അരു ളപ്പാട്. ഞാൻ അവരുടെ പിതാക്കന്മാരെ കൈക്കുപിടിച്ച് മിസ്രയീം ദേശത്തു നിന്ന് കൊണ്ടുവന്ന നാളിൽ ഞാൻ അവരോട് ചെയ്ത നിയമം പോലെയല്ല; ഞാൻ അവർക്ക് ഭർത്താവായിരുന്നിട്ടും അവർ എന്റെ നിയമം ലംഘിച്ചു കളഞ്ഞു എന്നു യഹോവയുടെ അരുളപ്പാട്. എന്നാൽ ഈ കാലം കഴിഞ്ഞ ശേഷം ഞാൻ യിസ്രായേൽ ഗൃഹത്തോട് ചെയ്‌വാനിരിക്കുന്ന നിയമം ഇങ്ങനെ ആകുന്നു: "ഞാൻ എന്റെ ന്യായ

പ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്ക് ദൈവമായും അവർ എനിക്ക് ജനമായും ഇരിക്കും എന്ന് യഹോവയുടെ അരുളപ്പാട്. ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും യഹോവയെ അറിക എന്ന് ഉപദേശിക്കയില്ല; അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും; ഞാൻ അവരുടെ അകൃത്യം മോചിക്കും; അവരുടെ പാപം ഇനി ഓർക്കയും ഇല്ല എന്ന് യഹോവയുടെ അരുളപ്പാട്" (യിരെമ്യാവ് 31:31–34).

"നിത്യനിയമം" എന്നുപറയുന്നത് പാപപരിഹാരത്തിന് യേശുവിലുള്ള വിശ്വാസം എന്ന് നാം കണ്ടു. അത് ലോകസ്ഥാപനത്തിനുമുമ്പേ സ്ഥാപിക്കപ്പെട്ടു എന്നും നാം മനസ്സിലാക്കി. പഴയനിയമം എന്ന് പറയുന്നതും അടിസ്ഥാനപരമായി യേശുവിലുള്ള വിശ്വാസവും അതിന്റെ പ്രകടനമായ യാഗാദി കർമ്മങ്ങൾ എന്നും നാം കണ്ടു. യാഗമെന്നകർമ്മത്തിലല്ല യേശുവിലുള്ള വിശ്വാസത്താലാണ് പഴയനിയമകാലത്തെ ദൈവജനത്തിന് രക്ഷ സാദ്ധ്യമായത് എന്ന് വചനം സ്ഥാപിക്കുന്നു. "പുതിയനിയമം" എന്നു പറയുന്നത് ക്രിസ്തു പുതിയനിയമസഭയുമായി ചെയ്ത നിയമമാണ് എന്നും കർത്താവായ യേശുവിൽ വിശ്വസിക്കുന്നവർക്ക് രക്ഷ ഉണ്ട് എന്നുമാണ് അതിന്റെ അടിസ്ഥാനതത്വം എന്നും നാം വിശ്വസിക്കുന്നു. അങ്ങനെ എങ്കിൽ രക്ഷയ്ക്ക് ആകമാനം ഒരു നിയമമേ ഉള്ളു എന്ന് പറഞ്ഞവസാനിപ്പിക്കുന്നതിൽ തെറ്റില്ലല്ലോ.

ഒന്നാത്തെ നിയമം (പഴയനിയമം) കുറവില്ലാത്തതായി, ദൈവം ആസൂത്രണം ചെയ്ത രീതിയിൽ തന്നെ, മനുഷ്യൻ ആചരിച്ചിരുന്നു എങ്കിൽ "പുതിയനിയമം" എന്ന പദപ്രയോഗമേ ഉണ്ടാകയില്ലായിരുന്നു എന്നും അപ്പൊ. പൗലൊസ് പറയുന്നു. "ഒന്നാമത്തെ നിയമം കുറവില്ലാത്തതായിരുന്നു എങ്കിൽ രണ്ടാമത്തെതിന് ഇടം അന്വേഷിക്കയില്ലായിരുന്നു" (എബ്രായർ 8:7). യിസ്രായേൽ ദൈവത്തിന്റെ നിയമത്തിന് കുറവുവരുത്തി എങ്കിലും അബ്രഹാമിനോടുള്ള വാഗ്ദത്തപ്രകാരം യിസ്രായേലിനോടുതന്നെ നിയമം പുതുക്കുവാൻ ദൈവം തീരുമാനിച്ചു. യിസ്രായേൽ നിയമം ലംഘിച്ചതുകൊണ്ട് ദൈവം തന്റെ നിയമം മാറ്റുന്നതുമില്ല. എന്നാൽ അവർക്ക് പുതിയ ഒരു ഹൃദയവും പുതിയ ഒരു ആത്മാവിനെയും കൊടുത്ത് ദൈവത്തിന്റെ നിയമത്തിലേക്ക് തിരിച്ച് ആഹ്വാനം ചെയ്യുകയാണ്. "പുതുക്കി" ചെയ്യുന്ന പഴയ നിയമത്തെയാണ് "പുതിയനിയമം" എന്ന് പറയുന്നത്.

യിസ്രായേൽ ദൈവത്തെ ഉപേക്ഷിച്ച് ജാതികളുടെ മാർഗ്ഗങ്ങളിൽ നടക്കുവാൻ തുടങ്ങി. "അവൻ എന്നെ യഹോവയുടെ ആലയത്തിന്റെ

അകത്തെ പ്രാകാരത്തിൽ കൊണ്ടുപോയി. യഹോവയുടെ മന്ദിരത്തിന്റെ വാതില്ക്കൽ മണ്ഡപത്തിനും യാഗപീഠത്തിനും നടുവെ ഏകദേശം 25 പുരുഷന്മാർ തങ്ങളുടെ മുതുക് യഹോവയുടെ മന്ദിരത്തിനുനേരെയും മുഖം കിഴക്കോട്ട് തിരിച്ചുകൊണ്ട് നിന്നിരുന്നു. അവർ കിഴക്കോട്ട് നോക്കി സൂര്യനെ നമസ്ക്കരിക്കയായിരുന്നു" (യെഹസ്ക്കേൽ 8:16). യഹോവ സ്രഷ്ടാവാണ് എന്നതിന്റെ അടയാളമായ ശബ്ബത്ത് അവർ ലംഘിക്കുവാൻ തുടങ്ങി. "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: സൂക്ഷിച്ചുകൊൾവിൻ; ശബ്ബത്ത് നാളിൽ യാതൊരു ചുമടും ചുമന്നു യെരുശലേമിന്റെ വാതിലുകളിൽകൂടി അകത്ത് കൊണ്ടുവരരുത്. ശബ്ബത്ത് നാളിൽ നിങ്ങളുടെ വീടുകളിൽനിന്നും യാതൊരു ചുമടും പുറത്തുകൊണ്ടുപോകാതെയും യാതൊരു വേലയും ചെയ്യാതെയും ശബ്ബത്ത് നാൾ വിശുദ്ധീകരിപ്പീൻ. നിങ്ങളുടെ പിതാക്കന്മാരോട് ഞാൻ അങ്ങനെ കല്പിച്ചുവല്ലോ. എന്നാൽ അവർ കേട്ടില്ല, ചെവിചായിച്ചതുമില്ല. കേട്ടനുസരിക്കുകയോ ബുദ്ധ്യുപദേശം കൈക്കൊള്ളുകയോ ചെയ്യാതെ അവർ ശാഠ്യം കാണിച്ചു" (യിരെ. 17:21–23). "എന്നാൽ ശബ്ബത്ത് നാൾ ശുദ്ധീകരിപ്പാനും ശബ്ബത്തുനാളിൽ യെരുശലേമിന്റെ വാതിലുകളിൽ കൂടി ചുമടു ചുമന്നുകൊണ്ടുപോകാതെ ഇരിപ്പാനും നിങ്ങൾ എന്റെ വാക്കുകേട്ടനുസരിക്കയില്ലെങ്കിൽ ഞാൻ അതിന്റെ വാതിലുകളിൽ തീ കൊളുത്തും; അത് കെട്ട് പോകാതെ യെരുശലേമിലെ അരമനകളെ ദഹിപ്പിക്കും" (യിരെ. 17:27).

യഹോവയുടെ പ്രവചനപ്രകാരം ബാബേൽ രാജാവ് യെരുശലേമിനെ ചുട്ടുകളഞ്ഞു. "അഞ്ചാം മാസം ഏഴാം തീയതി നെബൂഖദ്നേസർ രാജാവെന്ന ബാബേൽ രാജാവിന്റെ 19–ാം ആണ്ടിൽ തന്നെ ബാബേൽ രാജാവിന്റെ ഭൃത്യനായി അകമ്പടിനായകനായ നെബൂസരദാൻ യെരുശലേമിൽ വന്നു. അവൻ യഹോവയുടെ ആലയവും രാജധാനിയും ചുട്ടുകളഞ്ഞു. യെരുശലേമിലെ എല്ലാവീടുകളും പ്രധാന ഭവനങ്ങളൊക്കെയും അവൻ തീ വെച്ച് ചുട്ടുകളഞ്ഞു" (2 രാജാക്കന്മാർ 25:8,9). തുടർന്ന് യിസ്രായേലിനെ അടിമകളാക്കി ബാബേലിലേക്ക് കൊണ്ടുപോയി; അവിടെ 70 വർഷം അടിമത്വത്തിൽ കഴിഞ്ഞു. ഈ സമയത്താണ് ദൈവം യിരെമ്യാപ്രവാചകൻ മുഖാന്തരം അരുളിച്ചെയ്യുന്നത്. "എന്നാൽ ഈ കാലം കഴിഞ്ഞശേഷം (പ്രവാസകാലം കഴിഞ്ഞശേഷം) ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹൂദാ ഗൃഹത്തോടും പുതിയോരു നിയമം ചെയ്യുന്ന കാലം വരും എന്ന് യഹോവയുടെ അരുളപ്പാട്..." (യിരെ. 31:31–34). എബ്രായർക്കെഴുതിയ ലേഖന

ത്തിൽ അപ്പൊ. പൗലൊസ് യിരെമ്യാപ്രവചനം ഉദ്ധരിക്കുന്നു. **കർത്താവായ യേശു സഭയോട് പുതിയ നിയമം ചെയ്തപ്പോൾ യിരെമ്യാ പ്രവചനം നിറവേറി.** യിസ്രായേൽ പ്രവാസത്തിൽ പോകേണ്ടിവന്ന കാരണങ്ങൾ നോക്കുമ്പോൾ സൂര്യാരാധനയും ശബ്ബത്ത് ലംഘനവും കാരണങ്ങളുടെ ഭാഗമായിരുന്നു. പുതിയനിയമ യിസ്രായേലും അതേ ലംഘനം തന്നെ ചെയ്യുന്നു. ഞായറാഴ്ച ആരാധന (Sunday worship)-യിൽ കൂടി സൂര്യാരാധന പുതിയനിയമ യിസ്രായേലിൽ പ്രവേശിച്ചിരിക്കുന്നു. ദൈവസ്ഥാപിതമായ ശബ്ബത്തും ഉപേക്ഷിച്ചിരിക്കുന്നു.

ഞായറാഴ്ച പള്ളിയിലേക്ക് പോകുന്ന ഒരുവനെ സമീപിച്ചിട്ട്, ആഴ്ചക്ക് ഏഴ് ദിവസം ഉള്ളതിൽ, വിശേഷിച്ചും ഞായറാഴ്ച വിശുദ്ധ ദിവസമായി (ആരാധനാ ദിവസമായി) തിരഞ്ഞെടുത്തിരിക്കുന്നതിന്റെ കാരണം എന്താണ് എന്ന് ചോദിച്ചാൽ ലഭിക്കുന്ന മറുപടി ഒന്നേ ഉള്ളു; അത് ക്രിസ്തു ഞായറാഴ്ച ഉയിർത്തെഴുന്നേറ്റതുകൊണ്ടാണ്. ഈ മറുപടി ആഗോളമായുള്ള മറുപടിയാണ്. ഇത് സത്യമോ എന്ന് ശോധന ചെയ്യേണ്ടതാണ്. കാരണം ഉല്പത്തിയിൽ ദൈവം ഏഴാം ദിവസത്തെ വിശുദ്ധീകരിച്ചു എന്ന് അരുളിച്ചെയ്തിരിക്കെ (ഉല്പത്തി 2:1-3) ദൈവം സ്വയമായി അത് മാറ്റി, ഞായറാഴ്ച (ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം) വിശുദ്ധമാണ് എന്ന് അരുളിച്ചെയ്തിട്ടുണ്ടോ എന്ന് ചിലർക്കെങ്കിലും ചോദ്യം ഉണ്ടായേക്കാം. ഇതിനെ സംബന്ധിക്കുന്ന കൂടുതൽ വിവരണം 5-ാം അദ്ധ്യായത്തിൽ കൊടുത്തിരിക്കുന്നു. താഴെപ്പറയുന്ന ചില കാര്യങ്ങൾ അവിടെ ആവർത്തിച്ചിട്ടുണ്ട്.

ആരാധനയ്ക്ക് അടിസ്ഥാനപരമായി ഒരു കാരണം മാത്രമേ ഉള്ളു. "വരുവിൻ നാം വണങ്ങി നമസ്ക്കരിക്ക; (worship) നമ്മെ നിർമ്മിച്ച യഹോവയുടെ മുമ്പിൽ മുട്ടുകുത്തുക" (സങ്കീർത്തനങ്ങൾ 95: 6). തിരുവചനം പറയുന്നത് ദൈവം സൃഷ്ടിതാവായതുകൊണ്ട് ദൈവത്തെ ആരാധിക്കണം എന്നാണ്. ഉല്പത്തി മുതൽ ക്രൂശു വരെ ഏതാണ്ട് 3656 വർഷങ്ങൾ ജനം ദൈവത്തെ ആരാധിച്ചത് കർത്താവായ യേശു ഉയർത്തെഴുന്നേറ്റതു കൊണ്ടല്ല; മറിച്ച് ദൈവം അവരുടെ സൃഷ്ടിതാവായതുകൊണ്ടാണ് എന്ന് തിരുവചനം പറയുന്നു. മനുഷ്യനു അറിയപ്പെടാത്ത കാലം മുതൽ ഇന്നു വരെയും, ഇനി വരുവാനിരിക്കുന്ന നിത്യതയോളം സ്വർഗ്ഗത്തിലെ മാലാഖമാർ ദൈവത്തെ ആരാധിച്ചതും, ആരാധിക്കുന്നതും, ഇനി ആരാധിക്കുവാൻ പോകുന്നതും കർത്താവായ യേശു ഞായറാഴ്ച ഉയിർത്തെഴുന്നേറ്റതുകൊണ്ടല്ല എന്നു പറഞ്ഞാൽ ഇന്നു ലോകം പറയുന്ന ഉയിർപ്പ് ആരാധനക്ക് കാരണമല്ല എന്ന്

ചുരുക്കം. ഇനിയും പുതിയനിയമ കാലത്തിലേക്ക് കടന്നുവരുമ്പോൾ ആരാധനയുടെ മൂലകാരണം മാറിയോ എന്ന് നോക്കേണ്ടതാണ്. “ദൈവത്തെ ഭയപ്പെട്ട് അവന്നു മഹത്വം കൊടുപ്പിൻ; അവന്റെ ന്യായ വിധിയുടെ നാഴിക വന്നിരിക്കുന്നു. ആകാശവും ഭൂമിയും സമുദ്രവും നീരുറവുകളും ഉണ്ടാക്കിയവനെ നമസ്ക്കരിപ്പിൻ (worship) എന്നു അത്യുച്ചത്തിൽ പറഞ്ഞുകൊണ്ടിരുന്നു” (വെളിപ്പാട് 14:7). സൂക്ഷ്മത യോടെ നോക്കുന്നു എങ്കിൽ ഉല്പത്തി മുതൽ വെളിപ്പാട് വരെ സൃഷ്ടി ച്ചവനെ നമസ്ക്കരിപ്പിൻ എന്നാണ് കാണുന്നത്. നാം ദൈവത്തെ ആരാ ധിക്കേണ്ടത് ദൈവം നമ്മുടെ സൃഷ്ടിതാവായതുകൊണ്ടാണ്. ഉയിർ പ്പിനും ആരാധനക്കും തമ്മിൽ ഒരു ബന്ധവും തിരുവചനം കല്പിക്കു ന്നില്ല; പുതിയനിയമ കാലത്തേക്ക് കടന്നു വരുമ്പോൾ ആരാധനയുടെ കാരണം മാറുന്നതുമില്ല എന്നതിനു വെളിപ്പാട് 14:7 സാക്ഷ്യം വഹി ക്കുന്നു; അതുകൊണ്ട് ഉയിർപ്പു കാരണമാക്കി ഒരു മനുഷ്യനും ഞായ റാഴ്ച വിശുദ്ധദിവസമായി ആചരിക്കേണ്ടതല്ല.

ഇന്ന് നാം കാണുന്ന ആഴ്ചവട്ടം സൃഷ്ടിപ്പിന്റെ അടിസ്ഥാനത്തിൽ മാത്രം രൂപം കൊണ്ടതാണ്. എല്ലാം സൃഷ്ടിക്കുവാൻ ദൈവം 9 ദിവസം എടുത്തിരുന്നു എങ്കിൽ ആഴ്ചവട്ടത്തിന് 10 ദിവസം കാണുമായിരുന്നു. നാം കാണുന്നതും, കാഴ്ചക്ക് അതീതമായിരിക്കുന്നതുമായ എല്ലാ കാര്യ ങ്ങളും ആറ് ദിവസം കൊണ്ട് ദൈവം സൃഷ്ടിച്ചു എന്ന് ഉല്പത്തി ഒന്ന്, രണ്ട് അദ്ധ്യായങ്ങൾ വിവരിക്കുന്നു. എന്തിനാണ് ഒരു ദിവസവും കൂടെ ചേർത്ത് ആഴ്ചവട്ടത്തിന് ഏഴു ദിവസംദൈവം നിയോഗിച്ചത് എന്ന് ചോദിക്കുന്നത് ന്യായമായ ചോദ്യമാണ്. ഉത്തരം ലളിതമാണ്. “എന്റെ ശബ്ബത്തുകളെ വിശുദ്ധീകരിപ്പിൻ, ഞാൻ നിങ്ങളുടെ ദൈവ മായ യഹോവ എന്നു നിങ്ങൾ അറിയേണ്ടതിന്നു അവ എനിക്കും നിങ്ങൾക്കും ഇടയിൽ അടയാളമായിരിക്കട്ടെ എന്ന് കല്പിച്ചു” (യെഹെ സ്ക്കേൽ 20:20). ശബ്ബത്ത് ഉപേക്ഷിക്കുന്നതുകൊണ്ട് മനഷ്യജാതി ദൈവം സൃഷ്ടിതാവ് എന്ന ദൈവത്തിന്റെ പദവിയെ ഉപേക്ഷിച്ചിരി ക്കുന്നു; തത്ഫലമായി ക്രിസ്ത്യാനികൾ ജാതികളെപ്പോലെ ജീവിക്കു ന്നു. വീണ്ടും എടുത്തു പറയട്ടെ ഉയിർപ്പും ആരാധനയുമായി ഒരു ബന്ധവും ഇല്ല; അത് മനുഷ്യന്റെ വെറും സങ്കല്പം മാത്രമാണ്. തിരുവചനം അപ്രകാരമുള്ള ആരാധനയെ സ്വേച്ഛാരാധന എന്ന് സംബോധന ചെയ്യുന്നു (കൊലൊസ്യർ 2:23). കർത്താവായ യേശു ഉയിർത്തെഴുന്നേല്ക്കുന്നതിനു മുമ്പ് ജനം യേശുവിനെ നമസ്ക്കരിച്ചു (worshipped). “ആ വീട്ടിൽ ചെന്നു യേശുവിനെ അമ്മയായ മറിയയോടു

കൂടെ കണ്ടു വീണ് അവനെ നമസ്ക്കരിച്ചു" (worshipped Him) മത്തായി 2:11. ഉയിർപ്പിനു മുമ്പ് ജനം യേശുവിനെ ആരാധിച്ചു എങ്കിൽ ഉയിർപ്പും ആരാധനയുമായി ഒരു ബന്ധവും ഇല്ല. ഉയിർപ്പ് കഴിഞ്ഞതിനു ശേഷവും മനഷ്യർ കർത്താവിനെ ആരാധിച്ചു. "അവർ അടുത്തുചെന്ന് അവന്റെ കാൽ പിടിച്ചു അവനെ നമസ്ക്കരിച്ചു" (മത്തായി 28:9). കർത്താവിനെ, ജനം ഉയിർപ്പിനു മുമ്പും ഉയിർപ്പിനു ശേഷവും, ആരാധിച്ചു എങ്കിൽ ആരാധനയുടെ കാരണം ഉയിർപ്പല്ല എന്നത് വ്യക്തമാണ്. ജനം കർത്താവിനെ ആരാധിച്ചത് കർത്താവ് സൃഷ്ടിതാവായതുകൊണ്ടാണ്; ഉയിർത്തെഴുന്നേറ്റതുകൊണ്ടല്ല (വെളിപ്പാട് 4:11). ജനം ദൈവത്തെ എല്ലാ ദിവസവും ആരാധിക്കുന്നു എങ്കിലും ആഴ്ചയിൽ ഒരിക്കൽ ഒരു സംഘടിതമായ ആരാധന എന്ന പദ്ധതി ദൈവത്താൽ സ്ഥാപിതമായതാണ്. "ദൈവം സഭയിൽ" (1 കൊരിന്ത്യർ 12:28) എന്ന് തിരുവചനം പറയുന്നതു കൊണ്ട് സഭ ദൈവസ്ഥാപിതമാണ് എന്ന് തെളിവാകുന്നു. ദൈവജനം സഭയായി കൂടിവന്ന് ദൈവത്തെ ആരാധിക്കുവാൻ ഒരു ദിവസം ദൈവം നിയോഗിച്ചു. സഭയും, സഭയായി ആഴ്ചയിൽ ഒരിക്കൽ കൂടിവന്നുള്ള ആരാധനയും ദൈവം ഉല്പത്തിയിൽ സ്ഥാപിച്ചു. അതിന് അടിസ്ഥാനപരമായി ഒരു കാരണം ഉണ്ട്; അത് ദൈവം തന്നെ പറയുന്നു. പല ദൈവങ്ങൾ ഉണ്ട് എന്നു പറയുന്ന ഈ ലോകത്തിൽ സൃഷ്ടിതാവായ ദൈവത്തെ വേർതിരിച്ച് അറിഞ്ഞ് സൃഷ്ടിതാവായ, (യഹോവയായ) ദൈവത്തെ ആരാധിക്കുവാൻ ദൈവം ശബ്ബത്ത് എന്നൊരു ദിവസം കൂടി ആഴ്ചവട്ടത്തോട് ചേർത്തു. ഇത് തിരുവചന സത്യം.

### യിസ്രായേലിനെ കുറിച്ച് ദൈവ പദ്ധതി

യിസ്രായേലിൽ കൂടി ദൈവത്തിന്റെ നാമം ലോകത്തെങ്ങും മഹത്വപ്പെടണം എന്നുള്ളതായിരുന്നു ദൈവ പദ്ധതി. "യിസ്രായേലേ നീ എന്റെ ദാസൻ; ഞാൻ നിന്നിൽ മഹത്വീകരിക്കപ്പെടും എന്ന് അരുളിച്ചെയ്തു" (യെശ. 49:3). ലോകം എമ്പാടുമുള്ള മനുഷ്യജാതിയോട് യഹോവയെക്കുറിച്ചുള്ള സാക്ഷ്യം പറയുക എന്ന ദൗത്യം ദൈവം അവരെ ഏല്പിച്ചു. ലോകത്തിനു കൊടുക്കുവാനുള്ള ന്യായപ്രമാണങ്ങളും ചട്ടങ്ങളും വിധികളും ദൈവം അവരെ ഏൽപ്പിച്ചു. "നിങ്ങൾ ഭയപ്പെടേണ്ട; പേടിക്കയും വേണ്ട; പണ്ട് തന്നെ ഞാൻ നിങ്ങളോട് പ്രസ്താവിച്ച് കേൾപ്പിച്ചിട്ടില്ലയോ? നിങ്ങൾ എന്റെ സാക്ഷികൾ ആകുന്നു. ഞാനല്ലാതെ ഒരു ദൈവം ഉണ്ടോ? ഞാൻ ഒരുത്തനേയും അറിയുന്നില്ല" (യെശ. 44:8). മശീഹായുടെ ഒന്നാമത്തെ വരവിനുവേണ്ടി ലോകത്തെ

ഒരുക്കുക എന്നും, മശീഹായെ രക്ഷിതാവായി സ്വീകരിക്കുവാൻ മനുഷ്യഹൃദയങ്ങളെ ഒരുക്കുക എന്നും ഉത്തമമായ ഒരു ദൗത്യം ദൈവം അവരെ ഏല്പിച്ചു. ആത്മീകമായ അന്ധകാരവും കൂരിരുട്ടും ഈ ഭൂമിയെ മൂടിക്കൊണ്ടിരുന്നപ്പോൾ ലോകത്തിന് വെളിച്ചമായിരിക്കുവാൻ ദൈവം യിസ്രായേലിനെ വിളിച്ച് വേർതിരിച്ച് അവരുമായി ഒരു ഉടമ്പടി ബന്ധത്തിൽ ഏർപ്പെട്ടു. “നീ യാക്കോബിന്റെ ഗോത്രങ്ങളെ എഴുന്നേൽപ്പിക്കേണ്ടതിനും യിസ്രായേലിൽ സൂക്ഷിക്കപ്പെട്ടവരെ തിരിച്ചു വരുത്തേണ്ടതിനും എനിക്ക് ദാസനായിരിക്കുന്നതു പോരാ; എന്റെ രക്ഷ ഭൂമിയുടെ അറ്റത്തോളം എത്തേണ്ടതിനു ഞാൻ നിന്നെ ജാതികൾക്ക് പ്രകാശമാക്കി വച്ചിരിക്കുന്നു എന്ന് അവൻ അരുളിച്ചെയ്യുന്നു” (യെശ. 49:6).

ദൈവത്തിന്റെ മഹത്വം ജാതികൾ കണ്ടിട്ട് തങ്ങൾ വിശ്വസിക്കുന്നതും അവരുടെ പിതാക്കന്മാരിൽനിന്നും ഏറ്റുവാങ്ങിയതും ഭോഷ്ക്കാണ് എന്ന് അറിയേണ്ടതിനു ദൈവം യിസ്രായേലിനെ തിരഞ്ഞെടുത്തു. “എന്റെ ബലവും എന്റെ കോട്ടയും കഷ്ടകാലത്ത് എന്റെ ശരണവുമായ യഹോവേ ജാതികൾ ഭൂമിയുടെ അറ്റങ്ങളിൽനിന്നു നിന്റെ അടുക്കൽ വന്നു ഞങ്ങളുടെ പിതാക്കന്മാർക്ക് അവകാശമായിരുന്നത് മിത്ഥ്യാമൂർത്തികളായ വെറും ഭോഷ്ക്കത്രെ അവയിൽ പ്രയോജനമുള്ളത് ഒന്നുമില്ലെന്നു പറയും” (യിരെ. 16:19). ലോകത്തെ രക്ഷിക്കുവാനുള്ള ദൈവത്തിന്റെ രക്ഷാപദ്ധതി ഒരു സമൂഹത്തിന് മാത്രമായി കൊടുത്തു എന്ന് നിരൂപിക്കുന്നത് തെറ്റാണ്. യെഹൂദന്റെ പിതാവായ അബ്രഹാമിനെ ദൈവം വിളിച്ച് വേർതിരിച്ചപ്പോൾ അവനോട് പറയുന്നത്. “...നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും” എന്നാണ് (ഉല്പ. 12:3). അബ്രഹാമിനോട് ദൈവം ചെയ്ത നിയമം തന്നെയാണ് യിസ്രായേൽ ജനവുമായി ദൈവം പുതുക്കിയത്. മേൽ ഉദ്ധരിച്ച ചില വേദഭാഗങ്ങളിൽനിന്നും യിസ്രായേലിനെക്കുറിച്ച് ദൈവത്തിനുണ്ടായിരുന്ന പദ്ധതി മനസ്സിലാക്കാവുന്നതാണ്. യിസ്രായേലിനോട് തന്നെയാണ് പുതിയനിയമവും ചെയ്തത് എന്ന് നാം ഓർത്തിരിക്കേണ്ടതുണ്ട്. ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹൂദാഗൃഹത്തോടും പുതിയൊരു നിയമം ചെയ്യുന്നകാലം വരും എന്ന് ദൈവം പറഞ്ഞതിൻപ്രകാരം കർത്താവ് പുതിയനിയമം യെഹൂദന്മാരോടുതന്നെ ചെയ്തു. ജാതികളുമായി ദൈവം നിയമം ചെയ്തിട്ടില്ല. യെഹൂദന്മാരോട് ചെയ്ത നിയമത്തിലേക്ക് ജാതികളെ ആഹ്വാനം ചെയ്യുകയാണ്. കർത്താവായ യേശു ജഡപ്രകാരം യെഹൂദനായിരുന്നു. 12 ശിഷ്യന്മാർ

യെഹൂദന്മാരായിരുന്നു. ആദ്യമായി ക്രിസ്ത്യാനികൾ ആയിത്തീർന്ന വർ എല്ലാം യെഹൂദന്മാരായിരുന്നു. കാലക്രമേണ "ദൈവവചനം പരന്നു യെരുശലേമിൽ ശിഷ്യന്മാരുടെ എണ്ണം ഏറ്റവും പെരുകി; പുരോഹിത ന്മാരിലും വലിയോരു കൂട്ടം വിശ്വാസത്തിന് അധീനരായിത്തീർന്നു" (അപ്പൊ. പ്രവൃ. 6:7). പെന്തെക്കൊസ്ത് നാളിൽ സ്നാനം ഏറ്റ് സഭ യോട് ചേർന്ന 3000 പേർ യെഹൂദന്മാർ ആയിരുന്നു. അങ്ങനെ പുതിയ നിയമ സഭ യെഹൂദന്മാരിൽ നിന്നുതന്നെ രൂപം കൊണ്ടു. **പുതിയനി യമം എന്ന വാക്കിൽ "പുതിയ"** എന്ന പദം കാണുന്നതുകൊണ്ട് തെറ്റി ദ്ധാരണകൾ ദൈവജനത്തിന്റെ മദ്ധ്യേ കാണുവാൻ സാധിക്കുന്നു. അതു കൊണ്ട് "പുതിയ" എന്ന വാക്കുകൊണ്ട് ഇവിടെ എന്ത് അർത്ഥമാകുന്നു എന്ന് പരിശോധിക്കാം.

## പുതിയത് എന്നാലെന്ത് ?

"പുതിയത്" എന്ന വാക്കിന്റെ സ്ഥാനത്ത് ഗ്രീക്കിൽ രണ്ട് വാക്കു കൾ ഉപയോഗിക്കുന്നു.

1) നിഓസ് (Neos). അതിന്റെ അർത്ഥം പണ്ട് നിലവിലില്ലാതിരു ന്നതും കാലപ്പഴക്കം ഇല്ലാതെ പുതിയത് എന്നുമാണ്.

2) കയ്നോസ് (kainos). അതിന്റെ അർത്ഥം മുമ്പ് നിലവിലുണ്ടാ യിരുന്നതാണ്; കാലപ്പഴക്കം കൊണ്ട് പഴയതാണെങ്കിലും പുതിയതാ ക്കിയതുകൊണ്ടും പുതുമ കൊണ്ടും പുതിയത് എന്ന് വിളിക്കുന്നു. (കയ്നോസ്) പുതിയത്, എന്ന അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള രണ്ട് ഉദാഹരണങ്ങൾ എടുത്തുവെയ്ക്കുന്നു.

### 1. പുതിയ ഭൂമി

"പുതിയ" ഭൂമി എന്ന പദപ്രയോഗം തിരുവചനത്തിൽ രണ്ട് പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. "എന്നാൽ നാം അവന്റെ വാഗ്ദത്തപ്ര കാരം പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായിട്ട് കാത്തിരി ക്കുന്നു" (2 പത്രോസ് 3:13). "ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു. ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴി ഞ്ഞുപോയി. സമുദ്രവും ഇനി ഇല്ല" (വെളി. 21:1) ദൈവം ഈ ഭൂമിയെ അഗ്നി കൊണ്ട് ശുദ്ധീകരിച്ച് പാപത്തെ ഉന്മൂലമാക്കിയതിനുശേഷം ആദി യിൽ സൃഷ്ടിച്ചതുപോലെ പുതുക്കി സൃഷ്ടിക്കും. അങ്ങനെ ഈ ഭൂമി യെക്കുറിച്ച് ദൈവഹിതം നിറവേറും. 2 പത്രൊസ് 3:13 ലും, വെളി. 21:1 ലും "നിഓസ്" എന്ന വാക്കല്ല ഉപയോഗിച്ചിരിക്കുന്നത്; മറിച്ച്

“കയ്നോസ്” എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഇവിടെ പുതുമയെ പുതിയത് എന്ന് അർത്ഥമാക്കുന്നു. “പുതിയ ഭൂമി” എന്ന് പറയുന്നത് ഇപ്പോൾ നാം പാർക്കുന്ന ഭൂമി തന്നെയാണ്. എന്നാൽ പുതുക്കി സൃഷ്ടിക്കുന്നതുകൊണ്ട് പുതിയ ഭൂമി എന്ന് വിളിക്കുന്നു.

**2. പുതിയോരു കല്പന**

“നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്ന് പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നെ” (യോഹന്നാൻ 13:34). യോഹന്നാൻ 13:34 പുതുമ കൊണ്ട് പുതിയതാണ്, എന്നാൽ കാലം കൊണ്ട് പഴയതാണ്. “നിന്റെ ജനത്തിന്റെ മക്കളോട് പക വെക്കരുത്. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം; ഞാൻ യഹോവയാകുന്നു” (ലേവ്യ 19:18). മോശെയുടെ കാലത്തിനു മുമ്പ് ഒന്നും എഴുതി കൊടുത്തിട്ടില്ലായിരുന്നതുകൊണ്ട് തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്ന കല്പന ഇല്ലായിരുന്നു എന്നു ചിന്തിക്കുന്നതും യുക്തമല്ല. “നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്ന് പുതിയോരു കല്പന ഞാൻ നിങ്ങൾക്ക് തരുന്നു.” പഴയ കല്പനക്ക് ഒരു പുതിയ അർത്ഥവ്യാപ്തി കർത്താവ് കൊടുത്തു; “ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ.” ഈ പുതുമ കൊണ്ടാണ് പഴയതിനെ പുതിയത് എന്ന് വിളിക്കുന്നത്. അപ്പൊ. യോഹന്നാൻ തന്റെ ലേഖനമെഴുതിയപ്പോൾ പുതിയ കല്പനയെക്കുറിച്ച് പറയുന്നത് “പ്രിയമുള്ളവരേ, പുതിയോരു കല്പനയല്ല ആദിമുതൽ നിങ്ങൾക്കുള്ള പഴയ കല്പനയത്രേ ഞാൻ നിങ്ങൾക്കു എഴുതുന്നത്. ആ പഴയ കല്പന നിങ്ങൾ കേട്ട വചനം തന്നേ. പുതിയോരു കല്പന ഞാൻ നിങ്ങൾക്ക് എഴുതുന്നു എന്നും പറയാം...” (1 യോഹ. 2:7,8) ഇതുപോലെയാണ് “പുതിയോരു നിയമം” എന്നുപറയുന്നതിന്റെ അർത്ഥം. യിസ്രായേലുമായി ദൈവം ഒരു നിയമം ചെയ്തിരുന്നു; എന്നാൽ ആ നിയമത്തിന് ജനം വീഴ്ച വരുത്തി. ബാബിലോണ്യ അടിമത്വത്തിനുശേഷം ദൈവം അവരോട് വീണ്ടും പഴയനിയമം പുതുക്കി സ്ഥാപിച്ചു. പുതുക്കി സ്ഥാപിച്ച നിയമത്തിന്റെ പുതുമയെയാണ് പുതിയനിയമം എന്നുപറയുന്നതെന്ന് തുടർന്നുള്ള പഠനത്തിൽ നിന്നും മനസ്സിലാകുന്നതാണ്.

## എന്താണ് പുതിയ നിയമം?

“ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹൂദാഗൃഹത്തോടും പുതിയോരു നിയമം ചെയ്യുന്ന കാലം വരും എന്ന് കർത്താവിന്റെ അരുള

പ്പാട്. ഞാൻ അവരുടെ പിതാക്കന്മാരെ കൈക്കുപിടിച്ചു മിസ്രയീം ദേശത്തുനിന്നു കൊണ്ടുവന്ന നാളിൽ ഞാൻ അവരോട് ചെയ്ത നിയമം പോലെയല്ല; അവർ എന്റെ നിയമത്തിൽ നിലനിന്നില്ല; ഞാൻ അവരെ ആദരിച്ചതുമില്ല എന്ന് കർത്താവിന്റെ അരുളപ്പാട്. ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേലിനോട് ചെയ്യാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു: ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്ക് ദൈവമായും അവർ എനിക്ക് ജനമായും ഇരിക്കും. ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും കർത്താവിനെ അറിക എന്ന് ഉപദേശിക്കയില്ല; അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും. ഞാൻ അവരുടെ അകൃത്യങ്ങളെക്കുറിച്ച് കരുണയുള്ളവൻ ആകും; അവരുടെ പാപങ്ങളെ ഇനി ഓർക്കയുമില്ല എന്ന് കർത്താവിന്റെ അരുളപ്പാട്" (എബ്രായർ 8:8-12). **ദൈവം മനുഷ്യനോട് ചെയ്യുന്ന പ്രതിജ്ഞാബദ്ധതയാണ് "നിയമം" എന്ന് വീണ്ടും ഓർമ്മിപ്പിക്കുന്നു.**

ഈ കാലം കഴിഞ്ഞശേഷം യിസ്രായേൽ ഗൃഹത്തോട് ചെയ്വാനിരിക്കുന്ന നിയമം **ഇങ്ങനെ ആകുന്നു** എന്നുപറഞ്ഞശേഷം പുതിയ കല്പനകൾ ഒന്നും തന്നെ കാണുന്നില്ല. പുതിയനിയമ സഭയ്ക്ക് പുതിയകല്പനകൾ എന്തെങ്കിലും തന്നിട്ടുണ്ടെങ്കിൽ ഇവിടെ കാണേണ്ടതാണ്. **പുതിയനിയമം "ഇങ്ങനെ ആകുന്നു"** എന്നുപറഞ്ഞശേഷം എങ്ങനെ ആകുന്നു എന്ന് കാണേണ്ടതാണ്; അത് കാണുന്നുമുണ്ട്. ദൈവം യിസ്രായേലിനോട് ചെയ്യുന്ന നാല് വാഗ്ദത്തങ്ങൾ ശ്രദ്ധിക്കുക. ഈ വാഗ്ദത്ത ഉടമ്പടികളെയാണ് പുതിയനിയമം എന്ന് നാം മനസ്സിലാക്കേണ്ടത്. ശ്രദ്ധിച്ച് പഠിക്കുമ്പോൾ പുതിയനിയമത്തിൽ പുതിയനിയമങ്ങൾ ഒന്നും തന്നെ ഇല്ല എന്നും നിയമം പുതുക്കി സ്ഥാപിക്കുന്നതുകൊണ്ട് പുതിയനിയമം എന്ന് പേർ വിളിക്കുന്നു എന്നും മനസ്സിലാക്കാം.

**എബ്രായർ 8:10-12 വരെയുള്ള വാക്യങ്ങളിൽ കാണുന്ന ദൈവവാഗ്ദത്തത്തോടുകൂടിയ പുതിയ നിയമം:**

1. ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും.
2. ഞാൻ അവർക്ക് ദൈവമായും അവർ എനിക്ക് ജനമായും ഇരിക്കും.
3. അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും കർത്താവിനെ അറിക എന്ന് ഉപദേശിക്കയില്ല; അവർ ആബാലവൃദ്ധം എന്നെ അറിയും.

4. ഞാൻ അവരുടെ അകൃത്യങ്ങളെക്കുറിച്ച് കരുണയുള്ളവൻ ആകും; അവരുടെ പാപങ്ങളെ ഇനി ഓർക്കയുമില്ല എന്ന് കർത്താവിന്റെ അരുളപ്പാട്.

എബ്രായർ 8:10–12 വരെയുള്ള വാക്യങ്ങളിൽ കാണുന്ന നാല് ഉടമ്പടി ബന്ധത്തെയാണ് "പുതിയനിയമം" എന്ന് തിരുവചനം അർത്ഥമാക്കുന്നത്. കർത്താവായ യേശു ഈ ഭൂമിയിൽ വന്നപ്പോൾ പുതിയ കല്പനകൾ തന്നു; അതാണ് പുതിയ നിയമം എന്ന് കരുതുവാൻ ഇവിടെ കല്പനകൾ ഒന്നും കാണുന്നില്ല. **ഞാൻ പുതിയോരു ന്യായപ്രമാണം ചെയ്യും എന്ന് ദൈവം പറയുന്നില്ല;** "പുതിയോരു നിയമം" ചെയ്യും എന്നാണ് പറയുന്നത്. മനുഷ്യൻ ദൈവത്തിന്റെ നിയമത്തിന് വീഴ്ച വരുത്തിയതുകൊണ്ട് ദൈവം തന്റെ നിയമം എന്തിനു മാറ്റണം? കല്പനയുടെ കാര്യത്തിലും, മനുഷ്യൻ ദൈവത്തിന്റെ കല്പനകൾ അനുസരിക്കാഞ്ഞതുകൊണ്ട് ദൈവം തന്റെ കല്പനകൾ എന്തിനു മാറ്റണം? കല്പനകളും നിയമങ്ങളും മാറ്റിയാൽ മാനസാന്തരത്തിനു ഇടം ശേഷിക്കുന്നില്ല. **ദൈവം തന്റെ നിയമം മാറ്റുന്നില്ല, കല്പനകളും മാറ്റുന്നില്ല. ദൈവം മനുഷ്യനിൽ മാറ്റം വരുത്തുവാൻ ആഗ്രഹിക്കുന്നു.** കള്ളം പറയരുത് എന്ന ദൈവകല്പന മനുഷ്യൻ അനുസരിക്കാത്തതുകൊണ്ട് കള്ളം പറയരുത് എന്ന കല്പന നീക്കുകയോ അതിനു പകരം മറ്റൊരു കല്പന തരുകയോ ദൈവം ചെയ്യുന്നില്ല; മറിച്ച് മനുഷ്യനെ മാനസാന്തരത്തിലേക്ക് ആഹ്വാനം ചെയ്യുകയും കള്ളം പറയാതിരിക്കുവാനുള്ള ശക്തി പ്രദാനം ചെയ്യുകയും ചെയ്യുന്നു.

ഒരു ഉടമ്പടിയിൽ രണ്ട് കക്ഷികൾ എങ്കിലും ഉണ്ടായിരിക്കണം എന്ന് നാം പഠിച്ചു. ഉടമ്പടി വ്യവസ്ഥയിൽ ഒരു കക്ഷി വീഴ്ച വരുത്തിയാൽ മറുകക്ഷി ഉടമ്പടി വ്യവസ്ഥയിൽ ബാദ്ധ്യസ്ഥനാകാതെ ഉടമ്പടി റദ്ദാക്കാൻ കഴിയുന്നതാണ് എന്നും നാം കണ്ടുകഴിഞ്ഞു. അതുപോലെ യിസ്രായേൽ ദൈവവുമായുള്ള നിയമത്തിന് വീഴ്ച വരുത്തിയതുകൊണ്ട് ദൈവത്തിന്റെ ഭാഗത്തുനിന്നുള്ള വാഗ്ദത്തങ്ങൾ നിറവേറ്റാൻ സാധിക്കാതെ പോയി. **...അവർ എന്റെ നിയമത്തിൽ നിലനിന്നില്ല; ഞാൻ അവരെ ആദരിച്ചതുമില്ല... (വാക്യം 9) എന്നാണ് ദൈവം പറയുന്നത്. അവർ എന്റെ നിയമത്തിൽ നിലനിന്നില്ല അതുകൊണ്ട് ഞാൻ എന്റെ നിയമം മാറ്റുന്നു എന്ന് ദൈവം പറയുന്നില്ല.** "അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു. അത് അവന് നീതിയായി കണക്കിട്ടു എന്നുണ്ടല്ലോ" (ഗലാത്യർ 3:6). അബ്രഹാമിനോട് ചെയ്ത വിശ്വാസത്താലുള്ള നീതീകരണം എന്ന നിയമമാണ് യിസ്രായേലിനോടും

ചെയ്തത്. എന്നാൽ വിശ്വാസത്താലല്ല പ്രവൃത്തിയിൽ (യാഗത്തിൽ) ആശ്രയിച്ചതുകൊണ്ട് നീതീകരണം എന്ന ദൈവവാഗ്ദത്തം നിറവേറ്റുവാൻ ദൈവത്തിന് സാധിച്ചില്ല (റോമർ 9:30–32). അതുകൊണ്ട് യിസ്രായേലിനെ ഉപേക്ഷിക്കുന്നതിനു പകരം അവരുമായി നിയമം പുതുക്കുവാൻ ദൈവം തീരുമാനിച്ചു; അതിനെ പുതിയനിയമം എന്ന് വചനം പേർ വിളിക്കുന്നു. യിസ്രായേലുമായി ദൈവം ചെയ്ത നിയമത്തിന് അവർ കുറവുവരുത്താതിരുന്നു എങ്കിൽ പുതിയനിയമം എന്ന വ്യവസ്ഥ ഉണ്ടാകുകയില്ലായിരുന്നു. "ഒന്നാമത്തെ നിയമം കുറവില്ലാത്തതായിരുന്നു എങ്കിൽ രണ്ടാമത്തേതിന് ഇടം അന്വേഷിക്കയില്ലായിരുന്നു" (എബ്രായർ 8:7) ഒന്നാമത്തെ നിയമം വിശ്വാസത്താലുള്ള നീതീകരണം എന്നുള്ളതായിരുന്നു.

രണ്ടാമത്തെ നിയമവും വിശ്വാസത്താലുള്ള നീതീകരണം എന്നുള്ളതാണ്. മനുഷ്യനെ രക്ഷിക്കുവാൻ ദൈവം ആസൂത്രണം ചെയ്ത നിയമത്തിന് ഒരു കാലത്തും മാറ്റം വരുന്നില്ല. ദൈവം മാറ്റമില്ലാത്ത ദൈവമാണ്. അനേകർ അർത്ഥമാക്കുന്ന വിധത്തിൽ ഒരു പുതിയ നിയമം ഇല്ല. "വേറൊരു ദൂതൻ ആകാശമദ്ധ്യേ പറക്കുന്നത് ഞാൻ കണ്ടു. ഭൂവാസികളായ സകല ജാതിയും, ഗോത്രവും, ഭാഷയും, വംശവും ആയവരോട് അറിയിപ്പാൻ അവന്റെ പക്കൽ ഒരു നിത്യസുവിശേഷം ഉണ്ടായിരുന്നു" (വെളി. 14:6). ദൈവം ആദാമിനോട് ചെയ്ത നിയമം (ഉല്പ. 3:15) ലോകത്തോട് അറിയിക്കുന്നതിനെയാണ് "നിത്യസുവിശേഷം" എന്ന് തിരുവചനം അർത്ഥമാക്കുന്നത്. ദൈവത്തിന്റെ നിയമം സാർവ്വത്രികമാണ്. **അടിസ്ഥാനപരമായി ഒരു നിയമം മാത്രമേ ഉള്ളു; അത് മശീഹായിലുള്ള വിശ്വാസത്താൽ പാപി നീതികരിക്കപ്പെടും എന്ന ദൈവവ്യവസ്ഥ തന്നെ.** "പുതിയത് എന്ന് പറയുന്നതിനാൽ ആദ്യത്തേതിനെ പഴയതാക്കിയിരിക്കുന്നു" (എബ്രായർ 8:13). എബ്രായർ 8:10–12 വരെയുള്ള എല്ലാ പ്രസ്താവനകളും യിരെമ്യാവ് 31:31–34 വരെയുള്ള ഉദ്ധരണിയാണ്. എന്നാൽ എബ്രായർ 8:13 യിരെമ്യാ പ്രവാചകന്റെ പ്രവചനത്തിന്റെ ഭാഗമല്ല. അത് അപ്പൊ. പൗലൊസിന്റെ പ്രസ്താവനയാണ്. "എന്നാൽ പഴയതും ജീർണ്ണിക്കുന്നതും എല്ലാം നീങ്ങിപ്പോകുവാൻ അടുത്തിരിക്കുന്നു."" മശീഹായുടെ ക്രൂശുമരണത്തെ പ്രതിനിധീകരിച്ചിരുന്ന യാഗാദി കർമ്മങ്ങളെയാണ് അപ്പൊസ്തലൻ പഴയത് എന്നും ജീർണ്ണിക്കുന്നതെന്നും പറയുന്നത്, ചില ആചാരങ്ങൾ ഒക്കെ യഹൂദ ക്രിസ്ത്യാനികൾ ക്രൂശിനുശേഷവും ആചരിച്ചിരുന്നു. അവയാണ് "നീങ്ങിപ്പോകുവാൻ അടുത്തിരിക്കുന്നു" എന്നു പറയുന്നത്.

പുതിയനിയമത്തിന്റെ നാല് വ്യവസ്ഥകളെ ഓരോന്നായി പഠിക്കുമ്പോൾ അവയെല്ലാം തന്നെ പഴയനിയമ പുസ്തകങ്ങളിൽ കാണുവാൻ സാധിക്കുന്നു. അതുകൊണ്ട് പഴയനിയമം പുതുക്കി സ്ഥാപിക്കുന്നതാണ് പുതിയനിയമം എന്ന് വീണ്ടും ഓർമ്മിപ്പിക്കുന്നു.

**പുതിയനിയമത്തിന്റെ ഒന്നാമത്തെ വ്യവസ്ഥ**

"ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും" (എബ്രായർ 8:10).

ദൈവം തന്റെ ഹിതം എല്ലാം പുസ്തകച്ചുരുളുകളിലും കല്ലിലും എഴുതി യിസ്രായേലിന് കൊടുത്തു. എന്നിട്ട് അവരോട് പറയുന്നത്: "ഇന്ന് ഞാൻ നിന്നോട് കല്പിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം" എന്നാണ്. (ആവർത്തനം 6:6) പുസ്തക ചുരുളുകളിലും കല്ലിലും ആയിരുന്നിടത്തോളം അത് ബാഹ്യമായി തന്നെ കിടന്നു, ബാഹ്യമായ ഒരു മതവും അവർക്കുണ്ടായിരുന്നു. അതുകൊണ്ട് കർത്താവ് പറയുന്നത്: "കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ നിങ്ങൾക്ക് ഹാ കഷ്ടം. നിങ്ങൾ കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കുന്നു, അകമേയോ കവർച്ചയും അതിക്രമവും നിറഞ്ഞിരിക്കുന്നു. കുരുടനായ പരീശനേ, കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കേണ്ടതിനു മുമ്പെ അവയുടെ അകം വെടിപ്പാക്കുക" (മത്തായി 23:25-26). "ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു. എങ്കിലും അവരുടെ ഹൃദയം എന്നെവിട്ട് അകന്നിരിക്കുന്നു" (മത്തായി 15:8). കപടഭക്തിയും ബാഹ്യമായ മതവും കൊണ്ട് ദൈവവുമായുള്ള ബന്ധത്തിന് യിസ്രായേൽ വീഴ്ച വരുത്തി. "വെള്ളതേച്ച ശവക്കല്ലറകളോട് നിങ്ങൾ ഒത്തിരിക്കുന്നു" (മത്തായി 23:27).

ദൈവഹിതം അവരുടെ ഉള്ളിൽ ആയിരിക്കുവാനും ഹൃദയത്തിന്റെ അനുഭവമായിരിക്കുവാനും ദൈവം നിയമം ചെയ്തു. എന്നാൽ യിസ്രായേൽ ആത്മാവിലുള്ള ആരാധന അധരത്തിന്റെ ആരാധനയായി മാറ്റിക്കളഞ്ഞു. അതുകൊണ്ട് അപ്പൊ. പൗലൊസ് പറയുന്നു. "ഒന്നാമത്തെ നിയമം കുറവില്ലാത്തതായിരുന്നു എങ്കിൽ രണ്ടാമത്തേതിന് ഇടം അന്വേഷിക്കയില്ലായിരുന്നു." നാം വീഴുമ്പോൾ ദൈവം നമ്മെ ഉപേക്ഷിക്കുന്നില്ല; നമ്മെ യഥാസ്ഥാനപ്പെടുത്തുകയത്രെ ചെയ്യുന്നത്. ഹൃദയത്തിലാക്കുവാൻ സാധിക്കാതെ പോയ നിയമം ഹൃദയത്തിൽ എഴുതാം എന്ന് ദൈവം ചെയ്യുന്ന വാഗ്ദത്തമാണ് പുതിയ നിയമത്തിന്റെ ഒന്നാമത്തെ വ്യവസ്ഥ. ഹൃദ്യമായ ഒരു ബന്ധം ദൈവം നമ്മിൽനിന്നും ആഗ്ര

ഹിക്കുന്നു. കർത്താവിനോട് കല്പനകളിൽ ഏതാണ് വലിയത് എന്ന് ചോദിച്ചപ്പോൾ പുതിയ ഒരു കല്പനയും പറയുന്നില്ല; പകരം ആവർത്തനം 6:5 ഉദ്ധരിക്കയാണ് ചെയ്യുന്നത്. "നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ മനസ്സോടുംകൂടെ സ്നേഹിക്കേണം" (മത്തായി 22:37). ദൈവം നമ്മെ ജീവൻ തന്ന് സ്നേഹിക്കുന്നതുകൊണ്ട് നാമും ദൈവത്തെ ജീവനുപരിയായി സ്നേഹിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു.

**ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും എന്നുള്ളത് പുതിയനിയമമാണങ്കിൽ ന്യായപ്രമാണം ക്രൂശിൽ തറച്ച് നീക്കിക്കളഞ്ഞു എന്ന് പ്രസംഗിക്കുന്നതും പഠിപ്പിക്കുന്നതും വചന വിരുദ്ധമാണ്.** പുതിയനിയമം ക്രൂശിനു മുമ്പുള്ള നിയമം തന്നെയാണ്. കല്ലേൽ എഴുതിയിരുന്നത് അതിൽ ഇരിക്കുവാൻ ആയിരുന്നില്ല; അത് ഹൃദയത്തിൽ ആക്കുവാനായിരുന്നു. മനുഷ്യന് സാധിക്കുവാൻ കഴിയാതെ പോയത് ദൈവം സാദ്ധ്യമാക്കിത്തരാം എന്ന് ചെയ്യുന്ന ഉടമ്പടിയാണ് പുതിയനിയമം (എബ്രാ. 8:10). ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും എന്നാൽ ന്യായപ്രമാണത്തിൽനിന്നും ഒരു വള്ളിയോ ഒരു പുള്ളിയോ നീങ്ങിപ്പോകുകയില്ലെന്നാണ് കർത്താവ് പഠിപ്പിച്ചത്. യേശു ന്യായപ്രമാണം നീക്കുവാനല്ല വന്നത്. ന്യായപ്രമാണം മനുഷ്യ ഹൃദയങ്ങളിൽ ദൈവം എഴുതും എന്ന് പുതിയനിയമം പഠിപ്പിക്കുന്നു. ന്യായപ്രമാണത്തെ സംബന്ധിച്ച് പല തെറ്റിദ്ധാരണകൾ ദൈവജനത്തിനിടയിൽ സ്ഥിതിചെയ്യുന്നു. തിരുവചനത്തിലെ പല ഉദ്ധരണികൾ ഉദ്ധരിച്ചുകൊണ്ടാണ് ന്യായപ്രമാണത്തെ തെറ്റിദ്ധരിപ്പിക്കുന്നത്. ന്യായപ്രമാണത്തെ യേശുവിനു പകരം രക്ഷിതാവാക്കിയവരെ അപ്പൊ. പൗലൊസ് ശാസിക്കുന്നു. "ന്യായപ്രമാണത്താൽ നീതികരിക്കപ്പെടുവാൻ ഇച്ഛിക്കുന്ന നിങ്ങൾ ക്രിസ്തുവിനോട് വേർപെട്ടുപോയി; നിങ്ങൾ കൃപയിൽ നിന്നു വീണുപോയി" (ഗലാത്യർ 5:4) അപ്പൊ. പൗലൊസ് ന്യായപ്രമാണത്തെ കുറ്റം പറയുന്നില്ല. "നിങ്ങൾ" എന്ന് ഗലാത്യരെയാണ് ശാസിക്കുന്നത്. ന്യായപ്രമാണം ശത്രുത്വമാണെങ്കിൽ (എഫെസ്യർ 2: 4) ന്യായപ്രമാണം നമുക്ക് വിരോധവും പ്രതികൂലവുമാണെങ്കിൽ (കൊലൊസ്സ്യർ 2:14) മിത്രമായവൻ: ഞാൻ ന്യായപ്രമാണം നിങ്ങളുടെ ഉള്ളിലാക്കി നിങ്ങളുടെ ഹൃദയങ്ങളിൽ എഴുതും എന്ന് പറയുന്നത് വിരോധാഭാസമാണ്. "ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും നീതികരിക്കപ്പെടുന്നില്ലല്ലോ" (ഗലാത്യർ 2:16) എന്ന് ന്യായപ്രമാണത്തെ കുറ്റം പറയുകയല്ല മറിച്ച്;

ന്യായപ്രമാണത്തിന്റെ **പ്രവൃത്തികളിൽ ആശ്രയിക്കുന്നതിനെ** തിരുത്തുകയാണ് ചെയ്യുന്നത്. “ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവനും ശാപത്തിൻ കീഴാകുന്നു” (ഗലാത്യർ 3:10). **ഇവിടെയും ന്യായപ്രമാണത്തിനല്ല, ന്യായപ്രമാണം അനുസരിച്ച് രക്ഷ പ്രാപിക്കാം എന്ന മനോഭാവത്തിനാണ് കുഴപ്പം.** ന്യായപ്രമാണം പാപിയെ നിത്യമരണത്തിന് ഏല്പിച്ചു കൊടുക്കുകയാണ്. നിത്യജീവൻ പ്രാപിക്കുവാൻ അതേ ന്യായപ്രമാണത്തെ ആശ്രയിക്കുന്നത് ബുദ്ധിശൂന്യതയാണ് എന്ന് പൗലൊസ് പറയുന്നു. ഇന്നത്തെ ഉപദേഷ്ടാക്കന്മാരെപ്പോലെ ന്യായപ്രമാണം അനുസരിക്കേണ്ടാ എന്നോ ന്യായപ്രമാണം ശാപമാകുന്നു എന്നോ അപ്പൊ. പൗലൊസ് പഠിപ്പിക്കുന്നില്ല. 2 കൊരിന്ത്യർ 3:7–ാം വാക്യത്തിന്റെ അടിസ്ഥാനത്തിൽ കല്ലിൽ അക്ഷരമായി കൊത്തിയിരുന്നത് മരണ ശുശ്രൂഷ ആയിരുന്നു; അതുകൊണ്ട് പുതിയനിയമ സഭ കല്ലിൽ അക്ഷരമായി കൊത്തിയിരുന്നത് അനുസരിക്കരുത്, അനുസരിച്ചാൽ നീ മരിച്ചു പോകും എന്നുവരെ ഉപദേശിക്കുന്ന ഉപദേഷ്ടാക്കന്മാർ നമ്മുടെ ഇടയിൽ ഉണ്ട്. **ഞാൻ ഒന്നു മാത്രം ചോദിക്കട്ടെ, ദൈവം ഏതെങ്കിലും കാലത്ത് ആർക്കെങ്കിലും ഒരു കൂട്ടം കല്പനകൾ എഴുതി കൊടുത്തിട്ട് ഇത് അനുസരിക്കണം എന്നും, അനുസരിച്ചാൽ മരിച്ചുപോകും എന്നും പറഞ്ഞിട്ടുണ്ടോ? ദൈവത്തിന്റെ ന്യായപ്രമാണം ഉള്ളിൽ എഴുതുവാൻ അനുവദിക്കാത്തവർ പുതിയനിയമ സഭ എന്ന് അവകാശപ്പെടുവാൻ സാദ്ധ്യമല്ല.**

2 കൊരിന്ത്യർ 3–ാം അദ്ധ്യായത്തിൽ അപ്പൊസ്തലൻ പഴയനിയമ ശുശ്രൂഷയും പുതിയനിയമ ശുശ്രൂഷയും തമ്മിൽ താരതമ്യപ്പെടുത്തുന്നു. പഴയനിയമ ശുശ്രൂഷയെ അക്ഷരത്തിന്റെ ശുശ്രൂഷ എന്നും പുതിയനിയമ ശുശ്രൂഷയെ ആത്മാവിന്റെ ശുശ്രൂഷ എന്നും രണ്ടായി വേർതിരിക്കുന്നു. അക്ഷരത്തിന്റെ ശുശ്രൂഷ ജീവനില്ലാത്തതും ആത്മാവിന്റെ ശുശ്രൂഷ ജീവനും ചൈതന്യവും ഉള്ളതുമാണ് എന്ന് അപ്പൊസ്തലൻ സ്ഥാപിക്കുന്നു. ജീവനില്ലാത്തത് മരിച്ച അവസ്ഥയിലാണ്. അതുകൊണ്ട് ജീവൻ പകർന്നു തരുവാൻ സാധിക്കാത്ത പഴയനിയമ അക്ഷരത്തിന്റെ ശുശ്രൂഷയെ “മരണ ശുശ്രൂഷ” എന്ന് അപ്പൊസ്തലൻ സംബോധന ചെയ്യുന്നു. കൊരിന്ത്യർക്ക് ലേഖനമെഴുതിയപ്പോൾ അപ്പൊസ്തലൻ പറയുന്നത് “കല്പലകയിലല്ല ഹൃദയമെന്ന മാംസപ്പലകയിൽ തന്നെ എഴുതിയിരിക്കുന്നത്” (2 കൊരി. 3:3) എന്നാണ്. ആത്മാവിന്റെ ശുശ്രൂഷ ഹൃദയമെന്ന മാംസപ്പലകയിൽ പുതിയ നിയമമായിട്ട് എഴുതിയിരിക്കുന്നു എന്നു പറയുമ്പോൾ എബ്രായർ 8:10–ൽ

"ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും" എന്നത് ആവർത്തിക്കുകയാണ്. ജീവനില്ലാത്ത (മരണ) ശുശ്രൂഷ തന്നെ തേജസ്സുള്ളതായിരുന്നു എന്നും ആത്മാവിന്റെ ശുശ്രൂഷ അധികം തേജസ്സുള്ളതായിരിക്കും എന്നും അപ്പൊസ്തലൻ പറയുന്നു (2 കൊരിന്ത്യർ 3:7,8).

കല്പലകയിലല്ല ഹൃദയമെന്ന മാംസപ്പലകയിൽ എഴുതിയിരിക്കുന്നു എന്നു പറയുമ്പോൾ എഴുത്തിന് വ്യത്യാസമില്ല എഴുതിയ സ്ഥലത്തിന് വ്യത്യാസമുണ്ട് എന്നാണ് അർത്ഥമാകുന്നത്. അതുകൊണ്ടാണല്ലോ "കല്പലക" ചർച്ചയിൽ കൊണ്ടുവരുന്നത്. കല്പലകയിൽ എഴുതിയിരുന്നത് ഹൃദയമെന്ന മാംസപ്പലകയിൽ എഴുതുവാൻ നാം നമ്മുടെ ഹൃദയം ദൈവത്തിന് തുറന്ന് കൊടുക്കേണ്ടതാണ്. അപ്പോൾ മാത്രമേ നാം പുതിയനിയമത്തിന്റെ പങ്കാളികൾ ആയിത്തീരുകയുള്ളു. ദൈവം തന്റെ ന്യായപ്രമാണം മനുഷ്യ ഹൃദയങ്ങളിൽ എഴുതും എന്ന വാഗ്ദത്ത ഉടമ്പടിയാണ് പുതിയനിയമം. പുതിയനിയമത്തിന്റെ ഒന്നാമത്തെ വ്യവസ്ഥ പഴയനിയമത്തിൽ കാണുന്നതുകൊണ്ട് നിയമം പുതിയതല്ല; നിയമം പുതുക്കുന്നതിനെ പുതിയത് എന്ന് വിളിക്കുന്നു എന്നാണ് നാം മനസിലാക്കേണ്ടത്. "ഇന്ന് ഞാൻ നിന്നോടു കല്പിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം" എന്ന് പറയുന്നത് ആവർത്തനം 5-ാം അദ്ധ്യായത്തിൽ പറയുന്ന പത്തുകല്പനയെ സംബന്ധിച്ചാണ്."ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും എന്നു പറയുന്ന പുതിയനിയമത്തിന്റെ ഒന്നാമത്തെ വ്യവസ്ഥ പഴയനിയമമാണ്.

**പുതിയനിയമത്തിന്റെ രണ്ടാം വ്യവസ്ഥ**

"ഞാൻ അവർക്ക് ദൈവവും അവർ എനിക്ക് ജനവുമായിരിക്കും" (എബ്രാ. 8:10).

പുതിയനിയമത്തിന്റെ രണ്ടാമത്തെ വ്യവസ്ഥ പഴയനിയമത്തിൽ കാണുന്നു. "ഞാൻ നിങ്ങളെ എനിക്ക് ജനമാക്കിക്കൊൾകയും ഞാൻ നിങ്ങൾക്ക് ദൈവമായിരിക്കയും ചെയ്യും" (പുറ. 6:7). ദൈവം എല്ലാ ജാതിയോടും ഭാഷക്കാരോടും ഗോത്രക്കാരോടും ചെയ്യുന്ന നിയമമാണ് "ഞാൻ അവർക്ക് ദൈവവും അവർ എനിക്ക് ജനവുമായിരിക്കും എന്നുള്ളത്. ഇത് ദൈവം മനുഷ്യജാതിയോട് സ്ഥാപിക്കുന്ന ബന്ധമാണ്. ഈ നിയമം കാലപരിമിതിയും, സാമൂഹ്യപരിമിതിയും ഇല്ലാതെ സാർവ്വത്രികമാണ്. പുതിയനിയമത്തിന്റെ ഒന്നാമത്തെ വ്യവസ്ഥ പഴയനിയമ

ത്തിൽ കണ്ടതുപോലെ പുതിയനിയമത്തിന്റെ രണ്ടാമത്തെ വ്യവസ്ഥയും പഴയനിയമത്തിൽ കാണുന്നു. ദൈവത്തിന്റെ നിയമത്തിന് മാറ്റം വരിക അസാദ്ധ്യം. ക്രൂശിന് മുമ്പും ക്രൂശിന് പിമ്പും ദൈവം തന്റെ നിയമ ത്തിലേക്ക് മനുഷ്യനെ ആഹ്വാനം ചെയ്യുന്നു. നിയമം എല്ലാ കാലത്തും ഒന്നു തന്നെ. **"അവർ എന്റെ ചട്ടങ്ങളിൽ നടന്ന് എന്റെ വിധികളെ പ്രമാണിച്ച് ആചരിക്കേണ്ടതിന് ഞാൻ അവർക്കു വേറൊരു ഹൃദ യത്തെ നൽകുകയും പുതിയൊരു ആത്മാവിനെ ഉള്ളിൽ ആക്കു കയും ചെയ്യും; കല്ലായുള്ള ഹൃദയം ഞാൻ അവരുടെ ജഡ ത്തിൽനിന്നും നീക്കി മാംസമായുള്ള ഹൃദയം അവർക്കു കൊടുക്കും. അവർ എനിക്കു ജനവും ഞാൻ അവർക്കു ദൈവവുമായിരിക്കും"** (യെഹെസ്ക്കേൽ 11:19-20). പുതിയനിയമത്തിന്റെ രണ്ടാമത്തെ വ്യവസ്ഥ പഴയനിയമത്തിൽ കാണുന്നതുകൊണ്ട് നിയമം പുതിയതല്ല. പഴയത് പുതുക്കി സ്ഥാപിക്കുന്നതുകൊണ്ട് പുതിയനിയമം എന്ന് വിളിക്കുന്നു എന്നു മാത്രം. മനുഷ്യജീവിതത്തിൽനിന്നും ദൈവം ത്യജിക്കപ്പെട്ടു. ഉല്പത്തിയിൽ ആദ്യ മാതാപിതാക്കൾ ദൈവത്തെ ത്യജിക്കുകയും സാത്താനെ സ്വീകരിക്കുകയും ചെയ്തു. അന്നു മുതൽ സാത്താൻ "ഈ ലോകത്തിന്റെ ദൈവം" (2 കൊരിന്ത്യർ 4:4) എന്ന് വിളിക്കപ്പെടുന്നു. സാത്താൻ ദൈവമായതുകൊണ്ടല്ല; ലോകജനം അവന്റെ അധീനത യിൽ ആയിപ്പോയതുകൊണ്ട് സാത്താൻ ഈ ലോകത്തിന്റെ ദൈവം എന്ന് വിളിക്കപ്പെടുന്നു.

നഷ്ടപ്പെട്ടുപോയ തന്റെ മക്കളെ വീണ്ടും ചേർത്തുകൊള്ളുവാൻ ദൈവം ചെയ്യുന്ന ഉടമ്പടിയാണ് "നിയമം." അതുകൊണ്ട് ദൈവം പറ യുന്നു: അവർ എനിക്ക് ജനവും ഞാൻ അവർക്ക് ദൈവവുമായിരിക്കും. നിയമം എന്ന വാക്ക് തെറ്റിദ്ധരിച്ചിരിക്കുന്നതുകൊണ്ട്, വീണ്ടും എടുത്തു പറയട്ടെ, ദൈവം ഒരു പുതിയ ന്യായപ്രമാണം ചെയ്യുന്നതല്ല; പുതിയ കല്പന തരുന്നതല്ല, പത്തുകല്പന ചുരുക്കി രണ്ടാക്കുന്നതുമല്ല പുതിയനിയമം. ദൈവം തന്റെ മക്കളുമായി പുതിയ ഉടമ്പടി ബന്ധം ചെയ്യുന്നതാണ് പുതിയനിയമം. പുതിയനിയമത്തിന്റെ ഫലമായിട്ട് നമുക്ക് ലഭിച്ചിരിക്കുന്ന ഭാഗ്യ അവസ്ഥയെപ്പറ്റി അപ്പൊ. പൗലൊസ് ഗലാത്യരോട് പറയുന്നത്: "നിങ്ങൾ മക്കൾ ആകകൊണ്ട് അബ്ബാ പിതാവേ എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം തങ്ങ ളുടെ ഹൃദയങ്ങളിൽ അയച്ചു" (ഗലാത്യർ 4:6). വിഗ്രഹങ്ങളെയും ദൈവ മല്ലാത്തതിനെയും പിതാവെ എന്നു വിളിച്ചിരുന്ന ഗലാത്യരുടെ ഉള്ളിൽ ദൈവം സുവിശേഷം മുഖാന്തരം പരിശുദ്ധാത്മാവിനെ അയച്ചു. അവർ

ദൈവത്തെ സ്രഷ്ടാവായി അറിയുന്നതിനും ദൈവത്തെ പിതാവേ എന്ന് വിളിക്കുന്നതിനും വേണ്ടിയാണ് പരിശുദ്ധാത്മാവിനെ അയച്ചത് എന്ന് അപ്പൊസ്തലൻ പറയുന്നു. ഈ ലോകജനങ്ങളിൽ എല്ലാവരും ദൈവത്തെ പിതാവേ എന്നു വിളിക്കണമെന്നും ഓരോ വ്യക്തിയും ഹൃദ്യമായ ഒരു സ്നേഹ ബന്ധം സ്ഥാപിക്കണമെന്നും ദൈവം ആഗ്ര ഹിക്കുന്നു. ദൈവത്തിന്റെ ഈ ആഗ്രഹം നിറവേറുവാൻ നഷ്ടപ്പെട്ടു പോയ മനുഷ്യനോട് ദൈവം ചെയ്യുന്ന വാഗ്ദത്ത ഉടമ്പടിയാണ് "അവർ എനിക്ക് ജനവും ഞാൻ അവർക്ക് ദൈവവുമായിരിക്കും" എന്ന നിയമം. ദൈവം ഒരു കൂട്ടം കല്പനകളും ന്യായപ്രമാണങ്ങളും രൂപീ കരിച്ചിട്ട് അത് അനുസരിക്കുവാൻ മനുഷ്യനെ നിർബന്ധിക്കുന്നതല്ല നിയമം. അപ്രകാരം ധാരണ ഉണ്ടായിരുന്ന പരീശന്മാരെ കർത്താവ് ശാസിക്കയത്രെ ചെയ്തത്. "ഞാൻ അവർക്ക് ദൈവമായിരിക്കും" എന്ന ദൈവ വാഗ്ദത്തത്തിൽ മനുഷ്യന് ചിന്തിക്കുവാൻ ആവാത്ത അനുഗ്ര ഹങ്ങൾ നിറഞ്ഞിരിക്കുന്നു; നിത്യജീവൻ അതിൽ നിക്ഷിപ്തമായിരി ക്കുന്നു. നാം ദൈവത്തിന്റെ ജനമായിരിക്കുവാൻ നമ്മെത്തന്നെ സമർപ്പി ക്കുമ്പോൾ നാം പുതിയനിയമക്കാർ ആയിത്തീരുന്നു.

"ഞാൻ അവർക്ക് ദൈവവും അവർ എനിക്ക് ജനവുമായിരിക്കും" (എബ്രായർ 8:10) ഇത് ഒരു ഉടമ്പടി ബന്ധത്തിന്റെ വാഗ്ദാനമാണ്. പഴയ നിയമ യിസ്രായേലിനോട് ദൈവം ചെയ്ത നിയമം അതു പോലെ തന്നെ എടുത്ത് പുതിയനിയമത്തിൽ ഉദ്ധരിച്ചിട്ട് പുതിയനിയമം ഇങ്ങനെ ആകുന്നു എന്നു പറയുമ്പോൾ നിയമത്തിന് മാറ്റമില്ല എന്നുള്ളത് എത്ര വ്യക്തമാണ്. ദൈവം നമ്മുടെ ദൈവമായിരിക്കുവാൻ ആഗ്രഹിക്കുന്നു. പാപത്താൽ അറ്റുപോയ ബന്ധം പുനഃസ്ഥാപിക്കുവാൻ ദൈവം ഓരോ ഹൃദയത്തിന്റെയും വാതിൽക്കൽ നിന്നു മുട്ടുകയാണ്. "യിസ്രായേൽ ഗൃഹമേ, നിങ്ങളുടെ നടപ്പു നിമിത്തം ലജ്ജിച്ച് നാണിപ്പിൻ" (യെഹെ സ്ക്കേൽ 36:32) എന്നാണ് വാതിൽക്കൽ നിന്ന് ദൈവം പറയുന്നത്. "ശിമോൻ പത്രോസ് അതുകണ്ടിട്ട് യേശുവിന്റെ കാല്ക്കൽ വീണ്: കർത്താവേ, ഞാൻ പാപിയായ ഒരു മനുഷ്യൻ ആകകൊണ്ട് എന്നെ വിട്ട് പോകണമെ എന്നു പറഞ്ഞു" (ലൂക്കോസ് 5:8). വാതിൽക്കൽ നിന്നു മുട്ടുന്ന യേശുവിനോട് പത്രോസിനുണ്ടായ പ്രതികരണം പോലെ ഓരോ വ്യക്തിക്കും ഒരു പ്രതികരണം ഉണ്ടാകേണ്ടതാണ്. "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വ സ്തനും നീതിമാനും ആകുന്നു" (1 യോഹ. 1:9). പാപം ഉപേക്ഷിച്ച്

ശുദ്ധീകരണം പ്രാപിച്ച് ഒരു വിശുദ്ധ ജീവിതം ചെയ്യുവാൻ ആഗ്രഹിക്കുന്നവരോടാണ് ദൈവം തന്റെ നിയമം ചെയ്യുന്നത്. അനുസരിക്കുവാനുള്ള ചട്ടങ്ങളുടെയും പ്രമാണങ്ങളുടെയും ഒരു പട്ടികയല്ല, ദൈവവുമായി നാം സ്ഥാപിക്കുന്ന അഭേദ്യമായ ബന്ധമാണ് നിയമം. അങ്ങനെ ഒരു ബന്ധം സ്ഥാപിക്കുമ്പോൾ "ഞാൻ അവർക്ക് ദൈവവും അവർ എനിക്ക് ജനവുമായിരിക്കും."

**പുതിയനിയമത്തിന്റെ മൂന്നാമത്തെ വ്യവസ്ഥ**

"ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും കർത്താവിനെ അറിക എന്ന് ഉപദേശിക്കയില്ല; അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും" (എബ്രാ. 8:11).

എല്ലാവരും ദൈവത്തെ അറിയും എന്നു പറയുമ്പോൾ ദൈവസ്വഭാവം അറിയും എന്നാണ് അർത്ഥമാകുന്നത്. അങ്ങനെ ദൈവസ്വഭാവം അറിഞ്ഞ് എല്ലാവരും ദിവ്യസ്വഭാവത്തിന് പങ്കാളികളായിത്തീരണം എന്നാണ് ദൈവഹിതം. എല്ലാവിധ ഉപദേശങ്ങളുടെയും ലക്ഷ്യം സ്വഭാവരൂപീകരണം എന്നുള്ളതാണ്. ദൈവം സ്രഷ്ടാവും രക്ഷിതാവും ആകുന്നു എന്ന് എല്ലാവരും അറിയണം എന്നു ദൈവം ആഗ്രഹിക്കുന്നു. ഈ ദൈവഹിതത്തിന് പുതിയ നിയമകാലമെന്നോ പഴയനിയമകാലമെന്നോ വകഭേദമില്ല. അതുകൊണ്ട് പഴയനിയമ പുസ്തകത്തിൽ ദൈവം പറയുന്നത് "മിസ്രയീമ്യരുടെ ഊഴിയ വേലയിൽനിന്നും നിങ്ങളെ ഉദ്ധരിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവ ഞാൻ ആകുന്നു എന്നു നിങ്ങൾ അറിയും" (പുറ. 6:7) ദൈവം ആരാകുന്നു എന്ന് ദൈവം തന്നെ വെളിപ്പെടുത്തിയിട്ടല്ലാതെ നാം അവനെ അറിയുന്നില്ല. "നിന്റെ മക്കൾ എല്ലാവരും യഹോവയാൽ ഉപദേശിക്കപ്പെട്ടവർ ആകും" (യെശ. 54:13). യെശയ്യാപ്രവചനത്തിന് യെശയ്യാവിന്റെ കാലത്തും ഭാവിയിൽ മശീഹായിലും നിവൃത്തി വന്നു. **പുതിയനിയമത്തിന്റെ മൂന്നാമത്തെ വ്യവസ്ഥയും പുതുക്കി സ്ഥാപിക്കുന്ന പഴയനിയമമാണ്.** എല്ലാ കാലത്തും എല്ലാവരും പരിശുദ്ധാത്മാവാകുന്ന ദൈവത്താലാണ് ഉപദേശിക്കപ്പെടുന്നത്. പഴയനിയമ കാലത്ത് പ്രവാചകന്മാരും പുരോഹിതന്മാരും പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച് ദൈവത്തെക്കുറിച്ചുള്ള അറിവും ദൈവഹിതവും ജനങ്ങൾക്ക് പകർന്നു കൊടുത്തു. ഏതുവിധേനയും പുതിയനിയമം പഴയനിയമത്തിന്റെ തുടർച്ചയും മുന്നേറ്റവുമാണ്. പുതിയനിയമം അടിസ്ഥാനപരമായി പഴയനിയമം തന്നെയാണ്. പഴയനിയമം പുതുക്കി സ്ഥാപിക്കുന്നതാണ് പുതിയനിയമം.

എല്ലാ കാലത്തും ദൈവജനം സത്യത്തിലും ആത്മാവിലും ദൈവത്തെ ആരാധിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു. "തന്നെ നമസ്ക്കരിക്കുന്നവർ ഇങ്ങനെയുള്ളവരായിരിക്കണം എന്ന് പിതാവ് ഇച്ഛിക്കുന്നു. ദൈവം ആത്മാവാകുന്നു; തന്നെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കണം" (യോഹ. 4:23,24). അബ്രഹാമിനും ദാവീദിനും ദൈവം കൊടുത്തിരുന്ന ആരാധനയിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല പുതിയനിയമ ആരാധന. ദൈവത്തേയും ദൈവത്തിന്റെ അത്ഭുത പ്രവൃത്തികളേയും മനുഷ്യൻ അറിയുമ്പോൾ താനേ വായ് തുറന്ന് ദൈവത്തെ സ്തുതിക്കും. ഈ അറിവാണ് ആരാധനയുടെ മൂല കാരണം. എന്നാൽ പഴയനിയമ യിസ്രായേൽ ദൈവത്തിന്റെ മതത്തെ ചത്തതും അധരങ്ങളുടെ ആരാധനയുമാക്കി ത്തീർത്തു. പരിശുദ്ധാത്മാവ് അവരിൽ പ്രവർത്തിച്ചിരുന്നു എങ്കിലും സമൂഹമായി ജീവിതം ചൈതന്യമില്ലാത്തതും ചത്തതും ആയിപ്പോയി. ദൈവം നിയമം പുതുക്കി സ്ഥാപിക്കുമ്പോൾ ദൈവജനം സത്യത്തിലും ആത്മാവിലും, (അറിവിലും, ആത്മാർത്ഥതയിലും) ദൈവത്തെ ആരാധിക്കണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്.

പുതിയനിയമത്തിന്റെ മൂന്നാമത്തെ വ്യവസ്ഥപ്രകാരം ദൈവം പരിശുദ്ധാത്മാഭിഷേകം സഭയ്ക്ക് പ്രദാനം ചെയ്തു. കർത്താവായ യേശു ക്രൂശിനു മുമ്പ് ഈ ഭൂമിയുമായി ഇടപെട്ടിരുന്നുവെങ്കിലും ജഡാവതാരം എടുത്തുവന്ന് നേരിട്ട് പഠിപ്പിച്ചു. അതുപോലെ പരിശുദ്ധാത്മാവും ക്രൂശിനു മുമ്പ് ഈ ഭൂമിയുമായി ഇടപെട്ടിരുന്നുവെങ്കിലും നമ്മോടുകൂടെ എപ്പോഴും ഇരിക്കേണ്ടതിന് ഇപ്പോൾ ഈ ഭൂമിയിലേക്ക് നൽകപ്പെട്ടിരിക്കുന്നു. പരിശുദ്ധാത്മാവ് നേരിട്ട് പഠിപ്പിക്കുന്നു എന്നു പറയാം. നിങ്ങളോ പരിശുദ്ധാത്മാവിനാൽ അഭിഷേകം പ്രാപിച്ച് സകലവും അറിയുന്നു (1 യോഹ. 2:20). "അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും" എന്ന പഴയനിയമ ദൈവ വ്യവസ്ഥയാണ് ഇവിടെ കാണുന്നത്. സഹോദരൻ സഹോദരനെ ഉപദേശിക്കുന്നതിൽ അധികമായി പരിശുദ്ധാത്മാവ് ഉപദേശിക്കുന്നു. അങ്ങനെ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും എന്നാണ് പുതിയനിയമത്തിന്റെ മൂന്നാമത്തെ വ്യവസ്ഥ. അടിസ്ഥാനപരമായി "നിന്റെ മക്കൾ എല്ലാവരും യഹോവയാൽ ഉപദേശിക്കപ്പെട്ടവർ ആകും" എന്ന പഴയനിയമ വ്യവസ്ഥയിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല "അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും" എന്ന പുതിയനിയമ വ്യവസ്ഥ.

ദൈവം തന്നെപ്പറ്റിയുള്ള പരിജ്ഞാനം തന്റെ ജനത്തിന് പകർന്നുകൊടുക്കുന്നത് പൊതു പ്രയോജനത്തിനുവേണ്ടിയാണ്. "നിങ്ങൾ

എന്റെ സാക്ഷികളാകും" എന്ന് പഴയനിയമ പുസ്തകത്തിലും പുതിയ നിയമ പുസ്തകത്തിലും ഒരുപോലെ ദൈവം പറയുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും പെന്തെക്കൊസ്ത് ആചരിക്കുവാൻ ജനം കൂടി വന്നപ്പോൾ പരിശുദ്ധാത്മാവ് വ്യക്തിപരമായി ഈ ലോകത്തിലേക്ക് വരികയും ദൈവത്തിന്റെ വൻകാര്യങ്ങളെ മനുഷ്യർക്ക് ഉപദേശിച്ച് കൊടുക്കയും ചെയ്തു. കേട്ടവർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു തിരിച്ച് പോകയും ലോകം ദൈവത്താൽ ഉപദേശിക്കപ്പെട്ടവരായി തീരുകയും ചെയ്യുന്നു. പണ്ട് മറഞ്ഞുകിടന്ന പല മർമ്മങ്ങളും ക്രിസ്തു പഠിപ്പിച്ചു; പരിശുദ്ധാത്മാവ് മുഖാന്തരം ഇപ്പോൾ കൂടുതൽ വെളിപ്പെട്ട് വരികയും ചെയ്തിരിക്കുന്നു. പഴയനിയമം പുതുക്കി സ്ഥാപിക്കുന്നതാണ് "അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും" എന്നുള്ളത്. പുതിയനിയമം എന്നു പറയുന്നത് ദൈവം സഭയോട് ചെയ്യുന്ന വാഗ്ദത്ത ഉടമ്പടിയാണ് (covenant).

### പുതിയനിയമത്തിന്റെ നാലാമത്തെ വ്യവസ്ഥ

"ഞാൻ അവരുടെ അകൃത്യങ്ങളെക്കുറിച്ച് കരുണയുള്ളവനാകും. അവരുടെ പാപങ്ങളെ ഇനിയും ഓർക്കയുമില്ലെന്ന് കർത്താവിന്റെ അരുളപ്പാട്" (എബ്രാ. 8:12).

ഇത് ഒരു പുതിയ നിയമമല്ല; കാരണം മനുഷ്യന്റെ പാപത്തെക്കുറിച്ച് ദൈവം ആദാം മുതൽ കരുണയുള്ളവനാണ്. ദൈവത്തിന് ഒരു പുതിയ സ്വഭാവമോ എന്തെങ്കിലും ഒരു പുതുമയോ ഇല്ല. ദൈവം കരുണയുള്ളവനാകുന്നു എന്ന് ജനവും, ദൈവംതന്നെയും പഴയനിയമ പുസ്തകങ്ങളിൽ സാക്ഷ്യം പറയുന്നു. ദാവീദ് ദൈവത്തിന്റെ കരുണയെപ്പറ്റി പറയുന്നത് "യഹോവ കരുണയും കൃപയും നിറഞ്ഞവനാകുന്നു. ദീർഘക്ഷമയും മഹാദയയും ഉള്ളവൻതന്നെ" (സങ്കീ. 103:8). ദൈവം തന്നെക്കുറിച്ച് പറയുന്നത് നീ ചെന്ന് വടക്കോട്ടുനോക്കി ഈ വചനങ്ങളെ വിളിച്ചുപറക. വിശ്വാസത്യാഗിയായ യിസ്രായേലേ മടങ്ങി വരിക എന്ന് യഹോവയുടെ അരുളപ്പാട്. ഞാൻ നിങ്ങളോട് കോപം കാണിക്കയില്ല. ഞാൻ കരുണയുള്ളവൻ, എന്നേക്കും കോപം സംഗ്രഹിക്കയുമില്ല എന്ന് യഹോവയുടെ അരുളപ്പാട്. (യിരെ. 3:12). ദൈവം കരുണയുള്ളവൻ എന്ന് പഴയനിയമ പുസ്തകങ്ങൾ പറയുമ്പോൾ "ഞാൻ അവരുടെ അകൃത്യങ്ങളെക്കുറിച്ച് കരുണയുള്ളവനാകും" എന്ന് പുതിയനിയമ പുസ്തകമാകുന്ന എബ്രായർക്കെഴുതിയ ലേഖനത്തിൽ പറയുന്നത് പുതിയ നിയമമല്ല. ഭൂമിയിൽ പാപം ഉടലെടുത്താൽ ദൈവം പാപിയോട് കരുണയുള്ളവൻ ആയിരിക്കും എന്നത് ലോകസ്ഥാപന

ത്തിനുമുമ്പുള്ള തീരുമാനമാണ്. അത് രക്ഷാപദ്ധതിയാകുന്ന നിത്യ നിയമത്തിന്റെ ഭാഗമാണ്. അതുകൊണ്ട് "ഞാൻ അവരുടെ അകൃത്യ ങ്ങളെക്കുറിച്ച് കരുണയുള്ളവനാകും; അവരുടെ പാപങ്ങളെ ഇനി ഓർക്കയുമില്ല എന്ന് കർത്താവിന്റെ അരുളപ്പാട്" എന്നുപറയുന്നത് മുമ്പുള്ള നിയമം പുതുക്കി സ്ഥാപിക്കുന്നതാണ്. പുതിയനിയമത്തിന് 2000 വർഷങ്ങൾ മാത്രമെ പഴക്കമുള്ളു എന്ന് ചിന്തിക്കുന്നത് തെറ്റിദ്ധാ രണയാണ്. "അവൻ നമ്മോട് വീണ്ടും കരുണ കാണിക്കും. നമ്മുടെ അകൃത്യങ്ങളെ ചവിട്ടി കളയും, അവരുടെ പാപങ്ങളെ ഒക്കെയും നീ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടുകളയും" (മീഖ 7:19). "സമാധാനത്തി നായി എനിക്ക് അത്യന്തം കയ്പ്പായത് സംഭവിച്ചു; എങ്കിലും നീ എന്റെ സകല പാപങ്ങളെയും നിന്റെ പിറകിൽ എറിഞ്ഞുകളഞ്ഞതുകൊണ്ട് എന്റെ പ്രാണനെ നാശക്കുഴിയിൽനിന്നു സ്നേഹത്തോടെ രക്ഷിച്ചിരി ക്കുന്നു" (യെശ. 38:17). പഴയനിയമകാലത്ത് ദൈവം മനുഷ്യന്റെ പാപ ങ്ങളെ ക്ഷമിച്ചു; പുതിയനിയമകാലത്തും പാപങ്ങളെ ക്ഷമിക്കുന്നു. അതുകൊണ്ട് "ഞാൻ അവരുടെ അകൃത്യങ്ങളെക്കുറിച്ച് കരുണയുള്ള വൻ ആകും. അവരുടെ പാപങ്ങളെ ഇനി ഓർക്കയുമില്ല" എന്നു പറ യുന്നത് പുതിയ നിയമമല്ല, പഴയനിയമം പുതുക്കി സ്ഥാപിക്കുകയാണ്. ഞാൻ പുതിയോരു നിയമം ചെയ്യുന്ന കാലം വരും എന്ന് പറയുമ്പോൾ ദൈവം രക്ഷയ്ക്ക് രൂപീകരിച്ച ഒന്നാമത്തെ നിയമം കുറവുള്ളതായി രുന്നു എന്നല്ല അർത്ഥമാകുന്നത്. മനുഷ്യൻ ദൈവത്തിന്റെ നിയമത്തിന് വീഴ്ച വരുത്തി എന്നാണ് എബ്രായ ലേഖനം 8:7-ൽ പറയുന്നത്. മനു ഷ്യൻ അനുസരണക്കേടിൽ അകപ്പെട്ടതുകൊണ്ട് ദൈവം നിയമം മാറ്റി പുതിയനിയമം രൂപീകരിച്ചു എന്നു ചിന്തിക്കുന്നത് സാമാന്യ ബുദ്ധി ക്കുപോലും യോജിക്കുന്നതല്ല.

"യഹോവ കരുണയും കൃപയും നിറഞ്ഞവനാകുന്നു" എന്നു പറ യുമ്പോൾ കരുണയുടേയും കൃപയുടേയും നിറവ് ഇനിയും ഏറുവാൻ സ്ഥലമില്ലാത്തതുപോലെ നിറഞ്ഞവനാണ് യഹോവ എന്ന് സങ്കീർത്ത നക്കാരൻ പഴയനിയമത്തിൽ പറയുന്നു. പഴയനിയമത്തിൽ അരുളി ച്ചെയ്ത ദൈവത്തിനും പുതിയനിയമത്തിൽ അരുളിച്ചെയ്ത ദൈവ ത്തിനും തമ്മിൽ സ്വഭാവവ്യത്യാസമില്ല. ഭാഗം ഭാഗമായിട്ട് ലോകത്തിന് നീതിയെ സംബന്ധിച്ചും പാപത്തെ സംബന്ധിച്ചും ജ്ഞാനം ദൈവം പകർന്നുകൊടുത്തുകൊണ്ടിരിക്കുന്നു. എന്നാൽ അന്ത്യകാലത്ത് ക്രിസ്തു മുഖാന്തരവും പരിശുദ്ധാത്മാവു മുഖാന്തരവും പാപത്തെക്കു റിച്ചുള്ള ബോധം വർദ്ധിച്ചിരിക്കുന്നു. അതുകൊണ്ട് ദൈവകൃപയുടെ

അളവ് ദൈവം അന്ത്യകാലത്ത് വർദ്ധിപ്പിച്ചിരിക്കുന്നു. "എങ്കിലും പാപം പെരുകിയേടത്ത് കൃപ അത്യന്തം വർദ്ധിച്ചു" (റോമർ 5:20). ദൈവ സ്വഭാവമാണ് കരുണ; അതിനു മാറ്റം വരുന്നില്ല. "ഞാൻ അവരുടെ അകൃത്യങ്ങളെക്കുറിച്ച് കരുണയുള്ളവനാകും;" എന്നത് ഒരു പുതിയ നിയമമല്ല; നിയമം പുതുക്കി സ്ഥാപിക്കുന്നതാണ്.

### പുതിയനിയമവും പഴയനിയമവും തമ്മിൽ വ്യത്യാസം വല്ലതും ഉണ്ടോ?

"ഞാൻ അവരുടെ പിതാക്കന്മാരെ കൈക്കുപിടിച്ച് മിസ്രയീം ദേശത്തുനിന്നു കൊണ്ടുവന്ന നാളിൽ ഞാൻ അവരോട് ചെയ്ത നിയമം പോലെയല്ല" (എബ്രാ. 8:9) എന്ന് ദൈവം പറയുമ്പോൾ പുതിയനിയമം പഴയനിയമത്തിൽനിന്നും വ്യത്യസ്ഥമാണ് എന്നുള്ളതിന് സംശയമില്ലാത്ത വസ്തുതയാണ്. എന്നാൽ ഏതു രീതിയിലാണ് വ്യത്യാസം എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. "പുതിയ ഭൂമി" എന്നു പറയുമ്പോൾ പുതുക്കി സൃഷ്ടിക്കുന്ന ഭൂമിയാണ് എന്നു നാം മനസ്സിലാക്കുന്നതുപോലെ, "പുതിയനിയമം" എന്നു പറയുന്നത് പഴയനിയമം പുതുക്കി സ്ഥാപിക്കുന്നതിന്റെ പുതുമയെ പുതിയത് എന്ന് വിളിക്കുന്നു എന്നു മാത്രം. അതേ വാക്യത്തിൽ തുടർന്ന് പറയുന്നത് "അവർ എന്റെ നിയമത്തിൽ നിലനിന്നില്ല ഞാൻ അവരെ ആദരിച്ചതുമില്ല" എന്നാണ്. **അവർ എന്റെ നിയമത്തിൽ നിലനിൽക്കാഞ്ഞതുകൊണ്ട് നിയമം മാറ്റി എന്നല്ല; ഞാൻ അവരെ ആദരിച്ചതുമില്ല എന്നാണ് പറയുന്നത്. നിയമം മാറ്റാൻ സാധിക്കാത്തതുകൊണ്ടാണ് ആദരിക്കാൻ സാധിക്കാതെ പോയത്. നിയമം മാറ്റുന്നു എങ്കിൽ മാനസാന്തരത്തിന് ഇടം ഇല്ല** എന്നുവരും. എന്നുപറഞ്ഞാൽ നിയമം മാറ്റിയാൽ മനസ്സ് മാറേണ്ടതില്ല എന്നു വരുന്നു. **ജനത്തെ ദൈവത്തിന്റെ നിയമത്തിലേക്ക് തിരിച്ചുവരുത്തുക എന്നതാണ് ദൈവത്തിന്റെ പരിഹാര പദ്ധതി.** കല്ലായുള്ള ഹൃദയം മാറ്റി മാംസമായുള്ള ഹൃദയം തരും എന്നും ദൈവം വാഗ്ദത്തം ചെയ്യുന്നു. **തന്റെ നിയമം പുതിയ ഹൃദയത്തിൽ എഴുതും എന്നാണ് ദൈവം പറയുന്നത്.** പുതിയ ഹൃദയവും പുതിയ ആത്മാവും ദൈവം വാഗ്ദത്തം ചെയ്യുന്നത് നിയമത്തിൽ നിലനില്ക്കുവാനാണ്. ദൈവത്തിന്റെ നിയമത്തിൽ നിലനിൽക്കാൻ സാധിക്കാതെ പോയതുകൊണ്ട് പുതിയ ഹൃദയവും പുതിയ ആത്മാവും നൽകി ദൈവം തന്റെ ഭക്തനെ പ്രാപ്തനാക്കുന്നു. **ദൈവം മനുഷ്യന്റെ അവസ്ഥയെ മാറ്റുന്നു; എന്നാൽ ദൈവത്തിന്റെ നിയമം മാറുന്നില്ല.** ദൈവത്തിന്റെ നിയമം ദൈവ സ്വഭാവമാണ്; അതു മാറ്റും എന്ന് ദൈവം പറയുന്നില്ല. "അവൻ അപ്പന്മാരുടെ ഹൃദയങ്ങളെ മക്കളിലേക്കും വഴങ്ങാത്തവരെ

നീതിമാന്മാരുടെ ബോധത്തിലേക്കും തിരിച്ചുകൊണ്ട് ഒരുക്കമുള്ളോരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കുവാൻ അവനു മുമ്പായി ഏലിയാവിന്റെ ആത്മാവോടും ശക്തിയോടുംകൂടെ നടക്കും" (ലൂക്കോസ് 1:16-17). വഴങ്ങാത്ത ഹൃദയവും മാനസാന്തരമില്ലാത്ത മനസ്സുമായിരുന്നു കുറവ്; ദൈവത്തിന്റെ നിയമത്തിന് കുറവ് ഉണ്ടായിരുന്നില്ല. ഹൃദയം കൊണ്ട് ദൈവവുമായി ഒരു ബന്ധം സ്ഥാപിക്കുവാൻ മനുഷ്യന് സാധിക്കാഞ്ഞതുകൊണ്ട് ആ കുറവ് പരിഹരിക്കുന്നതാണ് പുതിയനിയമം. **ഞാൻ യിസ്രായേൽ ഗൃഹത്തോട് ചെയ്യുവാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു എന്നതിനുശേഷം അപൂർണ്ണവിരാമം ഇട്ടിരിക്കുന്നു;** അതിന്റെ അർത്ഥം നിയമം എങ്ങനെയാകുന്നു എന്ന് തുടർന്ന് പറയാൻ പോകുന്നു എന്നാണ്. ഇങ്ങനെയാകുന്നു എന്നു പറഞ്ഞശേഷം നാല് വ്യവസ്ഥകൾ കാണുന്നു; അതാണ് പുതിയനിയമം. അവ എല്ലാം തന്നെ പഴയനിയമത്തിൽ കാണുന്നു എന്ന് തെളിയിച്ചതുകൊണ്ട് പുതിയനിയമം എന്നു പറയുന്നത് പഴയനിയമം പുതുക്കി സ്ഥാപിക്കുന്നതാകുന്നു എന്ന് നാം മനസ്സിലാക്കേണ്ടതാണ്. **അടിസ്ഥാനപരമായി പുതിയനിയമവും പഴയനിയമവും ഒന്നു തന്നെ. ഉല്പത്തി പുസ്തകത്തിലെ രക്ഷിതാവ് യേശുവാണ്. പുറപ്പാടിലും, ലേവ്യയിലും, സംഖ്യയിലും, ആവർത്തനത്തിലും രക്ഷിതാവ് യേശു തന്നെ. തുടർന്ന് വെളിപ്പാടുവരെയുള്ള എല്ലാ പുസ്തകത്തിലേയും രക്ഷിതാവും യേശു തന്നെ. അതുകൊണ്ട് പഴയനിയമവും പുതിയനിയമവും നിത്യ നിയമത്തിന്റെ രണ്ട് വശങ്ങളാണ്.**

ഹൃദയംകൊണ്ട് ദൈവവുമായി ഒരു ബന്ധം ഇല്ലാതെ യിസ്രായേൽ അക്ഷരത്തിൽ ദൈവത്തെ സേവിച്ചു; മാനസാന്തരമില്ലാതെ യാഗം കഴിച്ചു; പ്രാർത്ഥന ജല്പനവും തെരുവീഥികളിൽ പ്രകടനവുമായി മാറ്റി. അതുകൊണ്ട് ദൈവം അവരെ മാനിച്ചതുമില്ല. പിതാക്കന്മാരെ കൈക്കു പിടിച്ചുകൊണ്ടുവന്ന നാളിൽ രണ്ട് പേർ ഒഴിച്ച് ബാക്കി എല്ലാവരും മരുഭൂമിയിൽ പട്ടുപോയി. എന്നാൽ പുതിയനിയമം പിതാക്കന്മാരോട് ചെയ്ത നിയമം പോലെ അല്ല; പുതിയ ഹൃദയവും പുതിയ ആത്മാവും നൽകി ദൈവത്തിന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും. "അവർ എന്റെ ചട്ടങ്ങളിൽ നടന്ന് എന്റെ വിധികളെ പ്രമാണിച്ച് ആചരിക്കേണ്ടതിന് ഞാൻ അവർക്ക് വേറൊരു ഹൃദയത്തെ നൽകുകയും പുതിയോരാത്മാവിനെ ഉള്ളിൽ ആക്കുകയും ചെയ്യും; കല്ലായുള്ള ഹൃദയം ഞാൻ അവരുടെ ജഡത്തിൽനിന്ന് നീക്കി മാംസമായുള്ള ഹൃദയം അവർക്ക് കൊടുക്കും" (യെഹെ. 11:19). "പുതിയനിയമം" എന്ന പദപ്രയോഗ

ത്തിലെ "പുതിയ" എന്ന വാക്കാണ് ആശയക്കുഴപ്പം സൃഷ്ടിച്ചിട്ടുള്ളത്. എന്നാൽ നിയമം പുതിയതല്ല എന്ന വസ്തുത ദൈവവചനം വ്യക്ത മാക്കുന്നു. അവരെ കൈക്കു പിടിച്ചുകൊണ്ടുവന്ന നാളിൽ കല്ലായുള്ള ഹൃദയമായിരുന്നു പ്രശ്നം. മിസ്രയീമിലേക്ക് മടങ്ങിപ്പോകുവാനുള്ള മത്സരം, അന്യദൈവങ്ങളിലേക്ക് തിരിഞ്ഞ മനസ്സ്, ശബ്ബത്ത് ലംഘനം എന്നിവയാൽ അവർ ദൈവത്തെ മാനിച്ചില്ല. മനുഷ്യ ഹൃദയത്തിൽ നിയമം എഴുതാം എന്ന ദൈവ വാഗ്ദത്തമാണ് പുതിയനിയമം. പുതിയ ഹൃദയവും പുതിയ ആത്മാവുമാണ് പുതുമ. അതുകൊണ്ടാണ് ഞാൻ അവരെ മിസ്രയീമിൽ നിന്നു കൊണ്ടുവന്ന നാളിൽ പിതാക്കന്മാരോട് ചെയ്ത നിയമം പോലെ അല്ല എന്നു പറയുന്നത്.

**തെറ്റിദ്ധാരണയും അപകടവും**

നിയമം എന്ന വാക്കിന്റെ അർത്ഥം തെറ്റിദ്ധരിച്ചിരിക്കുന്നതുകൊണ്ട് അനുസരണക്കേട് എന്ന പാപത്തിൽ മനുഷ്യൻ മരിച്ചുകൊണ്ടിരിക്കുന്നു. 4 സുവിശേഷ പുസ്തകങ്ങളിൽ കൂടി കർത്താവും, ലേഖനങ്ങളിൽകൂടി അപ്പൊ. പൗലൊസും പുതിയനിയമസഭക്ക് **പുതിയ നിയമം** തന്നിരി ക്കുന്നതുകൊണ്ട് പഴയനിയമം (മലാഖി വരെയുള്ള പുസ്തകങ്ങൾ) പുതിയനിയമ ക്രിസ്ത്യാനികളെ സംബന്ധിക്കുന്നതല്ല എന്നാണ് പര ക്കെയുള്ള വിശ്വാസം. പഴയനിയമകാലത്ത് നിലവിലില്ലാതിരുന്ന എന്തൊക്കെയോ പുതിയ പ്രമാണങ്ങൾ പുതിയനിയമ സഭയ്ക്ക് തന്നി രിക്കുന്നതുകൊണ്ട് പുതിയ പ്രമാണങ്ങൾ മാത്രം പാലിച്ചാൽ മതി യാകും എന്നാണ് പല ഉപദേഷ്ടാക്കന്മാരും ഉപദേശിക്കുന്നത്. ഈ തെറ്റിദ്ധാരണയെ ബലപ്പെടുത്തുവാൻ കൊലൊസ്യർ 2:14,15 എന്നീ വാക്യങ്ങളും അതുപോലെയുള്ള വാക്യങ്ങളും ഉപയോഗിക്കാറുണ്ട്. "അതിക്രമങ്ങൾ ഒക്കെയും നമ്മോട് ക്ഷമിച്ച ചട്ടങ്ങളാൽ നമുക്ക് വിരോ ധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായിച്ച് ക്രൂശിൽ തറച്ചു നടു വിൽനിന്നു നീക്കിക്കളഞ്ഞു; വാഴ്ചകളേയും അധികാരങ്ങളേയും ആയു ധവർഗ്ഗം വെപ്പിച്ച് ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി" (കൊലൊസ്യർ 2:14,15). കയ്യെഴുത്ത് 10 കല്പനയാണെന്ന് വ്യാഖ്യനിക്കുന്നതോടെ ക്രൂശിൽ തറച്ചത് 10 കല്പനയാണെന്ന് അവർ ഉറപ്പുവരുത്തുന്നു. തെറ്റിദ്ധാരണകളും ദുരു പദേശങ്ങളും പലത് ഉണ്ട് എങ്കിലും അതിൽ ഏറ്റവും മരണകരമായത് 10 കല്പന ഇന്നു നമുക്ക് ബാധകമല്ല എന്നുള്ള പഠിപ്പിക്കലാണ്. **"ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങ ളിൽ എഴുതും" (എബ്രാ. 8:10) എന്നാണ് പുതിയനിയമം എന്ന്**

**ദൈവം പറയുമ്പോൾ പുതിയനിയമകാലത്ത് ന്യായപ്രമാണം ക്രൂശിൽ തറച്ച് നടുവിൽനിന്ന് നീക്കി കളഞ്ഞു എന്ന് അപ്പൊ. പൗലൊസ് പറയുന്നതെങ്ങനെ?** “ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന് വന്നു എന്ന് നിരൂപിക്കരുത്; നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നത്” (മത്തായി 5:17) എന്ന് കർത്താവുതന്നെ സാക്ഷ്യം പറയുമ്പോൾ ന്യായപ്രമാണം വാഗ്ദത്ത സന്തതിയാകുന്ന ക്രിസ്തു വരുന്നതുവരെ നിലവിലുണ്ടായിരുന്നു എന്ന് (ഗലാ. 3:19) അപ്പൊ. പൗലൊസ് പറയുന്നതെങ്ങനെ? ഇതുപോലെ അനേകം ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കാതെ പോകുന്നത് “ന്യായപ്രമാണം” വിവേചിച്ചറിവാൻ സാധിക്കാതെ പോകുന്നതുകൊണ്ടാണ്. കൂടുതൽ പഠനത്തിന് “ന്യായപ്രമാണത്തിൻ കീഴിൽ” എന്ന അദ്ധ്യായം വായിക്കുക. പഴയനിയമം പുതിയനിയമം എന്ന് വ്യത്യാസമില്ലാതെ “നിയമത്തിന്റെ” വ്യവസ്ഥകളാണ് 10 കല്പന. 10 കല്പനയെ “പഴയ നിയമത്തിൽ” ഉൾപ്പെടുത്തി” നീക്കിക്കളയുന്നത് സാത്താന്റെ വലിയ ചതിയാണ്. ഒരുവന്റെ ദൈവത്തോടും മനുഷ്യനോടുമുള്ള “നിയമത്തിന്റെ” വ്യവസ്ഥകളാണ് 10 കല്പനകൾ.

**പത്ത് കല്പനയും "നിയമവും”**

“നിയമം” എന്ന വാക്കിനോട് അനുബന്ധിച്ച് പത്തുകല്പനയുടെ സ്ഥാനം എന്താണ് എന്ന് ചുരുക്കത്തിൽ പഠിക്കാം.

1) **ഞാൻ അല്ലാതെ അന്യദൈവങ്ങൾ നിനക്ക് ഉണ്ടാകരുത് (പുറ. 20:3)**

പത്ത് കല്പനയെ “നിയമം” എന്ന് സത്യവേദപുസ്തകം സംബോധന ചെയ്യുന്നു. അത് സൂക്ഷിച്ചിരുന്ന ഉപകരണത്തെ നിയമപെട്ടകം എന്നും വിളിക്കുന്നു. ഒന്നാമത്തെ കല്പന സ്നേഹബന്ധത്തിന്റെ (നിയമത്തിന്റെ) വ്യവസ്ഥയാണ്. എന്തിനാണ് ദൈവം ഈ കല്പന തന്നിരിക്കുന്നത് എന്ന ചോദ്യത്തിന് മറുപടി ലളിതമാണ്. എന്നോടുള്ള ബന്ധം പോലെ നിനക്ക് മറ്റൊരു ബന്ധവും ഉണ്ടാകരുത് എന്നാണ് ഒന്നാം കല്പനയിൽകൂടി ദൈവം പറയുന്നത്. ഒരു സ്ത്രീക്ക് അവളുടെ ഭർത്താവുമായുള്ള ബന്ധത്തോട് മനുഷ്യനും ദൈവവുമായുള്ള ബന്ധത്തെ ഉപമിച്ചിരിക്കുന്നു. സ്നേഹബന്ധം പഴക്കം ചെന്ന് ജീർണ്ണിക്കുന്നില്ല. **ഒന്നാമത്തെ കല്പന സ്നേഹബന്ധത്തെ ബലപ്പെടുത്തി പരിപോഷിപ്പിക്കുന്ന കല്പനയാണ്. അതിനെ പഴയനിയമം എന്നു പറഞ്ഞ് ഉപേക്ഷിക്കുവാൻ സാദ്ധ്യമല്ല;** അതിനെ പഴയനിയമം എന്നു

പറഞ്ഞ് ഉപേക്ഷിച്ചാൽ മനുഷ്യൻ ദൈവമില്ലാത്തവനായിപ്പോകും. ദൈവത്തിന്റെ കല്പനയ്ക്ക് സാത്താൻ കീഴ്പ്പെടുന്നില്ല. മറ്റുള്ളവർ ദൈവ കല്പനക്ക് കീഴ്പ്പെടുന്നത് അവന് ഇഷ്ടവുമല്ല. ഞാൻ സ്വർഗ്ഗ ത്തിൽ കയറും എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്ക് (ദൂതന്മാർക്ക്) മീതെ വയ്ക്കും. ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാ ഗമ പർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും എന്നാണ് ശത്രു പറയുന്നത് (യെശ. 14:13). **അനേകർക്ക് ഇന്ന് സാത്താൻ ദൈവമായിരിക്കുന്നു എന്ന് അവർ അറിയുന്നില്ല; അവന്റെ കല്പനകൾ അനുസരിക്കുന്നു എന്നും അറിയുന്നില്ല.** പഴയനിയമം നീങ്ങിപ്പോയി എന്ന പേരിൽ ദൈവ ത്തിന്റെ പത്തുകല്പനയും മറ്റ് ചട്ടങ്ങളും ദൈവജനം ഉപേക്ഷിച്ചിരി ക്കുന്നു. തിരുവചനത്തിൽ രേഖ ഇല്ലാത്തതും ദൈവം കല്പിച്ചിട്ടി ല്ലാത്തതുമായ അനവധി ആചാരങ്ങൾ ദൈവജനത്തിന്റെ മദ്ധ്യേ കാണുന്നു. മനുഷ്യന്റെ ഹൃദയ സിംഹാസനത്തിൽ ശത്രു ഇരുന്നരുളു കയാണ്. “ഞാൻ ഇരുന്നരുളും” എന്നു പറഞ്ഞവൻ ഇരുന്നരുളുകയും ജനം അനുസരിക്കയും ചെയ്യുന്നു. “കൃപ” ഉപാധിയാക്കി സാത്താൻ മനുഷ്യനെ അനുസരണക്കേടിലും പത്തുകല്പനയുടെ ലംഘനത്താൽ ഉളവാകുന്ന പാപത്തിലും വീഴ്ത്തിയിരിക്കുന്നു. ദൈവത്തിന്റെ കല്പ നകളെ മനുഷ്യൻ ഉപേക്ഷിക്കേണ്ടതിന് ദൈവത്തിന്റെ കൃപ സാത്താൻ ഉപാധിയാക്കുന്നു. സാത്താൻ ഈ ലോകത്തിന്റെ മറ്റൊരു ദൈവമായി അധികാരം നടത്തുകയും അനേകരെ തെറ്റിദ്ധരിപ്പിക്കുകയും തെറ്റിക്കു കയും ചെയ്യുന്നു. കൃപാകാലമായതുകൊണ്ട് കല്പനകളല്ല പ്രധാനം, കൃപയിൽ ആശ്രയിച്ചാൽ മതിയാകും എന്ന് ജനം തെറ്റിദ്ധരിച്ചിരിക്കുന്നു. മനുഷ്യൻ പത്തുകല്പന ഉപേക്ഷിക്കുന്നതോടെ ഒന്നാമത്തെ കല്പന മനുഷ്യനിൽനിന്നും നീങ്ങിപ്പോകുന്നു. നാം ദൈവമേ എന്ന് വിളിക്കു ന്നുണ്ടായിരിക്കാം; എന്നാൽ ആ വിളി ദൈവം കേൾക്കുകയില്ല.

**2) ഒരു വിഗ്രഹവും ഉണ്ടാക്കരുത്... പുറപ്പാട് 20:4-6**

ഒന്നാമത്തെ കല്പന പോലെ രണ്ടാമത്തേതും ദൈവവുമായുള്ള ബന്ധത്തിന്റെ (നിയമത്തിന്റെ) കല്പനയാണ്. ഓരോ കല്പനക്കും ഒരു മൂലകാരണം ഉണ്ട്; ആ കാരണം നാം അറിയുന്നു എങ്കിൽ മാത്രമെ അനുസരണം അർത്ഥവത്താകയുള്ളു. വിഗ്രഹങ്ങളോട് അല്ലെങ്കിൽ ദൈവം എന്ന് ലോകം സങ്കല്പിക്കുന്ന ദൈവങ്ങളോട് അടുത്തു ചെല്ല രുത് എന്നാണ് രണ്ടാം കല്പനയുടെ ചുരുക്കം. “കുഞ്ഞുങ്ങളേ, വിഗ്ര ഹങ്ങളോട് അകന്നു സൂക്ഷിച്ചുകൊൾവിൻ” (1 യോഹന്നാൻ 5:21) പഴയ നിയമം പുതിയനിയമം എന്ന കാലപരിമിതിക്കതീതമാണ് പത്തു

കല്പന; കാരണം പത്തുകല്പന എല്ലാം തന്നെ ബന്ധത്തിന്റെ കല്പനകളാണ്. പഴയനിയമം എന്ന പേരിൽ രണ്ടാം കല്പന നീങ്ങിപ്പോകുന്നില്ല. സ്നേഹം നിത്യനിയമമാണ്; അതുകൊണ്ട് നിത്യനിയമത്തിന്റെ കല്പനയാകുന്ന പത്തുകല്പന ഒരിക്കലും മാറിപ്പോകുന്നില്ല. പത്തു കല്പനയെ സൂക്ഷിച്ചിരുന്ന നിയമപെട്ടകത്തിന് ഒരു "മൂടി" (cover) ഉണ്ടാക്കുവാൻ ദൈവം മോശെയോട് കല്പിച്ചു. ഈ മൂടിയെ കൃപാസനം എന്ന് പേർ വിളിക്കുന്നു. ഈ കൃപാസനത്തിന്മേൽ ദൈവം പ്രത്യക്ഷപ്പെട്ട് യിസ്രായേലിന് ന്യായപ്രമാണങ്ങളും ചട്ടങ്ങളും കല്പിച്ചിരുന്നു. അതുകൊണ്ട് കൃപാസനം ദൈവത്തിന്റെ സിംഹാസനമാണ്. കൃപാസനത്തിന്റെ നേരെ താഴെ പത്തുകല്പന കാണാം. അതുകൊണ്ട് ദൈവസിംഹാസനം, പത്തുകല്പന അടിസ്ഥാനമാക്കി സ്ഥാപിച്ചിരിക്കുന്നു എന്ന് പറയാം. ദൈവസിംഹാസനത്തിന് മാറ്റമില്ലാത്തതുകൊണ്ട് പത്തുകല്പനയ്ക്കും മാറ്റം ഇല്ല. ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹബന്ധത്തിൽനിന്നുമാണ് രക്ഷാപദ്ധതിയാകുന്ന "നിയമം" രൂപം കൊണ്ടത് എന്ന് നാം കണ്ടുകഴിഞ്ഞു.

**3) നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുത്; തന്റെ നാമം വൃഥാ എടുക്കുന്നവനെ യഹോവ ശിക്ഷിക്കാതെ വിടുകയില്ല (പുറപ്പാട് 20:7)**

ദൈവത്തോടുള്ള ഭയഭക്തി എന്നതാണ് മൂന്നാം കല്പനയുടെ ചുരുക്കം. **അവന്റെ നാമം വിശുദ്ധവും ഭയങ്കരവും ആകുന്നു** (സങ്കീർത്തനം 111:10) യഹോവാഭക്തി ഒരുവനെ പഠിപ്പിക്കുന്നതിന് ദൈവം തന്നിട്ടുള്ള വ്യവസ്ഥയാണ് മൂന്നാം കല്പന. ഇതും ദൈവത്തോടുള്ള ബന്ധം സൂചിപ്പിക്കുന്നു. ഒരു പേര് അല്ലെങ്കിൽ നാമം ഒരു വ്യക്തിയാണ്. ദൈവത്തിന്റെ നാമം ദൈവം തന്നെ. ഭക്തിയോടും വിശുദ്ധിയോടും കൂടെ ദൈവത്തോട് അടുത്തു ചെല്ലണം എന്നാണ് മൂന്നാം കല്പന.

നിങ്ങൾ നിമിത്തം ദൈവത്തിന്റെ നാമം ജാതികളുടെ ഇടയിൽ ദുഷിക്കപ്പെടുന്നു. ക്രിസ്ത്യാനി എന്ന് പേർകൊണ്ടിട്ട് ജാതികളെക്കാൾ നീചമായ ജീവിതശൈലിയിൽ ഒരുവൻ ജീവിതം കഴിക്കുമ്പോൾ യഹോവയുടെ നാമം ദുഷിക്കപ്പെടുകയാണ്. ദൈവാലയത്തിലേക്ക് പോകുന്നവർ അവരുടെ "കാൽ സൂക്ഷിക്ക" എന്ന് ദൈവം അരുളിച്ചെയ്യുന്നു. ഭയഭക്തിയോടെ ദൈവത്തെ സമീപിക്കണം എന്നാണ് മൂന്നാം കല്പന. അധരങ്ങളുടെ ആരാധനയും ദൈവകല്പന ഉപേക്ഷിച്ച് പാരമ്പര്യം മുറുകെ പിടിക്കുന്നതും മൂന്നാം കല്പനയുടെ ലംഘനമാണ്. കൃപയുടെ കാലമായതുകൊണ്ട് ദൈവത്തിന്റെ കല്പനകളും വിധികളും

അലക്ഷ്യമാക്കുന്നവർ ഉണ്ട്. മനുഷ്യന് ദൈവത്തിന്റെ കൃപ ലഭിച്ചിരിക്കുന്നതുകൊണ്ട് ദൈവത്തോടുള്ള ഭയഭക്തിയുടെ കല്പന നീങ്ങിപ്പോയി എന്ന് ഉപദേഷ്ടാക്കന്മാർ പഠിപ്പിക്കുന്നു എങ്കിൽ ജനം അവരെ ശ്രദ്ധിക്കാൻ പാടില്ലാത്തതാണ്. പാപപരിഹാരമായിട്ട് കർത്താവ് ക്രൂശിൽ മരിച്ചതുകൊണ്ട് യഹോവാഭക്തിയുടെ നിയമം നീങ്ങിപ്പോയി എന്ന് വിശ്വസിക്കുന്നത് ദൈവ സിംഹാസനത്തിൻമുമ്പിൽ എപ്രകാരം ന്യായീകരിക്കും?

പുതിയനിയമം എന്നും പഴയനിയമം എന്നും കാലവ്യത്യാസമില്ലാത്ത ദൂതന്മാർ ദൈവത്തെ ഭയഭക്തിയോടെ ആരാധിക്കുന്നു. “സാറാഫുകൾ അവന് ചുറ്റും നിന്നു; ഓരോരുത്തന് ആറാറ് ചിറകുണ്ടായിരുന്നു. രണ്ടുകൊണ്ട് അവർ മുഖം മൂടി രണ്ട് കൊണ്ട് കാൽ മൂടി; രണ്ടു കൊണ്ട് പറന്നു. ഒരുത്തനോട് ഒരുത്തൻ; സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ സർവ്വഭൂമിയും അവന്റെ മഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്നു എന്ന് ആർത്തു പറഞ്ഞു” (യെശയ്യാവ് 6:2,3) ദൈവത്തോടുള്ള സ്നേഹത്തിൽ നിന്നും ഉദിക്കുന്ന ഭയഭക്തിയുടെ കല്പനയാണ് മൂന്നാം കല്പന; ഒരു കാരണവശാലും അതിന് നീക്കം വരുന്നില്ല, ഇത് നിത്യനിയമത്തിന്റെ വ്യവസ്ഥയാണ്.

**4) ശബ്ബത്ത് നാളിനെ ശുദ്ധീകരിക്കാൻ ഓർക്ക... പുറപ്പാട് 20:8-11**

സൃഷ്ടിപ്പിന്റെ അടിസ്ഥാനത്തിലാണ് ആഴ്ചവട്ടത്തിന് ഏഴ് ദിവസങ്ങൾ ഉള്ളത്. ഏഴാം ദിവസത്തെ ദൈവം ഉല്പത്തിയിൽ “അനുഗ്രഹിച്ചു ശുദ്ധീകരിച്ചു”. എന്തുകൊണ്ട് ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു എന്ന് പുറപ്പാട് 20:11-ാം വാക്യം മുഴുവൻ വായിക്കുമ്പോൾ മനസ്സിലാകുന്നു. ആറുദിവസം കൊണ്ട് യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി, ഏഴാം ദിവസം സ്വസ്ഥമായിരുന്നു. **അതുകൊണ്ട്** യഹോവ ശബ്ബത്ത് നാളിനെ അനുഗ്രഹിച്ച് ശുദ്ധീകരിച്ചിരിക്കുന്നു. സ്രഷ്ടാവും സൃഷ്ടിയാകുന്ന മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ നിയമമാണ് നാലാമത്തെ കല്പന. “എന്റെ ശബ്ബത്തുകളെ ശുദ്ധീകരിപ്പിൻ ഞാൻ നിങ്ങളുടെ ദൈവമായ യഹോവ എന്നു നിങ്ങൾ അറിയേണ്ടതിന് അവ എനിക്കും നിങ്ങൾക്കും ഇടയിൽ ഒരടയാളമായിരിക്കട്ടെ എന്നു കല്പിച്ചു” (യെഹെ. 20:20) ഒരു കമ്പനി അവരുടെ ഉല്പ്പന്നം ഉണ്ടാക്കിയതിനുശേഷം അതിന്മേൽ കമ്പനിയുടെ ലേബൽ ഒട്ടിക്കുന്നു. അതിനാൽ ഉല്പ്പന്നം ആരുടേതാണ് എന്ന് അറിയുവാൻ സാധിക്കുന്നു. നാലാം കല്പന ദൈവം തന്റെ സൃഷ്ടികളി

ന്മേൽ പതിക്കുന്ന ഉടമസ്ഥാവകാശമാണ്; അതു ഒരു പ്രത്യേക സമൂഹത്തിന് (യെഹൂദന്) മാത്രമുള്ളതാണ് എന്ന് പഠിപ്പിക്കുന്നതും വിശ്വസിക്കുന്നതും തെറ്റാണ്.

ഈ ലോകചരിത്രത്തിന്റെ ആദ്യത്തെ ആഴ്ചവട്ടം രൂപം കൊള്ളുന്നത് ഒരു വിശുദ്ധ ദിവസം ഉൾപ്പെടുത്തിക്കൊണ്ടാണ്. അത് മറ്റുള്ള ദിവസങ്ങളിൽ നിന്നും വ്യത്യസ്ഥമാണ്; കാരണം ദൈവം അതിനെ അങ്ങനെ സൃഷ്ടിച്ചതുകൊണ്ടുതന്നെ. താൻ സൃഷ്ടിച്ചുണ്ടാക്കിയ സകല പ്രവൃത്തിയിൽനിന്നും **അന്നു** നിവൃത്തനായതുകൊണ്ട് എന്ന് ശബ്ബത്ത് സൃഷ്ടിച്ചതിന്റെ കാരണം ദൈവം പറയുന്നു (ഉല്പത്തി 2:3). “വിശുദ്ധ ദിവസം” എന്ന അദ്ധ്യായത്തിൽ കൂടുതൽ പഠനം കൊടുത്തിരിക്കുന്നു. കർത്താവായ യേശു ക്രൂശിൽ മരിച്ചതുകൊണ്ട് പത്തു കല്പനയുടെ പ്രാബല്യത്തിന് ഒന്നും സംഭവിച്ചിട്ടില്ല എന്ന് ഒരു ക്രിസ്ത്യാനി വിശ്വസിക്കേണ്ടതാണ്. ഉദാഹരണമായി പറഞ്ഞാൽ, കർത്താവായ യേശു ക്രൂശിൽ മരിച്ചതുകൊണ്ട് ഞാനല്ലാതെ അന്യ ദൈവം നിനക്കുണ്ടാകരുത് എന്ന കല്പനയ്ക്ക് ഒന്നും സംഭവിച്ചിട്ടില്ല. അതുപോലെ ഒരു വിഗ്രഹവും ഉണ്ടാക്കരുത്, നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുത്, ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക, അപ്പനെയും അമ്മയെയും ബഹുമാനിക്ക, കൊല ചെയ്യരുത്, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസാക്ഷ്യം പറയരുത്, മോഹിക്കരുത് എന്നീ കല്പനകൾക്കും ഒന്നും സംഭവിച്ചിട്ടില്ല എന്ന് ഒരു ക്രിസ്ത്യാനി വിശ്വസിച്ചേ മതിയാവു. കർത്താവിന്റെ ക്രൂശ് മരണവും പത്തുകല്പനയുടെ പ്രാബല്യവും തമ്മിൽ ഒരു ബന്ധവും ഇല്ല. **കർത്താവായ യേശു ക്രൂശിൽ മരിച്ചതുകൊണ്ട് ശബ്ബത്ത് മാറുന്നില്ല. ആഴ്ചവട്ടത്തിന്റെ ഏഴാം ദിന ശബ്ബത്ത് ക്രൂശിന്റെ നിഴലല്ല. നിഴൽ നിലവിൽ വരുന്നതിനു മുമ്പ് (പാപം ഭൂമിയിൽ പ്രവേശിക്കുന്നതിന് മുമ്പ്) ആഴ്ചവട്ടത്തിന്റെ ഏഴാം ദിന ശബ്ബത്ത് സൃഷ്ടിക്കപ്പെട്ടിരുന്നു.** അതുകൊണ്ട് ഏഴാം ദിന ശബ്ബത്ത് നിഴലല്ല. ഒരു വിശുദ്ധ ശബ്ബത്തിന്റെ കാരണം ദൈവം കാണുന്നതുപോലെ നമുക്കും കാണുവാൻ സാധിക്കുമെങ്കിൽ ശബ്ബത്ത് ക്രൂശിൽ നീങ്ങിപ്പോയി എന്നും, അതു യെഹൂദന് കൊടുത്തതായിരുന്നു എന്നും അത് പഴയനിയമമായിരുന്നു എന്നും ആർക്കും പറയുവാൻ സാധിക്കുന്നതല്ല. നാലാമത്തെ കല്പനയുടെ കാര്യത്തിൽ മാത്രമെ തർക്കങ്ങൾ കാണുന്നുള്ളു. ഒരു വിധത്തിൽ പറഞ്ഞാൽ പത്ത് കല്പന എന്ന വിഷയത്തെ സംബന്ധിച്ച് ചിലർ ഒരു വിധി കല്പിക്കുന്നു. ആ വിധി നാലാമത്തെ കല്പന മാത്രം പഴയ

നിയമമായിരുന്നു, നിഴലായിരുന്നു, അതു യെഹൂദന് കൊടുത്തതായിരുന്നു, എന്നിവയാണ്. എന്നാൽ ഒരുനാളിൽ ദൈവം നമ്മെ ന്യായത്തിലും നീതിയിലും വിധിക്കും. ഇന്ന് ചിലർ വിധി കല്പിക്കുന്നതുപോലെ അന്നു അവർ ന്യായാധിപന്മാർ ആയിരിക്കുകയില്ല.

### 5) ...അപ്പനെയും അമ്മയെയും ബഹുമാനിക്ക... (പുറപ്പാട് 20:12)

അഞ്ചാം കല്പന മുതൽ ശേഷിക്കുന്ന ആറ് കല്പനകൾ മറ്റ് മനുഷ്യനുമായുള്ള ബന്ധത്തിന്റെ കല്പനകളാണ്. ഒരു മനുഷ്യൻ അധികാരത്തിന് കീഴ്പ്പെടുവാനുള്ള വിദ്യാഭ്യാസം ഇവിടെ ആരംഭിക്കുന്നു. അന്തിമമായി ഒരുവൻ പ്രായപൂർത്തിയാകുമ്പോൾ ദൈവത്തിന്റെ അധികാരത്തിന് കീഴ്പ്പെടുവാൻ അവനെ ഒരുക്കുന്നു. അനുസരണം എന്ന സൽസ്വഭാവം ഒരുവനിൽ രൂപീകരിക്കുവാൻ അഞ്ചാം കല്പന ദൈവം സ്ഥാപിച്ചിരിക്കുന്നു. ഇത് മാതാപിതാക്കളോടും ദൈവത്തോടുമുള്ള ബന്ധത്തിന്റെ കല്പനയാണ്. കർത്താവായ യേശു ക്രൂശിൽ മരിച്ചതുകൊണ്ട് മക്കൾ മാതാപിതാക്കന്മാരെ അനുസരിക്കേണ്ടതില്ല എന്ന് പ്രസംഗിച്ച് കേൾക്കാറില്ല. മക്കൾക്ക് കൃപ ലഭിച്ചിരിക്കുന്നതുകൊണ്ട് കുഞ്ഞുങ്ങൾ അനുസരണത്തിൽനിന്നും ഒഴിവായിരിക്കുന്നു എന്നും ആരും പറയാറില്ല. ഒരു സന്തുഷ്ട ഭവനത്തിന് പരസ്പര ബഹുമാനവും സ്നേഹവും ആവശ്യമാണ്. അഞ്ചാമത്തെ കല്പന നീങ്ങിപ്പോയി എന്നു കരുതുക. അങ്ങനെയെങ്കിൽ അപ്പനെയും അമ്മയെയും ബഹുമാനിക്കുകയും കരുതുകയും ചെയ്യേണ്ട ആവശ്യം ഇല്ല എന്നു വരുന്നു. ഈ കല്പനയും മറ്റ് ഏതു കല്പനയും ഒരു കാലത്തും മാറിപ്പോയിട്ടില്ല. കല്പന മാറിപ്പോയി എന്നു പഠിപ്പിക്കുന്നത് സ്വാർത്ഥ താല്പര്യങ്ങളെ അടിസ്ഥാനമാക്കിയാണ് എന്നുള്ളതാണ് സത്യം.

### 6) കൊല ചെയ്യരുത് (പുറപ്പാട് 20:13)

ഒരു നല്ല ബന്ധത്തിന്റെ നിയമമാണ് ആറാം കല്പന. കർത്താവായ യേശു ഈ ഭൂമിയിലേക്ക് വന്ന് പത്ത് കല്പനയെ വിപുലീകരിച്ചപ്പോൾ പറയുന്നത് ...കൊല ചെയ്യരുത് എന്നും ആരെങ്കിലും കൊല ചെയ്താൽ ന്യായവിധിക്ക് യോഗ്യനാകും എന്നും പൂർവ്വന്മാരോട് അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ; ഞാനോ നിങ്ങളോട് പറയുന്നത്: സഹോദരനോട് കോപിക്കുന്നവനെല്ലാം ന്യായവിധിക്ക് യോഗ്യനാകും...(മത്തായി 5:21-22) കോപത്തിൽനിന്നുമാണ് കൊലപാതകം ഉളവാകുന്നത്. ഒരു നല്ല ബന്ധം എല്ലാവരുമായി ഉണ്ടായിരിക്കണം എന്നാണ് ആറാമത്തെ കല്പന. മറ്റുള്ളവരോട് കോപിക്കപോലും ചെയ്യ

രുത് എന്നു പറയുമ്പോൾ ആറാമത്തെ കല്പന ഒരു ബന്ധത്തിന്റെ കല്പനയായിട്ടാണ് ദൈവം തന്നിരിക്കുന്നത്. ആരെങ്കിലും മനുഷ്യന്റെ രക്തം ചൊരിയിച്ചാൽ അവന്റെ രക്തം മനുഷ്യൻ ചൊരിയിക്കും; ദൈവത്തിന്റെ സ്വരൂപത്തിലല്ലോ മനുഷ്യനെ ഉണ്ടാക്കിയത് (ഉല്പ. 9:6). സ്വഭാവ രൂപീകരണം എന്നുള്ളതാണ് പത്ത് കല്പനയിലെ ഓരോ കല്പനയും മനുഷ്യനെ പഠിപ്പിക്കുന്നത്. സാത്താൻ കൊലപാതകനാണെന്ന് തിരുവചനം പഠിപ്പിക്കുന്നു. കർത്താവായ യേശു ക്രൂശിൽ മരിച്ചതുകൊണ്ടും ഇപ്പോൾ കൃപയുടെ കാലമായതുകൊണ്ടും നാം പുതിയ നിയമ സഭ ആയതുകൊണ്ടും ആറാം കല്പന നീങ്ങിപ്പോകുമോ?

### 7) വ്യഭിചാരം ചെയ്യരുത് (പുറപ്പാട് 20:14)

"അവർ ഏകദേഹമായിത്തീരും" (ഉല്പ. 2:24) എന്ന് ദൈവനിയോഗ പ്രകാരം ഏദെനിൽ സ്ഥാപിതമായതാണ് വിവാഹം. ഇത് ഒരു നല്ല ബന്ധത്തിന്റെ നിയമമാണ്. ത്രിത്വത്തിലെ മൂവരും ചേർന്ന് ത്രിയേക ദൈവം എന്നപോലെ "ഇരുവരും ഒരു ദേഹമായിത്തീരും" (എഫെസ്യർ 5:31) എന്നാണ് വിവാഹത്തെപ്പറ്റി ദൈവം പറയുന്നത്. ക്രിയയാലോ, വാക്കിനാലോ, ചിന്തയാലോ വ്യഭിചാരം ചെയ്യരുത് എന്ന് കർത്താവ് ഏഴാം കല്പനയുടെ ആഴത്തിലേക്ക് നമ്മെ നയിക്കുന്നു. ഏദെനിൽ ദൈവം സ്ഥാപിച്ച വിവാഹത്തിന്റെ വിശുദ്ധിയാണ് ഈ കല്പനയിൽ നാം കാണുന്നത്. "വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവും ആയിരിക്കട്ടെ; എന്നാൽ ദുർന്നടപ്പുകാരെയും വ്യഭിചാരികളെയും ദൈവം വിധിക്കും" (എബ്രായർ 13:4). വിവാഹം ഒരു ബന്ധമാണ്; ആ ബന്ധത്തെ പരിപോഷിപ്പിച്ച് ബലപ്പെടുത്തി നിലനിർത്തുവാൻ ദൈവം സ്ഥാപിച്ച നിയമത്തിന്റെ കല്പനയാണ് ഏഴാം കല്പന. യാതൊരു സാമൂഹിക പരിമിതിയില്ലാതെയും കാലപരിമിതിയില്ലാതെയും ഏഴാം കല്പന എന്നും നിലനിൽക്കുന്നു. കർത്താവായ യേശു ക്രൂശിൽ മരിച്ചതുകൊണ്ടും ഇന്ന് കൃപയുടെ കാലമായതുകൊണ്ടും ന്യായപ്രമാണത്താൽ ഒരു ജഡവും ദൈവസന്നിധിയിൽ നീതികരിക്കപ്പെടാത്തതുകൊണ്ടും കയ്യെഴുത്ത് മായിച്ചതുകൊണ്ടും വ്യഭിചാരം ചെയ്യരുത് എന്ന ദൈവകല്പനയും മറ്റൊരു കല്പനയും നീങ്ങിപ്പോയിട്ടില്ലെന്ന് നാം നമ്മോടുതന്നെ സാക്ഷ്യം പറയുന്നില്ലേ?

### 8) മോഷ്ടിക്കരുത് (പുറപ്പാട് 20:15)

ഓരോരുത്തനും അവനവന്റെ മുതൽ ഉണ്ടായിരിക്കുവാനും അത് അനുഭവിക്കുവാനും ദൈവം സ്വാതന്ത്ര്യം തന്നിരിക്കുന്നു. ഈ സ്വാതന്ത്ര്യം മറ്റുള്ളവർ ബഹുമാനിക്കണം എന്നാണ് എട്ടാം കല്പന

യിൽ കൂടി ദൈവം പറയുന്നത്. ഇതും ഒരു പരസ്പര ബന്ധത്തിന്റെ നിയമമാണ്. കവർന്നെടുക്കുക, തട്ടിയെടുക്കുക, കപടമാർഗ്ഗങ്ങളിൽകൂടി കൈവശമാക്കുക സൂത്രമാർഗ്ഗങ്ങളുപയോഗിച്ച് കടത്തി വെട്ടുക എന്നൊക്കെ മോഷ്ടിക്കുക എന്ന വാക്കിന് അർത്ഥമുണ്ട്. അളവ്, തൂക്കം, അമിതലാഭം, സത്യാവസ്ഥ മറെച്ച് വെച്ചുള്ള വ്യാപാരം, അമിതമായ പലിശ എന്നിവ മറ്റുള്ളവരുടെ മുതൽ സൂത്രത്തിൽ കൈവശമാക്കുന്ന ചില മാർഗ്ഗങ്ങളാണ്. ഇവയെല്ലാം മോഷ്ടിക്കരുത് എന്ന കല്പനയുടെ ലംഘനമാണ്. പരസ്പര ബഹുമാനം എന്ന ബന്ധത്തിന്റെ കല്പനയാണ് എട്ടാം കല്പന.

"നിലത്തിലെ വിത്തിലും വൃക്ഷത്തിന്റെ ഫലത്തിലും ദേശത്തിലെ ദശാംശം ഒക്കെയും യഹോവയ്ക്കുള്ളതാകുന്നു; അത് യഹോവയ്ക്ക് വിശുദ്ധം" (ലേവ്യ. 27:30). "മനുഷ്യന് ദൈവത്തെ തോല്പിക്കാമോ? എങ്കിലും നിങ്ങൾ എന്നെ തോല്പിക്കുന്നു; എന്നാൽ നിങ്ങൾ ഏതിൽ ഞങ്ങൾ നിന്നെ തോല്പിക്കുന്നു എന്നു ചോദിക്കുന്നു. ദശാംശത്തിലും വഴിപാടിലും തന്നെ" (മലാഖി 3:8) "തോല്പിക്കുന്നു" എന്ന് മലയാളത്തിൽ തർജ്ജമ ചെയ്തിരിക്കുന്നിടത്ത് ഇംഗ്ലീഷിൽ Rob (റോബ്) എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ വാക്കിന് മോഷണം എന്ന് അർത്ഥമുണ്ട്. കൂടാതെ മുഖാമുഖമായി പിടിച്ചുപറിക്ക എന്നും അർത്ഥമുണ്ട്. മനുഷ്യൻ മറ്റ് മനുഷ്യരുടേത് ഒന്നും മോഷ്ടിക്കരുത് എന്നും ദൈവത്തിനുള്ളത് മോഷ്ടിക്കരുത് എന്നും എട്ടാം കല്പന ഉപദേശിക്കുന്നു. മനുഷ്യനോടും ദൈവത്തോടും ഉള്ള ഒരു ബന്ധമാണ് എട്ടാം കല്പനയിലും കാണുന്നത്.

ദശാംശം മോശ മുഖാന്തരം ദൈവം യിസ്രായേലിന് കൊടുത്ത ന്യായപ്രമാണമാണ്. ദശാംശം കൊടുക്കുന്ന വിശ്വാസികളും വാങ്ങിക്കുന്ന ഉപദേഷ്ടാക്കന്മാരും തങ്ങളോടുതന്നെ പറയുന്ന ഒരു സാക്ഷ്യമുണ്ട്; അത്: ക്രൂശിന്റെ നിഴലായിരുന്ന ന്യായപ്രമാണമുണ്ട്, നിഴലല്ലാത്ത ന്യായപ്രമാണവും ഉണ്ട് എന്നുള്ളതാണ്. ദശാംശം ക്രൂശിന്റെ നിഴലല്ല. സകല ദാനങ്ങളുടേയും ദാതാവ് ദൈവമാണ് എന്നും ദൈവത്തിന്റെ ഉടമസ്ഥാവകാശം മനുഷ്യൻ അംഗീകരിക്കുകയും ചെയ്യുന്നു എന്നുള്ളതിന്റെയും പ്രകടനമാണ് ദശാംശവും വഴിപാടുകളും. മനുഷ്യനോടും ദൈവത്തോടുമുള്ള ബന്ധത്തിന്റെ നിയമമാണ് എട്ടാം കല്പന. നാം ന്യായപ്രമാണത്തിൻ കീഴിലല്ല എന്ന് പ്രസംഗിക്കുന്നവർ തന്നെ ന്യായപ്രമാണപ്രകാരം ദശാംശം മനുഷ്യനോട് വാങ്ങിക്കുന്നു. ശബ്ബത്ത് പഴയനിയമമായിരുന്നു എന്ന് പറഞ്ഞ് ശബ്ബത്ത് ഉപേക്ഷിക്കുന്നവർ പഴയനിയമ പ്രകാരം ദശാംശം കൊടുക്കുന്നു. പഴയനിയമകാലത്തെ ന്യായ

പ്രമാണത്തിൽനിന്നും ക്രൂശിന്റെ നിഴലല്ലാത്ത ന്യായപ്രമാണങ്ങൾ ക്രൂശ് കടന്ന് പുതിയനിയമ കാലത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു എന്നതിനു നമ്മുടെ ആചാരങ്ങൾ തെളിവാണ്.

### 9) കൂട്ടുകാരന്റെ നേരെ കള്ളസ്സാക്ഷ്യം പറയരുത് (പുറപ്പാട് 20:16)

മറ്റുള്ള മനുഷ്യരോട് സത്യസന്ധത പുലർത്തുക എന്നുള്ളതാണ് 9-ാം കല്പനയുടെ സാരം. സത്യം ദൈവസ്വഭാവമാണ്. കള്ളം പറയ രുത് എന്നു പറയുമ്പോൾ സത്യം പറയണം എന്നും 9-ാം കല്പന നിർദ്ദേശിക്കുന്നു. പിശാചിനെപ്പറ്റി കർത്താവ് പറയുന്നത്. "അവനിൽ സത്യം ഇല്ലായ്കകൊണ്ട് സത്യത്തിൽ നിൽക്കുന്നില്ല" (യോഹ. 8:44) നാം എത്രമാത്രം സത്യസന്ധത പുലർത്താതെ അസത്യവാന്മാരായി മാറുന്നുവോ അത്രമാത്രം പിശാചിന്റെ സ്വഭാവത്തോട് രൂപാന്തരപ്പെടു കയാണ് ചെയ്യുന്നത്. നാം സത്യസന്ധരായി ജീവിക്കുവാൻ തീരുമാ നിക്കുമ്പോൾ ദൈവസ്വഭാവത്തോട് അനുരൂപരാകുകയാണ് ചെയ്യുന്നത്. 9-ാം കല്പന ഒരു ബന്ധത്തിന്റെ കല്പനയാണ്.

വേദപുസ്തകത്തിൽ ഇല്ലാത്തത് ഉപദേശിക്കുന്നവർ കള്ള ഉപദേ ഷ്ടക്കന്മാരും, കള്ള പ്രവാചകന്മാരും ആണെന്ന് തിരുവചനം സാക്ഷ്യം പറയുന്നു. "...ഭോഷ്ക്കു പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രെ; അത് രണ്ടാമത്തെ മരണം" (വെളി. 21:8). വായ് തുറന്നാൽ സത്യം മാത്രമെ നാം സംസാരിക്കു വാൻ പാടുള്ളു; കള്ളം പറയുന്നതിൽനിന്നും നാം നമ്മുടെ നാവിനെ കടിഞ്ഞാണിട്ട് സൂക്ഷിക്കണം. കൂട്ടുകാരന്റെ നേരെ കള്ളസ്സാക്ഷ്യം പറ യരുത് എന്നത് കൂട്ടുകാരനുമായുള്ള ബന്ധത്തിന്റെ കല്പനയാണ്. കർത്താവായ യേശു ക്രൂശിൽ മരിച്ചതുകൊണ്ടും, കൃപ പെരുകിയതു കൊണ്ടും, നാം ന്യായപ്രമാണത്തിൻ കീഴിൽ അല്ലാത്തതുകൊണ്ടും, പത്തുകല്പന ചുരുങ്ങി രണ്ടായതുകൊണ്ടും ഇപ്പോൾ പുതിയനിയമ കാലമായതുകൊണ്ടും കൂട്ടുകാരന്റെ നേരെ കള്ളസ്സാക്ഷ്യം പറയരുത് എന്ന ന്യായപ്രമാണം നീങ്ങിപ്പോയിട്ടില്ല. കള്ളം പറയരുത് എന്ന ന്യായ പ്രമാണത്തിന് എല്ലാവരും കീഴ്പ്പെട്ട് ജീവിക്കേണ്ടതാണ്. ഈ "കയ്യെ ഴുത്ത്" മാഞ്ഞിട്ടില്ല. നിഴലല്ലാത്ത ന്യായപ്രമാണങ്ങൾ ഉണ്ട് എന്ന് നാം വിശ്വസിക്കേണ്ടതാണ്.

### 10) ...മോഹിക്കരുത് (പുറ 20:17)

നാം ഇതുവരെ കണ്ട ഒൻപത് കല്പനകൾപോലെതന്നെ പത്താ മത്തെ കല്പനയും ഒരു നല്ല ബന്ധത്തിന്റെയും സഹവാസത്തിന്റെയും കല്പനയാണ്. പത്താം കല്പനയുടെ ലംഘനം പുറത്ത് കാണാത്ത

മനസ്സിന്റെ അവസ്ഥയാണ്. കൂട്ടുകാരന്റെ ഭാര്യയെ മോഹിക്കുന്ന ഒരുവനുമായിട്ട് സഹവാസവും കൂട്ടായ്മയും അസാദ്ധ്യമാണ്. അതുകൊണ്ട് മോഹിക്കരുത് എന്ന് ദൈവം പറയുന്നത് ഹൃദയ പരമാർത്ഥതയും നിഷ്ക്കളങ്കതയും ഉള്ള ഒരു ബന്ധത്തിന്റെ അടിസ്ഥാനമായിട്ടാണ്. ഓരോരുത്തന്റെയും ആവശ്യങ്ങൾ നിറവേറ്റുവാൻ ദൈവത്തിൽ ആശ്രയിക്കാത്തവരും, ദൈവം തന്നിട്ടുള്ളതിൽ സംതൃപ്തി കണ്ടെത്താത്തവരുമാണ് മറ്റുള്ളവരുടെ കാര്യങ്ങൾ മോഹിക്കുന്നത്.

നാം പത്തു കല്പനകൾ ഓരോന്നായി ചുരുക്കത്തിലെങ്കിലും പഠിച്ചപ്പോൾ മനസ്സിലാകുന്നത് പത്തു കല്പനകൾ ദൈവത്തോടും മറ്റ് മനുഷ്യരോടുമുള്ള സ്നേഹത്തിന്റെ കല്പനകൾ ആകുന്നു എന്നാണ്. പഴയനിയമം എന്ന പേരിൽ പത്തു കല്പനയെ ഗണ്യമാക്കാതിരിക്കുന്നത് സാത്താന്റെ മരണകരമായ തന്ത്രമാണ്. "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും" (യോഹ. 14:15). "ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും" (യോഹ. 15:10). അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം; അവന്റെ കല്പനകൾ ഭാരമുള്ളവയല്ല (1 യോഹ. 5:3). അവനെ അറിഞ്ഞിരിക്കുന്നു എന്നു പറകയും അവന്റെ കല്പനകളെ പ്രമാണിക്കാതിരിക്കയും ചെയ്യുന്നവൻ കള്ളനാകുന്നു, സത്യം അവനിലില്ല (1 യോഹ. 2:4). പത്തു കല്പന സ്നേഹബന്ധത്തിന്റെ കല്പനകളാണ്; അത് ദൈവസ്വഭാവമാണ്. അത് മാറിപ്പോയിട്ടില്ല. ഒരിക്കലും മാറിപ്പോകയുമില്ല. മനുഷ്യന്റെ ആത്മീകവും സാമൂഹ്യവുമായ ജീവിതത്തിനും വളർച്ചയ്ക്കും പത്തുകല്പനകൾ ആവശ്യമാണെന്ന് ദൈവം അറിഞ്ഞു അതു തന്നിരിക്കുന്നു. നമ്മെ ദൈവത്തോടും മനുഷ്യരോടും ബന്ധിപ്പിക്കുന്ന ഒരു ചങ്ങലയുടെ ബലമുള്ള പത്തു വിശിഷ്ട കണ്ണികളാണത്. അതിൽ ഒരു കണ്ണിപോലും അറ്റുപോകുവാൻ പാടില്ല. നമ്മുടെ അശ്രദ്ധ കാരണം ഒന്നോ അതിൽ കൂടുതലോ കണ്ണികൾ അറ്റുപോയാൽ നമ്മുടെ ആത്മീകവും സാമൂഹികവുമായ സന്തുലിതാവസ്ഥ താറുമാറാകും. ദൈവവുമായുള്ള നമ്മുടെ ബന്ധമാണ് പത്തു കല്പനയുടെ കാതൽ. ദൈവസ്വഭാവത്തിന്റെ വിശിഷ്ടമായ മൂല്യങ്ങളാണ് അവയിൽ അടങ്ങിയിരിക്കുന്നത്. അതുകൊണ്ട് പത്തു കല്പനകൾ അതിന്റെ അർത്ഥത്തിലും ആത്മാവിലും അനുസരിക്കുവാൻ നാം ഓരോരുത്തരും ദൈവത്തോടും മറ്റുള്ളവരോടും കടപ്പെട്ടവരാണ്.

♦

### അദ്ധ്യായം 2

# ന്യായപ്രമാണത്തിൻ കീഴിൽ

**ന്യായപ്രമാണം എന്നാൽ എന്ത്?**

ന്യായപ്രമാണം (ഹമം) എന്ന പദം റ്റോറാ (Torah) എന്ന എബ്രായ പദത്തിൽ നിന്നുമാണ് തർജ്ജമ ചെയ്തിരിക്കുന്നത്. ന്യായപ്രമാണ ത്തിന് ഗ്രീക്കിൽ നോമോസ് (nomos) എന്ന വാക്കാണ് ഉപയോഗിച്ചിരി ക്കുന്നത്. നിർദ്ദേശങ്ങൾ, പ്രബോധനങ്ങൾ, വിധികൾ എന്നൊക്കെയാണ് ഈ വാക്കിന്റെ അർത്ഥം. ദൈവം പ്രബോധിപ്പിച്ചിട്ടുള്ളതും മനുഷ്യൻ അനുസരിക്കണമെന്ന് ആവശ്യപ്പെടുന്നതുമായ സ്വർഗ്ഗീയ പ്രമാണ ങ്ങളാണ് ന്യായപ്രമാണങ്ങൾ. ദൈവം മനുഷ്യന് വെളിപ്പെടുത്തിത്തന്നി ട്ടുള്ള തന്റെ എല്ലാഹിതങ്ങളെയും ചേർത്ത് ന്യായപ്രമാണം എന്നു തിരു വചനം അർത്ഥമാക്കുന്നു. **എന്നാൽ ന്യായപ്രമാണ പുസ്തകത്തിൽ എഴുതിയിരിക്കുന്നതൊക്കെയും ചെയ്‌വാൻ തക്കവണ്ണം അതിൽ നിലനില്ക്കാത്തവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്ന് എഴുതിയിരി ക്കുന്നുവല്ലോ (ഗലാത്യർ 3:10).** അവർ വെറുതെ എന്നെ പകച്ചു എന്ന് അവരുടെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്ന വചനം നിവൃത്തി യാകേണ്ടതിനുതന്നെ (യോഹന്നാൻ 15:25). പുതിയനിയമത്തിൽ കാണുന്ന ഈ ഉദ്ധരണികളിൽ ആദ്യത്തേത് ആവർത്തന പുസ്തക ത്തിൽനിന്നും, രണ്ടാമത്തേത് സങ്കീർത്തന പുസ്തകത്തിൽ നിന്നുമാണ് എടുത്തിട്ടുള്ളത്. അതുകൊണ്ട് എഴുതപ്പെട്ടിട്ടുള്ള ദൈവവചനത്തെ എല്ലാം ചേർത്ത് ന്യായപ്രമാണം എന്ന് തിരുവചനം സംബോധന ചെയ്യുന്നു എന്ന് പറയാം.

“ഒരുവൻ ന്യായപ്രമാണം മുഴുവനും അനുസരിച്ച് നടന്നിട്ടും ഒന്നിൽ തെറ്റിയാൽ അവൻ സകലത്തിനും കുറ്റക്കാരനായിത്തീർന്നു. വ്യഭിചാരം ചെയ്യരുത് എന്ന് കല്പിച്ചവൻ കൊല ചെയ്യരുത് എന്നും കല്പിച്ചിരി ക്കുന്നു. നീ വ്യഭിചാരം ചെയ്യുന്നില്ലെങ്കിലും കൊല ചെയ്യുന്നു എങ്കിൽ ന്യായപ്രമാണം ലംഘിക്കുന്നവനായിത്തീർന്നു” (യാക്കോബ് 2:10,11). **ഇവിടെ പത്തു കല്പനയെ ന്യായപ്രമാണം എന്ന് അപ്പൊസ്തലൻ**

**സംബോധന ചെയ്യുന്നു.** “പുരുഷാരം അവനോട് ക്രിസ്തു എന്നേക്കും ഇരിക്കും എന്നു ഞങ്ങൾ ന്യായപ്രമാണത്തിൽ വായിച്ചു കേട്ടിരിക്കുന്നു” (യോഹ. 12: 34). “ക്രിസ്തു എന്നേക്കും ഇരിക്കും” എന്ന് ഒരു പ്രത്യേക ഉദ്ധരണി പഴയനിയമത്തിൽ എങ്ങും തന്നെ കാണുന്നില്ല. എന്നാൽ പഴയനിയമത്തിന്റെ പല ഭാഗങ്ങളിലായി ക്രിസ്തുവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നതിന്റെ സംക്ഷേപമാണ് “ക്രിസ്തു എന്നേക്കും ഇരിക്കും” എന്നു പറയുന്നത്. യെശയ്യാവ് 9:7-ൽ ക്രിസ്തുവിനെക്കുറിച്ച് ഇങ്ങനെ പറയുന്നു. “അവന്റെ ആധിപത്യത്തിന്റെ വർദ്ധനയ്ക്കും സമാധാനത്തിനും അവസാനം ഉണ്ടാകയില്ല.” ഇതുപോലെയുള്ള മറ്റു വേദഭാഗങ്ങളും ഉള്ളതിന്റെ അടിസ്ഥാനത്തിലാണ് മശീഹാ വരുമ്പോൾ എന്നേക്കുമുള്ള രാജത്വം സ്ഥാപിക്കും എന്ന് യെഹൂദന്മാർ വിശ്വസിച്ചിരുന്നത്; ഇപ്പോഴും വിശ്വസിക്കുന്നതും. അതുകൊണ്ട് ന്യായപ്രമാണത്തിൽ വായിച്ച് കേട്ടിരിക്കുന്നു എന്നു പറയുന്നത് പഴയനിയമത്തെ ആകമാനം സംക്ഷേപിച്ചുകൊണ്ടുള്ള പ്രസ്താവനയാണ്. **ആയതിനാൽ ന്യായപ്രമാണം എന്ന് അറിയപ്പെടുന്ന പദപ്രയോഗത്തിന് പഴയനിയമപുസ്തകങ്ങൾ ആകമാനം എന്നും; ഏതെങ്കിലും ഒരു പ്രത്യേക ഭാഗം എന്നും അർത്ഥമാകുന്നുണ്ട്.** എഴുത്തുകാരന്റെ ഉദ്ദേശ്യം ആസ്പദമാക്കി നാം അർത്ഥം ഗ്രഹിക്കേണ്ടതാണ്. “ന്യായപ്രമാണം നീങ്ങിപ്പോയി ” എന്നു പറയുന്ന ഉപദേഷ്ടാക്കന്മാർ ഉണ്ട്. അവർ എന്ത് ഉദ്ദേശിക്കുന്നു എന്നും വെളിപ്പെടുത്തേണ്ടതാണ്.

**ഞാൻ ന്യായപ്രമാണത്തെയോ, പ്രവാചകന്മാരെയോ നീക്കേണ്ടതിനു വന്നു എന്നു നിരൂപിക്കരുത്; നീക്കുവാനല്ല നിവർത്തിപ്പാനത്രേ ഞാൻ വന്നത് (മത്തായി 5:17).** കർത്താവ് “ന്യായപ്രമാണം” എന്നും “പ്രവാചകന്മാർ” എന്നും രണ്ടു വാക്കുകൊണ്ട് അർത്ഥമാക്കുന്നത് പഴയനിയമ പുസ്തകങ്ങളെ ആകമാനം ചേർത്തുകൊണ്ടാണ്. “നിവർത്തിപ്പാനത്രെ” എന്നുപറഞ്ഞത് സംഭവിക്കുമെന്ന് പഴയനിയമപുസ്തകങ്ങൾ പ്രവചിച്ചത് എന്നിൽ സംഭവിച്ച് യാഥാർത്ഥ്യമാകും എന്നാണ് അർത്ഥമാക്കുന്നത്. അതുകൊണ്ട് “ന്യായപ്രമാണം” എന്ന വാക്ക് സൂക്ഷ്മതയോടെ ഗ്രഹിക്കേണ്ടതാണ്. സ്വന്ത അഭിപ്രായമല്ല; വേദപുസ്തകം എന്തുപറയുന്നു എന്നുള്ളതാണ് ഇവിടെ പ്രസക്തം.

### ന്യായപ്രമാണം ആരു തന്നു?

ഒരു മനുഷ്യനും മറ്റൊരു മനുഷ്യന് ന്യായപ്രമാണം കൊടുക്കുവാനുള്ള അധികാരമില്ല; നാം എല്ലാവരും ഒരുപോലെ മനുഷ്യരാണ്. എല്ലാ ന്യായപ്രമാണങ്ങളും പിതാവായ ദൈവം ക്രിസ്തു മുഖാന്തരം

പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച മനുഷ്യരിൽ കൂടി തന്നിരിക്കുന്നു. അതുകൊണ്ട് എല്ലാ ന്യായപ്രമാണങ്ങളും പിതാവായ ദൈവത്താൽ നല്കപ്പെട്ടിരിക്കുന്നു എന്ന് ഉറപ്പാക്കാം. മോശെയുടെ ന്യായപ്രമാണം എന്ന പദപ്രയോഗം തിരുവചനത്തിൽ കാണുന്നു. മോശെയുടെ ന്യായ പ്രമാണപ്രകാരം അവളുടെ ശുദ്ധീകരണം തികഞ്ഞപ്പോൾ... (ലൂക്കോസ് 2:22) ദൈവം മോശെ മുഖാന്തരം തന്നിരിക്കുന്ന ന്യായപ്രമാണം എന്നാണ് മോശെയുടെ ന്യായപ്രമാണം എന്ന വാക്കുകൊണ്ട് അർത്ഥ മാക്കുന്നത്.

എല്ലാ അരുളപ്പാടുകളും പിതാവായ ദൈവത്തിൽനിന്നും വരുന്നു. കർത്താവ് പറയുന്നത് ഞാൻ സ്വയമായി സംസാരിച്ചിട്ടില്ല. എന്നെ അയച്ച പിതാവ് തന്നെ ഞാൻ ഇന്നത് പറയണം എന്നും ഇന്നത് സംസാ രിക്കണം എന്നും കല്പന തന്നിരിക്കുന്നു. അവന്റെ കല്പന നിത്യ ജീവൻ എന്ന് ഞാൻ അറിയുന്നു. ആകയാൽ ഞാൻ സംസാരിക്കുന്നത് പിതാവ് എന്നോട് അരുളിച്ചെയ്തതുപോലെ തന്നെ സംസാരിക്കുന്നു" (യോഹന്നാൻ 12:49,50). കർത്താവിന്റെ കല്പന എന്നോ പരിശുദ്ധാ ത്മാവിന്റെ കല്പന എന്നോ വേർതിരിച്ച് ഒരു കല്പന ഇല്ല. എന്റെ വചനം കൈക്കൊള്ളാതെ എന്ന് കർത്താവ് പറയുമ്പോൾ പിതാവ് എന്നിൽ കൂടി തന്നിട്ടുള്ള വചനങ്ങൾ കൈക്കൊള്ളാതെ എന്നാണ് അർത്ഥമാകുന്നത്. പരിശുദ്ധാത്മാവിനെക്കുറിച്ച് പറയുന്നത് "സത്യ ത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും. അവൻ **സ്വയമായി** സംസാരിക്കാതെ താൻ കേൾക്കു ന്നത് സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചു തരി കയും ചെയ്യും. അവൻ എനിക്കുള്ളതിൽ നിന്ന് എടുത്ത് നിങ്ങൾക്ക് അറിയിച്ചു തരുന്നതുകൊണ്ട് എന്നെ മഹത്വപ്പെടുത്തും. പിതാവിനു ള്ളത് ഒക്കെയും എനിക്കുള്ളത്; അതുകൊണ്ടത്രേ എനിക്കുള്ളതിൽ നിന്നും എടുത്ത് നിങ്ങൾക്ക് അറിയിച്ചുതരും എന്നു ഞാൻ പറഞ്ഞത് " (യോഹന്നാൻ 16:13-15).

എല്ലാ അരുളപ്പാടുകളുടെയും ഉറവിടം, ഉല്പത്തി മുതൽ വെളി പ്പാടുവരെ, പിതാവായ ദൈവം മാത്രമാണ്. "യേശുക്രിസ്തുവിന്റെ വെളി പ്പാട്: വേഗത്തിൽ സംഭവിപ്പാനുള്ളത് തന്റെ ദാസന്മാരെ കാണിക്കേ ണ്ടതിനു ദൈവം (പിതാവ്) അത് അവന് (ക്രിസ്തുവിന്) കൊടുത്തു" (വെളിപ്പാട് 1:1) ന്യായപ്രമാണത്തിന്റെ കാര്യത്തിലും അത് തന്നിരിക്കു ന്നത് പിതാവായ ദൈവമാണ്. "എന്റെ പ്രിയസഹോദരന്മാരേ, വഞ്ചി ക്കപ്പെടരുത് എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽ നിന്ന് വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്നു ഇറങ്ങിവരുന്നു. അവന്

വികാരമോ ഗതിഭേദത്താലുള്ള ആഛരാദനമോ ഇല്ല..." (യാക്കോബ് 1:16-18). **ന്യായപ്രമാണം തന്നിരിക്കുന്ന പിതാവായ ദൈവത്തിന് മാറ്റം ഇല്ലാത്തവനായതുകൊണ്ട് തന്റെ ന്യായപ്രമാണത്തിനും മാറ്റം വന്നു കൂടാ.**

നിഴലായിരുന്നത് പൊരുളിൽ ലയിച്ചു ചേർന്ന് ഇന്നും തുടരുന്നു. അടിസ്ഥാനപരമായി ന്യായപ്രമാണത്തിന് മാറ്റം വന്നിട്ടില്ല. ഇന്നും ദൈവത്തിന്റെ കുഞ്ഞാടും (യേശു) പുരോഹിതനും (യേശു) നമുക്കുണ്ട്. ന്യായപ്രമാണം മനുഷ്യജാതിയുടെ രക്ഷാപദ്ധതിയെ ഘോഷിക്കുന്നു.

## വിവിധ ന്യായപ്രമാണങ്ങൾ

എല്ലാ ന്യായപ്രമാണങ്ങളും പിതാവായ ദൈവം തന്നിട്ടുള്ളതാകയാൽ പൊതുവായി എല്ലാ ന്യായപ്രമാണങ്ങളും പിതാവിന്റേതാണ്. എന്നാൽ ന്യായപ്രമാണത്തിൽ വകഭേദങ്ങൾ ഉണ്ട്. അതിനെ രണ്ടായി തരം തിരിക്കാം:-

1. യഹോവയുടെ ന്യായപ്രമാണം (ആവർ. 31:25)
2. മോശെയുടെ ന്യായപ്രമാണം (ആവർ. 31:24)

## യഹോവയുടെ ന്യായപ്രമാണം

യഹോവയുടെ ന്യായപ്രമാണം എന്നും മോശെയുടെ ന്യായപ്രമാണം എന്നും ന്യായപ്രമാണത്തെ വേർതിരിച്ച് അറിയേണ്ടത് തെറ്റിദ്ധാരണ ഒഴിവാക്കുവാൻ സഹായകരമായിരിക്കും. യഹോവയുടെ ന്യായപ്രമാണത്തിന് മോശെയുടെ ന്യായപ്രമാണത്തിൽനിന്നും ദൗത്യത്തിൽ വ്യത്യാസം ഉണ്ട്. "മോശെ ഈ ന്യായപ്രമാണത്തിലെ വചനങ്ങൾ മുഴുവനും ഒരു പുസ്തകത്തിൽ എഴുതിത്തീർന്നപ്പോൾ യഹോവയുടെ നിയമപെട്ടകം ചുമക്കുന്ന ലേവ്യരോടു കല്പിച്ചതു എന്തെന്നാൽ; ഈ ന്യായപ്രമാണപുസ്തകം എടുത്ത് നിങ്ങളുടെ ദൈവമായ യഹോവയുടെ നിയമപെട്ടകത്തിന്നരികെ വെപ്പിൻ; അവിടെ അതു നിന്റെ നേരെ സാക്ഷിയായിരിക്കും" (ആവർത്തനം 31:24-26). ഇവിടെ പത്തുകല്പനയും പത്തുകല്പനയെ വഹിക്കുന്ന നിയമപെട്ടകവും കാണുവാൻ സാധിക്കുന്നു. അതിനെ യഹോവയുടെ നിയമപെട്ടകം എന്നുവിളിക്കുന്നു. അതിനകത്തിരിക്കുന്ന പത്ത് കല്പനയെ യഹോവയുടെ ന്യായപ്രമാണം എന്നും വിളിക്കുന്നു. ദൈവം കല്പന കൊടുക്കുവാൻ മോശെയെ വിളിച്ചു. "പിന്നെ യഹോവ മോശെയോട് നീ എന്റെ അടു

ക്കൽ പർവ്വതത്തിൽ കയറിവന്ന് അവിടെ ഇരിക്ക; ഞാൻ നിനക്ക് കല്പ ലകകളും നീ അവരെ ഉപദേശിക്കേണ്ടതിന് ഞാൻ എഴുതിയ ന്യായ പ്രമാണവും കല്പനകളും തരും എന്ന് അരുളിച്ചെയ്തു" (പുറപ്പാട് 24:12). തുടർന്ന് മോശെയോട് പറയുന്നത് ഖദിരമരം കൊണ്ട് ഒരു പെട്ടകം ഉണ്ടാക്കേണം (പുറപ്പാട് 25:10) ഞാൻ തരുവാനിരിക്കുന്ന സാക്ഷ്യം പെട്ടകത്തിൽ വയ്ക്കേണം. (വാക്യം 16). പെട്ടകത്തിനകത്ത് ദൈവത്തിന്റെ ന്യായപ്രമാണമാകുന്ന പത്തുകല്പനയും പെട്ടകത്തിനു പുറത്ത് (അരികെ) മോശയുടെ ന്യായപ്രമാണവും കാണുവാൻ സാധിക്കുന്നു.

രണ്ടു ന്യായപ്രമാണങ്ങൾക്കും രണ്ടു ദൗത്യങ്ങൾ ദൈവം ഏർപ്പാട് ചെയ്തിരിക്കുന്നതുകൊണ്ട് രണ്ടും വേർതിരിച്ച് അറിയേണ്ടത് ശരിയായ പഠനത്തിന് ആവശ്യമാണ്. പെട്ടകത്തിനകത്ത് ഇരിക്കുന്ന ദൈവത്തിന്റെ ന്യായപ്രമാണമാകുന്ന പത്തുകല്പന ലംഘിക്കുന്നത് പാപമാകുന്നു എന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നു. "പാപം ചെയ്യുന്നവൻ എല്ലാം അധർമ്മവും ചെയ്യുന്നു; പാപം അധർമ്മം തന്നെ" (1 യോഹ. 3:4). പാപത്തെ എല്ലാകാലത്തും നിർവ്വചിക്കുന്നത് നിയമപെട്ടകത്തിനകത്തിരിക്കുന്ന പത്ത് കല്പനയുടെ അടിസ്ഥാനത്തിലാണ്. അതിനെ ദൈവത്തിന്റെ ന്യായപ്രമാണം എന്ന് അറിയപ്പെടുന്നു; അതിന്റെ എഴുത്തുകാരനും ദൈവം തന്നെയാണ്. "അവൻ സീനായി പർവ്വതത്തിൽ വെച്ചു മോശെയോട് അരുളിച്ചെയ്തു കഴിഞ്ഞശേഷം **ദൈവത്തിന്റെ വിരൽ കൊണ്ട് എഴുതിയ കല്പനകളായ സാക്ഷ്യപലക രണ്ടും അവന്റെ പക്കൽ കൊടുത്തു.**" **(പുറപ്പാട് 31:18)** ദൈവം തന്റെ സ്വന്തം ശബ്ദം കേൾപ്പിച്ച് സർവ്വ സഭയോടും അരുളിച്ചെയ്ത ഒരേ ഒരു കാര്യം പത്തു കല്പന മാത്രമാണ്. "യഹോവ പർവ്വതത്തിൽ തീയുടെ നടുവിൽ നിന്നു നിങ്ങളോട് അഭിമുഖമായി അരുളിച്ചെയ്തു" (ആവർത്തനം 5:4). മറ്റ് എല്ലാ അരുളപ്പാടുകളും ദൈവം അരുളിച്ചെയ്കയും മോശെയും മറ്റ് പ്രവാചകന്മാരും എഴുതുകയും ചെയ്തു. എന്നാൽ പത്തു കല്പനയുടെ കാര്യത്തിൽ വ്യത്യസ്തമായ സമീപനമാണ് കാണുന്നത്. **രണ്ടു കല്പലകകളിൽ എഴുതിയ**ത് **സ്നേഹത്തിന്റെ രണ്ട് കല്പനകളാണ്.** ഒന്ന് ദൈവത്തോടുള്ള സ്നേഹത്തിന്റെ കല്പനകൾ; രണ്ട് മറ്റു മനുഷ്യരോടുള്ള സ്നേഹത്തിന്റെ കല്പനകൾ. സ്നേഹം ദൈവസ്വഭാവമാണ്. "ദൈവം സ്നേഹം തന്നെ" (1 യോഹ. 4:8). അത് വെളിപ്പെടുത്തുവാൻ ദൈവം തീരുമാനിച്ചപ്പോൾ മറ്റ് ആരേയും ഏല്പിക്കാതെ താൻതന്നെ സ്വർഗ്ഗത്തിൽനിന്നും ഇറങ്ങി സീനായി പർവ്വതത്തിൽ വരികയും തന്റെ ശബ്ദം കേൾപ്പിച്ചും, സ്വന്ത വിരൽകൊണ്ട് എഴുതിയും ജനത്തിനു

കൊടുത്തു. ഇങ്ങനെ ചെയ്തതിനാൽ മനുഷ്യന്റെ യാതൊരു ഇടപെടലും പത്തുകല്പനയുടെ കാര്യത്തിൽ ദൈവം ആഗ്രഹിക്കുന്നില്ല എന്ന് മനസ്സിലാകുന്നു. കല്പന എഴുതിക്കൊടുക്കുന്നതിനുമുമ്പ് ദൈവം മോശെയോട് പറഞ്ഞ വാക്കുകൾ ശ്രദ്ധിച്ചാൽ ഈ കാര്യം വളരെ വ്യക്തമാണ്. **“ഞാൻ നിങ്ങളോടു കല്പിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകളെ നിങ്ങൾ പ്രമാണിക്കേണം. ഞാൻ നിങ്ങളോടു കല്പിക്കുന്ന വചനത്തോട് കൂട്ടുകയോ അതിൽനിന്നു കുറയ്ക്കുകയോ ചെയ്യരുത്” (ആവർ. 4:2).** ഇത്ര വ്യക്തമായി ദൈവം പറഞ്ഞിരിക്കെ ഇന്ന് നാം ദൈവത്തിന്റെ പത്ത് കല്പനയിൽ കൈകടത്തിയിരിക്കുന്നു. ശൗൽ ചെയ്തതുപോലെ കല്പന മാറ്റി മറിക്കുന്നതിന് ഒരു നല്ല കാരണവും നാം കണ്ടുപിടിച്ചിരിക്കുന്നു. പത്തു കല്പനയുടെ നടുവിൽ കാണുന്ന നാലാമത്തെ കല്പനയാകുന്ന വിശുദ്ധ ശബ്ബത്ത് പാടെ എടുത്ത് മാറ്റിയിട്ട്, ഉയിർപ്പ് ഒരു നല്ല കാരണമാക്കിക്കൊണ്ട് ഇന്ന് ഞായറാഴ്ച വിശുദ്ധ ദിവസമാണ് എന്ന് നാം തന്നെ പറയുന്നു. ദൈവം ഇതിനെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല എന്ന് തിരുവചനം സാക്ഷിയാണ്.


യഹോവയുടെ ന്യായപ്രമാണമാകുന്ന പത്തുകല്പന കൊടുക്കുന്നതിനുമുമ്പ് ദൈവം മോശെയോട് അത് സൂക്ഷിച്ചു വയ്ക്കുവാനുള്ള സാക്ഷ്യപെട്ടകം ഉണ്ടാക്കണം എന്ന് വിശദമായി പറഞ്ഞു. പുറ. 25:10 മുതൽ പെട്ടകം ഉണ്ടാക്കേണ്ടുന്ന വിധം പറഞ്ഞിട്ട് 17-ാം വാക്യം മുതൽ പറയുന്നു: തങ്കം കൊണ്ട് കൃപാസനം ഉണ്ടാക്കേണം; അതിന്റെ നീളം രണ്ടര മുഴവും വീതി ഒന്നര മുഴവും ആയിരിക്കേണം. പൊന്നുകൊണ്ട് രണ്ട് കെരൂബുകളെ ഉണ്ടാക്കേണം; കൃപാസനത്തിന്റെ രണ്ടറ്റത്തും അടിപ്പുപണിയായി പൊന്നുകൊണ്ട് അവയെ ഉണ്ടാക്കേണം. ഒരു കെരൂബിനെ ഒരറ്റത്തും, മറ്റെ കെരൂബിനെ മറ്റെ അറ്റത്തും ഉണ്ടാക്കേണം. കെരൂബുകളെ കൃപാസനത്തിൽനിന്നുള്ളവയായി അതിന്റെ രണ്ടറ്റത്തും ഉണ്ടാക്കേണം. കെരൂബുകൾ മേലോട്ട് ചിറക് വിടർത്തി ചിറകുകൊണ്ട് കൃപാസനത്തെ മൂടുകയും തമ്മിൽ അഭിമുഖമായിരിക്കുകയും വേണം. കെരൂബുകളുടെ മുഖം കൃപാസനത്തിനുനേരേ ഇരിക്കേണം. കൃപാസനത്തെ പെട്ടകത്തിൻമീതെ വയ്ക്കേണം. ഞാൻ തരുവാനിരിക്കുന്ന സാക്ഷ്യം പെട്ടകത്തിനകത്ത് വയ്ക്കേണം. അവിടെ ഞാൻ നിനക്ക് പ്രത്യക്ഷനായി കൃപാസനത്തിന്മേൽനിന്നും സാക്ഷ്യപെട്ടകത്തിന്മേൽ നിൽക്കുന്ന രണ്ട് കെരൂബുകളുടെ നടുവിൽനിന്നും യിസ്രായേൽ മക്കൾക്കായി ഞാൻ നിന്നോട് കല്പിക്കാനിരിക്കുന്ന സകലവും നിന്നോട് അരുളിച്ചെയ്യും (പുറ. 25:17-22).

ഇവിടെ യഹോവയുടെ ന്യായപ്രമാണമാകുന്ന പത്ത് കല്പനയോടനുബന്ധിച്ച് സ്വർഗ്ഗീയ രാജാവിന്റെ സിംഹാസനം കാണുന്നു. ഒരു രാജാവ് സിംഹാസനത്തിൽ ഇരുന്ന് അരുളിച്ചെയ്യുന്നതുപോലെ ദൈവം പത്തു കല്പനയുടെ മേൽ സ്ഥാപിച്ചിരിക്കുന്ന കൃപാസനത്തിന്മേൽ വെളിപ്പെട്ട് ആജ്ഞകൾ കൊടുത്തു. യഹോവയുടെ ന്യായപ്രമാണമാകുന്ന പത്തു കല്പനയും അതിന്റെ മീതെ കൃപാസനവും സ്ഥാപിച്ചിരിക്കുന്നു. കൃപാസനം എന്ന വാക്കിന്റെ മൂല അർത്ഥം "മൂടുക" എന്നുള്ളതാണ് (to cover). കുറെക്കൂടെ വ്യക്തമായ ഭാഷയിൽ പറഞ്ഞാൽ പാപത്തെ ക്ഷമിക്കുക, പാപത്തെ മറെച്ചുകളയുക എന്നാണ് കൃപാസനം എന്ന വാക്കിന്റെ അർത്ഥം. "ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയവൻ ഭാഗ്യവാൻ" (സങ്കീ. 32:1). കൃപാസനത്തിന്റെ താഴെ ഇരിക്കുന്ന കല്പന ലംഘിച്ച് പാപം ചെയ്യുന്നവന്റെ മേൽ ദൈവകൃപ ആവസിക്കുന്നു എന്നാണ് കൃപാസനം ഉദ്ഘോഷിക്കുന്നത്; പാപിയുടെ പ്രത്യാശയാണ് കൃപാസനം. പത്തു കല്പനയിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്നവൻ പാപിയാണ്, കൃപാസനം അവനുവേണ്ടി കാത്തിരിക്കുന്നു.

**ദൈവത്തിന്റെ സിംഹാസനം പത്ത് കല്പനയുടെ മേൽ സ്ഥാപിച്ചിരിക്കുന്നു.**

താഴെ പത്ത് കല്പനയും മീതെ കൃപാസനവും. അതുകൊണ്ട് സങ്കീർത്തനക്കാരൻ പറയുന്നു: "നീതിയും ന്യായവും നിന്റെ സിംഹാസനത്തിന്റെ അടിസ്ഥാനമാകുന്നു" (സങ്കീർത്തനങ്ങൾ 89:14). സ്വർഗ്ഗത്തിലെ ദൈവാലയത്തിൽ അതിവിശുദ്ധ സ്ഥലത്ത് വെളിപ്പാടുകാരനായ യോഹന്നാന് പ്രത്യക്ഷമായ നിയമപെട്ടകത്തിന്റെ ചിത്രീകരണമാണ് പുറപ്പാട് പുസ്തകം 25-ാം അദ്ധ്യായത്തിൽ നാം കാണുന്നത്. നിയമപെട്ടകമാണ് ദൈവാലയത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഉപകരണം. നിയമപെട്ടകത്തിനകത്തിരിക്കുന്ന പത്ത് കല്പനയെ യഹോവയുടെ സാക്ഷ്യം എന്നും വിളിക്കുന്നു. നിയമപെട്ടകത്തിന്റെ പ്രാധാന്യം ഹേതുവായി ദൈവാലയത്തെ ആകമാനം സാക്ഷ്യകൂടാരം" എന്ന് പേർവിളിക്കുന്നു. "തിരുനിവാസം ഉയർത്തി നിറുത്തിയ നാളിൽ മേഘം **സാക്ഷ്യ കൂടാരമെന്ന** തിരുനിവാസത്തെ മൂടി". സാക്ഷ്യപെട്ടകം ദൈവാലയത്തിൽ ഇരിക്കുന്നതുകൊണ്ടാണ് ദൈവാലയത്തെ മുഴുവനായിട്ട് സാക്ഷ്യകൂടാരം എന്ന് വിളിക്കുന്നത്. ഇതിൽനിന്നും പത്ത് കല്പനയ്ക്ക് ദൈവാലയത്തിൽ ഉണ്ടായിരുന്ന പ്രാധാന്യത്തെ മനസ്സിലാക്കാവുന്നതാണ്.

ഒരു കാലത്ത് ലൂസിഫർ സിംഹാസനത്തെ മറയ്ക്കുന്ന രണ്ട് കെരൂബുകളിൽ ഒന്നായിരുന്നു. "നീ ചിറകു വിടർത്തി മറയ്ക്കുന്ന കെരൂ




ബാകുന്നു" (യെഹെസ്ക്കേൽ 28:14). ഓരോ ഹൃദയത്തിലും ദൈവം തന്റെ സിംഹാസനം സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നു. ഹൃദയം എന്ന മാംസപലകയിൽ യഹോവ തന്റെ ന്യായപ്രമാണമാകുന്ന പത്ത് കല്പന എഴുതുവാൻ അനുവദിക്കുന്നു എങ്കിൽ മാത്രമെ ദൈവത്തിന് തന്റെ സിംഹാസനം മനുഷ്യഹൃദയങ്ങളിൽ സ്ഥാപിക്കുവാൻ സാധിക്കയുള്ളു.

കൃപാസനം ദൈവത്തിന്റെ സിംഹാസനമാണ്. അത് യഹോവയുടെ ന്യായപ്രമാണമാകുന്ന പത്ത് കല്പനയുടെമേൽ സ്ഥാപിച്ചിരിക്കുന്നു. അതുകൊണ്ട് ദൈവസിംഹാസനത്തിന്റെ അടിസ്ഥാനം പത്ത് കല്പനയാണ്; അത് ഒരിക്കലും മാറിപ്പോകുന്നില്ല. അന്ത്യന്യായവിധിയോട് ബന്ധപ്പെട്ട് വെളിപ്പാടുകാരനായ യോഹന്നാൻ ദൈവത്തിന്റെ നിയമ പെട്ടകം സ്വർഗ്ഗത്തിൽ കാണുന്നു. "മരിച്ചവരെ ന്യായം വിധിപ്പാനും നിന്റെ ദാസന്മാരായ പ്രവാചകന്മാർക്കും വിശുദ്ധന്മാർക്കും ചെറിയവരും വലിയവരുമായി നിന്റെ ഭക്തന്മാർക്കും പ്രതിഫലം കൊടുപ്പാനും ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിപ്പാനുമുള്ള കാലവും വന്നു. അപ്പോൾ സ്വർഗ്ഗത്തിലെ ദൈവാലയം തുറന്നു. അവന്റെ നിയമപെട്ടകം അവന്റെ ആലയത്തിൽ പ്രത്യക്ഷമായി" (വെളി. 11:18-19). സ്വർഗ്ഗത്തിലെ സാക്ഷ്യകൂടാരം ആദ്യം മോശെയ്ക്ക് ദൈവം കാണിച്ചുകൊടുത്തു. അതിൻപ്രകാരം ഒന്ന് ഭൂമിയിൽ ഉണ്ടാക്കുവാൻ ദൈവം മോശെയോട് പറഞ്ഞു. "പർവ്വതത്തിൽ വച്ച് കാണിച്ചുതന്ന മാതൃകപ്രകാരം അവയെ ഉണ്ടാക്കുവാൻ സൂക്ഷിച്ചുകൊള്ളേണം" (പുറ. 25:40). അപ്പൊ. പൗലോസ് യെഹൂദന്മാർക്ക് (എബ്രായർക്ക്) ലേഖനം എഴുതിയപ്പോൾ മോശെ സ്ഥാപിച്ച സാക്ഷ്യകൂടാരത്തെപ്പറ്റി പറയുന്നത്: "നാം ഈ പറയുന്നതിന്റെ സാരം എന്തെന്നാൽ സ്വർഗ്ഗത്തിൽ മഹിമാസനത്തിന്റെ വലത്തു ഭാഗത്ത് ഇരുന്നവനായി വിശുദ്ധ സ്ഥലത്തിന്റെയും മനുഷ്യനല്ല കർത്താവ് സ്ഥാപിച്ച സത്യകൂടാരത്തിന്റെയും മഹാപുരോഹിതൻ നമുക്കുണ്ട്" (എബ്രായർ 8:1-2). ഭൂമിയിൽ മഹാപുരോഹിതൻ ചെയ്ത

ശുശ്രൂഷ ക്രിസ്തു ഇപ്പോൾ സ്വർഗ്ഗീയ കൂടാരത്തിൽ ചെയ്യുന്ന ശുശ്രൂഷയുടെ നിഴലായിരുന്നു. **"ക്രിസ്തുവോ വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്നിട്ട് കൈപ്പണിയല്ലാത്തതായി എന്നു വെച്ചാൽ ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി വലിപ്പവും തികവുമേറിയ ഒരു കൂടാരത്തിൽകൂടി ആട്ടുകൊറ്റന്മാരുടെയും പശുക്കിടാക്കളുടെയും രക്തത്താലല്ല, സ്വന്തരക്തത്താൽ തന്നെ ഒരിക്കലായിട്ട് വിശുദ്ധ മന്ദിരത്തിൽ പ്രവേശിച്ച് എന്നേക്കുമുള്ളോരു വീണ്ടെടുപ്പ് സാധിപ്പിച്ചു" (എബ്രായർ 9:11-12).** ഇവിടെ പുതിയ നിയമ കാലത്ത് യേശു മഹാപുരോഹിതനായി ചെയ്യുന്ന ശുശ്രൂഷ അപ്പൊസ്തലൻ വിവരിക്കുന്നതാണ് നാം കാണുന്നത്. നാം പഠിച്ചുകൊണ്ടിരിക്കുന്ന യഹോവയുടെ ന്യായപ്രമാണവുമായി ബന്ധപ്പെടുത്തി ഭൗമിക കൂടാരശുശ്രൂഷ വളരെ ചുരുക്കത്തിൽ പരിശോധിക്കാം.

### ഭൗമീക കൂടാരത്തിലെ പുരോഹിത ശുശ്രൂഷ

ഭൗമീക കൂടാര ശുശ്രൂഷ മനസ്സിലാകുന്നു എങ്കിൽ മാത്രമേ കർത്താവിന്റെ സ്വർഗ്ഗീയ കൂടാര ശുശ്രൂഷ മനസ്സിലാക്കുവാൻ സാധിക്കയുള്ളു; കാരണം നാം ആരും തന്നെ സ്വർഗ്ഗത്തിൽ കയറി കർത്താവ് ഇപ്പോൾ എന്തു ശുശ്രൂഷ ചെയ്യുന്നു എന്ന് കാണുന്നില്ല. ആണ്ടിൽ ഒരു ദിവസം ഒഴിച്ച് മറ്റെല്ലാ ദിവസവും വിശുദ്ധ സ്ഥലത്ത് പുരോഹിതൻ രക്തം കൊണ്ട് ശുശ്രൂഷ ചെയ്തിരുന്നു. "പുരോഹിതൻ രക്തത്തിൽ വിരൽ മുക്കി യഹോവയുടെ സന്നിധിയിൽ വിശുദ്ധ മന്ദിരത്തിന്റെ തിരശ്ശീലയ്ക്കു മുമ്പിൽ ഏഴുപ്രാവശ്യം തളിക്കേണം"(ലേവ്യപുസ്തകം 4: 6). **എന്തിനാണ് തിരശ്ശീലയ്ക്കുമുമ്പിൽ രക്തം തളിക്കുന്നത് എന്ന ചോദ്യം കൂടാര ശുശ്രൂഷയുടെ സത്ത മനസ്സിലാക്കുവാൻ സഹായിക്കും.** തിരശ്ശീലയ്ക്കപ്പുറത്ത് അതിവിശുദ്ധസ്ഥലത്ത് നിയമപ്പെട്ടകവും അതിൽ പത്തുകല്പനയും വച്ചിരുന്നു. പാപം ചെയ്യുന്ന ദേഹി മരിക്കണം എന്ന യഹോവയുടെ ന്യായപ്രമാണത്തെ (പത്തുകല്പനയെ) തൃപ്തിപ്പെടുത്തുവാൻ പുരോഹിതൻ രക്തം തിരശ്ശീലയ്ക്കു മുമ്പിൽ തളിക്കുമായിരുന്നു. "മാംസത്തിന്റെ ജീവൻ രക്തത്തിൽ അല്ലോ ഇരിക്കുന്നത്; യാഗപീഠത്തിന്മേൽ നിങ്ങൾക്കുവേണ്ടി പ്രായശ്ചിത്തം കഴിപ്പാൻ ഞാൻ അത് നിങ്ങൾക്ക് തന്നിരിക്കുന്നു; രക്തം അല്ലോ ജീവൻ മൂലമായി പ്രായശ്ചിത്തം ആകുന്നത്" (ലേവ്യ. 17:11). **ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ ക്രമീകരണമാണ് നാം ഇവിടെ കാണുന്നത്.** ആണ്ടിൽ ഒരിക്കൽ മഹാപുരോഹിതൻ അതിവിശുദ്ധ സ്ഥലത്ത് പ്രവേശിച്ച് പാപപരിഹാരം വരുത്തുന്ന ശുശ്രൂഷ ലേവ്യാപുസ്തകം 16-ാം

അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. **യഹോവയുടെ ന്യായ പ്രമാണം സമാഗമന കൂടാരത്തിൽ ഇല്ലെന്ന് കരുതുക. യാഗത്തിന്റെയും പുരോഹിതന്റെയും ആവശ്യം ഇല്ലെന്ന് വരുന്നു. തന്നെയുമല്ല ഓരോ പ്രാവശ്യവും രക്തം കൃപാസനത്തിന്റെ മുമ്പിൽ തളിക്കുമ്പോൾ ദൈവാലയത്തിന് പുറത്ത് ഒരു പാപി മാനസാന്തരപ്പെട്ടു എന്ന് രക്തം ആർത്തു ഘോഷിക്കുന്നു. കാരണം മാനസാന്തരപ്പെട്ട പാപിയാണ് യാഗത്തിൽ പങ്കെടുക്കുന്നത്.** ദൈവാലയത്തിൽ യഹോവയുടെ ന്യായപ്രമാണം ഇല്ലായിരുന്നു എങ്കിൽ മാനസാന്തരത്തിനും യാഗത്തിനും ഇടം ഇല്ലെന്ന് വരുന്നു. ദൈവാലയവും അതിലെ എല്ലാ ശുശ്രൂഷകളും ഒരു കേന്ദ്രബിന്ദുവിനെ ആസ്പദമാക്കിയുള്ളതാണ്; ആ കേന്ദ്രബിന്ദു യഹോവയുടെ ന്യായപ്രമാണമാകുന്ന പത്തു കല്പനയും അത് ലംഘിക്കുന്ന പാപിയുടെ രക്ഷാപദ്ധതിയുമാണ്. പത്തുകല്പന നാം ജീവിതത്തിൽനിന്നും മാറ്റിയാൽ പാപിക്ക് ക്രിസ്തു എന്ന പുരോഹിതന്റെ ആവശ്യം ഇല്ല.

### കർത്താവിന്റെ സ്വർഗ്ഗീയ കൂടാര ശുശ്രൂഷ

ഇനിയും കർത്താവായ യേശുവിന്റെ സ്വർഗ്ഗീയ കൂടാര ശുശ്രൂഷ ചുരുക്കത്തിൽ പരിശോധിക്കാം. കർത്താവ് ഇപ്പോൾ സ്വർഗ്ഗീയ കൂടാരത്തിൽ ചെയ്യുന്ന ശുശ്രൂഷയുടെ നിഴലായിരുന്നു ഭൗമിക കൂടാരത്തിൽ പുരോഹിതന്മാർ ചെയ്തിരുന്നത്. "അവർ സ്വർഗ്ഗീയമായതിന്റെ ദൃഷ്ടാന്തവും നിഴലുമായതിൽ ശുശ്രൂഷ ചെയ്യുന്നു" (എബ്രായർ 8:5). **കർത്താവായ യേശുവിന്റെ ക്രൂശിൽ മാത്രം നോക്കുന്നവർ രക്ഷാപദ്ധതി ഭാഗീകമായി മാത്രമേ കാണുന്നുള്ളു.** അങ്ങനെയുള്ളവർ സാത്താന്റെ വഞ്ചനയ്ക്ക് വിധേയരാകുന്നു എന്നും കാണുവാൻ സാധിക്കുന്നു. കർത്താവ് ക്രൂശിൽ യാഗമായതിനുശേഷം സ്വർഗ്ഗീയ സാക്ഷ്യകൂടാരത്തിൽ തന്റെ രക്തം കൊണ്ട് ശുശ്രൂഷ ചെയ്യേണ്ടതാണ്. അല്ലെങ്കിൽ കർത്താവിന്റെ യാഗം (ക്രൂശ് മരണം) വ്യർത്ഥമാണ്. പഴയനിയമ പുരോഹിതന്മാർ പുറത്തെ പ്രാകാരത്തിൽ (ദൈവാലയത്തിന് പുറത്ത്) യാഗം കഴിച്ചതിനുശേഷം രക്തവുമായി ദൈവാലയത്തിൽ പ്രവേശിച്ച് ദൈവം നിർദ്ദേശിച്ചിരുന്ന ശുശ്രൂഷകൾ ചെയ്തിരുന്നു. കർത്താവായ യേശു ഈ ഭൂമിയിൽ യാഗമായതിനുശേഷം സ്വർഗ്ഗത്തിലെ സാക്ഷ്യകൂടാരത്തിൽ പ്രവേശിച്ച് തന്റെ രക്തംകൊണ്ട് ഇപ്പോൾ ശുശ്രൂഷ ചെയ്യുന്നു. **"ക്രിസ്തുവോ വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്നിട്ട് കൈപ്പണിയല്ലാത്തതായി എന്നുവെച്ചാൽ ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി വലിപ്പവും തികവുമേറിയ ഒരു കൂടാരത്തിൽ**

**കൂടി ആട്ടുകൊറ്റന്മാരുടേയും പശുക്കിടാക്കളുടേയും രക്തത്താലല്ല സ്വന്തരക്തത്താൽ തന്നെ ഒരിക്കലായിട്ടു വിശുദ്ധമന്ദിരത്തിൽ പ്രവേശിച്ചു എന്നേക്കുമുള്ളോരു വീണ്ടെടുപ്പ് സാധിപ്പിച്ചു" (എബ്രായർ 9:11-12).** പത്തു കല്പനയിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുമ്പോൾ ഒരുവൻ പാപിയായിത്തീരുന്നു; ആ പാപിക്ക് വേണ്ടിയുള്ള ക്രിസ്തുവിന്റെ ശുശ്രൂഷയാണ് പൗലൊസ് വിവരിക്കുന്നത്.

ഭൗമീക കൂടാരത്തിൽ ഉണ്ടായിരുന്ന യഹോവയുടെ ന്യായപ്രമാണമാകുന്ന പത്ത് കല്പന ഇപ്പോൾ സ്വർഗ്ഗീയ കൂടാരത്തിൽ ഉണ്ട്. സ്വർഗ്ഗത്തിലുള്ളതിന്റെ പകർപ്പാണ് ദൈവം മോശെയ്ക്ക് തന്റെ വിരൽകൊണ്ട് എഴുതിക്കൊടുത്തത്. **"അപ്പോൾ സ്വർഗ്ഗത്തിലെ ദൈവാലയം തുറന്നു. അവന്റെ നിയമപ്പെട്ടകം അവന്റെ ആലയത്തിൽ പ്രത്യക്ഷമായി"** (വെളി. 11:19). പഴയനിയമ പുരോഹിതന്മാർക്ക് രക്തം കൊണ്ടുള്ള ശുശ്രൂഷയുടെ നിർദ്ദേശങ്ങൾ കൊടുത്തത് ദൈവമായിരുന്നു. ദൈവമാകുന്ന ക്രിസ്തു പൗരോഹിത്യം ഏറ്റെടുത്തപ്പോൾ നിഴലായതിന്റെ പൊരുൾ ഇപ്പോൾ ചെയ്യുന്നു എന്നാണ് നാം വിശ്വസിക്കേണ്ടത്.

സ്വർഗ്ഗീയ കൂടാരത്തിൽ, ഇന്ന് ചിലർ പറയുന്നതുപോലെ, യഹോവയുടെ ന്യായപ്രമാണമാകുന്ന പത്തു കല്പന ഇല്ല എന്ന് കരുതുക. കർത്താവിന്റെ ജനനവും മരണവും അർത്ഥശൂന്യം; രക്തം വ്യർത്ഥം; പ്രത്യാശയും അർത്ഥശൂന്യം; അങ്ങനെ ഒരു ശൂന്യ കൂമ്പാരം മാത്രം അവശേഷിക്കുന്നു. ദൈവത്തിന്റെ സിംഹാസനത്തിന്റെ അടിസ്ഥാനമായ പത്തു കല്പന മാറിപ്പോയിട്ടില്ല. യഹോവയുടെ ന്യായപ്രമാണമാകുന്ന പത്തു കല്പന മാറിപ്പോയെങ്കിൽ "നീതിയും ന്യായവും" (സങ്കീ. 97:2) മാറിപ്പോയി എന്നാണ് അർത്ഥമാകുന്നത്. **ദൈവത്തിന്റെ ആലയത്തിൽ ദൈവം തന്റെ ന്യായപ്രമാണമാകുന്ന പത്തു കല്പന പ്രത്യക്ഷമാക്കിയിരിക്കെ (വെളി. 11:19) അത് ഇന്ന് നമുക്ക് ബാധകമല്ല എന്ന് കരുതുന്നത് ബുദ്ധിശൂന്യമാണ്. പത്തുകല്പന അനുസരിക്കുന്നത് ദൈവത്തോടുള്ള സ്നേഹത്തിന്റെ അനന്തരഫലമാണ്. "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തു കൊള്ളും" (യോഹ. 14:15).** യഹോവയുടെ ന്യായപ്രമാണമാകുന്ന പത്തു കല്പന ഉൾക്കൊള്ളാത്ത സുവിശേഷം വ്യാജമാണ്. യഹോവയുടെ ന്യായപ്രമാണമാകുന്ന പത്തു കല്പന ഉൾക്കൊള്ളാത്ത ആരാധനയും വ്യാജമാണ്. ദൈവം നമ്മുടെ സ്രഷ്ടാവായതുകൊണ്ടാണ് നാം ദൈവത്തെ ആരാധിക്കുന്നത്. "ആകാശവും ഭൂമിയും സമു

ദ്രവും നീരുറവുകളും ഉണ്ടാക്കിയവനെ നമസ്ക്കരിപ്പിൻ എന്നു അവൻ (ദൂതൻ) അത്യുച്ചത്തിൽ പറഞ്ഞുകൊണ്ടിരുന്നു" (വെളി. 14:7). പത്തു കല്പനയിൽ നാലാമത്തേത് ദൈവജനത്തിന്റെ മദ്ധ്യത്തിൽ നിന്നും എടുത്തു മാറ്റിയാൽ ആരാധനയ്ക്ക് കാരണമില്ല എന്നു വരുന്നു. **പത്തു കല്പനയുടെ നടുവിലാണ് ദൈവം സ്രഷ്ടാവാകുന്നു എന്ന നാലാം കല്പന സ്ഥിതി ചെയ്യുന്നത്.** "ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക ആറു ദിവസം അദ്ധ്വാനിച്ചു നിന്റെ വേല ഒക്കെയും ചെയ്ക. ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്ത് ആകുന്നു; അന്നു നീയും നിന്റെ പുത്രനും പുത്രിയും നിന്റെ വേലക്കാരനും വേല ക്കാരത്തിയും നിന്റെ കന്നുകാലികളും നിന്റെ പടിവാതില്ക്കകത്തുള്ള പരദേശിയും ഒരു വേലയും ചെയ്യരുത്. ആറുദിവസംകൊണ്ട് യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി, ഏഴാം ദിവസം സ്വസ്ഥമായിരുന്നു. **അതുകൊണ്ട് ദൈവം ശബ്ബത്ത് നാളിനെ അനുഗ്രഹിച്ച് ശുദ്ധീകരിച്ചിരിക്കുന്നു" (പുറപ്പാട് 20:8-11). ആരാധനയുടെ കാരണം ദൈവം സ്രഷ്ടാവാണ് എന്നുള്ളതാണ്.** ആരാധനയുടെ കാരണത്തിന് മാറ്റമില്ല എന്ന് ദൈവം സ്വർഗ്ഗത്തിൽ നിന്നും വെളിപ്പാട് 14:6-ൽ കൂടി സകല ഭൂവാസികളോടും, ഗോത്ര ത്തോടും ഭാഷക്കാരോടും വംശക്കാരോടും ഉച്ചത്തിൽ പറയുന്നു.

### ദൈവം നാലാം കല്പന മാറ്റിയോ?

സ്വർഗ്ഗത്തിലെ ദൈവാലയത്തിൽ പ്രത്യക്ഷപ്പെട്ട നിയമപെട്ടകത്തി നകത്തിരിക്കുന്ന പത്തു കല്പനയിൽ നാലാമത്തേത് തുടച്ച് മാറ്റിയിട്ട് "നിന്റെ രക്ഷിതാവായ യേശുക്രിസ്തു ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ഉയിർത്തെഴുന്നേറ്റതുകൊണ്ട് യഹോവ ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവ സത്തെ അനുഗ്രഹിച്ച് ശുദ്ധീകരിച്ചിരിക്കുന്നു" എന്ന് വേദപുസ്തക ത്തിൽ എവിടെ എഴുതിയിരിക്കുന്നു? ദൈവം ആരോടു പറഞ്ഞിരി ക്കുന്നു? ദൈവസിംഹാസനത്തിന്റെ അടിസ്ഥാനം മാറ്റി സ്ഥാപിച്ചു എന്നോ? സ്വർഗ്ഗത്തിലെ ദൈവാലയത്തിൽ പ്രത്യക്ഷപ്പെട്ട നിയമപ്പെ ട്ടകത്തിനകത്തിരിക്കുന്ന പത്ത് കല്പനയിൽ നാലാമത്തേത് മായിച്ചിട്ട് ഏതെങ്കിലും ആറു ദിവസം അദ്ധ്വാനിച്ച് നിന്റെ വേല ഒക്കെയും ചെയ്ക; ഏതെങ്കിലും ഒരു ദിവസം സ്വസ്ഥമായിരിക്ക എന്ന് തിരുത്തി എഴുതി യെന്നോ? നാം ഇത്രമാത്രം ബുദ്ധി ശൂന്യരോ? ദൈവത്തിന്റെ സിംഹാ സനത്തെ മറിച്ചുകളയുവാൻ ആഗ്രഹിക്കുന്ന ഒരു ശത്രു ഉണ്ട്. നാം അവന്റെ പക്ഷം ചേർന്നുകൂടാ.

**എന്താണ് പാപം?**

യഹോവയുടെ ന്യായപ്രമാണമാകുന്ന പത്ത് കല്പന ലംഘിക്കുന്നതാണ് പഴയനിയമകാലത്തും പുതിയനിയമകാലത്തും പാപം. **പാപത്തിന്റെ നിർവ്വചനത്തിന് മാറ്റം വന്നിട്ടില്ല.** യഹോവയുടെ ന്യായപ്രമാണത്തിൽ ഒന്ന് (നാലാമത്തേത്) ഉപേക്ഷിച്ചിരിക്കുന്നതുകൊണ്ട് ഇന്ന് ക്രിസ്തീയ ലോകം യഹോവയുടെ ന്യായപ്രമാണത്തെ മുഴുവൻ ഉപേക്ഷിച്ചിരിക്കുന്നു എന്ന് ബോധവാന്മാരല്ല. **"ഒരുത്തൻ ന്യായപ്രമാണം മുഴുവനും അനുസരിച്ചുനടന്നിട്ടും ഒന്നിൽ തെറ്റിയാൽ അവൻ സകലത്തിനും കുറ്റക്കാരനായിത്തീർന്നു"** (യാക്കോബ് 2:10).

യഹോവയുടെ ന്യായപ്രമാണം എന്നു പറയുന്നത് ദൈവം തന്റെ സ്വന്തം വിരൽകൊണ്ട് എഴുതിയതും സാക്ഷ്യപെട്ടകത്തിനകത്ത് കാണുന്നതുമാണ്. ദൈവസിംഹാസനം പത്തു കല്പനയുടെ മേൽ സ്ഥാപിച്ചിരിക്കുന്നു; അതിന് മാറ്റം വരുത്തിക്കൂടാ. "ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്" എന്ന കല്പനയുടെ ലംഘനം പാപം ആകുന്നതുപോലെ "ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക" എന്ന കല്പന ലംഘിക്കുന്നതും തുല്യ പാപമാണ്. "ഒരു വിഗ്രഹം ഉണ്ടാക്കരുത് " എന്ന കല്പന ലംഘിക്കുന്നത് പാപം ആകുന്നതുപോലെ "ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക" എന്ന കല്പന ലംഘിക്കുന്നതും തുല്യ പാപമാണ്. **ഒരുവൻ പാപിയാകുവാൻ എല്ലാ കല്പനയും ലംഘിക്കേണ്ടതില്ല. "ഒന്നിൽ തെറ്റിയാൽ അവൻ സകലത്തിനും കുറ്റക്കാരനായിത്തീർന്നു."പത്ത് കല്പനകളെല്ലാം പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് പത്തിൽനിന്നും ഒന്ന് വേർതിരിക്കുക അസാദ്ധ്യത്തിനും അപ്പുറമാണ്.**

പാപികളുടെ മാനസാന്തരം കാത്ത് യേശു ഇന്ന് സ്വർഗ്ഗീയ കൂടാരത്തിൽ കാത്തുനിൽക്കുന്നു. "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനുമാകുന്നു. നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നു എങ്കിൽ അവനെ അസത്യവാദിയാക്കുന്നു. അവന്റെ വചനം നമ്മിൽ ഇല്ലാതെയായി" (1 യോഹ. 1:9-10). നാലാമത്തെ കല്പന ലംഘിക്കുന്നവർ പാപം ചെയ്യുകയാണ്; അവർ യഹോവയുടെ ന്യായപ്രമാണം ഉപേക്ഷിക്കുന്നു. മാനസാന്തരപ്പെടുന്നു എങ്കിൽ ക്രിസ്തു തന്റെ രക്തം സ്വർഗ്ഗീയ സാക്ഷ്യകൂടാരത്തിലുള്ള കൃപാസനത്തിന്മേൽ തളിച്ച് പാപപരിഹാരം വരുത്തും.

## ക്രിസ്തീയ ലോകവും പത്തുകല്പനയും

ക്രിസ്തീയ ലോകത്തിലെ ചില സഭകൾ പത്തുകല്പനയെ സംബന്ധിച്ച് എന്ത് പഠിപ്പിക്കുന്നു എന്ന് അറിഞ്ഞിരിക്കുന്നത് നന്നായിരിക്കും എന്ന് കരുതുന്നു. ചില സഭകളുടെ പ്രസ്താവനകൾ പഠിക്കുമ്പോൾ മിക്കവാറും എല്ലാ സഭകളും അഭിപ്രായത്തിൽ ഏകീഭവിക്കുന്നു എന്നും കാണുവാൻ സാധിച്ചിട്ടുണ്ട്. താഴെ കൊടുക്കുന്ന ഉദ്ധരണികൾ International Church Index (Doctrinal) എന്ന പുസ്തകത്തിൽ നിന്നും എടുത്തിട്ടുള്ളതാണ്

**അസംബ്ലിസ് ഓഫ് ഗോഡ് പത്തുകല്പനയെപ്പറ്റി ഇപ്രകാരം പറയുന്നു.**

"The Ten Commandments are basic to the moral needs of humanity and are incorporated in greater or smaller measure in laws of many lands. We, as Christians, believe that all those that do not believe in Christ as the Saviour from sin will be judged by God on the basis of this fundamental law of God. But Christians, while seeking to obey these laws, are reckoned not to be under the law but under the Grace of God, seeing that Jesus Christ did not destroy the law but completely fulfilled every facet of it (the only human being that ever has). Christ then, having done what we have failed to do, has fulfilled the Law of God on behalf of those that believe in Him. He has saved them from the sin that they committed in disobeying The Ten Commandments".

The entry to the Index on behalf of the Assemblies of God has been made by The Assemblies of God in Great Britain and Ireland 106-114 Taibot Street Nottingham NG1 5GH, England. International Church Index (P 19).

**തർജ്ജമ**

“മനഷ്യജാതിയുടെ സാന്മാർഗ്ഗീക ജീവിതത്തിന് അടിസ്ഥാനപരമായതാണ് പത്ത് കല്പനകൾ; അവ ഏറെക്കുറെ അനേകം രാജ്യങ്ങളുടെ നിയമത്തിൽ ഇണക്കി ചേർത്തിരിക്കുന്നു. ക്രിസ്തു പാപത്തിൽ നിന്നുമുള്ള രക്ഷകനാണ് എന്ന് വിശ്വസിക്കാത്തവരെ ഈ അടിസ്ഥാനപരമായ ന്യായപ്രമാണത്താൽ വിധിക്കും എന്ന് ക്രിസ്ത്യാനികളായ ഞങ്ങൾ വിശ്വസിക്കുന്നു. ക്രിസ്ത്യാനികൾ ഈ ന്യായപ്രമാണം അനുസരിക്കുവാൻ താല്പര്യപ്പെടുമ്പോൾ തങ്ങൾ ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രെ അധീനരാണ് എന്ന് എണ്ണുക, യേശുക്രിസ്തു ന്യായപ്രമാണത്തെ നീക്കിയില്ല എന്നാൽ പരിപൂർണ്ണമായി നിവർത്തിച്ചു

(നിവർത്തിച്ച ഏക മനുഷ്യൻ). നാം ചെയ്യുവാൻ പരാജയപ്പെട്ട കാര്യങ്ങൾ ക്രിസ്തു അവനിൽ വിശ്വസിക്കുന്ന നമുക്കു വേണ്ടി നിവർത്തിച്ചു. പത്തുകല്പനയുടെ ലംഘനത്താൽ ഉളവാകുന്ന പാപത്തിൽ നിന്നും അവൻ അവരെ രക്ഷിച്ചു".

മേൽ ഉദ്ധരിച്ച വേദശാസ്ത്രം ശരിയോ എന്ന് പരിശോധിക്കാം. മനുഷ്യജാതിയുടെ സാന്മാർഗ്ഗീക ജീവിതത്തിന് അടിസ്ഥാനപരമായതാണ് പത്തുകല്പനകൾ എന്ന പ്രസ്താവന എല്ലാവരും കൈ അടിച്ച് സമ്മതിക്കേണ്ടതാണ്; എന്നാൽ അതോടൊപ്പം, കൃപയ്ക്കധീനരായവർ ന്യായപ്രമാണത്തിന് അധീനപ്പെടരുത് എന്ന് പറയുന്നത് പരസ്പര വിരുദ്ധമായ കാര്യമാണ്. കൃപയ്ക്ക് അധീനരായവർ പത്തുകല്പനയ്ക്ക് കീഴ്പ്പെട്ട് ജീവിക്കാതെ സാന്മാർഗ്ഗീയ ജീവിതം എങ്ങനെ നയിക്കും? കൃപയ്ക്കധീനരാകയാൽ ന്യായപ്രമാണത്തിന് കീഴ്പെടേണ്ടതില്ല എന്ന ഉപദേശം ഒറ്റപ്പെട്ട ഒരു സഭയുടെ ഉപദേശമല്ല; ഇത് ആഗോളമായി കാണാവുന്ന തെറ്റിദ്ധാരണയാണ്. ന്യായപ്രമാണം ദൈവത്തിൽ നിന്നും ലഭിച്ചിരിക്കുന്നു; കൃപയും ദൈവത്തിൽ നിന്നു ലഭിക്കുന്നു. രണ്ടിന്റെയും ഉറവിടം ഒന്നായതുകൊണ്ട് അവ പരസ്പര വിരുദ്ധമായവ അല്ല.

**രക്ഷാ പദ്ധതിയുടെ ക്രമീകരണം ഇപ്രകാരമാണ്** :

1. ന്യായപ്രമാണം, പരിശുദ്ധാത്മാവുമൂലം നമുക്ക് പാപത്തെപ്പറ്റി ബോധം വരുത്തുന്നു (റോമർ 7:7, 3:20).
2. പാപത്തെപ്പറ്റി ബോധം വരുമ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവ് പാപിയെ മാനസാന്തരത്തിലേക്ക് നടത്തുന്നു. (റോമർ 2:4)
3. മാനസാന്തരപ്പെട്ട പാപി കർത്താവിന്റെ കൃപയാൽ വിശ്വാസം മൂലം രക്ഷിക്കപ്പെടുന്നു (എഫെസ്യർ 2:8). ഇതിൽ ഏതെങ്കിലും ഒരു ഘടകം നീക്കിക്കളഞ്ഞാൽ ദൈവത്തിന്റെ രക്ഷാ പദ്ധതി തകർന്നു പോകും. അതുകൊണ്ട് പെന്തെക്കൊസ്തരുടെ വിശ്വാസത്തിൽ സാത്താൻ മായം കലർത്തിയിരിക്കുന്നു എന്ന് കാണാവുന്നതാണ്.

ക്രിസ്തുവിൽ വിശ്വസിക്കാത്തവരെ പത്തുകല്പനയാകുന്ന ന്യായപ്രമാണത്താൽ ദൈവം വിധിക്കും എന്നാണ് പെന്തെക്കൊസ്തരുടെ വിശ്വാസം. അങ്ങനെയാകുമ്പോൾ ക്രിസ്തുവിൽ വിശ്വസിക്കുന്നവരെ പത്തുകല്പനയാകുന്ന ന്യായപ്രമാണത്താൽ വിധിക്കയില്ല എന്നാണ് പ്രസ്താവനയിൽ അടങ്ങിയിരിക്കുന്ന ആശയം. എന്നാൽ തിരുവചനം പറയുന്നത് ഈ വിശ്വാസത്തിന് വിപരീതമായിട്ടാണ്. "ന്യായപ്രമാണം

ഇല്ലാതെ പാപം ചെയ്തവർ ഒക്കെയും ന്യായപ്രമാണം കൂടാതെ നശിച്ചുപോകും, ന്യായപ്രമാണം ഉണ്ടായിട്ട് പാപം ചെയ്തവർ ഒക്കെയും ന്യായപ്രമാണത്താൽ വിധിക്കപ്പെടും" (റോമർ 2:12). ന്യായവിധിയോട് അനുബന്ധിച്ച് അപ്പൊ. പൗലോസ് സകല മനുഷ്യരെയും രണ്ടായി തിരിക്കുന്നു. ഒന്ന്: ന്യായപ്രമാണം ഇല്ലാതെ പാപം ചെയ്തവർ. ആരാണ് ന്യായപ്രമാണം ഇല്ലാതെ പാപം ചെയ്തവർ? 14-ാം വാക്യത്തിൽ അപ്പൊസ്തലൻ തന്നെ മറുപടി പറയുന്നു. "ന്യായപ്രമാണം ഇല്ലാത്ത ജാതികൾ". ജാതികൾക്ക്, യെഹൂദന്മാരെപ്പോലെയോ ക്രിസ്ത്യാനികളെപ്പോലെയോ ന്യായപ്രമാണം ദൈവത്തിൽ നിന്നും എഴുതി ലഭിച്ചിട്ടില്ല. അതുകൊണ്ട് അവർ ന്യായപ്രമാണം ഇല്ലാത്തവരാണ്. ക്രിസ്ത്യാനികൾ ന്യായപ്രമാണം ത്യജിക്കുമ്പോൾ അവരും ന്യായപ്രമാണം ഇല്ലാത്ത ജാതികളെപ്പോലെ ആയിത്തീരുന്നു. ന്യായപ്രമാണം ഇല്ലാത്തവരെ സംബന്ധിച്ച് പൗലൊസ് പറയുന്നത് അവർ ന്യായപ്രമാണം കൂടാതെ നശിച്ചുപോകും എന്നാണ്. കാരണം ജാതികൾക്ക് ന്യായപ്രമാണം എഴുതി ലഭിച്ചിട്ടില്ല എങ്കിലും ദൈവം ഒരു പരിധിവരെ തന്റെ ന്യായപ്രമാണം അവരുടെ ബുദ്ധിക്കു വെളിപ്പെടുത്തിയിരിക്കുന്നു (റോമർ 1:20). ദൈവം അവരെ ന്യായം വിധിക്കുമ്പോൾ (എഴുതികൊടുത്തിട്ടില്ല എങ്കിലും) നൽകിയ സത്യത്തിന്റെ അടിസ്ഥാനത്തിൽ അവരെ ന്യായം വിധിക്കും. ലഭിച്ചിരിക്കുന്ന വെളിച്ചത്തോട് അവിശ്വസ്തരായിരുന്നാൽ അവർ നശിച്ചുപോകും എന്നാണ് അപ്പൊസ്തലൻ പറയുന്നത്.

രണ്ട്: "ന്യായപ്രമാണം ഉണ്ടായിട്ട് പാപം ചെയ്തവർ ഒക്കെയും ന്യായപ്രമാണത്താൽ വിധിക്കപ്പെടും." ദൈവം രേഖാമൂലം ന്യായപ്രമാണം എഴുതി ഒരു സമൂഹം ജനങ്ങൾക്ക് കൊടുത്തിരിക്കുന്നു; അവരെയാണ് ന്യായപ്രമാണം ഉണ്ടായിട്ട് പാപം ചെയ്തവർ എന്ന് പറയുന്നത്. അവരെ ന്യായം വിധിക്കുമ്പോൾ എഴുതി ഏല്പിച്ചിട്ടുള്ള ന്യായപ്രമാണം കൊണ്ട് ന്യായം വിധിക്കും എന്ന് തിരുവചനം പറയുന്നു. എന്നു പറഞ്ഞാൽ ക്രിസ്ത്യാനികളെ ന്യായപ്രമാണംകൊണ്ട് (പത്തു കല്പനകൊണ്ട്) ന്യായം വിധിക്കും എന്ന് വചനം പറയുമ്പോൾ പെന്തെക്കൊസ്തർ പഠിപ്പിക്കുന്നത് ജാതികളെ പത്തുകല്പന കൊണ്ട് ന്യായം വിധിക്കും എന്നാണ്. പെന്തെക്കൊസ്തരെ പത്തുകല്പനകൊണ്ട് ന്യായം വിധിക്കുമ്പോൾ അവരുടെ അന്ത്യം എന്താകും. അവർ ദൈവത്തിന്റെ പത്തു കല്പന ഉപേക്ഷിച്ചിരിക്കുന്നതുകൊണ്ട് ന്യായപ്രമാണം ഇല്ലാത്ത ജാതികളെപ്പോലെ നശിച്ചുപോകയില്ലേ? നാം ആരെയും

ന്യായം വിധിക്കുന്നില്ല; തിരുവചനത്തിൽ എഴുതിയിരിക്കുന്നത് വായിക്കുന്നു എന്നു മാത്രം..." "നീ നിന്റെ ദൈവത്തിന്റെ ന്യായപ്രമാണം മറന്നുകളഞ്ഞതുകൊണ്ട് ഞാനും നിന്റെ മക്കളെ മറക്കും" (ഹോശേയ 4:6). ന്യായപ്രമാണത്തോടുള്ള ജനത്തിന്റെ യുദ്ധം അവരുടെ ശുഭത്തിൽ അവസാനിക്കയില്ല. പെന്തെക്കൊസ്തർ പഠിപ്പിക്കുന്നത്: "നാം ചെയ്യുവാൻ പരാജയപ്പെട്ട കാര്യങ്ങൾ ക്രിസ്തു അവനിൽ വിശ്വസിക്കുന്ന നമുക്കുവേണ്ടി നിവർത്തിച്ചു" എന്നാണ്.

അനുസരണത്താൽ ഒരു മനുഷ്യനും രക്ഷ പ്രാപിക്കയില്ല എന്ന വസ്തുത സത്യമാണ്; എന്നാൽ അനുസരണക്കേടിനാൽ ജനം നശിച്ചുപോകും എന്നുള്ളത് തുല്യസത്യമാണ്. അനുസരണക്കേടിനെ അനുസരണം കൊണ്ട് സാധൂകരിക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ടാണല്ലോ ക്രിസ്തുവിന്റെ നീതിയും അനുസരണവും നമ്മുടെ പേരിൽ കണക്കിടേണ്ടിവരുന്നത്. എന്നാൽ ക്രിസ്തുവിന്റെ അനുസരണം, നമ്മെ ന്യായപ്രമാണം അനുസരിക്കുന്നതിൽ നിന്നു ഒഴിവാക്കുന്നില്ല. നാം ഓരോരുത്തരും ദൈവത്തിന്റെ പത്തു കല്പന അനുസരിക്കേണ്ടതാണ്. നമ്മുടെ വ്യക്തിപരമായ അനുസരണത്തിന് നമ്മുടെ രക്ഷാപദ്ധതിയിൽ ഒരു സ്ഥാനം ഉണ്ട്. അതുകൊണ്ടാണല്ലോ അനുസരണം കെട്ടവർ അവരുടെ പാപത്തിൽ നശിക്കുന്നത്. രക്ഷിക്കപ്പെടുവാനല്ല, രക്ഷിക്കപ്പെട്ടതിനുശേഷമാണ് അനുസരണത്തിന്റെ സ്ഥാനം. "പോക ഇനി പാപം ചെയ്യരുത് എന്നു യേശു പറഞ്ഞു" (യോഹന്നാൻ 8:11). "കള്ളൻ ഇനി കക്കാതെ..." (എഫെസ്യർ 4:28) അതായത് കള്ളനായിരുന്നവൻ മാനസാന്തരപ്പെട്ടതിനുശേഷം മോഷ്ടിക്കരുത് എന്നാണ് തിരുവചനം പറയുന്നത്. ഓരോരുത്തനും രക്ഷിക്കപ്പെട്ടതിനുശേഷം പത്തുകല്പന അനുസരിക്കുവാൻ കടപ്പെട്ടിരിക്കുന്നു എന്ന വസ്തുത വ്യക്തമാണ്. ക്രിസ്തു ന്യായപ്രമാണം നിവർത്തിച്ചതുകൊണ്ട് നാം ന്യായപ്രമാണം പൂർണ്ണമായി നിവർത്തിക്കുന്നതിൽ നിന്നും ഒഴിവാകുന്നില്ല. "എന്നാൽ കൂട്ടുകാരനെ നിന്നെപ്പോലെതന്നേ സ്നേഹിക്കേണം എന്ന രാജകീയ ന്യായപ്രമാണം **നിങ്ങൾ** നിവർത്തിക്കുന്നു എങ്കിൽ നന്നു" (യാക്കോബ് 2:8). കർത്താവ് നമുക്കുവേണ്ടി ന്യായപ്രമാണം നിവർത്തിച്ചതുകൊണ്ടും നാം കൃപയുടെ അധീനത്തിലായിരിക്കുന്നതുകൊണ്ടും പുതിയനിയമ കാലത്ത് വിശ്വാസികൾ ന്യായപ്രമാണം നിവർത്തിക്കേണ്ടതില്ല എന്ന് തിരുവചനം പഠിപ്പിക്കുന്നില്ല.

രാജകീയ ന്യായപ്രമാണം "നിങ്ങൾ" നിവർത്തിക്കുന്നു എങ്കിൽ നന്നു എന്നാണ് അപ്പൊ. യാക്കോബ് പറയുന്നത്. രാജകീയ ന്യായ

പ്രമാണം വിശ്വാസികൾ നിവർത്തിക്കുന്നില്ല എങ്കിൽ നന്നല്ല. യാക്കോബ് 2:8 ൽ പറയുന്ന രാജകീയ ന്യായപ്രമാണം പത്തുകല്പന യാണ് എന്ന് വാക്യം 10, 11 വായിക്കുമ്പോൾ മനസ്സിലാകുന്നു. പത്തു കല്പന ഒഴിവാക്കിയുള്ള സുവിശേഷവും ആരാധനയും വ്യാജമാണ്. നാലാമത്തെ കല്പനയാകുന്ന "ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക" എന്ന കല്പനയും കൂടെ ഉൾപ്പെടുത്തുമ്പോൾ മാത്രമെ കല്പന പത്ത് പൂർണ്ണമാകയുള്ളു എന്നും ഓർപ്പിക്കുന്നു.

"പത്തുകല്പനയുടെ ലംഘനത്താൽ ഉളവാകുന്ന പാപത്തിൽ നിന്നും അവൻ (യേശു) അവരെ (വിശ്വാസികളെ) രക്ഷിച്ചു" എന്നാണ് പെന്തെക്കൊസ്തർ ലോകത്തോട് പറയുന്നത്.

പത്തുകല്പനയുടെ ലംഘനം പാപമാണ് എന്ന് പഠിപ്പിക്കുന്ന സഭ, കൃപ ലഭിച്ചിരിക്കുന്നതുകൊണ്ട് വിശ്വാസികൾ പത്തുകല്പന എന്ന ന്യായപ്രമാണത്തിൻ കീഴിൽ അല്ല എന്ന് പറയുന്നതെങ്ങനെ? അനു സരണത്തിൻ കീഴിൽ അല്ല എന്ന് പറയുന്നതെങ്ങനെ? അനുസരണ ക്കേടിൽ നിന്നും ദൈവം മനുഷ്യരെ രക്ഷിക്കുന്നത് അനുസരിച്ച് ജീവി ക്കുവാനാണ്. പെന്തെക്കൊസ്തരുടെ ദൈവം അവരുടെ അനുഭൂതി യാണ് എന്ന് കാണുന്നു. ദൈവത്തിന്റെ ന്യായപ്രമാണം ഉപേക്ഷിച്ചിരി ക്കുന്നതുകൊണ്ട് പെന്തെക്കൊസ്തർ മാത്രമല്ല ക്രിസ്തീയ ലോകം ആകമാനം പാപത്തിൽ ജീവിക്കുന്നു.

### ബാപ്റ്റിസ്റ്റ് സഭ

ബാപ്റ്റിസ്റ്റ് സഭ പത്തുകല്പനയെ സംബന്ധിച്ച് ഇപ്രകാരം പറ യുന്നു.

"The scriptures teach that in the death of Christ the believer is delivered from the curse of the law and the law itself. At Calvary Christ became the end of the law for righteousness. As a result the believer is not under law, but under grace. The scriptures teach that believers have not only been delivered from the law, but also married to another, "even to him that was raised from the dead, that we might bring forth fruit unto God" (Romans 7:4). Believers are not "without law to God, but under law to Christ" (1 Corithians 9:21; Gal. 6:2). The believer is to keep his eyes on Christ as his example and teacher, and by the Holy Spirit to fulfill His law.

However, the Ten Commandments, which are an extension of the nature of God, continue to have authority today. Every commandment

except the fourth is reaffirmed in the New Testament. They are repeated for our instruction as to what the will of the Lord is, but not as precepts that we are to endeavour to keep in order to become righteous. "By the works of the law shall no flesh be justified in his sight" (Romans 3:20).

"The entry to the index on behalf of one of the Baptist Churches has been made by the Thomas Road Church in Lynchburg, Virginia, USA".

International Church Index (Doctrinal)

Edited by Roy A Facey Page 32.

**തർജ്ജമ**

“കർത്താവായ യേശുവിന്റെ മരണത്താൽ ഒരു വിശ്വാസി ന്യായ പ്രമാണത്തിന്റെ ശാപത്തിൽ നിന്നു മാത്രമല്ല ന്യായപ്രമാണത്തിൽ നിന്നു തന്നേ ഒഴിവാകുന്നു. ക്രിസ്തു കാൽവറിയിൽ മരിച്ചതോടെ നീതീ കരണ സംബന്ധമായി ന്യായപ്രമാണം അവസാനിച്ചു; തത്ഫലമായി ഒരു വിശ്വാസി ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രെ അധീനനായി ത്തീർന്നു. ന്യായപ്രമാണത്തിൽ നിന്നും ഒരു വിശ്വാസി ഒഴിവാകമാത്ര മല്ല ദൈവത്തിനു ഫലം കായ്ക്കേണ്ടതിനു ഉയിർത്തെഴുന്നേറ്റവനായ മറ്റൊരുവനുമായി വിവാഹിതയാകയും ചെയ്തു എന്ന് തിരുവചനം പഠിപ്പിക്കുന്നു (റോമർ 7:4) വിശ്വാസികൾ ദൈവത്തിനു ന്യായപ്രമാണം ഇല്ലാത്തവർ ആകാതെ ക്രിസ്തുവിനു ന്യായപ്രമാണം ഉള്ളവരായിരി ക്കുന്നു” (1 കൊരിന്ത്യർ 9:21, ഗലാത്യർ 6:2). മാതൃകയ്ക്കും, ഉപദേശ ത്തിനും വിശ്വാസികൾ ക്രിസ്തുവിനെ നോക്കേണ്ടതാണ്. പരിശുദ്ധാ ത്മാവിനാൽ അവന്റെ ന്യായപ്രമാണം നിവർത്തിക്കേണം.

ഏതുവിധേനയും ദൈവസ്വഭാവമാകുന്ന പത്തുകല്പനയ്ക്ക് ഇന്നും അധികാരം ഉണ്ട്. നാലാമത്തെ കല്പന ഒഴികെ മറ്റെല്ലാ കല്പ നകളും പുതിയനിയമത്തിൽ സ്ഥിരീകരിച്ചിട്ടുണ്ട്. ദൈവഹിതം ഉപദേ ശിക്കുവാൻ അവ ആവർത്തിച്ചിരിക്കുന്നു. എന്നാൽ അവ നീതീകരി ക്കപ്പെടുവാൻ വേണ്ടി അനുസരിക്കേണ്ട ധർമ്മോപദേശമല്ല. “അതു കൊണ്ട് ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല” (റോമർ 3:20).

ബാപ്റ്റിസ്റ്റ് സഭയുടെ ഉപദേശത്തിൽ സത്യവും വ്യാജവും കലർന്നി രിക്കുന്നു. ക്രിസ്തുവിന്റെ മരണത്താൽ ഒരു വിശ്വാസി ന്യായ പ്രമാണത്തിന്റെ ശാപത്തിൽ നിന്നും (മരണത്തിൽ നിന്നും) ഒഴിവായി

രിക്കുന്നു എന്ന് വിശ്വസിക്കുന്നത് ശരിയായ വിശ്വാസമാണ്, എന്നാൽ ക്രിസ്തുവിന്റെ മരണത്താൽ ഒരു വിശ്വാസി ന്യായപ്രമാണത്തിൽ നിന്നു ഒഴിവായിരിക്കുന്നു എന്ന് ഉപദേശിക്കുന്നത്, റോമർ 7:1-6 വരെയും റോമർ 10:4-ാം വാക്യത്തിന്റെയും അതുപോലുള്ള മറ്റ് വേദഭാഗങ്ങളുടെയും തെറ്റിദ്ധാരണകൊണ്ടാണ്. പൗലോസും ന്യായപ്രമാണവും എന്ന തലക്കെട്ടിൽ ഈ വേദഭാഗങ്ങൾ വിശദീകരിച്ചിട്ടുണ്ട്.

ഒരു വിശ്വാസി പത്തുകല്പനകൾ അനുസരിക്കുന്നതിൽ നിന്നും ഒഴിവായിരിക്കുന്നു എന്ന് പറയുന്നതോടൊപ്പം ഏതുവിധേനയും ദൈവസ്വഭാവമാകുന്ന പത്തുകല്പനയ്ക്ക് ഇന്നും മനഷ്യന്റെ മേൽ അധികാരം ഉണ്ട് എന്ന് പറയുന്നത് പരസ്പരവിരുദ്ധമായ ഉപദേശമാണ്. ഇപ്രകാരമുള്ള ഉപദേശത്തെ സംബന്ധിച്ച് അപ്പൊ. പൗലോസ് പറയുന്നത് "തങ്ങൾ പറയുന്നത് ഇന്നത് എന്നും സ്ഥാപിക്കുന്നത് ഇന്നത് എന്നും ഗ്രഹിക്കുന്നില്ല" (1 തിമോഥെയോസ് 1:7).

പത്തുകല്പന ദൈവസ്വഭാവമാണ് എന്ന് ബാപ്റ്റിസ്റ്റ് സഭ പഠിപ്പിക്കുന്നത് തിരുവചന സത്യമാണ്. പത്തുകല്പനകളെ സ്നേഹത്തിന്റെ കല്പനകൾ എന്ന് തിരുവചനം പഠിപ്പിക്കുന്നു. "യേശു അവനോട്: നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കേണം ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന. രണ്ടാമത്തേത് അതിനോട് സമം: കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം" (മത്തായി 22:37-39). പത്തുകല്പനകൾ ദൈവം എഴുതിക്കൊടുത്തപ്പോൾ രണ്ട് കല്പലകകളിലായിട്ടാണ് എഴുതിയത്. ഒന്നാമത്തെ കല്പലകയിൽ ദൈവത്തോടുള്ള സ്നേഹത്തിന്റെ കല്പനകളാണ്. രണ്ടാമത്തെ കല്പലകയിൽ എഴുതിയത് ഒരുവന് മറ്റ് മനുഷ്യരോടുള്ള സ്നേഹത്തിന്റെ കല്പനകളുമാണ്. സ്നേഹം ദൈവസ്വഭാവമാണ്. കർത്താവായ യേശു ക്രൂശിൽ മരിച്ചതോടെ വിശ്വാസികൾ പത്തുകല്പനകളിൽ നിന്നും ഒഴിവായിരിക്കുന്നു എന്നു പറയുന്നതിന്റെ അർത്ഥം നാം ദൈവസ്വഭാവത്തിൽ നിന്നും ഒഴിവായിരിക്കുന്നു എന്നാണോ? അല്ലെങ്കിൽ വിശ്വാസി പത്തുകല്പനയാകുന്ന ന്യായപ്രമാണത്തിൽ നിന്നും ഒഴിവായിരിക്കുന്നു എന്ന് പറയുന്നതിന്റെ അർത്ഥം എന്താണ്?

നാലാമത്തെ കല്പന ഒഴികെ മറ്റെല്ലാകല്പനകളും പുതിയനിയമത്തിൽ സ്ഥിരീകരിച്ചിരിക്കുന്നു എന്നാണ് ബാപ്റ്റിസ്റ്റ് സഭ ലോകത്തോട് പറയുന്നത്. എന്നാൽ കല്പനകൾ പത്തും പുതിയനിയമത്തിൽ കാണുന്നുണ്ട്. അത് 203, 204 പേജുകളിൽ കൊടുത്തിരിക്കുന്നു.

ഉപദേശത്തിനും മാതൃകയ്ക്കും വിശ്വാസികൾ ക്രിസ്തുവിനെ നോക്കേണം എന്നാണ് സഭ പഠിപ്പിക്കുന്നത്. പത്തുകല്പനയെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിനെ നോക്കുമ്പോൾ ക്രിസ്തുവിൽ ശബ്ബത്ത് കാണുവാൻ സാധിക്കുന്നു. "അവൻ വളർന്ന നസറെത്തിൽ വന്നു; ശബ്ബത്തിൽ തന്റെ പതിവുപോലെ പള്ളിയിൽ ചെന്നു വായിപ്പാൻ എഴുന്നേറ്റുനിന്നു" (ലൂക്കോസ് 4:16). ഞായറാഴ്ചയെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിനെ നോക്കുമ്പോൾ അത് ക്രിസ്തുവിൽ കാണുന്നില്ല; ക്രിസ്തു പറഞ്ഞതായി കേൾക്കുന്നുമില്ല. ക്രിസ്തുവിന്റെ സാക്ഷ്യം ഇല്ലാത്ത ക്രിസ്തീയ ഉപദേശം തെറ്റാണ്.

**ബ്രദറൻ സഭ**

ബ്രദറൻ സഭ പത്ത് കല്പനയെ സംബന്ധിച്ച് ഇപ്രകാരം പറയുന്നു:

The commandments were given to Israel bringing them under the law. Christians are now under grace. This does not mean that we can ignore the law; Indeed, most of the ten commandments are found in the new testament e.g. "Let him that stole steal no more" (Eph. 4:28). As a moral standard they are very relevant today, but the keeping of them can never bring salvation - in fact man cannot keep them fully because of the inherited and practiced sin. Paul says "The law was our school master to bring us to Christ" (Gal. 3:24).

International Church Index, Edited by Roy. A. Facy p. 46.

കല്പന യിസ്രായേലിന് കൊടുത്തിരുന്നതും തത്ഫലമായി അവരെ ന്യായപ്രമാണത്തിൻകീഴ് നിയോഗിച്ചിരുന്നതുമാണ്. ക്രിസ്ത്യാനികൾ ഇപ്പോൾ കൃപയ്ക്കധീനരാണ്. അതുകൊണ്ട് കല്പനകൾ അവഗണിക്കണം എന്ന് അർത്ഥമാകുന്നില്ല. വാസ്തവത്തിൽ മിക്കവാറും കല്പനകൾ പുതിയനിയമത്തിൽ കാണുന്നു. ഉദാഹരണമായി പറഞ്ഞാൽ: "കള്ളൻ ഇനി കക്കാതെ മുട്ടുള്ളവന് ദാനം ചെയ്യാൻ ഉണ്ടാകേണ്ടതിന് കൈകൊണ്ട് നല്ലത് പ്രവർത്തിച്ച് അദ്ധ്വാനിക്കയത്രേ വേണ്ടത്"(എഫെസ്യർ 4:28). സാന്മാർഗ്ഗീക മാനദണ്ഡായി അവ (പത്തു കല്പന) ഇന്നും പ്രസക്തമാണ്; എന്നാൽ അവയുടെ അനുസരണം രക്ഷക്ക് ഉതകുന്നില്ല. പാപം മനുഷ്യന് ജന്മസിദ്ധവും, ശീലവും ആയതുകൊണ്ട് അവപൂർണ്ണമായും അനുസരിക്കുവാൻ സാദ്ധ്യമല്ല. "അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന്നു ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്ക് നടത്തുവാൻ നമുക്ക് ശിശുപാലകനായി ഭവിച്ചു" എന്ന് പൗലൊസ് പറയുന്നു (ഗലാത്യർ 3:24).

പത്തുകല്പനയെ സംബന്ധിച്ച് ബ്രദറൻ സഭയുടെ ഉപദേശം ഒറ്റപ്പെട്ടതല്ല. പത്തു കല്പന യിസ്രായേലിനു കൊടുത്തതായിരുന്നു എന്നും യിസ്രായേലിനെ ദൈവം ന്യായപ്രമാണത്തിൻകീഴ് നിയോഗിച്ചിരുന്നു എന്നും വിശ്വസിക്കുന്ന ക്രിസ്ത്യാനികളുടെ എണ്ണം തിട്ടപ്പെടുത്തുവാൻ ആവാത്ത സംഖ്യയാണ്. ദൈവമാണ് യിസ്രായേലിനെ ന്യായപ്രമാണത്തിൻകീഴ് നിയോഗിച്ചിരുന്നത് എങ്കിൽ നിയോഗത്തിന് തെറ്റില്ല, കാരണം ദൈവത്തിന് തെറ്റുപറ്റുകയില്ലല്ലോ. പഴയനിയമക്കാർ ന്യായപ്രമാണത്തിൻകീഴിൽ ആയിരുന്നത് തെറ്റല്ല എന്നാൽ പുതിയനിയമക്കാർ ന്യായപ്രമാണത്തിന് അധീനരാകരുത് എന്ന് പറയുന്ന ഉപദേശം തെറ്റിദ്ധാരണയുടെ അനന്തരഫലമാണ്; അവയിൽ ചിലത് ഈ അദ്ധ്യായത്തിൽ പിന്നീട് കൊടുക്കുന്നതാണ്.

"ക്രിസ്ത്യാനികൾ ഇപ്പോൾ കൃപയ്ക്ക് അധീനരാണ് " എന്ന മനോഭാവത്തിൽ ചതിവ് പതിയിരിക്കുന്നു എന്ന് കാണുവാൻ സാധിക്കുന്നു. ദൈവമക്കൾക്ക്, പഴയനിയമകാലത്തും പുതിയനിയമകാലത്തും, ദൈവകൃപ ധാരാളമായി ലഭ്യമായിരുന്നു. എന്നാൽ ദൈവകൃപ, പ്രവൃത്തിക്കനുസരിച്ചുള്ള, ന്യായവിധിയെ റദ്ദാക്കുന്നില്ല. കൃപയാൽ രക്ഷിക്കപ്പെട്ടവനും പ്രവൃത്തിക്കനുസരിച്ചുള്ള ന്യായവിധി ഉണ്ടാകും. "മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി വരും; അപ്പോൾ അവൻ ഓരോരുത്തന്നും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നല്കും" (മത്തായി 16:27). യെഹൂദനായാലും യവനൻ ആയാലും ക്രിസ്ത്യാനിയായാലും ഹൈന്ദവനായാലും പത്തുകല്പനയുടെ അടിസ്ഥാനത്തിൽ പ്രവൃത്തിക്കനുസരിച്ച ഒരു ന്യായവിധി എല്ലാവർക്കും ഉണ്ടാകും. "അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിനുതക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു" (2 കൊരിന്ത്യർ 5:10). കൃപ ന്യായപ്രമാണത്തെ റദ്ദാക്കുന്നു എന്ന മനോഭാവമാണ് പൊതുവായി ക്രിസ്ത്യാനികളുടെ മദ്ധ്യേ കാണുവാൻ സാധിക്കുന്നത്. എന്നാൽ തിരുവചനം ഈ ധാരണയ്ക്ക് വിരോധമാണ്. കൃപയാൽ രക്ഷിക്കപ്പെട്ടവനെ പത്തുകല്പയാകുന്ന ന്യായപ്രമാണത്താൽ ന്യായം വിധിക്കുമെങ്കിൽ കൃപയാൽ രക്ഷിക്കപ്പെട്ടവൻ ന്യായപ്രമാണത്തിൽ നിന്നും ഒഴിവാകുന്നതെങ്ങനെ? കൃപയാലാണ് രക്ഷ എങ്കിലും പ്രവൃത്തിക്കനുസരിച്ചാണ് നാം പ്രാപിക്കുവാൻ പോകുന്നത്. പ്രവൃത്തി കൃപയ്ക്ക് വിരോധമല്ല. പത്തുകല്പനയുടെ അനുസരണം കൃപയ്ക്ക് വിരോധമല്ല. ക്രിസ്ത്യാ

നികൾ ഇപ്പോൾ കൃപയ്ക്കധീനരാണ് എന്ന ഉപദേശം ശരിയാണ്. പഴ യനിയമക്കാർ ന്യായപ്രമാണത്തിൻ കീഴിൽ ആയിരുന്നു എങ്കിലും അവരും കൃപയാൽ രക്ഷിക്കപ്പെട്ടു. പുതിയനിയമക്കാർക്കും പഴയനിയ മക്കാരെപ്പോലെ പത്തുകല്പനയാകുന്ന ന്യായപ്രമാണം ഉണ്ട്; എന്നാൽ കൃപയാലാണ് രക്ഷ. വ്യത്യാസം ഒന്നും ഇല്ല.

ദാവീദ് പാപം ചെയ്തതിനു ശേഷം പ്രാർത്ഥിക്കുന്നത്: "ദൈവമേ, നിന്റെ ദയെക്ക് തക്കവണ്ണം എന്നോടു കൃപ ഉണ്ടാകേണമേ; നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചു കളയേ ണമേ" (സങ്കീർത്തനങ്ങൾ 51:1). ദാവീദ് പാപമോചനത്തിന് ദൈവ ത്തിന്റെ കൃപയ്ക്കുവേണ്ടി അപേക്ഷിക്കുകയാണ്. കൃപയുടെ പാഠം പുതിയനിയമക്കാർ പഴയനിയമക്കാരിൽ നിന്നും പഠിക്കുന്നു എന്നു പറയാം. ന്യായപ്രമാണത്തെ സംബന്ധിച്ച് തിരുവചനത്തിലെ ഏറ്റവും ദീർഘമായ അദ്ധ്യായം (സങ്കീർത്തനങ്ങൾ 119) എഴുതിയിരിക്കുന്നത് ദാവീദാണ് എന്ന് വിശ്വസിക്കപ്പെടുന്നു. ന്യായപ്രമാണം കൃപയ്ക്ക് വിരോധമല്ല എന്ന് വീണ്ടും എടുത്തു പറയേണ്ടിയിരിക്കുന്നു. ദാവീദ് കൃപയാൽ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടു. ദൈവത്തിന്റെ രക്ഷാപദ്ധ തിക്ക് മാറ്റമില്ല. ശിക്ഷവിധിക്കുന്ന ന്യായപ്രമാണം രക്ഷിക്കുന്നില്ല; ദൈവം ന്യായപ്രമാണം രൂപീകരിച്ചത് ഒരു രക്ഷാപദ്ധതിയായിട്ടല്ല. ദാവീദ് ന്യായപ്രമാണത്തെ കണ്ടതുപോലെ നമുക്കും ന്യായപ്രമാണം കാണുവാൻ സാധിക്കണം. "യഹോവയുടെ ന്യായപ്രമാണം അനുസ രിച്ച് നടപ്പിൽ നിഷ്ക്കളങ്കരായവർ ഭാഗ്യവാന്മാർ" എന്ന് ആരംഭിക്കുന്ന 119-ാം അദ്ധ്യായത്തിന്റെ ഒന്നാം വാക്യമാണ് തുടർന്നുള്ള എല്ലാവാക്യ ങ്ങളുടെയും അടിസ്ഥാനം. ന്യായപ്രമാണം ഉപേക്ഷിച്ച് ഒരു വിശുദ്ധ ജീവിതം അസാദ്ധ്യമാണ്. ഒരു വ്യക്തി രക്ഷിക്കപ്പെടുക മാത്രമല്ല ഒരു വിശുദ്ധജീവിതം നയിക്കേണ്ടതും ഉണ്ട്. രക്ഷിക്കപ്പെട്ട ഒരു വ്യക്തിയുടെ ജീവിതത്തിന്റെ അഭേദ്യമായ ഘടകമാണ് പത്തുകല്പന; അതിൽ നാലാമത്തെ കല്പനയാകുന്ന ശബ്ബത്തും ഉൾപ്പെടുന്നു; ഇത് തിരുവ ചന സത്യം. ന്യായപ്രമാണ പുരുഷൻ എന്ന് പേർ വിളിക്കാവുന്ന മോശെ ദൈവത്തിന്റെ കൃപയെ ആശ്രയിച്ചു. "നിനക്ക് എന്നോട് കൃപ തോന്നി യിരിക്കുന്നു എന്ന് നീ അരുളിച്ചെയ്തിട്ടുണ്ടല്ലോ" (പുറപ്പാട് 33:12). "ആകയാൽ എന്നോട് കൃപയുണ്ടെങ്കിൽ നിന്റെ വഴി എന്നെ അറിയി ക്കേണമേ നിനക്ക് എന്നോട് കൃപയുണ്ടാകുവാൻ തക്കവണ്ണം ഞാൻ നിന്നെ അറിയുമാറാകട്ടെ..." (പുറപ്പാട് 33:13). "എന്നോടും നിന്റെ ജന ത്തോടും കൃപ ഉണ്ടെന്നുള്ളത് ഏതിനാൽ അറിയും" (പുറപ്പാട് 33:16).

ന്യായപ്രമാണം യിസ്രായേലിനു കൊടുത്ത ദൈവം അവർക്ക് കൃപയും കൊടുത്തു. ഇന്നത്തെ ഉപദേഷ്ടാക്കന്മാർ ന്യായപ്രമാണത്തിനും കൃപയ്ക്കും തമ്മിൽ ശത്രുത്വം സൃഷ്ടിക്കുന്നത് ദൈവത്തിന്റെ ആലോചന അല്ല; അത് ശത്രുവിന്റെ ആലോചനയാണ്.

പഴയനിയമ കാലത്ത് പുരോഹിതന്മാർ യാഗരക്തം കൃപാസനത്തിന്മേലും കൃപാസനത്തിനു മുമ്പിലും തളിച്ച് യിസ്രായേലിന് പാപപരിഹാരം വരുത്തിയിരുന്നു. “അവൻ കാളയുടെ രക്തം കുറെ എടുത്ത് വിരൽ കൊണ്ട് കിഴക്കോട്ട് കൃപാസനത്തിന്മേൽ തളിക്കേണം; അവൻ രക്തം കുറെ തന്റെ വിരൽ കൊണ്ട് കൃപാസനത്തിന്റെ മുമ്പിലും ഏഴു പ്രാവശ്യം തളിക്കേണം. പിന്നെ അവൻ ജനത്തിനു വേണ്ടിയുള്ള പാപയാഗത്തിന്റെ കോലാട്ടുകൊറ്റനെ അറുത്ത് രക്തം തിരശ്ശീലയ്ക്കകത്തു കൊണ്ടുവന്ന് കാളയുടെ രക്തം കൊണ്ടു ചെയ്തതുപോലെ ഇതിന്റെ രക്തം കൊണ്ടും ചെയ്തു അതിനെ കൃപാസനത്തിന്മേലും കൃപാസനത്തിനു മുമ്പിലും തളിക്കേണം (ലേവ്യപുസ്തകം 16:14,15) പഴയനിയമ കാലത്ത് യിസ്രായേലിനു പാപപരിഹാരം നിർദ്ദേശിച്ച ക്രമീകരണമാണ് ലേവ്യപുസ്തകം 16-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പുതിയനിയമ സഭയ്ക്ക് പാപപരിഹാരം വരുന്ന സ്വർഗ്ഗീയ കൃപാസനത്തിൽ നിന്നു തന്നേ പഴയനിയമ സഭയ്ക്കും പാപപരിഹാരം വന്നിരുന്നു. മരുഭൂമിയിലെ സഭയ്ക്കും (അപ്പൊ. പ്രവൃത്തികൾ 7:38) പുതിയനിയമ സഭയ്ക്കും രക്ഷാപദ്ധതി ഒന്നു തന്നേ. “കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത് ” (എഫെസ്യർ 2:8). പത്തുകല്പന യിസ്രായേലിനു കൊടുത്തിരുന്നതും തത്ഫലമായി (ദൈവം) അവരെ ന്യായപ്രമാണത്തിൻകീഴ് നിയോഗിച്ചിരുന്നതുമാണ്. ക്രിസ്ത്യാനികൾ ഇപ്പോൾ കൃപയ്ക്കധീനരാണ് എന്ന് പറയുമ്പോൾ ന്യായപ്രമാണം യിസ്രായേലിനും കൃപ ക്രിസ്ത്യാനികൾക്കും എന്ന് അർത്ഥമാകുന്നു; ഈ ഉപദേശം ചതിവിന്റെ ഉപദേശമാണ്. “അത് യെഹൂദനു കൊടുത്തതായിരുന്നു” എന്ന നാലാമത്തെ അദ്ധ്യായത്തിൽ കൂടുതൽ വിവരങ്ങൾ കൊടുത്തിരിക്കുന്നു.

“അവൻ എന്നോട് നിലവിളിക്കുമ്പോൾ ഞാൻ കേൾക്കും; ഞാൻ കൃപയുള്ളവനല്ലോ” (പുറപ്പാട് 22:27). പഴയനിയമക്കാർ പുതിയനിയമക്കാരെപ്പോലെ ദൈവത്തോട് നിലവിളിച്ച് കൃപ പ്രാപിച്ചു. ദൈവം പഴയനിയമക്കാരോടും പുതിയനിയമക്കാരോടും ഘോഷിക്കുന്നത്; “യഹോവയായ ദൈവം കരുണയും കൃപയും ഉള്ളവൻ; ദീർഘക്ഷമയും മഹാദയയും വിശ്വസ്തതയുമുള്ളവൻ’’ (പുറപ്പാട് 34:6). ന്യായ

പ്രമാണത്തിൻകീഴിൽ ആയിരുന്ന യിസ്രായേലിന് കൃപയും ആവശ്യ മായിരുന്നു. എല്ലാ മനുഷ്യനും ന്യായപ്രമാണം ആവശ്യമാണ്; അതു പോലെ തന്നേ ദൈവകൃപയും ആവശ്യമാണ്.

നിനവേക്കാർ ദൈവത്തിന്റെ ന്യായവിധി കേട്ടപ്പോൾ ഉപവസിച്ച് പ്രാർത്ഥിച്ചു. ദൈവം തന്റെ കൃപയിൽ അവരുടെ പാപങ്ങളെ ക്ഷമിച്ചു; അപ്പോൾ യോനാ പറയുന്നത്. "നീ കൃപയും കരുണയും ദീർഘക്ഷ മയും മഹാദയയുമുള്ള ദൈവമായി അനർത്ഥത്തെക്കുറിച്ചു അനുത പിക്കുന്നവൻ എന്ന് ഞാൻ അറിഞ്ഞു" (യോനാ 4:2). ദൈവം ഈ ലോക ത്തോട്, ഉല്പത്തി മുതൽ, കൃപ കാണിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് ഈ ഭൂമിയിൽ ഇന്നും ജീവൻ നിലനില്ക്കുന്നു. നോഹയ്ക്കും കുടും ബത്തിനും കൃപ ലഭിച്ചതുകൊണ്ട് (ഉല്പത്തി 6:8) അവർ ജീവിച്ചു; ദൈവകൃപ നിഷേധിച്ചവർ പട്ടുപോയി. ദൈവം പെട്ടകത്തിന്റെ വാതിൽ അടച്ചപ്പോൾ കൃപയുടെ വാതിലാണ് അടഞ്ഞുപോയത്. ഈ ലോക ത്തിന് കൃപയുടെ വാതിൽ ഇപ്പോൾ തുറന്നിരിക്കുന്നു; കാലതാമസം കൂടാതെ അത് അടഞ്ഞു പോകും. "അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ; അഴുക്കുള്ളവൻ ഇനിയും അഴുക്കാകട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ; ഇതാ, ഞാൻ വേഗം വരുന്നു; ഓരോ രുത്തനു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട് " (വെളിപ്പാട് 22:11,12). ദൈവത്തിന്റെ പത്തുകല്പ നയാണ് നീതിയേയും അനീതിയേയും തമ്മിൽ വേർതിരിക്കുന്നത്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് യോഹന്നാനിൽ കൂടി പറയുന്നത് ദൈവ ത്തിന്റെ കല്പനകൾ (പത്തുകല്പന ഉൾപ്പെടെ) അനുസരിക്കുന്നവ രെയും അനുസരിക്കാത്തവരെയും തമ്മിൽ ദൈവം വേർതിരിക്കും. "കൃപാകാലത്ത്" കല്പന ലംഘിച്ച് അനീതിയിലും അശുദ്ധിയിലും ജീവിക്കുന്നവർ നീക്കുപോക്കു കൂടാതെ നശിച്ചുപോകും. പഴയനിയമ കാലത്ത് അനുസരണം കെട്ടവന്റെമേൽ ശാപം ചൊരിയും എന്ന് ദൈവം അരുളിച്ചെയ്തു. "എന്നാൽ നിങ്ങൾ എന്റെ വാക്കു കേൾക്കാ തെയും ഈ കല്പനകളൊക്കെയും പ്രമാണിക്കാതെയും എന്റെ ചട്ട ങ്ങൾ ധിക്കരിച്ചു നിങ്ങളുടെ ഉള്ളം എന്റെ വിധികളെ വെറുത്തു നിങ്ങൾ എന്റെ കല്പനകളൊക്കെയും പ്രമാണിക്കാതെ എന്റെ നിയമം ലംഘി ച്ചാൽ ഞാനും അങ്ങനെ നിങ്ങളോട് ചെയ്യും" (ലേവ്യപുസ്തകം 26:14 –15). മനുഷ്യന്റെ പ്രവൃത്തിക്കനുസരിച്ചാണ് ദൈവം പ്രതിഫലം നല്കു ന്നത്. "അവൻ ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്ക പകരം ചെയ്യും. നല്ല പ്രവൃത്തിക്കു വേണ്ടുന്ന സ്ഥിരത പൂണ്ടു തേജസ്സും

മാനവും അക്ഷയതയും അന്വേഷിക്കുന്നവർക്കു നിത്യജീവനും, ശാഠ്യംപൂണ്ടു സത്യം അനുസരിക്കാതെ അനീതി അനുസരിക്കുന്ന വർക്കു കോപവും ക്രോധവും കൊടുക്കും" (റോമർ 2:6–8). കൃപയാ ലാണ് രക്ഷിക്കപ്പെടുന്നത് എന്നത് പഴയനിയമകാലത്തെയും പുതിയ നിയമകാലത്തെയും സത്യമാണ്. എന്നാൽ സൗജന്യമായി ലഭിക്കുന്ന രക്ഷ അനുസരണത്താൽ സൂക്ഷിക്കേണ്ടതാണ്. അതുകൊണ്ട് മനു ഷ്യൻ ന്യായപ്രമാണത്തിൽ നിന്നും ഒഴിവാകുന്നില്ല. "പിന്നെ അവൻ ഇടത്തുള്ളവരോട്: ശപിക്കപ്പെട്ടവരേ, എന്നെ വിട്ട് പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ. എനിക്ക് വിശന്നു നിങ്ങൾ ഭക്ഷിപ്പാൻ തന്നില്ല. ദാഹിച്ചു നിങ്ങൾ കുടി പ്പാൻ..." (മത്തായി 25:41–43). നന്മ പ്രവർത്തിക്കുന്നതുകൊണ്ടല്ല രക്ഷി ക്കപ്പെടുന്നത് എന്നാൽ നന്മ പ്രവർത്തിക്കാത്തതുകൊണ്ട് നിത്യജീവൻ നഷ്ടപ്പെട്ടുപോകും. കൃപാകാലത്ത് പത്തുകല്പന നിഷേധിച്ച് പാപം ചെയ്യുന്നവൻ അന്ത്യന്യായവിധിയിൽ ശിക്ഷിക്കപ്പെടും.

"പാപം മനുഷ്യന് ജന്മസിദ്ധവും ശീലവും ആയതുകൊണ്ട് അവ (പത്തുകല്പന) പൂർണ്ണമായും അനുസരിക്കുവാൻ സാദ്ധ്യമല്ല" എന്നാണ് ബ്രദറൻ സഭ ലോകത്തോട് പറയുന്നത്. എന്നാൽ തിരുവ ചനം എന്ത് പറയുന്നു എന്ന് നോക്കാം. "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു" (ഫിലിപ്പിയർ 4:13). അനുസരണത്തിനു പിന്നിൽ ഒരു ദിവ്യ ശക്തിയുണ്ട് എന്നാണ് അപ്പൊ. പൗലൊസ് ഫിലിപ്പിയരോട് പറയുന്നത്. ആ ദിവ്യശക്തി അനുസര ണത്തെ സാദ്ധ്യമാക്കുന്നു. യേശുക്രിസ്തു സകല പരീക്ഷകളെയും ജയിച്ചു; അതേ ക്രിസ്തുവിന്റെ ശക്തി, പരിശുദ്ധാത്മാവിനാൽ മനു ഷ്യനിലേക്ക് കടന്നുവരുമ്പോൾ, അസാദ്ധ്യമായത് ഒന്നും ഉണ്ടാകയില്ല. "ജഡത്താൽ ജനിച്ചത് ജഡമാകുന്നു. ആത്മാവിനാൽ ജനിച്ചത് ആത്മാ വാകുന്നു" (യോഹന്നാൻ 3:6). പരിശുദ്ധാത്മാവിനാൽ വീണ്ടും ജനി ക്കുമ്പോൾ ഒരു പാപിക്ക് രൂപാന്തരം ഉണ്ടാകുന്നു. ഒന്നിൽ നിന്നും മറ്റൊ ന്നിലേക്ക് മാറുന്നതിനെയാണ് രൂപാന്തരം എന്ന് പറയുന്നത്; വീണ്ടും ജനനത്തിങ്കൽ ജഡീകൻ ആത്മീകനായി മാറുന്നു. "അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവ മക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു" (യോഹന്നാൻ 1:12). ദൈവമക്കൾ പിതാവിനെ അനുസരിക്കുന്നവർ ആയിരിക്കും. ദൈവ മക്കൾക്ക് പാപം ശീലമല്ല; അവർ പാപത്തിൽ വീണെന്നുവന്നേക്കാം. "എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു

നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ട്" (1 യോഹന്നാൻ 2:1). ഓരോ പ്രാവശ്യവും പരീക്ഷകൻ ദൈവത്തിന്റെ കല്പനകളെ ലംഘിക്കുവാൻ പരീക്ഷയുമായി നമ്മെ സമീപിക്കുമ്പോൾ, പാപം മനുഷ്യന് ജന്മസിദ്ധവും ശീലവുമായതു കൊണ്ട് കല്പന പൂർണ്ണമായി അനുസരിക്കുവാൻ സാദ്ധ്യമല്ല എന്ന് നാം മനസ്സിൽ പറയുന്നു എങ്കിൽ നാം പരീക്ഷയിൽ അകപ്പെട്ടുപോകും. ബ്രദറൻ സഭയുടെ ഈ ഉപദേശം പാപത്തിന് ഒഴികഴിവും വഴിയും ഒരുക്കുന്നു, മാനസാന്തരത്തിന് ഇടവും ഇല്ലാതെ വരുന്നു.

പാപം മനുഷ്യന് ജന്മസിദ്ധവും ശീലവും ആയതുകൊണ്ട് കല്പനകൾ പൂർണ്ണമായും അനുസരിക്കുവാൻ സാദ്ധ്യമല്ല എന്നത് മനുഷ്യന്റെ ആലോചനയാണ്, എന്നാൽ തിരുവചനം പറയുന്നത്: "യേശുവിനെ ക്രിസ്തു എന്ന് വിശ്വസിക്കുന്നവൻ എല്ലാം ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നു. ജനിപ്പിച്ചവനെ സ്നേഹിക്കുന്നവൻ എല്ലാം അവനിൽ നിന്നു ജനിപ്പിച്ചവനെയും സ്നേഹിക്കുന്നു; നാം ദൈവത്തെ സ്നേഹിച്ച് അവന്റെ കല്പനകളെ അനുസരിച്ച് നടക്കുമ്പോൾ ദൈവമക്കളെ സ്നേഹിക്കുന്നു എന്ന് അതിനാൽ അറിയാം. അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം. അവന്റെ കല്പനകൾ ഭാരമുള്ളവയല്ല" (1 യോഹന്നാൻ 5:1–3). ദൈവം പറയുന്നത്, മനുഷ്യന് ഭാരമായിട്ടുള്ളതും അനുസരിക്കുവാൻ സാദ്ധ്യമല്ലാത്തതും ഭാരമുള്ള നുകവും, ഞാൻ കൊടുത്തിട്ടില്ല എന്നാണ്. "എന്റെ നുകം മൃദുവും എന്റെ ചുമട് ലഘുവും ആകുന്നു" (മത്തായി 11:30). "അവനെ അറിഞ്ഞിരിക്കുന്നു എന്നു പറകയും അവന്റെ കല്പനകളെ പ്രമാണിക്കാതിരിക്കുകയും ചെയ്യുന്നവൻ കള്ളൻ ആകുന്നു; സത്യം അവനിൽ ഇല്ല" (1 യോഹന്നാൻ 2:4). എല്ലാവരും സത്യം വിശ്വസിക്കുകയും സത്യം പഠിപ്പിക്കുകയും ചെയ്യുന്നവരാണ് എന്ന് അവകാശപ്പെടുന്നു. എന്നാൽ കള്ളനെയും സത്യവാനെയും വേർതിരിച്ചറിയുവാൻ ദൈവം തന്റെ മാനദണ്ഡ് തിരുവചനത്തിൽ സ്ഥാപിച്ചിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ സത്യം ഉപദേശിക്കുന്നവനെയും വ്യാജം ഉപദേശിക്കുന്നവനെയും വേർതിരിച്ച് അറിയേണ്ടതാണ്. മനുഷ്യന്റെ കണ്ണിനേയും ചെവിയേയും വികാരത്തേയും സത്യം തീരുമാനിക്കുവാനുള്ള മാനദണ്ഡമായി ഉപയോഗിക്കുന്ന മനുഷ്യൻ ചതിവിൽ അകപ്പെടും. ദൈവ കല്പനയെ പൂർണ്ണമായോ ഭാഗീകമായോ ത്യജിക്കുന്നവൻ കള്ളനാണ് എന്ന് തിരുവചനം അടിവരയിട്ട് സ്ഥാപിക്കുന്നു.

"പാപം മനുഷ്യന് (ക്രിസ്ത്യാനിക്ക്) ജന്മസിദ്ധവും ശീലവുമാണ്" എന്ന് ബ്രദറൺ സഭ പഠിപ്പിക്കുന്നു. എന്നാൽ വീണ്ടും ജനനം പ്രാപിക്കുമ്പോൾ മനഷ്യന് സ്വഭാവ രൂപീകരണം ഉണ്ടാകുന്നു; അവൻ പാപത്തെ വെറുക്കുന്നു. "ദുർന്നടപ്പും യാതൊരു അശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർ പറകപോലും അരുത്; അങ്ങനെ ആകുന്നു വിശുദ്ധന്മാർക്ക് ഉചിതം. ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്ക് ഇങ്ങനെ ചേർച്ചയല്ലാത്തവ ഒന്നും അരുത്. സ്തോത്രമത്രേ വേണ്ടത്. ദുർന്നടപ്പുകാരൻ അശുദ്ധൻ വിഗ്രഹാരാധിയായ ദ്രവ്യാഗ്രഹി ഇവർക്കാർക്കും ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ അവകാശമില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ. വ്യർത്ഥവാക്കുകളാൽ ആരും നിങ്ങളെ ചതിക്കരുത്; ഈ വക നിമിത്തമല്ലോ ദൈവകോപം അനുസരണം കെട്ടവരുടെ മേൽ വരുന്നു" (എഫെസ്യർ 5:3–6). വീണ്ടും ജനിച്ച ഒരു ദൈവ പൈതലിന് പാപം ജന്മസിദ്ധവും ശീലവും അല്ല. പാപത്തോട് ബന്ധപ്പെട്ട യാതൊന്നിന്റെ തീണ്ടൽ പോലും ദൈവമക്കളുടെ ഇടയിൽ കാണുവാൻ പാടില്ല. എഫെസ്യർക്ക് ലേഖനം എഴുതിയതിന്റെ പ്രാരംഭത്തിൽ അപ്പൊ. പൗലൊസ് പറയുന്നത്, പാപത്തിന്റെ ശീലം ഒരുവൻ ക്രിസ്തുവിനെ കണ്ടെത്തുന്നതിനു മുമ്പുള്ള ശീലമായിരുന്നു എന്നാണ്. "അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു. അവയിൽ നിങ്ങൾ മുമ്പെ ഈ ലോകത്തിന്റെ കാലഗതിയെയും ആകാശത്തിലെ അധികാരത്തിനും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിനും അധിപതിയായവനെയും അനുസരിച്ചു നടന്നു" (എഫെസ്യർ 2:2). വീണ്ടും ജനനത്തിനു മുമ്പുള്ള ചരിത്രമാണ് അനുസരണക്കേടിന്റെ മക്കൾ എന്ന മേലെഴുത്ത്. വീണ്ടും ജനിച്ചതിനുശേഷം ഒരുവൻ അനുസരണത്തിന്റെ മകനായി രൂപാന്തരപ്പെടുന്നു എന്നതാണ് തിരുവചന സത്യം. അതുകൊണ്ട് "പാപം മനുഷ്യന് ജന്മസിദ്ധവും ശീലവും ആയതുകൊണ്ട് പത്തുകല്പന പൂർണ്ണമായും അനുസരിക്കുവാൻ സാദ്ധ്യമല്ല എന്ന ഉപദേശം തികച്ചും ശത്രുവിന്റെ ഉപദേശമാണ്. ഭാഗീകമായ അനുസരണം എന്നൊരു അനുസരണം ഇല്ല; ഇത് തിരുവചന സത്യം. "ഒരുവൻ ന്യായപ്രമാണം മുഴുവനും അനുസരിച്ച് നടന്നിട്ടും ഒന്നിൽ തെറ്റിയാൽ അവൻ സകലത്തിനും കുറ്റക്കാരനായിത്തീർന്നു" (യാക്കോബ് 2:10). ഒരുവൻ ജീവിതത്തിൽ ഒരിക്കലെങ്കിലും പാപം ചെയ്തിട്ടുണ്ടോ എന്നല്ല ചോദ്യം; മറിച്ച് ഒരുവൻ ദൈവത്തിന്റെ കല്പനകൾ എല്ലാം അനുസരിക്കുവാൻ പൂർണ്ണമായും സമർപ്പിച്ചിട്ടുണ്ടോ എന്നാണ് ദൈവം ശോധന ചെയ്യുന്നത്.

ഒരു സഭയായിട്ട് വിശ്വാസപ്രമാണങ്ങൾ മാറ്റുക എന്നത് ഏതാണ്ട് അസാദ്ധ്യം എന്നു പറയാം. കത്തോലിക്കർ അവരുടെ വിശ്വാസപ്രമാണങ്ങൾ മാറ്റുന്നില്ല. പെന്തെക്കൊസ്തരും ബ്രദറൺ സഭയും മറ്റേതു സഭയും അവരുടെ വിശ്വാസപ്രമാണത്തിൽ ഒന്നിനും മാറ്റം വരുത്തുകയില്ല. എന്നാൽ സത്യം ഗ്രഹിക്കുമ്പോൾ വ്യക്തികൾക്ക് വിശ്വാസം തിരുത്തുവാനുള്ള സ്വാതന്ത്ര്യം ഓരോരുത്തർക്കും ഉള്ളതാണ്. സഭയിൽ മാറ്റം വരുത്തുവാൻ സാധിക്കാത്തതുകൊണ്ടാണല്ലോ മനുഷ്യൻ സഭ മാറുന്നത്. ദൈവത്തിന്റെ പത്തുകല്പനകളിൽ ഏതെങ്കിലും ഒന്നു പോലും ത്യജിക്കുന്ന സഭ സത്യ സഭയല്ല. അപ്രകാരമുള്ള സഭകൾ വിട്ടുപോരുവാൻ ദൈവം ആഹ്വാനം ചെയ്യുന്നു. “മറ്റൊരു ശബ്ദം സ്വർഗ്ഗത്തിൽ നിന്നു പറയുന്നതായി ഞാൻ കേട്ടത്: എന്റെ ജനമായുള്ളോരേ അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടു പോരുവിൻ” (വെളിപ്പാട് 18:4).

**സെവെന്ത് ഡേ അഡ്വന്റിസ്റ്റ് സഭ**

സെവെന്ത് ഡേ അഡ്വന്റിസ്റ്റ് സഭ പത്ത് കല്പനയെ സംബന്ധിച്ച് ഇപ്രകാരം പഠിപ്പിക്കുന്നു:

"The great principles of God’s law are embodied in the Ten Commandments and exemplified in the life of Christ. They express God’s love, will and purposes concerning human conduct and relationships and are binding upon all people in every age. These precepts are the basis of God’s covenant with His people and the standard in God’s judgement. Through the agency of the Holy Spirit they point out sin and awaken a sense of need for a Saviour. Salvation is all of grace and not of works, but it’s fruitage is obedience to the Commandments. This obedience develops Christian character and results in a sense of well-being. It is an evidence of our love for the Lord and our concern for our fellow men. The obedience of faith demonstrates the power of Christ to transform lives, and therefore strengthens Christian witness" (Ex.20:1-17, Mat. 5:17-19, Deu.28:1-14, Ps.19:7-13, John 14:15, Rom. 8:1-4, 1 John 5:3, Mat. 22:36-40, Eph. 2:8).

ദൈവന്യായപ്രമാണത്തിന്റെ മഹത്തായ തത്വങ്ങൾ പത്ത് കല്പനയിൽ ഉൾക്കൊണ്ടിരിക്കുന്നു; അവ ക്രിസ്തുവിന്റെ ജീവിതത്തിൽ ദൃഷ്ടാന്തികരിച്ചിരിക്കുകയും ചെയ്യുന്നു. മനുഷ്യന്റെ സ്വഭാവത്തെയും ബന്ധത്തെയും സംബന്ധിച്ച് ദൈവ കല്പന ദൈവസ്നേഹത്തേയും,

ഇച്ഛയേയും, താല്പര്യത്തേയും പ്രകടിപ്പിക്കുന്നു. അത് എല്ലാ കാലത്തും മനുഷ്യന്റെ ബാദ്ധ്യതയാകുന്നു. ഈ ധർമ്മോപദേശം മനുഷ്യനോടുള്ള ദൈവത്തിന്റെ ഉടമ്പടിയുടെ അടിസ്ഥാനവും ന്യായവിധിയുടെ മാനദണ്ഡുമാണ്. പരിശുദ്ധാത്മാവ് എന്ന മാദ്ധ്യമത്തിലൂടെ പത്ത് കല്പന പാപത്തെ ചൂണ്ടി കാണിക്കുകയും ഒരു രക്ഷിതാവിന്റെ ആവശ്യത്തെപ്പറ്റി ബോധം വരുത്തുകയും ചെയ്യുന്നു. കൃപ രക്ഷയ്ക്ക് ആധാരമാകുന്നു; പ്രവൃത്തി അതിന് കാരണമല്ല; എന്നാൽ പത്ത് കല്പനയുടെ അനുസരണം രക്ഷയുടെ അനന്തര ഫലമാണ്. അനുസരണം ക്രിസ്തീയ സ്വഭാവത്തെ വളർത്തിയെടുക്കുന്നു. അതിന്റെ അനന്തരഫലമായി ഒരു ക്ഷേമാവസ്ഥ ഉളവാകുന്നു. കല്പനയുടെ അനുസരണം ദൈവത്തോടുള്ള സ്നേഹത്തിന്റെയും മറ്റുള്ളവരോടുള്ള താല്പര്യത്തിന്റെയും തെളിവാണ്. വിശ്വാസത്തിന്റെ അനുസരണം മനുഷ്യസ്വഭാവത്തെ രൂപാന്തരപ്പെടുത്തുവാനുള്ള ക്രിസ്തുവിന്റെ ശക്തിയെയും ക്രിസ്തീയ സാക്ഷ്യത്തെ ബലപ്പെടുത്തുകയും പ്രകടിപ്പിക്കുകയും ചെയ്യുന്നു.

ആഗോളമായുള്ള നാല് സഭകളുടെ പത്ത് കല്പനയോടുള്ള സമീപനം നാം കണ്ടുകഴിഞ്ഞു. പെന്തെക്കോസ്തരെ സംബന്ധിച്ചിടത്തോളം ക്രിസ്തു ന്യായപ്രമാണം നമുക്കുവേണ്ടി അനുസരിച്ചു എന്നും നാം ഇപ്പോൾ കൃപയ്ക്ക് അധീനരായതുകൊണ്ട് ന്യായപ്രമാണം അനുസരിക്കേണ്ടതില്ലെന്നും പഠിപ്പിക്കുന്നു. നാലാം കല്പനയാകുന്ന ശബ്ബത്ത് ഉപേക്ഷിച്ചിരിക്കുന്നതുകൊണ്ട് അവർ പത്ത് കല്പന എല്ലാം ഉപേക്ഷിച്ചിരിക്കുന്നു. ബാപ്റ്റിസ്റ്റ് സഭയെ സംബന്ധിച്ചിടത്തോളം അവർ ന്യായപ്രമാണത്തിൽനിന്നും ഒഴിവുള്ളവരാണെന്ന് അവകാശപ്പെടുന്നു. കൃപയ്ക്ക് അധീനരായതുകൊണ്ട് ന്യായപ്രമാണത്തിന് കീഴ്പ്പെടേണ്ടതില്ലെന്നും അവർ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. നാലാം കല്പനയാകുന്ന ശബ്ബത്ത് ഉപേക്ഷിച്ചിരിക്കുന്നത് അവർ ന്യായപ്രമാണം ആകമാനം ഉപേക്ഷിച്ചിരിക്കുന്നു എന്നതിന്റെ തെളിവാണ്.

ബ്രദറൻ സഭയും ഇവർ രണ്ടുകൂട്ടരോടും അഭിപ്രായത്തിൽ ഏകീഭവിക്കുന്നു. ക്രിസ്ത്യാനികൾ ഇപ്പോൾ കൃപയ്ക്ക് അധീനരായതുകൊണ്ട് ന്യായപ്രമാണം കാര്യമാക്കേണ്ടതില്ലെന്ന് ബ്രദറൻ സഭയും പഠിപ്പിക്കുന്നു. തന്നെയുമല്ല, പത്ത് കല്പന മനുഷ്യന് പൂർണ്ണമായും അനുസരിക്കുവാൻ സാദ്ധ്യമല്ലെന്നും അവർ ലോകത്തോട് പറയുന്നു. ഈ സഭകൾ ലോകം എമ്പാടുമുള്ള ക്രിസ്ത്യാനിത്വത്തെ പ്രതിനിധീകരിക്കുന്നു എന്നു പറയാം. എന്നാൽ സെവെന്ത് ഡേ അഡ്വന്റിസ്റ്റ് സഭ

ഇവരിൽ എല്ലാവരിൽനിന്നും പത്ത് കല്പനയുടെ കാര്യത്തിൽ വ്യത്യസ്തമാണ്. പത്ത് കല്പനയുടെ അനുസരണത്താൽ രക്ഷ സാദ്ധ്യമല്ലെന്ന് എല്ലാ സഭകളും വിശ്വസിക്കുന്നതുപോലെ സെവെന്ത് ഡേ അഡ്വന്റിസ്റ്റ് സഭയും വിശ്വസിക്കുന്നു. എന്നാൽ കല്പനാ ലംഘനത്തിൽനിന്നും ഉളവാകുന്ന പാപത്തിൽനിന്നും രക്ഷിക്കപ്പെട്ടതിനുശേഷം വീണ്ടും പാപത്തിൽ വീഴാതിരിപ്പാനും ഒരു വിശുദ്ധ ജീവിതം നയിക്കുവാനും പത്ത് കല്പനയുടെ അനുസരണം ആവശ്യമാണ് എന്ന് സഭ വിശ്വസിക്കുന്നു. പത്ത് കല്പന വിശുദ്ധമാണ് (റോമർ 7:12); അതിന്റെ അനുസരണം കൂടാതെ വിശുദ്ധ ജീവിതം അസാദ്ധ്യമാണ്. എല്ലാ വിശ്വാസികളേയും പത്ത് കല്പനയാൽ ന്യായം വിധിക്കും എന്ന് തിരുവചനം മുന്നറിയിപ്പുനൽകിയിരിക്കുന്നു (റോമർ 2:12, സഭാപ്രസംഗി 12:13,14). പത്ത് കല്പന ഓരോന്നായി പത്തും അനുസരിക്കണമെന്ന് തിരുവചനം നിർദ്ദേശിക്കുന്നു (യാക്കോബ് 2:10). ഒൻപത് കല്പനകൾ അനുസരിക്കണമെന്ന് എല്ലാസഭകളിലേയും വിശ്വാസികളുടെ പ്രായോഗിക ജീവിതം സാക്ഷ്യം പറയുന്നു. നാലാമത്തെ കല്പനയാകുന്ന ശബ്ബത്തും ജീവിതത്തിന്റെ ഭാഗം ആക്കി തീർക്കണം എന്ന് സെവെന്ത് ഡേ അഡ്വന്റിസ്റ്റ് സഭ പഠിപ്പിക്കുന്നു. ഒൻപത് അനുസരിക്കണമോ, അതോ പത്തും അനുസരിക്കണമോ എന്നേ ഉള്ളു വ്യത്യാസം.

## മോശെയുടെ ന്യായപ്രമാണം

മോശെയുടെ ന്യായപ്രമാണത്തിൽ പല വകഭേദങ്ങൾ കാണുന്നു. അതിനെ മൂന്നായി തരം തിരിക്കാം:

1. ക്രൂശിന് നിഴലായിരുന്ന ന്യായപ്രമാണങ്ങൾ.
2. ആരോഗ്യപരമായ ന്യായപ്രമാണങ്ങൾ.
3. സാമൂഹ്യ ബന്ധങ്ങളെ ആസ്പദമാക്കിയുള്ള ന്യായപ്രമാണങ്ങൾ.

### 1. ക്രൂശിന് നിഴലായിരുന്ന ന്യായപ്രമാണങ്ങൾ

മോശെയുടെ ന്യായപ്രമാണം യഹോവയുടെ ന്യായപ്രമാണത്തിൽനിന്നും ദൗത്യത്തിൽ വ്യത്യാസമുള്ളതാണ്. യഹോവയുടെ ന്യായപ്രമാണം പാപത്തെ നിർവ്വചിക്കുമ്പോൾ മോശെയുടെ ന്യായപ്രമാണത്തിൽ **നിഴലായിരുന്നവ** പാപപരിഹാരത്തെ നിർദ്ദേശിക്കുന്നു. “യഹോവ പിന്നെയും മോശെയോട് അരുളിച്ചെയ്തത്: നീ യിസ്രായേൽ മക്കളോട് പറയേണ്ടത് എന്തെന്നാൽ: ചെയ്യരുത് എന്ന് യഹോവ കല്പിച്ചിട്ടുള്ള വല്ല കാര്യത്തിലും ആരെങ്കിലും അബദ്ധവശാൽ പിഴച്ചു

ആവക വല്ലതും ചെയ്താൽ അഭിഷിക്തനായ പുരോഹിതൻ ജനത്തി ന്മേൽ കുറ്റം വരത്തക്കവണ്ണം പാപം ചെയ്തു എങ്കിൽ താൻ ചെയ്ത പാപം നിമിത്തം അവൻ യഹോവയ്ക്ക് പാപയാഗമായി ഊനമില്ലാത്ത ഒരു കാളക്കിടാവിനെ അർപ്പിക്കേണം" (ലേവ്യ. 4:1-3). യഹോവയുടെ ന്യായപ്രമാണം (പത്തു കല്പന) പാപത്തെയും അശുദ്ധിയെയും വെളി പ്പെടുത്തുമ്പോൾ മോശെയുടെ ന്യായപ്രമാണം പാപത്തിന്റെ പ്രതിവിധി നിർദ്ദേശിക്കുന്നു.

യാഗം എപ്രകാരം കഴിച്ചാൽ യഹോവയ്ക്ക് പ്രസാദമാകും എന്ന് മോശെയുടെ ന്യായപ്രമാണം പറയുന്നു. "യഹോവ പിന്നെയും മോശെ യോട് അരുളിച്ചെയ്തത്: നീ അഹരോനോട് പറയേണ്ടത് എന്തെന്നാൽ നിന്റെ സന്തതിയിൽ അംഗഹീനനായവൻ നിന്റെ ദൈവത്തിന്റെ ഭോജന യാഗം അർപ്പിപ്പാൻ ഒരിക്കലും അടുത്ത് വരരുത്" (ലേവ്യ. 21:17). "യഹോവ പിന്നെയും മോശെയോട് അരുളിച്ചെയ്തത് എന്തെന്നാൽ: ഒരു കാളയോ, ചെമ്മരിയാടോ, കോലാടോ പിറന്നാൽ എഴ് ദിവസം തള്ളയുടെ അടുക്കൽ ഇരിക്കേണം. എട്ടാം ദിവസം മുതൽ അത് യഹോ വയ്ക്ക് ദഹനയാഗമായി പ്രസാദമാകും. (ലേവ്യ. 22:26-27) "ഊനമുള്ള യാതൊന്നിനെയും നിങ്ങൾ അർപ്പിക്കരുത്; അതിനാൽ നിങ്ങൾക്ക് പ്രസാദം ലഭിക്കയില്ല"(ലേവ്യ. 22:20). യഹോവ കല്പിച്ചാക്കിയ ഉത്സവ ങ്ങൾ ഏതൊക്കെയാണ് എന്ന് മോശെയുടെ ന്യായപ്രമാണം യിസ്രാ യേലിനെ അറിയിച്ചു. "അതതു കാലത്തു വിശുദ്ധ സഭായോഗം വിളിച്ചു കൂട്ടേണ്ടുന്ന യഹോവയുടെ ഉത്സവദിവസങ്ങളാണത്. ഒന്നാം മാസം 14-ാം തീയതി സന്ധ്യാസമയത്ത് യഹോവയുടെ പെസഹ" (ലേവ്യ. 23:4-5). ഉത്സവങ്ങളും, പാപപരിഹാര യാഗങ്ങളും, ശുദ്ധീകരണങ്ങളും, അഭിഷേകങ്ങളും അനുസരണക്കേടിനുള്ള ശിക്ഷകളും ഒക്കെ ഉൾക്കൊ ള്ളുന്ന ന്യായപ്രമാണങ്ങളാണ് നിഴലായിരുന്ന ന്യായപ്രമാണങ്ങൾ.

### ഉത്സവ ദിവസങ്ങൾ – നിന്നുപോയ ശബ്ബത്തുകൾ

ലേവ്യാപുസ്തകം 23-ാം അദ്ധ്യായം പല ഉത്സവദിവസങ്ങളെ പ്രതി പാദിക്കുന്ന അദ്ധ്യായമാണ്. ഈ ദിവസങ്ങളെ ശബ്ബത്ത് എന്ന് അറിയ പ്പെടുന്നു. "യഹോവ പിന്നെയും മോശെയോട് അരുളിച്ചെയ്തത്: ഏഴാം മാസം പത്താം തീയതി പാപപരിഹാര ദിവസം ആകുന്നു. അന്ന് നിങ്ങൾക്ക് വിശുദ്ധ സഭായോഗം ഉണ്ടാകേണം. നിങ്ങൾ ആത്മതപനം ചെയ്യുകയും യഹോവയ്ക്ക് ദഹനയാഗം അർപ്പിക്കുകയും വേണം. അന്ന് നിങ്ങൾ ഒരു വേലയും ചെയ്യരുത്... അത് നിങ്ങൾക്ക് സ്വസ്ഥത

യ്ക്കുള്ള ശബ്ബത്ത്; അന്ന് നിങ്ങൾ ആത്മതപനം ചെയ്യണം. ആ മാസം 9-ാം തീയതി വൈകുന്നേരം മുതൽ പിറ്റേനാൾ വൈകുന്നേരം വരെ നിങ്ങൾ ശബ്ബത്ത് ആചരിക്കേണം" (ലേവ്യ. 23:26-32). ഇതുപോലെ പല ആചാരങ്ങൾ യിസ്രായേലിന് ഉണ്ടായിരുന്നു. യിസ്രായേൽ മക്കളുടെ മിസ്രയീമിൽനിന്നുള്ള പുറപ്പാടിനു മുമ്പ് ഈ ആചാരങ്ങൾ നിലവിൽ ഇല്ലായിരുന്നു. യിസ്രായേലിനോട് ചേർന്ന ജാതികളും ന്യായപ്രമാണങ്ങൾ എല്ലാം ആചരിച്ചിരുന്നു. ക്രൂശിനുശേഷം ഈ ആചാരങ്ങൾ അവസാനിച്ചു; കാരണം ഈ വക ഉത്സവങ്ങൾ ക്രൂശിന്റെ പാഠങ്ങളായിരുന്നു.

ഏഴാം മാസം പത്താം തീയതി (ഏതു ദിവസമായാലും) പാപപരിഹാരദിവസമായി ആചരിച്ചിരുന്നു. പത്താം തീയതി ശബ്ബത്തും അതിനോടനുബന്ധിച്ച പുരോഹിത ശുശ്രൂഷയും ക്രൂശിനുശേഷം തുടരുന്നില്ല. മശീഹാ വരും എന്നതിന്റെ ഓർമ്മയ്ക്കായിട്ട് സ്ഥാപിച്ച ആചാരങ്ങൾ മശീഹാ വന്നുകഴിഞ്ഞ് ആചരിക്കേണ്ടതില്ലല്ലോ. ഏഴാം മാസം പത്താം തീയതി ശബ്ബത്ത്" എന്ന പോലെ കൂടാരപ്പെരുന്നാൾ, പെന്തെക്കൊസ്ത്, മുതലായവ ശബ്ബത്തുകളായിരുന്നു; അവ എല്ലാം യാഗങ്ങളോടുകൂടെ ആചരിച്ചിരുന്നു. യാഗം നിന്നുപോയതോടെ അങ്ങനെയുള്ള ശബ്ബത്തുകളും ആചരിക്കുന്നത് നിന്നുപോയി.

ഈ വക ശബ്ബത്തുകൾക്ക് "തീയതി" പ്രാധാന്യമായിരുന്നു, ദിവസം പ്രാധാന്യമായിരുന്നില്ല. ഉദാഹരണമായിട്ട് ഏഴാം മാസം പത്താം തീയതി എടുക്കാം. ഏഴാം മാസം പത്താം തീയതി തിങ്കളാഴ്ച ആയേക്കാം, ബുധനാഴ്ച ആയേക്കാം. ഈ ശബ്ബത്ത് ആണ്ടിൽ ഒരിക്കൽ മാത്രം സംഭവിച്ചിരുന്നു; കാരണം ഏഴാം മാസം പത്താം തീയതി ആണ്ടിൽ ഒരിക്കൽ മാത്രമേ വരുന്നുള്ളു. നമ്മിൽ ഒരാളുടെ ജന്മദിവസം പത്താം മാസം ഏഴാം തീയതി ആകുന്നു എന്ന് കരുതുക. അത് ആണ്ടിൽ ഒരിക്കൽ മാത്രം നാം ആഘോഷിക്കുന്നു. ജന്മദിനത്തിന് തീയതി ആണ് പ്രധാനം. ദിവസത്തിന് പ്രാധാന്യമില്ല. അതുപോലെ ആണ്ടിൽ ഒരിക്കൽ മാത്രം വന്നിരുന്ന പാപപരിഹാര ദിവസം, കൂടാരപ്പെരുന്നാൾ, പെന്തെക്കൊസ്ത് മുതലായ ദിവസങ്ങൾ യിസ്രായേൽ ശബ്ബത്തുകളായി ആചരിച്ചിരുന്നു. എന്നാൽ അതോടൊപ്പം ആഴ്ചവട്ടത്തിന്റെ ഏഴാംദിന ശബ്ബത്തും ആഴ്ചതോറും വന്നിരുന്നു. അങ്ങനെ ആകുമ്പോൾ ചിലപ്പോഴൊക്കെ ആഴ്ചയിൽ രണ്ട് ശബ്ബത്തുകൾ വന്നിരുന്നു. ഒന്ന് ആണ്ടിൽ ഒരിക്കൽ വന്നിരുന്ന ശബ്ബത്തും, രണ്ടാമത്തേത് ആഴ്ചയിൽ ഒരിക്കൽ വന്നിരുന്ന ശബ്ബത്തും. **ആണ്ടിൽ ഒരിക്കൽ വന്നി**

**രുന്ന ശബ്ബത്തുകൾ യിസ്രായേലിനോടുകൂടെ ആരംഭിക്കുകയും നിഴ ലായിരുന്നവ ആയതുകൊണ്ട് ക്രൂശോടുകൂടെ അവസാനിക്കുകയും ചെയ്തു. അതുകൊണ്ടാണ് ശബ്ബത്ത് യിസ്രായേലിന് കൊടുത്തതാ യിരുന്നു എന്ന് നാം പറഞ്ഞ് കേൾക്കാറുള്ളത്. ആഴ്ചതോറും ഉള്ള 7-ാം ദിന ശബ്ബത്ത് ഏദെൻ തോട്ടത്തിൽ പ്രപഞ്ച സൃഷ്ടിയോടു കൂടെ തുടങ്ങിയതാണ്.**

**ഏഴാം ദിന ശബ്ബത്തിന്റെ തുടക്കം**

ഏദെൻ തോട്ടം മുതൽ, ആരാധനക്കായി മാനവരാശിക്കു കൊടു ത്തതാണ് ആഴ്ചയിൽ ഒരിക്കൽ വരുന്ന ശബ്ബത്ത്. ആഴ്ചവട്ടത്തിന്റെ ശബ്ബത്ത്, എല്ലാ ഏഴാം ദിവസവും വരുന്നത്, ഉല്പത്തിയിൽ ഈ ലോക ത്തിന്റെ ആദ്യത്തെ ആഴ്ചവട്ടം പൂർത്തിയായതോടെ ആരംഭിച്ചതാണ്. അത് മോശെയും യെഹൂദനും ഉത്ഭവിക്കുന്നതിനുമുമ്പേ ഉണ്ടായിരു ന്നതുകൊണ്ട് ആഴ്ചവട്ടത്തിന്റെ ഏഴാം ദിന ശബ്ബത്തിനെ യെഹൂദന്റെ ശബ്ബത്ത് എന്ന് സംബോധന ചെയ്യാൻ പാടില്ലാത്തതാണ്; മോശെയുടെ ന്യായപ്രമാണത്തിലും ഉൾപ്പെടുത്തുവാൻ പാടില്ലാത്തതാണ്. അങ്ങനെ പറയുന്നത് തെറ്റാണ്. തന്നെയുമല്ല നിഴൽ ആരംഭിക്കുന്നത് ആദാമും ഹൗവ്വയും പാപം ചെയ്തതിനുശേഷമാണ്. **എന്നാൽ ആഴ്ചവട്ട ത്തിന്റെ ഏഴാംദിന ശബ്ബത്ത് പാപത്തിനു മുമ്പേ ഉണ്ടായിരുന്നതു കൊണ്ട് പാപത്തിന് മുമ്പുള്ള ശബ്ബത്ത് നിഴലല്ല.** ആഴ്ചവട്ടത്തിന്റെ ഏഴാം ദിന ശബ്ബത്ത് നിഴലായിരുന്നു എന്നും യെഹൂദന് കൊടുത്തതാ യിരുന്നു എന്നും പറയുന്നത് സാമാന്യ യുക്തിക്കുപോലും ചേർന്ന തല്ല. **നിഴലായ ശബ്ബത്ത് ഉണ്ടായിരുന്നു എന്നുള്ളത് ശരിയാണ്. അത് ആണ്ടിൽ ഒരിക്കൽ വന്നിരുന്നു.** കർത്താവിന്റെ ക്രൂശു മരണത്തോടെ അവ അവസാനിക്കുകയും ചെയ്തു. ആണ്ടിൽ ഒരിക്കൽ വന്നിരുന്ന ശബ്ബത്ത് മോശെയുടെ ന്യായപ്രമാണത്തിന്റെ ഭാഗമായിരുന്നു. പത്ത് കല്പനയിൽ കാണുന്ന ശബ്ബത്ത് ആഴ്ചവട്ടത്തിന്റെ ഏഴാംദിന ശബ്ബത്താണ്. “ആറ് ദിവസം അദ്ധ്വാനിച്ച് നിന്റെ വേലയൊക്കെയും ചെയ്ക. ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്താ കുന്നു” (പുറ. 20:9-10). ന്യായപ്രമാണം വേർതിരിച്ച് ഗ്രഹിക്കാത്തതു കൊണ്ട് അനേകർ ഏഴാംദിന ശബ്ബത്ത് ലംഘിച്ച് പാപം ചെയ്യുന്നു. യഹോവയുടെ നിയമപെട്ടകത്തിനകത്ത് കാണുന്ന പത്ത് കല്പനയിൽ യഹോവയുടെ ശബ്ബത്തും പെട്ടകത്തിനരികെ പുറത്ത് മോശെയുടെ ന്യായപ്രമാണത്തിൽ യെഹൂദനോടുകൂടി ആരംഭിച്ച ശബ്ബത്തുകളും കാണാം. കാണേണ്ടതുപോലെ കാണാൻ സാധിക്കാത്തതുകൊണ്ട്

ചിന്താക്കുഴപ്പങ്ങൾ ഉണ്ടാകുന്നു. മോശെയുടെ ന്യായപ്രമാണത്തിൽ ഒരു കൂട്ടം പ്രമാണങ്ങൾ ക്രൂശിന്റെ നിഴൽ ആയിരുന്നതുകൊണ്ട് അവയെ നിഴലായിരുന്ന ന്യായപ്രമാണം എന്നു വിളിക്കാം.

**2. ആരോഗ്യപരമായ മോശെയുടെ ന്യായപ്രമാണം (നിഴലായിരുന്നില്ല)**

പൊതുവെ മോശെയുടെ ന്യായപ്രമാണം എന്ന് അറിയപ്പെടുന്നതിന്റെ ഒരു ഭാഗം ദൈവം നൽകിയ ആരോഗ്യപരമായ ന്യായപ്രമാണങ്ങളാണ്. ഭക്ഷണപാനീയങ്ങൾ നിയന്ത്രിക്കുന്നതിൽകൂടി നല്ല ആരോഗ്യം അനുഭവിക്കാവുന്നതാണ്; പല രോഗങ്ങളും ഒഴിവാക്കുവാൻ സാധിക്കുന്നു. സസ്യാദികൾ തിന്നുന്ന മൃഗങ്ങൾക്കുപോലും തിന്നാവുന്നതും തിന്നരുതാത്തതുമായ നിയമം ആരോ അതിന്റെ പ്രകൃതിയിൽ എഴുതിയിരിക്കുന്നു എന്ന് കാണുന്നു. ഓരോന്നിന്റെയും ശരീര ഘടന സൃഷ്ടിച്ച ദൈവം എന്ത് ഏതു മൃഗം തിന്നണം എന്നും എന്ത് തിന്നരുത് എന്നും ഒരു നിയമം ഉള്ളതുപോലെ കാണപ്പെടുന്നു.

മനുഷ്യന്റെ ശരീരം സൃഷ്ടിച്ച ദൈവം എന്ത് തിന്നാം എന്നും എന്ത് തിന്നരുത് എന്നും ഉള്ള ന്യായപ്രമാണം തന്നിരിക്കുന്നു. നോഹയുടെ കാലത്തെ വെള്ളപ്പൊക്കത്തിനു ശേഷം കരയിലുള്ള മൃഗങ്ങളുടെ മാംസവും ആകാശത്ത് പറക്കുന്ന പക്ഷികളുടെ മാംസവും വെള്ളത്തിൽ ജീവിക്കുന്ന മത്സ്യങ്ങളുടെ മാംസവും ആഹാരത്തിന്റെ ഭാഗമായി ദൈവം നല്കി. എന്നാൽ ദൈവം തന്റെ ജ്ഞാനത്തിൽ ചില നിയമങ്ങൾ വെച്ചിരിക്കുന്നു. "യഹോവ പിന്നെയും മോശെയോടും അഹരോനോടും അരുളിചെയ്തത്: നിങ്ങൾ യിസ്രായേൽ മക്കളോട് പറയേണ്ടത് എന്തെന്നാൽ നിങ്ങൾക്ക് തിന്നാവുന്ന മൃഗങ്ങൾ ഇവ" (ലേവ്യ 11:1,2) പക്ഷികളിൽ നിങ്ങൾക്ക് അറപ്പായിരിക്കേണ്ടുന്നവ ഇവ (ലേവ്യ. 11:13) വെള്ളത്തിലുള്ള എല്ലാറ്റിലും വെച്ച് നിങ്ങൾക്ക് തിന്നാവുന്നവ ഇവ (ലേവ്യ. 11:9) നിലത്ത് ഇഴയുന്ന ഇഴജാതിയിൽ നിങ്ങൾക്ക് അശുദ്ധമായവ ഇവ"(ലേവ്യ. 11:29) ശുദ്ധവും അശുദ്ധവും തമ്മിലും തിന്നാവുന്ന മൃഗത്തെയും തിന്നരുതാത്ത മൃഗത്തെയും തമ്മിലും വകതിരിക്കേണ്ടതിന് ഇതു മൃഗങ്ങളെയും പക്ഷികളെയും വെള്ളത്തിൽ ചലനം ചെയ്യുന്ന സകല ജന്തുക്കളെയും നിലത്ത് ഇഴയുന്ന ജന്തുക്കളെയും പറ്റിയുള്ള പ്രമാണം ആകുന്നു. (ലേവ്യ. 11:46,47)

ലേവ്യപുസ്തകം 13–ാം അദ്ധ്യായത്തിലും, 14–ാം അദ്ധ്യായത്തിലും ത്വക്ക് രോഗങ്ങളെക്കുറിച്ചുള്ള നിബന്ധനകൾ ദൈവം തന്നിരിക്കുന്നു.

18-ാം അദ്ധ്യായത്തിൽ നിരോധിച്ചിട്ടുള്ള ലൈംഗിക ബന്ധങ്ങളെ പ്രതിപാദിക്കുന്ന ന്യായപ്രമാണം തന്നിരിക്കുന്നു. ഈ വക ന്യായപ്രമാണങ്ങൾ ക്രൂശിന്റെ നിഴലല്ലാത്തതുകൊണ്ട് ക്രൂശ് കടന്ന് പുതിയനിയമത്തിലേക്ക് വന്നിരിക്കുന്നു. ഈ സത്യം ആദ്യമായി യെരുശലേമിൽ അപ്പൊസ്തലന്മാർ കൂടി വന്നപ്പോൾ, ജാതികളിൽനിന്നും ക്രിസ്താനികളാകുന്നവർ എന്തൊക്കെ ആചരിക്കണം എന്ന തീരുമാനത്തിൽ കാണാവുന്നതാണ്. "ആകയാൽ ജാതികളിൽ നിന്നു ദൈവത്തിങ്കലേക്ക് തിരിയുന്നവരെ നാം അസഹ്യപ്പെടുത്താതെ അവർ വിഗ്രഹ മാലിന്യങ്ങൾ, പരസംഗം, ശ്വാസം മുട്ടിച്ചത്തത്, രക്തം എന്നിവ വർജ്ജിപ്പാൻ നാം അവർക്ക് എഴുതേണം എന്ന് ഞാൻ അഭിപ്രായപ്പെടുന്നു" (പ്രവൃത്തികൾ 15:19,20). മോശെയുടെ ന്യായപ്രമാണത്തിലെ നിഴലല്ലാത്ത ന്യായപ്രമാണങ്ങൾ ക്രൂശ് കടന്ന് പുതിയനിയമത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു എന്ന് അപ്പൊസ്തലന്മാരുടെ തീരുമാനം സാക്ഷ്യം വഹിക്കുന്നു. നിഴലായിരുന്നു എങ്കിൽ അവ പുതിയ നിയമത്തിലേക്ക് പ്രവേശിക്കയില്ലായിരുന്നു. 28-ാമത്തെ വാകൃത്തിൽ പറയുന്നത് "പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നിയിരിക്കുന്നു" എന്നാണ്. അതുകൊണ്ട് ദൈവം നേരിട്ട് ഇടപെട്ടാണ് മോശെയുടെ ന്യായപ്രമാണത്തിലെ നിഴലല്ലാത്ത ന്യായപ്രമാണങ്ങൾ പുതിയ നിയമത്തിൽ സ്ഥാപിച്ചിരിക്കുന്നത്.

എന്നാൽ കർത്താവ് പറഞ്ഞിരിക്കുന്ന ചില കാര്യങ്ങളെ ചില വ്യക്തികൾ അതിന്റെ പശ്ചാത്തലത്തിൽ നിന്നും വേർതിരിച്ച് വ്യാഖ്യാനിക്കുന്നുണ്ട്. "പുറത്തുനിന്നു മനുഷ്യന്റെ അകത്തു ചെല്ലുന്ന യാതൊന്നിനും അവനെ അശുദ്ധമാക്കുവാൻ കഴിയുകയില്ല" (മർക്കൊസ് 7:18) എന്ന് പറഞ്ഞ് ഭക്ഷണ പാനീയങ്ങളെ സംബന്ധിക്കുന്ന ന്യായപ്രമാണം അവഗണിച്ച് എല്ലാം തിന്നുകയും കുടിക്കയും ചെയ്യുന്നത് ദൈവഹിതമല്ല. മർക്കൊസ് 7-ാം അദ്ധ്യായത്തിൽ കഴുകാത്ത കൈകൊണ്ട് ആഹാരം കഴിച്ചതാണ് പശ്ചാത്തലം. മത്തായി 15:20-ൽ കർത്താവ് പറയുന്നത് വളരെ വ്യക്തമാണ്, "കഴുകാത്ത കൈകൊണ്ട് ഭക്ഷിക്കുന്നതോ മനുഷ്യനെ അശുദ്ധമാക്കുന്നില്ല." ശുദ്ധവും അശുദ്ധവുമായ ആഹാര സാധനങ്ങളെക്കുറിച്ചുള്ള മോശെയുടെ ന്യായപ്രമാണം ഇന്നും നിലവിലുണ്ട്. പത്രൊസിന്റെ ദർശനം ആസ്പദമാക്കി മോശെയുടെ ന്യായപ്രമാണത്തിലെ ശുദ്ധവും അശുദ്ധവുമായ ഭക്ഷണങ്ങളെക്കുറിച്ചുള്ള ന്യായപ്രമാണം നീങ്ങിപ്പോയി എന്ന് വിശ്വസിക്കുന്നവരുണ്ട്. യോപ്പയിൽനിന്നു പത്രൊസിനെ വരുത്തുവാൻ ദൈവത്തിൽനിന്ന് കൊർന്ന

ല്യോസിന് ദർശനം ലഭിച്ചു. പിറ്റേന്നു പത്രൊസിനും ഒരു ദർശനം ലഭിച്ചു. പത്രൊസ് കണ്ട ദർശനം ഭക്ഷണത്തെ സംബന്ധിച്ചുള്ളതല്ല എന്ന് ആ വേദഭാഗം വായിക്കുമ്പോൾ മനസിലാക്കാം. ഇതൊരു പ്രതീകം (symbolism) മാത്രമാണ്. ഉദാഹരണമായി കർത്താവു വിതയ്ക്കുന്നവന്റെ ഉപമ പറഞ്ഞു. അവിടെ "വിത്ത് " സുവിശേഷത്തെ പ്രതിനിധീകരിക്കുന്നു. യഥാർത്ഥത്തിൽ എല്ലാക്കാലത്തും നിലനില്ക്കുന്ന മനുഷ്യന്റെ അയിത്താചാരങ്ങളെ ദൈവം പത്രൊസിലൂടെ ചോദ്യം ചെയ്യുകയാണ്. "അന്യജാതിക്കാരന്റെ അടുക്കൽ ചെല്ലുന്നതും അവനുമായി പെരുമാറ്റം ചെയ്യുന്നതും യെഹൂദനു നിഷിദ്ധം എന്നു നിങ്ങൾ അറിയുന്നുവല്ലോ **എങ്കിലും ഒരു മനുഷ്യനെയും മലിനനോ അശുദ്ധനോ എന്നു പറയരുത് എന്ന് ദൈവം എനിക്കു കാണിച്ചു തന്നിരിക്കുന്നു**"(അപ്പൊ. പ്രവൃ. 10:28). മോശെയുടെ ന്യായപ്രമാണത്തിൽ ഒരു ഭാഗം ആരോഗ്യത്തെ സംബന്ധിക്കുന്ന ന്യായപ്രമാണങ്ങളാണ്. അത് ക്രൂശിന്റെ നിഴലല്ലാത്തതുകൊണ്ട് ക്രൂശ് കടന്ന് പുതിയ നിയമത്തിലേക്ക് പ്രവേശിച്ചു. **പത്രൊസിന്റെ ദർശനം അക്ഷരാർത്ഥത്തിലുള്ളതല്ല.** ഒരു മൃഗത്തെയും അശുദ്ധം എന്ന് പറയരുത് എന്നല്ല ദർശനം, ഒരു മനുഷ്യനെയും മലിനനോ, അശുദ്ധനോ എന്ന് പറയരുത് എന്നാണ് ദൈവം പത്രൊസിന് കാണിച്ചുകൊടുത്തത്. ദൈവം കാണിച്ചതല്ല ഇന്ന് പലരും കാണുന്നത്.

### 3. സാമൂഹ്യ ബന്ധങ്ങളെ ആസ്പദമാക്കിയുള്ള ന്യായപ്രമാണം (നിഴലായിരുന്നില്ല)

യിസ്രായേൽ ജനം സമാധാനമായും സന്തോഷമായും സുരക്ഷിതമായും സഹവാസം ചെയ്യേണ്ടതിന് ദൈവം മോശെ മുഖാന്തരം ന്യായപ്രമാണങ്ങൾ കൊടുത്തിരുന്നു. പുറപ്പാട് 21-ാം അദ്ധ്യായത്തിൽ അടിമകളെ സംബന്ധിച്ചുള്ള ന്യായപ്രമാണം, അക്രമങ്ങൾക്കെതിരെയുള്ള നിയമങ്ങൾ, ഉടമസ്ഥന്റെ ഉത്തരവാദിത്തങ്ങൾ എന്നീ ന്യായപ്രമാണങ്ങൾ കാണുന്നു. "ഒരു കാള ഒരു പുരുഷനെയോ സ്ത്രീയെയോ കുത്തിക്കൊന്നാൽ ആ കാളയെ കല്ലെറിഞ്ഞ് കൊല്ലേണം; അതിന്റെ മാംസം തിന്നരുത്. കാളയുടെ ഉടമസ്ഥനോ കുറ്റമില്ലാത്തവൻ. എന്നാൽ കാള മുമ്പെ തന്നേ കുത്തുന്നതായി അറിയാമായിരുന്നിട്ടും അവൻ അതിനെ സൂക്ഷിക്കായ്കകൊണ്ട് അത് ഒരു പുരുഷനെയോ സ്ത്രീയെയോ കൊന്നുകളഞ്ഞാൽ ആ കാളയെ കല്ലെറിഞ്ഞ് കൊല്ലണം. അതിന്റെ ഉടമസ്ഥനും മരണ ശിക്ഷ അനുഭവിക്കേണം" (പുറ. 21:28, 29). കണ്ണിനുപകരം കണ്ണ്, പല്ലിനു പകരം പല്ല് എന്ന് അരുളിച്ചെയ്തത് നിങ്ങൾ

കേട്ടിട്ടില്ലയോ, ഞാനോ നിങ്ങളോടു പറയുന്നത് ദുഷ്ടനോട് എതിർക്ക രുത്; നിന്റെ വലത്തെ ചെകിട്ടത്ത് അടിക്കുന്നവനു മറ്റേതും തിരിച്ച് കാണിക്ക. നിന്നോടു വ്യവഹരിച്ച് നിന്റെ വസ്ത്രം എടുപ്പാൻ ഇച്ഛിക്കു ന്നവനു നിന്റെ പുതപ്പും വിട്ടുകൊടുക്ക (മത്തായി 5:38-40) നമ്മോട് അന്യായം ചെയ്യുന്നവരോട് എപ്രകാരം പ്രതികരിക്കണം എന്നാണ് കർത്താവ് പഠിപ്പിക്കുന്നത്. രണ്ട് തരത്തിലുള്ള പ്രതികരണത്തെപ്പറ്റി കർത്താവ് പഠിപ്പിക്കുന്നു. ഒന്ന് അപരാധം ചെയ്തവൻ മറ്റവനോട് ഇണ ങ്ങിക്കൊൾക"(മത്തായി 5:25). പ്രതിയോഗി ശത്രുവിനെ സ്നേഹിക്കുക. സമാധാനത്തിൽ നിരന്നുകൊൾക. സഹോദരൻ സഹോദരനെ ന്യായാ ധിപന്റെ അടുക്കൽ കൊണ്ടുപോകാതെ നിരപ്പ് പ്രാപിച്ചുകൊൾക. "നിങ്ങളിൽ ഒരുത്തന് മറ്റൊരുത്തനോട് ഒരു കാര്യം ഉണ്ടെങ്കിൽ വിശു ദ്ധന്മാരുടെ മുമ്പാകെ അല്ല അഭക്തന്മാരുടെ മുമ്പിൽ വ്യവഹാരത്തിന് പോകുവാൻ ഇച്ഛിക്കുന്നുവോ?" (1 കൊരി. 6:1).

പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കോടതിയിൽ പോകുക എന്ന താണ് രണ്ടാമത്തെ സമീപനം. അങ്ങനെ ചെയ്യരുത് എന്ന് കർത്താവ് പറയുന്നില്ല. "അല്ലാഞ്ഞാൽ പ്രതിയോഗി നിന്നെ ന്യായാധിപനും, ന്യായാധിപൻ ചേവകനും ഏല്പിച്ചിട്ട് നീ തടവിലായിപ്പോകും" (മത്തായി 5:25). മോശെയുടെ ന്യായപ്രമാണത്തിന് കർത്താവ് മാറ്റ മൊന്നും വരുത്തിയില്ല. കണ്ണിനു പകരം കണ്ണ് എന്ന് പഴയനിയമത്തിൽ പറഞ്ഞിരിക്കുന്നത് വ്യക്തിപരമായി പ്രതികാരം ചെയ്യണം എന്നല്ല. കോടതിയിൽ ന്യായാധിപൻ നടത്തേണ്ടുന്ന ശിക്ഷയാണ് മോശെയുടെ രാജ്യപരിപാലന ന്യായപ്രമാണം. രാജ്യപരിപാലനത്തിന് മോശെയുടെ ന്യായപ്രമാണം ഉണ്ടായിരുന്നതുപോലെ ഇന്നും നമ്മുടെ സമൂഹത്തിൽ ഭരണഘടനയും, രാജ്യപരിപാലന നിയമങ്ങളും ഉണ്ട്. കൊല ചെയ്യു ന്നവനെ മരണശിക്ഷയ്ക്ക് വിധിക്കാറുണ്ട്. ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ ദൈവജനത്തിനു ഉണ്ടായിരുന്ന മോശെയുടെ ന്യായ പ്രമാണം ഇന്നും കാണുന്നു. വ്യഭിചാരം ചെയ്യുന്നവൻ മാനസാന്തര പ്പെടാഞ്ഞാൽ അന്ത്യന്യായവിധിയിൽ മരണത്തിന് ഏല്പിക്കപ്പെടും. ശിക്ഷവിധിക്കുന്ന മോശെയുടെ ന്യായപ്രമാണം നീങ്ങിപ്പോയിട്ടില്ല; കുറ്റ വാളിക്ക് ഇന്നും ശിക്ഷ നടപ്പിലാക്കുന്നു.

### മോശെയുടെ ന്യായപ്രമാണവും പുതിയനിയമവും

പഴയനിയമ പുസ്തകങ്ങളിൽ 613 ന്യായപ്രമാണങ്ങൾ ഉണ്ട് എന്ന് യഹൂദന്മാർ കണക്കാക്കിയിട്ടുണ്ട്. അതിൽ 365 ന്യായപ്രമാണങ്ങൾ അരുത് എന്നും 248 ന്യായപ്രമാണങ്ങൾ ചെയ്യണം എന്നും ഉള്ളവ

യാണ്. 613 ന്യായപ്രമാണങ്ങളെ മറ്റൊരുവിധത്തിൽ തരം തിരിക്കാം. ഉദാഹരണമായി പറഞ്ഞാൽ നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്ത് നിനക്ക് ദീർഘായുസ് ഉണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക." (പുറ. 20:12). ഈ ന്യായപ്രമാണത്തെ ചെയ്യണം" എന്നു പറയുന്ന 248 ന്യായപ്രമാണങ്ങളിൽ ഉൾപ്പെടുത്താം. ഇപ്രകാരമുള്ള ന്യായപ്രമാണത്തെ അപോഡിറ്റിക് (Apoditic) ന്യായപ്രമാണം എന്ന് വിളിക്കുന്നു. മറ്റൊരു ഉദാഹരണം പറഞ്ഞാൽ കൊല ചെയ്യരുത്" എന്നൊരു ന്യായപ്രമാണം ഉണ്ട്. ഈ ന്യായപ്രമാണത്തെ "അരുത്" എന്നു പറയുന്ന 365 ന്യായപ്രമാണങ്ങളിൽ ഉൾപ്പെടുത്താം. അതും അപോഡിറ്റിക് ന്യായപ്രമാണം തന്നെയാണ്. എന്നാൽ അപോഡിറ്റിക് ന്യായപ്രമാണത്തോട് ശിക്ഷ കൂട്ടിച്ചേർത്ത ന്യായപ്രമാണം ആകുമ്പോൾ അതിനെ കാഷുയിസ്റ്റിക്/കാസ്യുയിസ്റ്റിക് (casuistic) ന്യായപ്രമാണം എന്ന് വിളിക്കുന്നു. ഉദാഹരണമായി പറഞ്ഞാൽ: "തന്റെ അപ്പനെയോ അമ്മയെയോ അടിക്കുന്നവൻ മരണശിക്ഷ അനുഭവിക്കേണം" (പുറപ്പാട് 21:15). ഇത് അഞ്ചാമത്തെ (അപ്പനെയും അമ്മയെയും ബഹുമാനിക്ക) കല്പനയോട് ശിക്ഷ കൂട്ടിചേർത്ത ന്യായപ്രമാണമാകുന്നു. പഴയനിയമകാലത്ത് കാഷുയിസ്റ്റിക് ന്യായപ്രമാണം ന്യായാധിപന്മാർ നടപ്പിലാക്കിയിരുന്നു.

അന്ന് യിസ്രായേൽ മതാധിഷ്ഠിത ഭരണത്തിൻകീഴിൽ ആയിരുന്നു. ഇന്നും രാജ്യത്തിന്റെ ഭരണവും മതപരമായ ഭരണവും ഒരേ അധികാരത്തിൻകീഴിൽ ആയിരിക്കുന്ന അറബി രാജ്യങ്ങളിൽ വ്യഭിചാരം ചെയ്യുന്നവരെ കല്ലെറിഞ്ഞു കൊല്ലാറുണ്ട്. എന്നാൽ ഇപ്പോൾ കൃപയുടെ കാലമായതുകൊണ്ട് ക്രിസ്തുമതം ശിക്ഷ തൽക്ഷണം നടപ്പിലാക്കാറില്ല. കർത്താവായ യേശുവിന്റെ മാതൃകയും നിർദ്ദേശങ്ങളുമാണ് സഭ പിൻതുടരുന്നത്. വ്യഭിചാരത്തിൽ പിടിച്ച ഒരു സ്ത്രീയെ കർത്താവിന്റെ അടുക്കൽ കൊണ്ടുവന്നു. ഇങ്ങനെ ഉള്ളവരെ കല്ലെറിയേണം എന്നു മോശെ ന്യായപ്രമാണത്തിൽ ഞങ്ങളോട് കല്പിച്ചിരിക്കുന്നു; നീ ഇവളെക്കുറിച്ച് എന്തുപറയുന്നു എന്നു ചോദിച്ചു (യോഹ. 8:5). കർത്താവ് അവളെ ശിക്ഷവിധിക്കാതെ ഞാനും നിനക്കു ശിക്ഷ വിധിക്കുന്നില്ല; പോക, ഇനി പാപം ചെയ്യരുത് എന്നു യേശു പറഞ്ഞു (യോഹ. 8:11). ശിക്ഷ നടപ്പാക്കാത്തതുകൊണ്ട്, അല്ലെങ്കിൽ മോശെയുടെ ന്യായപ്രമാണം നടപ്പിലാക്കാത്തതുകൊണ്ട് ദൈവത്തിന്റെ ന്യായപ്രമാണത്തിൽ പറയുന്ന "വ്യഭിചാരം ചെയ്യരുത് " എന്ന കല്പന നീങ്ങിപ്പോയിട്ടില്ല. കൃപയുടെ കാലമായതുകൊണ്ടാണ് ശിക്ഷ വിധിക്കുന്ന മോശെയുടെ ന്യായപ്ര

മാണം നടപ്പിലാക്കാത്തത്. കൃപയെപ്പറ്റി കർത്താവ് ഒരു ഉപമ പറഞ്ഞു. ഒരുത്തന് തന്റെ മുന്തിരിത്തോട്ടത്തിൽ നട്ടിരുന്നോരു അത്തിവൃക്ഷം ഉണ്ടായിരുന്നു. അവൻ അതിൽ ഫലം തിരഞ്ഞു, കണ്ടില്ലതാനും. അവൻ തോട്ടക്കാരനോട് ഞാൻ ഇപ്പോൾ മൂന്ന് സംവത്സരമായി ഈ അത്തിയിൽ ഫലം അന്വേഷിച്ചു വരുന്നു, കാണുന്നില്ലതാനും. അതിനെ വെട്ടിക്കളക അതു നിലത്തെ നിഷ്ഫലമാക്കുന്നതെന്തിന് എന്നു പറഞ്ഞു. അതിന് അവൻ ഞാൻ ഇതിന് ചുറ്റും കിളച്ച് വളം ഇടുവോളം ഈ ആണ്ടും കൂടെ നില്ക്കട്ടെ, മേലാൽ കായിച്ചെങ്കിലോ, ഇല്ലെങ്കിൽ വെട്ടിക്കളയാം എന്നുത്തരം പറഞ്ഞു (ലൂക്കോസ് 13:6-9). ഫലം കായ്ക്കാത്തത് ഒക്കെയും വെട്ടി തീയിൽ ഇടും എന്നുള്ളത് ഉറപ്പാണ്. എന്നാൽ ഇപ്പോൾ ഫലം കായ്ക്കുവാൻ ദൈവം കൃപ കാണിക്കുന്നു. **പുതിയ നിയമകാലത്ത് ന്യായപ്രമാണം നീക്കിയിട്ട് അതിന്റെ സ്ഥാനത്ത് കൃപ തന്നിരിക്കുന്നു എന്ന് വിശ്വസിക്കുന്നത് മൗഢ്യമാണ്. ന്യായപ്രമാണം ഇല്ലാത്തിടത്ത് ലംഘനമില്ല. ലംഘനമില്ലാത്തിടത്ത് പാപം ഇല്ല. പാപം ഇല്ലാത്തിടത്ത് കൃപയും ആവശ്യമില്ല. അതുകൊണ്ട് ന്യായപ്രമാണം ഇല്ലാതിരിക്കുന്ന ഒരു ദിവസം പോലും ഇല്ല.**

കൃപയുടെ വാതിൽ അടയുന്ന ഒരു കാലം സമീപമായിരിക്കുന്നു. വെളിപ്പാടു പുസ്തകത്തിൽ യോഹന്നാൻ പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്. "...പിന്നെയും അവൻ എന്നോട് പറഞ്ഞത്: സമയം അടുത്തിരിക്കയാൽ പുസ്തകത്തിലെ പ്രവചനം മുദ്ര ഇടരുത്. അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ, അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ, നീതിമാൻ ഇനിയും നീതി ചെയ്യട്ടെ, വിശുദ്ധൻ ഇനിയും തന്നെത്തന്നെ വിശുദ്ധീകരിക്കട്ടെ. **ഇതാ ഞാൻ വേഗം വരുന്നു ഓരോരുത്തന് അവനവന്റെ പ്രവൃത്തിക്കുതക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട് (വെളിപ്പാട് 22:10-12).** കൃപയുടെ വാതിൽ അടഞ്ഞശേഷം പാപി മോശെയുടെ ന്യായപ്രമാണപ്രകാരം മരണശിക്ഷക്ക് ഏല്പിക്കപ്പെടും.

**ന്യായപ്രമാണത്തിനോ ന്യായവിധിക്കോ മാറ്റം വരുന്നില്ല.**

അപ്പനെയും അമ്മയെയും ശപിക്കുന്നവൻ കൃപയുടെ വാതിൽ അടഞ്ഞതിനുശേഷം മോശെയുടെ ന്യായപ്രമാണപ്രകാരം മരണശിക്ഷ അനുഭവിക്കും. അതുകൊണ്ട് മോശെയുടെ ന്യായപ്രമാണം മാറിപ്പോയിട്ടില്ല. കൃപയുടെ വാതിൽ അടഞ്ഞശേഷം വിഗ്രഹാരാധനക്കാരൻ മോശെയുടെ ന്യായപ്രമാണപ്രകാരം മരണശിക്ഷ അനുഭവിക്കും. അതു

കൊണ്ട് മോശെയുടെ ന്യായപ്രമാണം നീങ്ങിപ്പോയിട്ടില്ല. ശബ്ബത്ത് ലംഘിക്കുന്നവനെ മോശെയുടെ ന്യായപ്രമാണപ്രകാരം മരണശിക്ഷയ്ക്ക് വിധിച്ചിരുന്നതുപോലെ കൃപയുടെ വാതിൽ അടഞ്ഞതിനുശേഷം പുതിയനിയമ കാലത്ത് ശബ്ബത്ത് ലംഘിക്കുന്നവനെ മരണശിക്ഷയ്ക്കു വിധിക്കും. ദൈവത്തിന്റെ ന്യായപ്രമാണത്തിനോ ന്യായവിധിക്കോ ഒരു മാറ്റവും വരുന്നില്ല. കല്പന ലംഘിക്കുന്നവൻ മോശെയുടെ ന്യായപ്രമാണപ്രകാരം കൃപാകാലം അടഞ്ഞതിനുശേഷം വിധിക്കപ്പെടും. ഞാൻ ഇതിന് ചുറ്റും കിളച്ച് വളം ഇടുവോളം ഈ ആണ്ടും കൂടെ നില്ക്കട്ടെ മേലാൽ കായിച്ചെങ്കിലോ, ഇതാണ് ദൈവത്തിന്റെ കൃപ. എന്നാൽ അറിവില്ലായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്ന് മനുഷ്യരോട് കല്പിക്കുന്നു. താൻ നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു; അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചതിനാൽ അതിന്റെ ഉറപ്പു നൽകിയുമിരിക്കുന്നു. (അപ്പൊ. പ്രവൃ. 17:30-31)

**എല്ലാവരും ന്യായാസനത്തിൻ മുമ്പിൽ നിൽക്കണം.**

എല്ലാവർക്കും ഒരു സംശയവും കൂടാതെ ഉറച്ച് വിശ്വസിക്കാവുന്ന ഒരു കാര്യം ഉണ്ട്. നാം ഓരോരുത്തരും ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പിൽ നിൽക്കേണ്ടിവരും. ദൈവത്തിന്റെ പത്ത് കല്പന മാനദണ്ഡമാക്കിയാണ് മനുഷ്യനെ വിധിക്കുവാൻ പോകുന്നത് (റോമർ 2:12). പത്ത് കല്പന സ്നേഹത്തിന്റെ കല്പനകളാണ്; അതിന്മേൽ ദൈവസിംഹാസനം സ്ഥാപിച്ചിരിക്കുന്നു. ദൈവസ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ ദൈവം സൃഷ്ടിച്ചു. പാപം ചെയ്ത മനുഷ്യന് ദൈവസ്വരൂപം നഷ്ടപ്പെട്ടുപോയി. കർത്താവായ യേശുവിന്റെ ക്രൂശുമരണത്താൽ പാപം പോക്കി ദൈവസ്വരൂപം തിരികെ പ്രാപിച്ചുവോ എന്നുള്ളതാണ് ന്യായവിധിയുടെ ചുരുക്കം. അതുകൊണ്ടാണ് തിരുവചനം പറയുന്നത് സ്നേഹത്തിന്റെ കല്പനയാകുന്ന പത്ത് കല്പന കൊണ്ട് മനുഷ്യനെ ന്യായം വിധിക്കും എന്ന്. “ന്യായപ്രമാണം ഇല്ലാതെ പാപം ചെയ്തവർ (ജാതികൾ) ന്യായപ്രമാണം കൂടാതെ നശിച്ചുപോകും; ന്യായപ്രമാണം ഉണ്ടായിട്ട് പാപം ചെയ്തവർ (ദൈവജനം) ഒക്കെയും ന്യായപ്രമാണത്താൽ വിധിക്കപ്പെടും. ന്യായപ്രമാണം കേൾക്കുന്നവരല്ല ദൈവസന്നിധിയിൽ നീതിമാന്മാർ; ന്യായപ്രമാണം ആചരിക്കുന്നവരത്രെ നീതീകരിക്കപ്പെടുന്നത് ” (റോമർ 2:12-13). ദൈവത്തിന്റെ പത്ത് കല്പന അനുസരിക്കാത്തവരും അതിനെ ഉപേക്ഷിക്ക

ണമെന്ന് പഠിപ്പിക്കുകയും വിശ്വസിക്കയും ചെയ്യുന്നവരും മോശെയുടെ ന്യായപ്രമാണപ്രകാരം ശിക്ഷിക്കപ്പെടും. **യഹോവയുടെ നിയമ പെട്ട കത്തിനകത്തിരിക്കുന്ന പത്ത് കല്പന ലംഘിക്കുന്നവന് എപ്രകാരം നീതീകരണം പ്രാപിക്കാം എന്നാണ് മോശെയുടെ ന്യായപ്രമാണ ത്തിന്റെ ഒരു ഭാഗം നിർദ്ദേശിക്കുന്നത്.**

നീതീകരണം പ്രാപിക്കാത്തവൻ മോശെയുടെ ന്യായപ്രമാണ ത്തിന്റെ മറ്റൊരു ഭാഗം നിർദ്ദേശിക്കുന്ന ശിക്ഷ അനുഭവിക്കും. അത് അന്ത്യന്യായവിധിക്കുശേഷം സംഭവിക്കും. ഒരു പ്രാവശ്യം കൂടെ ഇവിടെ ആവർത്തിച്ച് രേഖപ്പെടുത്തുന്നു: വിഗ്രഹാരാധനക്കാർ മോശെയുടെ ന്യായപ്രമാണത്താൽ മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ടതുപോലെ പുതിയ നിയമകാലത്ത് വിഗ്രഹാരാധനയിൽ ഏർപ്പെട്ടിരിക്കുന്നവർ മോശെയുടെ ന്യായപ്രമാണപ്രകാരം മരണശിക്ഷ അനുഭവിക്കും. പാപപരിഹാര നിർദ്ദേശങ്ങളും, അനുസരണക്കേടിനുള്ള ശിക്ഷകളും ഉൾക്കൊള്ളുന്ന ഒരു ന്യായപ്രമാണമാണ് മോശെയുടെ ന്യായപ്രമാണം. ദൈവത്തിന്റെ നാമം ദുഷിക്കുന്നവനെ മോശെയുടെ ന്യായപ്രമാണപ്രകാരം ശിക്ഷിക്കും.

## ന്യായപ്രമാണത്തെപ്പറ്റി തിരുവചനം എന്തുപറയുന്നു

“യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച് അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ” (സങ്കീർ ത്തനങ്ങൾ 1:2).

“ഞാൻ നിന്റെ ചട്ടങ്ങളിൽ രസിക്കും നിന്റെ വചനങ്ങളെ മറക്കയു മില്ല” (സങ്കീർത്തനങ്ങൾ 119:16).

“നിന്റെ കല്പനകളുടെ പാതയിൽ എന്നെ നടത്തേണമേ, ഞാൻ അതിൽ ഇഷ്ടപ്പെടുന്നു” (സങ്കീർത്തനങ്ങൾ 119:35).

“ഞാൻ നിന്റെ കല്പനകളിൽ പ്രമോദിക്കുന്നു. അവ എനിക്കു പ്രിയ മായിരിക്കുന്നു” (സങ്കീർത്തനങ്ങൾ 119:47).

“ഞാൻ നിന്റെ പ്രമാണങ്ങളെ ധ്യാനിക്കയും നിന്റെ വഴികളെ സൂക്ഷിക്കയും ചെയ്യും” (സങ്കീർത്തനങ്ങൾ 119:15).

ഇപ്രകാരം ദൈവത്തിന്റെ കല്പനയെപ്പറ്റി പറയുന്ന മനോഹരമായ പ്രസ്താവനകൾ തിരുവചനത്തിന്റെ അനേകം ഭാഗങ്ങളിൽ കാണുവാൻ സാധിക്കും.

**യഹോവയുടെ ന്യായപ്രമാണത്താൽ നയിക്കപ്പെടുന്ന ഒരുവൻ വിശുദ്ധിയിൽ ജീവിക്കുന്നവനാണ്. യഹോവയുടെ ന്യായപ്രമാണ ത്താൽ നയിക്കപ്പെടാതെ ഒരുവന് വിശുദ്ധ ജീവിതം നയിക്കുവാൻ സാദ്ധ്യമല്ല.** അനീതിയിൽ ജീവിക്കുന്ന ദുഷ്ടന്മാരെപ്പറ്റി സങ്കീർത്തന ക്കാരൻ പറയുന്നത് "പാപികൾ നീതിമാന്മാരുടെ സഭയിൽ നിവർന്നു നില്ക്കയില്ല" എന്നാണ്. പാപികളുടെ അടിസ്ഥാനപരമായ പ്രശ്നം അവർ ദൈവത്തിന്റെ ന്യായപ്രമാണത്തിന് കീഴ്പ്പെടുന്നില്ല എന്നുള്ള താണ്.

**യഹോവയുടെ ന്യായപ്രമാണം തികവുള്ളത്; അത് പ്രാണനെ തണുപ്പിക്കുന്നു (സങ്കീർത്തനം 19:7).**

നാം തികവുള്ളവരായി ജീവിതം നയിക്കേണ്ടതിന് ദൈവം ചെയ്തി ട്ടുള്ള ക്രമീകരണമാണ് ന്യായപ്രമാണം. തികവുള്ള ന്യായപ്രമാണ ത്താൽ നയിക്കപ്പെടുമ്പോൾ നാം തികവുള്ളവരായിത്തീരുന്നു. പാപം ക്ഷമിച്ച് കിട്ടിയ ഒരുവൻ (നീതീകരണം സൗജന്യമായി പ്രാപിച്ച ഒരു വൻ) വിശുദ്ധീകരണം പ്രാപിക്കേണ്ടതാണ്. ന്യായപ്രമാണം അനുസ രിച്ച് ജീവിക്കാതെ വിശുദ്ധീകരണം അസാദ്ധ്യമാണ്. 19-ാം സങ്കീർത്ത നത്തിന്റെ 7 മുതൽ 9 വരെയുള്ള വാക്യങ്ങളിൽ ദാവീദ് ന്യായപ്രമാ ണത്തിന്റെ മറ്റ് പേരുകളും, ന്യായപ്രമാണത്തിന്റെ സ്വഭാവവും അതിന്റെ ഫലവും വിവരിക്കുന്നു. "യഹോവയുടെ ന്യായപ്രമാണം തികവുള്ളത്; അത് പ്രാണനെ തണുപ്പിക്കുന്നു. യഹോവയുടെ സാക്ഷ്യം വിശ്വാസ്യ മാകുന്നു; അതു അല്പബുദ്ധിയെ ജ്ഞാനിയാക്കുന്നു. യഹോവയുടെ ആജ്ഞകൾ നേരുള്ളവ അത് ഹൃദയത്തെ സന്തോഷിപ്പിക്കുന്നു. യഹോവയുടെ കല്പന നിർമ്മലമായത്; അത് കണ്ണുകളെ പ്രകാശിപ്പി ക്കുന്നു. യഹോവാഭക്തി നിർമ്മലമായതു; അത് എന്നേക്കും നിലനി ല്ക്കുന്നു. യഹോവയുടെ വിധികൾ സത്യമായവ; അതു ഒട്ടൊഴിയാതെ നീതിയുള്ളവയാകുന്നു".

| ന്യായപ്രമാണത്തിന്റെ മറ്റ് പേരുകൾ | സ്വഭാവം | ഫലം |
|---|---|---|
| ന്യായപ്രമാണം | തികവുള്ളത് | പ്രാണനെ തണുപ്പിക്കുന്നു |
| സാക്ഷ്യം | വിശ്വസനീയം | ജ്ഞാനിയാക്കുന്നു |
| ആജ്ഞകൾ | നേരുള്ളവ | ഹൃദയത്തെ സന്തോഷിപ്പിക്കുന്നു |
| കല്പന | നിർമ്മലമായത് | കണ്ണുകളെ പ്രകാശിപ്പിക്കുന്നു |
| യഹോവാഭക്തി | നിർമ്മലമായത് | എന്നേക്കും നിലനില്ക്കുന്നു |
| വിധികൾ | സത്യമായത് | നീതി |

തുടർന്നു സങ്കീർത്തനം 19:10, 11 വാക്യങ്ങളിൽ ദാവീദ് ന്യായപ്രമാണം രുചിച്ചറിഞ്ഞ് പറയുന്നത് അത് പൊന്നിലും തങ്കത്തിലും ആഗ്രഹിക്കത്തക്കത് എന്നും തേനിലും, തേൻകട്ടയിലും മധുരമായവ എന്നുമാണ്.

**നിന്റെ ന്യായപ്രമാണത്തോട് പ്രിയം ഉള്ളവർക്ക് മഹാസമാധാനം ഉണ്ട്; അവർക്ക് വീഴ്ചയ്ക്ക് സംഗതി ഏതുമില്ല (സങ്കീർത്തനം 119:165).**

പാപികൾ പ്രത്യാശ ഇല്ലാത്തവരാണ്; അതുകൊണ്ട് അവർക്ക് സമാധാനമില്ല. ബാഹ്യമായ ലോകത്ത് കോളിളക്കങ്ങൾ ഉള്ളപ്പോഴും ദൈവത്തിന്റെ ന്യായപ്രമാണം നീതിമാന്മാർക്ക് നങ്കൂരമാണ്. ദൈവമക്കൾക്ക് ന്യായപ്രമാണം എത്ര അനുഗ്രഹമാണ് എന്ന് പഴയനിയമ പുസ്തകങ്ങളുടെ തുടക്കം മുതൽ അവസാനം വരെ കാണുവാൻ സാധിക്കുന്നു.

## യേശുവും ന്യായപ്രമാണവും

പഴയനിയമ പുസ്തകങ്ങൾ ആകമാനം പഠിക്കുമ്പോൾ ന്യായപ്രമാണം ദൈവജനത്തിന് സന്തോഷവും സമാധാനവും പ്രമോദവും ആയിരുന്നു എന്ന് കാണുവാൻ സാധിക്കുന്നു. എന്നാൽ കർത്താവായ യേശു വന്നതോടെ ന്യായപ്രമാണത്തിന് എന്തൊക്കെയോ സംഭവിച്ചു എന്നാണ് പൊതുവായ ധാരണ. വിശേഷിച്ചും അപ്പൊ. പൗലൊസിന്റെ ചില പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ ന്യായപ്രമാണത്തെ തെറ്റിദ്ധരിച്ചിരിക്കുന്നു എന്നും കാണുവാൻ സാധിക്കുന്നു. എന്നാൽ കർത്താവ് ന്യായപ്രമാണത്തെപ്പറ്റി എന്ത് പറഞ്ഞിരിക്കുന്നു എന്ന് പഠിച്ചതിനുശേഷം അപ്പൊ. പൗലൊസിന്റെ പ്രസ്താവനകൾ പഠിക്കുന്നത് തെറ്റിദ്ധാരണകൾ ഒഴിവാക്കുവാൻ സഹായിക്കും.

### മശീഹാ വന്നത് കല്പന നീക്കുവാനോ?

മശീഹായുടെ ഈ ഭൂമിയിലേക്കുള്ള വരവിന് എകദേശം 750 വർഷങ്ങൾക്ക് മുമ്പ് ജീവിച്ചിരുന്ന യെശയ്യാ പ്രവാചകൻ പ്രവചിച്ച പലകാര്യങ്ങളിൽ ഒന്ന് 42-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. “യഹോവ തന്റെ നീതി നിമിത്തം ഉപദേശത്തെ (law/ന്യായപ്രമാണം) ശ്രേഷ്ഠമാക്കി മഹത്വീകരിപ്പാൻ പ്രസാദിച്ചിരിക്കുന്നു” (വാക്യം 21). ഈ പ്രവചനത്തിന്റെ നിറവേറൽ മത്തായി 5-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. കർത്താവ് ന്യായപ്രമാണത്തിന് വിരോധമായി സംസാരിക്കുന്നു എന്ന് പരീശന്മാരുടെ ഇടയിൽ ഒരു സംസാരം ഉണ്ടാ

യിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് കർത്താവ് പറയുന്നത് **ഞാൻ ന്യായപ്രമാണത്തെയോ, പ്രവാചകന്മാരെയോ നീക്കേണ്ടതിനു വന്നു എന്ന് നിരൂപിക്കരുത്, നീക്കുവാനല്ല നിവർത്തിപ്പാനത്രേ വന്നത് (മത്തായി 5:17).** ഈ പ്രസ്താവനയ്ക്ക് ശേഷം കർത്താവ് ആണയിട്ട് പറയുകയാണ്: **"സത്യമായിട്ട് ഞാൻ നിങ്ങളോടുപറയുന്നു; ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽനിന്ന് ഒരു വള്ളിയെങ്കിലും ഒരു പുള്ളിയെങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല" (മത്തായി 5:18).** ന്യായപ്രമാണത്തോട് ദ്രോഹം ചെയ്യുന്നവർക്ക് എന്ത് സംഭവിക്കും എന്ന് 19-ാം വാക്യത്തിൽ കർത്താവ് പറയുന്നു. **ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്നു അഴിക്കയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്ന് വിളിക്കപ്പെടും. അവയെ ആചരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനോ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്ന് വിളിക്കപ്പെടും (മത്തായി 5:19).** ഇത്ര വ്യക്തമായിട്ട് ന്യായപ്രമാണത്തെപ്പറ്റി കർത്താവ് പറഞ്ഞിരിക്കെ കർത്താവ് വന്ന് പഴയ ന്യായപ്രമാണം നീക്കിയിട്ട് പുതിയ കല്പനകൾ തന്നിരിക്കുന്നു, അത് ആചരിച്ചാൽ മതിയാകും എന്ന് പറയുന്നവർ കർത്താവിന് വിരോധമായി സാക്ഷ്യം പറയുകയാണ്. **ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല (മർക്കോസ് 13:31).** ന്യായപ്രമാണം നീങ്ങിപ്പോയി എന്ന് പഠിപ്പിക്കുന്നവരും, വിശ്വസിക്കുന്നവരും സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ലെന്നും ന്യായപ്രമാണത്തെപ്പറ്റി കർത്താവ് പറയുന്നു.

**നീക്കുവാനല്ല നിവർത്തിപ്പാനത്രെ എന്നു പറഞ്ഞാൽ എന്താണ് അർത്ഥം?**

കർത്താവ് ന്യായപ്രമാണം "നീക്കുവാനല്ല നിവർത്തിപ്പാനത്രെ വന്നത്" എന്നു പറഞ്ഞതിന്റെ അർത്ഥമെന്താണ് എന്നതിനെപ്പറ്റി തെറ്റിദ്ധാരണകൾ വിശ്വാസ ലോകത്ത് കാണുന്നു. "പ്ലേറോ" (Pleroo) എന്ന ഗ്രീക്കുപദത്തിൽ നിന്നുമാണ് "നിവർത്തിക്കുക" (fulfil) എന്ന വാക്ക് തർജ്ജമ ചെയ്തിരിക്കുന്നത്. അതിന്റെ അർത്ഥം നിറയ്ക്കുക (fill full) എന്നാണ്. ഒരു ഗ്ലാസ്സിൽ പകുതി വരെ വെള്ളം ഉണ്ട് എന്നിരിക്കട്ടെ. ബാക്കി പകുതി വെള്ളം കൂടി ഗ്ലാസ്സിൽ ഒഴിക്കുമ്പോൾ ഗ്ലാസ്സിൽ വെള്ളം നിറവ് ഏറി എന്ന് പറയാം. ഈ അർത്ഥത്തിലാണ് നിവർത്തിപ്പാനത്രെ എന്ന വാക്ക് കർത്താവ് മത്തായി 5-ാം അദ്ധ്യായത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ന്യായപ്രമാണത്തിന്റെ അർത്ഥവ്യാപ്തി കർത്താവ് മനുഷ്യന്റെ മനസ്സിൽ നിറച്ചു. അതുകൊണ്ട് കർത്താവ് പറയുന്നു: "ന്യായ

പ്രമാണത്തെ നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നത്" എന്ന്. 20-ാം വാക്യത്തിൽ കർത്താവ് പറയുന്നത് ശിഷ്യന്മാരുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ "കവിയണം" എന്നാണ്; അല്ലെങ്കിൽ അളവിൽ ഏറി വരണം എന്നാണ്. 21-ാം വാക്യം ന്യായപ്രമാണ ജ്ഞാനത്തിന്റെ നിറവ് ഏറണം എന്ന് കർത്താവ് അർത്ഥമാക്കി എന്ന് തെളിയുന്നു.

കർത്താവിന്റെ വരവുവരെ ഉണ്ടായിരുന്നവർക്ക് കൊലപാതകം എന്നുപറയുന്നത് ഒരുവന്റെ ജീവനെ അപഹരിക്കുന്നതാണ് എന്നുമാത്രമേ ഗ്രാഹ്യമുണ്ടായിരുന്നുള്ളു, കൊലപാതകത്തിന്റെ മൂല കാരണം കോപമായതുകൊണ്ട് കോപിക്കുന്നത് കൊലപാതകമാണ് എന്ന് പഠിപ്പിച്ച് "കൊല ചെയ്യരുത്" എന്ന ന്യായപ്രമാണത്തിന്റെ അറിവിന്റെ വ്യാപ്തി ക്രിസ്തു വിപുലീകരിച്ചു. വ്യഭിചാരം എന്നത് മോഹത്തിൽ ആരംഭിക്കുന്നതുകൊണ്ട് സ്ത്രീയെ മോഹിക്കുന്നത് വ്യഭിചാരമാണ് എന്ന് പഠിപ്പിച്ച് "വ്യഭിചാരം ചെയ്യരുത്" എന്ന ന്യായപ്രമാണ അറിവിന്റെ നിറവ് കർത്താവ് നിറവേറ്റി. നിവൃത്തിയായി (fulfilled) എന്ന ഭാഷയുടെ അർത്ഥം ഇപ്രകാരമാണ്. അർത്ഥമറിയാൻ പാടില്ലാത്ത വാക്കുകൾ നാം ഉപയോഗിക്കാൻ പാടില്ലാത്തതാണ്. ന്യായപ്രമാണമോ, അത് കർത്താവ് നിറവേറ്റി എന്നുപറഞ്ഞ് കേൾക്കാറുണ്ട്. അതിന്റെ അർത്ഥം എന്താണ് എന്നുചോദിച്ചാൽ ശരിയായ മറുപടി സാധാരണ ലഭിക്കാറില്ല.

ന്യായപ്രമാണം പുനഃസ്ഥാപിക്കുന്നതല്ലാതെ ന്യായപ്രമാണം നീങ്ങിപ്പോകുമെന്ന് ഒരു വാക്കുപോലും കർത്താവിന്റെ വായിൽനിന്നും ഒരു നാളും വന്നതായി ഒരു രേഖയും തിരുവചനത്തിൽ ഇല്ല. തലയ്ക്കുമീതെ ആകാശവും പാദങ്ങൾക്കു കീഴെ ഭൂമിയും ഇപ്പോൾ ഉള്ളതുകൊണ്ട് ന്യായപ്രമാണവും ഇപ്പോൾ നിലവിലുണ്ട് എന്ന് വിശ്വസിക്കേണ്ടതാണ്.

**കർത്താവ് ശിഷ്യന്മാരോട്**

ദൈവ നിയോഗമായ ഉത്തരവാദിത്തത്തോടെ ജീവിക്കുന്നവർ ദൈവരാജ്യം അവകാശമാക്കും എന്നും, ഉത്തരവാദിത്തബോധമില്ലാതെ ജീവിക്കുന്നവർ നിത്യനാശത്തിലേക്ക് പോകും എന്നും പഠിപ്പിക്കുവാൻ കർത്താവ് ലാസറിന്റെയും ധനവാന്റെയും ഉപമ പറഞ്ഞു. യാതന അനുഭവിക്കുന്ന ധനവാൻ അബ്രഹാമിനോട് ലാസറിനെ ധനവാന്റെ വീട്ടിൽ അയക്കുവാൻ അപേക്ഷിക്കുന്നു. **"അബ്രഹാം അവനോട് അവർക്ക്**

**മോശെയും പ്രവാചകന്മാരും ഉണ്ടല്ലോ?; അവരുടെ വാക്കു അവർ കേൾക്കട്ടെ എന്നു പറഞ്ഞു.''** മത്തായി 5-ാം അദ്ധ്യായത്തിൽ കർത്താവ് ന്യായപ്രമാണത്തെപ്പറ്റി പറഞ്ഞതും (ന്യായപ്രമാണത്തെ നീക്കുവാനല്ല) ലൂക്കോ. 16:19-31 വരെയുള്ള വാക്യങ്ങളും വിലയിരുത്തുമ്പോൾ കർത്താവ് മോശെയേയും പ്രവാചകന്മാരേയും ന്യായപ്രമാണത്തെയും ആകമാനം പുനഃസ്ഥാപിക്കുന്നു എന്ന് തെളിവാകുന്നു. "അവർക്ക് മോശെയും പ്രവാചകന്മാരും ഉണ്ടല്ലോ" എന്ന് കർത്താവ് പറയുമ്പോൾ ഒരുവൻ യാതനാ സ്ഥലത്ത് അവസാനിക്കാതിരിക്കാൻ ദൈവം മോശെ മുഖാന്തരവും പ്രവാചകന്മാർ മുഖാന്തരവും തന്നിരിക്കുന്ന അരുളപ്പാടുകൾ അനുസരിക്കേണ്ടതാണെന്ന് യേശു പഠിപ്പിച്ചു എന്നുറപ്പാക്കാം.

പുതിയനിയമ സഭയെപ്പറ്റി പൗലോസ് പറയുന്നത്: "ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു" (എഫെസ്യർ 2:20). മൂലക്കല്ലായിരിക്കുന്ന യേശു, പഴയനിയമ പ്രവാചകന്മാർ മുഖാന്തരവും, താൻ സ്വയമായും, തന്റെ ശിഷ്യന്മാർ മുഖാന്തരവും പഠിപ്പിച്ച ഉപദേശങ്ങളാണ് പുതിയനിയമ സഭയുടെ അടിസ്ഥാനം എന്ന് പഠിപ്പിച്ചു. ഉല്പത്തി, പുറപ്പാട്, ലേവ്യ, സംഖ്യ, ആവർത്തനം എന്നീ അഞ്ചു പുസ്തകങ്ങൾ പഴയനിയമ സഭയ്ക്ക് അടിസ്ഥാനമായിരുന്നതുപോലെ മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നീ നാല് പുസ്തകങ്ങൾ പുതിയനിയമ സഭയുടെ അടിസ്ഥാനമാണ്. കർത്താവ് പഠിപ്പിക്കാനുള്ളത് എല്ലാം പഠിപ്പിച്ചതിന്റെ രേഖയാണ് സുവിശേഷ പുസ്തകങ്ങൾ. **ന്യായപ്രമാണം നീങ്ങിപ്പോയി എന്ന് കർത്താവ് ഒരുനാളും ശിഷ്യന്മാരോട് പറഞ്ഞതായി ഒരു രേഖപോലും സുവിശേഷ പുസ്തകങ്ങളിൽ ഇല്ല.** സുവിശേഷം ലോകത്തിന്റെ എല്ലാ ഭാഗത്തും എത്തിക്കുവാനുള്ള അധികാരപത്രം (gospel commission) യേശു ശിഷ്യന്മാർക്കു കൊടുക്കുമ്പോൾ പറയുന്നത്: "ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ, ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട് എന്ന് അരുളിച്ചെയ്തു" (മത്തായി 28: 20). അധികാരപത്രം എത്ര വ്യക്തമാണ്! **ഞാൻ നിങ്ങളോട് കല്പിച്ചത്** എന്ന മൂന്നു വാക്കുകൾ എല്ലാ സുവിശേഷകന്മാരുടേയും മുദ്രവാക്യമായിരിക്കേണ്ടതാണ്. പരിശുദ്ധാത്മാവിനെ സംബന്ധിച്ച് കർത്താവ് പറഞ്ഞിരിക്കുന്നത് സത്യത്തിന്റെ ആത്മാവ് വരു

മ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും; **അവൻ സ്വയമായി സംസാരിക്കാതെ** താൻ കേൾക്കുന്നത് സംസാരിക്കയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചുതരികയും ചെയ്യും. **അവൻ എനിക്കുള്ളതിൽ നിന്നും എടുത്ത് നിങ്ങൾക്ക് അറിയിച്ചുതരുന്നതുകൊണ്ട് എന്നെ മഹത്വപ്പെടുത്തും.** പിതാവിനുള്ളതൊക്കെയും എനിക്കുള്ളത്; അതുകൊണ്ടത്രെ അവൻ എനിക്കുള്ളതിൽ നിന്ന് എടുത്ത് നിങ്ങൾക്ക് അറിയിച്ചുതരും എന്ന് ഞാൻ പറഞ്ഞത് (യോഹ. 16:13–15). **ന്യായപ്രമാണം രക്ഷാപദ്ധതിയുടെ ആസൂത്രണമാണ്; അതു ഒഴിഞ്ഞുപോകയും രക്ഷാപദ്ധതി തുടരുകയും ചെയ്യുക എന്നത് ശത്രുവിന്റെ ഉപദേശമാണ്.** കർത്താവായ യേശുവും പരിശുദ്ധാത്മാവും പിതാവിന്റെ ആലോചനയാണ് സംസാരിക്കുന്നത്. കർത്താവ് പറയുന്നു: "ഞാൻ സ്വയമായി സംസാരിച്ചിട്ടില്ല; എന്നെ അയച്ച പിതാവ് തന്നെ ഞാൻ ഇന്നത് പറയണം എന്നും ഇന്നത് സംസാരിക്കണം എന്നും കല്പന തന്നിരിക്കുന്നു" (യോഹ. 12:49). ന്യായപ്രമാണം നീങ്ങിപ്പോയി എന്ന് കർത്താവ് പഠിപ്പിച്ചിട്ടില്ലാത്തതുകൊണ്ട് പരിശുദ്ധാത്മാവും അപ്രകാരം പഠിപ്പിക്കുന്നില്ല.

### ന്യായപ്രമാണം നീങ്ങിപ്പോയി എന്ന് ക്രിസ്തുവോ അപ്പൊസ്തലന്മാരോ പഠിപ്പിച്ചുവോ?

1. പിതാവിന്റെ കല്പനപ്രകാരം യേശു സംസാരിച്ചതിൽ എങ്ങും തന്നെ ന്യായപ്രമാണം നീങ്ങിപ്പോയി എന്നോ നീങ്ങിപ്പോകും എന്നോ ഒരു വാക്കുപോലും രേഖപ്പെടുത്തിയിട്ടില്ല.
2. പിതാവിന്റെ കല്പന പ്രകാരം ശിഷ്യന്മാരെ പഠിപ്പിച്ചപ്പോൾ ന്യായപ്രമാണം നീങ്ങിപ്പോകും എന്ന് പഠിപ്പിച്ചില്ല.
3. ശിഷ്യന്മാർ ലോകത്തോട് സുവിശേഷം അറിയിച്ചപ്പോൾ ന്യായപ്രമാണം യേശു വന്നതോടെ നീങ്ങിപ്പോയി എന്ന് പഠിപ്പിച്ചില്ല; കാരണം "ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് " എന്ന അടിസ്ഥാനത്തിന്മേലാണ് ശിഷ്യന്മാർ ഉപദേശിച്ചത്. എന്നാൽ ഇന്ന് ചിലർ ന്യായപ്രമാണം നീങ്ങിപ്പോയി എന്നു പ്രസംഗിക്കുന്നുണ്ട്. ആ സുവിശേഷം ന്യായപ്രമാണം ഉൾക്കൊള്ളാത്ത സുവിശേഷമാണ്. അത് വ്യാജവുമാണ്.

പത്ത് കല്പനകൾ ദൈവത്താൽ നൽകപ്പെട്ടതാണ് അത് ഓരോന്നും പ്രാധാന്യം ഉള്ളതുമാണ്. അതു മൊത്തത്തിൽ ഉൾക്കൊള്ളാത്ത സുവിശേഷം ചതിയുടെയും വഞ്ചനയുടെയും ഉപദേശമാണ്.

യേശുക്രിസ്തുവാണ് രക്ഷിതാവ്; പത്തു കല്പന രക്ഷിതാവല്ലെന്ന് എല്ലാവരും വിശ്വസിക്കുന്നതുപോലെ ശബ്ബത്ത് വിശുദ്ധമായി ആചരിക്കുന്നവരും വിശ്വസിക്കുന്നു. ഒരു പ്രത്യേക സഭയുടെ വിശ്വാസപ്രമാണമല്ല ഇവിടെ സ്ഥാപിക്കുന്നത്. മൂലക്കല്ലാകുന്ന യേശുവിൽ കാണുന്നതാണ് നാലാം കല്പനയാകുന്ന ശബ്ബത്ത്. മൂലക്കല്ലാകുന്ന യേശുവിൽ കാണാത്തതാണ് ഞായറാഴ്ച വിശുദ്ധ ദിവസം എന്നത്. ഞായറാഴ്ച ആരാധനയ്ക്കും പ്രാർത്ഥനായോഗത്തിലും പങ്കെടുക്കുമ്പോൾ "ഈ വിശുദ്ധ ദിവസത്തിൽ" എന്ന് പ്രാർത്ഥിച്ചു കേൾക്കാറുണ്ട്. പ്രാർത്ഥനയിൽ പിതാവായ ദൈവത്തെ സംബോധന ചെയ്തതു കൊണ്ട് ഞായറാഴ്ച വിശുദ്ധ ദിവസമാണെന്ന് പിതാവിനോട് മനുഷ്യൻ പറയുകയാണ്. ദൈവം പരിശുദ്ധമായി തന്ന ഒരു ദിവസത്തിനു പകരം നാം ദൈവത്തോട് മറ്റൊരു ദിവസം പരിശുദ്ധമാണ് എന്ന് പറയുകയാണ്. ആരുടെ അധികാരത്തിൻ കീഴിലാണ് നാം ഇത് സംസാരിക്കുന്നത്?

പിതാവിന്റെ അധികാരത്തിൽ യേശു ജീവിച്ചതും പഠിപ്പിച്ചതും ശബ്ബത്ത് വിശുദ്ധ ദിവസം ആകുന്നു എന്നാണ്. **ഞായറാഴ്ച വിശുദ്ധ ദിവസമാണ് എന്നതിന് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സാക്ഷ്യം ഇല്ല.** കർത്താവ് പറയുന്നത് എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ട്. ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും (യോഹന്നാൻ 12:48). ഞാൻ സംസാരിച്ച വചനം (ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും) പ്രമാണിപ്പാൻ തക്കവണ്ണം (മത്തായി 28:20) എന്ന കർത്താവിന്റെ പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ എല്ലാവരേയും ന്യായം വിധിക്കും. എത്ര ഗൗരവമായി കർത്താവിന്റെ ഉപദേശം വ്യക്തിപരമായി നാം ജീവിതത്തിന്റെ ഭാഗമാക്കുന്നു എന്ന് ശോധന ചെയ്യേണ്ടതാണ്. നാം വിശ്വസിക്കുന്ന അടിസ്ഥാന പ്രമാണങ്ങളെപ്പറ്റി യേശു എന്ത് പറഞ്ഞു എന്ന് നാം വിലയിരുത്തുമ്പോൾ നാം വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്ന് തെളിവാകും. വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക എന്ന സുവിശേഷം അപ്പൊ. പൗലൊസ് ഇന്നും ലോകത്തോട് പ്രസംഗിക്കുന്നു എന്നു പറയാം. ഇന്ന് നാം കാണുന്ന ഒരു സഭയുടേയും വക്താവായിട്ടല്ല അപ്പൊസ്തലൻ സുവിശേഷമറിയിച്ചത്. മറ്റ് ശിഷ്യന്മാരോട് കർത്താവ് സംസാരിച്ചതുപോലെ അപ്പൊ. പൗലൊസിനോടും കർത്താവ് നേരിട്ട് സംസാരിച്ചു. ജാതികളോട് സുവിശേഷം

അറിയിക്കുവാൻ തന്നെ വേർതിരിച്ചു എന്ന് സ്വയമായി സാക്ഷ്യം പറഞ്ഞു. ക്രിസ്തുവിന്റെ സുവിശേഷത്തിൽ ന്യായപ്രമാണം സജീവ മാണ്. എല്ലാവരും കർത്താവിനെ നോക്കി വിശ്വാസം സ്ഥിരപ്പെടു ത്തുന്നു എങ്കിൽ ന്യായവിധി ദിവസത്തിൽ നമുക്ക് ധൈര്യം ഉണ്ടാകും.

നാം ചിന്തിച്ചുവരുന്ന "ന്യായപ്രമാണം" എന്ന വിഷയത്തെപ്പറ്റി കർത്താവ് എന്തൊക്കെ പറഞ്ഞിരിക്കുന്നു എന്ന് സൂക്ഷ്മതയോടെ നമുക്കു പഠിക്കാം. സുവിശേഷ പുസ്തകങ്ങൾ നാലും വായിക്കുമ്പോൾ ന്യായപ്രമാണം എന്ന പദപ്രയോഗം 32 പ്രാവശ്യം ഉപയോഗിച്ചിട്ടുള്ള തായി കാണാം. അതിൽ 17 പ്രാവശ്യം ന്യായപ്രമാണം എന്ന വാക്ക് കർത്താവ് ഉപയോഗിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ന്യായപ്ര മാണം നീങ്ങിപ്പോയി എന്ന് ഒരു പ്രാവശ്യം പോലും കർത്താവ് പറയു ന്നില്ല. മറിച്ച് ന്യായപ്രമാണം ആചരിക്കേണ്ടതാകുന്നു എന്ന് ആവർ ത്തിച്ച് കർത്താവ് പഠിപ്പിച്ചു. കർത്താവ് ഭൂമിയിൽ വന്നപ്പോൾ എല്ലാ കാര്യങ്ങളും യഥാസ്ഥാനപ്പെടുത്തി; ദൈവശാസ്ത്രം പുനഃസ്ഥാപിച്ചു; തെറ്റിദ്ധാരണകൾ തിരുത്തി. "നിങ്ങളുടെ ന്യായപ്രമാണത്തിൽ എഴു തിയിരിക്കുന്നു" എന്ന് പറഞ്ഞ് കർത്താവ് ന്യായപ്രമാണത്തെ പുനഃ സ്ഥാപിച്ചു. നാം വിശ്വസിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് കർത്താവ് എന്ത് പറഞ്ഞിരിക്കുന്നു എന്ന് ശോധന ചെയ്യേണ്ടതാണ്.

ദൈവത്തിന്റെ ന്യായപ്രമാണമാകുന്ന പത്തുകല്പനയിലെ നാലാ മത്തെ കല്പനയാകുന്ന ശബ്ബത്ത് മാത്രം അനുസരിക്കാത്ത ക്രിസ്തീയ ലോകത്തിൽ ന്യായപ്രമാണം നീങ്ങിപ്പോയി എന്ന് സ്ഥാപിക്കേണ്ടത് സ്വയന്യായീകരണത്തിന് ആവശ്യമായിരിക്കുന്നു. കർത്താവിന്റെ സാക്ഷ്യം ഇല്ലാത്ത വിശ്വാസം വ്യർത്ഥമാണ്. **ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസമെന്നോ, ഞായറാഴ്ച എന്നോ ഉള്ള വാക്ക് കർത്താവിന്റെ വായിൽനിന്നും പുറപ്പെട്ടതായി ഒരു രേഖയും തിരുവചനത്തിൽ ഇല്ല.** പഠിപ്പിക്കുവാനുണ്ടായിരുന്നത് എല്ലാം കർത്താവ് ക്രൂശിൽ മരിക്കുന്ന തിനു മുമ്പ് പഠിപ്പിച്ചു. ഉയിർപ്പിനുശേഷം താൻ ഉയിർത്തെഴുന്നേറ്റു എന്ന് സാക്ഷ്യം വഹിക്കുവാൻ ശിഷ്യന്മാർക്കും മറ്റനേകർക്കും പ്രത്യക്ഷനായി. ഉയിർപ്പിനുശേഷം ജനങ്ങളെ എന്തെങ്കിലും പഠിപ്പിച്ചതായി ഒരു രേഖയും തിരുവചനത്തിൽ ഇല്ല. **അങ്ങനെയിരിക്കെ ആരുടെ അധി കാരത്തിലാണ് വിശുദ്ധ ശബ്ബത്ത് ഉപേക്ഷിക്കുന്നതും പകരം ഞായ റാഴ്ച വിശുദ്ധ ദിവസമായി ക്രിസ്തീയ ലോകം ആചരിക്കുന്നതും?** നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തു കൊള്ളും എന്നു ക്രിസ്തു പറഞ്ഞത് അനുസരിക്കുവാനല്ലേ നാം കട

പ്പെട്ടിരിക്കുന്നത്? അതോ മനുഷ്യർ എഴുതിച്ചേർത്തതും, കൂട്ടിച്ചേർത്തതും അനുസരിക്കുന്നതാണോ അഭികാമ്യം? ന്യായപ്രമാണം ക്രിസ്തുവിന്റെ ഉപദേശമാണ്. നാം കർത്താവിന്റെ ശിഷ്യന്മാരല്ലേ? ഒരു ഗുരുവിന്റെ ഉപദേശം കൈക്കൊണ്ട് ഗുരുവിനെയും ഉപദേശത്തെയും അനുഗമിക്കുന്നവനാണ് ശിഷ്യൻ.

## അപ്പൊ. പൌലൊസും ന്യായപ്രമാണവും

പഴയനിയമ കാലത്തും പുതിയനിയമകാലത്തും മനുഷ്യന് ന്യായപ്രമാണത്തോടുള്ള സമീപനത്തെ ആസ്പദമാക്കി അപ്പൊ. പൗലൊസ് തന്റെ ലേഖനങ്ങളിൽ, വിശേഷിച്ചും, റോമർക്കും, ഗലാത്യർക്കും, എഴുതിയിട്ടുണ്ട്. **മനുഷ്യന് ന്യായപ്രമാണത്തോടുള്ള മനോഭാവമാണ് അപ്പൊസ്തലന്റെ പഠന വിഷയം.** അനുസരണത്തിൽ അടങ്ങിയിരിക്കുന്ന **മനോഭാവം** (എന്തിന് ന്യായപ്രമാണം അനുസരിക്കണം) എന്ന വിഷയം ശ്രദ്ധിക്കാതെ ന്യായപ്രമാണം അനുസരിക്കണമോ എന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതുകൊണ്ട് തെറ്റിദ്ധാരണകൾ ഉടലെടുക്കുന്നു. **കർത്താവായ യേശു ന്യായപ്രമാണത്തെപ്പറ്റി പറഞ്ഞിരിക്കുന്നതിന് വിരോധമായി പൗലൊസ് ഒന്നും പറഞ്ഞിട്ടില്ല എന്ന ഒരേ ഒരു അടിസ്ഥാനത്തിന്മേൽ നിന്നുകൊണ്ട് ലേഖനങ്ങൾ പഠിക്കുന്നു എങ്കിൽ തെറ്റിദ്ധാരണകൾ പാടെ ഒഴിവാക്കുവാൻ സാധിക്കും.**

മോശെയുടെ ന്യായപ്രമാണത്തെപ്പറ്റി അപ്പൊസ്തലൻ എഴുതിയിരിക്കുന്ന ചില പ്രസ്താവനകളെ തെറ്റിദ്ധരിച്ചിരിക്കുന്നതുകൊണ്ട് മനുഷ്യൻ പത്തു കല്പന എന്ന ന്യായപ്രമാണത്തെ ഉപേക്ഷിച്ച് പാപം ചെയ്യുന്നു എന്ന ഗുരുതരമായ അവസ്ഥ ചില ക്രിസ്ത്യാനികളിൽ കാണുന്നു. അപ്പൊസ്തലനായ പൗലൊസിന്റെ, ന്യായപ്രമാണത്തെ സംബന്ധിക്കുന്ന ചില പ്രസ്താവനകൾ പഠിക്കുമ്പോൾ മറ്റൊരു കാര്യം കൂടെ മനസ്സിൽ സൂക്ഷിക്കേണ്ടതാണ്. പഴയനിയമകാലത്ത് ന്യായപ്രമാണങ്ങൾ തരം തിരിച്ച് പറയേണ്ടുന്ന ആവശ്യം ഇല്ലായിരുന്നു. പൊരുൾ വന്നിട്ടില്ലായിരുന്നതുകൊണ്ട് മോശെയുടെ ന്യായപ്രമാണത്തിലെ എല്ലാ ആചാരങ്ങളും പഴയനിയമക്കാർ അനുഷ്ഠിക്കേണ്ടിയിരുന്നു. എന്നാൽ ക്രൂശിനുശേഷം ചില ആചാരങ്ങൾ ക്രിസ്തുവിൽ ലയിച്ച് ചേർന്നതുകൊണ്ട്, അടിസ്ഥാനപരമായി മോശെയുടെ ന്യായപ്രമാണം തുടരുകയും, ആചാരങ്ങൾ അവസാനിക്കുകയും ചെയ്തു. രണ്ട് ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

**1. പരിച്ഛേദന**

വിശ്വാസത്താലുള്ള നീതീകരണം എന്ന ന്യായപ്രമാണം പരിച്ഛേദന എന്ന നിഴലായ കർമ്മത്തിൽ അടങ്ങിയിരുന്നു. യേശുക്രിസ്തു വന്നതോടെ വിശ്വാസത്താലുള്ള നീതീകരണം എന്ന ന്യായപ്രമാണം യാഥാർത്ഥ്യമായിത്തീരുകയും പരിച്ഛേദന എന്ന നിഴലായിരുന്ന കർമ്മം നിന്നുപോകയും ചെയ്തു. വിശ്വാസത്താലുള്ള നീതീകരണം എന്ന ന്യായപ്രമാണത്തിന്മേൽ സഭ ഇന്നും തുടരുന്നു.

**2. യാഗം**

വിശ്വാസത്താലുള്ള നീതീകരണം എന്ന അടിസ്ഥാന ന്യായപ്രമാണം യാഗം എന്ന കർമ്മത്തിൽ അടങ്ങിയിരുന്നു. കർത്താവായ യേശു വന്നതോടെ വിശ്വാസത്താലുള്ള നീതീകരണം എന്ന ന്യായപ്രമാണം യാഥാർത്ഥ്യമായിത്തീരുകയും ഇന്നും തുടരുകയും ചെയ്യുന്നു. യാഗം എന്ന കർമ്മം ക്രിസ്തുവിൽ ലയിച്ചതുകൊണ്ട് യാഗം നിന്നുപോയി. യാഗവും പരിച്ഛേദനയും നിന്നുപോയതുകൊണ്ട് വിശ്വാസത്താലുള്ള നീതികരണം എന്ന പഴയനിയമ അടിസ്ഥാന തത്വം മാറിപ്പോയിട്ടില്ല. **അടിസ്ഥാനപരമായി രണ്ടു ന്യായപ്രമാണങ്ങളും നീങ്ങിപ്പോയി എന്നു പറയുവാൻ സാദ്ധ്യമല്ല. ന്യായപ്രമാണം നീങ്ങിപ്പോയാൽ രക്ഷാപദ്ധതി തകർന്നു പോകും.** അതുകൊണ്ട് കർത്താവ് പറയുന്നു "ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിനു വന്നു എന്നു നിരൂപിക്കരുത്; നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നത്" (മത്തായി 5:17). ലേഖകനായ പൗലൊസ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത് കർമ്മാചാരങ്ങളിലാണ്. വായനക്കാരും ശ്രദ്ധ അതിൽത്തന്നെ കേന്ദ്രീകരിച്ചാൽ ആശയവിനിമയം ഭംഗിയായിരിക്കും. കർമ്മാചാരങ്ങളോടുള്ള അവരുടെ **മനോഭാവത്തെ** അപ്പൊ. പൗലൊസ് ശാസിക്കുന്നുണ്ട്; എന്നാൽ പത്തുകല്പനയെ ഉപേക്ഷിക്കണം എന്ന് പറയുന്നുണ്ടോ എന്ന് ശ്രദ്ധിക്കേണ്ടതാണ്.

അപ്പൊ. പൗലൊസ് ന്യായപ്രമാണത്തിന്റെ ദുരുപയോഗത്തെ സംബന്ധിച്ച് എഴുതിയിട്ടുള്ള ചില പ്രസ്താവനകൾ പരിശോധിക്കാം.

**1) ന്യായപ്രമാണത്താൽ നീതീകരിക്കപ്പെടുവാൻ ഇച്ഛിക്കുന്ന നിങ്ങൾ ക്രിസ്തുവിനോട് വേർപെട്ടുപോയി. നിങ്ങൾ കൃപയിൽ നിന്നുവീണുപോയി. ഞങ്ങളോ വിശ്വാസത്താൽ നീതി ലഭിക്കും എന്നുള്ള പ്രത്യാശാനിവൃത്തിയെ ആത്മാവിനാൽ കാത്തിരിക്കുന്നു" (ഗലാത്യർ 5:4–5).**

നീതീകരണം എന്നുള്ളതാണ് മേൽ ഉദ്ധരിച്ച വാക്യങ്ങളിലെ വിഷയം. നീതീകരണം അന്വേഷിക്കുന്ന ജനത്തെ ആകമാനം അപ്പൊസ്തലൻ രണ്ടായി തിരിക്കുന്നു; നിങ്ങൾ, ഞങ്ങൾ എന്ന്. രണ്ടുകൂട്ടർക്കും രണ്ട് ദൈവശാസ്ത്രമാണ് ആശ്രയം. ഒരു കൂട്ടർ മോശെയുടെ ന്യായപ്രമാണം അനുശാസിക്കുന്ന കർമ്മങ്ങൾ അനുഷ്ഠിച്ചാൽ നീതീകരണം പ്രാപിക്കാം എന്നു വിശ്വസിച്ചു. പരിച്ഛേദന ഏൽക്കാഞ്ഞാൽ രക്ഷ പ്രാപിപ്പാൻ കഴികയില്ല എന്ന യെഹൂദാവൽക്കരണക്കാരുടെ ഉപദേശമാണ് ഗലാത്യ ലേഖനത്തിന്റെ മൂലകാരണമെന്ന് ലേഖനം ആദിമുതൽ അവസാനം വരെ പഠിക്കുമ്പോൾ തെളിവാകുന്നു. ക്രിസ്തു മാത്രമല്ല രക്ഷയ്ക്ക് ആധാരം മനുഷ്യന്റെ പ്രവൃത്തിയും ആവശ്യമാണ് എന്ന **മനോഭാവത്തിൽ** ആണ് ദോഷം അടങ്ങിയിരിക്കുന്നത്. അതുകൊണ്ട് അപ്പൊസ്തലൻ പറയുന്നു നിങ്ങൾ ക്രിസ്തുവിനോട് വേർപെട്ടുപോയി രക്ഷാപദ്ധതിയിൽ മനുഷ്യന്റെ പ്രവൃത്തിയോ അനുസരണമോ ഒന്നും തന്നെ കൊണ്ടുവരാൻ പാടില്ലാത്തതാണ്. കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെടുന്നത്; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രെയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല (എഫെ2:8).

ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ മനുഷ്യന്റെ പ്രവൃത്തി ഒന്നും കൊണ്ടുവരുവാൻ പാടില്ലാത്തതാണ് എന്നത് ദൈവ വ്യവസ്ഥയാണ്. **മനുഷ്യൻ തന്റെ പ്രവൃത്തി എന്തെങ്കിലും രക്ഷാപദ്ധതിയിൽ കൊണ്ടുവരുമ്പോൾ ക്രിസ്തു രക്ഷാപദ്ധതിയിൽനിന്നും മാറിപ്പോകുന്നു.** പരിച്ഛേദന ഏറ്റാൽ (പ്രവൃത്തി) രക്ഷ പ്രാപിക്കാം എന്ന മനോഭാവമാണ് വിഷയം. അതുകൊണ്ട് അപ്പൊസ്തലൻ പറയുന്നു, നിങ്ങൾ ക്രിസ്തുവിനോട് വേർപെട്ടുപോയി. കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെടുന്നത്; അതിനും **നിങ്ങൾ** കാരണമല്ല, എന്ന് അപ്പൊസ്തലൻ പറയുമ്പോൾ വിശ്വാസം പോലും ദൈവത്തിന്റെ ദാനമാണ് എന്നു വരുന്നു. എന്റെ അവിശ്വാസത്തിനു ശിക്ഷിക്കാതെ എന്നെ സഹായിക്കണമേ എന്നാണ് മനുഷ്യന് ദൈവത്തോടുള്ള പ്രാർത്ഥന. പാപിയായ മനുഷ്യനിൽ വിശ്വാസമോ, മാനസാന്തരമോ സ്വയമേ ഇല്ല എന്നുള്ളതാണ് മനുഷ്യന്റെ നിസ്സഹായ അവസ്ഥ. മാനസാന്തരവും ദൈവം നൽകുന്നു. “അല്ല ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്ക് നടത്തുന്നു എന്നറിയാതെ നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ?” (റോമർ 2:4). രക്ഷ നൂറുശതമാനവും ദൈവത്തിന്റെ ദാനമാണ്. അത് മനുഷ്യൻ സ്വീകരിക്കുമ്പോൾ

അവന്റെ സ്വന്തമായി തീരുന്നു. മനുഷ്യൻ രക്ഷപ്രാപിക്കുന്നത് പത്തു കല്പന അനുസരിക്കുന്നതുകൊണ്ടോ, സ്നാനപ്പെടുന്നതുകൊണ്ടോ, ദശാംശം കൊടുക്കുന്നതു കൊണ്ടോ മറ്റുവിധത്തിലുള്ള അനുസരണം കൊണ്ടോ അല്ല. ആദ്യം ദൈവകൃപയും രണ്ടാമത് നമ്മുടെ മനോഭാവവുമാണ് രക്ഷയിലേക്കു നയിക്കുന്നത്.

ന്യായപ്രമാണത്താൽ നീതീകരിക്കപ്പെടുവാൻ ഇച്ഛിക്കുന്ന "**നിങ്ങൾ**" ക്രിസ്തുവിനോട് വേർപെട്ടുപോയി, "**നിങ്ങൾ**" കൃപയിൽ നിന്ന് വീണുപോയി"എന്നുപറയുമ്പോൾ ന്യായപ്രമാണത്തോടുള്ള മനുഷ്യന്റെ **മനോഭാവമാണ്** പഠന വിഷയം. **രക്ഷ പ്രാപിക്കുവാൻ ദൈവം ന്യായപ്രമാണം തന്നിരിക്കുന്നു എന്ന മനോഭാവമാണ് തെറ്റ്.** "ഞങ്ങളോ" എന്ന് രണ്ടാമത്തെ വിഭാഗത്തെ വിലയിരുത്തുമ്പോൾ അവർ "വിശ്വാസത്താൽ നീതി ലഭിക്കും" എന്ന് പ്രത്യാശിക്കുന്നവരാണ്. വിശ്വാസം എന്ന് പറയുന്നത് അടിസ്ഥാനപരമായി ഒരു മനോഭാവം കൂടിയാണ്. മറ്റു ദൈവങ്ങളിൽ രക്ഷിതാവ് ഉണ്ട് എന്ന് വിശ്വസിക്കുന്ന ഒരുവൻ തന്റെ മനസ്സുമാറ്റി യേശുവാണ് രക്ഷിതാവ് എന്ന് വിശ്വസിക്കുമ്പോൾ അവൻ ക്രിസ്ത്യാനിയായിത്തീരുന്നു. ഒന്നും ചെയ്തിട്ടല്ല മനോഭാവം മാറ്റിയതുകൊണ്ടാണ് ഇതു സംഭവിക്കുന്നത്. പാപത്തെ സംബന്ധിച്ചും തത്വം ഇതുതന്നെ. പാപം എന്നു പറയുന്നത് അടിസ്ഥാനപരമായി പത്തുകല്പനയുടെ ലംഘനമാകുന്ന പ്രവൃത്തിയിലല്ല ആരംഭിക്കുന്നത്; പ്രവൃത്തിയിൽ അവസാനിക്കുന്നു എന്നു മാത്രം. "പാപം ചെയ്യുന്ന ദേഹി മരിക്കും" (യെഹെസ്ക്കേൽ 18:4). കൊലപാതകം, വ്യഭിചാരം, മോഹം എന്നിവ ദേഹിയിൽ ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു. **പാപത്തിന്റെയും, നീതീകരണത്തിന്റെയും അടിസ്ഥാനം മനോഭാവമാണ്. പിതാവായ ദൈവം തന്റെ പുത്രനെ യാഗം കഴിച്ച് രക്ഷ തയ്യാറാക്കിയിരിക്കുന്നു; മനുഷ്യൻ സ്വീകരിച്ചാൽ രക്ഷ സ്വന്തമായിത്തീരുന്നു.**

ഗലാത്യർ 5:4-5 എന്നീ വാക്യങ്ങളിൽ "നീതീകരിക്കപ്പെടുവാൻ" "ഇച്ഛിക്കുന്ന" (മനോഭാവം) നിങ്ങൾ എന്നുപറയുമ്പോൾ നീതീകരിക്കപ്പെടുവാൻ ദൈവം ന്യായപ്രമാണം തന്നിരിക്കുന്നു; അതു പ്രവർത്തിച്ചാൽ രക്ഷ പ്രാപിക്കാം എന്ന മനോഭാവത്തെയാണ് അപ്പൊ. പൗലൊസ് ശാസിക്കുന്നത്. ഈ വാക്യം ഉപയോഗിച്ച് പത്തുകല്പനയ്ക്കും വിശുദ്ധ ശബ്ബത്തിനും വിരോധമായി സംസാരിക്കുന്നത് ബുദ്ധിഹീനതയും മൗഢ്യവുമാണ്. ഞായറാഴ്ച വിശുദ്ധ ദിവസമായി ആചരിക്കുന്നത് ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിൽ ഉൾപ്പെടുത്താറില്ല.

അത് മനസ്സിലാക്കുവാൻ സാധിക്കുന്നു; കാരണം ഞായറാഴ്ചയെപ്പറ്റി ഒരു ന്യായപ്രമാണവും തിരുവചനത്തിൽ ഇല്ലല്ലോ. എന്നാൽ സ്നാനം, ദശാംശം മുതലായവ ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിൽ ഉൾപ്പെടുത്താതിരിക്കുന്നത് ഒരു പക്ഷേ മനോഭാവമാണ്. ന്യായപ്രമാണം അനുസരിക്കേണ്ടത് ആവശ്യമാണ്, അതിനായിട്ടാണല്ലോ ന്യായപ്രമാണം തന്നിരിക്കുന്നത്. ദശാംശവും സ്നാനവും അനുസരണമാണ്. എന്നാൽ നീതികരിക്കപ്പെടുവാൻ ന്യായപ്രമാണം അനുസരിക്കുന്നത് തെറ്റാണ് എന്ന് അപ്പൊസ്തലൻ ഗലാത്യരോട് പറയുന്നു. **വിശ്വാസത്തിന്റെ അനന്തര ഫലമായിരിക്കണം അനുസരണം** എന്ന് അപ്പൊസ്തലൻ ഉപദേശിക്കുന്നു. കാളവണ്ടിയുടെ കാള മുമ്പിലും വണ്ടി പുറകിലും ആയിരിക്കണം എന്നാണ് അപ്പൊസ്തലൻ പറയുന്നതിന്റെ ചുരുക്കം.

**2) "എന്നാൽ ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവനും ശാപത്തിൻ കീഴാകുന്നു. ന്യായപ്രമാണ പുസ്തകത്തിൽ എഴുതിയിരിക്കുന്നതൊക്കെയും ചെയ്‌വാൻ തക്കവണ്ണം അതിൽ നിലനില്ക്കാത്തവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്ന് എഴുതിയിരിക്കുന്നുവല്ലോ" (ഗലാത്യർ 3:10).**

ന്യായപ്രമാണ പുസ്തകത്തിൽ എഴുതിയിരിക്കുന്നത് ഒക്കെയും ചെയ്‌വാൻ തക്കവണ്ണം അതിൽ നിലനിൽക്കാത്തവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്ന് എഴുതിയിരിക്കുന്നുവല്ലോ എന്ന് അപ്പൊ. പൗലൊസ് ഉദ്ധരിക്കുന്നത് ആവർത്തനം 27-ാം അദ്ധ്യായത്തിൽ അനുസരണം കെട്ടവന്റെമേൽ ദൈവം ചൊരിയുന്ന ശാപങ്ങളാണ്. "ഈ ന്യായപ്രമാണത്തിലെ വചനങ്ങൾ പ്രമാണമാക്കി അനുസരിച്ചു നടക്കാത്തവൻ ശപിക്കപ്പെട്ടവൻ. ജനമെല്ലാം ആമേൻ എന്നു പറയേണം" (ആവർത്തനം 27:26). ആവർത്തനപുസ്തകം 27:15 മുതൽ 26 വരെയുള്ള മോശെയുടെ ന്യായപ്രമാണം പഠിക്കുമ്പോൾ പുതിയനിയമ കാലത്തും ഈ ന്യായപ്രമാണങ്ങൾ അനുസരിക്കേണ്ടതാണ് എന്നും, അല്ലാത്തവർക്ക് ശാപം ഉണ്ടാകും എന്നുള്ളത് ഉറപ്പായ കാര്യമാണ് എന്നും പറയുന്നു. ഗലാത്യർ 3:10-ൽ ഏതു ന്യായപ്രമാണത്തെ അപ്പൊസ്തലൻ അർത്ഥമാക്കുന്നുവോ അവയെല്ലാം ഓരോന്നായി പരിശോധിക്കാം.

**ആവർത്തനം 27:15–26 വരെ**

**A. വാക്യം 15 "ശില്പിയുടെ കൈപ്പണിയായി യഹോവയ്ക്ക് അറപ്പായ വല്ല വിഗ്രഹത്തെയും കൊത്തിയോ വാർത്തോ ഉണ്ടാക്കി രഹസ്യത്തിൽ പ്രതിഷ്ഠിക്കുന്നവൻ ശപിക്കപ്പെട്ടവൻ. ജനമെല്ലാം ആമേൻ എന്ന് പറയേണം. "**

മോശെ അന്ന് ജനത്തിന്റെ മൂപ്പന്മാരോട് പറഞ്ഞ ന്യായപ്രമാണങ്ങൾ ഇന്ന് സഭാ നേതാക്കന്മാരോടും ജനത്തോടും പറയുന്നു എങ്കിൽ എല്ലാവരും ആമേൻ എന്നു പറയേണ്ടതാണ്. വിഗ്രഹാരാധന ഇന്നും യഹോവയ്ക്ക് വെറുപ്പാണ്, വിഗ്രഹാരാധനക്കാരൻ ഇന്നും ന്യായപ്രമാണത്തിന്റെ ശാപത്തിൻകീഴിലാണ്. കൃപയുടെ കാലത്ത് മാനസാന്തരപ്പെട്ട് വിഗ്രഹാരാധന ഉപേക്ഷിക്കാഞ്ഞാൽ കൃപയുടെ കാലം കഴിയുമ്പോൾ വിഗ്രഹാരാധനക്കാരൻ മരണശിക്ഷയ്ക്ക് അഗ്നിനരകത്തിൽ ഏല്പിക്കപ്പെടും. "എന്നാൽ ബിംബാരാധികൾ എന്നിവർക്കും ഭോഷ്ക്കു പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ; ഇത് രണ്ടാമത്തെ മരണം" (വെളി. 21:8). **ന്യായപ്രമാണത്തിനോ ശിക്ഷയ്ക്കോ ഒരു മാറ്റവും കർത്താവിന്റെ വരവ് വരുത്തിയിട്ടില്ല.** അങ്ങനെയെങ്കിൽ എന്തുകൊണ്ടാണ് ഗലാത്യരോട് അപ്പൊ. പൗലൊസ് പറയുന്നത്: ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവനും ശാപത്തിൻകീഴിൽ ആകുന്നു എന്ന്? ഇവിടെയും ന്യായപ്രമാണമല്ല ചർച്ചാവിഷയം. വിഗ്രഹങ്ങളെ ആരാധിക്കരുത് എന്ന ന്യായപ്രമാണം അനുസരിക്കുന്നവൻ ശാപത്തിൻകീഴിൽ ആകുന്നു എന്ന് അപ്പൊസ്തലൻ പറയുന്നില്ല. വിഗ്രഹാരാധന പാടില്ല എന്ന ന്യായപ്രമാണം അനുസരിച്ച് രക്ഷ പ്രാപിക്കാം എന്ന **ആശ്രയമാണ്** ദോഷം. ന്യായപ്രമാണം ഉപേക്ഷിച്ചു കളയണം എന്നാണ് ഗലാത്യർ 3:10-ൽ പറയുന്നത് എന്ന് ഗ്രഹിക്കുന്നവർക്ക് ബുദ്ധിഭ്രമം വന്നിരിക്കുന്നു എന്നല്ലാതെ എന്തു പറയേണ്ടു?

**"പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവനും ശാപത്തിൻ കീഴിലാകുന്നു"** എന്നാണ് അപ്പൊസ്തലൻ പറയുന്നത്. പാപമോചനത്തിന് ഒരുവൻ എവിടെ ആശ്രയിക്കുന്നു എന്നതാണ് ഗലാത്യ ലേഖനത്തിന്റെ സാരാംശം. സ്വയത്തിൽ ആശ്രയിക്കുന്നവൻ വിശ്വാസത്താൽ ക്രിസ്തുവിൽ ആശ്രയിക്കുന്നില്ല. അതുകൊണ്ട് അവന് പാപമോചനം ലഭിക്കുന്നില്ല. അങ്ങനെയുള്ളവൻ ശാപത്തിൽ തന്നെ കഴിയുന്നു എന്നാണ് അപ്പൊസ്തലൻ പറയുന്നത്. സ്വയത്തിൽ ആശ്രയിക്കുന്നവന് കൃപ പോലും ലഭിക്കാതെ പോകുന്നു എന്ന് ഗലാത്യലേഖനത്തിൽ അപ്പൊസ്തലൻ പ്രസ്താവിക്കുന്നു. **ഗലാത്യർ ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിൽ ആശ്രയിച്ച് ശാപഗ്രസ്തരായതിലും വലിയ ശാപമാണ് ഇന്ന് ക്രിസ്ത്യാനികൾ ന്യായപ്രമാണത്തെ അവഗണിക്കുന്നത്.** ന്യായപ്രമാണത്തെ അവഗണിക്കുന്നവൻ ലംഘനം എന്ന പാപത്തിൽ വീണുപോകുന്നു. ന്യായപ്രമാണ ലംഘനത്താൽ ഉളവാകുന്ന പാപ

ത്തിൽ നിന്നും രക്ഷപ്രാപിക്കുവാൻ ന്യായപ്രമാണത്തെ തൃപ്തിപ്പെടുത്തിയാൽ മതിയാകും എന്ന മനോഭാവമാണ് “ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിൽ” അടങ്ങിയിരിക്കുന്നത്. അങ്ങനെയുള്ളവർക്ക് ക്രിസ്തു പ്രയോജനപ്പെടുന്നില്ല എന്ന സത്യമാണ് പൗലൊസിന്റെ ചർച്ചാവിഷയം. നീതീകരണം വിശ്വാസത്താലോ പ്രവൃത്തിയാലോ എന്നുള്ളതാണ് വിഷയം. ഗലാത്യർ 3:19-ൽ വിശ്വാസിയായ അബ്രഹാം വിശ്വാസത്താൽ നീതീകരിക്കപ്പെട്ടു എന്ന് പറഞ്ഞിട്ട് പ്രവൃത്തിയാൽ നീതീകരിക്കപ്പെടുവാൻ സ്വയത്തിൽ “ആശ്രയിക്കുന്നവൻ” ശാപത്തിൻ കീഴിലാകുന്നു എന്ന് അപ്പൊസ്തലൻ 10-ാം വാക്യത്തിൽ പറയുന്നു. വീണ്ടും 11-ാം വാക്യത്തിൽ “നീതിമാൻ വിശ്വാസത്താൽ ജീവിക്കും” എന്ന് ഹബക്കുക്ക് 2:4-ൽ നിന്നും ഉദ്ധരിക്കുന്നു. “എന്നാൽ ന്യായപ്രമാണത്താൽ ആരും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല എന്നതു സ്പഷ്ടം” എന്ന് എഴുതിയിരിക്കുന്നു. എന്നു പറഞ്ഞാൽ ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാൽ ആരും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല എന്നാണ് അർത്ഥമാകുന്നത്.

അപ്പൊസ്തലന്റെ വിഷയം ന്യായപ്രമാണമല്ല; ന്യായപ്രമാണം അനുസരിക്കുന്നതിൽ അടങ്ങിയിരിക്കുന്ന മനോഭാവമാണ്. “ശില്പിയുടെ കൈപ്പണിയായി യഹോവയ്ക്ക് അറപ്പായ വല്ല വിഗ്രഹത്തെയും കൊത്തിയോ വാർത്തോ ഉണ്ടാക്കി രഹസ്യത്തിൽ പ്രതിഷ്ഠിക്കുന്നവൻ ശപിക്കപ്പെട്ടവൻ” എന്ന ന്യായപ്രമാണം ഗണ്യമാക്കേണ്ടതില്ല എന്നല്ല ഗലാത്യരോട് പൗലൊസ് പറയുന്നത്. വിഗ്രഹാരാധനയെ ആസ്പദമാക്കി അപ്പൊ. പൗലൊസ് അരയോപഗ മദ്ധ്യേ നിന്നു കൊണ്ട് പറയുന്നത്: “നാം ദൈവത്തിന്റെ സന്താനം എന്നുവരികിൽ ദൈവം മനുഷ്യന്റെ ശില്പ വിദ്യയും സങ്കല്പവും കൊണ്ട് കൊത്തിത്തീർക്കുന്ന പൊന്ന്, വെള്ളി, കല്ല് എന്നിവയോട് സദൃശം എന്ന് നിരൂപിക്കേണ്ടതല്ല” (അപ്പൊ. പ്രവൃത്തികൾ 17:29).

വിഗ്രഹാരാധന വിട്ടോടുവിൻ എന്ന് പറയുന്ന അപ്പൊ. യോഹന്നാനും, പൗലോസും ഒരേ ദൈവശാസ്ത്രമാണ് പഠിപ്പിക്കുന്നത്. **അതുകൊണ്ട് “ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവനും ശാപത്തിൻ കീഴിലാകുന്നു” എന്നു പറയുന്ന വാക്യത്തിൽ അടങ്ങിയിരിക്കുന്ന കേന്ദ്രബിന്ദു ന്യായപ്രമാണം എന്ന വാക്കല്ല, ആശ്രയം എന്ന വാക്കാണ് എന്ന് ഗ്രഹിക്കേണ്ടതാണ്.** ഒരു വാക്യത്തിൽ അടങ്ങിയിരിക്കുന്ന പ്രധാന ആശയത്തെ തെറ്റിദ്ധരിച്ചാൽ വിശ്വാസത്തിന് കോട്ടം ഉണ്ടാകും.

**ഗലാത്യർ 3:10–ന്റെ** രണ്ടാം ഭാഗം മോശെ പറഞ്ഞിരിക്കുന്ന അർത്ഥ ത്തിലാണ് പൗലൊസ് ഉദ്ധരിക്കുന്നത്. അതുകൊണ്ട് മോശെ പറഞ്ഞി രിക്കുന്നത് ഇവിടെ ഉദ്ധരിക്കുന്നു. "ഈ ന്യായപ്രമാണത്തിലെ വചന ങ്ങൾ പ്രമാണമാക്കി അനുസരിച്ച് നടക്കാത്തവൻ ശപിക്കപ്പെട്ടവൻ. ജന മെല്ലാം ആമേൻ എന്ന് പറയണം" (ആവർത്തനം 27:26). ആവർത്തനം 27:15 മുതൽ 25 വരെ പല ന്യായപ്രമാണങ്ങൾ മോശെ ജനത്തോട് അറിയിച്ചു. ഓരോ ന്യായപ്രമാണത്തിന്റെ അനുസരണക്കേടിനോടും "ശാപം" കൂട്ടിച്ചേർത്തിരിക്കുന്നു. ന്യായപ്രമാണം അനുസരിക്കണം എന്ന് മോശെ ജനത്തോട് പറഞ്ഞു; പൗലൊസും അതുതന്നെ പറ യുന്നു. എന്നാൽ അനുസരിക്കുവാനുള്ള ശക്തി തരുവാൻ ന്യായപ്രമാ ണത്തിന് സാധിക്കുന്നതല്ല. അതുകൊണ്ട് അനുസരണത്തിന് ദൈവ ത്തിൽ ആശ്രയിക്കണം; ന്യായപ്രമാണത്തിലും, സ്വയത്തിലും ആശ്ര യിക്കരുത് എന്നും അപ്പൊസ്തലന്റെ പ്രസ്താവനയിൽ നിന്നും ഗ്രഹിക്കാം.

"ശില്പിയുടെ കൈപ്പണിയായി യഹോവയ്ക്ക് അറപ്പായ വല്ല വിഗ്ര ഹത്തെയും കൊത്തിയോ വാർത്തോ ഉണ്ടാക്കി രഹസ്യത്തിൽ പ്രവർത്തിക്കുന്നവൻ ശപിക്കപ്പെട്ടവൻ" എന്ന മോശെയുടെ ന്യായപ്ര മാണം ഇന്ന് പള്ളിയിൽ വായിച്ചാൽ ജനം ആമേൻ എന്ന് പറയുമെ ങ്കിൽ വിഗ്രഹാരാധന കൃപാകാലത്തും തെറ്റാണ് എന്നും പത്തുകല്പ നയിലെ രണ്ടാം കല്പന എല്ലാവരും അനുസരിക്കണം എന്നതും ഉറ പ്പാണ്. "ന്യായപ്രമാണ പുസ്തകത്തിൽ എഴുതിയിരിക്കുന്നതൊക്കെയും ചെയ്‌വാൻ തക്കവണ്ണം അതിൽ നിലനില്ക്കാത്തവൻ എല്ലാം ശപിക്ക പ്പെട്ടവൻ" എന്ന് അപ്പൊസ്തലൻ പറയുന്നതിന്റെ അർത്ഥം സ്വയത്തിൽ ആശ്രയിക്കുന്നവൻ ശപിക്കപ്പെട്ടവൻ എന്നാണ്.

### B. "അപ്പനെയോ അമ്മയെയോ നിന്ദിക്കുന്നവൻ ശപിക്കപ്പെട്ടവൻ. ജനമെല്ലാം ആമേൻ എന്നു പറയേണം" (ആവർത്തനം 27:16).

ദൈവത്തെപ്പറ്റിയും ദൈവഹിതത്തെപ്പറ്റിയും ജ്ഞാനം ഇല്ലാതി രുന്ന യിസ്രായേലിനെ മോശെ ദൈവഹിതം പഠിപ്പിക്കുകയാണ് എന്ന് പറയാം. മിസ്രയീമിന്റെ അടിമത്തത്തിൽ രൂപം കൊണ്ട ജനം ദൈവ ഹിതത്തോട് ആമേൻ പറയുവാൻ പഠിക്കുകയാണ്. ന്യായപ്രമാണ പുസ്തകത്തിൽ എഴുതിയിരിക്കുന്നത് ഒക്കെയും ചെയ്‌വാൻ തക്കവണ്ണം അതിൽ നിലനില്ക്കാത്തവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്ന് പൗലൊസ് പറയുന്ന ന്യായപ്രമാണത്തിൽ ഒന്നാണ് അപ്പനെയോ അമ്മ യെയോ നിന്ദിക്കുന്നവൻ ശപിക്കപ്പെട്ടവൻ എന്ന ന്യായപ്രമാണം. ഗലാ

ത്യർ 3:10 ന്റെ അടിസ്ഥാനത്തിൽ പത്തുകല്പനയിൽ അഞ്ചാമത്തെ കല്പന നീങ്ങിപ്പോയി എന്നോ അനുസരിക്കേണ്ടതില്ലെന്നോ ഒരു സൂചനപോലും കാണുന്നില്ല. എഫെസ്യർക്കെഴുതിയ ലേഖനത്തിൽ അപ്പൊസ്തലൻ തന്നെ പറയുന്നു. "മക്കളേ, നിങ്ങളുടെ അമ്മയപ്പൻമാരെ കർത്താവിൽ അനുസരിപ്പിൻ" (എഫെസ്യർ 6:1) ന്യായപ്രമാണം അനുസരിക്കാത്തവൻ ശപിക്കപ്പെട്ടവൻ എന്ന് 10-ാം വാക്യത്തിൽ പറഞ്ഞിട്ട് 11-ാം വാക്യം തുടങ്ങുന്നത്: "എന്നാൽ ന്യായപ്രമാണത്താൽ ആരും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല എന്നത് സ്പഷ്ടം." അതിന്റെ അർത്ഥം: ന്യായപ്രമാണ പുസ്തകത്തിൽ എഴുതിയിരിക്കുന്നത് എല്ലാം അനുസരിക്കേണ്ടത് ആവശ്യമാണ് "എന്നാൽ" ന്യായപ്രമാണം അനുസരിക്കുന്നതുകൊണ്ട് ആരും ദൈവസന്നിധിയിൽ നീതിമാന്മാരാകുന്നില്ല; നീതീകരണം വിശ്വാസത്താലാണ് വരുന്നത്.

പൗലോസിന്റെ വിഷയം ന്യായപ്രമാണമല്ല; നീതീകരണം എപ്രകാരം പ്രാപിക്കാം എന്നുള്ളതാണ്. എന്നാൽ ഇന്ന് ഉപദേഷ്ടാക്കന്മാർ പൗലൊസ് പറയുന്നത് ഗ്രഹിക്കാതെ ന്യായപ്രമാണത്തെ വിഷയമാക്കുന്നു. അപ്പൊ. പത്രൊസ് പൗലോസിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് എത്ര സത്യമാണ്! "അങ്ങനെ തന്നേ നമ്മുടെ പ്രിയ സഹോദരനായ പൗലൊസും തനിക്കു ലഭിച്ച ജ്ഞാനത്തിനൊത്തവണ്ണം നിങ്ങൾക്കും ഇതിനെക്കുറിച്ചു സംസാരിക്കുന്ന സകല ലേഖനങ്ങളിലും എഴുതിയിട്ടുണ്ടല്ലോ. അവയിൽ ഗ്രഹിപ്പാൻ പ്രയാസമുള്ളത് ചിലതുണ്ട്. അറിവില്ലാത്തവരും അസ്ഥിരന്മാരുമായവർ **"ശേഷം തിരുവെഴുത്തുകളെപ്പോലെ അതും തങ്ങളുടെ നാശത്തിനായി കോട്ടിക്കളയുന്നു" (2 പത്രൊസ് 3:15,16).** ദൈവത്തിന്റെ ന്യായപ്രമാണം ഏതു കാരണവും പറഞ്ഞ് കോട്ടിക്കളയുന്നത് മനുഷ്യനെ നാശത്തിൽ എത്തിക്കും എന്ന് തിരുവചനം പറയുന്നു. ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവനും ശാപത്തിൻ കീഴിലാകുന്നു എന്ന വാക്യം ഉപയോഗിച്ച് ന്യായപ്രമാണത്തെ ഉപേക്ഷിക്കുവാൻ ഹൃദയങ്ങളെ സ്വാധീനിക്കുന്നത് സാത്താന്റെ തന്ത്രമാണ്.

### C. **"കൂട്ടുകാരന്റെ അതിർ നീക്കുന്നവൻ ശപിക്കപ്പെട്ടവൻ. ജനമെല്ലാം ആമേൻ എന്നുപറയേണം"** (ആവർത്തനം 27:17).

"ന്യായപ്രമാണ പുസ്തകത്തിൽ എഴുതിയിരിക്കുന്നതൊക്കെയും ചെയ്‌വാൻ തക്കവണ്ണം അതിൽ നിലനില്ക്കാത്തവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്ന് എഴുതിയിരിക്കുന്നുവല്ലോ" (ഗലാത്യർ 3:10) എന്ന്

പൗലൊസ് ഉദ്ധരിക്കുന്ന മോശെയുടെ ന്യായപ്രമാണത്തിലെ മൂന്നാമത്തെ കല്പനയാണിത്. ഈ ന്യായപ്രമാണത്തോട് ഇന്ന് ജനം ആമേൻ പറയുമോ? പറയേണ്ടാ എന്നാണോ അപ്പൊ. പൗലൊസ് പറയുന്നതിന്റെ സാരം? അതിർ മാറ്റാത്തതുകൊണ്ട് (പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവനും) പാപത്തിൽ നിന്നും നീതീകരണം പ്രാപിക്കുന്നില്ല. ചെയ്തു പോയ പാപത്തിന് പരിഹാരമായിട്ട് ഇന്നുമുതൽ നല്ല പ്രവൃത്തി ചെയ്യുന്നത് പ്രയോജനപ്പെടുന്നില്ല; അവൻ പാപിയായി തന്നെ ശാപത്തിൻ കീഴിലാകുന്നു; അങ്ങനെയുള്ളവൻ നീതികരണത്തിന് ക്രിസ്തുവിന്റെ അടുക്കലേക്ക് പോകണം എന്നാണ് ഗലാതൃർ 3:10-ൽ അപ്പൊ. പൗലൊസ് പറയുന്നത്. **മറ്റൊരു വിധത്തിൽ പറഞ്ഞാൽ: അതിർ മാറ്റാത്തതു കൊണ്ട് ഒരുവൻ നീതിമാനാകുന്നില്ല; നീതിമാനായതുകൊണ്ട് ഒരുവൻ അതിർ മാറ്റാതിരിക്കുന്നു എന്ന് പറയാം.** പ്രവൃത്തിയാൽ നീതികരിക്കപ്പെടുന്നില്ല എന്നതാണ് അപ്പൊസ്തലന്റെ വിഷയം; ന്യായപ്രമാണം ചർച്ചാവിഷയമല്ല. ഇന്ന് ന്യായപ്രമാണം ചർച്ചാവിഷയമാക്കുന്നത് തെറ്റിദ്ധാരണകൊണ്ടാണ്.

**D. "കുരുടനെ വഴിതെറ്റിക്കുന്നവൻ ശപിക്കപ്പെട്ടവൻ. ജനമെല്ലാം ആമേൻ എന്നു പറയേണം"** (ആവർത്തനം 27:18).

"ന്യായപ്രമാണ പുസ്തകത്തിൽ എഴുതിയിരിക്കുന്നതൊക്കെയും ചെയ്‌വാൻ തക്കവണ്ണം അതിൽ നിലനില്ക്കാത്തവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്ന് എഴുതിയിരിക്കുന്നുവല്ലോ" (ഗലാതൃർ 3:10) എന്ന് അപ്പൊസ്തലൻ പറയുന്നതിലെ നാലാമത്തെ ന്യായപ്രമാണമാണിത്. ഈ ന്യായപ്രമാണത്തിൽ പുതിയനിയമ വിശ്വാസികൾ നിലനിൽക്കണമോ? ഈ ന്യായപ്രമാണത്തോട് ആമേൻ പറയുമോ? ന്യായപ്രമാണമല്ല അപ്പൊസ്തലന്റെ വിഷയം; പ്രവൃത്തിയാലുള്ള നീതീകരണം എന്ന ചതിയിൽ വീണുപോയ ഗലാതൃരെ തെറ്റു തിരുത്തുകയാണ്. ഗലാതൃർ 3:10 ഉദ്ധരിച്ച് ന്യായപ്രമാണത്തിന് കീഴ്പ്പെടരുത് എന്ന് പ്രസംഗിക്കുന്നതും വിശ്വസിക്കുന്നതും ചതിയാണ്. സുവിശേഷം പ്രസംഗിച്ചുകൊണ്ടും ഹല്ലേലുയ്യാ, സ്തോത്രം പറഞ്ഞുകൊണ്ടും അന്യഭാഷ സംസാരിച്ച് ആത്മാഭിഷേകം പ്രാപിച്ചിരിക്കുന്നു എന്ന് ധരിച്ചുകൊണ്ടും കല്പന ലംഘിച്ച് പാപത്തിൽ ജീവിക്കുന്നവരാണ് ഇന്ന് കാണുന്ന പല സഭകളും. ന്യായപ്രമാണം അനുസരിക്കുന്നവർക്ക് മാത്രമേ ആത്മാഭിഷേകം ലഭിക്കുന്നുള്ളു എന്നു ജനം അറിയുന്നില്ല. "ഈ വസ്തുതയ്ക്ക് ഞങ്ങളും, ദൈവം തന്നെ അനുസരിക്കുന്നവർക്കു നൽകിയ പരിശുദ്ധാത്മാവും സാക്ഷികൾ ആകുന്നു എന്നുത്തരം

പറഞ്ഞു" (പ്രവൃത്തികൾ 5: 32). അനുസരണം എന്ന ദൈവ വ്യവസ്ഥ യിന്മേൽ മാത്രമെ ആത്മാഭിഷേകം ലഭിക്കുന്നുള്ളു. ന്യായപ്രമാണം നീങ്ങിപ്പോയി എന്ന് വിശ്വസിക്കുന്നവർക്ക് **പരിശുദ്ധാത്മാഭിഷേകം** ഇല്ല. നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും. എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങ ളോടുകൂടെ ഇരിക്കേണ്ടതിന് നിങ്ങൾക്കു തരും (യോഹ. 14:15,16).

**E. "പരദേശിയുടെയും അനാഥന്റെയും വിധവയുടെയും ന്യായം മറിച്ചുകളയുന്നവൻ ശപിക്കപ്പെട്ടവൻ. ജനമെല്ലാം ആമേൻ എന്നു പറയേണം"** (ആവർത്തനം 27:19).

"ന്യായപ്രമാണ പുസ്തകത്തിൽ എഴുതിയിരിക്കുന്നതൊക്കെയും ചെയ്‌വാൻ തക്കവണ്ണം അതിൽ നിലനിൽക്കാത്തവൻ എല്ലാം ശപിക്ക പ്പെട്ടവൻ എന്ന് എഴുതിയിരിക്കുന്നുവല്ലോ" (ഗലാത്യർ 3:10) എന്നത് പൗലൊസ് ഉദ്ധരിക്കുന്ന മോശെയുടെ ന്യായപ്രമാണത്തിലെ അഞ്ചാ മത്തെ കല്പനയാണ്. ഗലാത്യർക്ക് ലേഖനമെഴുതിയപ്പോൾ ഈ ന്യായ പ്രമാണം അനുസരിക്കണമോ വേണ്ടായോ എന്നുള്ളത് അപ്പൊസ്ത ലന്റെ വിഷയമേ അല്ല; കാരണം അനുസരിക്കണം എന്നുള്ളത് തർക്ക മില്ലാത്ത വിഷയമാണ്. അനുസരണത്താൽ നീതീകരിക്കപ്പെടുവാൻ ഇച്ഛിക്കുന്ന നിങ്ങൾ ക്രിസ്തുവിനോട് വേർപെട്ടു പോയി നിങ്ങൾ കൃപ യിൽ നിന്നു വീണുപോയി. ഇത് മരണകരമായ ചതിയാണ്. എപ്രകാരം നീതീകരണം പ്രാപിക്കാം എന്നതാണ് അപ്പൊസ്തലന്റെ വിഷയം. ഗലാ ത്യർ 3:10 ഉപയോഗിച്ച് പത്തുകല്പന നീങ്ങിപ്പോയി എന്നും പത്തു കല്പനയ്ക്ക് വിശ്വാസികൾ കീഴ്പ്പെടേണ്ടതില്ല എന്നും പഠിപ്പിക്കുന്നത് സാത്താന്റെ വഞ്ചനയാണ്.

**F. "അപ്പന്റെ ഭാര്യയോടുകൂടെ ശയിക്കുന്നവൻ അപ്പന്റെ വസ്ത്രം നീക്കിയതുകൊണ്ട് ശപിക്കപ്പെട്ടവൻ. ജനമെല്ലാം ആമേൻ എന്നു പറയേണം"** (ആവർത്തനം 27:20).

"ന്യായപ്രമാണ പുസ്തകത്തിൽ എഴുതിയിരിക്കുന്നതൊക്കെയും ചെയ്‌വാൻ തക്കവണ്ണം അതിൽ നിലനില്ക്കാത്തവൻ എല്ലാം ശപിക്ക പ്പെട്ടവൻ എന്ന് എഴുതിയിരിക്കുന്നുവല്ലോ" (ഗലാത്യർ 3:10) എന്ന് അപ്പൊസ്തലൻ ഉദ്ധരിക്കുന്നത് മോശെയുടെ ന്യായപ്രമാണത്തിലെ ആറാമത്തെ കല്പനയാണ്. ഈ ന്യായപ്രമാണം പുതിയനിയമക്കാർ അനുസരിക്കണമോ എന്ന് അപ്പൊസ്തലനോട് ചോദിച്ചാൽ ഉത്തരം

വ്യക്തമാണ്. അതുകൊണ്ട് ന്യായപ്രമാണമല്ല അപ്പൊസ്തലന്റെ വിഷയം എന്ന് ആവർത്തിച്ച് പറയുന്നു; കാരണം കാലങ്ങളായി മാനവ കുലത്തോട് പ്രസംഗിച്ച് മനസ്സിൽ ആഴമായി പതിഞ്ഞിരിക്കുന്ന തെറ്റി ദ്ധാരണ തിരുത്തുവാൻ ആവർത്തിച്ച് പറയേണ്ടിയിരിക്കുന്നു. അപ്പന്റെ ഭാര്യയോടുകൂടെ ശയിക്കാത്തവർ എല്ലാം നീതിമാൻമാർ എന്ന് വരു ന്നില്ല. നീതീകരണത്തിന് ക്രിസ്തുവിന്റെ അടുക്കലേക്ക് ചെല്ലേണ്ടതാ കുന്നു എന്ന സത്യം ഗലാത്യരെ പ്രബോധിപ്പിക്കുവാൻ വേണ്ടിയാണ് അപ്പൊ. പൗലൊസ് ഗലാത്യർക്ക് ലേഖനമെഴുതിയത് എന്ന് ഓർത്തി രുന്നാൽ ദുരുപദേശം ഒഴിവാക്കാം.

**G. “വല്ല മൃഗത്തോടും കൂടെ ശയിക്കുന്നവൻ ശപിക്കപ്പെട്ടവൻ. ജന മെല്ലാം ആമേൻ എന്നുപറയേണം”** (ആവർത്തനം 27:21).

അപ്പൊസ്തലൻ ഉദ്ധരിക്കുന്നത് മോശെയുടെ ന്യായപ്രമാണ ത്തിലെ ഏഴാമത്തെ കല്പനയാണ്. കാലപരിമിതിക്കതീതമാണ് ഈ ന്യായപ്രമാണം. നാം നീതികരിക്കപ്പെടുവാനല്ല ദൈവം ന്യായപ്രമാണം തന്നിരിക്കുന്നത്.

**H. “അപ്പന്റെ മകളോ അമ്മയുടെ മകളോ ആയ സഹോദരിയോടു കൂടെ ശയിക്കുന്നവൻ ശപിക്കപ്പെട്ടവൻ. ജനമെല്ലാം ആമേൻ എന്ന് പറയേണം”** (ആവർത്തനം 27:22).

മോശെയുടെ ന്യായപ്രമാണത്തിൽ നിഴലല്ലാത്തവ ഇന്നും അനു സരിക്കേണ്ടതാണ്. എന്നാൽ അതിനാൽ നീതീകരണം പ്രാപിക്കുന്നില്ല.

**I. “അമ്മാവിയമ്മയോടു കൂടെ ശയിക്കുന്നവൻ ശപിക്കപ്പെട്ടവൻ. ജനമെല്ലാം ആമേൻ എന്ന് പറയേണം”** (ആവർത്തനം 27:23).

സാന്മാർഗ്ഗിക ജീവിതത്തിന്റെ ന്യായപ്രമാണമാണിത്. മോശെയുടെ ന്യായപ്രമാണം ഇന്നും സജീവമാണ്.

**J. “കൂട്ടുകാരനെ രഹസ്യമായി കൊല്ലുന്നവൻ ശപിക്കപ്പെട്ടവൻ. ജനമെല്ലാം ആമേൻ എന്നു പറയേണം”** (ആവർത്തനം 27:24).

ഗലാത്യർ 3:10-ൽ “ന്യായപ്രമാണ പുസ്തകത്തിൽ എഴുതിയിരി ക്കുന്നതൊക്കെയും” എന്ന് പറയുന്നതിൽ കൊല ചെയ്യരുത് എന്ന ന്യായപ്രമാണവും ഉൾപ്പെടുന്നു. മോശെയോട് ചേർന്ന് പൗലൊസും കൊല ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ എന്ന് പറയുന്നു; ഇന്നത്തെ ക്രിസ്ത്യാനികൾ ആമേൻ എന്ന് പറയേണം.

**K. "കുറ്റമില്ലാത്തവനെ കൊല്ലേണ്ടതിന് പ്രതിഫലം വാങ്ങുന്നവൻ ശപിക്കപ്പെട്ടവൻ. ജനമെല്ലാം ആമേൻ എന്നു പറയേണം"** (ആവർത്തനം 27:25).

കൈക്കൂലി വാങ്ങിക്കരുത് എന്നുള്ളത് മോശെയുടെ ന്യായപ്രമാണത്തിൽപെട്ടതാണ്; ഇന്നും കൈക്കൂലി വാങ്ങുന്നതും കൊടുക്കുന്നതും തെറ്റാണ്. "ന്യായപ്രമാണപുസ്തകത്തിൽ എഴുതിയിരിക്കുന്നതൊക്കെയും ചെയ്‌വാൻ തക്കവണ്ണം അതിൽ നിലനിൽക്കാത്തവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്ന് എഴുതിയിരിക്കുന്നുവല്ലോ" എന്ന് അപ്പൊസ്തലൻ ഉദ്ധരിക്കുന്നതിന്റെ കൂട്ടത്തിൽ കൈക്കൂലിയും ഉൾപ്പെടുന്നു. മോശെയോട് ചേർന്ന് പൗലൊസും കൈക്കൂലി വാങ്ങിക്കരുതെന്ന ന്യായപ്രമാണം അനുസരിക്കണം എന്നും അല്ലാത്തവൻ ശപിക്കപ്പെട്ടവനാണെന്നും പറയുന്നു. എന്നാൽ കൈക്കൂലി അല്ല പൗലൊസിന്റെ ചർച്ചാവിഷയം. ക്രിസ്തുവിൽ നീതീകരണം പ്രാപിക്കാത്ത ഒരുവൻ കൈക്കൂലി വാങ്ങിക്കാത്തതുകൊണ്ട് അവനെ നീതിമാൻ എന്ന് എണ്ണുവാൻ സാദ്ധ്യമല്ല എന്നതാണ് പഠന വിഷയം. അതുകൊണ്ട് ഒരുവന്റെ പ്രവൃത്തിയാൽ അവൻ നീതീകരിക്കപ്പെടുന്നില്ല എന്നതാണ് പഠന വിഷയം എന്ന് ഓർത്തിരിക്കേണ്ടതാണ്. ഈ പാഠമാണ് അപ്പൊസ്തലൻ ഗലാത്യരെ പഠിപ്പിക്കുന്നത്.

**L. "ഈ ന്യായപ്രമാണത്തിലെ വചനങ്ങൾ പ്രമാണമാക്കി അനുസരിക്കാത്തവൻ ശപിക്കപ്പെട്ടവൻ; ജനമെല്ലാം ആമേൻ എന്നു പറയേണം"** (ആവർത്തനം 27:26).

ആവർത്തനം 27:15-25 വരെയുള്ള വേദഭാഗത്ത് 12 മോശെയ്ക ന്യായപ്രമാണങ്ങൾ കാണുന്നു. 26-ാം വാക്യത്തിൽ ഈ ന്യായപ്രമാണങ്ങൾ ഒക്കെയും അനുസരിച്ച് നടക്കാത്തവൻ ശപിക്കപ്പെട്ടവൻ എന്ന് മോശെ പറഞ്ഞിരിക്കുന്നത് ഗലാത്യ ലേഖനം 3:10-ൽ പൗലോസ് ഉദ്ധരിക്കുന്നു. ഈ ന്യായപ്രമാണങ്ങൾ എല്ലാം ഇന്നും എല്ലാവരും അനുസരിക്കേണ്ടതാണ് എന്ന് അക്രൈസ്തവരും കയ്യടിച്ച് സമ്മതിക്കും. അതുകൊണ്ട് ന്യായപ്രമാണം അനുസരിക്കണമോ വേണ്ടയോ എന്നുള്ളതല്ല പൗലൊസിന്റെ ലേഖന വിഷയം. ന്യായപ്രമാണം അനുസരിക്കുന്നതുകൊണ്ട് പാപിയെ നീതിമാനായി പ്രഖ്യാപിക്കുവാൻ സാദ്ധ്യമല്ല എന്നതാണ് ലേഖനത്തിന്റെ സന്ദേശം. ഗലാത്യലേഖനം ആരംഭം മുതൽ അവസാനം വരെ പഠിക്കുമ്പോൾ **ന്യായപ്രമാണവും വിശ്വാസവും തമ്മിലല്ല വിരോധം** എന്നും ഗ്രഹിക്കുവാൻ സാധിക്കുന്നു, മറിച്ച് ഒരുവൻ രക്ഷ പ്രാപിക്കുവാൻ ന്യായപ്രമാണത്തിന്റെ അനുസരണത്തിൽ

ആശ്രയിക്കുന്നുവോ അതോ ക്രിസ്തുവിലെ വിശ്വാസത്തിൽ ആശ്രയിക്കുന്നുവോ എന്നുള്ളതാണ് വിഷയം. അതുകൊണ്ട് പൗലൊസ് ഗലാത്യരോട് പറയുന്നു ന്യായപ്രമാണത്തിന്റെ **പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവനും** എന്ന്.

**2) ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല. ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമത്രേ വരുന്നത്** (റോമർ 3:20).

വിശ്വാസത്താലുള്ള നീതീകരണം എന്ന വിഷയം ആസ്പദമാക്കിയാണ് അപ്പൊ. പൗലൊസ് റോമർക്ക് ലേഖനമെഴുതുന്നത്. റോമർക്കെഴുതിയ ലേഖനം പഠിച്ചതിൽനിന്നുമാണ് മാർട്ടിൻ ലൂഥറിന് വിശ്വാസത്താലുള്ള നീതീകരണം എന്ന ബോധം ഉദിച്ചതും നവീകരണം ആരംഭിച്ചതും. അപ്പൊ. പൗലൊസിന്റെ അനുഭവമാണ് മാർട്ടിൻ ലൂഥറിനും പകർന്നുകിട്ടിയത്. അപ്പൊസ്തലനായ പൗലൊസ് റോമർക്കും ഗലാത്യർക്കും എഴുതിയ ലേഖനങ്ങൾ പ്രാർത്ഥനയോടെ പഠിക്കുന്നവർക്ക് മാർട്ടിൻ ലൂഥറിന് പകർന്നു കിട്ടിയ വെളിച്ചം പരിശുദ്ധാത്മാവ് പകർന്ന് കൊടുക്കും. ദൈവം മുഖപക്ഷമില്ലാത്ത ദൈവമാണ്.

അപ്പൊസ്തലനായ പൗലൊസ് ന്യായപ്രമാണ സംബന്ധമായി ഭ്രാന്ത് പിടിച്ച ഒരു പരീശനായിരുന്നു, അന്ന് താൻ ക്രിസ്തീയ സഭയെ ഉപദ്രവിച്ചുകൊണ്ടിരുന്നു. അന്ന് ക്രിസ്തുവിനോട് വേർപെട്ടവനും കൃപയിൽ നിന്ന് വീണുപോയവനും ആയിരുന്നു. എന്നാൽ ക്രിസ്ത്യാനിയായതിനുശേഷം തന്റെ പഴയ ജീവിതത്തെക്കുറിച്ചുള്ള അനുഭവവും ക്രിസ്തുവിൽ താൻ അനുഭവിക്കുന്ന സ്വാതന്ത്ര്യവും സഭകളോട് സാക്ഷിച്ചു. ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല" എന്നത് തന്റെ അനുഭവമാണ്.

യെഹൂദയിൽനിന്നു ചിലർ പുറപ്പെട്ട് സഭകളെ സന്ദർശിക്കയും മോശെയുടെ ന്യായപ്രമാണം അനുസരിച്ച് പരിച്ഛേദന ഏല്ക്കാഞ്ഞാൽ രക്ഷ പ്രാപിക്കുവാൻ സാദ്ധ്യമല്ല എന്ന് വിശ്വാസികളെ ഉപദേശിക്കുകയും, യെഹൂദന്മാരുടെ പ്രവൃത്തിയാലുള്ള നീതീകരണം എന്ന ചതിയിൽ അകപ്പെടുത്തുകയും ചെയ്തിരുന്നു. അവർ പൗലൊസിന്റെ ആത്മീക ശത്രുക്കൾ ആയിരുന്നു എന്ന് പറയാം. പത്തുകല്പന ഉൾപ്പെടെ ഏതു ന്യായപ്രമാണവും അനുസരിക്കുന്നതിനാൽ രക്ഷ പ്രാപിക്കാം എന്നുള്ളത് അപകടകരമായ ഒരു സിദ്ധാന്തമാണ്; അത്

മരണത്തെ ഉളവാക്കുന്ന സിദ്ധാന്തവുമാണ്. പ്രവൃത്തിയാലുള്ള നീതീകരണം എന്ന തത്വത്തിനെതിരെ അപ്പൊസ്തലൻ പോരാടുന്ന ലേഖനങ്ങളാണ് ഗലാത്യർക്കെഴുതിയ ലേഖനവും റോമർക്കെഴുതിയ ലേഖനവും. ഇത് മനസ്സിൽ കരുതാത്തതുകൊണ്ട് ഇന്ന് ക്രിസ്ത്യാനികൾ ന്യായപ്രമാണത്തോട് പോരാടുന്നു എന്ന അപകടം കാണുവാൻ സാധിക്കുന്നു.

ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല (റോമർ 3:20). പ്രവൃത്തികളാൽ ആരും നീതികരിക്കപ്പെടുന്നില്ല എന്നാണ് വാകൃത്തിൽ അടങ്ങിയിരിക്കുന്ന സത്ത ഇവിടെയും ന്യായപ്രമാണമല്ല ചർച്ചാവിഷയം. റോമർക്ക് ലേഖനമെഴുതിയ പൗലൊസ് ഗലാതൃരോടും ഇതുതന്നെ പറയുന്നു. ന്യായപ്രമാണത്തിന്റെ **പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവനും** ശാപത്തിൻ കീഴാകുന്നു. ഈ വാക്യത്തിന്റെയും കാതലായ ആശയം പ്രവൃത്തിയിൽ ആശ്രയിക്കുന്നവൻ എന്നുള്ളതാണ്. വീണ്ടും ഗലാത്യർ 2-ാം അദ്ധ്യായത്തിൽ ന്യായപ്രമാണത്തിന്റെ ദുരുപയോഗത്തെപ്പറ്റി പൗലൊസ് പറയുന്നത്: "എന്നാൽ ക്രിസ്തുവിലുള്ള വിശ്വാസത്താലല്ലാതെ ന്യായപ്രമാണത്തിന്റെ **പ്രവൃത്തികളാൽ മനുഷ്യൻ നീതികരിക്കപ്പെടുന്നില്ല** എന്നറിഞ്ഞിരിക്കകൊണ്ട് നാമും ന്യായപ്രമാണത്തിന്റെ **പ്രവൃത്തികളാലല്ല ക്രിസ്തുവിലുള്ള വിശ്വാസത്താൽ** തന്നെ നീതീകരിക്കപ്പെടേണ്ടതിന് ക്രിസ്തേശുവിൽ വിശ്വസിച്ചു. ന്യായപ്രമാണത്തിന്റെ **പ്രവൃത്തികളാൽ** ഒരു ജഡവും നീതീകരിക്കപ്പെടുന്നില്ലല്ലോ. ന്യായപ്രമാണത്താൽ നീതി വരുന്നു എങ്കിൽ ക്രിസ്തു മരിച്ചത് വെറുതെയല്ലോ" (ഗലാത്യർ 2:16,21). "ന്യായപ്രമാണത്താൽ നീതീകരിക്കപ്പെടുവാൻ ഇച്ഛിക്കുന്ന നിങ്ങൾ ക്രിസ്തുവിനോട് വേർപെട്ടുപോയി" (ഗലാത്യർ 5:4). ദൈവത്തിന്റെ ന്യായപ്രമാണത്തെ കോട്ടിക്കളഞ്ഞിട്ട് ശത്രുവായവൻ പാപം ഉളവാക്കുന്നു; ഇത് ജനം ഗ്രഹിക്കുന്നില്ല. (റോമർ 3:20) വീണ്ടും ഉദ്ധരിക്കട്ടെ: ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല; ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമത്രെ വരുന്നത്. **"ന്യായപ്രമാണത്തിന്റെ ദുരുപയോഗം പറഞ്ഞിട്ട് തെറ്റിദ്ധാരണ ഒഴിവാക്കുവാൻ ന്യായപ്രമാണത്തിന്റെ ഉപയോഗം അപ്പൊസ്തലൻ പറയുന്നത്: ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമത്രേ വരുന്നത്".**

വീണ്ടും റോമർ നാലാമത്തെ അദ്ധ്യായത്തിൽ അപ്പൊസ്തലൻ പറയുന്നത് ന്യായപ്രമാണമോ കോപത്തിന് ഹേതുവാകുന്നു. ന്യായപ്ര

മാണം ഇല്ലാത്തേടത്ത് പാപവും ഇല്ല (റോമർ 4:15). പൗലൊസ് പറയുന്നതിന്റെ അർത്ഥം: ന്യായപ്രമാണം ഉള്ളിടത്ത് പാപം ഉണ്ട്. കോപത്തിന് കാരണമാകുന്ന ന്യായപ്രമാണത്തെ രക്ഷയ്ക്കായിട്ട് സമീപിക്കുന്നത് ഉപയോഗ ശൂന്യമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ: **ന്യായപ്രമാണമില്ലാത്തേടത്ത് ലംഘനമില്ല; ലംഘനമില്ലാത്തേടത്ത് പാപമില്ല; പാപമില്ലാത്തിടത്ത് ക്രിസ്തുവിന്റെ ആവശ്യവും കൃപയുടെ ആവശ്യവും ഇല്ല.** ക്രിസ്തീയ മതത്തെ തന്നെ തകർത്തുകളയുന്ന ഉപദേശമാണ് ന്യായപ്രമാണം നീങ്ങിപ്പോയി എന്ന് പഠിപ്പിക്കുന്നത്. ദൈവം ന്യായപ്രമാണം തന്നിരിക്കുന്നത് പാപിയെ രക്ഷിക്കുവാനല്ല. അങ്ങനെ ആയിരുന്നു എങ്കിൽ ക്രിസ്തു മരിച്ചത് വെറുതെ ആകുമായിരുന്നു. കർത്താവിന്റെ അടുക്കലേക്ക് ന്യായപ്രമാണം പാപിയെ നടത്തുന്നു. ശുദ്ധീകരണം പ്രാപിച്ച ശേഷം ന്യായപ്രമാണം പാപിയെ നീതിമാനായി പ്രഖ്യാപിക്കുന്നു; കാരണം ന്യായപ്രമാണം ഒരു അളവുകോലാണ്. ക്രിസ്തുവിന്റെ അടുക്കലേക്ക് പോകാത്ത പാപിക്ക് ന്യായപ്രമാണം ശത്രുവാണ്. പത്തുകല്പന കൂടാതെ വിശുദ്ധ ജീവിതം അസാദ്ധ്യമാണ്. ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല എന്ന പൗലൊസിന്റെ പ്രസ്താവന ആധാരമാക്കി ന്യായപ്രമാണം ഗണ്യമാക്കാതിരിക്കുന്നത് മരണകരമായ ചതിയാണ്.

**3) ഇപ്പോഴോ, നമ്മെ പിടിച്ചിരുന്ന ന്യായപ്രമാണം സംബന്ധിച്ച് മരിച്ചിരിക്കകൊണ്ട് അക്ഷരത്തിന്റെ പഴക്കത്തിലല്ല ആത്മാവിന്റെ പുതുക്കത്തിൽ തന്നെ സേവിക്കേണ്ടതിന് നാം ന്യായപ്രമാണത്തിൽ നിന്ന് ഒഴിവുള്ളവരായിരിക്കുന്നു** (റോമർ 7:6).

രോഗി ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും പാൽ എന്ന് ഒരു പഴഞ്ചൊല്ല് നാട്ടിൻ പ്രദേശത്ത് പറഞ്ഞ് കേൾക്കാറുള്ളതുപോലെ ന്യായപ്രമാണം നീങ്ങിപ്പോയി എന്ന് സ്ഥാപിക്കുവാൻ വേദപുസ്തകത്തിൽ വാക്യം അന്വേഷിക്കുന്നവർ ഉപയോഗിച്ച് കേൾക്കാറുള്ളതാണ്: “നാം ന്യായപ്രമാണത്തിൽനിന്ന് ഒഴിവുള്ളവരായിരിക്കുന്നു” എന്ന ഭാഗികമായ വാക്യം. എന്നാൽ അത് വെറും ഒരു സ്വയ വഞ്ചനമാത്രമാണ്. റോമർ 7:6 മനസ്സിലാകണമെങ്കിൽ റോമർ ആറാം അദ്ധ്യായത്തിന്റെ തുടക്കം മുതൽ പഠിക്കേണ്ടതാണ്. പാപസംബന്ധമായി മരിച്ചവരായ നാം (റോമർ 6:2) എന്ന് പറയുമ്പോൾ തന്നെ ഒരു മരണത്തിന്റെ അനുഭവം ഒരുവന് ഉണ്ടാകുന്നു എന്ന് തിരുവചനം പ്രബോധിപ്പിക്കുന്നു. മരിച്ചവനെ അടക്കം ചെയ്യേണ്ടത് ഒഴിച്ചുകൂടാൻ പാടില്ലാത്ത ചടങ്ങാണ്.

മരണം ഏതുകാര്യത്തിനും അവസാനം കുറിക്കുന്നു എന്നും നാം എല്ലാവരും മനസ്സിലാക്കുന്ന ഒരു വസ്തുതയാണ്. അപ്പൊ. പൗലൊസ് പറയുന്നത് പാപസംബന്ധമായി മരിച്ചവരായ നാം; എന്നു പറഞ്ഞാൽ പാപസംബന്ധമായ ജീവിതത്തിന് അവസാനം വരുത്തിയവരായ നാം എന്നർത്ഥം. പാപസംബന്ധമായി മരിച്ചവനെയും കുഴിച്ചിടേണ്ടത് ആവശ്യമാണ്. യേശുക്രിസ്തു ലോകത്തിന്റെ പാപം സംബന്ധിച്ച് മരിച്ചു അടക്കപ്പെട്ടതു പോലെ പാപസംബന്ധമായി മരിച്ചവനെയും ക്രിസ്തുവിനോടുകൂടെ അടക്കം ചെയ്യുന്നു. "അല്ല യേശുക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു" (റോമർ 6:3,4). സ്നാനം എന്ന കർമ്മത്തിൽ അടങ്ങിയിരിക്കുന്ന ദൈവശാസ്ത്രമാണ് അപ്പൊസ്തലൻ വിവരിക്കുന്നത്. മരണത്തിൽ നിന്നും ക്രിസ്തുവിന് ഒരു പുനരുത്ഥാനം ഉണ്ടായതുപോലെ വെള്ളമാകുന്ന ശവക്കല്ലറയിൽ കുഴിച്ചിടുന്ന പാപിക്കും ഒരു പുനരുത്ഥാനം ക്രിസ്തുവിനോടുകൂടെ ഉണ്ടാകേണ്ടതാണ്. സ്നാനം എന്ന കർമ്മത്തിൽ വെള്ളമാകുന്ന ശവക്കല്ലറയിൽ നിന്നും പുറത്തുവരുന്നതിനെ പുനരുത്ഥാനത്തോട് പൗലൊസ് ഉപമിക്കുന്നു. ക്രിസ്തു മരിച്ചിട്ട് പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ (റോമർ 6:4).

### പാപിയുടെ മാനസാന്തരം, ക്രിസ്തുവിന്റെ കൃപ

എന്തിനായിട്ടാണ് ദൈവം സ്നാനം എന്ന ഒരു ചടങ്ങ് ഏർപ്പാട് ചെയ്തിരിക്കുന്നത്? ദൈവത്തിന്റെ രക്ഷാപദ്ധതി ഒരു പാപിയുടെ ജീവിത അനുഭവം ആകേണ്ടതാണ്; അത് സ്നാനത്തിൽ ആരംഭിക്കുന്നു. ഒരു പാപി കർത്താവിൽ വിശ്വസിക്കുകയും, മാനസാന്തരപ്പെട്ട് സ്നാനം ഏല്ക്കയും ചെയ്യുമ്പോൾ അവന് ഒരു രൂപാന്തരം ഉണ്ടാകുന്നു. ഈ ലോകത്തിൽ നടക്കാവുന്ന അത്ഭുതങ്ങളിൽ ഏറ്റവും വലിയ അത്ഭുതം അവന്റെ ജീവിതത്തിൽ ഉണ്ടായി എന്നു പറയാം. പാപി ആയിരുന്നിടത്തോളം ന്യായപ്രമാണം ലംഘിച്ചതുകൊണ്ട് ന്യായപ്രമാണം അവനെ പിടിച്ചടക്കി നിത്യ മരണത്തിനായി സൂക്ഷിച്ചിരുന്നു. കർത്താവിൽ വിശ്വസിക്കയും മാനസാന്തരപ്പെടുകയും സ്നാനമേൽക്കയും ചെയ്തതോടെ പാപി ന്യായപ്രമാണത്തിന്റെ പിടിയിൽ നിന്നും മരണത്തിൽ നിന്നും വിടുതൽ പ്രാപിച്ച് കർത്താവിന്റെ കൃപയ്ക്ക് അധീന

നായിത്തീർന്നു. അതുകൊണ്ട് പൗലോസ് പറയുന്നു പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ (റോമർ 6:23).

പാപി പാപത്തിന്റെ അടിമ ആയിരുന്നു എന്നുള്ളതിന് ഉദാഹരണം അപ്പൊസ്തലൻ പറയുന്ന അദ്ധ്യായങ്ങളാണ് റോമർ 6, 7. റോമർ 6–ാം അദ്ധ്യായത്തിൽ അപ്പൊസ്തലൻ പറയുന്നതിന്റെ ചുരുക്കം: പാപസംബന്ധമായി ഒരുവൻ മരിക്കുമ്പോൾ അവൻ ക്രിസ്തുവിന്റെ കൃപയ്ക്ക് അധീനനായിത്തീരുന്നു; അങ്ങനെ ഉള്ള ഒരുവന്റെ മേൽ ന്യായപ്രമാണത്തിന് ശിക്ഷ നടത്തുവാൻ സാദ്ധ്യമല്ല എന്നുമാണ്.

വ്യഭിചാരത്തിൽ പിടിച്ച സ്ത്രീയെ കർത്താവിന്റെ അടുക്കൽ കൊണ്ടുവന്ന് ഇങ്ങനെയുള്ളവരെ കല്ലെറിയേണം എന്ന് മോശെ ന്യായപ്രമാണത്തിൽ ഞങ്ങളോടു കല്പിച്ചിരിക്കുന്നു, നീ ഇവളെക്കുറിച്ച് എന്തുപറയുന്നു എന്നുചോദിച്ചു (യോഹന്നാൻ 8:5). സ്ത്രീ ന്യായപ്രമാണം ലംഘിച്ചതുകൊണ്ട് ന്യായപ്രമാണം അവളെ ശിക്ഷവിധിച്ച് മരണത്തിന് ഏല്പിച്ചു. കർത്താവിന്റെ സന്നിധിയിൽ അവൾക്ക് പാപത്തെക്കുറിച്ചുള്ള ബോധം വരികയും പാപജീവിതത്തിന് അവസാനം വരുത്തുവാൻ മാനസാന്തരം ഉണ്ടാകയും ചെയ്തു. ക്രിസ്തുവിന്റെ അടുക്കൽ വരുന്ന എല്ലാപാപികളുടെയും അനുഭവം ഇതുതന്നെയാണ്. ക്രിസ്തുവിന്റെ സന്നിധി വെളിച്ചത്തിന്റെ സ്ഥലമാണ്. അവിടെ അന്ധകാര ജീവിതം അവസാനിക്കുന്നു. അവളെ വിട്ടയക്കുമ്പോൾ കർത്താവ് പറയുന്നത് പോക, ഇനി പാപം ചെയ്യരുത് എന്ന് യേശു പറഞ്ഞു. **വ്യഭിചാരം ചെയ്യരുത് എന്ന കല്പന ലംഘിച്ചതുകൊണ്ട് പാപം അവളെ പിടിച്ചടക്കി മരണത്തിന് ഏല്പിച്ചു. എന്നാൽ ക്രിസ്തുവിന്റെ കൃപയിൽ അഭയം പ്രാപിച്ചതുകൊണ്ട് ന്യായപ്രമാണത്തിന് അവളെ ശിക്ഷയ്ക്ക് ഏല്പിക്കുവാൻ സാധിച്ചില്ല.** അതുപോലെ പാപി പാപത്തിന്റെ അധീനതയിൽ നിന്നും ഒഴിവായി ക്രിസ്തുവിന്റെ അധീനതയിലാകുന്നു എന്ന് റോമർ 6 പഠിപ്പിക്കുന്നു. റോമർ 6–ാം അദ്ധ്യായം മനസ്സിൽ സൂക്ഷിച്ചുകൊണ്ട് 7–ാം അദ്ധ്യായം ആറാം വാക്യം വരെ വാക്യം വാക്യമായി പഠിക്കാം.

**വാക്യം 1 – സഹോദരന്മാരേ, ന്യായപ്രമാണം അറിയുന്നവരോടല്ലോ ഞാൻ സംസാരിക്കുന്നത്. മനുഷ്യൻ ജീവിച്ചിരിക്കും കാലത്തൊക്കെയും ന്യായപ്രമാണത്തിന് അവന്റെ മേൽ അധികാരമുണ്ട് എന്ന് നിങ്ങൾ അറിയുന്നില്ലയോ.**

പൗലൊസിനും റോമർക്കും പരസ്പര ധാരണയുള്ള “ന്യായപ്രമാണം” എന്ന വിഷയത്തെ ആസ്പദമാക്കി ആറാം അദ്ധ്യായത്തിന്റെ തുടർച്ചയായി ഏഴാം അദ്ധ്യായം ന്യായപ്രമാണം എന്ന വിഷയം ചർച്ച ചെയ്യുന്നു. ഒരുവൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം ദൈവത്തിന്റെ ന്യായപ്രമാണത്തിന് അവന്റെ മേൽ അധികാരം ഉണ്ട് എന്ന് ഒന്നാമത്തെ വാകൃത്തിൽ പറയുന്നു. **ന്യായപ്രമാണം ദൈവത്തിന്റെ അധികാരമാണ്; അതുകൊണ്ട് അപ്പൊസ്തലൻ പറയുന്നു. ന്യായപ്രമാണത്തിന് മനുഷ്യന്റെ മേൽ അധികാരമുണ്ട് എന്ന്.** മനുഷ്യൻ പാപം ചെയ്യുമ്പോൾ ദൈവത്തിന്റെ ന്യായപ്രമാണം അവനെ പിടിച്ച് മരണ ശിക്ഷയ്ക്ക് ഏൽപ്പിക്കുന്നു. എല്ലാമനുഷ്യരും പാപത്തിലായതുകൊണ്ട് സ്വാഭാവികമായും എല്ലാ മനുഷ്യന്റെമേലും ന്യായപ്രമാണത്തിന് അധികാരമുണ്ട് അല്ലെങ്കിൽ ന്യായപ്രമാണത്തിന്റെ ശിക്ഷയിൻ കീഴിലാണ് എന്നുപറയാം. നീതീകരണം പ്രാപിച്ചശേഷവും ഒരു വിശുദ്ധജീവിതം നയിക്കുവാൻ മനുഷ്യൻ ദൈവത്തിന്റെ ന്യായപ്രമാണത്തിന് കീഴ്പ്പെട്ട് ജീവിക്കേണ്ടതാണ്. മനുഷ്യൻ ജീവിച്ചിരിക്കും കാലത്തൊക്കെയും ന്യായപ്രമാണത്തിന് അവന്റെ മേൽ അധികാരമുണ്ട് എന്ന് അപ്പൊസ്തലൻ പറയുന്നു.

**വാക്യം 2 – ഭർത്താവുള്ള സ്ത്രീ ജീവിച്ചിരിക്കുന്ന ഭർത്താവിനോട് ന്യായപ്രമാണത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഭർത്താവു മരിച്ചാൽ അവൾ ഭർത്തൃന്യായപ്രമാണത്തിൽനിന്നു ഒഴിവുള്ളവളായി.**

ഒരു സ്ത്രീ വിവാഹിതയാകുമ്പോൾ അവൾ ഭർത്താവിന് കീഴ്പ്പെട്ടു ജീവിക്കുവാൻ അവൾക്ക് ഭർത്തൃന്യായപ്രമാണം ഉണ്ട്. ഭർത്താവ് മരിച്ചുപോയാൽ അവൾ ഭർത്തൃന്യായപ്രമാണത്തിൽ നിന്നും ഒഴിവാകുന്നു എന്നും അപ്പൊസ്തലൻ പറയുന്നു. പാപസംബന്ധമായ മാനസാന്തരം (മരണം) ഒരുവനെ ന്യായപ്രമാണത്തിന്റെ ശിക്ഷയുടെ അധീനതയിൽ നിന്നും ഒഴിവാക്കുന്നു എന്ന തത്വം പഠിപ്പിക്കുവാൻ അപ്പൊസ്തലൻ സ്ത്രീയുടെയും ഭർത്താവിന്റെയും സാദൃശ്യം ഉപയോഗിച്ചിരിക്കുന്നു.

**വാക്യം 3 – ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ അവൾ വേറെ പുരുഷന് ആയാൽ വ്യഭിചാരിണി എന്ന് പേർവരും; ഭർത്താവ് മരിച്ചു എങ്കിലോ അവൾ വേറെ പുരുഷന് ആയാൽ വ്യഭിചാരിണി എന്നു വരാതവണ്ണം ന്യായപ്രമാണത്തിൽ നിന്നും സ്വതന്ത്രയാകുന്നു.**

അപ്പൊസ്തലന്റെ സാദൃശ്യപഠനത്തിൽ ഒരു സ്ത്രീയും രണ്ട് പുരുഷൻമാരും കാണുന്നു. ഒരു പുരുഷന്റെ മരണത്തിനുശേഷം അവൾ മറ്റൊരു പുരുഷന്റെ ഭാര്യയാകുന്നു എന്നും പറയുന്നു. റോമർ 6–ാം

അദ്ധ്യായത്തിലും 7-ാം അദ്ധ്യായത്തിലും "മരണം" എന്ന പദം അപ്പൊസ്തലൻ ഉപയോഗിക്കുന്നു. ഒരു അധീനതയിൽ നിന്നും (ഭർത്താവിൽ നിന്നും) മറ്റൊരു അധീനതയിലേക്ക് (മറ്റൊരു ഭർത്താവിലേക്ക്) മാറുവാൻ ഒരു "മരണം" ഉണ്ടാകണം എന്നും അദ്ദേഹം സ്ഥാപിക്കുന്നു.

ഒന്നാമത്തെ ഭർത്താവ് ആരാകുന്നു എന്ന് മനസ്സിലാകുവാൻ റോമർ 6:6 സഹായിക്കുന്നു. "നാം ഇനിയും പാപത്തിന് അടിമപ്പെടാതവണ്ണം പാപശരീരത്തിന് നീക്കം വരേണ്ടതിനു നമ്മുടെ പഴയമനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു" പാപിക്ക് ജഡം (പഴയ മനുഷ്യൻ) എന്നൊരു ഭർത്താവുണ്ട് എന്നും, പാപി ജഡമാകുന്ന ഭർത്താവിന് കീഴ്പ്പെട്ട് പാപത്തെ സേവിക്കുന്നു എന്നുമാണ് 6-ാം അദ്ധ്യായത്തിൽ അപ്പൊസ്തലൻ സ്ഥാപിക്കുന്നത്. നാം ജഡത്തെ സേവിക്കുന്നിടത്തോളം കാലം ന്യായപ്രമാണം നമ്മെ പിടിച്ചടക്കി അന്ത്യന്യായവിധിക്കും മരണത്തിനും സൂക്ഷിക്കുകയാണ്. എന്നാൽ പാപസംബന്ധമായ ഒരു **മരണം** ഉണ്ടാകുമ്പോൾ ന്യായപ്രമാണത്തിന്റെ പിടിയിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കുകയും രണ്ടാമത്തെ ഭർത്താവാകുന്ന കർത്താവിന് അധീനരാകുകയും ചെയ്യുന്നു. **ഇവിടെ ന്യായപ്രമാണമല്ല മരിക്കുന്നത്; കാരണം ന്യായപ്രമാണം മരിച്ചാൽ പാപിക്ക് പാപമോചനവും രക്ഷയും എങ്ങനെ സാദ്ധ്യമാകും?** ജഡം എന്ന ഭർത്താവാണ് മരിക്കുന്നത്. അങ്ങനെ പാപി ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ച് മറ്റൊരുവനായ ക്രിസ്തു എന്ന ഭർത്താവിന് കീഴ്പ്പെടുന്നു എന്ന് പൗലൊസ് പഠിപ്പിക്കുന്നു.

ഭർത്താവു മരിച്ചു എന്നുപറയുന്നത് നമ്മിൽ അധികാരം നടത്തുന്ന "പഴയ മനുഷ്യൻ" (റോമർ 6:6) എന്നാണ് അപ്പൊസ്തലൻ അർത്ഥമാക്കുന്നത്. കൂടാതെ "ന്യായപ്രമാണത്തിൽ നിന്നു സ്വതന്ത്രയാകുന്നു" എന്ന് പറയുന്നത് പൊതുവായ ന്യായപ്രമാണത്തെ സംബന്ധിച്ചല്ല; അപ്പൊസ്തലന്റെ സാദൃശ്യ പഠനത്തിലെ ഭർത്തൃന്യായപ്രമാണത്തെ സംബന്ധിച്ചാണ് പറയുന്നത്. "മരണം" ഒരുവനെ ന്യായപ്രമാണത്തിൽ നിന്നും ഒഴിവാക്കുന്നു എന്നൊരു തത്വം അദ്ദേഹം റോമർ 6-ാം അദ്ധ്യായത്തിലും 7-ാം അദ്ധ്യായത്തിലും സ്ഥാപിക്കുന്നുണ്ട്. അത് സൂക്ഷ്മതയോടെ മനസ്സിലാക്കേണ്ടതാണ്. ഉദാഹരണമായി പറഞ്ഞാൽ കൊലപാതകം ചെയ്ത ഒരുവനെ ന്യായപ്രമാണപ്രകാരം മരണശിക്ഷക്ക് വിധിക്കുന്നു എന്നിരിക്കട്ടെ. ശിക്ഷ നടപ്പാക്കേണ്ടുന്ന ദിവസത്തിനുമുമ്പേ പ്രതി ഹൃദ്രോഗം പിടിപ്പെട്ട് മരിച്ചുപോയി എന്നും കരുതുക. കോടതിക്കോ, ന്യായപ്രമാണത്തിനോ അവന്റെ മേൽ ശിക്ഷ നടപ്പാക്കുവാൻ

സാദ്ധ്യമല്ല. അതുപോലെ ഒരു പാപി മാനസാന്തരപ്പെട്ട് സ്നാനത്താൽ ക്രിസ്തുവിന്റെ കൃപയ്ക്ക് അധീനനായിത്തീർന്നാൽ ന്യായപ്രമാണത്തിന് അവന്റെ മേൽ ശിക്ഷ നടപ്പാക്കുവാൻ സാദ്ധ്യമല്ല. ഈ അർത്ഥത്തിൽ, "നാം ന്യായപ്രമാണത്തിൽ നിന്ന് ഒഴിവുള്ളവരാകുന്നു" എന്നാണ് പൗലൊസ് സ്ഥാപിക്കുന്നത്. **എന്നാൽ ന്യായപ്രമാണം അനുസരിക്കുന്നതിൽ നിന്നും നാം ഒഴിവാകുന്നു എന്ന അർത്ഥത്തിൽ തിരുവചനത്തിൽ ഒരു രേഖപോലും ഇല്ല.**

**വാക്യം 4 – അതുകൊണ്ട് സഹോദരന്മാരേ, നാം ദൈവത്തിന് ഫലം കായ്ക്കുമാറ് മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റവനായ മറ്റൊരുവനാകേണ്ടതിന് നിങ്ങളും ക്രിസ്തുവിന്റെ ശരീരം മുഖാന്തരം ന്യായപ്രമാണസംബന്ധമായി മരിച്ചിരിക്കുന്നു.**

വിശ്വാസിയുടെ രണ്ടാമത്തെ ഭർത്താവ് "ഉയിർത്തെഴുന്നേറ്റവനായ" ക്രിസ്തു ആകുന്നു എന്ന് 4-ാം വാക്യം സ്ഥാപിക്കുന്നു. ജഡം എന്ന ഭർത്താവിൽ നിന്നും വിടുതൽ പ്രാപിച്ച് കർത്താവ് എന്ന ഭർത്താവിന് ഫലം കായ്ക്കണം എന്നും പറയുന്നു. ന്യായപ്രമാണ സംബന്ധമായി മരിച്ചിരിക്കുന്നു എന്ന് അപ്പൊസ്തലൻ പറയുന്നതിൽ ആരാണ് മരിച്ചത്? നിങ്ങളും ക്രിസ്തുവിന്റെ ശരീരം മുഖാന്തരം മരിച്ചിരിക്കുന്നു. എപ്രകാരമുള്ള മരണത്തെയാണ് 4-ാം വാക്യം പ്രതിപാദിക്കുന്നത്?

**ന്യായപ്രമാണസംബന്ധമായ മരണം എന്നാൽ എന്ത്?**

രക്ഷാപദ്ധതിയിൽ മരണം ഉണ്ടാകേണ്ടത് പാപിക്കാണ്; ന്യായപ്രമാണത്തിനല്ല. വിശ്വാസത്താലുള്ള നീതീകരണം എന്നുള്ളതാണ് റോമർക്കെഴുതിയ ലേഖനത്തിന്റെ ഉള്ളടക്കം. പ്രവൃത്തിയാലുള്ള നീതീകരണം എന്ന തത്വത്തെ ലേഖനം ഉടനീളം ഖണ്ഡിക്കുന്നു. **പ്രവൃത്തിയാലുള്ള നീതീകരണം എന്ന തത്വത്തെ സംബന്ധിച്ചിടത്തോളം നിങ്ങൾ ക്രിസ്തുവിന്റെ ശരീരം മുഖാന്തരം ന്യായപ്രമാണസംബന്ധമായി (ന്യായപ്രമാണത്താലുള്ള നീതീകരണം സംബന്ധമായി) മരിച്ചിരിക്കുന്നു (അവസാനം വന്നിരിക്കുന്നു) എന്നാണ് അപ്പൊസ്തലൻ സ്ഥാപിക്കുന്നത്.** റോമർ 6:15 നോട് ചേർത്ത് റോമർ 7:4 ചിന്തിക്കുമ്പോൾ ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രേ അധീനരാകയാൽ പാപം ചെയ്ക എന്നോ? ഒരു നാളും അരുത് എന്നു പറഞ്ഞാൽ കൃപയ്ക്ക് അധീനരായവർ ന്യായപ്രമാണം ലംഘിച്ച് പാപം ചെയ്ക എന്നോ? ഒരു നാളും അരുത് എന്നാണ് അപ്പൊസ്തലൻ പറയുന്നത്. **ന്യായപ്രമാണത്തിന്റെ ദൗത്യം രക്ഷിക്കുക എന്നതല്ല പിന്നെയോ പാപത്തെക്കുറിച്ച് ബോധം വരുത്തുക എന്നുള്ളതാണ്** എന്ന്

അദ്ദേഹം റോമർ 3-ാം അദ്ധ്യായത്തിൽ സ്ഥാപിച്ചിട്ടുള്ളതാണ്. അതു കൊണ്ട് ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല; ന്യായപ്രമാണത്താൽ പാപ ത്തിന്റെ പരിജ്ഞാനമത്രേ വരുന്നത് (റോമർ 3:20).

**വാക്യം 5 – നാം ജഡത്തിലായിരുന്നപ്പോൾ ന്യായപ്രമാണത്താൽ ഉളവായ പാപരാഗങ്ങൾ മരണത്തിന് ഫലം കായ്ക്കത്തക്കവണ്ണം നമ്മുടെ അവയവങ്ങളിൽ വ്യാപരിച്ചിരുന്നു.**

ഒന്നാമത്തെ ഭർത്താവാകുന്ന ജഡത്തെ സംബന്ധിച്ച് കൂടുതൽ വിവരണം അപ്പൊസ്തലൻ നല്കുന്നു. **ഒരു വ്യക്തിയെ പിടിച്ചടക്കുന്ന രണ്ട് ശക്തികളെ നാം ഇവിടെ കാണുന്നു.**

**ഒന്ന് – നമ്മുടെ അവയവങ്ങളിൽ വ്യാപരിച്ചിരിക്കുന്ന ജഡം.** ജഡം നാം പകയ്ക്കുന്നതിനെ ചെയ്‌വാൻ തക്കവണ്ണം നമ്മെ കീഴട ക്കുന്നു. റോമർ 7-ാം അദ്ധ്യായത്തിന്റെ അവസാനഭാഗത്ത് പൗലൊസ് ജഡത്തിന്റെ സ്വാധീനത്തെ വിവരിക്കുന്നു. "എങ്കിലും എന്റെ ബുദ്ധി യുടെ പ്രമാണത്തോട് പോരാടുന്ന വേറൊരു പ്രമാണം ഞാൻ എന്റെ അവയവങ്ങളിൽ കാണുന്നു; അത് എന്റെ അവയവങ്ങളിലുള്ള പാപ പ്രമാണത്തിന് എന്നെ ബദ്ധനാക്കിക്കളയുന്നു. അയ്യോ! ഞാൻ അരിഷ്ട മനുഷ്യൻ ഈ മരണത്തിനധീനമായ ശരീരത്തിൽ നിന്നു എന്നെ ആർ വിടുവിക്കും?" (റോമർ 7:23,24).

**രണ്ട് – ജഡത്തിന്റെ അധീനതയിൽ പാപം ചെയ്യുന്നതുകൊണ്ട് ന്യായപ്രമാണം നമ്മെ പിടിക്കുന്നു.** ദൈവത്തിന്റെ ന്യായപ്രമാണം ദൈവത്തിന്റെ നീതിയാണ്. അത് അനീതിയെ ന്യായം വിധിച്ച് മരണ ത്തിന് ഏല്പിക്കുന്നു. ഈ സത്യം മനസ്സിലാക്കിയിട്ട് അപ്പൊസ്തലൻ നിലവിളിക്കുന്നത് ഇങ്ങനെയാണ്: ഈ മരണത്തിനധീനമായ ശരീര ത്തിൽ നിന്ന് എന്നെ ആർ വിടുവിക്കും? (റോമർ 7:24). "നമ്മുടെ കർത്താ വായ യേശുക്രിസ്തു മുഖാന്തരം ഞാൻ ദൈവത്തിന് സ്തോത്രം ചെയ്യുന്നു. (വാക്യം 25 – രണ്ടാമത്തെ ശക്തി)

### വിടുതലിന് രണ്ട് തരം സമീപനം: കൃപയോ, ന്യായപ്രമാണമോ?

### 1. ദൈവത്തിന്റെ കൃപയെ സമീപിക്കുന്നവർ

ഒരുവന് പാപാവസ്ഥയിൽ നിന്നു സ്വന്ത പ്രയത്നത്താൽ വിടുതൽ പ്രാപിക്കുവാൻ സാധിക്കാത്തതുകൊണ്ടാണ് "എന്നെ ആർ വിടു വിക്കും" എന്ന് അവൻ നിലവിളിക്കുന്നത്. ഇവർ കൃപയിൽ ആശ്രയി

ക്കുന്ന കൂട്ടരാണ്. ആർ വിടുവിക്കും എന്ന് ചോദിച്ചതിനുശേഷം ഉത്തരം അടുത്തവാക്യത്തിൽ തന്നിരിക്കുന്നു; "നമ്മുടെ കർത്താവായ യേശു ക്രിസ്തു മുഖാന്തരം ഞാൻ ദൈവത്തിനു സ്തോത്രം ചെയ്യുന്നു" (റോമർ 7:25). പാപമോചനത്തിനും വിടുതലിനും കർത്താവിന്റെ കൃപയെ ഒരു വിഭാഗം ജനം സമീപിക്കുന്നു; അവർ കൃപയ്ക്ക് അധീനരായിത്തീരുകയും ചെയ്യുന്നു.

**2. ന്യായപ്രമാണത്തെ സമീപിക്കുന്നവർ**

ഈ വിഭാഗവും അവരുടെ അവസ്ഥയും രക്ഷയുടെ ആവശ്യവും മനസ്സിലാക്കുന്നു. എന്നാൽ തെറ്റിദ്ധാരണമൂലം അവരുടെ ആശ്രയ സ്ഥാനം തെറ്റിപ്പോകുന്നു. ശിക്ഷവിധിക്കുന്ന ന്യായപ്രമാണത്തെ അവർ രക്ഷയ്ക്കായിട്ട് ആശ്രയമാക്കുന്നു. അവരെക്കുറിച്ച് പൗലോസ് പറയുന്നത് വിശ്വസത്താലല്ല പ്രവൃത്തികളാൽ അന്വേഷിച്ചതുകൊണ്ട് തന്നേ അവർ ഇടർച്ചക്കല്ലിന്മേൽ തട്ടി ഇടറി (റോമർ 9:32).

ഈ കൂട്ടർ അക്ഷരം പ്രതി ന്യായപ്രമാണം അനുസരിക്കുന്നവരാണ്; അതിൽ തെറ്റില്ല, കാരണം അങ്ങനെയാണ് ന്യായപ്രമാണം അനുസരിക്കേണ്ടത്. കർത്താവുതന്നെ ന്യായപ്രമാണത്തെ സംബന്ധിച്ച് പറയുന്നത്: "ന്യായപ്രമാണത്തിൽ ഒരു പുള്ളി വീണുപോകുന്നതിനെക്കാൾ ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുന്നത് എളുപ്പം" (ലൂക്കോസ് 16:17). വള്ളിയും പുള്ളിയും ഉൾപ്പെടെ ന്യായപ്രമാണം അനുസരിക്കണം എന്ന് കർത്താവ് പറഞ്ഞിരിക്കുന്നു. **എന്നാൽ അനുസരണത്തിൽ അടങ്ങിയിരിക്കുന്ന മനോഭാവമാണ് ഇടർച്ചക്കല്ലിന്മേൽ തട്ടി ഇടറിപ്പോകുവാൻ കാരണമാകുന്നത്.** അയ്യോ ഞാൻ അരിഷ്ടമനുഷ്യൻ, ഈ മരണത്തിനു അധീനമായ ശരീരത്തിൽ നിന്നു എന്നെ ആർ വിടുവിക്കും? എന്ന് ചോദിച്ചിട്ട്, ദൈവം ന്യായപ്രമാണം തന്നിരിക്കുന്നതുകൊണ്ട് ദൈവത്തിന് സ്തോത്രം എന്ന് പറയുന്ന വിഭാഗത്തിൽപ്പെട്ടവരാണ് ഇവർ. ഇങ്ങനെയുള്ളവർ രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നുവോ എന്ന് ചോദിച്ചാൽ ഇവർ നഷ്ടപ്പെട്ടുപോകുവാൻ ആഗ്രഹിക്കുന്നില്ല എന്നതാണ് ഉത്തരം. ഈ വിഭാഗം ജനം കർമ്മാചാരങ്ങളിൽ ആശ്രയിക്കുന്നു. റോമർ 7:5 ന്റെ അടിസ്ഥാനത്തിൽ ലോകത്തെ പിടിച്ചടക്കി വെച്ചിരിക്കുന്ന ഒരു ശക്തിയെ നാം കാണുന്നു; അത് ജഡവും, ന്യായപ്രമാണ ലംഘനത്താൽ ഉളവാകുന്ന പാപവും ആകുന്നു. ഇതിൽ നിന്നും വിടുതൽ പ്രാപിച്ച് രണ്ടാമത്തെ ഭർത്താവാകുന്ന ക്രിസ്തുവിന് ആയിത്തീരണം എന്നാണ് റോമർ 7:1-6 വരെയുള്ള വാക്യങ്ങളിൽ പൗലൊസ് പ്രതിപാദിക്കുന്നത്.

**വാക്യം 6 – ഇപ്പോഴോ, നമ്മെ പിടിച്ചടക്കിയിരുന്ന ന്യായപ്രമാണം സംബന്ധിച്ച് മരിച്ചിരിക്കകൊണ്ട് അക്ഷരത്തിന്റെ പഴക്കത്തിലല്ല ആത്മാവിന്റെ പുതുക്കത്തിൽ തന്നെ സേവിക്കേണ്ടതിനു നാം ന്യായപ്രമാണത്തിൽനിന്നു ഒഴിവുള്ളവരായിരിക്കുന്നു.**

മോശെയുടെ ന്യായപ്രമാണത്തിൽ നിഴലല്ലാത്ത ന്യായപ്രമാണങ്ങളും, പത്തു കല്പനയും വിശേഷിച്ച് നാലാമത്തെ കല്പനയാകുന്ന വിശുദ്ധ ശബ്ബത്തും അനുസരിക്കാത്തവർ ന്യായീകരണത്തിന് സങ്കേതമാക്കുന്ന വാക്യമാണ്: "നാം ന്യായപ്രമാണത്തിൽനിന്നു ഒഴിവുള്ളവരായിരിക്കുന്നു" എന്ന വാക്യം. തന്നെയുമല്ല കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത് എന്ന സുവിശേഷത്തിൽ വിശ്വാസികൾക്ക് ന്യായപ്രമാണം മരിച്ചിരിക്കുന്നു എന്നും ഈ വിഭാഗം വിശ്വാസികൾ അർത്ഥമാക്കുന്നു. എന്നാൽ ന്യായപ്രമാണം ഉൾക്കൊള്ളാത്ത സുവിശേഷം ചതിയുടെയും വഞ്ചനയുടെയും മായം കലർന്ന സുവിശേഷമാണ്. ഈ സത്യം തിരുവചനത്തിൽ നിന്നും തെളിയിച്ച് വിശ്വാസികളുടെ മുമ്പിൽ അവതരിപ്പിക്കുക എന്നതാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

ഒന്നാമത്തെ ഭർത്താവാകുന്ന ജഡത്തെ സേവിക്കുന്നതിൽനിന്നും സ്വാതന്ത്ര്യം പ്രാപിച്ചിരിക്കുന്നു എന്ന് റോമർ 7:6-ാം വാക്യത്തിൽ അപ്പൊസ്തലൻ പറയുന്നു. പഴയ മനുഷ്യനാകുന്ന ഭർത്താവിനെ കർത്താവിനോടുകൂടെ ക്രൂശിച്ചതിനാൽ ഒന്നാമത്തെ ഭർത്താവിന് മരണം സംഭവിച്ചു എന്നും, ഭാര്യക്ക്, ഭർത്താവിന്റെ മരണം മുഖാന്തരം, സ്വാതന്ത്ര്യം വന്നിരിക്കുന്നു എന്നുമാണ് അപ്പൊസ്തലൻ സ്ഥാപിക്കുന്നത്. പഴയ മനുഷ്യൻ (റോമർ 6:6) മരിച്ചതോടെ ന്യായപ്രമാണത്തിന്റെ ശിക്ഷാവിധിയിൽനിന്നും സ്ത്രീ സ്വതന്ത്രയായി. സ്വതന്ത്രയായ സ്ത്രീ രണ്ടാമത്തെ ഭർത്താവാകുന്ന കർത്താവിനെ സേവിക്കണം എന്നും റോമർ 7:6-ാം വാക്യത്തിൽ അപ്പൊസ്തലൻ പറയുന്നു. എപ്രകാരമാണ് സേവിക്കേണ്ടത് എന്നും എപ്രകാരമല്ല സേവിക്കേണ്ടത് എന്നും അപ്പൊസ്തലൻ ഉപദേശിക്കുന്നു.

### സേവിക്കുക എന്നാൽ എന്ത്?

റോമർ 7:6-ൽ ആത്മാവിന്റെ പുതുക്കത്തിൽ തന്നെ "സേവിക്കേണ്ടതിന്നു" എന്നു പറയുന്ന അപ്പൊസ്തലൻ 25-ാം വാക്യത്തിൽ "സേവിക്കുക" എന്ന വാക്ക് വീണ്ടും ഉപയോഗിച്ചിരിക്കുന്നതുകൊണ്ട് താരതമ്യേന അർത്ഥം നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണ്.

"അങ്ങനെ ബുദ്ധികൊണ്ട് ദൈവത്തിന്റെ ന്യായപ്രമാണത്തെയും ജഡം കൊണ്ട് പാപത്തിന്റെ പ്രമാണത്തെയും സേവിക്കുന്നു" (റോമർ 7:25). ജഡവും ആത്മാവും തമ്മിലുള്ള പോരാട്ടം അപ്പൊസ്തലൻ വിവരിക്കുന്നു. ശരീരം കൊണ്ട് പാപത്തിന്റെ ആജ്ഞകളെ അനുസരിച്ച് പോകുന്നു എന്ന് താൻ സാക്ഷ്യം പറയുന്നു. "സേവിക്കുക" എന്ന വാക്കിൽ അനുസരണം അടങ്ങിയിരിക്കുന്നു; അനുസരണം കൂടാതെ സേവനം അസാദ്ധ്യമാണ്. ബുദ്ധികൊണ്ട് ദൈവത്തിന്റെ ന്യായപ്രമാണത്തെ ഞാൻ സേവിക്കുന്നു എന്നു പറഞ്ഞാൽ: "നന്മ ചെയ്യാനുള്ള (അനുസരിക്കുവാനുള്ള) താല്പര്യം എനിക്കുണ്ട്" എന്നാണ് അപ്പൊസ്തലൻ അർത്ഥമാക്കുന്നത്.

ആവർത്തന പുസ്തകത്തിൽ മോശെ സേവനത്തെ സംബന്ധിച്ച് പറയുന്നത്: നിങ്ങളുടെ ദൈവമായ യഹോവയെ നിങ്ങൾ സ്നേഹിക്കയും പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും കൂടെ അവനെ സേവിക്കയും ചെയ്തുകൊണ്ട് ഞാൻ ഇന്ന് നിങ്ങളോട് കല്പിക്കുന്ന കല്പനകൾ ജാഗ്രതയോടെ അനുസരിച്ചാൽ... (ആവർ. 11:13). മോശെയെ സംബന്ധിച്ചിടത്തോളം സേവനത്തിൽ ദൈവത്തിന്റെ കല്പനകൾ അടങ്ങിയിരിക്കുന്നു എന്ന് കാണുന്നു.

യോശുവ സേവനത്തെപ്പറ്റി പറയുന്നത്: യഹോവയെ സേവിക്കുന്നത് നന്നല്ലെന്നു നിങ്ങൾക്കു തോന്നുന്നെങ്കിൽ നദിക്കക്കരെ നിങ്ങളുടെ പിതാക്കന്മാർ സേവിച്ച ദേവന്മാരെയോ നിങ്ങൾ പാർത്തു വരുന്ന ദേശത്തിലെ അമോര്യരുടെ ദേവന്മാരെയോ ആരെ സേവിക്കും എന്നു ഇന്ന് തിരഞ്ഞെടുത്തുകൊൾവിൻ. ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും (യോശുവ 24:15). ഞങ്ങൾ യഹോവയെ **സേവിക്കും** എന്ന് പറയുന്നതിന്റെ അർത്ഥം എന്താണ് എന്ന് 24-ാം വാക്യത്തിൽ ജനം പറയുന്നത്: ഞങ്ങളുടെ ദൈവമായ യഹോവയെ ഞങ്ങൾ സേവിക്കും, അവന്റെ വാക്കു ഞങ്ങൾ അനുസരിക്കും എന്നു പറഞ്ഞു. ഇവിടെയും സേവനത്തിനകത്ത് യഹോവയുടെ ന്യായപ്രമാണത്തോടുള്ള അനുസരണം വ്യക്തമായി കാണുന്നു.

ശമുവേൽ പ്രവാചകൻ സേവനം എന്ന വാക്ക് എപ്രകാരം മനസ്സിലാക്കി എന്നു നോക്കാം. "നിങ്ങൾ യഹോവയുടെ കല്പനയെ മറുക്കാതെ യഹോവയെ ഭയപ്പെട്ടു അവനെ സേവിച്ച് അവന്റെ വാക്കു അനുസരിക്കുകയും നിങ്ങളും നിങ്ങളെ വാഴുന്ന രാജാവും നിങ്ങളുടെ ദൈവമായ യഹോവയോടു ചേർന്നിരിക്കുകയും ചെയ്താൽ കൊള്ളാം" (1 ശമുവേൽ 12:14). **കല്പനയും ന്യായപ്രമാണവും കൂടാതെ**

**ദൈവത്തെ സേവിക്കുവാൻ സാദ്ധ്യമല്ല എന്ന് തിരുവചനം ഉടനീളം ഘോഷിക്കുന്നു.**

### എപ്രകാരം ദൈവത്തെ സേവിക്കണം

ജഡമെന്ന ഭർത്താവിനെ സേവിക്കുന്നതിൽ നിന്നും (അനുസരിക്കുന്നതിൽനിന്നും) സ്വാതന്ത്ര്യം പ്രാപിച്ച സ്ത്രീ ആത്മാവിന്റെ പുതുക്കത്തിൽ പുതിയ ഭർത്താവാകുന്ന യേശുവിനെ സേവിക്കണം എന്ന് അപ്പൊസ്തലൻ പറയുന്നു. അക്ഷരത്തിന്റെ പഴക്കത്തിലല്ല ആത്മാവിന്റെ പുതുക്കത്തിൽ സേവിക്കണം എന്നും റോമർ 7:6-ാം വാക്യം നിർദ്ദേശിക്കുന്നു.

### അക്ഷരത്തിന്റെ പഴക്കം

പഴയനിയമ യിസ്രായേലിന് വന്ന വീഴ്ചയാണ് അക്ഷരത്തിന്റെ പഴക്കം. ദൈവം അപ്രകാരമുള്ള സേവനവും ആരാധനയും വെറുക്കുന്നു എന്ന് തിരുവചനത്തിൽ കൂടി നമ്മെ പ്രബോധിപ്പിക്കുന്നു. "ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു". ഇത് അക്ഷരത്തിന്റെ സേവനമാണ്. കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ എന്ന് മതനേതാക്കന്മാരെ സംബോധന ചെയ്തിട്ട് അക്ഷരത്തിലുള്ള സേവനത്തിന്റെ ഒരു പട്ടിക തന്നെ മത്തായി 23-ാം അദ്ധ്യായത്തിൽ കർത്താവ് നിരത്തി വെയ്ക്കുന്നു. ഉദാഹരണമായി ഒരു വാക്യം മാത്രം എടുക്കാം. കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരെ, നിങ്ങൾക്ക് ഹാ കഷ്ടം; നിങ്ങൾ തുളസി, ചതുകുപ്പ, ജീരകം എന്നിവയിൽ പതാരം കൊടുക്കുകയും ന്യായം, കരുണ, വിശ്വസ്തത ഇങ്ങനെ ന്യായപ്രമാണത്തിൽ ഘനമേറിയവ ത്യജിച്ച് കളയുകയും ചെയ്യുന്നു. അതു ചെയ്കയും ഇതു ത്യജിക്കാതിരിക്കയും വേണം (മത്തായി 23:23).

ആത്മാവും അക്ഷരവും കലർന്നതാണ് ന്യായപ്രമാണം എന്ന് കർത്താവ് പറയുന്നു. ആ അക്ഷരത്തെ ആത്മാവിൽ നിന്നും വേർതിരിക്കുന്നത് മനുഷ്യൻ ന്യായപ്രമാണത്തോട് ചെയ്യുന്ന അപരാധമാണ്. യാഗം, പരിച്ഛേദന എന്നിവയ്ക്ക് അർത്ഥം ഉണ്ടായിരുന്ന സമയത്തും ദൈവജനം ദൈവത്തിന്റെ ന്യായപ്രമാണത്തെ അർത്ഥശൂന്യമാക്കിയിരുന്നു. അർത്ഥവത്തായ ന്യായപ്രമാണത്തോടുകൂടി ദൈവത്തെ സേവിക്കണം എന്ന് കർത്താവ് പഠിപ്പിച്ചു. ന്യായപ്രമാണം ഒഴിവാക്കി ദൈവത്തെ സേവിക്കുക എന്നത് അർത്ഥശൂന്യമായ ധാരണയാണ്. **"ന്യായം, കരുണ, വിശ്വസ്തത ഇങ്ങനെ ന്യായപ്രമാണത്തിൽ ഘന**

**മേറിയവ"** എന്ന് കർത്താവ് പറയുന്നതുകൊണ്ട് ന്യായപ്രമാണം എന്ന വാക്കിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ് എന്ന് ഗ്രഹിക്കാവുന്നതാണ്. ന്യായപ്രമാണം നീക്കിക്കളഞ്ഞാൽ ന്യായം പാടെ നീങ്ങിപ്പോകുന്നു. ന്യായപ്രമാണത്തിൽ കരുണ അടങ്ങിയിരിക്കുന്നതു കൊണ്ട് ന്യായപ്രമാണം നീക്കിക്കളഞ്ഞാൽ കരുണ പാടെ നീങ്ങിപ്പോകുന്നു. ന്യായപ്രമാണത്തിൽ വിശ്വസ്തത അടങ്ങിയിരിക്കുന്നതുകൊണ്ട് ന്യായപ്രമാണം നീക്കിക്കളഞ്ഞാൽ വിശ്വസ്തത ഭൂമുഖത്തുനിന്നും നീങ്ങിപ്പോകുന്നു. **ഈ ഭൂമി അന്യായം കൊണ്ടും ക്രൂരത കൊണ്ടും അവിശ്വസ്തത കൊണ്ടും നിറഞ്ഞിരിക്കുന്നത് ന്യായപ്രമാണം ഉപേക്ഷിക്കുന്നതുകൊണ്ടാണ്.** അങ്ങനെ ഇരിക്കെ നാം ദൈവത്തെ സേവിക്കയും ചെയ്യുന്നു. ഇത് അക്ഷരത്തിലുള്ള സേവനം മാത്രമാണ്; ആത്മാവിലുള്ള സേവനം അല്ല.

### ആത്മാവിലുള്ള സേവനം

"ആത്മാവിന്റെ പുതുക്കത്തിൽ തന്നേ സേവിക്കേണ്ടതിന്നു നാം ന്യായപ്രമാണത്തിൽ നിന്നു ഒഴിവുള്ളവരായിരിക്കുന്നു" (റോമർ 7:6).

ഈ വാക്യം റോമർ 6–ാം അദ്ധ്യായത്തിൽ നിന്നും ഏഴാമത്തെ അദ്ധ്യായത്തിന്റെ ശേഷം ഭാഗത്തുനിന്നും വേർതിരിച്ചിട്ട്, ആത്മാവിൽ ദൈവത്തെ സേവിക്കണമെങ്കിൽ ന്യായപ്രമാണത്തിൽ നിന്നും ഒഴിവായെങ്കിൽ മാത്രമെ സാധിക്കയുള്ളു എന്ന് ചിലർ പഠിപ്പിക്കുന്നു. ഈ വിശ്വാസം തെറ്റാണ്; തിരുവചനവിരുദ്ധമാണ്, ശത്രുവിന്റെ ഉപദേശവുമാണ്. ഒരുവൻ ന്യായപ്രമാണത്തിൽ നിന്നും ഒഴിവാകണം എന്ന് അപ്പൊസ്തലൻ പറയുന്നില്ല.

റോമർ 7–ാം അദ്ധ്യായത്തിൽ ന്യായപ്രമാണത്തെ സംബന്ധിച്ച് അപ്പൊസ്തലൻ പറയുന്നത് ശ്രദ്ധിക്കുക. **1. ആകയാൽ ന്യായപ്രമാണം വിശുദ്ധം; കല്പന വിശുദ്ധവും, ന്യായവും, നല്ലതും തന്നെ (വാക്യം 12). 2. ന്യായപ്രമാണം ആത്മീകം എന്ന് നാം അറിയുന്നുവല്ലോ (വാക്യം 14). 3. ഉള്ളം കൊണ്ട് ഞാൻ ദൈവത്തിന്റെ ന്യായപ്രമാണത്തിൽ രസിക്കുന്നു (വാക്യം 22). 4. ഇങ്ങനെ ഞാൻ തന്നെ ബുദ്ധികൊണ്ട് ദൈവത്തിന്റെ ന്യായപ്രമാണത്തെയും... സേവിക്കുന്നു (വാക്യം 25).**

വിശുദ്ധമായതും ന്യായമായതും നല്ലതും ആത്മീകമായതും ഉപേക്ഷിച്ച് സേവിക്കണം എന്നല്ല റോമർ 7:6-ൽ പറയുന്നത്. ന്യായപ്രമാണപ്രകാരം ദൈവത്തെ സേവിക്കണം എന്നാണ് അപ്പൊസ്തലൻ

പറയുന്നത്. ഏത് ന്യായപ്രമാണത്തെ സംബന്ധിച്ചാണ് അദ്ദേഹം പറയുന്നത്? പുതിയനിയമ പുസ്തകങ്ങൾ അന്ന് നിലവിലില്ലായിരുന്നതുകൊണ്ട് പഴയ ന്യായപ്രമാണത്തെ സംബന്ധിച്ചാണ് പറയുന്നത് എന്ന് ഗ്രഹിക്കാം. പൗലൊസ് ന്യായപ്രമാണത്തെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള എല്ലാകാര്യങ്ങളും വിലയിരുത്തുമ്പോൾ മനസിലാകുന്നത്: **അക്ഷരത്തിന്റെ പഴക്കത്തിൽ ദൈവത്തെ ആരാധിക്കുന്നതിൽ നിന്നും ഒഴിവായെങ്കിൽ മാത്രമെ ആത്മാവിന്റെ പുതുക്കത്തിൽ ദൈവത്തെ ആരാധിക്കുവാൻ സാധിക്കയുള്ളു എന്നാണ്.**

പാപസംബന്ധമായ ജീവിതത്തിനു അവസാനം വരുത്തി (മരിച്ച്) ക്രിസ്തുവിനോടു കൂടെ ഉയിർത്തെഴുന്നേറ്റ് ജീവന്റെ പുതുക്കത്തിൽ ദൈവത്തെ സേവിക്കുന്ന അനുഭവമാണ് റോമർ 7:6 ൽ പ്രതിപാദിക്കുന്നത്. "ന്യായപ്രമാണത്തിൽ നിന്നും ഒഴിവുള്ളവരായിരിക്കുന്നു" എന്നു പറയുന്നത് നിയമസിദ്ധാന്തത്തിൽ നിന്നും ഒഴിവുള്ളവരായിരിക്കുന്നു എന്ന് ഗ്രഹിക്കേണ്ടതാണ്. ന്യായപ്രമാണത്തിൽ നിന്നും അക്ഷരാർത്ഥത്തിൽ ഒഴിവായാൽ ന്യായപ്രമാണത്തിൽ ഘനമേറിയ കരുണ, ന്യായം, വിശ്വസ്തത എന്നിവയിൽ നിന്നും നാം ഒഴിവായിപ്പോകും. ന്യായപ്രമാണത്തിൽ നിന്നും ഒഴിവാകുവാൻ ഒരു ദൈവപൈതലിനും സാദ്ധ്യമല്ല എന്ന് റോമർ 8-ാം അദ്ധ്യായത്തിൽ അപ്പൊസ്തലൻ സ്ഥാപിക്കുന്നു. **ജഡത്തെ അല്ല ആത്മാവിനെ അനുസരിച്ച് നടക്കുന്ന നമ്മിൽ** ന്യായപ്രമാണത്തിന്റെ നീതി നിവൃത്തിയാകേണ്ടതിനുതന്നേ (റോമർ 8:4). തുടർന്ന് 7-ാം വാകൃത്തിൽ പറയുന്നത് **ജഡത്തിന്റെ ചിന്ത ദൈവത്തോട് ശത്രുത്വം ആകുന്നു; അത് ദൈവത്തിന്റെ ന്യായപ്രമാണത്തിന് കീഴ്പ്പെടുന്നില്ല; കീഴ്പ്പെടുവാൻ കഴിയുന്നതുമല്ല.** "ആത്മാവിനെ അനുസരിച്ച് നടക്കുന്ന നമ്മിൽ ന്യായപ്രമാണത്തിന്റെ നീതി" എന്ന് അപ്പൊസ്തലൻ പറയുന്നതുകൊണ്ട് ന്യായപ്രമാണത്തിൽ നീതി അടങ്ങിയിരിക്കുന്നു എന്നു ഗ്രഹിക്കാം. ആത്മാവിനെ അനുസരിച്ച് നടക്കുന്നവർ ന്യായപ്രമാണം അനുസരിക്കുമ്പോൾ ന്യായപ്രമാണത്തിന്റെ നീതി അവരിൽ നിവൃത്തിയാകും. ഇത് ഒരു ദൈവ പൈതലിന് ദൈവത്തോടുള്ള കടമയാണ്. അപ്പൊ. പൗലൊസ് ന്യായപ്രമാണത്തെ സംബന്ധിച്ച് പറയുന്ന എല്ലാ കാര്യങ്ങളും നിരത്തി വെയ്ക്കുമ്പോൾ റോമർ 7:6 ൽ പറയുന്ന **"നാം ന്യായപ്രമാണത്തിൽ നിന്നു ഒഴിവുള്ളവരായിരിക്കുന്നു"** എന്ന പ്രസ്താവനയുടെ അർത്ഥം അക്ഷരത്തിൽ ദൈവത്തെ സേവിക്കുന്നതിൽ നിന്നും ഒഴിവായിരിക്കുന്നു എന്നായിപ്പോകും. റോമർ 7:6 ന്റെ അടിസ്ഥാനത്തിൽ നാം ദൈവത്തിന്റെ ന്യായ

പ്രമാണത്തിൽ നിന്ന് ഒഴിവുള്ളവരായിരിക്കുന്നു എന്ന് പഠിപ്പിക്കയും വിശ്വസിക്കയും ചെയ്യുന്നവർ സ്വർഗ്ഗ രാജ്യത്തിൽ പ്രവേശിക്കുവാൻ ഏറ്റവും യോഗ്യത ഇല്ലാത്തവരാകുന്നു എന്ന് കർത്താവ് പഠിപ്പിച്ചു. (മത്തായി 5:19).

### 4) കൊരിന്ത്യരോടുള്ള ഉപദേശത്തിന്റെ കാതൽ (2 കൊരിന്ത്യർ 3: 6 –18)

2 കൊരിന്ത്യർ 3–ാം അദ്ധ്യായം ആസ്പദമാക്കി ന്യായപ്രമാണം നീങ്ങിപ്പോയി എന്നും, ന്യായപ്രമാണം മരണ ശുശ്രൂഷ ആയിരുന്നു എന്നും ഒക്കെ ചിലർ വിശ്വസിക്കയും പഠിപ്പിക്കയും ചെയ്യുന്നു. വിശേഷിച്ചും 6–ാം വാക്യം മുതലുള്ള വേദഭാഗമാണ് ചിലർക്ക് ആശയക്കുഴപ്പവും തെറ്റിദ്ധാരണയും സൃഷ്ടിച്ചിട്ടുള്ളത്. അതുകൊണ്ട് 2 കൊരിന്ത്യർ 3:6 മുതൽ വാക്യം വാക്യമായി പഠിക്കാം:

**വാക്യം 6 – അവൻ ഞങ്ങളെ പുതിയനിയമത്തിന്റെ ശുശ്രൂഷകന്മാരാകുവാൻ പ്രാപ്തരാക്കി. അക്ഷരത്തിന്റെ ശുശ്രൂഷകന്മാരല്ല, ആത്മാവിന്റെ ശുശ്രൂഷകന്മാരത്രേ; അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവിപ്പിക്കുന്നു.**

2 കൊരിന്ത്യർ 3:6 മുതൽ അവസാനം വരെയുള്ള വേദഭാഗത്ത് അപ്പൊ. പൗലൊസ് പഴയനിയമ ശുശ്രൂഷയെയും, പുതിയനിയമ ശുശ്രൂഷയെയും തമ്മിൽ താരതമ്യപ്പെടുത്തുന്നു. ആറാമത്തെ വാക്യത്തിൽ പഴയനിയമ ശുശ്രൂഷയെ അക്ഷരത്തിന്റെ ശുശ്രൂഷ എന്നും, പുതിയ നിയമ ശുശ്രൂഷയെ ആത്മാവിന്റെ ശുശ്രൂഷ എന്നും വിശേഷിപ്പിക്കുന്നു. വീണ്ടും, അക്ഷരം കൊല്ലുന്നു, ആത്മാവ് ജീവിപ്പിക്കുന്നു എന്ന് പറഞ്ഞ് പഴയനിയമ ശുശ്രൂഷയെയും പുതിയനിയമ ശുശ്രൂഷയെയും താരതമ്യപ്പെടുത്തുന്നു.

#### കൊല്ലുന്ന അക്ഷരം

സ്നേഹവാനായ ദൈവം ആർക്കും ഒരിക്കലും മരണത്തിനായിട്ട് ഒന്നും തന്നിട്ടില്ല എന്ന് വിശ്വസിക്കുവാൻ സാധിക്കുമെങ്കിൽ 2 കൊരിന്ത്യർ 3:6 നോട് ഒരു നല്ല സമീപനത്തിന്റെ ആരംഭം കുറിക്കുവാൻ സാധിക്കും. തിരുവചനത്തിന്റെ ഒന്നാമത്തെ താൾ മുതൽ അവസാനത്തെ താൾ വരെ എല്ലാം പരിശുദ്ധാത്മാവിനാൽ നല്കപ്പെട്ടിട്ടുള്ളതാണ്. "പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതത്രേ" (2 പത്രോസ് 1:21).

പ്രവചനം എന്ന് പത്രൊസ് പറയുന്നത് തിരുവചനത്തെ ആകമാനം ഉൾക്കൊള്ളിച്ചുകൊണ്ടാണ്. അക്ഷരം കൊല്ലുന്നു ആത്മാവ് ജീവിപ്പിക്കുന്നു എന്നു പറയുമ്പോൾ അക്ഷരത്തിനും ആത്മാവിനും തമ്മിൽ വിരോധം ഉണ്ടോ എന്ന് തോന്നിപ്പോകും. എന്നാൽ അങ്ങനെ ഒരു ചിന്തയ്ക്ക് തിരുവചനം ഇടം തരുന്നില്ല. അക്ഷരം കൊല്ലുന്നു എന്ന് പറയുന്ന അപ്പൊസ്തലൻ എബ്രായരോട് പറയുന്നത്: **"ദൈവത്തിന്റെ വചനം (അക്ഷരം) ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കുംവരെ തുളച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു"** (എബ്രായർ 4:12). ഇവിടെ ദൈവത്തിന്റെ വചനം എന്നു പറയുന്നത് പഴയനിയമ എഴുത്തുകളെ സംബന്ധിച്ചാണ്, കാരണം പുതിയനിയമ പുസ്തകം അന്നു വരെ എഴുതപ്പെട്ടിട്ടില്ലായിരുന്നു. അക്ഷരം കൊല്ലുന്നു എന്നു പറഞ്ഞ അപ്പൊസ്തലൻ അക്ഷരം ജീവനും ചൈതന്യവുമുള്ളതാകുന്നു എന്ന് പറയുന്നതുകൊണ്ട് അക്ഷരം ജീവൻ പ്രദാനം ചെയ്യുന്നു എന്നും അക്ഷരത്തിനും ആത്മാവിനും തമ്മിൽ വിരോധമില്ല എന്നും തെളിവാകുന്നു.

**ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും** എന്ന് പുതിയ നിയമത്തിൽ (എബ്രായർ 8:10) ദൈവം വാഗ്ദാനം ചെയ്യുന്നതുകൊണ്ട് അക്ഷരത്തിനും, ന്യായപ്രമാണത്തിനും, കല്പനയ്ക്കും ആത്മാവിനോട് വിരോധമില്ല എന്ന് തെളിവാകുന്നു. "വിതെക്കുന്നവൻ വിതപ്പാൻ പുറപ്പെട്ടു" എന്ന് കർത്താവു പറഞ്ഞ ഉപമയിലെ വിത്ത് വചനമാണ്. നല്ല സ്ഥലത്തുവീണ വിത്ത് (അക്ഷരം) നൂറും അറുപതും മുപ്പതും മേനിയായി ഫലം കായിച്ചു. ഇതുപോലെ അനേകം വചനങ്ങൾ സാക്ഷിയായിരിക്കെ "അക്ഷരം കൊല്ലുന്നു" എന്ന് അപ്പൊസ്തലൻ പറയുമ്പോൾ താൻ എന്താണ് അർത്ഥമാക്കുന്നത് എന്ന് ചിന്തിക്കേണ്ടതാണ്. പാപപരിഹാരത്തിന് മശീഹായുടെ നിഴലായി ദൈവം സ്ഥാപിച്ചതാണ് പഴയനിയമ ശുശ്രൂഷകൾ. അതിൻകീഴിൽ അനേകർ രക്ഷപ്രാപിച്ചു; അതുകൊണ്ട് പഴയനിയമ ശുശ്രൂഷയാകുന്ന അക്ഷരം കൊല്ലുന്നില്ല. ജീവിപ്പിക്കുവാൻ വേണ്ടിയാണ് ദൈവം പഴയനിയമശുശ്രൂഷ ഏർപ്പാട് ചെയ്തത്. **മനുഷ്യൻ, അക്ഷരത്തിൽ അടങ്ങിയിരുന്ന ആത്മാവിനെ ത്യജിച്ച് ദൈവത്തിന്റെ ശുശ്രൂഷകളെ വെറും അക്ഷരം മാത്രമാക്കി മാറ്റിയതുകൊണ്ട് അപ്പൊസ്തലൻ പറയുന്നു, അക്ഷരം കൊല്ലുന്നു എന്ന്.**

നിയമ സിദ്ധാന്തമാണ് (legalism) വിഷയം. പരീശന്മാർ അക്ഷരത്തിന്റെ ശുശ്രൂഷകന്മാരായിരുന്നു. അവർ ദൈവത്തിന്റെ ന്യായപ്രമാണത്തെ (അക്ഷരത്തെ) മരണം ഉളവാക്കുന്ന ശുശ്രൂഷകളാക്കി തീർത്തു. ബാഹ്യമായ ഒരു മതത്തിന്റെ ഉടമകളായിരുന്നു അവർ. അതുകൊണ്ട് അപ്പൊസ്തലൻ പറയുന്നു അക്ഷരം കൊല്ലുന്നു എന്ന്. **തന്നെയുമല്ല പൗലൊസ് ഒരു കാലത്ത് അക്ഷരത്തിന്റെ ശുശ്രൂഷകനായിരുന്നു. പരിശുദ്ധാത്മാഭിഷേകം ലഭിച്ചപ്പോൾ അക്ഷരം മാത്രം ഉൾക്കൊള്ളുന്ന ശുശ്രൂഷ മരണത്തെ ഉളവാക്കുന്നു എന്ന് ഗ്രഹിച്ചു. തന്റെ സാക്ഷ്യം മറ്റുള്ളവരോട് പറയുന്നതാണ് അക്ഷരം കൊല്ലുന്നു ആത്മാവ് ജീവിപ്പിക്കുന്നു**. അക്ഷരം ദൈവത്തിന്റേതാണ് അത് കൊല്ലുവാൻ വേണ്ടി തന്നതല്ല; എന്നാൽ ശത്രു ദൈവത്തിന്റെ വചനത്തെ പാപത്തിന് ഹേതുവാക്കിത്തീർക്കുന്നു.

**വാക്യം 7 - കല്ലിൽ അക്ഷരമായി കൊത്തിയിരുന്ന മരണ ശുശ്രൂഷ നീക്കം വരുന്നതായ മോശെയുടെ മുഖത്തെ തേജസ്സ് നിമിത്തം യിസ്രായേൽ മക്കൾക്കു അവന്റെ മുഖത്ത് നോക്കിക്കൂടാതവണ്ണം തേജസ്സുള്ളതായെങ്കിൽ ആത്മാവിന്റെ ശുശ്രൂഷ തേജസ്സേറിയതായിരിക്കും.**

ഇവിടെ രണ്ട് ശുശ്രൂഷകളാണ് അപ്പൊസ്തലന്റെ വിഷയം. കല്ലിൽ എഴുതിയതിന്റെ എഴുത്തുകാരൻ ദൈവമായതുകൊണ്ട് എഴുത്തുകാരനെയോ എഴുതിയതിനെയോ എഴുതിയ സ്ഥലത്തെയോ അദ്ദേഹം കുറ്റം പറയുന്നില്ല; അത് സാദ്ധ്യവുമല്ല. **മോശെയുടെ ശുശ്രൂഷയെ (പഴയ നിയമ ശുശ്രൂഷയെ) ആത്മാവിന്റെ ശുശ്രൂഷയോട് (പുതിയനിയമ) ശുശ്രൂഷയോട് അപ്പൊസ്തലൻ താരതമ്യപ്പെടുത്തുന്നു.** മോശെയുടെ ശുശ്രൂഷയുടെ തേജസ്സിനെയും ആത്മാവിന്റെ ശുശ്രൂഷയുടെ തേജസ്സിനെയും അപ്പൊസ്തലൻ താരതമ്യപ്പെടുത്തുന്നു. **രണ്ടു തേജസ്സും ദൈവത്തിന്റെ തേജസ്സ് തന്നെയാണ്.** പഴയനിയമ ശുശ്രൂഷ നിഴലായിരുന്നതുകൊണ്ട് ദൈവതേജസ്സ് ഭാഗികമായിട്ടേ വെളിപ്പെട്ടിരുന്നുള്ളു. തേജസ്സാകുന്ന കർത്താവായ യേശു ഭൂമിയിലേക്ക് വന്ന് ശുശ്രൂഷ ചെയ്തപ്പോൾ മനുഷ്യൻ ദൈവ തേജസ്സ് കണ്ടു. "ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു" (യോഹന്നാൻ 1:14). മോശെയുടെ തേജസ്സിനെ സംബന്ധിച്ച് അപ്പൊ. പൗലൊസ് പറയുന്നത് പത്തു കല്പന ഏറ്റുവാങ്ങുവാൻ സീനായി പർവ്വതത്തിൽ മോശെ കയറിപ്പോയതും ദൈവസന്നിധിയിലായിരുന്നതും അതിനു ശേഷം ഇറങ്ങി വന്ന് ജനത്തോട് സംസാരിച്ചതുമായ

സാഹചര്യമാണ്. “അവൻ തന്നോടു അരുളിച്ചെയ്തതു നിമിത്തം തന്റെ മുഖത്തിന്റെ ത്വക്ക് പ്രകാശിച്ചു എന്ന് മോശെ സാക്ഷ്യത്തിന്റെ പലക രണ്ടും കയ്യിൽ പിടിച്ചുകൊണ്ട് സീനായി പർവ്വതത്തിൽ നിന്നു ഇറങ്ങുമ്പോൾ അറിഞ്ഞില്ല... മോശെ അവരോട് സംസാരിച്ചു കഴിഞ്ഞപ്പോൾ അവൻ തന്റെ മുഖത്തു ഒരു മൂടുപടം ഇട്ടു. മോശെ യഹോവയോട് സംസാരിക്കേണ്ടതിനു അവന്റെ സന്നിധാനത്തിൽ കടക്കുമ്പോൾ പുറത്തുവരുവോളം മൂടുപടം നീക്കിയിരിക്കും. തന്നോടു കല്പിച്ചതു അവൻ പുറത്തുവന്നു യിസ്രായേൽ മക്കളോട് പറയും. യിസ്രായേൽ മക്കൾ മോശെയുടെ മുഖത്തിന്റെ ത്വക്ക് പ്രകാശിക്കുന്നതായി കണ്ടതുകൊണ്ട് മോശെ അവനോട് സംസാരിക്കേണ്ടതിനു അകത്തു കടക്കുവോളം മൂടുപടം പിന്നെയും തന്റെ മുഖത്തു ഇട്ടുകൊള്ളും” (പുറപ്പാട് 34:29,33,35).

മോശെയുടെ ഈ അനുഭവത്തെയാണ് പൗലോസ് കൊരിന്ത്യരോട് പറയുന്നത്. മോശെയുടെ മുഖതേജസ്സ് നീക്കം വരുന്നതായിരുന്നു; എന്നാൽ നിലനിൽക്കുന്ന ആത്മാവിന്റെ തേജസ്സ് അധികം തേജസ്സുള്ളതായിരിക്കുന്നു എന്നു പറഞ്ഞ് പഴയനിയമ ശുശ്രൂഷയെയും പുതിയനിയമ ശുശ്രൂഷയെയും താരതമ്യപ്പെടുത്തുന്നു.

**കല്ലിൽ എഴുതിയ മരണ ശുശ്രൂഷ എന്താണ്?**

2 കൊരിന്ത്യർ 3:6-ാം വാക്യത്തിൽ “അക്ഷരം” കൊല്ലുന്നു എന്ന് പറഞ്ഞിട്ട് ഏഴാമത്തെ വാക്യത്തിൽ കല്ലിൽ “അക്ഷരമായി” കൊത്തിയിരുന്ന എന്ന് പറയുമ്പോൾ ആവർത്തിക്കുന്ന വാക്ക് “അക്ഷരം” എന്നുള്ളതാണ്. മനുഷ്യനിൽ നിന്നും ആത്മാവ് (ശ്വാസം) വേർപെടുമ്പോൾ ശരീരം ജീവനില്ലാത്തതാകുന്നു. ദൈവത്തിന്റെ വചനം അക്ഷരവും, ആത്മാവും ചേർന്നതാണ്. ദൈവ വചനത്തിൽ നിന്നും അതിന് ജീവനും ചൈതന്യവും കൊടുക്കുന്ന ആത്മാവിനെ വേർപെടുത്തുമ്പോൾ അക്ഷരം ചത്തതും ചൈതന്യം ഇല്ലാത്തതുമാകുന്നു. അതുപോലെ കല്ലിൽ അക്ഷരമായി കൊത്തിയിരുന്ന “മരണ ശുശ്രൂഷ” എന്ന് പറയുമ്പോൾ കല്ലിൽ അക്ഷരമായി കൊത്തിയിരുന്ന ജീവനില്ലാത്ത ശുശ്രൂഷ എന്നാണ് അപ്പൊസ്തലൻ അർത്ഥമാക്കുന്നത്. **ദൈവത്തിന്റെ ജീവനും ചൈതന്യവുമുള്ള വചനത്തെ വെറും അക്ഷരമാക്കി മനുഷ്യൻ മാറ്റിക്കളഞ്ഞു എന്നുള്ളതാണ് അപ്പൊസ്തലന്റെ ഹൃദയഭാരം. ഇവിടെ പത്തുകല്പനയല്ല പഠനവിഷയം. പത്തുകല്പന അനുസരിച്ചാൽ അനുസരിക്കുന്നവർ ചത്തുപോകും എന്നല്ല അദ്ദേഹം പറയുന്നത്.**

ദൈവവുമായി ഒരു നല്ല ബന്ധമില്ലാതെ കല്പനകൾ അനുസരിക്കുന്നതാണ് അപ്പൊ. പൗലൊസിന്റെ പഠന വിഷയം. ആഴ്ചയുടെ ആറ് ദിവസവും ഒരു ആത്മനിയന്ത്രണവും ഇല്ലാതെ ജീവിതം നയിച്ചിട്ട് ഞായറാഴ്ച പള്ളിയിൽ പോകുന്നതും കുർബ്ബാന അനുഭവിക്കുന്നതും അക്ഷരത്തിന്റെ ശുശ്രൂഷയുടെ ഒരു നല്ല ഉദാഹരണമാണ് എന്നു പറയാം. "എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്യുവിൻ" (ലൂക്കോസ് 22:19) എന്ന് കർത്താവ് പറഞ്ഞിരിക്കുന്നതുകൊണ്ട് ചെയ്യുന്നവരാണ് ഈ കൂട്ടർ. വായ് നിറയെ കള്ളം പറയുകയും, ചെവി നിറയെ പരദൂഷണം കേൾക്കുകയും, കണ്ണുനിറയെ വ്യഭിചാരം ചെയ്യുകയും ചെയ്യുന്നവർ ഞായറാഴ്ച രാവിലെ തിരുവത്താഴം അനുഭവിക്കുന്നത് "അക്ഷരം കൊല്ലുന്നു" എന്ന് അപ്പൊസ്തലൻ പറയുന്നതിനോട് യോജിക്കുന്നു. "തിരുവത്താഴം" എന്ന് നാം പറയുന്ന ശുശ്രൂഷ ജീവൻ പ്രദാനം ചെയ്യേണ്ടതിനുപകരം മരണം ഉളവാക്കുന്നു. "അതുകൊണ്ട് അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവനെല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാരൻ ആകും. മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടുവേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്ന് കുടിക്കുകയും ചെയ്‌വാൻ. തിന്നുകയും കുടിക്കയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കയും ചെയ്യുന്നു. ഇതു ഹേതുവായി നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു, അനേകരും നിദ്ര കൊള്ളുന്നു" (1 കൊരിന്ത്യർ 4:27 –30). ജീവൻ പ്രദാനം ചെയ്യുവാൻ ദൈവം ഏർപ്പാടു ചെയ്ത രക്ഷാപദ്ധതി മനുഷ്യൻ മരണമുളവാക്കുന്നതാക്കിത്തീർത്തു. "സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിയ ജീവനുള്ള അപ്പം ഞാൻ ആകുന്നു. ഈ അപ്പം തിന്നുന്നവൻ എല്ലാം എന്നേക്കും ജീവിക്കും; ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു" (യോഹന്നാൻ 6:51). ജീവനെ പ്രദാനം ചെയ്യേണ്ടുന്ന തിരുവത്താഴം "അനേകരും" നിദ്രകൊള്ളുവാൻ കാരണമായിത്തീർന്നു. തിരുവത്താഴത്തിന് കുറവോ, കുറ്റമോ ഒന്നും ഉണ്ടായിട്ടല്ല; തിരുവത്താഴം വെറും അക്ഷരത്തിന്റെ ശുശ്രൂഷയാക്കി മനുഷ്യൻ മാറ്റിക്കളയുന്നതുകൊണ്ട് ജീവന്നായി തന്നത് മരണത്തിന് ഹേതുവായിത്തീരുന്നു.

അതുപോലെ കല്ലിൽ അക്ഷരമായി കൊത്തിയിരുന്ന ശുശ്രൂഷ മരണശുശ്രൂഷയായി മനുഷ്യൻ മാറ്റിത്തീർത്തു എന്നാണ് അപ്പൊസ്തലൻ പറയുന്നത്. എഴുത്തുകാരൻ ദൈവമായതുകൊണ്ട് എഴുത്തുകാ

രനോ അക്ഷരമായി എഴുതിയതിനോ എഴുതിയ സ്ഥലത്തിനോ കുറ്റം ഒന്നും ഇല്ല എന്ന് ആവർത്തിക്കേണ്ടിവരുന്നു. കല്ലിൽ എഴുതിയതുത ന്നെയാണ് ഹൃദയത്തിൽ എഴുതാം എന്ന് ദൈവം പുതിയനിയമത്തിൽ വാഗ്ദത്തം ചെയ്യുന്നത്. **ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളി ലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും (എബ്രായർ 8:10).**

**നീക്കം വരുന്ന തേജസ്സ് എന്നാൽ എന്താണ് ?**

നീക്കം വരുന്ന തേജസ്സ് എന്ന് അപ്പൊസ്തലൻ പറയുന്നത് മോശെ യുടെ മുഖതേജസ്സിനെയാണ്. നീക്കം വരുന്നത് പത്തുകല്പനയല്ല. നീക്കം വരുന്നതായ മോശെയുടെ മുഖത്തെ തേജസ്സ് എന്നു പറയു ന്നത് പഴയനിയമ ശുശ്രൂഷയാണ്. ആത്മാവിന്റെ ശുശ്രൂഷ അധികം തേജസ്സുള്ളതാകയില്ലയോ എന്നുപറയുന്നത് പുതിയനിയമ ശുശ്രൂഷ യുമാണ്. വീണ്ടും എടുത്തുപറയട്ടെ; പഴയനിയമ തേജസ്സ് ദൈവത്തിന്റെ തേജസ്സ് ആയിരുന്നു; പുതിയനിയമ തേജസ്സ് അതേ ദൈവത്തിന്റേതു തന്നെയാണ്. അതുകൊണ്ട് അപ്പൊ. യോഹന്നാൻ പറയുന്നു “ഏതു മനുഷ്യനേയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കു വന്നുകൊണ്ടിരുന്നു” (യോഹന്നാൻ 1:9). ദൈവതേജസ്സ് ക്രമേണ വർദ്ധി ച്ചുകൊണ്ടിരുന്നു എന്നാണ് യോഹന്നാൻ പറയുന്നത്. മോശെ ദൈവ സന്നിധിയിൽ നിന്നും വന്നതിനുശേഷം മോശെയുടെ മുഖതേജസ്സ് ക്രമേണ മങ്ങിക്കൊണ്ടിരുന്നു; അതുകൊണ്ട് അപ്പൊസ്തലൻ: “നീക്കം വരുന്നതായ മോശെയുടെ മുഖത്തെ തേജസ്സുനിമിത്തം” എന്നു പറ യുന്നു.

**വാക്യം 9–11 – “ശിക്ഷാവിധിയുടെ ശുശ്രൂഷ തേജസ്സാകുന്നു എങ്കിൽ നീതിയുടെ ശുശ്രൂഷ തേജസ്സേറിയതായിരിക്കും. അതേ, തേജസ്സോടു കൂടിയതു ഈ കാര്യത്തിൽ ഈ അതിമഹത്തായ തേജസ്സു നിമിത്തം ഒട്ടും തേജസ്സില്ലാത്തതായി. നീക്കം വരുന്നതു തേജസ്സുള്ളതായിരുന്നെങ്കിൽ നിലനിൽക്കുന്നത് എത്ര അധികം തേജസ്സുള്ളതായിരിക്കും”.**

ആറാം വാക്യത്തിൽ “അക്ഷരം കൊല്ലുന്നു” എന്ന് പറയുന്ന ശുശ്രൂ ഷയും ഏഴാം വാക്യത്തിൽ “മരണ ശുശ്രൂഷ” എന്ന് പറയുന്നതും ഒമ്പതാം വാക്യത്തിൽ “ശിക്ഷാവിധിയുടെ ശുശ്രൂഷ” എന്നു പറയു ന്നതും എല്ലാം പഴയനിയമ ശുശ്രൂഷയെ സംബന്ധിച്ചാണ്. ഇവയി ലെല്ലാം ദൈവതേജസ്സ് ഉണ്ടായിരുന്നു എന്നും അപ്പൊ. പൗലൊസ് പറ യുന്നു. എന്നാൽ കർത്താവായ യേശുവിന്റെ പുതിയനിയമ ശുശ്രൂഷ

യുടെ വെളിച്ചത്തിൽ പഴയത് അശേഷം തേജസ്സില്ലാത്തതായിത്തീർന്നു എന്ന് അപ്പൊസ്തലൻ താരതമ്യം ചെയ്യുന്നു. പഴയനിയമ ശുശ്രൂഷയിൽ കുറവുണ്ടായിരുന്നു എങ്കിൽ അത് മനുഷ്യൻ വരുത്തിയ കുറവുകളാണ്; ദൈവം പരിപൂർണ്ണനായതുകൊണ്ട് കുറവുള്ളത് ഒന്നും ദൈവം ആസൂത്രണം ചെയ്തിട്ടില്ല.

**വാക്യം 12 – ഈ വിധം പ്രത്യാശയുള്ളവരായി ഞങ്ങൾ വളരെ പ്രാഗത്ഭ്യത്തോടെ സംസാരിക്കുന്നു.**

പഴയനിയമ ശുശ്രൂഷയിൽ ജനത്തിന് ഗ്രഹിക്കാൻ സാധിക്കാതെ പോയത് പുതിയനിയമത്തിൽ ഗ്രഹിക്കുവാൻ സാധിക്കുന്നതുകൊണ്ട് രക്ഷാപദ്ധതിയുടെ സുവിശേഷം ദൃഢനിശ്ചയത്തോടെ ഘോഷിക്കുവാൻ സാധിക്കുന്നു എന്ന് അപ്പൊസ്തലൻ പറയുന്നു. രക്ഷാപദ്ധതിയുടെ പഴയനിയമ ആസൂത്രണം നിഴലായിരുന്നതുകൊണ്ട് പുതിയനിയമം പോലെ തേജസ്സുള്ളതായിരുന്നില്ല എന്നാണ് അദ്ദേഹം പറയുന്നതിന്റെ ചുരുക്കം.

**വാക്യം 13–14 – നീങ്ങിപ്പോകുന്നതിന്റെ അന്ത്യം യിസ്രായേൽ മക്കൾ കാണാതവണ്ണം മോശെ തന്റെ മുഖത്ത് മൂടുപടം ഇട്ടതുപോലെ അല്ല, എന്നാൽ അവരുടെ മനസ്സ് കഠിനപ്പെട്ടുപോയി. പഴയനിയമം വായിക്കുമ്പോഴൊക്കെയും ആ മൂടുപടം നീങ്ങാതെ ഇന്നുവരെയും ഇരിക്കുന്നുവല്ലോ; അത് ക്രിസ്തുവിൽ നീങ്ങിപ്പോകുന്നു.**

പഴയനിയമ ശുശ്രൂഷയുടെ നിറവേറൽ, ജഡാവതാരം ചെയ്ത ദൈവപുത്രനിൽ കാണുവാൻ ഒരു കൂട്ടം ജനത്തിന് സാധിക്കാത്തതുകൊണ്ട് മൂടുപടം ഇപ്പോൾ മോശെയുടെ മുഖത്തല്ല പഴയനിയമ പുസ്തകം വായിക്കുന്നവന്റെ ഹൃദയത്തിലാണ് കിടക്കുന്നത് എന്ന് അപ്പൊസ്തലൻ പറയുന്നു. അത് ക്രിസ്തുവിൽ നീങ്ങിപ്പോകുന്നു. എന്ന് പറയുന്നത് പഴയനിയമമല്ല; നീങ്ങിപ്പോകുന്നത് ഹൃദയത്തിൽ കിടക്കുന്ന മൂടുപടമാണ് എന്ന് പതിനഞ്ചാം വാക്യം വ്യക്തമാക്കുന്നു.

**വാക്യം 15–17 – മോശെയുടെ പുസ്തകം വായിക്കുമ്പോൾ മൂടുപടം ഇന്നേയോളം അവരുടെ ഹൃദയത്തിന്മേൽ കിടക്കുന്നു. കർത്താവിങ്കലേക്ക് തിരിയുമ്പോൾ മൂടുപടം നീങ്ങിപ്പോകും. കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവുള്ളേടത്ത് സ്വാതന്ത്ര്യം ഉണ്ട്.**

കർത്താവായ യേശുവിനെ നിഴലിന്റെ പൊരുളായി കാണുവാൻ സാധിക്കുന്നവരുടെ ഹൃദയത്തിൽ നിന്നും മൂടുപടം നീങ്ങിപ്പോകുന്നു;

വ്യക്തമായി മശീഹായെ രക്ഷിതാവായി കാണുവാൻ സാധിക്കുന്നു എന്ന് അപ്പൊസ്തലൻ അർത്ഥമാക്കുന്നു. അങ്ങനെ ഉള്ളവർക്ക് അക്ഷരത്തിന്റെ ശുശ്രൂഷയിൽ നിന്നും ശിക്ഷാവിധിയുടെ ശുശ്രൂഷയിൽ നിന്നും സ്വാതന്ത്ര്യം ഉണ്ട് എന്നും അദ്ദേഹം പറയുന്നു. സ്വാതന്ത്ര്യം ഉണ്ട് എന്ന് പറയുന്നത് പത്തുകല്പനയിൽ നിന്നും സ്വാതന്ത്ര്യം ഉണ്ട് എന്നല്ല. പത്തുകല്പനയിൽ നിന്നും സ്വാതന്ത്ര്യം ഉണ്ട് എന്ന് ഉപദേശിക്കുന്നത് സാത്താനാണ്.

**വാക്യം 18 – എന്നാൽ മൂടുപടം നീങ്ങിയ മുഖത്ത് കർത്താവിന്റെ തേജസ്സിനെ കണ്ണാടി പോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സ് പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു.**

കർത്താവായ യേശുവിന്റെ യാഗം അതിന്റെ പൂർണ്ണ വെളിച്ചത്തിൽ കാണുവാൻ സാധിക്കുന്നവർക്ക് ഹൃദയത്തിൽ നിന്ന് മൂടുപടം നീങ്ങിപ്പോകയും ദൈവസ്നേഹം ഗ്രഹിക്കുവാൻ സാധിക്കയും ചെയ്യും. അങ്ങനെ ഉള്ളവർക്ക് സ്വഭാവപരിവർത്തനം ഉണ്ടാകയും നഷ്ടപ്പെട്ടുപോയ ദൈവസ്വരൂപം തിരികെ പ്രാപിക്കുവാൻ സാധിക്കയും ചെയ്യും എന്ന് അപ്പൊസ്തലൻ പറയുന്നു. 2 കൊരിന്ത്യർ 3–ാം അദ്ധ്യായത്തിൽ പത്തു കല്പന നീങ്ങിപ്പോയി എന്നോ പഴയനിയമം നീങ്ങിപ്പോയി എന്നോ ഒരു സൂചനപോലും ഇല്ല. **ദൈവത്തിന്റെ ന്യായപ്രമാണം നീങ്ങിപ്പോയി എന്ന് സ്ഥാപിക്കേണ്ട ആവശ്യം എന്താണ്?** ദൈവത്തിന്റെ ശത്രുവാണ് ദൈവത്തിന്റെ ന്യായപ്രമാണത്തോട് പോരാടുന്നത്.

**ഒരു താരതമ്യ പഠനം**

| ഗലാത്യർ 3:19 | **മത്തായി 5:17** |
|---|---|
| **എന്നാൽ ന്യായപ്രമാണം എന്തിന്? വാഗ്ദത്തം ലഭിച്ച സന്തതി വരുവോളം അത് ലംഘനങ്ങൾ നിമിത്തം കൂട്ടിച്ചേർത്തതും ദൂതന്മാർ മുഖാന്തരം മദ്ധ്യസ്ഥന്റെ കയ്യിൽ ഏല്പിച്ചതുമത്രെ.** | **ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കുവാൻ വന്നു എന്ന് നിരൂപിക്കരുത്; നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നത്.** |

ഗലാത്യർ 3:19 ൽ ന്യായപ്രമാണം എന്തിന് എന്നും എപ്പോൾവരെ എന്നും അപ്പൊസ്തലൻ പറയുന്നു. എന്തിന് എന്ന ചോദ്യത്തിന് മറുപടിയായി പറയുന്നത് ലംഘനങ്ങൾ നിമിത്തം കൂട്ടി ചേർത്തതും മദ്ധ്യസ്ഥന്റെ കയ്യിൽ ഏല്പിച്ചതുമാണ് എന്ന് അപ്പൊസ്തലൻ തന്നെ മറുപടി പറയുന്നു. ലംഘനങ്ങൾ നിമിത്തം കൂട്ടിച്ചേർത്തതാണെങ്കിൽ ലംഘനങ്ങളിൽ നിന്നുമുള്ള വിടുതലിന് വേണ്ടി ദൈവം കൊടുത്തതാണ് എന്നു വരുന്നു. സീനായി പർവ്വതത്തിന്റെ അടിവാരത്ത് ഉണ്ടായ സംഭവവികാസമാണ് ഇവിടെ അർത്ഥമാക്കുന്നത് എന്ന് വളരെ വ്യക്തമാണ്. എന്നാൽ ലംഘനങ്ങളിൽ നിന്നുമുള്ള വിടുതലിന് ന്യായപ്രമാണം ആവശ്യമില്ല എന്ന് ദൈവവും അബ്രഹാമും തമ്മിലുള്ള ഉടമ്പടി തെളിയിക്കുന്നു. “നാനൂറ്റിമുപ്പത് ആണ്ട് കഴിഞ്ഞിട്ട് ഉണ്ടായ ന്യായപ്രമാണം വാഗ്ദത്തത്തെ നീക്കുവാൻ തക്കവണ്ണം അത് ദൈവം മുമ്പു ഉറപ്പാക്കിയ നിയമത്തെ ദുർബലമാക്കുന്നില്ല” (ഗലാത്യർ 3:17).

യിസ്രായേലിന്റെ പുറപ്പാടിനും അബ്രഹാമിനും തമ്മിലുള്ള കാലയളവാണ് നാനൂറ്റിമുപ്പത് ആണ്ട് എന്ന കാല സംഖ്യ. അബ്രഹാമിന് രക്ഷ ലഭിക്കുന്നത് വിശ്വാസത്താലാണ്. “അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു; അത് അവന്നു നീതിയായി കണക്കിട്ടു” (ഗലാത്യർ 3:6). അബ്രഹാമിനും രക്ഷയ്ക്കും മദ്ധ്യേ ന്യായപ്രമാണം എന്നൊരു വസ്തുത ഇല്ല എന്നാണ് ന്യായപ്രമാണത്തിൽ ആശ്രയിക്കുന്ന ഗലാത്യരോട് അപ്പൊസ്തലൻ പറയുന്നത്. യഹൂദാവല്ക്കരണക്കാരുടെ, മോശെ കല്പിച്ച കർമ്മാചര ന്യായപ്രമാണം അനുസരിക്കാഞ്ഞാൽ രക്ഷ പ്രാപിപ്പാൻ സാദ്ധ്യമല്ല എന്ന ദുരുപദേശത്തോടാണ് പൗലൊസ് പോരാടുന്നത് എന്ന് ഗലാത്യലേഖനം പഠിക്കുമ്പോൾ ഓർത്തിരിക്കേണ്ടതാണ്. അല്ലാഞ്ഞാൽ വചനവിരുദ്ധമായ വ്യാഖ്യാനത്തിൽ നാം ചെന്നെത്തും. ന്യായപ്രമാണം മോശെ മുഖാന്തരം നല്കുന്നതിനുമുമ്പ് ദൈവം വിശ്വാസം മൂലം അബ്രഹാമിന് രക്ഷയുടെ വാഗ്ദത്തം ഉറപ്പാക്കിയെങ്കിൽ ന്യായപ്രമാണം എന്തിന് എന്നാണ് അപ്പൊസ്തലൻ ചോദിക്കുന്നത്. ഒരു വസ്തുത ഇവിടെ സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നത്: ന്യായപ്രമാണം അനുസരിക്കുന്നതിനാൽ ഒരു മനുഷ്യനും, പഴയനിയമ കാലത്തോ പുതിയനിയമ കാലത്തോ, രക്ഷിക്കപ്പെടുന്നില്ല.

ലംഘനങ്ങൾ നിമിത്തം കൂട്ടിച്ചേർത്തത് എന്ന് പറയുമ്പോൾ അദ്ദേഹം അർത്ഥമാക്കുന്നത് എന്താണ് എന്ന് നോക്കാം. അബ്രഹാമിനും യിസ്രായേലിന്റെ പുറപ്പാടിനും ഇടയിൽ നാനൂറ്റിമുപ്പത് വർഷങ്ങൾ ഉണ്ട് എങ്കിലും ജോസഫിന്റെയും യാക്കോബിന്റെയും മിസ്രയീ

മിലെ അനുഭവത്തിനും പുറപ്പാടിനും മദ്ധ്യേ ഇരുന്നൂറ്റിപ്പതിനാറ് വർഷങ്ങൾ ഉണ്ടായിരുന്നു എന്ന് വേദപണ്ഡിതന്മാർ കണക്കുകൂട്ടിയിരിക്കുന്നു. ഈ കാലയളവിൽ പല തലമുറകൾ കടന്നു പോയതോടെ യാക്കോബിനും ജോസഫിനും ഉണ്ടായിരുന്ന ദൈവപരിജ്ഞാനം ജനത്തിന്റെ ഇടയിൽ നിന്നും നഷ്ടപ്പെട്ടിരുന്നു. തന്നെയുമല്ല മിസ്രയീമിലെ മതവും അസാന്മാർഗ്ഗീക ജീവിതശൈലിയും പുറപ്പാടിന്റെ തലമുറയുടെ ഭാഗമായിരുന്നു എന്നും പറയാം.

മോശെ കല്പന ഏറ്റുവാങ്ങുവാൻ സീനായി പർവ്വതത്തിലേക്ക് കയറിപ്പോയി തിരിച്ച് വരുവാൻ താമസിച്ചതോടെ പുറപ്പാടിന്റെ ജനം കാളക്കുട്ടിയെ ഉണ്ടാക്കി ആരാധിക്കുകയും മിസ്രയീമിലെ ആഘോഷങ്ങൾ ആചരിക്കുകയും ചെയ്തു. ദൈവത്തെപ്പറ്റി വളരെ മങ്ങിയ ഒരു ജ്ഞാനം മാത്രമേ അവർക്ക് ഉണ്ടായിരുന്നുള്ളു. പാപത്തെപ്പറ്റിയുള്ള അവരുടെ പരിജ്ഞാനം ആർക്കും ഊഹിക്കാവുന്നതേ ഉള്ളു. അതുകൊണ്ട് ദൈവം തന്റെ ഹിതം വെളിപ്പെടുത്തുവാനും എഴുതപ്പെടാതെ നിലവിലുണ്ടായിരുന്ന കല്പനകളും പാപപരിഹാര ന്യായപ്രമാണങ്ങളും മോശെ മുഖാന്തരം എഴുതിക്കൊടുക്കുവാനും തീരുമാനിച്ചു. പാപം എന്നാൽ എന്താണ് എന്ന് ജനത്തെ പഠിപ്പിക്കുവാൻ പത്തു കല്പന ദൈവം തന്നെ സീനായി പർവ്വതത്തിൽ ഇറങ്ങിവന്ന് ജനം കേൾക്കെ സാക്ഷ്യത്തിനായി സംസാരിച്ചു; പിന്നീട് തന്റെ വിരൽ കൊണ്ട് എഴുതി മോശെ മുഖാന്തരം ജനത്തിന് കൊടുത്തു. പാപപരിഹാരത്തിന് ആദാം മുതൽ തുടർന്നു വന്നതും മശീഹാ പാപപരിഹാരകനായി വരും എന്ന ഓർമ്മയ്ക്ക് ദൈവം ഏർപ്പാടുചെയ്തതുമായ യാഗത്തെ സംബന്ധിക്കുന്ന കർമ്മാചാര ന്യായപ്രമാണങ്ങളും ദൈവം മോശെ മുഖാന്തരം യിസ്രായേലിന് കൊടുത്തു. അതോടുകൂടി ദൈവം യിസ്രായേലിനെ മിസ്രയീമിന്റെ അടിമത്വത്തിൽനിന്നും വിടുവിച്ചു എന്നതിന്റെ ഓർമ്മയ്ക്കായിട്ട് ആചാര ദിവസങ്ങളും ഏർപ്പാടുചെയ്തു. ഈ ദിവസങ്ങളെ "ശബ്ബത്ത്" എന്ന് തിരുവചനം വിശേഷിപ്പിക്കുന്നു. ഈ ശബ്ബത്തുകൾ ഏദെനിൽ ആരംഭിച്ച ഏഴാം ദിന ശബ്ബത്തിൽ നിന്നും വ്യത്യസ്ഥമാണ്.

യിസ്രായേലിന് പാപത്തെ നിർവ്വചിക്കുവാനും പാപപരിഹാരം നിർദ്ദേശിക്കുവാനും ദൈവം ന്യായപ്രമാണം കൊടുത്തു. ന്യായപ്രമാണം കൊടുത്തത് അബ്രഹാമിനോട് ചെയ്ത വാഗ്ദത്തം നീക്കിയിട്ട് അതിന്റെ സ്ഥാനത്ത് ന്യായപ്രമാണം ആചരിക്കുവാനായിരുന്നില്ല; മറിച്ച് **വിശ്വാസം നിലനിർത്തുവാൻ ന്യായപ്രമാണങ്ങളും കൊടുത്തു.** അതു

കൊണ്ട് അപ്പൊസ്തലൻ പറയുന്നു, ലംഘനങ്ങൾ നിമിത്തം കൂട്ടി ച്ചേർത്തതും ദൂതന്മാർ മുഖാന്തരം മദ്ധ്യസ്ഥന്റെ കയ്യിൽ ഏല്പിച്ചതു മത്രെ എന്ന്. 21-ാം വാകൃത്തിൽ അപ്പൊസ്തലൻ ചോദിക്കുന്നു: **എന്നാൽ ന്യായപ്രമാണം ദൈവവാഗ്ദത്തങ്ങൾക്ക് വിരോധമോ?** ഉത്തരം താൻ തന്നെ പറയുന്നത്, **ഒരു നാളും അല്ല;** എന്നു പറഞ്ഞാൽ വിശ്വാസത്താലുള്ള നീതീകരണം എന്ന ദൈവ വാഗ്ദത്തത്തിന് വിരോ ധമല്ല ന്യായപ്രമാണം എന്ന് അർത്ഥമാകുന്നു. തുടർന്ന് 21-ാം വാക്യ ത്തിൽ പറയുന്നത് ശ്രദ്ധേയമാണ്. “ജീവിപ്പിപ്പാൻ കഴിയുന്നോരു ന്യായ പ്രമാണം നൽകിയിരുന്നു എങ്കിൽ ന്യായപ്രമാണം വാസ്തവമായി നീതിക്ക് ആധാരമാകുമായിരുന്നു.” എന്നു പറഞ്ഞാൽ ജീവൻ പ്രദാനം ചെയ്യുവാൻ കഴിയുന്ന ഒരു ന്യായപ്രമാണം ദൈവം നൽകിയിരുന്നു എങ്കിൽ ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ നമുക്ക് രക്ഷ പ്രാപി ക്കാമായിരുന്നു എന്നാണ്. പൗലോസ് ദൈവത്തെ കുറ്റം പറയുന്നില്ല. ന്യായപ്രമാണത്തേയും കുറ്റം പറയുന്നില്ല; ന്യായപ്രമാണം തന്നിരിക്കു ന്നതിന്റെ കാരണം 19-ാം വാകൃത്തിൽ പറയുന്നത് ഉറപ്പിക്കുക മാത്ര മാണ് ചെയ്യുന്നത്. കൂട്ടുകാരന്റെ നേരെ കള്ളസാക്ഷ്യം പറയരുത്” എന്ന ന്യായപ്രമാണത്തിന് കള്ളം പറയാതിരിക്കുവാനുള്ള ശക്തി പ്രദാനം ചെയ്യുവാൻ കഴിയുന്നതല്ല എന്ന സത്യം ഗലാതൃരെ പ്രബോധിപ്പി ക്കുന്നു. യാഗങ്ങളെ സംബന്ധിക്കുന്ന ന്യായപ്രമാണത്തിന്റെ കാര്യ ത്തിലും സത്യം ഇതുതന്നെ; യാഗങ്ങൾക്കും മറ്റ് ഏത് കർമ്മാചാര ങ്ങൾക്കും ജീവൻ പ്രദാനം ചെയ്യുവാൻ സാദ്ധ്യമല്ല. **ജീവന്റെ ഉറവിടം ക്രിസ്തുമാത്രമാണ്.** അതുകൊണ്ട് അപ്പൊസ്തലൻ പറയുന്നു ജീവി പ്പിപ്പാൻ കഴിയുന്നോരു ന്യായപ്രമാണം നല്കിയിരുന്നു എങ്കിൽ എന്ന്.

ന്യായപ്രമാണത്തിന്റെ കാലാവധിയെപ്പറ്റി അപ്പൊസ്തലൻ പറയു ന്നത് വാഗ്ദത്തം ലഭിച്ച സന്തതിയാകുന്ന ക്രിസ്തു വരുന്നതുവരെ എന്നാണ്. ക്രിസ്തു വരുന്നതുവരെ എന്നു പറയുമ്പോൾ ക്രിസ്തുവിന്റെ വരവിന് നിഴലായിരുന്ന ഒരു കൂട്ടം ന്യായപ്രമാണങ്ങൾ ഉണ്ടായിരുന്നു എന്ന് വ്യക്തമാകുന്നു. ക്രിസ്തു വന്നതിനുശേഷം ആ വക ന്യായപ്ര മാണങ്ങൾ ആചരിക്കുന്നത് അർത്ഥശൂന്യമാണ്. പരിച്ഛേദന, വിവിധ യാഗങ്ങൾ, ഉത്സവ ദിവസങ്ങൾ (പാപ പരിഹാരദിവസം, പെസഹ) എന്നിവ നിഴലായിരുന്ന ന്യായപ്രമാണങ്ങളുടെ ഉദാഹരണങ്ങളാണ്. ഈ വക ന്യായപ്രമാണങ്ങളെ സംബന്ധിച്ച് ഗലാതൃർ 3:24,25 എന്നീ വാക്യങ്ങളിൽ അപ്പൊസ്തലൻ പറയുന്നത് “അങ്ങനെ നാം വിശ്വാസ ത്താൽ നീതീകരിക്കപ്പെടേണ്ടതിന് ന്യായപ്രമാണം ക്രിസ്തുവിന്റെ അടു

ക്കലേക്ക് നടത്തുവാൻ നമുക്ക് ശിശുപാലകനായി ഭവിച്ചു. വിശ്വാസം വന്ന ശേഷമോ നാം ഇനി ശിശുപാലകന്റെ കീഴിലല്ല എന്ന് പറയുമ്പോൾ നിഴലായിരുന്ന ന്യായപ്രമാണത്തിൻ കീഴിലല്ല എന്നാണ് അപ്പൊസ്തലൻ പറയുന്നത്.

താരതമ്യപഠനത്തിലെ രണ്ടാം ഭാഗം ക്രിസ്തുവിന്റെ പ്രസ്താവനയാണ്. ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിനു വന്നു എന്ന് നിരൂപിക്കരുത്; നീക്കുവാനല്ല നിവർത്തിപ്പാനത്രേ ഞാൻ വന്നത് (മത്തായി 5:17).

അപ്പൊ. പൗലൊസ് പറയുന്നു: ന്യായപ്രമാണം ക്രിസ്തു വരുന്നതുവരെ പ്രാബല്ല്യത്തിൽ ആയിരുന്നു. ഞാൻ ന്യായപ്രമാണത്തെ നീക്കുവാനല്ല വന്നത് എന്നാണ് ക്രിസ്തു പറയുന്നത്. പരസ്പരവിരുദ്ധമായ പ്രസ്താവനകളാണ് മത്തായി 5:17, ഗലാത്യർ 3:19 എന്ന് തോന്നിയേക്കാം. എന്നാൽ അല്പം സൂക്ഷ്മതയോടെ പഠിക്കുന്നു എങ്കിൽ രണ്ടുവിധം ന്യായപ്രമാണങ്ങൾ ഉണ്ട് എന്ന് കാണുവാൻ സാധിക്കും. അപ്പൊ. പൗലൊസ് ക്രിസ്തുവിന്റെ നിഴലായ ന്യായപ്രമാണത്തെ സംബന്ധിച്ച് പറയുന്നു; കർത്താവ് നിഴലല്ലാത്ത ന്യായപ്രമാണത്തെ സംബന്ധിച്ചും പറഞ്ഞിരിക്കുന്നു. ഇങ്ങനെ മനസ്സിലാക്കി പഠിച്ചാൽ ന്യായപ്രമാണങ്ങളെ വ്യക്തമായി കാണുവാൻ സാധിക്കും.

| ഗലാത്യർ 5 : 4 | റോമർ 2 : 13 |
|---|---|
| **ന്യായപ്രമാണത്താൽ നീതീകരിക്കപ്പെടുവാൻ ഇച്ഛിക്കുന്ന നിങ്ങൾ ക്രിസ്തുവിനോട് വേർപെട്ടു പോയി നിങ്ങൾ കൃപയിൽ നിന്നും വീണുപോയി.”** | **ന്യായപ്രമാണം കേൾക്കുന്നവരല്ല ദൈവസന്നിധിയിൽ നീതിമാന്മാർ; ന്യായപ്രമാണം ആചരിക്കുന്നവരത്രേ നീതീകരിക്കപ്പെടുന്നത്.** |

രണ്ട് സഭകൾക്ക് അപ്പൊ. പൗലൊസ് ന്യായപ്രമാണത്തെ ആസ്പദമാക്കി എഴുതിയ ഉദ്ധരണിയാണ് മേൽ കൊടുത്തിരിക്കുന്നത്. ന്യായപ്രമാണം അനുസരിക്കുന്നതുകൊണ്ട് ഗലാത്യർ ക്രിസ്തുവിൽ നിന്നും വേറുപെട്ടുപോയി എന്ന് പറയുന്നു. റോമിലുള്ള സഭയോട് പറയുന്നത് ന്യായപ്രമാണം കേൾക്കുക മാത്രമല്ല ന്യായപ്രമാണം അനുസരിക്കുന്നവരാണ് ദൈവസന്നിധിയിൽ നീതികരിക്കപ്പെടുന്നവർ എന്ന്. തുടർന്ന് റോമർ 2:21-29 വരെയുള്ള വാക്യങ്ങളിൽ യെഹൂദന് ന്യായപ്രമാണം

വ്യക്തമായി എഴുതി ലഭിച്ചിരിക്കെ അത് അനുസരിക്കാത്തതുകൊണ്ട് അവരെ ശാസിക്കുന്നു. ജാതികൾക്ക് ന്യായപ്രമാണം എഴുതി ലഭിച്ചിട്ടില്ലാതിരിക്കെ ന്യായപ്രമാണത്തിലുള്ള ദൈവഹിതം അനുസരിക്കുന്നതുകൊണ്ട് അവർ അനുസരിക്കാത്ത യെഹൂദന്മാരെക്കാൾ ശ്രേഷ്ഠന്മാർ എന്ന് പറയുന്നു.

**രണ്ട് ലേഖനങ്ങളും താരതമ്യപ്പെടുത്തുമ്പോൾ ഗലാതൃരുടെ അനുസരണത്തിൽ അടങ്ങിയിരിക്കുന്ന മനോഭാവമാണ് അവരെ ക്രിസ്തുവിൽ നിന്നും അകറ്റിയത് എന്ന് കാണുവാൻ സാധിക്കുന്നു. നീതീകരണത്തിന് ക്രിസ്തുവിൽ ആശ്രയിക്കുന്നതിനുപകരം അവർ ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിൽ ആശ്രയിച്ചതുകൊണ്ട് ഗലാതൃരെ ശാസിക്കുന്നു;** എന്നാൽ ന്യായപ്രമാണം അനുസരിക്കണം എന്ന് റോമിലുള്ള വിശ്വാസികളോട് പൗലൊസ് പറയുന്നു. കാരണം വളരെ ലളിതമാണ്. ഗലാതൃരോട് പറയുന്ന ന്യായപ്രമാണം പരിച്ഛേദന, ആചാരദിവസങ്ങൾ എന്ന നിഴലായിരുന്ന ന്യായപ്രമാണത്തെ സംബന്ധിച്ചാണ്. “നിങ്ങൾ പരിച്ഛേദന ഏറ്റാൽ ക്രിസ്തുവിനെക്കൊണ്ടു നിങ്ങൾക്ക് ഒരു പ്രയോജനവുമില്ല എന്ന് പൗലൊസായ ഞാൻ പറയുന്നു” (ഗലാതൃർ 5:2). നിങ്ങൾ ദിവസങ്ങളും, കാലങ്ങളും, ആണ്ടുകളും പ്രമാണിക്കുന്നു. ഞാൻ നിങ്ങൾക്ക് വേണ്ടി അദ്ധ്വാനിച്ചത് വെറുതെയായി എന്നു ഞാൻ ഭയപ്പെടുന്നു (ഗലാതൃർ 4:10,11).

റോമർ 2–ാം അദ്ധ്യായത്തിൽ പത്തുകല്പനയാകുന്ന ന്യായപ്രമാണത്തെ സംബന്ധിച്ചാണ് അപ്പൊസ്തലൻ പറയുന്നത്. അതുകൊണ്ട് പത്തുകല്പന അനുസരിക്കണം എന്നും പറയുന്നു. മോഷ്ടിക്കരുത് എന്ന് പ്രസംഗിക്കുന്ന നീ മോഷ്ടിക്കുന്നുവോ? വ്യഭിചാരം ചെയ്യരുത് എന്നു പറയുന്ന നീ വ്യഭിചാരം ചെയ്യുന്നുവോ? വിഗ്രഹങ്ങളെ വെറുക്കുന്ന നീ ക്ഷേത്രം കവർച്ച ചെയ്യുന്നുവോ? ന്യായപ്രമാണത്തിൽ പ്രശംസിക്കുന്ന നീ ന്യായപ്രമാണ ലംഘനത്താൽ ദൈവത്തെ അപമാനിക്കുന്നവോ? അപ്പൊ. പൗലൊസ് രണ്ട് സഭകളോട് രണ്ട് ന്യായപ്രമാണങ്ങളെ സംബന്ധിച്ചാണ് പറയുന്നത് എന്ന് മനസ്സിലാകുമ്പോൾ ന്യായപ്രമാണത്തെ സംബന്ധിക്കുന്ന ആശയക്കുഴപ്പം പാടെ മാറും. ഇന്ന് പല ക്രിസ്ത്യാനികൾക്കും ന്യായപ്രമാണം വക തിരിച്ച് അറിയാൻ സാധിക്കാത്തതുകൊണ്ടും ന്യായീകരണത്തിന് ഇടം അന്വേഷിക്കുന്നതുകൊണ്ടും ന്യായപ്രമാണ ലംഘനത്താൽ പാപം ചെയ്തുപോകുന്നു.

| ഗലാത്യർ 3 : 24, 25 | റോമർ 3 : 31 |
|---|---|
| **അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന്നു ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്കു നടത്തുവാൻ നമുക്കു ശിശുപാലകനായി ഭവിച്ചു.** | **ആകയാൽ നാം വിശ്വാസത്താൽ ന്യായപ്രമാണത്തെ ദുർബ്ബലമാക്കുന്നുവോ? ഒരുനാളും ഇല്ല; നാം ന്യായപ്രമാണത്തെ ഉറപ്പിക്കയത്രേ ചെയ്യുന്നു.** |

ശിശു പാലകൻ = ദൈവം മോശെയിലൂടെ നൽകിയതും കാൽവറിയാഗത്തിന്റെ നിഴലായ ശുശ്രൂഷകൾ അടങ്ങിയതുമായ കർമ്മാചാര ന്യായപ്രമാണമാണ് എന്ന വസ്തുത ശ്രദ്ധിക്കുക. “ന്യായപ്രമാണം എന്തിന്? വാഗ്ദത്തം ലഭിച്ച സന്തതി വരുവോളം...” എന്ന് ഗലാത്യർ 3:19 -ൽ പറഞ്ഞിട്ട് 24-25 വരെയുള്ള വാക്യങ്ങളിൽ പറയുന്നത് 19-ാം വാക്യത്തിന്റെ ആവർത്തനമാണ്. **“വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന് ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്ക് നടത്തുവാൻ നമുക്ക് ശിശുപാലകനായി ഭവിച്ചു”** എന്ന് പറയുമ്പോൾ ന്യായപ്രമാണത്തിന്റെ അടിസ്ഥാനം വിശ്വാസത്താലുള്ള നീതീകരണമാണ് എന്നത് വളരെ വ്യക്തമാണ്. ന്യായപ്രമാണത്തെ പൗലൊസ് ഒരു ശിശുപാലകനോട് ഉപമിക്കുന്നു. ഒരു ധനികന്റെ മകനെ പള്ളിക്കൂടത്തിൽ കൊണ്ടുപോകുക, തിരിച്ച് ഭവനത്തിൽ കൊണ്ടുവരിക, പാഠങ്ങൾ പഠിക്കുവാൻ ഒരുക്കുക, കുസൃതിയിൽ നിന്നും, അപകടങ്ങളിൽ നിന്നും സംരക്ഷിക്കുക ഇത്യാദികൾ ആയിരുന്നു ഒരു ശിശുപാലകന്റെ ദൗത്യം. ശിശുപാലകൻ അദ്ധ്യാപകൻ ആയിരുന്നില്ല. ന്യായപ്രമാണം ഒരു ശിശുപാലകനെപ്പോലെ ജനത്തെ മശീഹായിലേക്ക് നടത്തുക എന്ന ജോലി നിർവ്വഹിച്ചിരുന്നു. എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ക്രിസ്തു ലോകത്തിലേക്ക് വരികയും ലോകം ക്രിസ്തുവിൽ വിശ്വസിക്കുകയും ചെയ്തതോടെ ശിശുപാലകനായിരുന്ന ന്യായപ്രമാണം അതിന്റെ ദൗത്യം ക്രിസ്തുവിനെ ഏല്പിച്ചു. അതുകൊണ്ട് അപ്പൊ. പൗലൊസ് പറയുന്നു വിശ്വാസം വന്ന ശേഷമോ ഇനി ശിശുപാലകന്റെ (ന്യായപ്രമാണത്തിന്റെ) കീഴിലല്ല എന്ന്. ക്രിസ്തു വരുന്നതുവരെ മോശെയുടെ ന്യായപ്രമാണം ദൈവജനത്തെ വരുവാനിരുന്ന ക്രിസ്തുവിലുള്ള വിശ്വാസത്തിൽ സൂക്ഷിച്ചു എന്നാണ് അപ്പൊസ്തലൻ പറയുന്നത്. ഗോത്രപിതാക്കന്മാർ ന്യായപ്രമാണത്തിൻ കീഴിൽ വിശ്വാസം മൂലം രക്ഷ പ്രാപിച്ചു. പഴയനിയമകാലത്ത് ന്യായപ്രമാണത്തിൻ കീഴിൽ

വിശുദ്ധന്മാർ ഉണ്ടായിരുന്നു. കാരണം ന്യായപ്രമാണം അവരെ വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന് വരുവാനിരുന്ന മശീഹായിലേക്ക് നടത്തി. പരിച്ഛേദനയും, യാഗങ്ങളും, ഉത്സവദിവസങ്ങളും എല്ലാം അടങ്ങിയ നിഴലായിരുന്ന ന്യായപ്രമാണം വിശ്വാസത്താൽ ക്രിസ്തുവിനെ കാണുവാൻ ദൈവത്താൽ സ്ഥാപിതമായതായിരുന്നു. അങ്ങനെ ന്യായപ്രമാണത്തിനും വിശ്വാസത്തിനും തമ്മിൽ ഒരു ബന്ധം ദൈവം സ്ഥാപിച്ചിരിക്കുന്നു.

വിശ്വാസം വന്ന ശേഷമോ എന്നുള്ളതാണ് പൗലൊസിന്റെ പഠന വിഷയം. ന്യായപ്രമാണം ദൈവത്താൽ സ്ഥാപിതമായിരുന്നതുകൊണ്ട് മശീഹാവരുന്നതിന് മുമ്പ് ന്യായപ്രമാണത്തിന് കുഴപ്പം ഒന്നും ഉണ്ടായിരുന്നില്ല. വിശ്വാസം വന്നശേഷമോ എന്നുപറഞ്ഞാൽ ക്രിസ്തു രക്ഷിതാവായി വന്നശേഷമോ എന്നാണ് അർത്ഥം. ഇനി ന്യായപ്രമാണത്തിൻ കീഴിലല്ല എന്നു പറഞ്ഞാൽ ന്യായപ്രമാണം അനുശാസിക്കുന്ന കർമ്മാചാരങ്ങളിൻ കീഴിലല്ല എന്നാണ് അപ്പൊസ്തലൻ പറയുന്നത്. ശിശുപാലകന്റെ കീഴിലല്ല എന്ന പൗലൊസിന്റെ പ്രസ്താവന പത്തുകല്പനയോട് ബന്ധിപ്പിച്ച് നാം ഇന്ന് പത്തുകല്പനയിൻ കീഴിലല്ല എന്ന് പഠിപ്പിക്കയും വിശ്വസിക്കുകയും ചെയ്യുന്നവരുണ്ട്. അങ്ങനെയുള്ള വിശ്വാസം തിരുത്തേണ്ടതാണ്.

മോശെയുടെ ന്യായപ്രമാണത്തിൽ അടങ്ങിയിരുന്ന വിശ്വാസത്താലുള്ള നീതീകരണം എന്ന തത്വം ക്രിസ്തു വന്നതിനുശേഷവും ഇന്നുവരെ തുടരുകയാണ്. റോമർക്ക് ലേഖനമെഴുതുമ്പോൾ അപ്പൊസ്തലൻ പറയുന്നത്: “ദൈവം ഏകനല്ലോ; അവൻ വിശ്വാസം മൂലം പരിച്ഛേദനക്കാരെയും വിശ്വാസത്താൽ അഗ്രചർമ്മികളെയും നീതീകരിക്കുന്നു” (റോമർ 3:30). ക്രൂശിന് മുമ്പുണ്ടായിരുന്നവരെയും ക്രൂശിന് ശേഷം ഉള്ളവരെയും വിശ്വാസത്താലാണ് നീതീകരിക്കുന്നത് എന്ന് അപ്പൊസ്തലൻ സ്പഷ്ടമായി പറയുന്നു. ക്രൂശിനു മുമ്പുണ്ടായിരുന്നവർക്ക് ന്യായപ്രമാണം രക്ഷിതാവായിരുന്നു എന്ന് അപ്പൊസ്തലൻ പറയുന്നില്ല; അത് ഇന്നത്തെ ഉപദേഷ്ടാക്കന്മാരിൽ ചിലർ തെറ്റായി പഠിപ്പിക്കുന്നതാണ്. എല്ലാവരെയും ക്രിസ്തുവിലുള്ള വിശ്വാസമാണ് രക്ഷിക്കുന്നത് എന്ന് 30-ാം വാക്യത്തിൽ പറഞ്ഞിട്ട് 31-ാം വാക്യത്തിൽ പറയുന്നു. ആകയാൽ നാം വിശ്വാസത്താൽ ന്യായപ്രമാണത്തെ ദുർബലമാക്കുന്നുവോ? ഒരു നാളും ഇല്ല; ന്യായപ്രമാണത്തെ ഉറപ്പിക്കയത്രേ ചെയ്യുന്നു; എന്നുപറഞ്ഞാൽ ന്യായപ്രമാണം നമ്മെ വിശ്വാസത്തിലേക്ക് നടത്തുന്നു; (ഗലാത്യർ 3:24) വിശ്വാസം ന്യായപ്രമാണത്തെ ഉറപ്പിക്കുന്നു എന്നർത്ഥം (റോമർ 3:31). വിശ്വാസം മൂലം പരിച്ഛേദനക്കാരെയും എന്ന്

30-ാം വാകൃത്തിൽ പറയുന്നതുകൊണ്ട് പരിച്ഛേദനയല്ല വിശ്വാസമാണ് പരിച്ഛേദനക്കാരെ നീതീകരിക്കുന്നത് എന്നാണ് അപ്പൊസ്തലൻ പറയുന്നത്. അതുപോലെ തന്നെ അഗ്രചർമ്മികൾ പുതിയനിയമകാലത്ത് വിശ്വാസത്താൽ നീതീകരിക്കപ്പെടുന്നതുകൊണ്ട് പരിച്ഛേദന ഏല്ക്കേണ്ടതില്ല എന്നും അദ്ദേഹം പറയുന്നു. ഇപ്രകാരം പറയുമ്പോൾ വായനക്കാർക്ക് ന്യായപ്രമാണത്തെ സംബന്ധിച്ച് തെറ്റിദ്ധാരണ ഉണ്ടാകുമോ എന്ന് കരുതി അപ്പൊസ്തലൻ പറയുന്നു: “ആകയാൽ നാം ന്യായപ്രമാണത്തെ ദുർബലമാക്കുന്നുവോ? ഒരു നാളും ഇല്ല; ന്യായപ്രമാണത്തെ ഉറപ്പിക്കയത്രേ ചെയ്യുന്നു” (റോമർ 3:31). ന്യായപ്രമാണം വിശ്വാസത്തെ ഉറപ്പിക്കുമ്പോൾ, വിശ്വാസം തിരിച്ച് ന്യായപ്രമാണത്തെയും ഉറപ്പിക്കുന്നു. ഒരു തത്വം മറ്റെ തത്വത്തിന് വിരോധമല്ല; അനുകൂലമാണ്.

ആകയാൽ നാം വിശ്വാസത്താൽ ന്യായപ്രമാണത്തെ ഉറപ്പിക്കയത്രെ ചെയ്യുന്നത് എന്ന് പൗലൊസിന്റെ പ്രസ്താവന പത്ത് കല്പനയെ സംബന്ധിച്ചിടത്തോളം വളരെ സത്യമാണ്. കല്പനാ ലംഘനമായ നമ്മുടെ പാപം കർത്താവിന്റെ ക്രൂശുമരണത്തിന് കാരണമായി എന്ന ബോധം നമ്മിൽ ഉണ്ടാകുമ്പോൾ നീതീകരിക്കപ്പെട്ടവർ പത്ത് കല്പന അനുസരിച്ച് ജീവിക്കുവാൻ മനസ്സ് ഉറപ്പിക്കേണ്ടതാണ്.

| ഗലാത്യർ 3:10 | യാക്കോബ് 2:10,11 |
|---|---|
| എന്നാൽ ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവനും ശാപത്തിൻ കീഴാകുന്നു. ന്യായപ്രമാണ പുസ്തകത്തിൽ എഴുതിയിരിക്കുന്നത് ഒക്കെയും ചെയ്‌വാൻ തക്കവണ്ണം അതിൽ നിലനിൽക്കാത്തവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്ന് എഴുതിയിരിക്കുന്നുവല്ലോ. | ഒരുവൻ ന്യായപ്രമാണം മുഴുവൻ അനുസരിച്ചിട്ടും ഒന്നിൽ തെറ്റിയാൽ അവൻ സകലത്തിനും കുറ്റക്കാരനായിത്തീർന്നു. വ്യഭിചാരം ചെയ്യരുതെന്ന് കല്പിച്ചവൻ കൊല ചെയ്യരുത് എന്നും കല്പിച്ചിരിക്കുന്നു. നീ വ്യഭിചാരം ചെയ്യുന്നില്ലെങ്കിലും കൊല ചെയ്യുന്നു എങ്കിൽ ന്യായപ്രമാണം ലംഘിക്കുന്നവനായിത്തീർന്നു.” |

ഗലാത്യർ 3:10 വിവരിച്ചിട്ടുള്ളതിനാൽ ഇവിടെ വീണ്ടും ആവർത്തിക്കുന്നില്ല. “ആശ്രയം”എന്ന വാക്ക് ശ്രദ്ധേയമാണ്. ഈ വാകൃത്തിൽ ന്യായപ്രമാണം എല്ലാം അനുസരിക്കേണ്ടതില്ല എന്ന് അപ്പൊസ്തലൻ പറയുന്നില്ല. സ്വന്ത ശക്തിയാൽ ന്യായപ്രമാണം അനുസരിക്കാൻ സാധിക്കാത്തതുകൊണ്ട് ആശ്രയിക്കുന്ന ന്യായപ്രമാണം തന്നെ ആശ്രയിക്കുന്നവനെ ശിക്ഷക്ക് വിധിക്കുന്നു എന്ന് അപ്പൊസ്തലൻ പറയുന്നു. ദൈവം ന്യായപ്രമാണം തന്നിരിക്കെ അത് അനുസരിക്കുന്നത് ശാപമാണ് എന്ന് അപ്പൊസ്തലൻ പറയുന്നില്ല.

"പ്രവൃത്തിയിൽ ആശ്രയിക്കുന്നവൻ" എന്നതാണ് അപ്പൊസ്തലന്റെ വിഷയം എന്ന് വീണ്ടും ഓർമ്മിപ്പിക്കുന്നു. അനുസരണത്തെപ്പറ്റി യാക്കോബ് പറയുന്നത്: ഭാഗീകമായ അനുസരണം അനുസരണക്കേടാണ്. പത്തു കല്പനയിൽ ഒന്ന് ഒഴിച്ചുമാറ്റി ഒൻപത് അനുസരിക്കുക എന്നത് അസാദ്ധ്യമാണ്. ഒന്നുകിൽ എല്ലാം അല്ലെങ്കിൽ ഒന്നുമില്ല എന്നാണ് അപ്പൊ. യാക്കോബ് പറയുന്നത്. ഒന്നിൽ തെറ്റിയാൽ സകലത്തിനും കുറ്റക്കാരനായിത്തീർന്നു. അപ്പൊ. പൗലൊസും അതു തന്നെ പറയുന്നു. ന്യായപ്രമാണ പുസ്തകത്തിൽ എഴുതിയിരിക്കുന്നതൊക്കെയും ചെയ്‌വാൻ തക്കവണ്ണം അതിൽ നിലനിൽക്കാത്തവൻ എല്ലാം ശപിക്കപ്പെട്ടവൻ കർത്താവായ യേശുവിനെയാണ് ഈ രണ്ടു അപ്പൊസ്തലന്മാരും ധ്വനിപ്പിക്കുന്നത്. ആകയാൽ ഈ കല്പനകളിൽ ഒന്ന് അഴിക്കയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നവർ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവനെന്ന് വിളിക്കപ്പെടും... (മത്തായി 5:19).

| ഗലാത്യർ 4:9 | റോമർ 8:7 |
|---|---|
| ഇപ്പോഴോ ദൈവത്തെ അറിഞ്ഞും വിശേഷാൽ ദൈവം നിങ്ങളെ അറിഞ്ഞുമിരിക്കെ നിങ്ങൾ പിന്നെയും ബലഹീനവും ദരിദ്രവുമായ ആദിപാഠങ്ങളിലേക്ക് തിരിഞ്ഞു അവയ്ക്കു പുതുതായി അടിമപ്പെടുവാൻ ഇച്ഛിക്കുന്നതെങ്ങനെ? | ജഡത്തിന്റെ ചിന്ത ദൈവത്തോട് ശത്രുത്വം ആകുന്നു. അത് ദൈവത്തിന്റെ ന്യായപ്രമാണത്തിന് കീഴ്പെടുന്നില്ല; കീഴ്പ്പെടുവാൻ കഴിയുന്നതുമല്ല. |

ഒരേ അപ്പൊസ്തലൻ രണ്ടു സഭകൾക്ക് എഴുതിയ ലേഖനത്തിന്റെ ഭാഗമാണ് ഉദ്ധരിച്ചിരിക്കുന്നത്. ഒറ്റനോട്ടത്തിൽ പരസ്പര വിരുദ്ധമാണ് മേൽ ഉദ്ധരിച്ച വാക്യങ്ങൾ എന്ന് തോന്നിയേക്കാം; എന്നാൽ പരസ്പര വിരുദ്ധമായ ഒരു കാര്യം പോലും തിരുവചനത്തിലില്ല. ഗലാത്യർ, "കർമ്മം" എന്ന മതത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിച്ച് വിശ്വാസത്താലുള്ള നീതീകരണം എന്ന ക്രിസ്തുമതത്തിലേക്ക് വന്നവരായിരുന്നു. എന്നാൽ ഗലാത്യർ ന്യായപ്രമാണത്താൽ നീതി ലഭിക്കും എന്ന യഹൂദവത്ക്കരണക്കാരുടെ വഞ്ചനയിൽ വീണുപോയി. ജാതികളുടെയും യഹൂദാവത്ക്കരണക്കാരുടെയും മതം അടിസ്ഥാനപരമായി ഒന്നു തന്നെയാണ്. യഹൂദാവത്ക്കരണക്കാരുടെ മതം ദൈവികം എന്ന കുപ്പായം ധരിച്ചിരിക്കുന്നു എന്നു മാത്രം. ഗലാത്യർ വിശ്വാസത്താലുള്ള നീതീകരണം എന്ന ദൈവശാസ്ത്രം ഉപേക്ഷിച്ച് വീണ്ടും കർമ്മാചാരങ്ങളിലേക്ക് തിരിഞ്ഞതുകൊണ്ട് അപ്പൊസ്തലൻ പറയുന്നു: **നിങ്ങൾ പിന്നെയും ബലഹീനവും ദരിദ്രവുമായ ആദിപാഠങ്ങളിലേക്ക് തിരിഞ്ഞു.** അഗ്രചർമ്മം നീക്കം ചെയ്യുന്നു എന്നല്ലാതെ രക്ഷയ്ക്ക് ഉത

കുന്നത് ഒന്നുംതന്നെ പരിച്ഛേദന എന്ന കർമ്മത്തിൽ അടങ്ങിയിട്ടില്ല. ഒരു ആടിന്റെ കഴുത്ത് അറക്കുന്നു എന്നല്ലാതെ രക്ഷയ്ക്ക് ആവശ്യ മായത് ഒന്നുംതന്നെ യാഗം എന്ന കർമ്മത്തിൽ അടങ്ങിയിട്ടില്ല. പരി ച്ഛേദനയിലേക്ക് വിശ്വാസത്താൽ ക്രിസ്തു കടന്നു വന്നിരുന്നപ്പോൾ അത് അർത്ഥവത്തായിരുന്നു. അതുപോലെ യാഗത്തിലേക്ക് ക്രിസ്തു വിശ്വാസത്താൽ കടന്നു വന്നിരുന്നപ്പോൾ അത് അർത്ഥവത്തായിരുന്നു. അങ്ങനെ ഏതു കർമ്മത്തിലേക്കും ക്രിസ്തു വിശ്വാസത്താൽ കടന്നു വന്നിരുന്നപ്പോൾ അവ അർത്ഥവത്തായിരുന്നു. ക്രിസ്തു കർമ്മങ്ങളെ അർത്ഥവത്താക്കിയിരുന്നു എന്ന് സാരം.

കർത്താവ് ജഡശരീരം ധരിച്ച് ഭൂമിയിലേക്ക് വന്നു എന്ന് വിശ്വസി ക്കുന്നതോടെ എല്ലാ പഴയനിയമ കർമ്മാചാരങ്ങളും അർത്ഥശൂന്യമാ കുന്നു. അതുകൊണ്ട് കർമ്മാചാരങ്ങളിലേക്ക് തിരിഞ്ഞ ഗലാത്യരോട് അപ്പൊസ്തലൻ പറയുന്നു: “ബലഹീനവും ദരിദ്രവുമായ ആദിപാഠ ങ്ങളിലേക്ക്” എന്ന്. ന്യായപ്രമാണം ആകമാനം ദരിദ്രമാണ് എന്നല്ല അർത്ഥം. വിശ്വാസം കൂടാതെ ന്യായപ്രമാണത്തിന് ഒന്നും സാധിക്കാൻ കഴിവില്ലാത്തതുകൊണ്ട് ബലഹീനമെന്നും വിശ്വാസം കൂടാതെ ന്യായ പ്രമാണം ഒന്നും ഉൾക്കൊള്ളാത്തതുകൊണ്ട് ദരിദ്രം എന്നും കർമ്മാ ചാരങ്ങളെ അപ്പൊസ്തലൻ മുദ്രകുത്തുന്നു. നൂറ്റാണ്ടുകൾ പാരമ്പര്യ മായി ആചരിച്ചുപോന്ന കർമ്മാചാരങ്ങൾ ക്രിസ്തു വന്നതിനുശേഷവും യഹൂദന്മാർ ആചരിച്ചു; മറ്റുള്ളവർ ആചരിക്കണം എന്നും നിർബ്ബന്ധിച്ചു. ഗലാത്യർ യഹൂദാവത്ക്കരണക്കാരുടെ നിർബ്ബന്ധത്തിൽ വീണുപോയി. ഈ വസ്തുത ഗലാത്യർ 4:10-ൽ കാണുന്നു. “നിങ്ങൾ ദിവസങ്ങളും മാസങ്ങളും കാലങ്ങളും ആണ്ടുകളും പ്രമാണിക്കുന്നു; ഞാൻ നിങ്ങൾക്കുവേണ്ടി അദ്ധ്വാനിച്ചത് വെറുതെയായി എന്നു ഞാൻ ഭയ പ്പെടുന്നു”.

യിസ്രായേൽജനത്തോടുകൂടി ആരംഭിച്ച ആചാരദിവസങ്ങളെയും മാസങ്ങളെയുമാണ് അപ്പൊസ്തലൻ മുകളിൽ അർത്ഥമാക്കുന്നത്. ലേവ്യപുസ്തകം 23-ൽ ഈ ആചാരങ്ങളെ പ്രതിപാദിക്കുന്നുണ്ട്. ഈ വക ആചാരങ്ങൾ യിസ്രായേലിനെ രക്ഷാപദ്ധതി പഠിപ്പിക്കുവാനും വരുവാനിരുന്ന മശീഹായിലേക്ക് വിശ്വാസം കേന്ദ്രീകരിക്കുവാനും ദൈവം മോശെ മുഖാന്തരം ഏർപ്പാടു ചെയ്തതായിരുന്നു. ഇതാണ് ശിശുപാലകൻ. ക്രിസ്തു വന്നു കഴിഞ്ഞതുകൊണ്ട് പെസഹാ, പെന്തെ ക്കൊസ്ത്, പാപ പരിഹാരദിവസം, അമാവാസി എന്നീ ശബ്ബത്തുകൾക്ക് ക്രിസ്തുവിനെ ഉൾക്കൊള്ളുവാൻ സാധിച്ചില്ല. ലേവ്യാ പുസ്തകം 23-ാം

അദ്ധ്യായം ഈ വക ആചാര ദിവസങ്ങളെ “ശബ്ബത്തുകൾ” എന്ന് വിശേഷിപ്പിക്കുന്നു.

ഗലാതൃർ 4:9-10 എന്നീ വാക്യങ്ങൾ ആധാരമാക്കി ആഴ്ചവട്ടത്തിന്റെ ഏഴാം ദിവസമാകുന്ന ശബ്ബത്ത് നീങ്ങിപ്പോയി എന്ന് ചിലർ വിശ്വസിക്കുന്നു. ഈ നിഗമനം തെറ്റാണ്. ലേവ്യാപുസ്തകത്തിൽ കാണുന്ന ആചാര ദിവസങ്ങൾ യിസ്രായേലിനോടുകൂടെ ആരംഭിച്ചവയാണ്. അതിനുമുമ്പ് ഈ വക ആചാരങ്ങൾ നിലനിന്നിരുന്നില്ല. ആഴ്ചവട്ടത്തിലെ ഏഴാം ദിവസമാകുന്ന ശബ്ബത്ത് ഈ ലോക സൃഷ്ടിപ്പിന്റെ ചരിത്രത്തിലെ ഏഴാം ദിവസമാണ്. അത് പാപം ലോകത്തിൽ പ്രവേശിക്കുന്നതിനും മുമ്പ് ദൈവത്താൽ സ്ഥാപിക്കപ്പെട്ടു. ആഴ്ചവട്ടത്തിന്റെ ഏഴാം ദിവസമാകുന്ന ശബ്ബത്തും യിസ്രായേലിന്റെ ആചാരദിവസങ്ങളാകുന്ന ശബ്ബത്തുകളും തമ്മിൽ ഏതാണ്ട് 2500 വർഷങ്ങളുടെ വിടവുണ്ട്. അപ്പൊസ്തലനായ പൗലൊസ് ഏത് ദിവസങ്ങളെ കുറിച്ചാണ് ഗലാതൃർ 4:10-ൽ പറയുന്നത് എന്ന് സൂക്ഷ്മതയോടെ പഠിക്കുമ്പോൾ ആഴ്ചവട്ടത്തിന്റെ ഏഴാമത്തെ ശബ്ബത്തിനെ സംബന്ധിച്ചല്ല പറയുന്നത് എന്ന് ഗ്രഹിക്കാവുന്നതാണ്. പത്തുകല്പനയിൽ കാണുന്ന ആഴ്ചവട്ടത്തിന്റെ ഏഴാം ദിന ശബ്ബത്ത് വിശുദ്ധമായി ആചരിക്കാത്തത് മറ്റ് ഏത് കല്പനാലംഘനം പോലെയും പാപമാണ്.

ന്യായപ്രമാണത്തിന് കീഴ്പ്പെടണം (റോമർ 8:7) എന്ന് പൗലൊസ് തന്നെ പറയുന്നതുകൊണ്ട് കീഴ്പ്പെടേണ്ട ന്യായപ്രമാണം ഉണ്ട്, കീഴ്പ്പെടേണ്ടാത്ത ന്യായപ്രമാണവും ഉണ്ട് എന്നുള്ളത് എത്ര വ്യക്തമാണ്. ജഡത്തിന്റെ ചിന്ത ദൈവത്തോട് ശത്രുത്വം ആകുന്നു; അത് ദൈവത്തിന്റെ ന്യായപ്രമാണത്തിന് കീഴ്പ്പെടുന്നില്ല കീഴ്പ്പെടുവാൻ കഴിയുന്നതുമല്ല. ജഡ സ്വഭാവമുള്ളവർക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല (റോമർ 8:7). റോമർ 8:4-ൽ അപ്പൊസ്തലൻ പറയുന്നത് ആത്മാവിനെ അനുസരിച്ച് നടക്കുന്നവരിൽ ന്യായപ്രമാണത്തിന്റെ നീതി നിറഞ്ഞു കാണണം എന്നാണ്.

ന്യായപ്രമാണത്തിന് കീഴ്പ്പെട്ട് ന്യായപ്രമാണം അനുസരിക്കുന്നവരിലാണ് ന്യായപ്രമാണത്തിന്റെ നീതി കാണുന്നത്. **ജഡീകൻ ന്യായപ്രമാണത്തിന് കീഴ്പ്പെടുന്നില്ല എന്നും ആത്മീകൻ ന്യായപ്രമാണത്തിന് കീഴ്പ്പെടും എന്നും പറയുമ്പോൾ ന്യായപ്രമാണത്തിന്റെ അടിസ്ഥാനത്തിൽ ആത്മീകനെയും ജഡീകനെയും തിരിച്ചറിയാം എന്നാണ് പൗലൊസ് പറയുന്നത്.** ജഡീകൻ ദൈവത്തിന്റെ ശത്രു ആയതുകൊണ്ട് അവൻ ദൈവത്തിന്റെ ന്യായപ്രമാണത്തിന് (പത്തു

കല്പനക്ക്) കീഴ്പെടുന്നില്ല എന്നാണ് പറയുന്നതിന്റെ അർത്ഥം. ജഡീകൻ കള്ളം പറയുകയും, മോഷ്ടിക്കയും, വ്യഭിചാരം ചെയ്യുകയും അങ്ങനെ എല്ലാ കല്പനകളും ലംഘിക്കുകയും ചെയ്യുന്നവനാണ്. അതുകൊണ്ട് ന്യായപ്രമാണം ആത്മീകനെയും ജഡീകനെയും തമ്മിൽ വേർതിരിക്കുന്നു. ന്യായപ്രമാണം ഇല്ല എങ്കിൽ ജഡീകൻ എന്നോ ആത്മീകൻ എന്നോ ഒരു വ്യത്യാസം വരുന്നില്ല. ന്യായപ്രമാണം ഒരുവനെ ഒന്നും ആക്കുന്നില്ല; അവൻ ആയിരിക്കുന്ന അവസ്ഥയെ വെളിപ്പെടുത്തുന്നു എന്നു മാത്രം. **ന്യായപ്രമാണം ഒരുവനെ രക്ഷിക്കുന്നില്ല എന്നാൽ വിധിക്കുന്നുണ്ട്. ന്യായപ്രമാണം അനുസരിക്കുന്നതുകൊണ്ടല്ല രക്ഷിക്കപ്പെടുന്നത്; ന്യായപ്രമാണം ലംഘിക്കുന്നതുകൊണ്ടാണ് സ്വർഗ്ഗരാജ്യം നഷ്ടപ്പെട്ടുപോകുന്നത്.**

| എഫെസ്യർ 2:14-16 | റോമർ 7:9-12 |
|---|---|
| അവൻ നമ്മുടെ സമാധാനം അവൻ ഇരുപക്ഷത്തെയും ഒന്നാക്കി, ചട്ടങ്ങളും കല്പനകളും ആയ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞത് സമാധാനം ഉണ്ടാക്കിക്കൊണ്ട് ഇരുപക്ഷത്തെയും തന്നിൽ ഒരേ പുതു മനുഷ്യനാക്കി സൃഷ്ടിപ്പാനും ക്രൂശിന്മേൽ വച്ച് ശത്രുത്വം ഇല്ലാതാക്കി അതിനാൽ ഇരുപക്ഷത്തെയും ഏക ശരീരത്തിൽ ദൈവത്തോട് നിരപ്പിപ്പാനും തന്നേ. | ഞാൻ ഒരു കാലത്ത് ന്യായപ്രമാണം കൂടാതെ ജീവിച്ചിരുന്നു; എന്നാൽ കല്പന വന്നപ്പോൾ പാപം വീണ്ടും ജീവിക്കയും ഞാൻ മരിക്കയും ചെയ്തു. ഇങ്ങനെ ജീവനായി ലഭിച്ചിരുന്ന കല്പന എനിക്ക് മരണ ഹേതുവായിത്തീർന്നു എന്നു ഞാൻ കണ്ടു. പാപം അവസരം ലഭിച്ചിട്ട് കല്പനയാൽ എന്നെ ചതിക്കയും കൊല്ലുകയും ചെയ്തു. ആകയാൽ ന്യായപ്രമാണം വിശുദ്ധം; കല്പന വിശുദ്ധവും ന്യായവും നല്ലതും തന്നേ. |

ഒരു താരതമ്യ പഠനമാണ് നാം തുടർന്നുകൊണ്ടുവരുന്നത്. എഫെസ്യർ 2:14-16 വരെയുള്ള വാക്യങ്ങളെ മനസ്സിലാക്കിയിട്ട് റോമർ 7-ാം അദ്ധ്യായത്തിൽ നിന്നും ഉദ്ധരിച്ചിരിക്കുന്ന വേദഭാഗം താരതമ്യപ്പെടുത്താം. ന്യായപ്രമാണം നീങ്ങിപ്പോയി, പുതിയനിയമക്കാർ പഴയനിയമ ന്യായപ്രമാണത്തിനും പത്തുകല്പനയ്ക്കും കീഴ്പ്പെട്ട് ജീവിക്കേണ്ടതില്ല എന്ന് സ്ഥാപിക്കുവാൻ ന്യായീകരണത്തിന് ഉപയോഗിക്കുന്ന വേദഭാഗങ്ങളിൽ ഒന്നാണ് എഫെസ്യർ 2:14. ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം തന്റെ ജഡത്താൽ നീക്കി എന്നു 14-ാം വാക്യം ഭാഗീകമായി വേർതിരിച്ച് കർത്താവിന്റെ ക്രൂശുമരണത്തോടെ പത്തുകല്പന നീങ്ങിപ്പോയി എന്ന് പ്രസംഗിക്കയും വിശ്വസിക്കയും ചെയ്യുന്നവരുണ്ട്. ഇത് ദൈവവചനത്തോട് ചെയ്യുന്ന അന്യായമാണ്. കർത്താവായ യേശുവും തന്റെ ക്രൂശുമരണവും മുഖാന്തരം ജാതികളായിരുന്ന എഫെസൊസുകാർക്ക് യിസ്രായേൽ പൗരത്വത്തോട് സമത്വം വന്നിരിക്കുന്നു

എന്ന് എഫെസ്യർ രണ്ടാം അദ്ധ്യായം സ്ഥാപിക്കുന്നു. സുവിശേഷം എഫസൊസിൽ കടന്നുചെല്ലുന്നതിനുമുമ്പുള്ള അവരുടെ അവസ്ഥയെപ്പറ്റി പറയുന്നത്: "ആകയാൽ നിങ്ങൾ മുമ്പേ പ്രകൃതിയാൽ ജാതികളായിരുന്നു. ജഡത്തിൽ കയ്യാലുള്ള പരിച്ഛേദന ഏറ്റു പരിച്ഛേദനക്കാർ എന്നു പേരുള്ളവരാൽ (യെഹൂദന്മാരാൽ) അഗ്രചർമ്മികൾ എന്ന് വിളിക്കപ്പെട്ടിരുന്നു; അക്കാലത്ത് നിങ്ങൾ ക്രിസ്തുവിനെ കൂടാതെ ഉള്ളവരും യിസ്രായേൽ പൗരതയോട് സംബന്ധമില്ലാത്തവരും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്ക് അന്യരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്ന് ഓർത്തുകൊൾവിൻ. മുമ്പേ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുയേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായിത്തീർന്നു" (എഫെസ്യർ 2:11-13). ഇത് എഫെസൊസുകാരുടെ അവസ്ഥ മാത്രമല്ല, ഭൂമിയിലെ സകല ജാതികളുടെയും അവസ്ഥയാണ്. നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും എന്ന് അബ്രഹാമിനോട് വാഗ്ദത്തം ചെയ്തതിൻ പ്രകാരം യിസ്രായേലിന് ദൈവം സുവിശേഷം ഏല്പിച്ചു കൊടുത്തു. അത് അവർക്കുവേണ്ടി മാത്രം ആയിരുന്നില്ല; ലോകത്തിന് പങ്കുവെയ്ക്കുവാൻ വേണ്ടി ആയിരുന്നു.

എന്നാൽ ജാതികളെ യിസ്രായേൽ വളരെ പുച്ഛമായി എണ്ണിയിരുന്നു. ജാതികളെ നായ്ക്കൾ എന്നുപോലും യിസ്രായേൽ കണ്ടിരുന്നു. ഈ മനോഭാവത്തെ ഉൾക്കൊള്ളിച്ചു കൊണ്ടാണ് കനാന്യ സ്ത്രീയോട് കർത്താവ് പറയുന്നത്: "മക്കളുടെ അപ്പം എടുത്ത് നായ്ക്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നതു നന്നല്ല" എന്ന്. ദൈവം ദർശനം കൊടുത്തതു കൊണ്ട് മാത്രമാണ് പത്രൊസ് കൊർന്നെല്ല്യോസിന്റെ ഭവനത്തിൽ പോയത്. യേശു ശമര്യക്കാരത്തിയായ സ്ത്രീയോട് സംസാരിക്കുന്നത് കണ്ടപ്പോൾ ശിഷ്യൻമാർ ആശ്ചര്യപ്പെട്ടുപോയതും യഹൂദന്മാർക്ക് മറ്റുള്ളവരോടുള്ള നീചമനോഭാവം നിമിത്തമായിരുന്നു. ചുരുക്കത്തിൽ യിസ്രായേലിനും ജാതികൾക്കും തമ്മിൽ സഖ്യതക്കു പകരം ശത്രുത്വം ഉണ്ടായിരുന്നു എന്നു പറയാം. ഈ പശ്ചാത്തലത്തിലാണ് എഫെസ്യർ 2:14 എഴുതിയിരിക്കുന്നത്. "അവൻ ഇരുപക്ഷത്തെയും" എന്ന് പറയുന്നത് യഹൂദനെയും ജാതികളെയും അർത്ഥമാക്കിയാണ്. ഇരുകൂട്ടർക്കും മദ്ധ്യേ ഉണ്ടായിരുന്ന ശത്രുത്വം ചട്ടങ്ങളും കല്പനകളും ന്യായപ്രമാണങ്ങളുമായിരുന്നു എന്ന് അപ്പൊസ്തലൻ പറയുന്നു. പത്തു കല്പനയായിരുന്നുവോ ജാതികൾക്കും യഹൂദന്മാർക്കും തമ്മിൽ ഉള്ള ശത്രുത്വത്തിന്റെ കാരണം? മോശെയുടെ ന്യായപ്രമാണമായിരുന്നുവോ

ശത്രുത്വത്തിന്റെ കാരണം? മനുഷ്യർ തമ്മിൽ ശത്രുത്വം ഉളവാക്കുന്ന ഒരു കാര്യം പോലും സമാധാനത്തിന്റെ ദൈവം തന്നിട്ടില്ല എന്ന് വിശ്വസിക്കുവാൻ സാധിക്കുമെങ്കിൽ പത്തു കല്പനയെയും മോശെയുടെ ന്യായപ്രമാണത്തെയും പഠന വിഷയത്തിൽ നിന്നും ഒഴിവാക്കുവാൻ സാധിക്കുന്നതാണ്.

ഒരിക്കൽ യെരുശലേം ദൈവാലയത്തിൽ വെച്ചിരുന്നതും, 1871–ൽ കണ്ടുകിട്ടിയതുമായ ഒരു രേഖ ഇപ്രകാരം വായിക്കുന്നു: "Let no foreigner enter within the barrier and enclosing wall about the Temple. But whoever may be caught shall be responsible for his own death that will follow." (SDA Bible Commentary Vol. 5 P 67) ദൈവത്തെ ആരാധിക്കുവാൻ വന്നിരുന്ന ജാതികളുടെ മേൽ യെഹൂദന്മാർ ഇപ്രകാരമുള്ള ചട്ടങ്ങൾ ചുമത്തിയിരുന്നു. ഇതിനെയാണ് “വേർപാടിന്റെ നടുച്ചുവർ” എന്ന് അപ്പൊസ്തലൻ പറയുന്നത്. അക്ഷരീകമായ ചുവരിനു പുറമേ മാനുഷീകമായി സൃഷ്ടിച്ച സാമൂഹികമായ മറ്റ് പല നിയമങ്ങളും യെഹൂദന്മാർ ജാതികളുടെ മേൽ ചുമത്തിയിരുന്നു. സ്നേഹനിധിയായ ദൈവത്തിങ്കലേക്ക് ജനത്തെ ആകർഷിക്കുന്നതിനു പകരം ബാഹ്യലോകത്തെ യെഹൂദന്മാർ അകറ്റിനിർത്തിയിരുന്നു. ഈ വക ചട്ടങ്ങളെയും നിയമങ്ങളെയും എല്ലാം ചേർത്താണ് വേർപാടിന്റെ നടുച്ചുവർ എന്ന് അപ്പൊസ്തലൻ അർത്ഥമാക്കുന്നത്. കർത്താവായ യേശുക്രിസ്തു വന്ന് ഈ നടുച്ചുവർ ഇടിച്ചുകളഞ്ഞു. അപ്പൊസ്തലനായ പൗലൊസ് ഗലാത്യർക്കെഴുതിയ ലേഖനത്തിൽ സാമൂഹിക ബന്ധത്തെ സംബന്ധിച്ച് പറയുന്നത്: “ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. അതിൽ യെഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല; ആണും പെണ്ണും എന്നില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ” (ഗലാത്യർ 3:27, 28). ഈ പൗലൊസ് തന്നെയാണ് എഫെസൊസിലെ സഭയോട് പറയുന്നത് അവൻ ഇരുപക്ഷത്തെയും “ഒന്നാക്കി” എന്ന്.

പുറത്തെ പ്രാകാരത്തിൽ വരെ മാത്രമേ ജാതികൾക്ക് പ്രവേശനം ഉണ്ടായിരുന്നുള്ളു. വേർപാടിന്റെ അക്ഷരികമായ ഭിത്തി കടന്ന് അകത്ത് പ്രവേശിക്കുന്നവന് മരണ ശിക്ഷ യഹൂദന്മാർ കല്പിച്ചിരുന്നു. അങ്ങനെ യിസ്രായേലിനെയും ജാതികളെയും തമ്മിൽ വേർതിരിച്ചിരുന്ന വേർപാടിന്റെ നടുച്ചുവരിനെ നിലനിർത്തിയിരുന്ന പല നിയമങ്ങളെയാണ് ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന് അപ്പൊസ്തലൻ പറ

യുന്നത്. ഇരുപക്ഷക്കാർക്കും തമ്മിൽ സമാധാനം ഇല്ലായിരുന്നു. എന്നാൽ വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളകയും, കർത്താവ് ക്രൂശിൽ മരിക്കയും ചെയ്തപ്പോഴാണ് ശത്രുത്വം നീങ്ങിപ്പോയത്. ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന് പറയുന്നത് പത്തുകല്പനയെ സംബന്ധിച്ചല്ല. ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കു ഉണ്ടാകരുത് എന്നതാണ് ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന് കരുതുക. കർത്താവായ യേശുക്രിസ്തു വന്ന് തന്റെ ശരീരയാഗത്താൽ ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കു ഉണ്ടാകരുത് എന്ന ന്യായപ്രമാണം നീക്കിക്കളഞ്ഞാൽ ജാതികൾക്കും യിസ്രായേലിനും മദ്ധ്യേ സമാധാനം ഉണ്ടാകുമോ? അന്യദൈവങ്ങളെ ആരാധിക്കുന്നു എന്നതാണ് ജാതികളുടെ കുഴപ്പം. ആ നിയമം കർത്താവ് തന്റെ ശരീരയാഗത്താൽ നീക്കി എങ്കിൽ ജാതികൾ എന്തിന് ക്രിസ്ത്യാനികളാകണം? “കൊല ചെയ്യരുത്” എന്ന ന്യായപ്രമാണം കർത്താവിന്റെ ശരീരയാഗത്താൽ നീക്കിക്കളഞ്ഞു എങ്കിൽ കൊലപാതകൻ എന്തിന് മാനസാന്തരപ്പെടണം? പത്തു കല്പന ഉൾക്കൊള്ളാത്ത സുവിശേഷം ശത്രുവിന്റെ ചതിയാണ്. ഒരു വിഗ്രഹം ഉണ്ടാക്കരുത്... അവയെ നമസ്ക്കരിക്കയോ സേവിക്കുകയോ ചെയ്യരുത്... എന്ന ന്യായപ്രമാണം ക്രിസ്തുമതത്തിന് ശത്രുത്വമായിരുന്നു എങ്കിൽ, അത് ക്രിസ്തുവിന്റെ ശരീരയാഗത്താൽ നീക്കിക്കളഞ്ഞു എങ്കിൽ, വിഗ്രഹാരാധനക്കാരാകുന്ന ഹൈന്ദവരെ ക്രിസ്ത്യാനിത്വത്തിലേക്ക് ആഹ്വാനം ചെയ്യുന്നത് ബുദ്ധിഹീനതയാണ്. വിഗ്രഹാരാധന പാപമാണ് എന്ന് ക്രിസ്ത്യാനിത്വം പഠിപ്പിക്കുന്നതുകൊണ്ടാണല്ലോ വിഗ്രഹാരാധനക്കാർ അത് വിട്ട് ക്രിസ്ത്യാനിയാകുന്നത്. ക്രിസ്തു മതത്തിൽ വിഗ്രഹാരാധന തെറ്റല്ലെങ്കിൽ വിഗ്രഹാരാധനക്കാരൻ അത് വിട്ട് എന്തിന് മറ്റൊരു ആരാധനയുടെ ഭാഗമാകണം? “വ്യഭിചാരം ചെയ്യരുത്” എന്ന ന്യായപ്രമാണം ക്രിസ്തുമതത്തിന് ശത്രുത്വം ആകുന്നു എങ്കിൽ, ആ ന്യായപ്രമാണം ക്രിസ്തുവിന്റെ ശരീരയാഗത്താൽ നീക്കിക്കളഞ്ഞു എങ്കിൽ വ്യഭിചാരത്തിൽ ജീവിക്കുന്ന ഒരു വ്യക്തിയോട് ക്രിസ്തുമതം എന്ത് സുവിശേഷം അറിയിക്കും. വ്യഭിചാരം ചെയ്യുന്നവൻ വ്യഭിചാരം വിട്ട് മാനസാന്തരപ്പെടേണ്ട ആവശ്യം എന്താണ്? പത്തുകല്പനയായ ന്യായപ്രമാണം പുതിയ നിയമ സഭയ്ക്ക് ശത്രുത്വമാണ് എന്നും ക്രിസ്തുവിന്റെ ശരീരയാഗത്താൽ പത്തുകല്പന നീക്കി എന്നും ഉപദേശിക്കുന്നവർ ഹവ്വയെപ്പോലെ ലൂസിഫറിന്റെ ചതിയിൽ അകപ്പെട്ടിരിക്കുന്നു എന്ന് അറിയുന്നില്ല. പത്തുകല്പനകൾ ഓരോന്നായി പത്തും ഉൾക്കൊള്ളാത്ത സഭകളും അവരുടെ സുവിശേഷവും വ്യാജമാണ്.

## ദൈവത്തിന്റെ ന്യായപ്രമാണം വിശുദ്ധവും മാറ്റമില്ലാത്തതും

**“ആകയാൽ ന്യായപ്രമാണം വിശുദ്ധം; കല്പന വിശുദ്ധവും ന്യായവും നല്ലതും തന്നെ” (റോമർ 7:12).** എഫെസ്യർ 2:14–ൽ ന്യായപ്രമാണം എന്ന ശത്രുത്വം എന്ന് എഴുതിയ പൗലൊസ് അതേ ന്യായപ്രമാണത്തെ സംബന്ധിച്ച് ന്യായപ്രമാണം വിശുദ്ധം എന്നും കല്പന വിശുദ്ധവും ന്യായവും നല്ലതും എന്ന് റോമിലുള്ള വിശ്വാസികളോട് പറയുക എന്നത് സാദ്ധ്യമല്ല. നാം സൂക്ഷ്മതയോടും താഴ്മയോടും പ്രാർത്ഥനയോടും കൂടെ വചനം പഠിക്കേണ്ടതാണ് എന്നുള്ളത് സംശയമില്ലാത്ത വസ്തുതയാണ്.

വിശുദ്ധം എന്ന് പറയുന്ന എല്ലാ കാര്യങ്ങളും ദൈവത്തിന്റേതാണ് എന്നൊരു പൊതുതത്വം തിരുവചനത്തിൽ കാണുന്നു. ദശാംശം ദൈവത്തിന്റേത് ആയതുകൊണ്ട് വിശുദ്ധം എന്ന് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (ലേവ്യ. 27:30). ദൈവത്തിന്റെ സാന്നിദ്ധ്യം ഉള്ള സ്ഥലത്തെ വിശുദ്ധം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു (പുറ. 3:5). മറ്റെല്ലാ മനുഷ്യരിൽ നിന്നും യിസ്രായേലിനെ ദൈവം വേർതിരിച്ച് തന്റെ ശുശ്രൂഷയ്ക്കായിട്ട് എടുത്തതുകൊണ്ട് യിസ്രായേലിനെ വിശുദ്ധജനം എന്നു വിളിക്കുന്നു (പുറ. 19:6). ദൈവാലയം ദൈവത്തിന്റെ വാസസ്ഥലമായതുകൊണ്ട് ദൈവാലയത്തെ വിശുദ്ധം എന്ന് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (ലേവ്യ. 6:29). ആഴ്ചവട്ടത്തിന്റെ, മറ്റെല്ലാ ദിവസങ്ങളിൽനിന്നും, ഏഴാം ദിവസത്തെ ദൈവത്തിന്റെ ആരാധനയ്ക്കായിട്ട് വേർതിരിച്ചിരിക്കുന്നതുകൊണ്ട് ഏഴാംദിന ശബ്ബത്തിനെ ദൈവം വിശുദ്ധം എന്നു വിളിക്കുന്നു (പുറ. 20:8). ന്യായപ്രമാണം ദൈവത്തിന്റെ വിശുദ്ധിയെ ഘോഷിക്കുന്നതുകൊണ്ട് ന്യായപ്രമാണത്തെ വിശുദ്ധം എന്ന് പൗലൊസ് പറയുന്നു (റോമർ. 7:12). പത്ത് കല്പന വിശുദ്ധമായതുകൊണ്ട് അത് ദൈവാലയത്തിലെ അതിവിശുദ്ധസ്ഥലത്ത് സൂക്ഷിച്ചിരുന്നു (എബ്രായർ 9:3–5).

ഇപ്രകാരം വിശുദ്ധമായ ന്യായപ്രമാണം നമുക്ക് ശത്രുത്വമല്ല. ശത്രുത്വം ലൂസിഫറിന്റെ പദ്ധതിയാണ്. ദൈവത്തിന്റെ ശത്രുവാകുന്ന ലൂസിഫർ ദൈവത്തിന്റെ ന്യായപ്രമാണത്തെ തെറ്റിദ്ധരിപ്പിച്ച് മനുഷ്യരെക്കൊണ്ട് പാപം ചെയ്യിക്കുന്നു. “പാപമോ അവസരം ലഭിച്ചിട്ട് കല്പനയാൽ എന്നിൽ സകലവിധ മോഹത്തെയും ജനിപ്പിച്ചു; ന്യായപ്രമാണം കൂടാതെ പാപം നിർജ്ജീവമാകുന്നു” (റോമർ 7:8). ജഡമാണ് ശത്രുത്വം എന്ന് തിരുവചനം പറയുന്നു (റോമർ 8:7). ന്യായപ്രമാണം

ശത്രുത്വത്തിന്റെ ഭാഗമല്ല, ശത്രുത്വത്തിൽ പങ്കുവഹിക്കുന്നതുമില്ല, ന്യായ പ്രമാണം വിശുദ്ധമാണ്. അതുകൊണ്ട് എഫെസ്യർ 2:14-ൽ പറയുന്ന ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്നു പറയുന്നത് ദൈവ ത്തിന്റെ ന്യായപ്രമാണമല്ല. ശത്രുവിനാൽ മാനുഷികമായി രൂപം കൊള്ളുന്ന ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം എന്നാണ് ഗ്രഹിക്കേണ്ടത്. അതിന്റെ ഒരു ഉദാഹരണമാണ് വേർപാടിന്റെ നടുച്ചുവർ. നടുച്ചുവർ കെട്ടിപ്പടുത്തതിൽ ദൈവത്തിന് ഒരു പങ്കുമില്ല, അതുകൊണ്ട് കർത്താവ് അത് ഇടിച്ചുകളഞ്ഞു. ചട്ട ങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന് പൗലൊസ് എഴുതിയി രിക്കുന്നതുകൊണ്ട്, ചിലർ, അത് ദൈവത്തിന്റെ പത്തുകല്പനയാണ് എന്ന് വ്യാഖ്യാനിക്കുന്നു. അതുകൊണ്ട് ദൈവത്തിന്റെ മാറ്റമില്ലാത്ത വിശുദ്ധ കല്പന ഇന്നു മനുഷ്യൻ ത്യജിച്ച് പാപം ചെയ്തുകൊണ്ടിരി ക്കുന്നു.

വേർപാടിന്റെ ചുവർ മറികടന്ന് ജാതികൾ ദൈവാലയത്തിൽ പ്രവേ ശിച്ചാൽ അവർക്ക് മരണശിക്ഷ വിധിച്ചിരുന്നത് ദൈവമായിരുന്നില്ല. യഹൂദനും ജാതിക്കും തമ്മിൽ സഹകരണം നിഷേധിച്ചിരുന്നത് ദൈവത്തിന്റെ ന്യായപ്രമാണമായിരുന്നില്ല, അത് ശത്രുവിനാൽ മാനു ഷികമായി സൃഷ്ടിക്കപ്പെട്ട ന്യായപ്രമാണമായിരുന്നു. ആരെങ്കിലും മന്ദി രത്തെച്ചൊല്ലി സത്യം ചെയ്താൽ ഏതുമില്ലായെന്നും മന്ദിരത്തിലെ സ്വർണ്ണത്തെച്ചൊല്ലി സത്യം ചെയ്യുന്നവനോ കടക്കാരൻ (മത്തായി 23:16) എന്നുമുള്ള ന്യായപ്രമാണം ദൈവത്താൽ സ്ഥാപിതമായിരുന്നില്ല, തികച്ചും മാനുഷികമായിരുന്നു. “നിങ്ങളോ ഒരുത്തൻ അപ്പനോടെങ്കിലും അമ്മയോടെങ്കിലും: നിനക്ക് എന്നാൽ ഉപകാരമായി വരേണ്ടത് വഴി പാട് എന്നു പറഞ്ഞാൽ അവൻ അപ്പനെ ബഹുമാനിക്കേണ്ട എന്നു പറയുന്നു. ഇങ്ങനെ നിങ്ങളുടെ സമ്പ്രദായത്താൽ നിങ്ങൾ ദൈവവച നത്തെ ദുർബ്ബലമാക്കിയിരിക്കുന്നു” (മത്തായി 15:5-6). ഇപ്രകാരം ദൈവം അനുശാസിക്കാത്ത അനവധി ചട്ടങ്ങളും കല്പനകളും യഹൂദന്മാരുടെ മദ്ധ്യത്തിൽ നിലനിന്നിരുന്നു. ജാതികളെ സംബന്ധിച്ചും പല നിയമ ങ്ങൾ യഹൂദന്മാർക്കുണ്ടായിരുന്നു. ഈ നിയമങ്ങൾ വേർപാടിന്റെ നടു ച്ചുവരിനെ കെട്ടിപ്പൊക്കി. എന്നാൽ കർത്താവ് ഇരുപക്ഷത്തെയും ഒന്നാക്കി (എഫെസ്യർ 2:14). ക്രൂശിന്മേൽ വച്ച് ശത്രുത്വം ഇല്ലാതാക്കി, അതിനാൽ ഇരുപക്ഷത്തെയും ഏക ശരീരത്തിൽ ദൈവത്തോട് നിര പ്പിപ്പാനും തന്നെ എന്നുപറയുമ്പോൾ ശത്രുത്വം ഉണ്ടായിരുന്നത് യെഹൂ ദന്മാർക്കും ജാതികൾക്കും മദ്ധ്യത്തിലായിരുന്നു എന്നു മനസ്സിലാകുന്നു.

ക്രൂശിന്മേൽ വച്ച് ശത്രുത്വം ഇല്ലാതാക്കി എന്നു പറയുമ്പോൾ കർത്താവിന്റെ ശരീരയാഗമാണ് ശത്രുത്വം ഇല്ലാതാക്കിയതിന്റെ കാരണം എന്നും തെളിവാകുന്നു. ഇവിടെ പത്തുകല്പനയെ പ്രതിപാദിക്കുന്ന കാര്യം ഒന്നും കാണുന്നില്ല. യഹൂദന്മാരും ജാതികളും തമ്മിൽ ശത്രുത്വം ഉണ്ടായിരുന്നതുകൊണ്ട് വേർപാടിന്റെ നടുച്ചുവർ എന്നുപറയുന്നത് യെഹൂദന്മാരെയും ജാതികളെയും സംബന്ധിച്ചാണ്. ഇരുപക്ഷത്തെയും ഒന്നാക്കിയത് യെഹൂദന്മാരെയും ജാതികളെയും ആയതുകൊണ്ട് ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്നുപറയുന്നത് യെഹൂദന്മാരെയും ജാതികളെയും ഭിന്നിപ്പിച്ചിരുന്ന ന്യായപ്രമാണങ്ങളാണ്. ഇവിടെ പത്തുകല്പന ചർച്ചാവിഷയമേ അല്ല. ന്യായപ്രമാണം വിശുദ്ധം എന്ന് അപ്പൊസ്തലൻ പറയുന്നതുകൊണ്ട് എഫെസ്യർ 2:14-ലെ ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം എന്നുപറയുന്നത് പത്തുകല്പനയെ സംബന്ധിച്ചല്ല. കല്പന വിശുദ്ധവും ന്യായവും നല്ലതും എന്ന് അപ്പൊസ്തലൻ പറയുന്നതുകൊണ്ട് വിശുദ്ധമായത് ശത്രുത്വമല്ല, ന്യായമായത് ശത്രുത്വമല്ല. ദൈവം പറയുന്നത് ഒന്നും മനുഷ്യന് ശത്രുത്വമല്ല. കല്പന നല്ലതിനെയും, തീയതിനെയും തിരിച്ചറിയുന്നതിനുവേണ്ടി ദൈവം സ്വന്ത വിരൽകൊണ്ട് എഴുതിത്തന്ന വിശുദ്ധ ന്യായപ്രമാണമാണ്; അതായത് നമ്മെ ദൈവത്തോട് അടുപ്പിക്കുന്നതിനുള്ള സ്നേഹത്തിന്റെ പത്തു കല്പനകളാണ്. ഇത് നിത്യനിയമമാണ്. മാറ്റമില്ലാത്തതാണ്. മറ്റൊന്ന് കർത്താവിന്റെ ക്രൂശുമരണത്തിന്റെ പ്രതീകാത്മകമായ കർമ്മങ്ങളും ശിക്ഷകളും അടങ്ങിയ മോശൈക ന്യായപ്രമാണമാണ്. ഇതും ദൈവം കല്പിച്ചതും ഒരു പുസ്തകത്തിൽ മോശെ എഴുതിയതുമാണ്. ഇതിലെ നിഴലായ ആചാരങ്ങൾ യിസ്രായേലിനോടുകൂടി ആരംഭിച്ച് ക്രൂശിൽ അവസാനിക്കുന്നു. ക്രിസ്തു രക്ഷിതാവെന്ന അതിലെ തത്വം മാറ്റമില്ലാതെ ഇന്നും തുടരുന്നു.

## ന്യായപ്രമാണത്തിൻ കീഴിൽ

ന്യായപ്രമാണത്തിൻ കീഴിൽ എന്ന പ്രയോഗം ആശയക്കുഴപ്പം സൃഷ്ടിച്ചിട്ടുള്ളതുകൊണ്ട് വിഷയം ശ്രദ്ധയോടെ പഠിക്കേണ്ടിയിരിക്കുന്നു. റോമർക്കെഴുതിയ ലേഖനം, കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനം, ഗലാത്യർക്കെഴുതിയ ലേഖനം എന്നീ പുസ്തകങ്ങളിലായി "ന്യായപ്രമാണത്തിൻ കീഴിൽ" എന്ന പദപ്രയോഗം പന്ത്രണ്ടു പ്രാവശ്യം അപ്പൊ. പൗലോസ് ഉപയോഗിച്ചിരിക്കുന്നു. അവ ഓരോന്നായി പഠിക്കേണ്ടതാണ്.

| | | |
|---|---|---|
| റോമർ | 3:19 | 1 പ്രാവശ്യം |
| റോമർ | 6:14 | 1 പ്രാവശ്യം |
| റോമർ | 6:15 | 1 പ്രാവശ്യം |
| 1 കൊരിന്ത്യർ | 9:20 | 3 പ്രാവശ്യം |
| 1 കൊരിന്ത്യർ | 9:21 | 1 പ്രാവശ്യം |
| ഗലാത്യർ | 3:23 | 1 പ്രാവശ്യം |
| ഗലാത്യർ | 4:3,4 | 1 പ്രാവശ്യം |
| ഗലാത്യർ | 4:5 | 1 പ്രാവശ്യം |
| ഗലാത്യർ | 4:21 | 1 പ്രാവശ്യം |
| ഗലാത്യർ | 5:18 | 1 പ്രാവശ്യം |

**റോമർ 3:19 "ന്യായപ്രമാണം പറയുന്നതെല്ലാം ന്യായപ്രമാണത്തിൻ കീഴിലുള്ളവരോട് പ്രസ്താവിക്കുന്നു എന്നു നാം അറിയുന്നു. അങ്ങനെ ഏതു വായും അടഞ്ഞ് സർവ്വ ലോകവും ദൈവസന്നിധിയിൽ ശിക്ഷായോഗ്യമായി തീരേണ്ടതത്രേ".**

റോമർക്കെഴുതിയ ലേഖനം തുടക്കം മുതൽ വായിക്കുമ്പോൾ അപ്പൊ. പൗലൊസ് ലോകത്തെ രണ്ടായി തരം തിരിച്ചിരിക്കുന്നു എന്ന് കാണുവാൻ സാധിക്കുന്നു:

1. ന്യായപ്രമാണം ഇല്ലാതെ പാപം ചെയ്തവർ.
2. ന്യായപ്രമാണം ഉണ്ടായിട്ട് പാപം ചെയ്തവർ.

ന്യായപ്രമാണം ഇല്ലാതെ പാപം ചെയ്തവർ എന്നു പറയുന്നത് ന്യായപ്രമാണം രേഖാമൂലം എഴുതി ലഭിച്ചിട്ടില്ലാത്ത ജാതികൾ എന്നും, ന്യായപ്രമാണം ഉണ്ടായിട്ട് പാപം ചെയ്തവർ എന്നു പറയുന്നത് പ്രവാചകന്മാർ മുഖാന്തരം ന്യായപ്രമാണം ലഭിച്ചവർ എന്നുമാണ്. റോമർ ഒന്നാം അദ്ധ്യായത്തിൽ അപ്പൊസ്തലൻ പറയുന്നത് ന്യായപ്രമാണം ഇല്ലാത്ത ജാതികൾക്കും പ്രകൃതിയാൽ ഒരു പരിധിവരെ ദൈവം തന്റെ ന്യായപ്രമാണം വെളിപ്പെടുത്തിയിരിക്കുന്നു എന്നാണ്. "ദൈവത്തെക്കുറിച്ചു അറിയാകുന്നത് അവർക്ക് വെളിവായിരിക്കുന്നു. ദൈവം അവർക്ക് വെളിവാക്കിയല്ലോ. അവന്റെ നിത്യ ശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യ ലക്ഷണങ്ങൾ ലോക സൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടു വരുന്നു; അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിനു തന്നേ" (റോമർ 1:19,20). അങ്ങനെ യഹൂദന്മാർക്ക് എഴുതിയും ജാതികൾക്ക് പ്രകൃതി മുഖേനയും ദൈവം തന്റെ ന്യായപ്രമാണം വെളിപ്പെടുത്തിയിരിക്കുന്നു. ജാതികളും യഹൂദന്മാരും

ഒരുപോലെ ദൈവത്തോട് കടപ്പെട്ടവരാകുന്നു എന്ന് അപ്പൊസ്തലനായ പൗലൊസ് സ്ഥാപിക്കുന്നു. അതുകൊണ്ട് ദൈവത്തിന്റെ ന്യായ പ്രമാണത്തിന്റെ അധികാരം സർവ്വ മനുഷ്യരുടെ മേലും പടർന്നിരിക്കുന്നു. എല്ലാ മനുഷ്യരും പാപം ചെയ്തിരിക്കകൊണ്ട് എല്ലാ വായും അടഞ്ഞ് സർവ്വ ലോകവും ദൈവസന്നിധിയിൽ ശിക്ഷായോഗ്യരായിരിക്കുന്നു എന്നും അപ്പൊസ്തലൻ സ്ഥാപിക്കുന്നു. എല്ലാവർക്കും ഒരു രക്ഷിതാവിനെ ആവശ്യമായിരിക്കുന്നു എന്നാണ് അന്തിമമായി അപ്പൊസ്തലൻ പറയുന്നത്. റോമർ 3:19-ൽ **ന്യായപ്രമാണത്തിൻ കീഴിലുള്ളവരോട്** എന്നു പറഞ്ഞാൽ ദൈവത്തിന്റെ അധികാരത്തിൻ കീഴാകുന്ന സർവ്വ ലോകരോടും എന്നാണ് അർത്ഥമാകുന്നത്. ഇവിടെ ന്യായ പ്രമാണത്തിന് വിരോധമായി അപ്പൊ. പൗലൊസ് യാതൊന്നും പറയുന്നില്ല.

**റോമർ 6: 14, 15**

നിങ്ങൾ ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രേ അധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ. എന്നാൽ എന്ത്? ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രേ അധീനരാകയാൽ നാം പാപം ചെയ്ക എന്നോ? ഒരുനാളും അരുത്.

രക്ഷ പ്രാപിക്കുവാൻ ഒരുവൻ ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിൽ ആശ്രയിക്കുന്നതിനെ ന്യായപ്രമാണത്തിന്റെ അധീനത എന്ന് അപ്പൊസ്തലൻ പറയുന്നു. മറ്റൊരുവൻ രക്ഷപ്രാപിക്കുവാൻ ക്രിസ്തുവിലും ക്രിസ്തുവിന്റെ കൃപയിലും ആശ്രയിക്കുന്നതിനെ കൃപയ്ക്ക് അധീനൻ എന്നും പറയുന്നു. **രക്ഷ പ്രാപിക്കുവാൻ ഒരുവൻ എവിടെ ആശ്രയിക്കണം എന്നുള്ളതാണ് അപ്പൊസ്തലന്റെ വിഷയം.** ലോകത്തിലുള്ള എല്ലാ മതങ്ങളെയും വിലയിരുത്തുമ്പോൾ ക്രിസ്ത്യാനിത്വം ഒഴികെ മറ്റെല്ലാ മതങ്ങളും പ്രവൃത്തിയാൽ ഉള്ള നീതീകരണം എന്ന തത്വത്തിൽ അധിഷ്ഠിതമാണ് എന്ന് മനസ്സിലാക്കാവുന്നതാണ്. ക്രിസ്ത്യാനിത്വത്തെയും കർമ്മം എന്ന മതത്തിൽ ചേർക്കുവാൻ സാത്താൻ പല ഉപാധികൾ ഉപയോഗിക്കുന്നു.

ദൈവത്തിന്റെ ജനമായിരുന്ന യിസ്രായേലിനെ "കർമ്മം" എന്ന മതത്തിൽ സാത്താൻ ചേർത്തു, ചുരുക്കം പേർ മാത്രമെ അതിൽ വീഴാതിരുന്നുള്ളു. പ്രവൃത്തിയാലുള്ള നീതീകരണം എന്ന മതത്തിന്റെ അടിസ്ഥാന തത്വം നാം നമ്മുടെ പ്രവൃത്തിയാൽ നമ്മെത്തന്നെ രക്ഷിക്കണം എന്നുള്ളതാണ്. അങ്ങനെയാകുമ്പോൾ ഒരു രക്ഷിതാവിന്റെ ആവശ്യം

ഇല്ലെന്ന് വരുന്നു. രക്ഷയുടെ തെറ്റായ ഉറപ്പു തരുന്ന വലിയ വഞ്ചന യാണ് ന്യായപ്രമാണത്താലുള്ള നീതീകരണം എന്ന വിശ്വാസം.

ദൈവം കല്പിച്ച യാഗവുമായി ഒരുവൻ ദൈവാലയത്തിലേക്ക് കടന്നു വരുമ്പോൾ ദൈവം അവനോട് ചോദിക്കുന്നത് "നിങ്ങൾ എന്റെ സന്നിധിയിൽ വരുമ്പോൾ എന്റെ പ്രാകാരങ്ങളെ ചവിട്ടുവാൻ ഇതുനി ങ്ങളോട് കല്പിച്ചതാർ?" (യെശ. 1:12). ദൈവത്തിന്റെ അർത്ഥവത്തായ ന്യായപ്രമാണത്തെ മനുഷ്യൻ വെറും കൈകളുടെ പ്രവൃത്തിയാക്കി മാറ്റിക്കളഞ്ഞു. അതുകൊണ്ട് ദൈവം പ്രവാചകനിൽക്കൂടി താക്കീത് കൊടുക്കുന്നത്: ഇനി നിങ്ങൾ വ്യർത്ഥമായ കാഴ്ച കൊണ്ടുവരരുത്." (യെശ. 1:13). ഇനി മേലാൽ യാഗം കഴിക്കരുത് എന്നല്ല യഹോവ പറ യുന്നത്. ദൈവത്തിന്റെ ന്യായപ്രമാണം വ്യർത്ഥമാണ് എന്നുമല്ല പ്രവാ ചകൻ പറയുന്നത്. നീതീകരണത്തിന് മശീഹായിലുള്ള വിശ്വാസം കല രാത്ത യാഗം കഴിക്കരുത് എന്നാണ് പറയുന്നത്.

യാഗം മനുഷ്യൻ വ്യർത്ഥമാക്കിക്കളഞ്ഞതുപോലെ മറ്റൊരു ഉദാ ഹരണമാണ് പരിച്ഛേദന. "അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു, അത് അവന് നീതിയായി കണക്കിട്ടു എന്നുണ്ടല്ലോ. അതുകൊണ്ട് വിശ്വാ സികളാണ് അബ്രഹാമിന്റെ മക്കൾ എന്ന് അറിയുവിൻ" (ഗലാത്യർ 3:6-7). വിശ്വാസത്താലുള്ള നീതീകരണത്തിന്റെ അടയാളമായിട്ട് മാത്രം ആയിരിക്കേണ്ടുന്ന പരിച്ഛേദന യിസ്രായേൽ രക്ഷയ്ക്ക് ആധാരമാക്കി മാറ്റിക്കളഞ്ഞു. പരീശ പക്ഷത്തുനിന്നും ക്രിസ്ത്യാനികൾ ആയി ത്തീർന്നവർ പരിച്ഛേദനയിൽ തുടർന്ന് വിശ്വസിച്ചു. ജാതികളിൽനിന്നും ക്രിസ്ത്യാനികൾ ആകുന്നവർ പരിച്ഛേദന ഏൽക്കണം എന്ന് അവർ നിർബ്ബന്ധിക്കയും ചെയ്തു. ഈ വാദഗതികൾ പരിച്ഛേദനക്കാർ മറ്റു സഭകളിലേക്കും പ്രചരിപ്പിച്ചു. ഈ സാഹചര്യത്തെ അടിസ്ഥാനമാക്കി യാണ് അപ്പൊസ്തലൻ പറയുന്നത്: നിങ്ങൾ ന്യായപ്രമാണത്തിന്റെ അധീനതയിൽ അല്ല. ന്യായപ്രമാണം ആകമാനം ഉൾക്കൊള്ളിച്ചു കൊണ്ട് നിങ്ങൾ ന്യായപ്രമാണം അനുസരിക്കേണ്ട എന്ന് അപ്പൊസ്ത ലൻ പറയുന്നില്ല. രക്ഷ പ്രാപിക്കുവാൻ ന്യായപ്രമാണത്തിന് അധീന രാകരുത് എന്നാണ് പറയുന്നത്.

മുമ്പ് സൂചിപ്പിച്ചതുപോലെ ക്രിസ്ത്യാനി ആയിത്തീരുന്നതിനുമുമ്പ് പൗലൊസ് ന്യായപ്രമാണത്തെ സംബന്ധിച്ചിടത്തോളം വളരെ ശുഷ്ക്കാന്തി ഉള്ളവനായിരുന്നു. അന്ന് അവൻ ക്രിസ്തീയ സഭയെ ഉപദ്രവിക്കുന്നവനായിരുന്നു. എന്നാൽ ദമസ്ക്കോസിലേക്കുള്ള യാത്രാമദ്ധ്യേ വിശ്വാസത്താലുള്ള നീതീകരണമെന്ന പാഠം ക്രിസ്തു

വിൽനിന്നും നേരിട്ടു പഠിച്ചു. അതിനുശേഷം ന്യായപ്രമാണത്തോടുള്ള മനോഭാവത്തിന് മാറ്റം വന്നു. **അന്ന് പൗലൊസിന് ന്യായപ്രമാണം ഉണ്ടായിരുന്നു എന്നാൽ ക്രിസ്തു ഉണ്ടായിരുന്നില്ല.** യിസ്രായേലിന്റെ വീഴ്ചയുടെ കാരണം അപ്പൊ. പൗലൊസിന് കാണുവാൻ കഴിഞ്ഞു. ക്രിസ്തുവിനെ കാണുവാൻ ദൈവം ഏർപ്പാട് ചെയ്ത ന്യായപ്രമാണം ക്രിസ്തുവിനെ കൂടാതെ ഉള്ളതായി തീർന്നത് എങ്ങനെയാണ് എന്നുള്ളതിൽ അതിശയം തോന്നിയേക്കാം. ഇതു സാത്താന്റെ വഞ്ചനയാണ് എന്നുള്ളതല്ലാതെ വേറെ ഒരു ഉത്തരവും അവശേഷിക്കുന്നില്ല.

ന്യായപ്രമാണത്താലുള്ള നീതീകരണം എന്നും വിശ്വാസത്താലുള്ള നീതീകരണം എന്നും രണ്ടു പരസ്പര വിരുദ്ധങ്ങളായ തത്വങ്ങളെ അപ്പൊസ്തലൻ റോമർക്കെഴുതിയ ലേഖനത്തിലും ഗലാത്യർക്കെഴുതിയ ലേഖനത്തിലും പ്രതിപാദിക്കുന്നു. അതിന്റെ ധ്വനിയാണ് റോമർ 6:14-15 എന്നീ വാകൃങ്ങളിൽ കേൾക്കുന്നത്. ന്യായപ്രമാണമല്ല അപ്പൊസ്തലന്റെ വിഷയം. നീതീകരണത്തിന് ഒരുവൻ എവിടെ ആശ്രയം കണ്ടെത്തണം എന്നുള്ളതാണ് ചർച്ചയുടെ അടിസ്ഥാനം. ഇന്ന് ചിലർ ന്യായപ്രമാണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതുകൊണ്ട് തെറ്റിദ്ധാരണകൾ ഉടലെടുത്തിരിക്കുന്നു. നീതീകരണത്തിനായി ന്യായപ്രമാണത്തിൽ ആശ്രയിക്കുന്നവർക്ക് നീതീകരണം ലഭിക്കുന്നില്ല; കാരണം മനുഷ്യന്റെ പാപത്തെ ന്യായപ്രമാണം ക്ഷമിക്കുന്നില്ല. ശിക്ഷ വിധിക്കുന്ന ന്യായപ്രമാണത്തിന് മനുഷ്യനെ രക്ഷിക്കുവാൻ സാദ്ധ്യമല്ല, അതിനായിട്ടല്ല ദൈവം ന്യായപ്രമാണം രൂപീകരിച്ചത്. **ഒരുവൻ ക്രിസ്തുവിന്റെ കൃപയെ സമീപിക്കയും കൃപയ്ക്ക് അധീനനായി തീരുകയും ചെയ്യുമ്പോൾ പാപം ക്ഷമിച്ചുകിട്ടുന്നതുകൊണ്ട് ന്യായപ്രമാണത്തിന് അവന്റെ മേൽ ശിക്ഷ നടപ്പാക്കുവാൻ സാദ്ധ്യമല്ല എന്നാണ് റോമർ 6:14-15 എന്നീ വാകൃങ്ങളിൽ അപ്പൊസ്തലൻ പറയുന്നത്. ഈ അവസ്ഥയെയാണ് ന്യായപ്രമാണത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിച്ച അവസ്ഥ എന്നും അപ്പൊസ്തലൻ വിവരിക്കുന്നത്.** രക്ഷയ്ക്ക് ന്യായപ്രമാണത്തിന്റെ അനുസരണത്തെ ആശ്രയിക്കുന്നവരെ ന്യായപ്രമാണത്തിന്റെ അടിമകൾ എന്ന് അപ്പൊസ്തലൻ വിശേഷിപ്പിക്കുന്നു.

സ്വാതന്ത്ര്യത്തിനായിട്ട് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി. ആകയാൽ അതിൽ ഉറച്ച് നിൽക്കുവിൻ, അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്. നിങ്ങൾ പരിച്ഛേദന ഏറ്റാൽ ക്രിസ്തുവിനെക്കൊണ്ട് നിങ്ങൾക്ക് ഒരു പ്രയോജനവുമില്ലെന്ന് പൗലൊസായ ഞാൻ നിങ്ങ

ളോടു പറയുന്നു" (ഗലാത്യർ 5:1-2). ദൈവം മനുഷ്യന് അടിമനുകം നൽകിയില്ല. ദൈവത്തിന്റെ രക്ഷാപദ്ധതിയെ സാത്താൻ അടിമനുകം ആക്കിത്തീർത്തതാണ്. അതുകൊണ്ട് പൗലൊസ് പറയുന്നു: "നിങ്ങൾ ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രെ അധീനരായിരിക്കയാൽ" എന്ന്. പൗലൊസ് ഒരുകാലത്ത് ക്രിസ്തുവിനെ കൂടാതെ ന്യായപ്രമാണത്തിന്റെ അധീനതയിലും അടിമത്വത്തിലും ആയിരുന്നു. ഭയാനകമായ തന്റെ കഴിഞ്ഞകാല അനുഭവം ഗലാത്യ സഭകളോടും റോമിലുള്ള സഭയോടും കൊരിന്തിലുള്ള സഭയോടും പങ്കു വയ്ക്കുകയും അവർക്ക് താക്കീത് കൊടുക്കയും ചെയ്യുന്നു. കർമ്മത്താലുള്ള രക്ഷ എന്ന തത്വമാണ് "ന്യായപ്രമാണത്തിൻ കീഴിൽ" എന്ന പദപ്രയോഗത്തിൽ നിക്ഷിപ്തമായിരിക്കുന്നത്.

ന്യായപ്രമാണം അനുസരിക്കണമോ വേണ്ടയോ എന്നത് അപ്പൊസ്തലന്റെ വിഷയമേ അല്ല. രക്ഷയ്ക്ക് ന്യായപ്രമാണത്തിൽ ആശ്രയിക്കുന്നതാണ് അപ്പൊസ്തലന്റെ ചർച്ചാവിഷയം. ന്യായപ്രമാണത്തെ സംബന്ധിക്കുന്ന പ്രസ്താവനകളെ തെറ്റിദ്ധരിച്ചിരിക്കുന്നതുകൊണ്ട് പൗലൊസിന്റെ ലേഖനങ്ങളെ ആസ്പദമാക്കി ന്യായപ്രമാണം നീങ്ങിപ്പോയി എന്ന് ഉപദേശിക്കുന്നതും വിശ്വസിക്കുന്നതും സാത്താന്റെ ചതിയാണ്. സാത്താന്റെ ചതികളെല്ലാം മരണത്തെ ഉളവാക്കുന്നവയാണ്. ന്യായപ്രമാണങ്ങൾ അനുശാസിക്കുന്ന എല്ലാ കാര്യങ്ങളും അനുസരിച്ചാൽ നീതി പ്രാപിക്കാം എന്ന് ചിലർ വിശ്വസിച്ചു. അവരെ ന്യായപ്രമാണത്തിന്റെ അധീനതയിൽ ഉള്ളവർ എന്നും ന്യായപ്രമാണത്തിൻ കീഴിലുള്ളവർ എന്നും ന്യായപ്രമാണത്തിന്റെ അടിമകൾ എന്നും പൗലൊസ് സംബോധന ചെയ്യുന്നു. ഇപ്രകാരമുള്ള മനോഭാവത്തെ തിരുത്തുന്ന പ്രസ്താവനയാണ്: നിങ്ങൾ ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രേ അധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ (റോമർ 6:14) എന്ന വാക്യം. ആശയക്കുഴപ്പം ഒന്നും ഉണ്ടാകാതിരിക്കുവാൻ റോമർ 6:15-ൽ ഇങ്ങനെ പറയുന്നു "ആകയാൽ ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രേ അധീനരാകയാൽ പാപം ചെയ്ക എന്നോ? ഒരുനാളും അരുത്." കൃപയ്ക്ക് അധീനരായവർ ന്യായപ്രമാണം ലംഘിച്ച് പാപം ചെയ്ക എന്നോ ഒരുനാളും അരുത് എന്ന് അപ്പൊസ്തലൻ വളരെ വ്യക്തമായി പറയുന്നു. അതുകൊണ്ട് ന്യായപ്രമാണം അനുസരിക്കണം, എന്നാൽ ന്യായപ്രമാണത്തിൽ ആശ്രയിക്കരുത് എന്ന് അപ്പൊസ്തലൻ അർത്ഥമാക്കുന്നു എന്നാണ് നാം മനസ്സിലാക്കേണ്ടത്.

**1 കൊരിന്ത്യർ 9:20**

**"യെഹൂദന്മാരെ നേടേണ്ടതിന് ഞാൻ യെഹൂദന്മാർക്ക് യെഹൂദനെപ്പോലെയായി. ന്യായപ്രമാണത്തിൻ കീഴുള്ളവരെ നേടേണ്ടതിന് ഞാൻ ന്യായപ്രമാണത്തിൻ കീഴുള്ളവനല്ല എങ്കിലും ന്യായപ്രമാണത്തിൻ കീഴുള്ളവർക്ക് ന്യായപ്രമാണത്തിൻ കീഴുള്ളവരെപ്പോലെയായി."**

ഒരുവനെ നേടേണ്ടതിന് അവനെപ്പോലെ ആയിത്തീരുക എന്നത് ഒരു ദൈവശാസ്ത്രമാണ് എന്നു പറയാം. മനുഷ്യനെ രക്ഷിക്കുവാൻ ദൈവം മനുഷ്യാവതാരം ചെയ്തു. അങ്ങനെ ദൈവപുത്രൻ മനുഷ്യപുത്രനായിത്തീർന്നു. അതുപോലെ പൗലൊസും താൻ ന്യായപ്രമാണത്തിൻ കീഴുള്ളവനല്ല എങ്കിലും മനസ്സാക്ഷിക്ക് ഭംഗം വരാതെ ന്യായപ്രമാണത്തിൻ കീഴുള്ളവരെപ്പോലെ ചിലപ്പോഴൊക്കെ പെരുമാറി. അതു ന്യായപ്രമാണത്തിൻ കീഴുള്ളവരെ അതിൽനിന്നും വിടുവിക്കുവാനായിരുന്നു എന്ന് എടുത്തു പറയേണ്ടതില്ലല്ലോ.

അപ്പൊ. പൗലൊസ് താൻ ന്യായപ്രമാണത്തിൻ കീഴുള്ളവനല്ല എന്ന് പറയുന്നതിന്റെ അർത്ഥം എന്താണ് എന്ന് മനസ്സിലാക്കുവാൻ സാധിച്ചാൽ തെറ്റിദ്ധാരണകൾ ഒഴിവാക്കുവാൻ സാധിക്കും. 1 കൊരി. 9:20-ാം വാക്യത്തിൽ താൻ ന്യായപ്രമാണത്തിൻ കീഴുള്ളവനല്ല എന്ന് പറഞ്ഞിട്ട് 21-ാം വാക്യത്തിൽ പറയുന്നു താൻ ദൈവത്തിനു ന്യായപ്രമാണമില്ലാത്തവൻ ആകാതെയും ക്രിസ്തുവിന് ന്യായപ്രമാണം ഉള്ളവനായിട്ടും തന്റെ ജീവിതം നയിക്കുന്നു എന്ന്. അപ്പൊസ്തലൻ ന്യായപ്രമാണം അനുസരിച്ച് ജീവിച്ചു എന്ന് താൻ തന്നെ സാക്ഷ്യം പറയുന്നു. "പൗലൊസോ: യെഹൂദന്മാരുടെ ന്യായപ്രമാണത്തോടാകട്ടെ ദൈവാലയത്തോടാകട്ടെ, കൈസരോടാകട്ടെ ഞാൻ ഒരു കുറ്റവും ചെയ്തിട്ടില്ലെന്ന് പ്രതിവാദിച്ചാറെ ആ കുറ്റങ്ങളെ തെളിയിപ്പാൻ അവർക്കു കഴിഞ്ഞില്ല" (അപ്പൊ. പ്രവൃ. 25:8). "മൂന്ന് ദിവസം കഴിഞ്ഞിട്ട് അവർ യെഹൂദന്മാരിൽ പ്രധാനികളായവരെ വിളിച്ചിട്ട് അവർ വന്നു കൂടിയപ്പോൾ അവരോടു പറഞ്ഞത്: സഹോദരന്മാരേ, ഞാൻ ജനത്തിനോ പിതാക്കന്മാരുടെ ആലോചനകൾക്കോ വിരോധം ഒന്നും ചെയ്തിട്ടില്ലാതിരിക്കെ എന്നെ യെരുശലേമിൽനിന്നു ബദ്ധനാക്കി റോമക്കാരുടെ കയ്യിൽ ഏല്പിച്ചു (അപ്പൊ. പ്രവൃ. 28:17).

അപ്പൊ. പൗലൊസ് ന്യായപ്രമാണം അനുസരിച്ച് ജീവിച്ചിട്ട് ഞാൻ ന്യായപ്രമാണത്തിൻ കീഴുള്ളവനല്ല എന്ന് പറയുന്നതിന്റെ കാരണം

അനുസരണത്തോടുള്ള മനോഭാവം കൊണ്ടാണ്. വിശ്വാസത്താലുള്ള നീതീകരണം എന്ന ദൈവശാസ്ത്രത്തിൽ വിശ്വസിച്ചിട്ടും പൗലൊസ് ന്യായപ്രമാണം അനുസരിച്ച് ജീവിച്ചു. **രക്ഷയ്ക്കും ന്യായപ്രമാണം അനുസരിക്കുന്നതിനും തമ്മിൽ ബന്ധം കല്പിച്ച് ന്യായപ്രമാണം അനുസരിക്കുന്നതിനെയാണ് ന്യായപ്രമാണത്തിൻ കീഴിൽ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്.** അതുകൊണ്ട് അപ്പൊസ്തലൻ പറയുന്നു ഞാൻ ന്യായപ്രമാണത്തിൻ കീഴുള്ളവനല്ല. ക്രിസ്തു പാപിയെ നീതീകരിക്കുന്നു എന്ന ദൈവവ്യവസ്ഥയുടെ സ്ഥാനത്ത് ന്യായപ്രമാണം അനുസരിച്ച് ജീവിച്ചാൽ രക്ഷ പ്രാപിക്കാമെന്ന് വിശ്വസിക്കുന്നതിനെയാണ് അപ്പൊസ്തലൻ ശാസിക്കുന്നത്. തെറ്റിദ്ധാരണമൂലം ഇന്നത്തെ ഉപദേഷ്ടാക്കന്മാർ മനുഷ്യൻ ദൈവത്തിന്റെ പത്തു കല്പന പോലും അനുസരിക്കേണ്ടതില്ലെന്ന് പഠിപ്പിക്കുകയും ജനം വിശ്വസിക്കുകയും ചെയ്യുന്നു. ഇത് വലിയ ചതിയാണ്. മനുഷ്യനെ പാപത്തിൽ സൂക്ഷിക്കുവാൻ അപ്പൊ. പൗലൊസിന്റെ ന്യായപ്രമാണത്തിൻ കീഴിൽ എന്ന പ്രസ്താവന സാത്താൻ മുഖാന്തരമാക്കുന്നു.

രക്ഷ പ്രാപിക്കുവാൻ കല്പന അനുസരിക്കുന്നവർ എല്ലാം ന്യായപ്രമാണത്തിൻ കീഴുള്ളവരാണ്. ശിശുക്കളെ മാമോദീസ തളിക്കുന്നവർ ന്യായപ്രമാണത്തിൻ കീഴുള്ളവരാണ്. എന്തിനാണ് ശിശുക്കളെ മാമോദീസാ എന്ന കർമ്മത്തിന് വിധേയരാക്കുന്നത് എന്ന് ചോദിച്ചാൽ ജന്മപാപം പോക്കാനാണ് എന്ന് മറുപടി സാധാരണ ലഭിക്കാറുണ്ട്. തന്നെയുമല്ല കുഞ്ഞ് മരിച്ചുപോയാൽ രക്ഷയുടെ കാര്യം എന്താകും എന്ന ചോദ്യത്തിന് മറുപടിയായി മാമോദീസാ തളിക്കുന്ന സഭകളും ഉണ്ട്. ശിശുക്കളുടെ മേൽ വെള്ളം തളിക്കുന്നതിന് വേദപുസ്തകത്തിൽ ഒരു തെളിവും ഇല്ല. ഈ വക വിശ്വാസക്കാർ ന്യായപ്രമാണത്തിൻ കീഴുള്ളവരാണ് എന്ന് തിരുവചനം അർത്ഥമാക്കുന്നു. പാപം പോക്കുവാനും രക്ഷപ്രാപിക്കുവാനും മനുഷ്യൻ ചെയ്യുന്ന ഏതു കർമ്മവും ന്യായപ്രമാണത്തിൻ കീഴിൽ എന്ന പദത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നു.

ദശാംശം കൊടുക്കാത്തവർ ദൈവത്തെ മോഷ്ടിക്കുന്നവരാണ്. മോഷ്ടാക്കൾ ദൈവരാജ്യം അവകാശമാക്കുകയില്ല. രക്ഷ പ്രാപിക്കുവാൻ മനുഷ്യൻ ചെയ്യുന്ന കർമ്മങ്ങളുടെ പട്ടികയിൽ ദശാംശം കൊടുക്കുന്നതിനെയും ഉൾപ്പെടുത്താം. അവരും ന്യായപ്രമാണത്തിൻ കീഴുള്ളവരാണ്. മുടങ്ങാതെ ഞായറാഴ്ച തോറും പള്ളിയിൽ പോകുന്ന ഒരുവനോട് എന്താണ് താങ്കൾ എല്ലാ ഞായറാഴ്ചയും പള്ളിയിൽ പോകുന്നത് എന്ന് ചോദിച്ചാൽ പള്ളിയിൽ പോകാത്തവർ രക്ഷ പ്രാപിക്ക

യില്ല എന്ന് പറയുന്നു എന്നിരിക്കട്ടെ. അയാളും ന്യായപ്രമാണത്തിൻ കീഴുള്ളവനാണ്. ഞായറാഴ്ച വിശുദ്ധ ദിവസമായിട്ട് ആചരിക്കുന്ന വർ ശബ്ബത്ത് വിശുദ്ധമായി ആചരിക്കുന്നവരെ ന്യായപ്രമാണക്കാർ എന്ന് പൊതുവെ വിരൽ ചൂണ്ടാറുണ്ട്. ഞായറാഴ്ച ആചാരം ന്യായ പ്രമാണത്തിൻ കീഴിലല്ല, ശബ്ബത്താചാരം ന്യായപ്രമാണത്തിൻ കീഴി ലാണു പോലും. വിശ്വാസലോകത്തെ വിലയിരുത്തിയാൽ ഇന്നും അനേ കർ ബോധവാന്മാരല്ലാതെ ന്യായപ്രമാണത്തിൻ കീഴിൽ അല്ലെങ്കിൽ ന്യായപ്രമാണത്തിന്റെ അടിമത്വത്തിൽ കഴിയുന്നു എന്ന് കാണുവാൻ സാധിക്കുന്നു. ന്യായപ്രമാണം നിഷ്ഠയായിട്ട് അനുസരിച്ചിരുന്ന അപ്പൊ. പൗലൊസ് ഞാൻ ന്യായപ്രമാണത്തിൻ കീഴുള്ളവനല്ല എന്ന് പറയു മ്പോൾ ന്യായപ്രമാണം അനുസരിക്കുന്നവർ എല്ലാവരും ന്യായപ്ര മാണത്തിൻ കീഴുള്ളവരല്ല എന്ന് തെളിവാകുന്നു. ന്യായപ്രമാണം അനുസരണത്തിനും രക്ഷയ്ക്കും തമ്മിൽ ബന്ധം കല്പിക്കുന്ന എല്ലാ വരും സഭാവ്യത്യാസം കൂടാതെ ന്യായപ്രമാണത്തിൻ കീഴുള്ളവരാണ്. **ഞാൻ ന്യായപ്രമാണത്തിൻ കീഴുള്ളവനല്ല എന്ന് പൗലോസ് പറ യുന്നതിന്റെ അർത്ഥം താൻ ന്യായപ്രമാണം അനുസരിക്കാതെ ജീവി ക്കുന്നു എന്നല്ല, പിന്നെയോ രക്ഷ പ്രാപിക്കുവാൻ ന്യായപ്ര മാണത്തിന്റെ പ്രവൃത്തിയിൽ ആശ്രയിക്കുന്നില്ല എന്നാണ്.** ന്യായ പ്രമാണത്തിൻ കീഴുള്ളവരെപ്പോലെ പരിച്ഛേദന ഏറ്റാൽ രക്ഷ ലഭിക്കും എന്ന് പൗലൊസ് വിശ്വസിച്ചില്ല എന്നാണ് ഞാൻ ന്യായപ്രമാണത്തിൻ കീഴുള്ളവനല്ല എന്ന് പറയുന്നതിന്റെ അർത്ഥം.

**ഗലാത്യർ 3:23–25**

**"വിശ്വാസം വരും മുമ്പെ നമ്മിൽ വെളിപ്പെടുവാനിരുന്ന വിശ്വാ സത്തിനായിക്കൊണ്ട് ന്യായപ്രമാണത്തിൻകീഴ് അടച്ച് സൂക്ഷിച്ചി രുന്നു. അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിനു ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്ക് നടത്തുവാൻ ശിശു പാലകനായി ഭവിച്ചു. വിശ്വാസം വന്നശേഷമോ ഇനി ശിശുപാല കന്റെ കീഴിലല്ല.**

പുതിയ നിയമ സഭ ന്യായപ്രമാണത്തിൻ കീഴിലല്ല എന്ന് സ്ഥാപി ക്കുവാൻ ഉപയോഗിക്കുന്ന മറ്റൊരു വേദഭാഗമാണ് ഇത്. മോശയുടെ ന്യായപ്രമാണത്തിൽ ക്രൂശിന്റെ നിഴലായിരുന്ന ആചാരങ്ങൾ പുതിയ നിയമ സഭ ആചരിക്കേണ്ടതില്ല എന്നത് തിരുവചനാധിഷ്ഠിതമാണ്. എന്നാൽ മോശെയുടെ ന്യായപ്രമാണത്തിന്റെ എല്ലാ ഭാഗങ്ങളും നിഴ ലായിരുന്നില്ല എന്ന് തിരുവചനം നമ്മെ ബോദ്ധ്യമാക്കുന്നു. ആകയാൽ

ജാതികളിൽനിന്നു ദൈവത്തിങ്കലേക്ക് തിരിയുന്നവരെ നാം അസഹ്യ പ്പെടുത്താതെ അവർ വിഗ്രഹ മാലിന്യങ്ങൾ, പരസംഗം, ശ്വാസം മുട്ടി ചത്തത്, രക്തം എന്നിവ വർജ്ജിച്ചിരിപ്പാൻ നാം അവർക്ക് എഴുതണ മെന്നു ഞാൻ അഭിപ്രായപ്പെടുന്നു (അപ്പൊ. പ്രവൃത്തികൾ 15:19–20). മോശെയുടെ ന്യായപ്രമാണത്തിന്റെ പല ഭാഗങ്ങളും പുതിയ നിയമ ത്തിലേക്ക് ആചാരമായി കടന്നു വന്നിരിക്കുന്നു എന്നത് നിഷേധിക്കാൻ ആകാത്ത സത്യമാണ്.

മോശെയുടെ ന്യായപ്രമാണത്തിൽ നിഴലായിരുന്ന ആചാരങ്ങൾ ക്രിസ്തുവിൽ നിറവേറിയതായി കാണുന്നതുകൊണ്ട് അവ ഇന്ന് ആചരിക്കാൻ പാടില്ലാത്തതാണ്. ഉദാഹരണമായി പറഞ്ഞാൽ: യാഗ ങ്ങൾ, ശുദ്ധീകരണ ആചാരങ്ങൾ, പൗരോഹിത്യം, ഉത്സവ ദിവസങ്ങൾ, പരിച്ഛേദന മുതലായവയാണ്. ഇവയ്ക്ക് സൽഗുണപൂർത്തി വരുത്തു വാനുള്ള കഴിവില്ലായിരുന്നു എന്നും അപ്പൊസ്തലൻ പറയുന്നു. **ന്യായ പ്രമാണം വരുവാനുള്ള നന്മകളുടെ നിഴൽ അല്ലാതെ കാര്യങ്ങളുടെ സാക്ഷാൽ സ്വരൂപമല്ലായ്ക കൊണ്ട് ആണ്ടുതോറും ഇടവിടാതെ കഴിച്ചുവരുന്ന അതേ യാഗങ്ങളാൽ അടുത്തുവരുന്നവർക്കു സൽഗു ണപൂർത്തി വരുത്തുവാൻ ഒരുനാളും കഴിവുള്ളതല്ല** (എബ്രായർ 10:1–2). എന്നാൽ ദൈവം കല്പിച്ചാക്കിയ പഴയ നിയമ നിഴലായ ആചാ രങ്ങൾക്ക് അതിന്റെ ദൗത്യം ഉണ്ടായിരുന്നു, അതിന് ഒരു കാലാവധിയും ദൈവം വച്ചിരുന്നു. ഈ സത്യമാണ് അപ്പൊ. പൗലൊസ് ഗലാത്യർക്കെ ഴുതിയ ലേഖനം 3:23–25 വരെയുള്ള വാക്യങ്ങളിൽ പ്രതിപാദിക്കുന്നത്. ഈ മൂന്ന് വാക്യങ്ങളെ വേർതിരിച്ച് ഭാഗം ഭാഗമായി പഠിക്കാം.

## വിശ്വാസം വരും മുമ്പെ – വിശ്വാസം വന്നശേഷം

“വിശ്വാസം വരും മുമ്പെ നമ്മിൽ വെളിപ്പെടുവാനിരുന്ന വിശ്വാസ ത്തിനായിക്കൊണ്ട്” എന്ന് പറയുമ്പോൾ അപ്പൊസ്തലൻ കാലത്തെ രണ്ടായി തിരിക്കുകയാണ്. മശീഹായാണ് കാലത്തെ രണ്ടായി തിരി ക്കുന്നത്. മശീഹാ വരും, പാപപരിഹാരം വരുത്തും എന്ന വിശ്വാസ ത്തോടെ യാഗങ്ങളും മറ്റ് ആചാരങ്ങളും പഴയനിയമ സഭ ആചരിച്ചി രുന്നു. ഇന്നു നമുക്ക് മനസ്സിലാകുന്നതുപോലെ പൂർണ്ണമായ ഒരു ചിത്രം അവർക്ക് ലഭിച്ചിരുന്നില്ല. മശീഹായുടെ കഷ്ടാനുഭവവും ക്രൂശ് മര ണവും, ഉയിർപ്പും, സ്വർഗ്ഗാരോഹണവും പഴയനിയമ സഭ പൂർണ്ണമായി ഗ്രഹിച്ചിരുന്നില്ല. “നിങ്ങൾക്ക് വരുവാനിരിക്കുന്ന കൃപയെക്കുറിച്ച് പ്രവ ചിച്ച പ്രവാചകന്മാർ ഈ രക്ഷയെ ആരാഞ്ഞ് അന്വേഷിച്ചിരുന്നു. അവ

രിലുള്ള ക്രിസ്തുവിൻ ആത്മാവ് ക്രിസ്തുവിന് വരേണ്ടിയ കഷ്ടങ്ങളെയും പിൻ വരുന്ന മഹിമയെയും മുമ്പിൽക്കൂട്ടി സാക്ഷീകരിച്ചപ്പോൾ സൂചിപ്പിച്ച സമയം ഏതോ എങ്ങനെയുള്ളതോ എന്ന് പ്രവാചകന്മാർ ആരാഞ്ഞു നോക്കി. തങ്ങൾക്കായിട്ടല്ല നിങ്ങൾക്കായിട്ടത്രെ തങ്ങൾ ആ ശുശ്രൂഷ ചെയ്യുന്നു എന്ന് അവർക്ക് വെളിപ്പെട്ടു. സ്വർഗ്ഗത്തിൽനിന്നു അയച്ച പരിശുദ്ധാത്മാവിനാൽ നിങ്ങളോട് സുവിശേഷം അറിയിച്ചവർ അത് ഇപ്പോൾ നിങ്ങളെ ഗ്രഹിപ്പിച്ചിരിക്കുന്നു. അതിലേക്ക് ദൈവദൂതന്മാരും കുനിഞ്ഞുനോക്കുവാൻ ആഗ്രഹിക്കുന്നു (1 പത്രൊസ് 1:10-12). രക്ഷാപദ്ധതിയുടെ പൂർണ്ണതയിലേക്ക് പഴയനിയമം ജനത്തെ നടത്തി. രക്ഷാപദ്ധതിയിൽ നാലായിരം വർഷത്തോളം ന്യായപ്രമാണം അതിന്റെ ദൗത്യം നിറവേറ്റി. അതുകൊണ്ട് അപ്പൊ. പൗലൊസ് പറയുന്നു **വെളിപ്പെടുവാനുള്ള വിശ്വാസത്തിനായിക്കൊണ്ട് എന്ന്. വിശ്വാസത്തിലധിഷ്ഠിതമായതാണ് ന്യായപ്രമാണം എന്ന് ഇവിടെ തെളിവാകുന്നു.**

**ന്യായപ്രമാണത്തിൻ കീഴ് അടച്ച് സൂക്ഷിച്ചിരുന്നു.**

കർത്താവായ യേശുവിന്റെ ഒന്നാമത്തെ വരവിനായിട്ട് ന്യായപ്രമാണം ജനത്തെ **"വിശ്വാസത്തിൽ സൂക്ഷിച്ചിരുന്നു"** എന്നാണ് അപ്പൊസ്തലനായ പൗലൊസ് പറയുന്നത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ വരുവാനിരുന്ന മശീഹായിലുള്ള വിശ്വാസത്തിൽനിന്നും പുറത്തു പോകാതെ ദൈവജനത്തെ ന്യായപ്രമാണം വിശ്വാസത്തിൽ സൂക്ഷിച്ചു. ന്യായപ്രമാണത്തിൻ കീഴിൽ ആയിരുന്നിടത്തോളം ജനത്തിന് രക്ഷയുടെ സുരക്ഷിതത്വം ഉണ്ടായിരുന്നു എന്നും പറയാം. ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ താല്ക്കാലിക ക്രമീകരണമായിരുന്നു ന്യായപ്രമാണം. എന്നാൽ പഴയനിയമക്കാർ, ന്യായപ്രമാണത്തെ തെറ്റിദ്ധരിച്ച് ന്യായപ്രമാണം അനുസരിച്ച് ന്യായപ്രമാണത്തെ തൃപ്തിപ്പെടുത്തിയാൽ രക്ഷ ലഭ്യമാകും എന്ന് വിശ്വസിച്ചു. അങ്ങനെ ദൈവത്തിന്റെ രക്ഷാപദ്ധതി അനുഭവിക്കുന്നതിന് തടസ്സമായി നിന്നത് മനുഷ്യർ തന്നെ.

**ക്രിസ്തുവിലേക്ക് നടത്തുന്ന ശിശുപാലകൻ**

ക്രിസ്തു വെളിപ്പെടുമ്പോൾ ക്രിസ്തുവിലുള്ള വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന് ന്യായപ്രമാണം ജനത്തെ സൂക്ഷിച്ചിരുന്നു എന്ന് 23-ാം വാക്യത്തിൽ ന്യായപ്രമാണത്തിന്റെ ദൗത്യത്തെപ്പറ്റി പറഞ്ഞിട്ട് വീണ്ടും 24-ാം വാക്യത്തിൽ വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന് ന്യായപ്രമാണം എപ്രകാരം പ്രവർത്തിക്കുന്നു എന്ന് ഉദാ

ഹരണത്തിൽ കൂടി തെളിയിക്കുന്നു. ഇതിനു മുമ്പ് ശിശുപാലകന്റെ ദൗത്യം വിവരിച്ചതായതുകൊണ്ട് ഇവിടെ വീണ്ടും ആവർത്തിക്കുന്നില്ല.

പ്രായപൂർത്തി ആയതിനുശേഷം ശിശുപാലകന്റെ ദൗത്യത്തിൽ നിന്നും ശിശു സ്വാതന്ത്ര്യം പ്രാപിക്കുന്നു. ഈ ഉദാഹരണത്തിൽ കൂടി തിരുവചനം ഒരു സത്യം നമ്മെ ഗ്രഹിപ്പിക്കുകയാണ്. മോശെയുടെ ന്യായപ്രമാണം, ജനം വിശ്വാസത്തിൽ ശിശുവായിരുന്നിടത്തോളം കാലം, ശിശുപാലകനായി ദൈവം തന്നിരുന്നു. മശീഹാ വരികയും ക്രൂശിൽ മരിക്കയും, ഉയിർത്തെഴുന്നേല്ക്കയും, സ്വർഗ്ഗാരോഹണം ചെയ്യുകയും, പരിശുദ്ധാത്മാവിനെ സഭയ്ക്ക് നൽകുകയും ചെയ്തതിനുശേഷം (വിശ്വാസത്തിന്റെ പ്രായപൂർത്തി ആയതിനുശേഷം) മോശെയുടെ ന്യായപ്രമാണത്തിന്റെ നിഴലായവയുടെ കീഴിലല്ല എന്ന് അപ്പൊസ്തലൻ പറയുന്നു. പരിശുദ്ധാത്മാവ് രക്ഷാപദ്ധതിയുടെ "സകല സത്യത്തിലേക്കും" വഴി നടത്തിയതിനുശേഷം ശിശുപാലകനായിരുന്ന മോശെയുടെ ന്യായപ്രമാണം രക്ഷയുടെ വഴികാട്ടിയല്ല എന്നാണ് അപ്പൊസ്തലൻ സ്ഥാപിക്കുന്നത്. വിശേഷിച്ചും പരിച്ഛേദന, ദിവസങ്ങളും, മാസങ്ങളും, കാലങ്ങളും, ആണ്ടുകളും പ്രമാണിക്കുക മുതലായവയാണ് ശിശുപാലകൻ എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. ഞാൻ നിങ്ങൾക്കുവേണ്ടി അദ്ധ്വാനിച്ചത് വെറുതെയായി എന്നു ഞാൻ ഭയപ്പെടുന്നു (ഗലാത്യർ 4:10-11). ഈവക ന്യായപ്രമാണങ്ങളെയാണ് ശിശുപാലകൻ എന്ന പദപ്രയോഗം കൊണ്ട് അപ്പൊസ്തലൻ അർത്ഥമാക്കുന്നത്.

പരിച്ഛേദനയാൽ രക്ഷ പ്രാപിക്കാം എന്നും ആചാര ദിവസങ്ങൾ ആചരിക്കുന്നതിനാൽ രക്ഷ സാദ്ധ്യമാകും എന്നും മറ്റ് ഏതു കർമ്മങ്ങൾ ആചരിച്ചാലും രക്ഷ സാദ്ധ്യമാകും എന്ന് ഒരു പദ്ധതിയും പഴയനിയമ കാലത്തുപോലും കർമ്മാചാരങ്ങളിൽ അടങ്ങിയിരുന്നില്ല. അത് മനുഷ്യന്റെ തെറ്റിദ്ധാരണകളായിരുന്നു. ദൈവം കല്പിച്ചാക്കിയ കർമ്മങ്ങൾ ആചരിക്കുന്നതിനാൽ രക്ഷ സാദ്ധ്യമാകുമായിരുന്നെങ്കിൽ മശീഹായുടെ വാഗ്ദത്തം ദൈവം നൽകേണ്ട ആവശ്യം തന്നെ ഇല്ല എന്നു വരും. എന്നാൽ ആചാരങ്ങളിൽ അടങ്ങിയിരുന്ന മൂല്യം മശീഹായുടെ ക്രൂശ് മരണത്തിലുള്ള വിശ്വാസം മാത്രമായിരുന്നു. മശീഹാ വരുന്നതുവരെ കർമ്മങ്ങൾ ജനത്തെ ക്രിസ്തുവിലേക്ക് നയിച്ചു. അതുകൊണ്ട് അപ്പൊസ്തലൻ പറയുന്നു ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്ക് നടത്തുവാൻ ശിശുപാലകനായി ഭവിച്ചു എന്ന്. പഴയനിയമ ആചാരങ്ങളിൽ അടങ്ങിയിരുന്ന മൂല്യം വിശ്വാസമായിരുന്നതുകൊണ്ട്

അപ്പൊസ്തലൻ പറയുന്നു: "വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ട തിന് ന്യായപ്രമാണം" എന്ന്. അതുകൊണ്ട് പഴയനിയമ കാലത്തും ക്രിസ്തുവിലുള്ള വിശ്വാസത്താൽ മാത്രമാണ് പഴയനിയമക്കാർക്ക് രക്ഷ വന്നിരുന്നത്. പഴയനിയമത്തെ ശിശുപാലകനോട് ഉപമിച്ചിരിക്കുന്നു.

## ശിശുപാലകന്റെ കീഴിലല്ല

ദൈവജനത്തെ അനുസരണക്കേടിലേക്ക് വീഴ്ത്തിയിരിക്കുന്ന ഒരു പദപ്രയോഗമാണ് **"ശിശുപാലകന്റെ കീഴിലല്ല"** എന്നത്. ശിശുപാല കൻ ന്യായപ്രമാണം ആകുന്നു എന്ന് ലേഖകൻ പറയുന്നതുകൊണ്ട് അത് സംശയവിഷയമല്ല. എന്നാൽ ഏത് ന്യായപ്രമാണമാകുന്നു എന്നത് അനേകർക്ക് തെളിവാകാത്തതുകൊണ്ട് വിഷയം സൂക്ഷ്മത യോടെ പഠിക്കേണ്ടതാണ്.

മോശെയുടെ ന്യായപ്രമാണം എന്ന ഒരു ന്യായപ്രമാണം ഉണ്ട് എന്നും അതിൽ തന്നെ ഒന്നിലധികം വകഭേദങ്ങൾ ഉണ്ടെന്നും ന്യായപ്രമാണത്തിൻ കീഴ് എന്ന പഠനത്തിന്റെ പ്രരംഭത്തിൽ തന്നെ നാം കണ്ടുകഴിഞ്ഞു. മോശെയുടെ ന്യായപ്രമാണത്തിൽ നിന്നും ദൗത്യ ത്തിൽ വ്യത്യാസമായതാണ് ദൈവത്തിന്റെ പത്തു കല്പന എന്ന് അറി യപ്പെടുന്ന ന്യായപ്രമാണം എന്നും നാം മനസ്സിലാക്കി. ശിശുപാലകന്റെ കീഴിലല്ല എന്നു പറയുമ്പോൾ:

1. ഒരു ന്യായപ്രമാണത്തിന്റെയും കീഴിലല്ല.
2. പത്തു കല്പനയുടെ കീഴിലല്ല.
3. മോശെയുടെ ന്യായപ്രമാണത്തിൻ കീഴിലല്ല.

എന്നാണോ അർത്ഥമാക്കുന്നത് എന്ന് പഠനത്തിൽ തെളിവാകു മ്പോൾ തെറ്റിദ്ധാരണകൾ ഒഴിവാക്കുവാനും സത്യം മനസ്സിലാക്കുവാനും സാധിക്കും.

### 1. ഇന്ന് ദൈവജനത്തിന് ന്യായപ്രമാണം ഉണ്ടോ?

മനുഷ്യന് ദൈവത്തോട് ധാർമ്മിക കടമകൾ എല്ലാകാലത്തും ഉണ്ട്. പഴയനിയമ കാലത്ത് പാപമായിരുന്നതെല്ലാം പുതിയനിയമത്തിലും പാപമാണ്. ധാർമ്മിക കടമകളെ ഉപേക്ഷിക്കുന്നത് അധർമ്മമാണ്; അധർമ്മം പാപമാണ്. ശിശുപാലകന്റെ കീഴിലല്ല എന്നു പറയുന്ന അപ്പൊ. പൗലൊസ് തന്നെക്കുറിച്ചു പറയുന്നത് ഇങ്ങനെയാണ് : **ദൈവ ത്തിനു ന്യായപ്രമാണം ഇല്ലാത്തവൻ ആകാതെ ക്രിസ്തുവിനു**

**ന്യായപ്രമാണമുള്ളവനായിരിക്കെ ന്യായപ്രമാണമില്ലാത്തവരെ നേടേണ്ടതിന് ഞാൻ ന്യായപ്രമാണമില്ലാത്തവനെപ്പോലെ ആയി** (1 കൊരിന്ത്യർ 9:21). പൗലൊസ് ദൈവത്തിനും ക്രിസ്തുവിനും ന്യായപ്രമാണം ഉള്ളവനായി ജീവിച്ചുകൊണ്ട് ന്യായപ്രമാണം ഇല്ലാതെ ജീവിക്കുന്നവരെ ന്യായപ്രമാണത്തിലേക്ക് നേടേണ്ടതിന് അദ്ധ്വാനിക്കുന്നു എന്ന് തന്റെ ശുശ്രൂഷയെക്കുറിച്ച് സാക്ഷ്യം പറയുന്നു. **ന്യായപ്രമാണം ഇല്ലാത്തവർ എന്നു പറയുന്നത് ജാതികളെയാണ്. "ന്യായപ്രമാണം ഇല്ലാത്ത ജാതികൾ" (റോമർ 2:14). അതുകൊണ്ട് ന്യായപ്രമാണം ഉപേക്ഷിക്കുന്നവർ ജാതികളെപ്പോലെ ആയിത്തീരുകയാണ്.**

പഴയനിയമ സഭയെയും പുതിയനിയമ സഭയെയും താരതമ്യപ്പെടുത്തിക്കൊണ്ട് അപ്പൊ. പൗലൊസ് കൊരിന്ത്യരോട് പറയുന്നു. "അവരിൽ ചിലരെപ്പോലെ നിങ്ങൾ വിഗ്രഹാരാധികൾ ആകരുത്"(1 കൊരി. 10:7). പത്ത് കല്പനയിൽ രണ്ടാമത്തെ കല്പനയ്ക്ക് പുതിയ നിയമ സഭ കീഴടങ്ങി ജീവിക്കണമെന്ന് അപ്പൊസ്തലൻ കൊരിന്ത്യ സഭയെ ഉപദേശിക്കുന്നു. അതുകൊണ്ട് പുതിയനിയമ സഭയ്ക്ക് ന്യായപ്രമാണം ഉണ്ട് എന്ന് തെളിവാകുന്നു. "ശിശുപാലകന്റെ കീഴിലല്ല" എന്നു പറയുമ്പോൾ പത്ത് കല്പനയ്ക്ക് കീഴ്പ്പെട്ട് പുതിയനിയമ വിശ്വാസികൾ ജീവിക്കേണ്ടതില്ല എന്നല്ല അർത്ഥമാകുന്നത്. അവരിൽ ചിലർ പരസംഗം ചെയ്തു ഒരു ദിവസത്തിൽ ഇരുപത്തിമൂവായിരം പേർ വീണുപോയതുപോലെ നാം പരസംഗം ചെയ്യരുത് (1 കൊരി. 10:8). "വ്യഭിചാരം ചെയ്യരുത്" എന്ന ന്യായപ്രമാണം ശിശുപാലകനായിരുന്നു എന്നു കരുതുക. ക്രിസ്തുവിലുള്ള വിശ്വാസം വന്നശേഷം നാം ശിശുപാലകന്റെ കീഴിലല്ല എന്നു പറയുമ്പോൾ നാം വ്യഭിചാരം ചെയ്യരുത് എന്ന ശിശുപാലകന് (ന്യായപ്രമാണത്തിന്) കീഴ്പെടേണ്ടതില്ല എന്നാണോ അർത്ഥമാകുന്നത്? അങ്ങനെയെങ്കിൽ പഴയനിയമ യിസ്രായേൽ പരസംഗം ചെയ്തതുപോലെ നാം പരസംഗം ചെയ്യരുത് എന്ന് അപ്പൊസ്തലൻ പറയുന്നതെങ്ങനെ? പഴയനിയമക്കാരായാലും പുതിയനിയമക്കാരായാലും പരസംഗത്തിൽ ജീവിക്കുന്നവർ മാനസാന്തരപ്പെട്ട് ആ മാർഗ്ഗം ഉപേക്ഷിക്കാഞ്ഞാൽ അവർ സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ലെന്ന് തിരുവചനം പഠിപ്പിക്കുന്നു.

ഇന്നും ദൈവജനത്തിന് ന്യായപ്രമാണം ഉണ്ട്; അതിന് കീഴ്പ്പെട്ട് ജീവിക്കേണ്ടതാണ്. ഇത് ദൃഷ്ടാന്തമായിട്ട് അവർക്ക് സംഭവിച്ചു, ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്ക് ബുദ്ധ്യുപദേശത്തിനായി എഴുതിയുമിരിക്കുന്നു... (1 കൊരിന്ത്യർ 10:11). പഴയനിയമ യിസ്രായേലിന്റെ

അനുസരണക്കേടും മരുഭൂമിയിൽ അവർ പട്ടുപോയതും പുതിയനിയമ യിസ്രായേലിന് ബുദ്ധി പഠിക്കുവാനായി ദൈവം തന്റെ വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പത്തുകല്പന എന്ന ന്യായപ്രമാണത്തിന് കീഴ്പ്പെട്ട് ജീവിക്കാഞ്ഞാൽ സ്വർഗ്ഗീയ കനാനിൽ എത്തുകയില്ല എന്ന് ദൈവം പറയുന്നു. പുതിയനിയമ സഭയ്ക്ക് ന്യായപ്രമാണം ഉണ്ട്. അതിന് കീഴ്പ്പെട്ട് ജീവിക്കുകയും വേണം. ഇത് നമുക്ക് ദൃഷ്ടാന്തമായി സംഭവിച്ചു. അവർ മോഹിച്ചതുപോലെ നാമും ദുർമ്മോഹികൾ ആകാതിരിക്കേണ്ടതിന്നു തന്നേ (1 കൊരിന്ത്യർ 10:6). ഇതു ദൃഷ്ടാന്തമായി സംഭവിച്ചു എന്ന് പത്താം അദ്ധ്യായത്തിൽ രണ്ടുപ്രാവശ്യം എടുത്തു പറയുന്നു (വാക്യം 6,11). അവർ ചെയ്തതുപോലെ നാം ചെയ്യരുത് എന്നു പറയുന്ന നാലു കാര്യങ്ങൾ ഉള്ളതിൽ മൂന്നെണ്ണം പത്തുകല്പനയിലുള്ളവയാണ്. (മോഹിക്കരുത്, പരസംഗം-വ്യഭിചാരം ചെയ്യരുത്, വിഗ്രഹങ്ങളെ ആരാധിക്കരുത്). **പഴയനിയമത്തിൽ നിന്നും ക്രൂശ് കടന്ന് പഴയനിയമ ന്യായപ്രമാണം പുതിയനിയമത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു എന്നത് വിശ്വസിച്ചേ മതിയാവൂ.** യേശുവിന്റെ മരണത്തിനും പുനരുത്ഥാനത്തിനും സ്വർഗ്ഗാരോഹണത്തിനും ശേഷം അവന്റെ വീണ്ടും വരവിനായി കാത്തിരിക്കുന്നവർക്ക് പത്തു കല്പന ലംഘിച്ച് പാപം ചെയ്തു ജീവിക്കുവാൻ ദൈവം ലൈസൻസ് തന്നിട്ടില്ല.

പുതിയനിയമ സഭ ദൈവത്തിന്റെ ന്യായപ്രമാണത്തിന് കീഴ്പ്പെട്ട് ന്യായപ്രമാണം അനുസരിച്ച് ജീവിക്കേണ്ടതാണ്; അല്ലെങ്കിൽ പഴയനിയമക്കാർ പട്ടുപോയതുപോലെ പുതിയനിയമക്കാരും പട്ടുപോകും, കനാനിൽ പ്രവേശിക്കയില്ല. രക്ഷിക്കപ്പെട്ടവരാണ് ന്യായപ്രമാണം അനുസരിക്കേണ്ടത്. രക്ഷിക്കപ്പെടുവാൻ ന്യായപ്രമാണം അനുസരിക്കുന്നത് തെറ്റാണ് എന്നേ അപ്പൊ. പൗലൊസ് പറയുന്നുള്ളു. രക്ഷിക്കപ്പെടാത്തവർ ന്യായപ്രമാണവുമായി ഒരു ബന്ധവും ഇല്ലാതെ മോഷ്ടിച്ചും, വ്യഭിചാരം ചെയ്തും, മോഹിച്ചും ജീവിതം കഴിച്ചുകൂട്ടുന്നു. രക്ഷിക്കപ്പെട്ടതിനുശേഷം ജീവിതത്തിന് മാറ്റം വരുന്നു; ന്യായപ്രമാണം അനുസരിച്ച് ജീവിക്കുന്നു. സഭാവ്യത്യാസം കൂടാതെ ഈ സത്യം വ്യക്തികളുടെ ജീവിതത്തിൽ നാം എപ്പോഴും കാണുന്നു. സുവിശേഷത്തിന്റെ ലക്ഷ്യം, ന്യായപ്രമാണം ലംഘിച്ചു ജീവിക്കുന്നവരെ, ക്രിസ്തുവിലേക്ക് നയിച്ച് രക്ഷിക്കപ്പെട്ടതിനു ശേഷം ന്യായപ്രമാണത്തിന് കീഴ്പ്പെട്ട് അനുസരണത്തിൽ ജീവിക്കുവാൻ ആഹ്വാനം ചെയ്യുക എന്നുള്ളതാണ്. ദൈവജനത്തിന് ഇന്ന് ന്യായപ്രമാണം ഉണ്ടോ എന്ന് ചോദിച്ചാൽ ഉണ്ട്

എന്ന ഉത്തരം മാത്രമാണ് ശരി. ദൈവജനം ഇന്നു ന്യായപ്രമാണം അനുസരിക്കണമോ എന്നു ചോദിച്ചാൽ അനുസരിക്കണം എന്ന ഉത്തരം മാത്രമാണ് ശരി. ദൈവജനം ദൈവത്തിന്റെ ന്യായപ്രമാണത്തിന് കീഴ്പ്പെട്ട് ജീവിക്കണം എന്ന് അപ്പൊ. പൗലൊസ് പറയുന്നു എങ്കിൽ അതേ അപ്പൊസ്തലൻ വിശ്വാസം വന്നശേഷമോ നാം ഇനി ശിശുപാലകന്റെ കീഴിൽ അല്ല എന്ന് പറയുന്നതിന് മറ്റ് എന്തോ അർത്ഥം ഉണ്ട് എന്നത് സംശയമില്ലാത്ത വസ്തുതയാണ്.

ലളിതമായ യുക്തിയിൽ ചിന്തിച്ചാൽ പോലും വെളിപ്പെട്ടുവരുന്ന വസ്തുത: ന്യായപ്രമാണം ഒന്നിലധികം തരത്തിൽ ഉണ്ട് എന്നുള്ളതാണ്. ഇത് ഈ പഠനത്തിന്റെ പ്രാരംഭത്തിൽ തന്നെ വിവരിച്ചിട്ടുണ്ട്. ദൈവത്തിന്റെ പത്ത് കല്പനയാകുന്ന ന്യായപ്രമാണം കാലപരിധിക്കതീതമായതുകൊണ്ട് അതിന് എല്ലാവരും എല്ലാ കാലത്തും കീഴ്പ്പെട്ട് ജീവിക്കേണ്ടതാണ്. അതിൽ നാലാമത്തെ കല്പനയാകുന്ന ശബ്ബത്തും ഉൾപ്പെട്ടിരിക്കുന്നു എന്നും വിശ്വസിക്കേണ്ടതാണ്.

നല്ല ആരോഗ്യം അനുഭവിച്ചു ജീവിക്കുവാൻ ദൈവം തന്നിരിക്കുന്ന ആരോഗ്യപരമായ ന്യായപ്രമാണങ്ങൾ ഉണ്ട്. അത് ക്രൂശിന്റെ നിഴലല്ലാത്തതുകൊണ്ട് അതിനും എല്ലാവരും എല്ലാ കാലത്തും കീഴ്പ്പെട്ട് ജീവിക്കേണ്ടതാണ്. തിരുവചനത്തിന്റെ ഇതര ഭാഗങ്ങളിലും ഇതുപോലെയുള്ള ന്യായപ്രമാണങ്ങൾ കാണുവാൻ സാധിക്കുന്നു... പന്നിയിറച്ചി, അറെപ്പു, ചുണ്ടെലി എന്നിവയെ തിന്നുകയും ചെയ്യുന്നവർ ഒരുപോലെ മുടിഞ്ഞുപോകും എന്നു യഹോവയുടെ അരുളപ്പാട് (യെശ. 66:17). പുതിയനിയമ പുസ്തകങ്ങൾ പരിശോധിക്കുമ്പോൾ ന്യായപ്രമാണങ്ങൾ (മോശെയുടേത് ഉൾപ്പെടെ) ക്രൂശ് കടന്ന് പുതിയനിയമത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു എന്ന് കാണുവാൻ സാധിക്കുന്നു. മോശെയുടെ ന്യായപ്രമാണം ശബ്ബത്ത് തോറും പള്ളികളിൽ വായിച്ചുവരുന്നതിനാൽ പൂർവ്വകാലം മുതൽ പട്ടണം തോറും അത് പ്രസംഗിക്കുന്നവർ ഉണ്ടല്ലോ. (അപ്പൊ. പ്രവൃ. 15:19–21) മോശെയുടെ ന്യായപ്രമാണം ശബ്ബത്ത് തോറും പള്ളികളിൽ വായിച്ചുവരുന്നു എന്ന് അപ്പൊസ്തലന്മാർ പറയുമ്പോൾ പുതിയനിയമ സഭ മോശെയുടെ ന്യായപ്രമാണം ഉപേക്ഷിച്ചിട്ടില്ലെന്ന് വ്യക്തമാണ്. പുതിയനിയമസഭ ആചരിക്കേണ്ടുന്ന ചില കാര്യങ്ങളുടെ ഒരു ചെറിയ പട്ടികയും കൊടുത്തിരിക്കുന്നു. ആചരിക്കേണ്ടതും ആചരിക്കേണ്ടതല്ലാത്തതുമായ എല്ലാ കാര്യങ്ങളുടെയും ഒരു പട്ടിക നിരത്തിവെക്കുക എന്നതല്ല പഠനത്തിന്റെ ഉദ്ദേശ്യം. ചിലതു പറയുമ്പോൾ ആ വകയിലുള്ള ബാക്കി കാര്യങ്ങൾ വായനക്കാർ മനസ്സിലാക്കും എന്ന് അനുമാനിക്കുകയാണ്. പൂർവ്വകാലം

മുതൽ ആചരിച്ചുവന്ന ദൈവിക ന്യായപ്രമാണങ്ങളോട് കർത്താവിൽനിന്നും നേരിട്ട് പഠിച്ച അപ്പൊസ്തലന്മാർക്ക് ഉണ്ടായിരുന്ന ധാരണ മേൽ ഉദ്ധരിച്ച വേദഭാഗത്തുനിന്നും വ്യക്തമാണ്. ദൈവജനത്തിന് ഇന്നും ന്യായപ്രമാണങ്ങൾ ഉണ്ട്; അത് ആചരിച്ച് ജീവിക്കേണ്ടതാണ്. ജാതികളിൽനിന്നും ദൈവത്തിങ്കലേക്ക് തിരിയുന്നവർ അനുസരിക്കേണ്ട കല്പനകളും ഉണ്ട്. പഴയനിയമ ന്യായപ്രമാണത്തിന്റെ ഭാഗങ്ങളായ നിഴലല്ലാത്ത ന്യായപ്രമാണങ്ങൾ പുതിയനിയമ സഭ ആചരിക്കണമെന്ന് അപ്പൊസ്തലന്മാർ പറയുന്നതുകൊണ്ട് പഴയനിയമ ന്യായപ്രമാണം ക്രൂശ് കടന്ന് പുതിയനിയമത്തിലേക്ക് കടന്നിരിക്കുന്നു എന്നത് വിശ്വാസയോഗ്യമാണ്. മോശെയുടെ ന്യായപ്രമാണത്തിൽ നിഴലല്ലാത്ത ന്യായപ്രമാണങ്ങൾ ഉണ്ട്. നിഴലായിരുന്നവ ആചരിക്കേണ്ടതില്ല.

**2. "ശിശുപാലകന്റെ കീഴിലല്ല"എന്നാൽ പത്തു കല്പനയിൻ കീഴിലല്ല എന്നാണോ?**

വിശ്വാസം വന്നശേഷമോ നാം ഇനി ശിശുപാലകന്റെ കീഴിൽ അല്ല എന്ന് അപ്പൊ. പൗലൊസ് ഗലാത്യരോട് പറയുന്നു. ക്രൂശ് സ്ഥാപിതമായതിനുശേഷം ദൈവജനം പത്തു കല്പനയിൻ കീഴിലല്ല എന്ന് വിശ്വസിക്കയും പഠിപ്പിക്കയും ചെയ്യുന്നവർ അനേകരാണ്; അതിനുപയോഗിക്കുന്ന വാക്യങ്ങളിൽ ഒന്ന്: "വിശ്വാസം വന്നശേഷമോ നാം ഇനി ശിശുപാലകന്റെ കീഴിൽ അല്ല" എന്നുള്ള വാക്യമാണ്. എന്നാൽ പലകാരണങ്ങൾ കൊണ്ട് അപ്രകാരം ഒരു വ്യാഖ്യാനം തിരുവചനം അനുവദിക്കുന്നില്ല. പലകാരണങ്ങൾ ഉള്ളതിൽ രണ്ടെണ്ണം നോക്കാം. ഒന്ന്, പത്ത് കല്പന ഒരു താല്ക്കാലിക നിയമം അല്ല; എന്നാൽ ശിശുപാലകനായ ന്യായപ്രമാണം വിശ്വാസം വരുന്നതുവരെ എന്നും അതിനു ഒരു കാലാവധി ഉണ്ടായിരുന്നു എന്നും തിരുവചനം പഠിപ്പിക്കുന്നു. പത്തു കല്പനയെപ്പറ്റി സങ്കീർത്തനക്കാരൻ പറയുന്നു: നിന്റെ സാക്ഷ്യങ്ങൾ എന്നേക്കും നീതിയുള്ളവ; ഞാൻ ജീവിച്ചിരിക്കേണ്ടതിന് എനിക്ക് ബുദ്ധി നൽകേണമേ. (സങ്കീ. 119:144) പത്തു കല്പന എന്നേക്കുമുള്ളത് എന്നു പറയുന്നതുകൊണ്ട് ശിശുപാലകൻ പത്തു കല്പന അല്ല. രണ്ടാമത്: പ്രത്യക്ഷമായോ പരോക്ഷമായോ പത്തു കല്പന എല്ലാം തന്നെ ക്രൂശു കടന്ന് പുതിയ നിയമത്തിലേക്ക് വന്നിരിക്കുന്നു; അതുകൊണ്ട് വിശ്വാസം വരുന്നതുവരെ താല്ക്കാലികമായിരുന്ന ന്യായപ്രമാണം അല്ല പത്തു കല്പന.

പത്തു കല്പനയെല്ലാം പുതിയനിയമത്തിൽ കാണുകയും രക്ഷിക്കപ്പെട്ട ദൈവമക്കൾ അത് അനുസരിക്കയും ചെയ്യണമെന്ന് ദൈവവ

ചനം നിർദ്ദേശിക്കുന്നതുകൊണ്ട് വിശ്വാസം വന്നശേഷം നാം ഇനി ശിശു പാലകന്റെ കീഴിലല്ല എന്നു പറയുന്നത് പത്ത് കല്പനയെപ്പറ്റിയല്ല. ഗലാത്യർ 3:19-ൽ ന്യായപ്രമാണം എന്തിന് എന്ന് പൗലൊസ് ചോദിക്കയും വാഗ്ദത്ത സന്തതി വരുവോളം എന്ന് ഉത്തരം പറയുകയും ചെയ്യുന്നു. അതുകൊണ്ട് വാഗ്ദത്തം ചെയ്ത സന്തതി വരുവോളം ദൈവം താല്ക്കാലികമായി സ്ഥാപിച്ചിരുന്ന ഒരു ന്യായപ്രമാണം ഉണ്ടായിരുന്നു എന്നത് സംശയമില്ലാത്ത വിഷയമാണ്. എന്നാൽ കർത്താവു തന്നെ പത്തു കല്പനയെപ്പറ്റി എന്തു പറഞ്ഞിരിക്കുന്നു എന്ന് മനസ്സിലാക്കുകയും പത്തു കല്പനയുടെ അനുസരണം പുതിയനിയമം ആവശ്യപ്പെടുകയും ചെയ്യുന്നതുകൊണ്ട് ന്യായപ്രമാണം വാഗ്ദത്തം ലഭിച്ച സന്തതി വരുവോളം മാത്രമേ ഉണ്ടായിരുന്നുള്ളു എന്നു പറയുന്നത് പത്തു കല്പനയെപ്പറ്റിയല്ല.

**ശിശുപാലകൻ – മോശൈക ന്യായപ്രമാണം**

അപ്പൊ. പൗലൊസ് തന്റെ സ്വജാതിക്കാർക്ക് എഴുതിയ സന്ദേശമാണ് എബ്രായർക്കെഴുതിയ ലേഖനം. 9-ാം അദ്ധ്യായത്തിൽ ഭൗമിക കൂടാര ശുശ്രൂഷയെ അപ്പൊസ്തലൻ വിവരിക്കുന്നു. ഭൗമിക കൂടാര ശുശ്രൂഷകൾ ആരാധനക്കാരന് പൂർണ്ണ സമാധാനം വരുത്തുവാൻ സാധിച്ചില്ലെന്ന് പറയുന്നു. പത്താമത്തെ വാക്യത്തിൽ അതിന്റെ താല്ക്കാലികതയെക്കുറിച്ച് പറയുന്നത്: “അവ ഭക്ഷ്യങ്ങൾ, പാനീയങ്ങൾ, വിവിധ സ്നാനങ്ങൾ എന്നിവയോടുകൂടെ ഗുണീകരണകാലത്തോളം ചുമത്തിയിരുന്ന ജഡീക നിയമങ്ങളത്രെ” (എബ്രായർ 9:10). “ഗുണീകരണ കാലത്തോളം” എന്നു പറയുമ്പോൾ ഭക്ഷ്യങ്ങൾ, പാനീയങ്ങൾ, വിവിധ സ്നാനങ്ങൾ എന്നീ കർമ്മങ്ങൾ ഒരു നിശ്ചയിക്കപ്പെട്ട സമയം വരെ താല്ക്കാലികം എന്ന് അർത്ഥമാകുന്നു. ഗലാത്യർ 3:19 -ൽ ന്യായപ്രമാണം വാഗ്ദത്തം ലഭിച്ച സന്തതി വരുവോളം എന്നു പറയുന്നത് എബ്രായർ 9-ാം അദ്ധ്യായത്തിൽ പറയുന്ന ഗുണീകരണ കാലത്തോളം എന്നു പറയുന്നതിനോട് സാദൃശ്യം. ന്യായപ്രമാണം നിഴലായിരുന്നു (എബ്രായർ 10:1) എന്നു പറയുന്നത് ഇവ രണ്ടിനോടും ഒക്കുന്നു. ക്രിസ്തുവിന്റെ ക്രൂശുമരണത്തിനും ഉല്പത്തി 3:15-ലെ “സ്ത്രീയുടെ സന്തതി” എന്ന വാഗ്ദത്തത്തിനും ഇടയ്ക്കുള്ള കാലത്തെയാണ് ഇവിടെ കാണുന്നത്. ക്രിസ്തു ക്രൂശിൽ മരിച്ചതുവരെ രക്ഷ സാദ്ധ്യമാകുവാൻ ഭക്ഷ്യങ്ങൾ, പാനീയങ്ങൾ, വിവിധ സ്നാനങ്ങൾ എന്നീ കർമ്മങ്ങൾ ജനത്തെ ന്യായപ്രമാണത്തിൻ കീഴ് അടച്ച് **സൂക്ഷിച്ചിരുന്നു**.

ദൈവജനത്തെ വിശ്വാസത്തിൽ **സൂക്ഷിക്കുന്ന** ഒരു വലിയ ദൗത്യം കൊടുത്ത് ദൈവം ഭോജനയാഗം, പാനീയ യാഗം, വിവിധ കഴുകലുകൾ (സ്നാനങ്ങൾ) എന്ന ന്യായപ്രമാണം മോശെ മുഖാന്തരം ദൈവജനത്തിന് കൊടുത്തിരുന്നു. യാഗ പീഠത്തിന്മേൽ അർപ്പിക്കേണ്ടത് എന്തെന്നാൽ: ദിവസന്തോറും നിരന്തരം ഒരു വയസ്സുള്ള രണ്ട് ആട്ടിൻകുട്ടി; ഒരു ആട്ടിൻകുട്ടിയെ രാവിലെ അർപ്പിക്കേണം, മറ്റെ ആട്ടിൻകുട്ടിയെ വൈകുന്നേരത്ത് അർപ്പിക്കേണം. ഇടിച്ചെടുത്ത കാൽഹീൻ എണ്ണ പകർന്നിരിക്കുന്ന ഒരു ഇടങ്ങഴി നേരിയ മാവും പാനീയയാഗമായി കാൽഹീൻ വീഞ്ഞും ആട്ടിൻകുട്ടിയോടുകൂടെ അർപ്പിക്കേണം. മറ്റെ ആട്ടിൻകുട്ടിയെ രാവിലത്തെ ഭോജനയാഗത്തിനും അതിന്റെ പാനീയയാഗത്തിനും ഒത്തവണ്ണം ഒരുക്കി സൗരഭ്യവാസനയായി യഹോവക്കു ഹനനയാഗമായി വൈകുന്നേരത്ത് അർപ്പിക്കേണം (പുറപ്പാട് 29:38-41). യഹോവ പിന്നെയും മോശെയോട് അരുളിച്ചെയ്തത് എന്തെന്നാൽ: ലേവ്യരെ യിസ്രായേൽ മക്കളുടെ ഇടയിൽനിന്നു എടുത്തു ശുദ്ധീകരിക്ക. അവരെ ശുദ്ധീകരിക്കേണ്ടതിന്നു ഇങ്ങനെ ചെയ്യേണം: പാപപരിഹാരജലം അവരുടെമേൽ തളിക്കേണം; അവർ സർവ്വാംഗം ക്ഷൗരം ചെയ്തു വസ്ത്രം അലക്കി അങ്ങനെ തങ്ങളെത്തന്നെ ശുദ്ധീകരിക്കേണം. (സംഖ്യ. 8:7) ഇങ്ങനെയുള്ള മറ്റ് കർമ്മങ്ങളെ പഴയനിയമത്തിന്റെ ഇതരഭാഗങ്ങളിൽ കാണുവാൻ സാധിക്കുന്നു. ഇവയെല്ലാം ചേർത്താണ് അപ്പൊ. പൗലൊസ് ഭക്ഷ്യങ്ങൾ, പാനീയങ്ങൾ വിവിധ സ്നാനങ്ങൾ എന്ന് സംബോധന ചെയ്യുന്നത്.

മശീഹായിലുള്ള വിശ്വാസത്തിന്റെ പ്രകടനമായിട്ട് പഴയനിയമക്കാർ ഈ വക കർമ്മങ്ങൾ ആചരിച്ചിരുന്നു. എന്നാൽ യേശു ക്രൂശിൽ മരിച്ചപ്പോഴാണ് പഴയനിയമക്കാർക്ക് രക്ഷ യാഥാർത്ഥ്യമായിത്തീർന്നത്. അബ്രഹാമിനും യിസ്ഹാക്കിനും, യാക്കോബിനും മറ്റ് എല്ലാ പഴയനിയമ വിശുദ്ധന്മാർക്കും രക്ഷയുടെ വാഗ്ദത്തം ലഭിച്ചിരുന്നു എങ്കിലും ഒരു ഉയിർപ്പ് സാദ്ധ്യമാകാൻ പോകുന്നത് ക്രിസ്തു മരിച്ചതുകൊണ്ടാണ്. രക്ഷ നഷ്ടമാകാതെ പഴയനിയമ വിശുദ്ധന്മാരെ സൂക്ഷിച്ചത് ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ പ്രകടനമായ ന്യായപ്രമാണമാണ്. അതുകൊണ്ട് അപ്പൊ. പൗലൊസ് പറയുന്ന ന്യായപ്രമാണം "വാഗ്ദത്തം ലഭിച്ച സന്തതി വരുവോളം" (ഗലാത്യർ 2:19), ക്രിസ്തുവിന്റെ അടുക്കലേക്ക് നടത്തുവാൻ നമുക്ക് ശിശുപാലകനായി ഭവിച്ചു (ഗലാത്യർ 3:24), "വിശ്വാസം വന്ന ശേഷമോ (ക്രൂശിനു ശേഷമോ) നാം ഇനി ശിശുപാലകന്റെ കീഴിൽ അല്ല" (ഗലാത്യർ 3:25), എന്നു പറഞ്ഞാൽ ക്രൂശിന്റെ

നിഴലായിരുന്ന ഭക്ഷ്യങ്ങൾ, പാനീയങ്ങൾ, വിവിധ സ്നാനങ്ങൾ (എബ്രായർ 9:10), ബലഹീനവും ദരിദ്രവുമായ ആദിപാഠങ്ങൾ (ഗലാത്യർ 4:9), പരിച്ഛേദന (ഗലാത്യർ 5:2), മുതലായ ശിശുപാലകന്റെ കീഴിലല്ല എന്നാണ് അപ്പൊസ്തലൻ പറയുന്നത്.

ഗലാത്യർക്കെഴുതിയ ലേഖനത്തിന്റെ പശ്ചാത്തലം; അവർ യെഹൂദാവത്ക്കരണക്കാരുടെ ന്യായപ്രമാണത്താലുള്ള രക്ഷ എന്ന ചതിയിൽ വീണു പോയി എന്നുള്ളതാണ്. ലേഖനത്തിന്റെ തുടക്കം മുതൽ അവസാനം വരെ പഠിക്കുമ്പോൾ പത്തു കല്പന ചർച്ചാവിഷയമേ അല്ലെന്ന് തെളിവാകുന്നു. നിഴലായിരുന്ന മോശെയുടെ ന്യായപ്രമാണത്തെ പ്രതിപാദിക്കുന്ന നിർദ്ദേശങ്ങൾ പത്തുകല്പനയോട് ബന്ധിപ്പിച്ചാൽ മരണകരമായ ചതിവ് സംഭവിക്കും; കല്പനാലംഘനം എന്ന പാപത്തിൽ മരിക്കയും ചെയ്യും.

പത്തു കല്പന ഒന്നു മുതൽ ഓരോന്നായി പഠിച്ചാൽ 9 എണ്ണത്തിനും എല്ലാ ക്രിസ്ത്യാനികളും ആമേൻ എന്നു പറയുന്നു. ദൈവം അല്ലാതെ അന്യദൈവങ്ങൾ ഉണ്ടാകരുത്, വിഗ്രഹാരാധന പാടില്ല, യഹോവയുടെ വിശുദ്ധനാമം വൃഥാ എടുക്കരുത്, മാതാപിതാക്കളോടുള്ള ബഹുമാനം, കൊല ചെയ്യരുത്, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസ്സാക്ഷ്യം പറയരുത്, ദുർമ്മോഹം പാടില്ല എന്നിവ പ്രതിപാദിച്ചുകൊണ്ടുള്ള 9 കല്പനകളും അനുസരിക്കേണ്ടതാണ് എന്നും അതിനു കിഴ്പ്പെട്ട് ജീവിക്കേണ്ടതാണ് എന്നും പ്രായോഗിക ജീവിതത്തിൽ കാണുന്നുണ്ട്. എന്നാൽ യഹോവ നമ്മുടെ സ്രഷ്ടാവാണ് എന്നു നാം അറിയേണ്ടതിന് ദൈവം വെച്ചിരിക്കുന്നതും പത്തു കല്പനയുടെ നടുവിൽ കാണുന്നതുമായ **“ശബ്ബത്തുനാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക”** എന്ന നാലാമത്തെ കല്പനയുടെ കാര്യം പഠന വിഷയമാകുമ്പോൾ ഗലാത്യ ലേഖനത്തിലും റോമർക്കെഴുതിയ ലേഖനത്തിലും അഭയം തേടുന്നത് സ്വയ വഞ്ചനയാണ്. നാം ശുദ്ധ മനസ്സാക്ഷിയുള്ളവരാണോ?

### യേശുക്രിസ്തു ന്യായപ്രമാണത്തിനു കീഴ്പ്പെട്ടു ജീവിച്ചുവോ?

**(ഗാലാത്യർ 4:3-5) “അതുപോലെ നാമും ശിശുക്കൾ ആയിരുന്നപ്പോൾ ലോകത്തിന്റെ ആദി പാഠങ്ങളിൻ കീഴ് അടിമപ്പെട്ടിരുന്നു. എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽനിന്നു ജനിച്ചവനായി ന്യായപ്രമാണത്തിൻ കീഴ് ജനിച്ചവനായി നിയോഗിച്ചയച്ചത് അവൻ ന്യായപ്രമാണത്തിൻ കീഴുള്ളവരെ വിലക്കുവാങ്ങിയിട്ടു നാം പുത്രത്വം പ്രാപിക്കേണ്ടതിനുതന്നെ”.**

രക്ഷാപദ്ധതിയുടെ ജ്ഞാനം സംബന്ധിച്ചിടത്തോളം ക്രിസ്തു വരുന്നതിനുമുമ്പ് ദൈവജനം പ്രാഥമിക വിദ്യാലയത്തിൽ (elementary school) ശിശുപാലകന്മാർക്ക് കീഴ്പ്പെട്ടിരുന്നു എന്ന് അപ്പൊസ്തലൻ ഗലാത്യർ 3-ാം അദ്ധ്യായത്തിൽ പറയുന്നു. 4-ാം അദ്ധ്യായത്തിന്റെ തുടക്കത്തിൽ അപ്പൊസ്തലൻ മറ്റൊരു സാദൃശ്യം ഉപയോഗിക്കുന്നു. ദൈവജനത്തെ അവകാശിയായ ഒരു ശിശുവിനോട് താരതമ്യപ്പെടുത്തിയിരിക്കുന്നു. ശിശുവിനു പ്രായപൂർത്തിയാകും വരെ ദാസന്മാർക്കും, ഗൃഹവിചാരകന്മാർക്കും, ശിശുപാലകനും കീഴ്പ്പെട്ടിരുന്നു എന്നുപറഞ്ഞാൽ ദൈവജനം ക്രൂശിൽ രക്ഷാപദ്ധതിയുടെ പൊരുൾ കാണുന്നതുവരെ പ്രാഥമിക പാഠമാകുന്ന മോശെയുടെ ന്യായപ്രമാണത്തിനു കീഴ്പ്പെട്ടു എന്നാണ് അപ്പൊസ്തലൻ വിവരിക്കുന്നത്. ന്യായപ്രമാണത്തിന്റെ അധീനതയിലായിരുന്ന ദൈവജനത്തെ രക്ഷിക്കുവാൻ കർത്താവ് ന്യായപ്രമാണത്തിൻ കീഴ് ജനിച്ചു എന്നും അപ്പൊസ്തലൻ പറയുന്നു.

ദൈവജനം ന്യായപ്രമാണത്തിൻ കീഴ് ആയിരുന്നത് തെറ്റല്ല. കാരണം ന്യായപ്രമാണം ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ നിഴലായിരുന്നു. പിതാവായ ദൈവം പുത്രനെ ന്യായപ്രമാണത്തിൻ കീഴ് ജനിച്ചവനായി നിയോഗിച്ചു എന്ന് അപ്പൊസ്തലൻ പറയുന്നു. **പിതാവിന്റെ നിയോഗത്തിന് തെറ്റോ കുറ്റമോ ഒന്നുമില്ല.** ഗലാത്യർ 4:5-ാം വാക്യം ദൈവനിയോഗത്തിന്റെ കാരണം പറയുന്നത് ന്യായപ്രമാണത്തിൻ കീഴുള്ളവരെ വിലയ്ക്കു വാങ്ങിയിട്ട് പുത്രത്വം കൊടുക്കുവാൻ വേണ്ടിയാണ്. എന്നാൽ കർത്താവ് ന്യായപ്രമാണത്തിൻ കീഴ് ജനിച്ചു എന്നു പറഞ്ഞാൽ ന്യായപ്രമാണം അനുസരിക്കുന്നവനായി ജനിച്ചു എന്നാണ് അർത്ഥം. “മോശെയുടെ ന്യായപ്രമാണപ്രകാരം അവളുടെ ശുദ്ധീകരണകാലം തികഞ്ഞപ്പോൾ കടിഞ്ഞൂലായ ആണൊക്കെയും കർത്താവിന് വിശുദ്ധം ആയിരിക്കേണം എന്ന് കർത്താവിന്റെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നതുപോലെ അവനെ (യേശുവിനെ) കർത്താവിനു അർപ്പിപ്പാനും ഒരു ഇണ കുറുപ്രാവിനെയോ രണ്ട് പ്രാവിൻകുഞ്ഞിനെയോ കർത്താവിന്റെ ന്യായപ്രമാണത്തിൽ കല്പിച്ചതുപോലെ യാഗം കഴിപ്പാനും അവർ അവനെ യെരുശലേമിലേക്ക് കൊണ്ടുപോയി” (ലൂക്കോസ് 2:22-24). പൗലോസ് പറയുന്നു കർത്താവ് ന്യായപ്രമാണത്തിൻ കീഴ് ജനിച്ചത് ന്യായപ്രമാണത്തിൻ കീഴുള്ളവരെ വിലയ്ക്കു വാങ്ങുവാനാണെന്ന്. കർത്താവിന്റെ രക്തത്തിന്റെ നിഴലായിരുന്ന മോശൈക ന്യായപ്രമാണത്തിന് കീഴ്പ്പെട്ടിരുന്നവരെ കർത്താവ് തന്റെ രക്തമാകുന്ന വിലകൊടുത്ത് പാപത്തിൽനിന്നും വിടുവിച്ച്

പുത്രത്വം പ്രാപിക്കുവാൻ ഇടവരുത്തി. തന്നെയുമല്ല മോശൈക ന്യായ പ്രമാണത്തിന് കീഴ്പ്പെടുന്നതിൽനിന്നും സ്വാതന്ത്ര്യവും നൽകി. കർത്താവ് സ്വാതന്ത്ര്യം വരുത്തിയിരിക്കെ വീണ്ടും നീതീകരണത്തിന് ന്യായപ്രമാണത്തിന് കീഴ്പ്പെടുന്നവരെ തെറ്റുതിരുത്തുന്ന ലേഖനമാണ് ഗലാതൃർക്കെഴുതിയ ലേഖനം.

**കർത്താവ് ന്യായപ്രമാണത്തിൻ കീഴിൽ ജനിച്ചവനായതു കൊണ്ട് 20 വയസ്സിനു മുകളിലുള്ള എല്ലാ യഹൂദന്മാരും ദൈവാ ലയ നികുതി കൊടുക്കണം എന്ന ന്യായപ്രമാണത്തിന് കീഴ്പ്പെട്ട് നികുതി കൊടുത്തു.** “അവർ കഫർന്നഹൂമിൽ എത്തിയാറെ ദ്വിദ്ര ഹ്മപ്പണം വാങ്ങുന്നവർ പത്രൊസിന്റെ അടുക്കൽ വന്നു നിങ്ങളുടെ ഗുരു ദ്വിദ്രഹ്മപ്പണം കൊടുക്കുന്നില്ലയോ എന്നു ചോദിച്ചതിനു: ഉവ്വു എന്ന് അവൻ പറഞ്ഞു” (മത്തായി 17:24).

**കർത്താവായ യേശു ന്യായപ്രമാണത്തിൻ കീഴിൽ ജനിച്ച വനായതുകൊണ്ട് പെസഹ ആചരിച്ചു.** “പെസഹാ കുഞ്ഞാടിനെ അറുക്കേണ്ടുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളായപ്പോൾ അവൻ പത്രൊസിനെയും യോഹന്നാനെയും അയച്ചു. നിങ്ങൾ പോയി നമുക്ക് പെസഹാ കഴിപ്പാൻ ഒരുക്കുവിൻ എന്നു പറഞ്ഞു” (ലൂക്കോസ് 22:7-8).

ഈ ഉദാഹരണങ്ങളിൽനിന്നും കർത്താവ് ന്യായപ്രമാണത്തിൻ കീഴ് ജനിച്ചു എന്ന് അപ്പൊസ്തലൻ പറയുന്നതിന്റെ അർത്ഥം ഗ്രഹി ക്കാവുന്നതാണ്. **കർത്താവ് ക്രൂശിൽ മരിക്കുന്നതുവരെ പഴയനിയമ ജനവും കർത്താവ് ജനിച്ചതുപോലെ ന്യായപ്രമാണത്തിൻ കീഴ് ജനി ച്ചവരായിരുന്നു.** ക്രൂശുവരെ ന്യായപ്രമാണത്തിൻ കീഴ് ജനിച്ച് ജീവി ച്ചിരുന്നവർക്ക് രക്ഷയുടെ വാഗ്ദത്തം ഉണ്ടായിരുന്നു എങ്കിലും കർത്താവ് മരിച്ചതിനുശേഷമാണ് രക്ഷ യാഥാർത്ഥ്യമായി തീർന്നത്. ഉദാഹരണമായി പറഞ്ഞാൽ അബ്രഹാമിന് രക്ഷയുടെ വാഗ്ദത്തം ലഭി ച്ചിരുന്നു എങ്കിലും അബ്രഹാം ഉയിർത്തെഴുന്നേൽക്കാൻ പോകുന്നത് ക്രിസ്തു മരിച്ചതുകൊണ്ടാണ്. അങ്ങനെ പഴയനിയമക്കാരും പുതിയ നിയമക്കാരും രക്ഷയുടെ പൂർത്തീകരണം പ്രാപിക്കുവാൻ പോകുന്നത് ക്രൂശിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. അതുകൊണ്ട് അപ്പൊസ്ത ലൻ പറയുന്നു “ന്യായപ്രമാണത്തിൻ കീഴുള്ളവരെ വിലയ്ക്കു വാങ്ങി യിട്ട്” എന്ന്. **ന്യായപ്രമാണകാലത്ത് ന്യായപ്രമാണത്താൽ രക്ഷ സാദ്ധ്യമായിരുന്നു എങ്കിൽ കർത്താവ് അവർക്കുവേണ്ടി ഒരു വില കൊടുക്കേണ്ട ആവശ്യം തന്നെ വരുന്നില്ല.** നമുക്ക് പുത്രത്വം ലഭി

ക്കുന്നതുപോലെ ന്യായപ്രമാണത്തിൻ കീഴ് ജീവിച്ചിരുന്നവർക്കും പുത്രത്വം ലഭിക്കുന്നു.

ക്രൂശിലെ വിശ്വാസത്തിലേക്ക് ന്യായപ്രമാണകാലത്ത് ജീവിച്ചിരുന്നവരെ ന്യായപ്രമാണം സൂക്ഷിച്ചു. (ഗലാത്യർ 3:23) വിശ്വാസം വന്ന ശേഷം ന്യായപ്രമാണത്തിൻ കീഴിലല്ല എന്നു പറഞ്ഞാൽ മശീഹ വരികയും ക്രൂശിൽ മരിക്കയും ചെയ്തശേഷം പാപപരിഹാരത്തിന് അർപ്പിച്ചിരുന്ന കർമ്മാചാരങ്ങൾ പാപപരിഹാരത്തിന് ഉപയോഗശൂന്യമാണ് എന്ന് ഗലാത്യരെ അപ്പൊസ്തലൻ ബുദ്ധി ഉപദേശിക്കുന്നു. **ക്രൂശു വരെ ജീവിച്ചിരുന്നവരെയും ക്രൂശിനുശേഷം ജനിച്ചവരെയും ഇനിയും ജനിക്കുവാൻ പോകുന്നവരെയും കർത്താവിന്റെ രക്തം രക്ഷിക്കുന്നു.** അതുകൊണ്ട് അപ്പൊസ്തലൻ പറയുന്നു: കർത്താവ് ന്യായപ്രമാണത്തിൻ കീഴ് ജനിച്ചത് ന്യായപ്രമാണത്തിൻ കീഴുള്ളവരെ വിലയ്ക്ക് വാങ്ങിയിട്ട് നാമും അവരോടുകൂടെ പുത്രത്വം പ്രാപിക്കേണ്ടതിനു തന്നെ എന്ന്.

**(ഗലാത്യർ 4:21) "ന്യായപ്രമാണത്തിൻ കീഴിരിപ്പാൻ ഇച്ഛിക്കുന്നവരേ, നിങ്ങൾ ന്യായപ്രമാണം കേൾക്കുന്നില്ലയോ?"**

ന്യായപ്രമാണത്തിൻ കീഴ് ഇരിപ്പാൻ ഇച്ഛിക്കുന്ന ഗലാത്യരെ സംബോധന ചെയ്തുകൊണ്ട് മോശൈക ന്യായപ്രമാണത്തിന്റെ അടിമത്വത്തെയും ക്രിസ്തു വരുത്തിയ സ്വാതന്ത്ര്യത്തെയും അപ്പൊസ്തലൻ വിവരിക്കുന്നു. അബ്രഹാമിന്റെ രണ്ട് ഭാര്യമാരെയും അവർക്ക് ജനിച്ച രണ്ട് മക്കളെയും ഉദാഹരണമായി ഉപയോഗിക്കുന്നു. ഇതു സാദൃശ്യമാകുന്നു (വാക്യം 24) ദൈവ വാഗ്ദത്തം നിറവേറുവാൻ മനുഷ്യന്റെ പ്രവൃത്തി എന്ന തത്വത്തെ ഹാഗാറും യിശ്മായേലും പ്രതിനിധീകരിക്കുന്നു. തുടർന്ന് ഈ സാദൃശ്യത്തെപ്പറ്റി പറയുന്നത് "ഹാഗാർ എന്നത് അറബി ദേശത്ത് സീനായ് മലയെ കുറിക്കുന്നു. അത് ഇപ്പോഴത്തെ യെരുശലേമിനോട് ഒക്കുന്നു, അതു തന്റെ മക്കളോടുകൂടെ അടിമയിലല്ലോ ഇരിക്കുന്നത്" (വാക്യം 25) അപ്പൊ. പൗലൊസ് ലേഖനമെഴുതിയപ്പോൾ യെരുശലേം അടിമത്തത്തിൽ ഇരിക്കുകയായിരുന്നു. രക്ഷ പ്രാപിക്കുവാൻ മോശെയുടെ ന്യായപ്രമാണത്തിനു കീഴ്പെടുന്നതിനെയാണ് അടിമത്തം എന്ന് അപ്പൊസ്തലൻ അർത്ഥമാക്കുന്നത്. ക്രിസ്തു വരുന്നതിനു മുമ്പ് മോശെയുടെ ന്യായപ്രമാണത്തിന് കിഴ്പ്പെടുന്നത് തെറ്റായിരുന്നില്ല. വിശ്വാസത്താലുള്ള നീതീകരണമെന്ന ദൈവതത്വത്തിന്മേൽ സ്ഥാപിതമായിരുന്നതായിരുന്നു മോശൈക ന്യായപ്രമാണം.

ദൈവസ്ഥാപിതമായ ന്യായപ്രമാണത്തിന് കുറവ് വരിക എന്നത് അസാദ്ധ്യമാണ്. ദൈവജനം കൈകളുടെ പ്രവൃത്തിയാകുന്ന യാഗം എന്ന ക്രിയയിൽ ആശ്രയിച്ചു എന്നതാണ് അടിമത്തം എന്ന് അപ്പൊസ്തലൻ അർത്ഥമാക്കുന്നത്.

അപ്പൊസ്തലന്റെ സാദൃശത്തിലെ സാറയും യിസ്ഹാക്കും മറ്റൊരു തത്വത്തെ പ്രതിനിധീകരിക്കുന്നു. സാറെയ്ക്ക് ഒരു മകൻ ജനിക്കുക എന്നത് മാനുഷികമായി അസാദ്ധ്യമായിരുന്നതും വിശ്വാസത്താൽ മാത്രം സാദ്ധ്യമായിരുന്നതും ആയിരുന്നു. മനുഷ്യന്റെ രക്ഷ എപ്രകാരം മാത്രം സാദ്ധ്യമാകുന്നു എന്ന് സ്ഥാപിക്കുവാൻ ഈ സാദൃശ്യം അപ്പൊസ്തലൻ ഉപയോഗിക്കുന്നു. ക്രിസ്തുവിലെ വിശ്വാസത്താൽ പാപത്തിന്റെ അടിമത്തത്തിൽനിന്നും തത്ഫലം ഉളവാകുന്ന മരണത്തിന്റെ അടിമത്തത്തിൽനിന്നും മനുഷ്യൻ സ്വതന്ത്രനാകുന്നു. രക്ഷയ്ക്ക് ഗലാത്യർ ന്യായപ്രമാണത്തിൽ ആശ്രയിച്ചതുകൊണ്ട് അപ്പൊസ്തലൻ അവരെ സംബോധന ചെയ്യുന്നത്: ന്യായപ്രമാണത്തിൻ കീഴിരിപ്പാൻ ഇച്ഛിക്കുന്നവരേ എന്നാണ്.

അപ്പൊസ്തലന്റെ സാദൃശ്യത്തിലെ രണ്ട് സ്ത്രീകൾ (സാറയും, ഹാഗാറും) രണ്ട് നിയമങ്ങളത്രെ എന്ന് അപ്പൊസ്തലൻ പറയുന്നു. ഏതാണ് രണ്ട് നിയമങ്ങൾ എന്ന പദപ്രയോഗം കൊണ്ട് അപ്പൊസ്തലൻ അർത്ഥമാക്കുന്നത്?

### 1. തെറ്റിദ്ധരിക്കപ്പെട്ടുപോയ പഴയനിയമം

പ്രവൃത്തിയാലുള്ള നീതികരണം എന്ന ഒരു ന്യായപ്രമാണം ദൈവം ഒരിക്കലും തന്നിട്ടില്ല. ആദ്യ മാതാപിതാക്കൾക്ക് രക്ഷ നഷ്ടപ്പെട്ടുപോയത് അവിശ്വാസത്താലാണ്. "തിന്നുന്ന നാളിൽ നീ മരിക്കും എന്ന ദൈവ വ്യവസ്ഥ വിശ്വസിക്കാതെ നിങ്ങൾ മരിക്കയില്ല നിശ്ചയം" എന്ന് ശത്രു പറഞ്ഞത് വിശ്വസിച്ചു. അവിശ്വാസത്തിന്റെ അനന്തര ഫലമായി അനുസരണക്കേടിൽ വീണു പോയി. **അവിശ്വാസത്താൽ നഷ്ടപ്പെട്ടുപോയത് വിശ്വാസത്താൽ പ്രാപിക്കാം എന്നാണ് ദൈവം വെച്ചിരിക്കുന്ന വ്യവസ്ഥ.** അതുകൊണ്ടാണ് തിരുവചനം വിശ്വാസത്തിന് വലിയ പ്രാധാന്യം കൊടുത്തിരിക്കുന്നത്. അവിശ്വാസത്താൽ നഷ്ടപ്പെട്ടുപോയ നിത്യജീവൻ പ്രവൃത്തിയാൽ നേടാം എന്ന വഞ്ചകന്റെ തന്ത്രം മറ്റൊരു ചതിയാണ്. പഴയനിയമകാലത്തും പുതിയനിയമകാലത്തും ദൈവം വെച്ചിരിക്കുന്ന വ്യവസ്ഥ വിശ്വാസത്താലുള്ള നീതീകരണം എന്ന തത്വമാണ്. വിശ്വാസത്താലുള്ള നീതീകരണം എന്ന ദൈവവ്യവസ്ഥയെ തെറ്റിദ്ധരിച്ച് പ്രവൃത്തിയാലുള്ള നീതീകരണം

ആക്കിത്തീർത്ത യെഹൂദന്മാരെ ഹാഗറും യിശ്മായേലും പ്രതിനിധീക രിക്കുന്നു. രണ്ട് സ്ത്രീകൾ രണ്ട് നിയമങ്ങൾ എന്ന് അപ്പൊസ്തലൻ പറയുന്നതിലെ ഒരു നിയമമാണ് ഹാഗാർ. മനുഷ്യന്റെ പ്രവൃത്തിയാൽ ദൈവ വാഗ്ദത്തം നിറവേറ്റാനുള്ള യജ്ഞത്തെ സൂചിപ്പിക്കുന്നു ഹാഗാർ. ന്യായപ്രമാണത്തിൻ കീഴിരിപ്പാൻ ഇച്ഛിക്കുന്ന ഗലാത്യരെയും ഹാഗർ പ്രതിനിധീകരിക്കുന്നു. ക്രിസ്തുവിൽ വിശ്വസിക്കാത്ത ഇപ്പോ ഴത്തെ യെരുശലേമിനെയും അപ്പൊസ്തലൻ അതിൽ ഉൾപ്പെടുത്തി യിരിക്കുന്നു.

**2. പുതിയനിയമം**

വിശ്വാസത്താൽ നീതീകരണം പ്രാപിക്കാം എന്നതാണ് പുതിയ നിയമം. പഴയനിയമവും അതേ അടിസ്ഥാനത്തിന്മേൽ സ്ഥാപിതമായ തായിരുന്നു. എന്നാൽ ദൈവത്തിന്റെ നിയമത്തിന് മനുഷ്യൻ വീഴ്ച വരുത്തിയതുകൊണ്ട് നിയമം പുതുക്കി സ്ഥാപിച്ചതിനെ പുതിയനിയമം എന്ന് അപ്പൊ. പൗലൊസ് അർത്ഥമാക്കുന്നു. വിശ്വാസത്താലുള്ള നീതീകരണത്തിന് സാറയെ അപ്പൊസ്തലൻ ഉയർത്തി കാണിക്കുന്നു. മാനുഷികമായി അസാദ്ധ്യമായതിനെ സാറാ വിശ്വാസത്താൽ പ്രാപിച്ചു. അതുകൊണ്ട് അപ്പൊസ്തലൻ പറയുന്നു ഈ സ്ത്രീകൾ രണ്ട് നിയമ ങ്ങളാകുന്നു."

ന്യായപ്രമാണത്തിന് കീഴ്പ്പെടുന്നത് തെറ്റാണ് എന്ന് അപ്പൊസ്ത ലൻ പറയുന്നില്ല.

ന്യായപ്രമാണത്തിന് കീഴ്പ്പെടുന്ന **മനോഭാവത്തെ** അപ്പൊസ്ത ലൻ തിരുത്തുന്നു. രക്ഷയ്ക്ക് ന്യായപ്രമാണത്തിൽ ആശ്രയിക്കുന്ന മനോഭാവമാണ് ശാപത്തിന് കാരണം. യഹൂദയിൽനിന്ന് ചിലർ വന്നു. "നിങ്ങൾ മോശെ കല്പിച്ച ആചാരം അനുസരിച്ച് പരിച്ഛേദന ഏൽക്കാ ഞ്ഞാൽ രക്ഷ പ്രാപിക്കാൻ കഴികയില്ല എന്ന് സഹോദരന്മാരെ ഉപദേ ശിച്ചു" (അപ്പൊ. പ്രവൃ. 15;1). ഇവിടെ രക്ഷയ്ക്കും പ്രവൃത്തിക്കും തമ്മിൽ മനുഷ്യൻ കൊടുക്കുന്ന ബന്ധം തെളിവായി കാണാവുന്നതാണ്. വിശ്വാ സത്തിന്റെയും ദൈവവാഗ്ദത്തത്തിന്റെയും മുദ്രയായി ദൈവം കൊടുത്ത പരിച്ഛേദനയെ യഹൂദന്മാർ രക്ഷിതാവാക്കിത്തീർത്തു എന്ന മരണകരമായ ചതിയെയാണ് അപ്പൊ. പൗലൊസ് ശാസിക്കുന്നത്. പരി ച്ഛേദന ക്രിസ്തുവിൽ ലയിച്ചിരിക്കുന്നു എന്നു നാം വിശ്വസിക്കേണ്ട താണ്. ക്രിസ്തുവിനുള്ളവർ എങ്കിലോ നിങ്ങൾ അബ്രഹാമിന്റെ സന്ത തിയും വാഗ്ദത്ത പ്രകാരം അവകാശികളും ആകുന്നു. (ഗലാത്യർ 3:29) **പുതിയനിയമ സഭയ്ക്ക് പഴയനിയമ ആചാരങ്ങൾ ഇല്ലാത്തത്**

**ക്രിസ്തു ഉള്ളതുകൊണ്ടാണ്. പഴയനിയമം ക്രിസ്തു ആയിരുന്ന തുപോലെ പുതിയനിയമവും ക്രിസ്തുവാകുന്നു.** ഈ അറിവ് എല്ലാ വരിലും ഇല്ല. മോശൈക ന്യായപ്രമാണത്തെയും പത്തു കല്പന യെയും വേർതിരിച്ച് അറിയുവാൻ സാധിക്കാത്തതുകൊണ്ടാണ് പുതിയ നിയമ സഭ ന്യായപ്രമാണത്തിന് (പത്തു കല്പനയ്ക്ക്) കീഴ്പ്പെടേണ്ട തില്ലെന്ന് ഉപദേഷ്ടാക്കന്മാർ പരക്കെ ഉപദേശിക്കുന്നത്. **പത്തുകല്പന ഒന്നും തന്നെ ക്രൂശിന്റ നിഴലല്ല.**

**ഗലാതൃർ 5:18 ആത്മാവിനെ അനുസരിച്ചു നടക്കുന്നു എങ്കിൽ നിങ്ങൾ ന്യായപ്രമാണത്തിൻ കീഴുള്ളവരല്ല.**

അപ്പൊ. പൗലൊസിനാൽ സ്ഥാപിക്കപ്പെട്ടതായിരുന്നു ഗലാത്യ സഭ. എന്നാൽ പിൽക്കാലത്ത് സഭയിൽ യെഹൂദാവത്ക്കരണക്കാരുടെ സ്വാധീനം കടന്നു വരികയും സഭ അതിൽ വീണു പോകയും ചെയ്തു. ക്രിസ്തുവിൽ വിശ്വസിച്ച യഹൂദന്മാർ അവരുടെ പാരമ്പര്യമായിരുന്ന പരിച്ഛേദന കൂടാതെ രക്ഷ പ്രാപിക്കുവാൻ സാദ്ധ്യമല്ല എന്ന് വിശ്വസി ച്ചിരുന്നു. (അപ്പൊ. പ്രവൃ. 15:1) തന്നെയുമല്ല മോശെയുടെ ന്യായപ്ര മാണത്തിൽ കാണുന്ന ഉത്സവങ്ങൾ എല്ലാം ആചരിക്കണം എന്നും വിശ്വസിച്ചിരുന്നു. ഈ കൂട്ടരെയാണ് യെഹൂദാവത്ക്കരണക്കാർ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. യെഹൂദാ ക്രിസ്ത്യാനികൾ ക്രിസ്തു വിൽ വിശ്വസിച്ചിരുന്നു എങ്കിലും ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിലും ആശ്രയിച്ചിരുന്നു. ഇവരുടെ ഉപദേശത്തിൽ ഗലാതൃർ വീണുപോയ തുകൊണ്ട് അവരെ ശാസിക്കുന്ന ഭാഗമാണ് ഗലാതൃർ 4:10–11. നിങ്ങൾ ദിവസങ്ങളും മാസങ്ങളും, കാലങ്ങളും, ആണ്ടുകളും പ്രമാണിക്കുന്നു. ഞാൻ നിങ്ങൾക്കുവേണ്ടി അദ്ധ്വാനിച്ചത് വെറുതെയായി എന്നു ഞാൻ ഭയപ്പെടുന്നു. പരീശപക്ഷത്തുനിന്നും ക്രിസ്ത്യാനികളായിത്തീർന്ന യെഹൂദവത്ക്കരണക്കാർ ന്യായപ്രമാണ തല്പരന്മാർ ആയിരുന്നു. ഇവ രുടെ സ്വാധീനത്തിന് എതിരെയാണ് അപ്പൊസ്തലൻ ഗലാതൃർക്ക് ലേഖനമെഴുതിയത് എന്ന് നാം ഓർത്തിരിക്കാഞ്ഞാൽ തെറ്റിദ്ധാര ണയ്ക്ക് അധീനരാകും എന്ന് സ്നേഹപൂർവ്വം ഓർപ്പിക്കുന്നു. ന്യായ പ്രമാണം അനുസരിക്കുന്നതിനും രക്ഷയ്ക്കും തമ്മിൽ യെഹൂദവത്ക്ക രണക്കാർ ബന്ധം കല്പിച്ചു എന്നുള്ളതാണ് അപ്പൊ. പൗലൊസിന്റെ വിഷയം. അതുകൊണ്ട് ഗലാതൃരോട് പറയുന്നു. “എന്നാൽ ക്രിസ്തു വിലുള്ള വിശ്വാസത്താലല്ലാതെ ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നില്ലെന്ന് അറിഞ്ഞിരിക്കകൊണ്ട് നാമും ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലല്ല ക്രിസ്തുവിലെ വിശ്വാസ

ത്താൽ തന്നെ നീതീകരിക്കപ്പെടേണ്ടതിനു ക്രിസ്തുവിൽ വിശ്വസിച്ചു, ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും നീതീകരിക്കപ്പെടുന്നില്ലല്ലോ.

ന്യായപ്രമാണത്തിന്റെ അനുസരണത്താൽ നീതി വരുന്നില്ല എന്നതാണ് ഗലാത്യ ലേഖനത്തിന്റെ കാതലായ സത്യം. **നീതിക്കായിട്ടും രക്ഷയ്ക്കായിട്ടും ന്യായപ്രമാണത്തിന്റെ അനുസരണം ഉതകുമായിരുന്നു എങ്കിൽ ക്രിസ്തു മരിക്കേണ്ട ആവശ്യം തന്നെയില്ലെന്ന് 2-ാം അദ്ധ്യായത്തിന്റെ അവസാനം അപ്പൊസ്തലൻ പറയുന്നു. "ന്യായപ്രമാണത്താൽ നീതി വരുന്നു എങ്കിൽ ക്രിസ്തു മരിച്ചത് വെറുതെയല്ലോ" (ഗലാത്യർ 2:21).** ന്യായപ്രമാണം അനുസരിക്കുന്നതിൽ അടങ്ങിയിരിക്കുന്ന മനോഭാവമാണ് അനുസരണത്തെ ഒന്നുകിൽ ദൈവഹിതമായ അനുസരണമാക്കുന്നത്, അല്ലെങ്കിൽ ദൈവഹിതമല്ലാത്ത നിയമ സിദ്ധാന്തം (legalism) ആക്കിത്തീർക്കുന്നത്. ന്യായപ്രമാണത്തെ ആകമാനം സംബോധന ചെയ്തതുകൊണ്ട് ന്യായപ്രമാണം അനുസരിക്കേണ്ടതില്ല എന്ന് അപ്പൊസ്തലൻ പറയുന്നില്ല; നാം വിശ്വസിക്കുന്നതുമില്ല. ദശാംശം പഴയനിയമ ന്യായപ്രമാണമാണ്. ആത്മാവിനെ അനുസരിച്ച് നടക്കുന്നു എങ്കിൽ നിങ്ങൾ ന്യായപ്രമാണത്തിനു കീഴുള്ളവരല്ല എന്ന വേദഭാഗപ്രകാരം ന്യായപ്രമാണത്തിന് കീഴ്പ്പെടാതിരിക്കുകയോ ദശാംശം കൊടുക്കാതിരിക്കുകയോ ചെയ്യുന്നില്ല.

തുടർന്ന് 3-ാമത്തെ അദ്ധ്യായത്തിലേക്ക് പ്രവേശിക്കുമ്പോൾ ഗലാത്യരുടെ സ്വന്ത അനുഭവത്തെ സാക്ഷിയാക്കിക്കൊണ്ട് അവരോട് ചോദിക്കുന്നു: നിങ്ങൾക്ക് ആത്മാവ് ലഭിച്ചത് ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാലോ വിശ്വാസത്തിന്റെ പ്രസംഗം കേട്ടതിനാലോ? നീതീകരണത്തിന് ന്യായപ്രമാണത്തിന്റെ അനുസരണമാണ് ആധാരമായിരിക്കുന്നതെന്ന് വിശ്വസിച്ചവരുടെ പിതാവായ അബ്രഹാമിന്റെ ചരിത്രം ചൂണ്ടിക്കാണിച്ചുകൊണ്ട് അബ്രഹാം വിശ്വാസത്താൽ നീതീകരിക്കപ്പെട്ടു എന്ന് അപ്പൊസ്തലൻ സ്ഥാപിക്കുന്നു.

വിശ്വാസത്തെ എടുത്തു കാണിക്കുമ്പോൾ ദൈവം സ്ഥാപിച്ച ന്യായപ്രമാണത്തെ തെറ്റിദ്ധരിക്കാതിരിക്കുവാൻ ഗലാത്യർ 3:21 മുതൽ ന്യായപ്രമാണത്തിന്റെ ദൗത്യത്തെയും, അതിന്റെ പരിമിതിയെയും വിവരിക്കുന്നു. ന്യായപ്രമാണം ദൈവജനത്തെ ക്രിസ്തുവിലേക്ക് നയിക്കുവാൻ ശിശുപാലകനായി ഭവിച്ചു (ഗലാത്യർ 3:24) എന്നു പറയുന്നു.

♦

## അദ്ധ്യായം 3

# ക്രൂശിൽ തറച്ചത് എന്ത് ?

### വിഷയത്തിന്റെ പ്രധാന ഉദ്ദേശ്യം

മനുഷ്യനെ ദൈവത്തിൽ നിന്നും അകറ്റുക; മനുഷ്യൻ ദൈവത്തെ അവിശ്വസിക്കുക, കല്പനാ ലംഘനത്തിൽ മനുഷ്യനെ വീഴ്ത്തുക എന്നതാണ് സാത്താന്റെ പദ്ധതി. ഉല്പത്തി മുതൽ സാത്താന്റെ ഈ സമീപനം വ്യക്തമായി കാണുവാൻ സാധിക്കുന്നു. സാത്താൻ പല ഉപാധികളാണ് തന്റെ ലക്ഷ്യം സാധിക്കുവാൻ ഉപയോഗിക്കുന്നത്. വചന വിരുദ്ധമായ പാരമ്പര്യം, കൃപാകാലമായതുകൊണ്ട് കല്പനകൾ അനുസരിക്കേണ്ടതില്ല എന്ന ഉപദേശം, തിരുവചനത്തിൽ പരസ്പര വിരുദ്ധത ഉളവാക്കുന്ന തെറ്റായ വ്യാഖ്യാനം; കർത്താവായ യേശു ക്രൂശിൽ മരിച്ചതോടെ പത്തുകല്പന നീങ്ങിപ്പോയി എന്ന ഉപദേശം, പുതിയ നിയമ സഭ പഴയനിയമത്തിന് കീഴ്പ്പെടേണ്ടതില്ല; പത്തുകല്പന പുതിയ നിയമകാലത്ത് ചുരുങ്ങി രണ്ടായിപ്പോയി എന്നിവ ചതിയുടെ ദീർഘമായ പട്ടികയിൽ ചിലതാണ്.

ദൈവം സ്രഷ്ടാവാണ് എന്നതിന്റെ സ്മാരകമായി ഉല്പത്തിയിൽ സ്ഥാപിച്ച (ഉല്പത്തി 2:1-3) ആഴ്ചവട്ടത്തിന്റെ ഏഴാമത്തെ ദിവസമാകുന്ന ശബ്ബത്ത് കർത്താവ് ക്രൂശിൽ മരിച്ചതോടെ നീങ്ങിപ്പോയി എന്ന് ആഗോളമായി വിശ്വസിക്കപ്പെടുന്നു. **ഈ വിശ്വാസം താങ്ങിനിർത്തുവാൻ കൊലൊസ്യർക്ക് എഴുതിയ ലേഖനം 2:14-17 വരെയുള്ള വാക്യങ്ങൾ തൂണായി ഉപയോഗിക്കുന്നത് സർവ്വസാധാരണമായി കേൾക്കാറുണ്ട്. ഈ വ്യഖ്യാനം ശരിയോ തെറ്റോ എന്ന് സൂക്ഷ്മമായി പരിശോധിക്കുക എന്നതാണ് ഈ പഠനത്തിന്റെ പ്രധാന ഉദ്ദേശ്യം.** ചില കാര്യങ്ങൾ ഒറ്റ നോട്ടത്തിൽ ശരിയെന്ന് തോന്നിയേക്കാം, എന്നാൽ മറ്റ് വേദഭാഗങ്ങളുമായി താരതമ്യപ്പെടുത്തിയ ഒരു സൂക്ഷ്മ വേദപഠനം സത്യം കണ്ടുപിടിക്കുവാൻ സഹായിക്കും.

സത്യം അന്വേഷിക്കുന്നവർക്ക് വേദപുസ്തകത്തോട് നിഷ്പക്ഷമായ ഒരു സമീപനവും, മനോഭാവവും ഉണ്ടായിരിക്കേണ്ടതാണ്.

കൂടാതെ കർത്താവായ യേശു നാം പഠിക്കുന്ന വിഷയത്തെപ്പറ്റി എന്ത് പഠിപ്പിച്ചു എന്നും, എന്ത് കല്പിച്ചിരിക്കുന്നു എന്നും ഓർത്തിരിക്കുന്നത് വ്യാഖ്യാനം തെറ്റിപ്പോകാതിരിക്കാൻ സഹായിക്കും. പരിശുദ്ധാത്മാവിന്റെ പഠിപ്പിക്കലിനെ സംബന്ധിച്ചിടത്തോളം "അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കും" എന്നാണ് കർത്താവ് നമ്മെ പ്രബോധിപ്പിക്കുന്നത്. കർത്താവ് പോലും തന്റെ പഠിപ്പിക്കലിനെക്കുറിച്ച് സ്വയമായി സാക്ഷീകരിക്കുന്നത്: **"ഞാൻ സ്വയമായി സംസാരിച്ചിട്ടില്ല, എന്നെ അയച്ച പിതാവ് തന്നെ ഞാൻ ഇന്നത് പറയണം എന്നും ഇന്നത് സംസാരിക്കേണം എന്നും കല്പന തന്നിരിക്കുന്നു. അവന്റെ കല്പന നിത്യജീവൻ എന്നു ഞാൻ അറിയുന്നു.** ആകയാൽ ഞാൻ സംസാരിക്കുന്നത് പിതാവ് എന്നോട് അരുളിച്ചെയ്തതുപോലെ തന്നെ സംസാരിക്കുന്നു" (യോഹന്നാൻ 12:49-50). പിതാവായ ദൈവം മാറാത്ത ദൈവമാണ്: **അതുകൊണ്ട് പത്തുകല്പന ക്രൂശിൽ തറച്ച് നീക്കിക്കളഞ്ഞു എന്ന് നാം സ്ഥാപിക്കുമ്പോൾ ദൈവത്തിനു വിരോധമായി സാക്ഷ്യം പറയുന്നുവോ എന്ന് സൂക്ഷിക്കേണ്ടതാണ്.**

## കൊലൊസ്സ്യ സഭ

"കയ്യെഴുത്ത് മായിച്ചു ക്രൂശിൽ തറച്ചു" എന്ന പദപ്രയോഗം കൊലോ 2-ാം അദ്ധ്യായത്തിലാണ് കാണുന്നത്. അതുകൊണ്ട് ക്രൂശിൽ തറച്ചത് എന്താണ് എന്ന വിഷയം പഠിക്കുന്നതിനുമുമ്പ്, കൊലൊസ്സ്യ സഭയെയും പൗലോസ് അവർക്ക് ലേഖനം എഴുതുന്നതിന്റെ പശ്ചാത്തലത്തെയും മനസ്സിലാക്കിയിരുന്നാൽ ലേഖനം തെറ്റിദ്ധാരണ കൂടാതെ മനസ്സിലാക്കുന്നതിന് സഹായകരമായിരിക്കും. കൊലൊസ്സ്യ സഭ സ്ഥാപിച്ചത് ആരാണ് എന്ന് നിശ്ചയമില്ല. എങ്കിലും എഫെസൊസ് കേന്ദ്രമാക്കി പൗലൊസിന്റെ മൂന്നു വർഷത്തെ സുവിശേഷീകരണത്തിന്റെ ഫലമായി രൂപം കൊണ്ട സഭ ആയിരിക്കാം കൊലൊസ്സ്യ സഭ എന്ന് കരുതപ്പെടുന്നു. A.D. 62-ൽ റോമിൽ ജയിൽ വാസം കഴിക്കുമ്പോഴാണ് പൗലൊസ് കൊലൊസ്സ്യർക്ക് ലേഖനമെഴുതുന്നത്. അന്നുവരെ കൊലൊസ്സ്യരെ മുഖപരിചയം ഇല്ല എങ്കിലും (കൊലൊ 2:1) അവരുടെ സഭാപിതാവ് എന്ന് വിളിക്കാവുന്ന ഒരു ബന്ധം പൗലൊസും കൊലൊസ്സ്യരും തമ്മിൽ ഉണ്ടായിരുന്നു. എപ്പഫ്രാസ് മുഖാന്തരം കൊലൊസ്സ്യ സഭയുടെ ആത്മീക നിലവാരം പൗലൊസ് അറിഞ്ഞിരുന്നു (കൊലൊ 1:8). ഈ അറിവിന്റെ വെളിച്ചത്തിലാണ് പൗലൊസ് കൊലൊസ്സ്യർക്ക് ലേഖനമെഴുതുന്നത്.

ക്രിസ്തീയ സഭയുടെ ശൈശവ ദശയിൽ പലവിധമായ വെല്ലുവിളികൾ സഭയ്ക്ക് നേരിടേണ്ടി വന്നു. ഗലാത്യ സഭയ്ക്ക് യഹൂദാവൽക്കരണക്കാരുടെ വെല്ലുവിളികൾ നേരിടേണ്ടി വന്നതു പോലെ, കൊലൊസ്യ സഭയ്ക്ക് നോസ്റ്റിക് (Gnostic/ജ്ഞാന വാദികൾ) വിശ്വാസക്കാരുടെ നുഴഞ്ഞു കയറ്റം നേരിടേണ്ടി വന്നു. **മനുഷ്യ ജാതിയുടെ ഏകരക്ഷിതാവായ യേശുവിൽ നിന്നും മനുഷ്യനെ അകറ്റുക എന്നുള്ളതാണ് സാത്താന്റെ ലക്ഷ്യം.** പല മാദ്ധ്യമങ്ങൾ ഉപയോഗിച്ചാണ് വഞ്ചകൻ തന്റെ ചതി സാധിക്കുന്നത്. ദൈവത്തിന്റെ സഭയായിരുന്ന യിസ്രായേൽ, ഏതാണ്ട് മുഴുവൻ, വിഗ്രഹാരാധനയ്ക്ക് വിധേയമായിത്തീർന്നു. ആഹാബ് രാജാവിന്റെ ഭാര്യ ഈസബേൽ യിസ്രായേല്യരെ വിഗ്രഹാരാധനയിലേക്ക് വീഴ്ത്തി. കള്ളപ്രവാചകന്മാരെ സാത്താൻ എഴുന്നേൽപ്പിച്ചു. “യിസ്രായേൽ മക്കൾ വിഗ്രഹാർപ്പിതം തിന്നേണ്ടതിനും ദുർന്നടപ്പ് ആചരിക്കേണ്ടതിനും അവരുടെ മുമ്പിൽ ഇടർച്ച വെപ്പാൻ ബാലാക്കിന് ഉപദേശിച്ചു കൊടുത്ത ബിലയാമിന്റെ ഉപദേശം പിടിച്ചിരിക്കുന്നവർ അവിടെ നിനക്കുണ്ട്.” അവ്വണ്ണം നിക്കൊലാവ്യരുടെ ഉപദേശം കൈക്കൊള്ളുന്നവർ നിനക്കുണ്ട് (വെളിപ്പാട് 2:14-15). ഇങ്ങനെ കാലാകാലങ്ങളിൽ ദൈവത്തിന്റെ സഭ ചതിക്കും വഞ്ചനയ്ക്കും വിധേയമായിട്ടുണ്ട്. ഇന്നും പലവിധ ദുരുപദേശങ്ങൾക്ക് ക്രിസ്തീയ സഭ വിധേയമായിരിക്കുന്നു. അപ്പൊസ്തലനായ യോഹന്നാൻ തന്റെ ലേഖനം ഒരു പ്രത്യേക സഭയെ സംബോധന ചെയ്ത് എഴുതുന്നില്ല എങ്കിലും ഒരു പ്രത്യേക സാഹചര്യത്തെക്കൂടെ ഉൾക്കൊള്ളിച്ച് എഴുതിയതാണ്. ക്രിസ്തുവിനെ നിഷേധിച്ചിരുന്ന നോസ്റ്റിക് വിശ്വാസക്കാരെയാണ് സംബോധന ചെയ്യുന്നത് എന്നുള്ളത് 1 യോഹന്നാന്റെ ലേഖനത്തിന്റെ തുടക്കത്തിൽ നിന്നും തന്നെ വ്യക്തമാണ്. മറ്റ് പല സഭകൾ നേരിട്ടിരുന്ന ദുരുപദേശം കൊലൊസ്യ സഭയും നേരിട്ടിരുന്നു. അത് ക്രിസ്തുവിനെ കൂടാതെയുള്ള നോസ്റ്റിക് വിശ്വാസക്കാരുടെ രക്ഷാപദ്ധതി എന്ന ദുരുപദേശമായിരുന്നു. വിശേഷിച്ചും കൊലൊസ്യർ 2-ാം അദ്ധ്യായം പഠിക്കുമ്പോൾ നോസ്റ്റിക് വിശ്വാസക്കാർക്കെതിരെയുള്ള ഉപദേശമാണ് പൗലൊസ് സംബോധന ചെയ്യുന്നത് എന്ന സത്യം മനസ്സിൽ കരുതുന്നില്ല എങ്കിൽ തെറ്റായ വ്യാഖ്യാനം ഉടലെടുക്കും.

### നോസ്റ്റിക് വിശ്വാസത്തെ സംബന്ധിച്ച് ചില വസ്തുതകൾ

നോസിസ് (Gnosis) എന്ന വാക്കിന്റെ അർത്ഥം ജ്ഞാനം, അറിവ് എന്നാണ്. ദൈവത്തെക്കുറിച്ചുള്ള ഗൂഢമായ അറിവ് ഇക്കൂട്ടർക്ക് ഉണ്ടായിരുന്നു എന്ന് അവർ അവകാശപ്പെട്ടിരുന്നു. വേദപുസ്തകം ഗൗരവ

മായി പഠിക്കുന്നവർ നോസ്റ്റിക് വിശ്വാസക്കാരെ അറിഞ്ഞിരിക്കും. അവർ അവകാശപ്പെട്ട ജ്ഞാനം തിരുവചനപ്രകാരമായിരുന്നില്ല. പൗലോസ് അവരുടെ ജ്ഞാനത്തെ "തത്വജ്ഞാനം" എന്ന് കൊലൊസ്യർക്കെഴുതിയ ലേഖനം 2-ാം അദ്ധ്യായത്തിൽ സംബോധന ചെയ്യുന്നു. അത് "വെറും വഞ്ചന" എന്നും അവരുടെ ജ്ഞാനത്തെപ്പറ്റി പറയുന്നു. ക്രിസ്തീയ സഭയിൽ പല ഇടങ്ങളിലായി അവർ നുഴഞ്ഞു കയറുകയും വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കുകയും, സഭവിട്ടുപോകുവാൻ പ്രേരിപ്പിക്കുകയും ചെയ്തു. "അവർ നമ്മുടെ ഇടയിൽ നിന്നും പുറപ്പെട്ടു എങ്കിലും നമുക്കുള്ളവർ ആയിരുന്നില്ല. അവർ നമുക്കുള്ളവർ ആയിരുന്നു എങ്കിൽ നമ്മോടു കൂടെ പാർക്കുമായിരുന്നു" (1 യോഹന്നാൻ 2:19). "അവർ എന്നു പറയുന്നത് ഒരു പ്രത്യേക സമൂഹത്തെ സൂചിപ്പിക്കുന്നു. നോസ്റ്റിക് വിശ്വാസക്കാരെ സംബോധന ചെയ്യുന്ന സാഹചര്യം തിരുവചനത്തിന്റെ മറ്റു ഭാഗങ്ങളിലും കാണുവാൻ കഴിയുന്നതാണ്. യോഹന്നാൻ പറയുന്നതു തന്നെ പൗലൊസും നോസ്റ്റിക് വിശ്വാസക്കാരെ സംബന്ധിച്ച് പറയുന്നു." "ഞാൻ പോയശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്നും എഴുന്നേൽക്കും" (അപ്പൊ. പ്ര. 20:29-30). എന്നാൽ ഭാവികാലത്ത് ചിലർ വ്യാജാത്മാക്കളെയും, ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ച് ഭോഷ്ക് പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്ന് ആത്മാവ് തെളിവായി പറയുന്നു. അവർ സ്വന്ത മനസ്സാക്ഷിയിൽ ചൂടുപിടിച്ചവരായി വിവാഹം വിലക്കുകയും സത്യത്തെ ഗ്രഹിച്ചിരിക്കുന്ന വിശ്വാസികൾ സ്തോത്രത്തോടെ അനുഭവിപ്പാൻ ദൈവം സൃഷ്ടിച്ച ഭോജ്യങ്ങളെ വർജ്ജിക്കണം എന്നു കല്പിക്കുകയും ചെയ്യും (1 തിമൊ 4:1-3). റോമിലുള്ള വിശ്വാസികളെ നോസ്റ്റിക് വിശ്വാസക്കാർ സ്വാധീനിക്കാൻ ശ്രമിച്ചു എന്ന് റോമർ 14-ാം അദ്ധ്യായം സൂചിപ്പിക്കുന്നു എന്ന് വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

ക്രിസ്തുവിന് വിരോധമായി അനേകം എതിർ ക്രിസ്തുക്കൾ അന്ത്യകാലത്ത് എഴുന്നേൽക്കും എന്ന് തിരുവചനം പറയുന്നു. "കുഞ്ഞുങ്ങളേ, ഇത് അന്ത്യനാഴിക ആകുന്നു." എതിർക്രിസ്തു വരും എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഇപ്പോൾ അനേകം എതിർ ക്രിസ്തുക്കൾ എഴുന്നേറ്റിരിക്കയാൽ അന്ത്യനാഴിക ആകുന്നു എന്ന് നമുക്കറിയാം. യേശു

വിനെ ക്രിസ്തു അല്ല എന്ന് നിഷേധിക്കുന്നവൻ അല്ലാതെ കള്ളൻ ആരാകുന്നു? പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവൻ തന്നെ എതിർ ക്രിസ്തു ആകുന്നു (1 യോഹ. 2:18-22).

AD 200 ആയപ്പോഴേക്കും ഏതാണ്ട് 60-തിൽപരം വിവിധ നോസ്റ്റിക് വിഭാഗങ്ങൾ ഉണ്ടായിരുന്നു. യഹൂദാ നോസ്റ്റിക്, ക്രിസ്ത്യൻ നോസ്റ്റിക്, ജാതികളുടെ (heathen) നോസ്റ്റിക്, പലവിഭാഗക്കാരുടെ സങ്കലന നോസ്റ്റിക് എന്നിങ്ങനെ അനേകം വിഭാഗങ്ങൾ ഉണ്ടായിരുന്നു. ഈ ലോകത്തിലുള്ള എല്ലാ വസ്തുക്കളും (പദാർത്ഥങ്ങൾ) തിന്മ (evil) ആയതുകൊണ്ട് യേശു ദൈവമായി ജഡത്തിൽ ഈ ഭൂമിയിൽ വരിക അസാദ്ധ്യം എന്ന് നോസ്റ്റിക് വിഭാഗം വിശ്വസിച്ചിരുന്നു. ഈ കാരണത്താൽ നോസ്റ്റിക് വിശ്വാസക്കാർ യേശുവിനെ നിഷേധിച്ചിരുന്നു. "തലയെ മുറുകെ പിടിക്കാത്തവർ" (കൊലൊസ്സ്യർ 2:18) എന്ന് ലേഖനത്തിൽ പൗലൊസ് പറയുന്നത് ഇവരെ കുറിച്ചാണ്. യേശുവിനു ഒരു ജഡിക ശരീരം ഉള്ളതായി കാണപ്പെട്ടു, എന്നാൽ ഒരു ജഡിക ശരീരം ഇല്ലായിരുന്നു എന്ന് നോസ്റ്റിക് വിശ്വാസക്കാരിൽ ചിലർ വിശ്വസിച്ചിരുന്നു. നോസ്റ്റിക് വിശ്വാസക്കാരുടെ തത്വജ്ഞാനത്തെ സംബോധന ചെയ്തുകൊണ്ടാണ് യോഹന്നാൻ തന്റെ ലേഖനം ആരംഭിക്കുന്നത്. "ആദിമുതലുള്ളതും ഞങ്ങൾ കേട്ടതും സ്വന്ത കണ്ണുകൊണ്ട് കണ്ടതും ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈതൊട്ടതും ആയ ജീവന്റ വചനം സംബന്ധിച്ച് - ജീവൻ പ്രത്യക്ഷമായി. ഞങ്ങൾ കണ്ട് സാക്ഷീകരിക്കുകയും പിതാവിനോടുകൂടെ ഇരുന്ന് ഞങ്ങൾക്കു പ്രത്യക്ഷമായ നിത്യജീവനെ നിങ്ങളോടു അറിയിക്കുകയും ചെയ്യുന്നു. ഞങ്ങൾ കണ്ടും കേട്ടുമുള്ളത് നിങ്ങൾക്ക് ഞങ്ങളോട് കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോടു അറിയിക്കുന്നു. ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു. നമ്മുടെ സന്തോഷം പൂർണ്ണമാകുവാൻ ഞങ്ങൾ ഇത് നിങ്ങൾക്ക് എഴുതുന്നു" (1 യോഹന്നാൻ 1:1-4).

യോഹന്നാന്റെ മനസ്സിൽ പറഞ്ഞറിയിക്കാൻ വെമ്പൽ കൊള്ളുന്ന ഒരു ഭാരം ഉണ്ടായിരുന്നു എന്ന് ഈ വാക്യങ്ങളിൽ കാണുന്നു. യേശുവിനെ ഞങ്ങൾ കണ്ടു എന്ന് നാലു പ്രാവശ്യവും യേശു ഞങ്ങൾക്ക് പ്രത്യക്ഷനായി എന്ന് രണ്ടു പ്രാവശ്യവും ഈ നാലു വാക്യങ്ങളിൽ പറയുന്നു. യേശുവിന് മായാരൂപം ഉള്ളതായി കാണപ്പെട്ടതേ ഉള്ളു എന്ന് വിശ്വസിക്കയും പഠിപ്പിക്കയും ചെയ്ത നോസ്റ്റിക് വിശ്വാസക്കാർക്കെതിരെ അപ്പൊസ്തലൻ പറയുന്നത് "ഞങ്ങളുടെ കൈ തൊട്ടതുമായ

ജീവന്റെ വചനം എന്നാണ്. ഒരു "മായാരൂപം" (phantom) ഉള്ളതിനെ തൊടുവാൻ സാദ്ധ്യമല്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ കാല് മുറിച്ച് കളഞ്ഞതിനു ശേഷം മുറിച്ചുകളഞ്ഞ കാലിന് വേദന അനുഭവപ്പെടുന്നതായി രോഗികൾ പറയാറുണ്ട്. വൈദ്യശാസ്ത്രത്തിൽ അതിനെ Phantom pain (ഫാൻറ്റം പെയ്ൻ) എന്ന് വിളിക്കുന്നു. അതു പോലെ യേശു ഒരു ഫാൻറ്റം മാത്രമായിരുന്നു എന്ന് നോസ്റ്റിക് വിഭാഗം വിശ്വസിച്ചിരുന്നു. അതിനെതിരെയാണ് യോഹന്നാൻ സാക്ഷീകരിക്കുന്നത് "ഞങ്ങളുടെ കൈ തൊട്ടതുമായ" എന്ന്. നോസ്റ്റിക് വിശ്വാസത്തിന്റെ ഒരു ശാഖയായ ഡൊസീറ്റിസം (Docetism) യേശുവും ക്രിസ്തുവും രണ്ട് വ്യത്യസ്ത ആളത്വമാണ് (entity) എന്ന് പഠിപ്പിച്ചിരുന്നു. സ്നാന സമയത്ത് "ക്രിസ്തു" യേശുവിൽ പ്രവേശിച്ചു എന്നും ക്രൂശുമരണത്തിന് മുമ്പ് "ക്രിസ്തു" യേശുവിനെ വിട്ടുപോയി എന്നും അവർ വിശ്വസിച്ചിരുന്നു.

നോസ്റ്റിക് വിശ്വാസത്തിന്റെ മറ്റൊരു ശാഖയായ സെരിന്തിയനിസം (cerinthianism), യേശു ജോസഫിന്റെയും മറിയയുടെയും സ്വാഭാവിക മകൻ എന്ന് വിശ്വസിക്കയും പഠിപ്പിക്കുകയും ചെയ്തിരുന്നു. ചുരുക്കത്തിൽ നോസ്റ്റിക് വിശ്വാസത്തെ ആകമാനം നോക്കിയാൽ അവർ യേശുവിന്റെ ദൈവികത്വം നിഷേധിച്ചവർ ആയിരുന്നു.

ദൂതന്മാർക്ക് മനുഷ്യരുടെ സുഖക്ഷേമങ്ങളിൽ പങ്കുണ്ട് എന്ന് നോസ്റ്റിക് വിശ്വാസം പഠിപ്പിച്ചിരുന്നു. പ്രപഞ്ച ശക്തികളിൽ നിന്നും സംരക്ഷണം ഉണ്ടാകേണ്ടതിന് ദൂതന്മാരുടെ മദ്ധ്യസ്ഥതയും ദൂതന്മാരെ ആരാധിക്കേണ്ടതും ആവശ്യമാണ് എന്ന് നോസ്റ്റിക് വിശ്വാസം പഠിപ്പിച്ചിരുന്നു. അതിന്റെ തെളിവാണ് "ദൂതന്മാരെ ആരാധിക്കുന്നതിൽ രസിച്ചും" എന്ന് കൊലൊസ്യർ 2:18-ൽ പറയുന്നത്. ശരീരത്തെ ദണ്ഡിപ്പിക്കുന്നതും, ചില ഭക്ഷണ പാനീയങ്ങൾ ഉപേക്ഷിക്കുന്നതും, കഠിന വ്രതം ആചരിക്കുന്നതും, ചില നിയോഗിക്കപ്പെട്ടിട്ടുള്ള ദിവസങ്ങളും കാലങ്ങളും ആണ്ടുകളും ആചരിക്കുന്നതും ആത്മീക സമ്പൂർണ്ണത പ്രാപിക്കുവാൻ സഹായിക്കും എന്ന് ഈ കൂട്ടർ വിശ്വസിച്ചിരുന്നു (കൊലൊസ്യർ 2:16,17). സത്യത്തെ കോട്ടി സാത്താൻ വ്യാജം സൃഷ്ടിച്ചിട്ട് തിരുവചന വ്യാഖ്യാനമായി ചതി ഉപയോഗിക്കുന്നു. ഇങ്ങനെയുള്ളവരെ കുറിച്ച് പൗലൊസ് പറയുന്നത് "ദൈവത്തിന്റെ സത്യത്തെ അവർ വ്യാജമാക്കിക്കളഞ്ഞു" (റോമർ 1:25). **തിരുവചനത്താൽ വ്യാജത്തെ ന്യായീകരിക്കാവുന്ന രീതിയിലാണ് വഞ്ചകൻ വ്യാജം പ്രചരിപ്പിക്കുന്നത്.**

## "കയ്യെഴുത്ത് "

"അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായിച്ച് ക്രൂശിൽ തറെച്ചു നടുവിൽ നിന്നു നീക്കിക്കളഞ്ഞു. വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ച് ക്രൂശിൽ അവരുടെ മേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി. അതുകൊണ്ട് ഭക്ഷണപാനങ്ങൾ സംബന്ധിച്ചോ, പെരുനാൾ, വാവ്, ശബ്ബത്ത് എന്നീ കാര്യത്തിലോ ആരും നിങ്ങളെ വിധിക്കരുത് ഇവ വരുവാനിരുന്നവയുടെ നിഴലത്രെ. ദേഹം എന്നതോ ക്രിസ്തുവിനുള്ളത് " (കൊലൊ 2:14-17).

ഞായറാഴ്ച വിശുദ്ധ ദിവസമാണ് എന്ന് വിശ്വസിക്കയും പഠിപ്പിക്കയും ചെയ്യുന്നവർക്ക് ശബത്ത് നീങ്ങിപ്പോയി എന്ന് സ്ഥാപിക്കേണ്ടത് ആവശ്യമായി വന്നിരിക്കുന്നു. ന്യായീകരണം തിരുവചനത്തിൽ നിന്നുമാണ് കണ്ടെത്തേണ്ടത്; എങ്കിലേ അത് വിശ്വാസയോഗ്യമായി തീരുകയുള്ളു. ന്യായീകരണത്തിന് ചില വേദഭാഗങ്ങൾ ഉപയോഗിക്കാറുണ്ട്; അതിൽ ഏറ്റവും മുൻപന്തിയിൽ നില്ക്കുന്ന ചിലതിൽ ഒന്നാണ് കൊലൊസ്യർക്ക് എഴുതിയ ലേഖനം 2:14-17 വരെയുള്ള വാകൃങ്ങൾ. "കയ്യെഴുത്ത് മായിച്ചു ക്രൂശിൽ തറച്ചു നടുവിൽനിന്ന് നീക്കിക്കളഞ്ഞു" എന്നു പറയുമ്പോൾ, കയ്യെഴുത്ത് പത്തു കല്പനയാണെന്നാണ് വ്യാഖ്യാനം.

കൊലൊസ്യർ 2:14-17 വരെയുള്ള വാകൃങ്ങളോട് ചില ചോദ്യങ്ങൾ ചോദിച്ചാൽ നമ്മുടെ ധാരണക്ക് അടിസ്ഥാനമിടുവാൻ സാധിക്കും.

1. കയ്യെഴുത്ത് പത്തു കല്പനയാകുന്നു എങ്കിൽ അത് നമുക്ക് വിരോധവും പ്രതികൂലവും ആകുന്നുവോ?
2. മനുഷ്യന് വിരോധവും പ്രതികൂലവുമായ കല്പനകൾ ദൈവം തന്നിട്ടുണ്ടോ?
3. കയ്യെഴുത്ത് ദൈവം എഴുതിയ പത്തുകല്പന എങ്കിൽ അത് മായിച്ചു എന്നു പറയുമ്പോൾ ദൈവം എഴുതിയത് ദൈവം തന്നെ മായിച്ചു എന്നാണോ അർത്ഥമാക്കുന്നത്?
4. കയ്യെഴുത്ത് പത്തുകല്പനയാകുന്നു എങ്കിൽ അത് ക്രൂശിൽ തറച്ചാൽ വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിക്കുന്നതെങ്ങനെ?

5. വാഴ്ചകളും അധികാരങ്ങളും ആരാണ്?

6. പാപത്തിനുശേഷമാണല്ലോ നിഴലിന്റെ ഉത്ഭവം. ആഴ്ചവട്ടത്തിന്റെ ഏഴാം ദിവസമാകുന്ന ശബ്ബത്ത് പാപത്തിന് മുമ്പ് നിലവിലുണ്ടായിരുന്നതു കൊണ്ട് അത് നിഴലാകുന്നതെങ്ങനെ?

ഒറ്റ നോട്ടത്തിൽ കയ്യെഴുത്ത് പത്തുകല്പനയാണ് എന്ന് തോന്നിയേക്കാം. അതുകൊണ്ട് സൂക്ഷ്മമായ ഒരു പഠനം ആവശ്യമായിരിക്കുന്നു. കൊലൊസ്യർ 2:14-17 വരെയുള്ള വാക്യങ്ങളിൽ ചില വസ്തുതകൾ ശ്രദ്ധയോടെ പഠിച്ചിട്ട് കൊലൊസ്യർ 2-ാം അദ്ധ്യായം വാക്യപ്രതിവാക്യമായി അവലോകനം ചെയ്യാം.

**1. പ്രതികൂലവും വിരോധവുമായ കയ്യെഴുത്ത്**

**മനുഷ്യർക്ക് പ്രതികൂലവും വിരോധവുമായിരുന്ന ഒരു കാര്യം പോലും ദൈവം ചെയ്തിട്ടില്ല.** “മകൻ അപ്പം ചോദിച്ചാൽ അവന് കല്ല് കൊടുക്കുന്ന മനുഷ്യൻ നിങ്ങളിൽ ആരുള്ളു? മീൻ ചോദിച്ചാൽ അവന് പാമ്പിനെ കൊടുക്കുമോ? അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുക്കുവാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് തന്നോട് ചോദിക്കുന്നവർക്ക് നന്മ എത്ര അധികം കൊടുക്കും” (മത്തായി 7:9-11). നന്മയല്ലാതെ ഒന്നും ചെയ്തിടാത്ത ദൈവം നമുക്ക് വിരോധമായിരുന്ന കല്പന തന്നു എന്ന് വ്യാഖ്യാനിക്കുന്നത് തികച്ചും ശത്രുവാണ്. ഒന്നു മുതൽ പത്തുവരെയുള്ള ഏതു കല്പന എടുത്താലും അതിൽ ഒന്നും തന്നെ ആർക്കും ഒരു കാലത്തും വിരോധമായിരുന്നില്ല. എന്നാൽ കയ്യെഴുത്തിനെ സംബന്ധിച്ച് പറയുന്നത് നമുക്ക് പ്രതികൂലവും വിരോധവുമായിരുന്നു എന്നാണ്. അതുകൊണ്ട് കയ്യെഴുത്ത് ഒരു ദൈവകല്പനയും അല്ല. പൗലൊസ് റോമർക്ക് ലേഖനമെഴുതിയപ്പോൾ പത്ത് കല്പനയെപ്പറ്റി അവരോട് പറയുന്നത്: ആകയാൽ നാം എന്തു പറയേണ്ടു? ന്യായപ്രമാണം പാപമെന്നോ? ഒരുനാളും അരുത്. എങ്കിലും ന്യായപ്രമാണത്താലല്ലാതെ ഞാൻ പാപത്തെ അറിഞ്ഞില്ല; മോഹിക്കരുത് എന്ന് ന്യായപ്രമാണം പറയാതിരുന്നു എങ്കിൽ ഞാൻ മോഹത്തെ അറികയില്ലായിരുന്നു” (റോമർ 7:7). ന്യായപ്രമാണം നമുക്ക് പാപത്തെക്കുറിച്ച് ബോധം വരുത്തുന്നു. അതിനാൽ പാപി മാനസാന്തരപ്പെടുകയും പാപക്ഷമയ്ക്കായിട്ട് ക്രിസ്തുവിന്റെ അടുക്കലേക്ക് പോകയും ചെയ്യുന്നു. ഇന്നും ന്യായപ്രമാണത്തിന് രക്ഷാപദ്ധതിയിൽ ഒരു ദൗത്യമുണ്ട്. അത് ദൈവം കല്പിച്ചാക്കിയിട്ടുള്ളതാണ്. തുടർന്ന് ന്യായപ്രമാണത്തെപ്പറ്റി അതേ അദ്ധ്യായത്തിൽ അപ്പൊ. പൗലൊസ് പറയുന്നത്: “ആകയാൽ ന്യായപ്രമാണം

വിശുദ്ധം; കല്പന വിശുദ്ധവും, ന്യായവും, നല്ലതും തന്നെ (റോമർ 7:12) "ന്യായപ്രമാണം ആത്മീകം എന്നു നാം അറിയുന്നുവല്ലോ" (റോമർ 7:14) "ഉള്ളം കൊണ്ട് ഞാൻ ദൈവത്തിന്റെ ന്യായപ്രമാണ ത്തിൽ രസിക്കുന്നു" (റോമർ 7:22). ന്യായപ്രമാണത്തിന് മനുഷ്യനെ രക്ഷിക്കുവാൻ സാധിക്കുന്നില്ല. ന്യായപ്രമാണം ദൈവം രൂപീകരിച്ചതും അതിനായിട്ടല്ല. **ന്യായപ്രമാണത്തെ രക്ഷിതാവാക്കിയവരെ പൗലൊസ് ശാസിക്കുന്നുണ്ട്; എന്നാൽ ന്യായപ്രമാണത്തെ ശാസി ക്കുന്നില്ല.** പത്തുകല്പനയെക്കുറിച്ച് ഇപ്രകാരം പറഞ്ഞിട്ട് മറ്റൊരിടത്ത് നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് എന്ന് കല്പ നയെക്കുറിച്ച് പറയുക സാദ്ധ്യമല്ല. അതുകൊണ്ട് കയ്യെഴുത്ത് എന്ന് അപ്പൊസ്തലൻ പറയുന്നത് പത്തു കല്പനയെ സംബന്ധിച്ചല്ല എന്ന് വ്യക്തം. കയ്യെഴുത്ത് മോശെയുടെ ന്യായപ്രമാണമാകുന്നു എന്ന് കരു തുന്നവർ ഉണ്ട്. മോശെയുടെ ന്യായപ്രമാണവും ദൈവജനത്തിന് വിരോ ധവും പ്രതികൂലവും ആയിരുന്നില്ല.

**2. കയ്യെഴുത്ത് മായിച്ചു**

കയ്യെഴുത്ത് മായിച്ചു എന്ന് പറയുമ്പോൾ പത്തുകല്പന മായിച്ചു എന്നാണ് ചിലർ അർത്ഥമാക്കുന്നത്. **ദൈവം നേരിട്ട് സംസാരിച്ചിട്ടുള്ള ചുരുക്കം ചില കാര്യങ്ങളിൽ ഒന്നാണ് പത്തുകല്പന. ദൈവം തന്റെ വിരൽ കൊണ്ട് എഴുതിയ രണ്ടു കാര്യങ്ങളിൽ ഒന്ന് പത്തുകല്പ നയും മറ്റേത് നിലത്ത് എഴുതിയതും.** പത്തു കല്പന വിരൽ കൊണ്ട് കല്ലേൽ എഴുതി, നിലത്തെഴുതിയത് സ്ത്രീയുടെ പാപമാണ് എന്നു നിരൂപിക്കുന്നു. അങ്ങനെ എങ്കിൽ നിലത്തെഴുതിയ പാപം മായിക്കാ വുന്നതും **പാപത്തെ നിർവ്വചിക്കുന്ന** പത്തുകല്പന കല്ലേൽ എഴുതി യത് മായിക്കാൻ സാധിക്കാത്തതുമാണ് എന്ന് മനസ്സിലാക്കാം. പത്തു കല്പന മായിച്ചാൽ ലംഘനം ഇല്ല. ന്യായപ്രമാണം ഇല്ലാത്തിടത്ത് ലംഘനവുമില്ല (റോമർ 4:15) ലംഘനം ഇല്ലാത്തിടത്ത് പാപം ഇല്ല. പാപം ചെയ്യുന്നവൻ എല്ലാം അധർമ്മവും ചെയ്യുന്നു; പാപം അധർമ്മം തന്നെ (1 യോഹന്നാൻ 3:4). പാപം ഇല്ലാത്തിടത്ത് പരിശുദ്ധാത്മാവിന്റെ ആവശ്യം ഇല്ല. അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തും (യോഹന്നാൻ 16:8). പാപം ഇല്ലാത്തിടത്ത് പാപത്തിൽ നിന്നും രക്ഷിക്കുന്ന യേശുവി നേയും ആവശ്യമില്ല എന്നു വരും. അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരി ക്കകൊണ്ട് അവന്നു യേശു എന്ന് പേർ ഇടേണം എന്നു പറഞ്ഞു (മത്തായി 1:21). അതുകൊണ്ട് മായിച്ചു കളഞ്ഞത് പത്തുകല്പനയല്ല.

മായിച്ചു നീക്കിക്കളഞ്ഞില്ല എങ്കിൽ നിലനില്ക്കുന്നു എന്ന് എടുത്തു പറയേണ്ടതില്ലല്ലോ. **പത്തുകല്പനയ്ക്ക് രക്ഷാപദ്ധതിയിൽ ഒരു ദൗത്യം ഉണ്ട്. അത് രക്ഷിക്കുക എന്നുള്ളതല്ല, രക്ഷിതാവിനെ കാണിക്കുക എന്നുള്ളതാണ്.** രക്ഷിതാവ് രക്ഷിച്ചതിനുശേഷം വീണ്ടും കല്പനാലംഘനമാകുന്ന പാപത്തിൽ വീഴാതെ മനുഷ്യനെ ദൈവവുമായുള്ള സ്നേഹബന്ധത്തിൽ സൂക്ഷിക്കുക എന്നൊരു ദൗത്യവും പത്തുകല്പനയ്ക്കുണ്ട്. അതുകൊണ്ട് മായിച്ച കയ്യെഴുത്ത് പത്തുകല്പനയാണ് എന്ന് വ്യാഖ്യാനിക്കുവാൻ പാടില്ല. തന്നെയുമല്ല ദൈവം എഴുതിയത് താൻ തന്നെ മായിച്ചു എന്ന് കരുതുന്നത് ദൈവ സ്വഭാവത്തെ ചോദ്യം ചെയ്യുന്ന കാര്യമാണ്. "കയ്യെഴുത്ത് മായിച്ചു" എന്നുള്ളത് ശരിയാണ് എന്നാൽ മായിച്ച കയ്യെഴുത്ത് പത്തുകല്പനയല്ല എന്നുള്ളതാണ് ഇവിടെ സ്ഥാപിക്കുന്ന സത്യം.

**മായിച്ചു കളഞ്ഞ കാര്യം പിന്നെ കാണാൻ പാടില്ലാത്തതാണ്. എന്നാൽ പത്തു കല്പന മുഴുവൻ പുതിയനിയമത്തിൽ കാണുന്നു. അതുകൊണ്ട് മായിച്ച കയ്യെഴുത്ത് പത്തുകല്പനയല്ല. മോശെയുടെ ന്യായപ്രമാണത്തിൽ നിഴലല്ലാത്ത ആചാരങ്ങൾ പുതിയ നിയമത്തിൽ കാണുന്നതുകൊണ്ട് മായിച്ച കയ്യെഴുത്ത് മോശെയുടെ ന്യായപ്രമാണവുമല്ല. പത്തു കല്പനകൾ എല്ലാം പുതിയനിയമത്തിൽ കാണുന്നു എന്ന സത്യം "ന്യായപ്രമാണത്തിൻ കീഴിൽ" എന്ന പഠനത്തിൽ സ്ഥാപിച്ചിട്ടുള്ളതാണ് എങ്കിലും വീണ്ടും ആവർത്തിക്കുന്നു.**

## 10 കല്പനകൾ പഴയനിയമത്തിലും പുതിയനിയമത്തിലും

| പഴയനിയമത്തിൽ | പുതിയനിയമത്തിൽ |
|---|---|
| 1. പുറപ്പാട് 20:3 - ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്ക് ഉണ്ടാകരുത്. | 1. 1 കൊരിന്ത്യർ 8:4 - ലോകത്തിൽ വിഗ്രഹം ഏതുമില്ലെന്നും ഏകദൈവമല്ലാതെ ദൈവമില്ലെന്നും നാം അറിയുന്നു. |
| 2. പുറപ്പാട് 20:4 - 6 - ഒരു വിഗ്രഹവും ഉണ്ടാക്കരുത്. | 2. 1 കൊരിന്ത്യർ 10:14 - പ്രിയരേ, വിഗ്രഹാരാധന വിട്ടോടുവിൻ. 1 യോഹന്നാൻ 5:21 - കുഞ്ഞുങ്ങളേ, വിഗ്രഹങ്ങളോട് അകന്നു സൂക്ഷിച്ചു കൊൾവിൻ. |
| 3. പുറപ്പാട് 20:7 - നിന്റെ ദൈവമായ യഹോവയുടെ നാമം വ്യഥാ എടുക്കരുത്. (യഹോവയുടെ നാമം വിശുദ്ധം എന്നുള്ളതാണ് മൂന്നാം കല്പന) | 3. മത്തായി 6:9 - നിങ്ങൾ ഈവണ്ണം പ്രാർത്ഥിപ്പിൻ; സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ. യാക്കോബ് 5:12 - വിശേഷാൽ സഹോദരന്മാരേ, സ്വർഗ്ഗത്തെയോ ഭൂമിയെയോ മറ്റ് യാതൊന്നിനെയുമോ ചൊല്ലി സത്യം ചെയ്യരുത്. |

| | |
|---|---|
| 4. പുറപ്പാട് 20:8 - 11 - ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക. ആറു ദിവസം അദ്ധ്വാനിച്ച് നിന്റെ വേല ഒക്കെയും ചെയ്ക. ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്ത് ആകുന്നു. അന്നു നീയും നിന്റെ പുത്രനും പുത്രിയും നിന്റെ വേലക്കാരനും വേലക്കാരിയും നിന്റെ കന്നുകാലികളും നിന്റെ പടിവാതില്ക്കകത്തുള്ള പരദേശിയും ഒരു വേലയും ചെയ്യരുത്. ആറു ദിവസംകൊണ്ട് യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി. ഏഴാം ദിവസം സ്വസ്ഥമായിരുന്നു. അതുകൊണ്ട് യഹോവ ശബ്ബത്ത് നാളിനെ അനുഗ്രഹിച്ച് ശുദ്ധീകരിച്ചിരിക്കുന്നു. | 4. മത്തായി 24:20 - നിങ്ങളുടെ ഓടിപ്പോക്ക് ശീതകാലത്തോ ശബ്ബത്തിലോ സംഭവിക്കാതിരിപ്പാൻ പ്രാർത്ഥിപ്പിൻ. അപ്പൊ. പ്രവൃത്തികൾ 13:44 - 45 - പിറ്റെ ശബ്ബത്തിൽ ഏകദേശം പട്ടണം മുഴുവനും ദൈവവചനം കേൾപ്പാൻ വന്നുകൂടി. അപ്പൊ. പ്രവൃത്തികൾ 15:21, 16:13, ലൂക്കൊസ് 4:16 മുതലായവ. |
| 5. പുറപ്പാട് 20:12 - നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്ത് നിനക്കു ദീർഘായുസ്സ് ഉണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക. | 5. എഫെസ്യർ 6:1 - മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ അതു ന്യായമല്ലോ. നിനക്കു നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നത് വാഗ്ദത്തത്തോടുകൂടിയ ആദ്യ കല്പനയാകുന്നു. |
| 6. പുറപ്പാട് 20:13 - കൊല ചെയ്യരുത് | 6. മത്തായി 5:21 - 22 - കൊല ചെയ്യരുതെന്നും ആരെങ്കിലും കൊല ചെയ്താൽ ന്യായവിധിക്കു യോഗ്യൻ ആകും എന്നും പൂർവ്വന്മാരോട് അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത് സഹോദരനോടു കോപിക്കുന്നവൻ എല്ലാം ന്യായവിധിക്കു യോഗ്യനാകും. |
| 7. പുറപ്പാട് 20:14 - വ്യഭിചാരം ചെയ്യരുത് | 7. മത്തായി 5:27 - 28 - വ്യഭിചാരം ചെയ്യരുതെന്ന് അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത് സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവനെല്ലാം ഹൃദയം കൊണ്ട് അവളോട് വ്യഭിചാരം ചെയ്തുപോയി. |
| 8. പുറപ്പാട് 20:15 - മോഷ്ടിക്കരുത് | 8. എഫെസ്യർ 4:28 - കള്ളൻ ഇനി കക്കാതെ മുട്ടുള്ളവനു ദാനം ചെയ്യുവാൻ ഉണ്ടാകേണ്ടതിനു കൈകൊണ്ട് നല്ലതു പ്രവർത്തിച്ച് അദ്ധ്വാനിക്കയത്രേ വേണ്ടത്. |
| 9. പുറപ്പാട് 20:16 - കൂട്ടുകാരനുനേരെ കള്ളസാക്ഷ്യം പറയരുത്. | 9. മത്തായി 5:33 - 34 - കള്ളസത്യം ചെയ്യരുതെന്നും സത്യം ചെയ്തതു കർത്താവിനു നിവർത്തിക്കേണം എന്നും പൂർവ്വന്മാരോട് അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത്: അശേഷം സത്യം ചെയ്യരുത്; സ്വർഗ്ഗത്തെക്കൊണ്ട് അരുത്; അതു ദൈവത്തിന്റെ സിംഹാസനം; ഭൂമിയെക്കൊണ്ട് അരുത് അത് ദൈവത്തിന്റെ പാദപീഠം. |
| 10. പുറപ്പാട് 20:17 - കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുത്. കൂട്ടുകാരന്റെ ഭാര്യയെയും അവന്റെ ദാസനെയും ദാസിയെയും അവന്റെ കാളയെയും കഴുതയെയും കൂട്ടുകാരനുള്ള യാതൊന്നിനെയും മോഹിക്കരുത്. | 10. റോമർ 7:7 - ആകയാൽ നാം എന്തു പറയേണ്ടു: ...... മോഹിക്കരുത് എന്നു ന്യായപ്രമാണം പറയാതിരുന്നെങ്കിൽ ഞാൻ മോഹത്തെ അറികയില്ലായിരുന്നു. |

# പത്ത് കല്പന പുതിയ നിയമത്തിൽ

## ഒന്നാം കല്പന പുതിയ നിയമത്തിൽ

1. 1 കൊരിന്ത്യർ 8:4 ...ഏക ദൈവം അല്ലാതെ ദൈവമില്ല എന്നും നാം അറിയുന്നു...

ഒന്നാം കല്പനയുടെ ധ്വനിയാണ് ഇവിടെ അപ്പൊ. പൗലൊസിന്റെ വാക്കുകളിലൂടെ നാം ശ്രദ്ധിക്കുന്നത്. ആദിയും അന്തവും ഇല്ലാത്ത നിത്യനിയമമാണിത്. മായിച്ച് നീക്കിക്കളവാൻ സാദ്ധ്യമല്ലാത്ത സത്യ മാണ് ഒന്നാം കല്പന. ആകാശവും ഭൂമിയും സമുദ്രവും നീരുറവുകളും ഉണ്ടാക്കിയവനെ നമസ്കരിപ്പിൻ (വെളിപ്പാട് 14:7). ഈ ഒന്നാം കല്പന ക്രൂശിൽ തറച്ചു എങ്കിൽ ഏതു ദേവന്മാരെ വേണമെങ്കിലും ആരാ ധിക്കാം. അതുകൊണ്ട് ക്രൂശിൽ തറയ്ക്കാവുന്നതല്ല ഒന്നാം കല്പന.

## രണ്ടാം കല്പന പുതിയ നിയമത്തിൽ

2. 1 കൊരിന്ത്യർ 10:14 "അതുകൊണ്ട് പ്രിയരേ, വിഗ്രഹാരാധന വിട്ടോ ടുവിൻ." 1 യോഹന്നാൻ 5:21 കുഞ്ഞുങ്ങളേ, വിഗ്രഹങ്ങളോട് അകന്ന് സൂക്ഷിച്ചുകൊൾവിൻ.

പത്തു കല്പനയാകുന്ന കയ്യെഴുത്ത് ക്രൂശിൽ തറച്ചു നടുവിൽ നിന്നും നീക്കിക്കളഞ്ഞു എന്നാണ് പൗലൊസ് പറയുന്നതെങ്കിൽ, പൗലൊസ് തന്നെ വിഗ്രഹാരാധന വിട്ടോടുവിൻ എന്ന് പറയുന്നത് എങ്ങനെ? ഒരു ക്രിസ്ത്യാനിയുടെ പ്രായോഗിക ജീവിതത്തിന്റെ ഭാഗ മായിരിക്കണം ഒന്നാം കല്പനയും രണ്ടാം കല്പനയും എന്ന് നാം പുതിയനിയമ തിരുവചനത്തിൽ നിന്നും പഠിക്കുന്നു. ന്യായപ്രമാണ ത്താൽ നീതീകരിക്കപ്പെടുവാൻ ഇച്ഛിക്കുന്ന നിങ്ങൾ ക്രിസ്തുവിനോട് വേറുപെട്ടുപോയി (ഗലാത്യർ 5:4) എന്ന് ഗലാത്യരോട് അപ്പൊസ്ത ലൻ പറയുന്നത് കയ്യെഴുത്ത് ആകുന്ന ന്യായപ്രമാണം ക്രൂശിൽ തറച്ച് നടുവിൽ നിന്നും നീക്കിക്കളഞ്ഞതുകൊണ്ടല്ല, മറ്റെന്തോ ആഴമായ സത്യം അവരെ ഗ്രഹിപ്പിക്കുകയാണ് എന്ന് സംശയം കൂടാതെ മനസ്സി ലാക്കുവാൻ സാധിക്കുന്നു. പരസ്പര വിരുദ്ധമായ ഒരു കാര്യം പോലും സത്യവേദപുസ്തകത്തിൽ ഇല്ല എന്ന് നാം വിശ്വസിക്കേണ്ടതാകുന്നു.

## മൂന്നാം കല്പന പുതിയനിയമത്തിൽ

3. മത്തായി 6:9 ...സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ.

ദൈവത്തിന്റെ നാമം വിശുദ്ധം എന്നുള്ളതാണ് മൂന്നാം കല്പന യുടെ ഉള്ളടക്കം. ഒരു പേര് (നാമം) എന്ന് പറയുന്നത് ഒരു വ്യക്തി യാണ്; വെറും ഒരു പേരു മാത്രമല്ല. ദൈവത്തോട് മനുഷ്യനുള്ള ഭയ ഭക്തിയാണ് മൂന്നാം കല്പന. അവന്റെ നാമം വിശുദ്ധവും ഭയങ്കരവും ആകുന്നു. (സങ്കീർത്തനം 111:10) ആദിയും അന്തവും ഇല്ലാത്തതാണ് മൂന്നാം കല്പന എന്ന് കാണുവാൻ സാധിക്കുന്നു. ഞാനോ നിങ്ങളോട് പറയുന്നത്; അശേഷം സത്യം ചെയ്യരുത്, സ്വർഗ്ഗത്തെക്കൊണ്ട് അരുത് അത് ദൈവത്തിന്റെ സിംഹാസനം (മത്തായി 5:34). മൂന്നാം കല്പനയെ സംബന്ധിക്കുന്നതാണ് ഈ വാക്യം എന്നാണ് പണ്ഡിതാഭിപ്രായം. ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവർ (2 തിമൊ ഥെയൊസ് 3:5), കപടഭക്തി മൂന്നാം കല്പനയുടെ ലംഘനമാണ്. പ്രത്യ ക്ഷമായോ, പരോക്ഷമായോ മൂന്നാം കല്പന പുതിയനിയമത്തിൽ കാണുവാൻ സാധിക്കുന്നു.

**നാലാം കല്പന പുതിയനിയമത്തിൽ**

4. മത്തായി 24:20 "എന്നാൽ നിങ്ങളുടെ ഓടിപ്പോക്ക് ശീതകാലത്തോ ശബ്ബത്തിലോ സംഭവിക്കാതിരിപ്പാൻ പ്രാർത്ഥിപ്പിൻ."

മത്തായി 24, 25 എന്നീ അദ്ധ്യായങ്ങൾ, നിന്റെ വരവിനും ലോകാ വസാനത്തിനും അടയാളം എന്താണ് എന്ന ശിഷ്യന്മാരുടെ ചോദ്യത്തിന് യേശു മറുപടി പറയുന്ന അദ്ധ്യായങ്ങളാണ്. ക്രിസ്തുവിൽ വിശ്വസി ക്കുന്നവർ യെരുശലേമിൽ നിന്നും ഓടിപ്പോകേണ്ടി വരും എന്ന പ്രവ ചനം ദാനിയേൽ പ്രവാചകനിൽ കൂടി ദൈവം അരുളിച്ചെയ്തത് A.D. 70-ൽ സംഭവിച്ചു. ശീതകാലത്ത് മഴയും തണുപ്പും ഉള്ളതുകൊണ്ട് യോർദ്ദാൻ നദികടക്കുക പ്രയാസമാണ്; അതുകൊണ്ട് ഓടിപ്പോക്ക് ശീതകാലത്ത് ആകാതിരിപ്പാൻ പ്രാർത്ഥിക്കണം എന്ന് യേശു ശിഷ്യ ന്മാരോട് കല്പിച്ചു. ഓടിപ്പോക്ക് **ശബ്ബത്തിൽ** സംഭവിപ്പാതിരിക്കാൻ പ്രാർത്ഥിക്കണം എന്ന് യേശു പറഞ്ഞതിന്റെ കാരണം നാലാം കല്പ നയാണ് എന്ന് മനസ്സിലാക്കുവാൻ സത്യസന്ധർക്ക് പ്രയാസമുള്ള കാര്യ മല്ല. ഓടിപ്പോക്ക് ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആകാതിരിപ്പാൻ പ്രാർത്ഥിപ്പിൻ എന്ന് യേശു പറഞ്ഞിരുന്നെങ്കിൽ മത്തായി 24:20 എല്ലാ വരും പ്രസംഗിക്കുമായിരുന്നു. സത്യസന്ധതയും ന്യായവും എവിടെ? ഏദെനിൽ ശബ്ബത്ത് സ്ഥാപിച്ച ദൈവം സീനായി പർവ്വതത്തിൽ ശബ്ബത്ത് എഴുതിക്കൊടുത്തു. ശബ്ബത്തിനെപ്പറ്റി കർത്താവ് പുതിയനിയ മത്തിൽ വീണ്ടും കല്പിക്കുന്നു എന്നു മാത്രമല്ല ജീവിതം കൊണ്ട് സാക്ഷീകരിക്കുകയും ചെയ്യുന്നു (ലൂക്കോസ് 4:16). അപ്പൊ. പ്രവൃത്തി

കൾ 26:11 "ഞാൻ എല്ലാ പള്ളികളിലും (സിനഗോഗുകളിലും) അവരെ (ക്രിസ്ത്യാനികളെ) പലപ്പോഴും ദണ്ഡിപ്പിച്ചു കൊണ്ട് ദൂഷണം പറവാൻ നിർബന്ധിക്കയും (യേശുവിനെ തള്ളിപ്പറവാൻ നിർബന്ധിക്കയും) അവരുടെ നേരെ അത്യന്തം ഭ്രാന്തു പിടിച്ച് അന്യപട്ടണങ്ങളോളം ചെന്ന് അവരെ ഉപദ്രവിക്കുകയും ചെയ്തു." സിനഗോഗുകളിൽ ശബ്ബത്തിൽ മാത്രം ആരാധന കഴിച്ചുപോന്നു എന്നുള്ളത് തർക്കമില്ലാത്ത വിഷയമാണ്. പൗലൊസ് ക്രിസ്ത്യാനികളെ അന്വേഷിച്ച് ശബ്ബത്തിൽ സിനഗോഗുകളിൽ പോകുമായിരുന്നു എന്നാണ് സ്വയമായി സാക്ഷ്യം പറയുന്നത്. ക്രിസ്ത്യാനികൾ ശബ്ബത്തിൽ ആരാധനയ്ക്ക് കൂടി വന്നിരുന്നു എന്നതിന് ശക്തമായ തെളിവ് ഇവിടെ കാണുന്നു. ക്രിസ്ത്യാനികളായ യഹൂദന്മാരും, പാരമ്പര്യ യഹൂദന്മാരും ജാതികളിൽ നിന്നും ക്രിസ്ത്യാനികൾ ആയവരും ശബ്ബത്തിൽ ആരാധനയ്ക്ക് കൂടിയിരുന്നു എന്ന് അപ്പൊ. പ്രവൃത്തികൾ 13-ാം അദ്ധ്യായം സാക്ഷ്യം വഹിക്കുന്നു. കർത്താവിന്റെ കല്പനയും അപ്പൊസ്തലന്മാരുടെ സാക്ഷ്യവും നാലാം കല്പന പുതിയനിയമത്തിൽ അനുഷ്ഠിച്ചു പോന്നു എന്നുള്ളതിന് തെളിവാണ്. ക്രിസ്ത്യാനികളെ അന്വേഷിച്ച് പൗലൊസ് ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആരാധനാസ്ഥലം അന്വേഷിച്ച് പോയില്ല എന്നുള്ളത് ഞായറാഴ്ച ആചാരം അപ്പൊസ്തലന്മാരുടെ കാലത്ത് ഇല്ലായിരുന്നു എന്നും തെളിവാകുന്നു.

പൗലൊസിന്റെ സുവിശേഷീകരണ യാത്രയിൽ പിസിദ്യാ ദേശത്തിലെ അന്ത്യോക്ക്യയിൽ എത്തിയപ്പോൾ ശബ്ബത്തിൽ പള്ളിയിൽ (സിനഗോഗിൽ) ആരാധനയ്ക്ക് പോയി. പൗലൊസ് അന്ന് ആ പള്ളിയിൽ പ്രസംഗിച്ചു. ജനത്തെ സംബോധന ചെയ്യുന്നത് "യിസ്രായേൽ പുരുഷന്മാരും ദൈവഭക്തന്മാരും ആയുള്ളോരേ" (വാക്യം 16) എന്നാണ് ("Men of Israel and you Gentiles who worship God") NIV. പൗലോസ് കർത്താവിന്റെ മാതൃക അനുകരിക്കുകയാണ്. കൂടിവന്നിരുന്നവരിൽ ജാതികളും ഉണ്ട് എന്ന് പൗലൊസിന്റെ സംബോധന വെളിപ്പെടുത്തുന്നു. അവരും കർത്താവിന്റെ മാതൃക പിൻതുടരുകയാണ്. എന്നാൽ ഇന്ന് ക്രിസ്തീയ സമൂഹം നാലാം കല്പന ലംഘിക്കുന്നത് ശബ്ബത്തിനെ ക്രൂശിനോട് ബന്ധപ്പെടുത്തിയാണ്. എല്ലാ നിഴലും ക്രൂശിനെ പ്രതിനിധീകരിച്ചിരുന്നു. എല്ലാ നിഴലിന്റെയും ഉത്ഭവം പാപത്തിനുശേഷമാണ്. **ആഴ്ചവട്ടത്തിന്റെ ഏഴാംദിന ശബ്ബത്ത്, പാപത്തിനുമുമ്പ് ദൈവം സ്ഥാപിച്ചിരുന്നതുകൊണ്ട് ഏഴാംദിന ശബ്ബത്ത് നിഴലല്ല.** ദൈവം സ്രഷ്ടാവാണ് എന്നതിന്റെ അടയാളമാണ് ശബ്ബത്ത് എന്ന് വചനം പഠിപ്പിക്കുന്നതുകൊണ്ട് അത് മായിക്കുവാൻ സാദ്ധ്യമല്ലാത്ത

താണ്. **പത്ത് കല്പനയിൽ നിന്നും ഒരെണ്ണം വേർതിരിച്ച് ക്രൂശിൽ തറയ്ക്കുന്നത് സാത്താന്റെ ചതികളിൽ ഒന്നാണ്.** "ഒരു വിശുദ്ധ ദിവസം", "അത് യഹൂദന് കൊടുത്തതായിരുന്നു" എന്നീ വിഷയങ്ങളിൽ കൂടുതൽ വിവരണം പിന്നീട് കൊടുത്തിരിക്കുന്നതുകൊണ്ട് അത് വായിക്കുവാൻ നിർദ്ദേശിക്കുന്നു.

**അഞ്ചാം കല്പന പുതിയനിയമത്തിൽ**

5. എഫെസ്യർ 6:1 "മക്കളേ, നിങ്ങളുടെ അമ്മയപ്പൻമാരെ കർത്താവിൽ അനുസരിപ്പിൻ അത് ന്യായമല്ലോ."

നിനക്ക് നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നത് വാഗ്ദത്തത്തോടുകൂടിയ ആദ്യകല്പന ആകുന്നു. (എഫെസ്യർ 6:1-3) അധികാരത്തിന് കീഴ്പ്പെടുക എന്നുള്ളതാണ് അഞ്ചാം കല്പനയുടെ സാരം. അത് സ്നേഹത്തിൽ നിന്നു മാത്രം ഉത്ഭവിക്കണം എന്നും ദൈവം ആഗ്രഹിക്കുന്നു. "ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ച് അവന്റെ സ്നേഹത്തിൽ വസിച്ചതുപോലെ നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും. **കൃപയുടെ നാഥനാകുന്ന കർത്താവ് അനുസരണം തികഞ്ഞവനായി ജീവിച്ച് മാതൃക കാണിച്ചിരിക്കെ കൃപ ലഭിക്കുന്ന മനുഷ്യൻ സ്വർഗ്ഗസ്ഥനാകുന്ന പിതാവിനെ അനുസരിക്കുന്നത് ലീഗലിസമാണ് എന്ന് പഠിപ്പിക്കുന്നത് തെറ്റാണ്.** മാതാപിതാക്കളെ അനുസരിക്കാത്ത മക്കൾ പള്ളിക്കൂടത്തിൽ പോകുമ്പോൾ അദ്ധ്യാപകരെ അനുസരിക്കയില്ല. മാതാപിതാക്കളെയും, അദ്ധ്യാപകരെയും അനുസരിക്കാത്ത മക്കൾ രാജ്യത്തിന്റെ നിയമങ്ങളും അനുസരിക്കയില്ല. അധികാരത്തിന് കീഴ്പ്പെടുക എന്ന സ്വഭാവഗുണം അവരിൽ ഇല്ല എന്നതാണ് കാരണം. മായിച്ച കയ്യെഴുത്ത് പത്ത് കല്പനയാണോ എന്നുള്ളതാണ് അവശേഷിക്കുന്ന ചോദ്യം. മക്കൾ മാതാപിതാക്കളെ അനുസരിക്കണം എന്ന് പുതിയ നിയമത്തിൽ കാണുന്നതുകൊണ്ട് മായിച്ച കയ്യെഴുത്ത് അഞ്ചാമത്തെ കല്പനയല്ല. അനുസരണംകെട്ട മക്കൾ മാതാപിതാക്കന്മാർക്ക് ഹൃദയഭാരമായിരിക്കുന്നതുപോലെ **അനുസരണംകെട്ട മക്കളെക്കൊണ്ട് നിറഞ്ഞിരിക്കുന്ന ഈ ഭൂമി ദൈവത്തിന്റെ ഹൃദയഭാരമാണ്.**

**ആറാം കല്പന പുതിയനിയമത്തിൽ**

6. മത്തായി 5:21-22 "കൊല ചെയ്യരുത് എന്നും കൊല ചെയ്താൽ ന്യായവിധിക്കു യോഗ്യനാകും എന്നും പൂർവ്വീകരോട് അരുളിച്ചെ

യ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോട് പറയുന്നത്: സഹോദരനോട് കോപിക്കുന്നവൻ എല്ലാം ന്യായവിധിക്ക് യോഗ്യനാകും; സഹോദരനോട് നിസ്സാരാ എന്നു പറഞ്ഞാലോ ന്യായാധിപസഭയുടെ മുൻപിൽ നിൽക്കേണ്ടിവരും, മൂഢാ എന്നു പറഞ്ഞാലോ അഗ്നിനരകത്തിന് യോഗ്യനാകും."

ദൈവത്തിന്റെ വകയാകുന്ന ജീവൻ വിലമതിക്കാൻ സാധിക്കാത്തതാണ്. അത് എല്ലാവരും ബഹുമാനിക്കണം എന്നതാണ് ആറാം കല്പനയുടെ കാതൽ. **ജീവനെ പ്രദാനം ചെയ്യുവാൻ ക്രൂശിൽ മരിച്ച കർത്താവ് "കൊല ചെയ്യരുത് " എന്ന ന്യായപ്രമാണം നീക്കിക്കളഞ്ഞു എന്ന് വ്യാഖ്യാനിക്കുന്നത് വിരോധാഭാസമാണ്.** കല്പനകളുടെ അർത്ഥത്തെ വിപുലീകരിച്ച് പഠിപ്പിച്ചത് അനുസരിക്കുവാനാണ്. നാം കർത്താവിന്റെ ശിഷ്യന്മാർ എന്ന് അവകാശപ്പെടുന്നവരാണല്ലോ. ഒരു ഗുരുവിന്റെ പഠിപ്പിക്കൽ അനുസരിക്കുന്ന ഒരുവനെയാണ് ശിഷ്യൻ എന്ന് വിളിക്കുന്നത്. ന്യായപ്രമാണം നീങ്ങിപ്പോകും എന്ന് കർത്താവ് പഠിപ്പിച്ചിട്ടില്ല. പൗലൊസ് കർത്താവിന്റെ ശിഷ്യനായിരുന്നു. അതുകൊണ്ട് കർത്താവിന് വിരോധമായി കല്പന നീങ്ങിപ്പോയി എന്നു പൗലൊസ് പറഞ്ഞിട്ടില്ല. ന്യായപ്രമാണത്തിന്റെ ദുരുപയോഗത്തെ കർത്താവ് ശാസിച്ചതുപോലെ പൗലൊസും ചെയ്തിട്ടുണ്ട്.

മായിച്ചു കളഞ്ഞ "കയ്യെഴുത്ത്" ഒരു ന്യായപ്രമാണവും അല്ല. മായിച്ചു കളഞ്ഞ കയ്യെഴുത്ത് ന്യായപ്രമാണം എങ്കിൽ അത് പിന്നീട് കാണാൻ പാടില്ലാത്തതാണ്. "കൊലചെയ്യരുത് " എന്ന ആറാം കല്പന പല ഇടങ്ങളിലായി പുതിയനിയമത്തിൽ കാണുന്നു. കോപം കൊലപാതകത്തിന്റെ മൂലകാരണമായതുകൊണ്ട് കോപിക്കുന്നത് കൊലപാതകത്തിന് തുല്യമാണ് എന്ന് നമ്മെ പഠിപ്പിച്ച് കർത്താവ് ആറാം കല്പന കുറേക്കൂടെ അർത്ഥവത്താക്കി.

### ഏഴാം കല്പന പുതിയ നിയമത്തിൽ

7. മത്തായി 5:27-28 "വ്യഭിചാരം ചെയ്യരുത് എന്ന് അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോട് പറയുന്നത് സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊണ്ടു അവളോട് വ്യഭിചാരം ചെയ്തു പോയി" എന്നു പറയുന്നത് പഴയനിയമ കല്പനയാണ്.

പഴയനിയമത്തിൽ കല്പന കൊടുത്ത ദൈവമാകുന്ന യേശു മനുഷ്യാവതാരം എടുത്ത് ഭൂമിയിൽ വന്നപ്പോൾ ഏഴാം കല്പനയെപ്പറ്റി

പറയുന്നത്; **വ്യഭിചാരം ശരീരം കൊണ്ട് ചെയ്യുന്ന ഒരു ക്രിയ മാത്രമല്ല ഹൃദയത്തിൽ വെച്ച് പുലർത്തുന്ന ഒരു മനോഭാവമാണ് എന്നാണ്. ഏദെനിൽ ദൈവം സ്ഥാപിച്ച വിവാഹവിശുദ്ധി എന്നതാണ് ഏഴാം കല്പനയുടെ സാരം.** ക്രൂശുമായി ബന്ധപ്പെടുത്തി മായിച്ചു കളയുവാൻ ഈ കല്പന ക്രൂശിന്റെ നിഴലല്ല. കർത്താവായ യേശു ഏഴാം കല്പനയെ വിപുലീകരിച്ച് അതിന്റെ ആഴത്തിലേക്കാണ് നമ്മെ നയിക്കുന്നത്. മായിച്ച കയ്യെഴുത്ത് ഏഴാം കല്പനയല്ല; കർത്താവ് ഏഴാം കല്പന സ്ഥിരീകരിച്ചു. വ്യഭിചാരത്തിൽ പിടിച്ച സ്ത്രീയോട് കർത്താവ് പറയുന്നത്: "പോക ഇനി മേൽ പാപം ചെയ്യരുത് " (പോക ഇനിമേൽ വ്യഭിചാരം ചെയ്യരുത്) എന്നാണ്. യഥാർത്ഥത്തിൽ കർത്താവ് പറയുന്നത് പത്തുകല്പനയിൽ ഒന്നും ലംഘിക്കരുത് എന്നാണ്. ദൈവം ഭാഗീകമായിട്ട് പത്തു കല്പനയിൽ ഒരു കല്പന മായിച്ചു എന്ന് കരുതുന്നതും വചന വിരുദ്ധമാണ്. എഫെസ്യർക്ക് ലേഖനമെഴുതിയപ്പോൾ പൗലൊസ് അവരോട് പറയുന്നത് ദുർന്നടപ്പും യാതൊരു അശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർ പറകപോലും അരുത് എന്നാണ്. അതേ അപ്പൊസ്തലൻ: വ്യഭിചാരം ചെയ്യരുത് എന്ന കല്പന നമുക്ക് വിരോധവും പ്രതികൂലവുമായിരുന്നു എന്നും ക്രൂശിൽ തറച്ച് നടുവിൽനിന്നും നീക്കിക്കളഞ്ഞു (കൊലൊസ്സ്യർ 2:14) എന്നും, ന്യായപ്രമാണം എന്ന ശത്രുത്വം യേശുവിന്റെ ജഡത്താൽ നീക്കി എന്നും പറയുക അസാദ്ധ്യമാണ്.

### എട്ടാം കല്പന പുതിയനിയമത്തിൽ

8. എഫെസ്യർ 4:28 "കള്ളൻ ഇനി കക്കാതെ മുട്ടുള്ളവന് ദാനം ചെയ്‌വാൻ ഉണ്ടാകേണ്ടതിന് കൈകൊണ്ട് നല്ലത് പ്രവർത്തിച്ച് അദ്ധ്വാനിക്കയത്രേ വേണ്ടത്."

"മോഷ്ടിക്കരുത്" എന്ന കല്പന മായിച്ചുകളഞ്ഞു എങ്കിൽ കള്ളൻ ഇനി കക്കരുത് എന്ന് പറയുവാനുള്ള കാരണം എന്താണ്? **പ്രവൃത്തിയാലല്ല കൃപയാലാണ് നാം രക്ഷിക്കപ്പെടുന്നത് എന്നുള്ളതുകൊണ്ട് കള്ളൻ ഇനി കക്കരുത് (മോഷ്ടിക്കരുത്) എന്ന കല്പനക്ക് രക്ഷിക്കപ്പെട്ടവന്റെ ജീവിതത്തിൽ സ്ഥാനം എവിടെ?** മോഷ്ടിക്കരുത് എന്ന ന്യായപ്രമാണം ക്രൂശിൽ തറച്ചു എങ്കിൽ മോഷണത്തിലും പിടിച്ചുപറിയിലും ജീവിക്കുന്ന ഒരുവനോട് ഇന്നത്തെ ക്രിസ്ത്യാനികൾ മോഷ്ടിക്കുന്നത് നിർത്തലാക്കണം എന്ന് പറയുന്നത് ഏത് അടിസ്ഥാനത്തിലാണ്? മായിച്ച കയ്യെഴുത്ത് എട്ടാം കല്പനയല്ല; ഒരു കല്പനയുമല്ല.

## ഒൻപതാം കല്പന പുതിയനിയമത്തിൽ

9. മത്തായി 5:33-34 "കള്ളസത്യം ചെയ്യരുത് എന്നും സത്യം ചെയ്തത് കർത്താവിന് നിവർത്തിക്കേണം എന്നും പൂർവ്വൻമാരോട് അരുളി ച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോട് പറയു ന്നത് അശേഷം സത്യം ചെയ്യരുത്."

ഒരു ദൈവപൈതൽ ദൈവത്തെപ്പോലെ സത്യസന്ധത ഉള്ളവ നായിരിക്കണം എന്നുള്ളതാണ് ഒൻപതാം കല്പനയുടെ ചുരുക്കം. പത്തുകല്പന എല്ലാം തന്നെ വിശുദ്ധിയുടെ കല്പനകളും മാനദണ്ഡ ങ്ങളുമാണ്. അത് "മായിച്ച് ക്രൂശിൽ തറച്ച് നടുവിൽ നിന്ന് നീക്കിക്കള ഞ്ഞാൽ" ഈ ലോകം അഴിമതി നടമാടുന്നതും വെളിച്ചം ഇല്ലാത്തതു മായ മണ്ണുകൊണ്ടുള്ള ഒരു ഗോളമായി മാറും.

"ഞാനോ നിങ്ങളോട് പറയുന്നത്" എന്ന പദപ്രയോഗം ആവർത്തിച്ച് പല പ്രാവശ്യം കർത്താവ് ഗിരിപ്രഭാഷണത്തിൽ ഉപയോ ഗിച്ചിരിക്കുന്നു. ന്യായപ്രമാണം മായിച്ച് കളയും എന്നോ തന്റെ ക്രൂശുമ രണത്തോടെ നീക്കിക്കളയും എന്നോ ഒരു പ്രാവശ്യം പോലും പറഞ്ഞി ട്ടില്ല. ഞാനോ നിങ്ങളോട് പറയുന്നത് കള്ളസത്യം ചെയ്യരുത് എന്ന ന്യായപ്രമാണം നീങ്ങിപ്പോയി എന്നല്ല മറിച്ച് അശേഷം സത്യം ചെയ്യ രുത് (കള്ളസത്യം ചെയ്യരുത്) എന്നാണ്.

## പത്താം കല്പന പുതിയനിയമത്തിൽ

10 റോമർ 7:7 "മോഹിക്കരുത്"എന്ന് ന്യായപ്രമാണം പറയാതിരുന്നെ ങ്കിൽ ഞാൻ മോഹത്തെ അറികയില്ലായിരുന്നു.

സ്വാർത്ഥതയെ സംബന്ധിക്കുന്നതാണ് പത്താം കല്പന. മറ്റ് ഒൻപത് കല്പനകളെപ്പോലെ ഇതും ക്രൂശിന്റെ നിഴലല്ല. **നിഴലായി രുന്ന ന്യായപ്രമാണങ്ങൾ ഉണ്ടായിരുന്നു. അത് പാപപരിഹാരത്തി നായിട്ട് അർപ്പിച്ചിരുന്ന യാഗങ്ങളും വഴിപാടുകളും ആയിരുന്നു.** അത് ക്രൂശിന്റെ നിഴലും ആയിരുന്നു. ആ വക ന്യായപ്രമാണങ്ങൾ ക്രിസ്തു വിൽ നിവൃത്തിയായതുകൊണ്ട് നാം ഇപ്പോൾ അത് ആചരിക്കാറില്ല. പത്തുകല്പനകൾ എല്ലാം തന്നെ പുതിയനിയമത്തിൽ കാണുന്നതു കൊണ്ട് മായിച്ച കയ്യെഴുത്ത് പത്തുകല്പനയല്ല എന്ന് തെളിവാകുന്നു. **നിലവിൽ നില്ക്കുന്ന കല്പന ലംഘിക്കുന്നത് പാപമാണ്, ശിക്ഷാ ർഹവുമാണ്.** പത്തുകല്പന പുതിയനിയമത്തിൽ കാണുന്നു എന്ന സത്യത്തെ കർത്താവ് പറഞ്ഞതുമായി ബന്ധിപ്പിക്കാം. "ഞാൻ ന്യായ

പ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന് വന്നു എന്ന് നിരൂപിക്കരുത്; നീക്കുവാനല്ല നിവർത്തിപ്പാനത്രേ ഞാൻ വന്നത്. സത്യമായിട്ട് ഞാൻ നിങ്ങളോട് പറയുന്നു ആകാശവും ഭൂമിയും ഒഴിഞ്ഞു പോകും വരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്നു ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരു നാളും ഒഴിഞ്ഞു പോകയില്ല. ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്ന് അഴിക്കയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു വിളിക്കപ്പെടും. അവയെ ആചരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനോ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും" (മത്തായി 5:17-19). എത്ര വ്യക്തമാണ് ക്രിസ്തുവിന്റെ സാക്ഷ്യം. ന്യായപ്രമാണം അനുസരിക്കുന്നത് നിയമസിദ്ധാന്തമാണ് എന്ന് കർത്താവ് പറയുന്നില്ല. ന്യായപ്രമാണത്തെക്കുറിച്ച് പൗലൊസ് പറഞ്ഞിരിക്കുന്ന ചില വസ്തുതകൾ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നതു കൊണ്ട് "ന്യയപ്രമാണത്തിൻ കീഴിൽ" എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഭാഗത്ത് അത് കൂടുതൽ ആഴമായി വിവരിച്ചിരിക്കുന്നു.

**പുതിയനിയമത്തിൽ രണ്ട് കല്പനകളോ ?**

| | |
|---|---|
| ആവർത്തനം 6 : 5<br>നിന്റെ ദൈവമായ യഹോവയെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കേണം. | മത്തായി 22: 37<br>യേശു അവനോട് നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടുംകൂടെ സ്നേഹിക്കേണം. |
| ലേവ്യ. 19:18<br>നിന്റെ ജനത്തിന്റെ മക്കളോട് പക വെക്കരുത്; കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം. ഞാൻ യഹോവ ആകുന്നു. | മത്തായി 22: 39<br>രണ്ടാമത്തേത് ഒന്നാമത്തേതിനോടു സമം. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം. |

പത്തുകല്പനകളെല്ലാം മായിച്ചുകളഞ്ഞിട്ട് പുതിയനിയമത്തിൽ രണ്ട് കല്പനകൾ കർത്താവ് തന്നിരിക്കുന്നു എന്നു ചിന്തിക്കുന്നവർ ഉണ്ട്. തിരുവചനം എന്തുപറയുന്നു എന്നു നോക്കാം.

പത്തുകല്പനകൾ പത്തായി പഴയനിയമത്തിൽ നിലവിലുണ്ടായിരുന്നപ്പോൾതന്നെ രണ്ടായി സംക്ഷേപിച്ചിരുന്നു. അതുപോലെ പുതിയനിയമത്തിലും അവ രണ്ടായി സംക്ഷേപിച്ചിരിക്കുന്നു. മാറ്റമോ വ്യത്യാസമോ ഒന്നും ഇല്ല. ദൈവത്തെ പൂർണ്ണമനസ്സോടെ സ്നേഹിക്ക,

നിന്റെ കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്ക എന്ന കല്പനകൾ പുതിയ കല്പനകൾ അല്ല; കാരണം അത് പഴയനിയമത്തിലും അതു പോലെ തന്നേ പുതിയനിയമത്തിലും കാണുന്നു. **ദൈവത്തിന്റെ കല്പനകൾ ദൈവത്തെപ്പോലെ നിത്യമാണ്.** പത്തിനുപകരമായി തന്നതല്ല രണ്ട്. പത്ത് കല്പനകൾ പത്തായി പഴയനിയമത്തിൽ ദൈവം മനുഷ്യന് തന്നപ്പോൾ തന്നെ രണ്ടായി സംക്ഷേപിച്ചിരുന്നു എന്ന് മേൽ ഉദ്ധരിച്ച വാക്യങ്ങൾ പഠിപ്പിക്കുന്നു. ദൈവത്തെ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടുംകൂടെ സ്നേഹിക്കണം എന്ന് മത്തായി 22:37-ൽ കാണുന്നതുപോലെ തന്നെ ആവർത്തനം 6:5ലും കാണുന്നതുകൊണ്ട് കർത്താവ് വന്ന് കല്പന സംക്ഷേപിച്ചു എന്ന് പറയാൻ സാദ്ധ്യമല്ല.

**കയ്യെഴുത്ത് എന്നാൽ എന്ത് ?**

ചെയ്റോഗ്രാഫോൺ (Cheirographon) എന്ന ഗ്രീക്ക് പദത്തിൽ നിന്നുമാണ് “കയ്യെഴുത്ത്” എന്ന വാക്ക് മലയാളത്തിലേക്ക് തർജ്ജമ ചെയ്തിരിക്കുന്നത്. താരതമ്യപഠനത്തിന് “കയ്യെഴുത്ത്” എന്ന വാക്ക് പുതിയനിയമത്തിൽ മറ്റെങ്ങും തന്നെ ഉപയോഗിച്ചിട്ടില്ല. ഒരുവൻ മറ്റൊരുവന് കടപ്പെട്ടിരിക്കുന്ന “കടച്ചീട്ട്” എന്നാണ് ചെയ്റോഗ്രാഫോൺ എന്ന വാക്കിന്റെ അർത്ഥം. ഫിലേമോന്നു 18–19 എന്നീ വാക്യത്തിൽ നിന്നും Cheirographon എന്ന വാക്കിന്റെ അർത്ഥം മനസ്സിലാക്കാവുന്നതാണ്. “അവൻ നിന്നോട് വല്ലതും അന്യായം ചെയ്തിട്ടോ കടം പെട്ടിട്ടോ ഉണ്ടെങ്കിൽ അത് എന്റെ പേരിൽ കണക്കിട്ടുകൊൾക. പൗലൊസ് എന്ന ഞാൻ സ്വന്തം **കയ്യാൽ എഴുതിയിരിക്കുന്നു;** ഞാൻ തന്നു തീർക്കാം”. ഇവിടെ ചെയ്റോഗ്രാഫോൺ എന്ന വാക്ക് ഉപയോഗിച്ചിട്ടില്ലെങ്കിലും അതിന്റെ അർത്ഥത്തിൽ എഴുതിയിരിക്കുന്നു. “പൗലൊസ് എന്ന ഞാൻ സ്വന്തം കയ്യാൽ എഴുതിയിരിക്കുന്നു.” “ഞാൻ തന്നു തീർക്കാം” കടപ്പെട്ടിരിക്കുന്നത് തന്ന് തീർക്കാം എന്ന് സ്വന്തകയ്യാൽ എഴുതുന്ന കടച്ചീട്ടിനെയാണ് “കയ്യെഴുത്ത് ” എന്നു പറയുന്നത്. കടം കൊടുത്ത് തീർത്തതിനുശേഷം കടച്ചീട്ട് റദ്ദാക്കേണ്ടതാണ്. പാപം ചെയ്ത മനുഷ്യൻ പാപത്തിന്റെ ശമ്പളമാകുന്ന മരണം എന്നൊരു കടം ദൈവത്തോട് തീർക്കാനുണ്ട്. കർത്താവായ യേശു ഈ ഭൂമിയിൽ വന്ന് ക്രൂശിലെ തന്റെ ശരീരയാഗത്താൽ നാം കടംപെട്ടിരുന്ന മരണം എന്ന കടം നമുക്ക് വേണ്ടി കൊടുത്തു. **നമ്മുടെ പാപത്തിന്റെ രേഖയാണ് നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന “കയ്യെഴുത്ത്”.** കർത്താവായ യേശു തന്റെ രക്തത്താൽ ഈ രേഖ മായിച്ചുകളഞ്ഞു. **“ന്യായപ്ര**

**മാണം" (law) എന്ന പദപ്രയോഗം കൊലൊസ്യ ലേഖനത്തിൽ എങ്ങും തന്നെ ഉപയോഗിച്ചിട്ടില്ലാത്തതുകൊണ്ട് ന്യായപ്രമാണം എല്ലാം തന്നെ വ്യാഖ്യാനത്തിൽനിന്നും ഒഴിവാക്കേണ്ടതാണ്. മോശെയുടെ ന്യായപ്രമാണമോ പത്തുകല്പനയോ ആകുന്നു ലേഖന വിഷയം എങ്കിൽ ന്യായപ്രമാണം എന്നോ കല്പന എന്നോ ഉള്ള പദപ്രയോഗം ഒരു പ്രാവശ്യം എങ്കിലും കാണേണ്ടതാണ്.** കൊലൊസ്സ്യ സഭയിലേക്കുള്ള നുഴഞ്ഞുകയറ്റക്കാരുടെ തത്വജ്ഞാനവും, വഞ്ചനയും, മനുഷ്യ സമ്പ്രദായവുമാണ് ലേഖനത്തിന്റെ കാരണം.

പാപം സംബന്ധിച്ച് മരിച്ച് നീതിക്ക് ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി. അവന്റെ അടിപ്പിണരാൽ നിങ്ങൾക്ക് സൗഖ്യം വന്നിരിക്കുന്നു. (1 പത്രൊസ് 2:24) **ക്രിസ്തു ന്യായപ്രമാണം ചുമന്നുകൊണ്ട് ക്രൂശിൽ കയറിയാൽ നമ്മുടെ പാപത്തിന് പരിഹാരം വരുന്നതെങ്ങനെ?** രക്തം ചൊരിഞ്ഞിട്ടല്ലാതെ പാപത്തിന് പരിഹാരം ഇല്ല എന്നാണല്ലോ ദൈവ വ്യവസ്ഥ. (എബ്രായർ 9:22) നീതിയുടെയും ന്യായവിധിയുടെയും മാന ദണ്ഡമാകുന്ന പത്തുകല്പന മായിച്ചുകളയുവാൻ സാദ്ധ്യമല്ലാത്തതാണ്. കർത്താവ് നമ്മുടെ പാപങ്ങളെ വഹിച്ചുകൊണ്ട് ക്രൂശിൽ കയറി തന്റെ ജീവനെ നമ്മുടെ പാപങ്ങൾക്ക് മറുവിലയായി കൊടുത്തതുകൊണ്ട് നമുക്ക് വിരോധവും പ്രതികൂലവും ആയിരുന്ന പാപത്തിന്റെ "കയ്യെഴുത്ത്" (രേഖ) മായിച്ചുകളഞ്ഞു. സഭയിലേക്ക് ദുരുപദേശവുമായി നുഴഞ്ഞു കയറുന്നവരുടെ ഉപദേശം കൈക്കൊള്ളരുത് എന്നാണ് കൊലൊസ്യർ 2-ാം അദ്ധ്യായത്തിൽ കൊലോസ്യരോട് പൗലൊസ് പറയുന്നത്. നോസ്റ്റിക് വിശ്വാസികളെ സംബോധന ചെയ്തുകൊണ്ടുള്ള അദ്ധ്യായമാണ് കൊലൊസ്യർ 2:8 മുതൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നിരുന്നാലും രണ്ടാം അദ്ധ്യായത്തിന്റെ തുടക്കം മുതൽ ചുരുക്കത്തിൽ വാക്യം വാക്യമായി അവലോകനം ചെയ്യാം.

**കൊലൊസ്യ ലേഖനം രണ്ടാം അദ്ധ്യായം അവലോകനം.**

വാക്യം 1: **"നിങ്ങൾക്കും ലവൊദിക്യയിലുള്ളവർക്കും ജഡത്തിൽ എന്റെ മുഖം കണ്ടിട്ടില്ലാത്ത എല്ലാവർക്കും വേണ്ടി."**

ലേഖനമെഴുതുന്നതുവരെ എങ്കിലും പൗലൊസ് കൊലൊസ്യരെ കണ്ടിരുന്നില്ല. അവരെ സംബന്ധിച്ച് കേട്ടിട്ടുള്ളതിന്റെ വെളിച്ചത്തിലാണ് ലേഖനമെഴുതുന്നത്.

വാക്യം 2: **"അവർ ക്രിസ്തു എന്ന ദൈവ മർമ്മത്തിന്റെ പരിജ്ഞാനവും വിവേകപൂർണ്ണതയുടെ സമ്പത്തും പ്രാപിപ്പാന്തക്കവണ്ണം സ്നേഹത്തിൽ ഏകീഭവിച്ചിട്ട് ഹൃദയങ്ങൾക്ക് ആശ്വാസം ലഭിക്കേണം എന്നുവെച്ച് ഞാൻ എത്ര വലിയ പോരാട്ടം കഴിക്കുന്നു എന്നു നിങ്ങൾ അറിവാൻ ഞാൻ ഇച്ഛിക്കുന്നു."**

ക്രിസ്തു എന്ന ദൈവ മർമ്മമാണ് രക്ഷയുടെ മർമ്മം എന്ന് ഗ്രഹിച്ച നാൾ മുതൽ ലോകത്തിന്റ രക്ഷ എന്ന ഹൃദയഭാരം പൗലൊസിനുണ്ടായിരുന്നു. കഷ്ടതയും, സങ്കടവും, ഉപദ്രവവും, പട്ടിണിയും, നഗ്നതയും, ആപത്തും, വാളും ഗണ്യമാക്കാതെ പൗലൊസ് ക്രിസ്തുവിനു വേണ്ടി ജീവിച്ചു. അയൽപക്കക്കാരൻ പാപത്തിൽ മരിച്ചുകൊണ്ടിരിക്കുമ്പോൾ യാതൊരു ഹൃദയഭാരവും ഇല്ലാത്ത ക്രിസ്ത്യാനികൾ അപ്പൊസ്തലനെ നോക്കി ബുദ്ധിപഠിക്കേണ്ടിയിരിക്കുന്നു.

വാക്യം 3: **"അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിട്ട് ഇരിക്കുന്നു."**

ജ്ഞാനം എന്ന മുദ്രാവാക്യം മുഴക്കിയിരുന്ന നോസ്റ്റിക് വിശ്വാസികൾ സഭയെ ദുരുപദേശവുമായി സമീപിച്ചതിനെതിരെ അപ്പൊസ്തലൻ പറയുന്നത്: **രക്ഷയ്ക്കാവശ്യമായ പരിജ്ഞാനം ക്രിസ്തു എന്ന ഭണ്ഡാരത്തിലാണ് നിക്ഷിപ്തമായിരിക്കുന്നത്.** ദൈവത്തെക്കുറിച്ചുള്ള ഗൂഢമായ ജ്ഞാനം തങ്ങൾക്കുണ്ട് എന്ന് അവകാശപ്പെട്ടിരുന്ന നോസ്റ്റിക് വിശ്വാസക്കാരെയാണ് അപ്പൊസ്തലൻ ലേഖനത്തിൽ സംബോധന ചെയ്യുന്നത് എന്നുള്ളതിന്റെ സൂചന ഇവിടെ ആരംഭിക്കുന്നു. അവർ ക്രിസ്തുവിനെ നിഷേധിച്ചിരുന്നു.

വാക്യം 4: **"വശീകരണ വാക്കുകൊണ്ടു ആരും നിങ്ങളെ ചതിക്കാതിരിപ്പാൻ ഞാൻ ഇതു പറയുന്നു."**

വശീകരണ വാക്കുകളാൽ സഭയെ സമീപിച്ച "ആരോ" ഉണ്ടായിരുന്നു എന്ന് നാലാം വാക്യം കൂടുതൽ വ്യക്തമാക്കുന്നു. ആരോ ഉണ്ടായിട്ടാണല്ലോ ആരും എന്ന് ലേഖകൻ പറയുന്നത്. സഭയുടെ ആത്മീക സാഹചര്യത്തെ ആസ്പദമാക്കിയാണ് മിക്കവാറും എല്ലാ ലേഖനങ്ങളും എഴുതിയിട്ടുള്ളത്. കൊലൊസ്യർക്ക് ലേഖനമെഴുതിയതും അവരുടെ നോസ്റ്റിക് വെല്ലുവിളിയെ ആസ്പദമാക്കിയാണ്.

വാക്യം 5: **"ഞാൻ ശരീരം കൊണ്ട് ദൂരസ്ഥനെങ്കിലും ആത്മാവു കൊണ്ട് നിങ്ങളോട് കൂടെയുള്ളവനായി നിങ്ങളുടെ ക്രമവും ക്രിസ്തുവിൽ നിങ്ങൾക്കുള്ള വിശ്വാസത്തിന്റെ സ്ഥിരതയും കണ്ട് സന്തോഷിക്കുന്നു."**

കൊലൊസ്യ സഭ ക്രിസ്തുവിൽ അടിസ്ഥാനം ഉറച്ചവർ ആയിരുന്നു എന്ന് എപ്പഫ്രാസ് മുഖാന്തരം അറിഞ്ഞതുകൊണ്ട് അവരുടെ സ്ഥിരതയെ അനുമോദിക്കുന്നു.

വാക്യം 6: **"ആകയാൽ നിങ്ങൾ കർത്താവായ യേശുവിനെ കൈക്കൊണ്ടതുപോലെ അവന്റെ കൂട്ടായ്മയിൽ നടപ്പിൻ."**

യേശുവിനെ കൈക്കൊണ്ടതിനു ശേഷം പിന്മാറ്റത്തിലേക്ക് പോയവരുടെ എണ്ണം അനവധിയാണ്. എന്നാൽ കർത്താവുമായുള്ള സഹവാസത്തിൽ അവസാനത്തോളം സഹിച്ചു നില്ക്കുന്നവർ മാത്രമെ രക്ഷിക്കപ്പെടുകയുള്ളു. പൗലൊസ് സഭയെ വിശ്വാസത്തിൽ നിലനില്ക്കുവാൻ പ്രേരിപ്പിക്കുന്നു.

വാക്യം 7: **"അവനിൽ വേരൂന്നിയും, ആത്മീക വർദ്ധന പ്രാപിച്ചും നിങ്ങൾക്ക് ഉപദേശിച്ചു തന്നതിനു ഒത്തവണ്ണം വിശ്വാസത്തിൽ ഉറച്ചും സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പിൻ."**

വേര് ഒരു വൃക്ഷത്തെ ആരോഗ്യത്തിൽ സൂക്ഷിക്കയും, ഫലപ്രദമാക്കുകയും ചെയ്യുന്നു. ശക്തമായ കാറ്റ് അടിക്കുമ്പോൾ വേര് വൃക്ഷത്തെ വീഴാതെ സൂക്ഷിക്കുന്നു. അതുപോലെ കൊലൊസ്യർ ചതിയുടെ ശക്തമായ കാറ്റ് അടിക്കുമ്പോൾ ക്രിസ്തുവിൽ വേരൂന്നി ഉറച്ചു നില്ക്കുവാൻ അവരെ പൗലൊസ് ഉത്സാഹിപ്പിക്കുന്നു.

വാക്യം 8: **"തത്വജ്ഞാനവും വെറും വഞ്ചനയും കൊണ്ട് ആരും നിങ്ങളെ കവർന്നുകളയാതിരിപ്പാൻ സൂക്ഷിപ്പിൻ. അതു മനുഷ്യരുടെ സമ്പ്രദായത്തിനൊത്തവണ്ണം ലോകത്തിന്റെ ആദ്യപാഠങ്ങൾക്ക് ഒത്തവണ്ണം അല്ലാതെ ക്രിസ്തുവിന് ഒത്തവണ്ണമല്ല."**

"തത്വജ്ഞാനവും വെറും വഞ്ചനയും കൊണ്ട് ആരും" എന്നുപറയുമ്പോൾ ക്രിസ്തുവിനു വിരുദ്ധമായ തത്വജ്ഞാനത്തെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. തുടർന്ന് രണ്ടാം അദ്ധ്യായം മുഴുവൻ ഈ തത്വജ്ഞാനികളെയും അവരുടെ തത്വജ്ഞാനത്തെയുമാണ് പ്രതിപാദിക്കുന്നത്. തത്വജ്ഞാനികൾ എന്ന് പറയുന്നത് നോസ്റ്റിക് വിശ്വാസക്കാരെയാണ്. 8-ാം വാക്യത്തിൽ അവരുടെ തത്വജ്ഞാനത്തെ ക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്:

1. വെറും വഞ്ചന
2. മനുഷ്യരുടെ സമ്പ്രദായം (പാരമ്പര്യം)
3. വിശ്വാസികളെ കവർന്നു കളയുന്ന തത്വജ്ഞാനം

4. ലോകത്തിന്റെ ആദ്യപാഠങ്ങൾ
5. ക്രിസ്തുവിനൊത്തവണ്ണമല്ലാത്ത തത്വജ്ഞാനം

ഈ ലോകം പലവിധ തത്വജ്ഞാനത്തിൽ ആണ്ടുകിടക്കുകയാണ്. 8-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന അഞ്ച് തത്വജ്ഞാനത്തിൽ "ലോകത്തിന്റെ ആദ്യപാഠങ്ങൾ" എന്നതാണ് സംശയമായി അവശേഷിക്കുന്നത്. അതുകൊണ്ട് തിരുവചനത്തിന്റെ ഇതര ഭാഗങ്ങളിൽ ആദ്യപാഠങ്ങൾ എന്ന പദപ്രയോഗം എപ്രകാരം അർത്ഥമാകുന്നു എന്ന് പരിശോധിക്കാം. Stoicheia എന്ന ഗ്രീക്ക് പദത്തിൽ നിന്നുമാണ് ആദ്യപാഠം എന്ന വാക്ക് തർജ്ജമ ചെയ്തിരിക്കുന്നത്.

## Stoicheia എന്ന പദപ്രയോഗത്തിന്റെ അർത്ഥം

1. 2 പത്രോസ് 3:10 **"മൂലപദാർത്ഥങ്ങൾ കത്തിയഴികയും, ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും"** Stoicheia എന്ന പദത്തിൽ നിന്നുമാണ് "മൂലപദാർത്ഥങ്ങൾ എന്ന വാക്ക് തർജ്ജമ ചെയ്തിരിക്കുന്നത്. പല വസ്തുക്കൾ കൊണ്ടാണ് ഈ ഭൂമി സൃഷ്ടിച്ചിരിക്കുന്നത്. ഈ പദാർത്ഥങ്ങളെ എല്ലാം ചേർത്ത് Stoicheia എന്ന് പറയുന്നു. അടിസ്ഥാന പരമായ കാര്യങ്ങളെയാണ് Stoicheia എന്ന് അർത്ഥമാക്കിയിരിക്കുന്നത് എന്ന് മനസ്സിലാക്കാം.

2. ഗലാത്യർ 4:9 **"ഇപ്പോഴോ ദൈവത്തെ അറിഞ്ഞും വിശേഷാൽ ദൈവം നിങ്ങളെ അറിഞ്ഞും ഇരിക്കെ നിങ്ങൾ പിന്നെയും ബലഹീനവും, ദരിദ്രവുമായ ആദിപാഠങ്ങളിലേക്ക് തിരിഞ്ഞ് അവെക്ക് പുതുതായി അടിമപ്പെടുവാൻ ഇച്ഛിക്കുന്നതെങ്ങനെ?" നിങ്ങൾ ദിവസങ്ങളും മാസങ്ങളും കാലങ്ങളും ആണ്ടുകളും പ്രമാണിക്കുന്നു. ഞാൻ നിങ്ങൾക്കുവേണ്ടി അദ്ധ്വാനിച്ചത് വെറുതെ ആയി എന്നു ഞാൻ ഭയപ്പെടുന്നു.** ഇവിടെയും "ആദ്യപാഠങ്ങൾ" എന്ന വാക്ക് Stoicheia എന്ന പദത്തിൽ നിന്നുമാണ് തർജ്ജമ ചെയ്തിരിക്കുന്നത്. ആദ്യപാഠങ്ങൾ എന്ന വാക്ക് ചിലരിൽ തെറ്റിദ്ധാരണ ഉളവാക്കിയിട്ടുണ്ട്. പ്രവൃത്തിയാൽ നീതീകരണം അന്വേഷിച്ച് അക്രൈസ്തവ ആചാരങ്ങൾ പിൻതുടർന്നവർ ആയിരുന്നു ഗലാത്യർ. വിശ്വാസത്താൽ ഉള്ള നീതീകരണം എന്ന ദൈവവ്യവസ്ഥയിൽ നിന്നും പ്രവൃത്തിയാലുള്ള നീതീകരണം എന്ന ചതിയിലേക്ക് വീണുപോയവരായിരുന്നു യെഹൂദന്മാർ. അങ്ങനെ യെഹൂദന്മാർ ജാതികളെപ്പോലെ ആയിത്തീർന്നു. പൗലൊസ് ഗലാത്യരോട് സുവിശേഷം അറിയിച്ചപ്പോൾ ജാതികളായിരുന്ന അവർ ക്രിസ്തുവിലുള്ള വിശ്വാസത്താൽ നീതീകരിക്കപ്പെടും എന്ന് വിശ്വ

സിച്ച് ക്രിസ്ത്യാനികളായി, എന്നാൽ പിന്നീട്: യെഹൂദയിൽ നിന്നും ചിലർ വന്നു. നിങ്ങൾ മോശെ കല്പിച്ച ആചാരം ആനുസരിച്ച് പരിച്ഛേദന ഏൽക്കാഞ്ഞാൽ രക്ഷ പ്രാപിപ്പാൻ കഴിയുകയില്ല എന്നു സഹോദരന്മാരെ ഉപദേശിച്ചു" (അപ്പൊ. പ്രവൃത്തികൾ 15:1) അപ്പോൾ വീണ്ടും ഗലാത്യർ പ്രവൃത്തിയാലുള്ള നീതീകരണം എന്ന അടിമത്തത്തിൽ വീണുപോയി. ഈ സാഹചര്യത്തെ സംബോധന ചെയ്തുകൊണ്ട് പൗലൊസ് ലേഖനമെഴുതുന്നതിന്റെ ഭാഗമാണ് ഗലാത്യർ 4:9. **ക്രിസ്തുവിലുള്ള വിശ്വാസത്താലുള്ള നീതീകരണം എന്ന ദൈവവ്യവസ്ഥ വിട്ട് പ്രവൃത്തിയാലുള്ള നീതീകരണം എന്ന അവരുടെ പൂർവ്വ അവസ്ഥയിലേക്ക് തിരികെ പോയതിനെയാണ് പൗലൊസ് ആദിപാഠങ്ങൾ (Stoicheia) എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്.**

3. കൊലൊസ്സ്യർ 2:20 **"നിങ്ങൾ ക്രിസ്തുവിനോട് കൂടെ ലോകത്തിന്റെ ആദ്യപാഠങ്ങൾ സംബന്ധിച്ച് മരിച്ചു എങ്കിൽ ലോകത്തിൽ ജീവിക്കുന്നവരെപ്പോലെ മാനുഷ കല്പനകൾക്കും ഉപദേശങ്ങൾക്കും അനുസരണമായി പിടിക്കരുത്, രുചിക്കരുത്, തൊടരുത് എന്നുള്ള ചട്ടങ്ങൾക്ക് കീഴ്പ്പെടുന്നത് എന്ത്?"**

**മാനുഷ കല്പനകളെയും ഉപദേശങ്ങളെയും ആണ് "ആദ്യപാഠങ്ങൾ" എന്ന് പൗലോസ് അർത്ഥമാക്കുന്നത്.** ആത്മീക സമ്പൂർണ്ണത പ്രാപിക്കുവാൻ ചില ആഹാരസാധനങ്ങൾ വർജ്ജിക്കണം എന്ന നോസ്റ്റിക് വിഭാഗക്കാരുടെ ഉപദേശത്തെയാണ് പൗലൊസ് സംബോധന ചെയ്യുന്നത്. കൊലൊസ്സ്യർ 2:8-ാം വാക്യം മുതൽ അദ്ധ്യായത്തിന്റെ അവസാനം വരെ വിശേഷിച്ച് നോസ്റ്റിക് വിശ്വാസക്കാരെ പശ്ചാത്തലമാക്കിയുള്ള വാക്യങ്ങളാണ് എന്ന് വ്യാഖ്യാനത്തിൽ ഓർത്തിരിക്കേണ്ടതുണ്ട്.

വാക്യം 9: **"അവനിലല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്."**

ഈ ലോകത്തിലുള്ള എല്ലാ വസ്തുക്കളും (matter) തിന്മ (evil) ആയതുകൊണ്ട് ദൈവം ജഡത്തിൽ പ്രത്യക്ഷപ്പെടുന്നത് അസാദ്ധ്യം എന്ന് നോസ്റ്റിക് മതക്കാർ വിശ്വസിച്ചിരുന്നു. അതിനെതിരായി യേശു ദൈവമായി ദേഹരൂപത്തിൽ (matter) വന്നു എന്ന് പൗലൊസ് പറയുന്നു. ദൈവം എന്താകുന്നുവോ അതിന്റെ സമ്പൂർണ്ണത ക്രിസ്തുവിൽ കാണുന്നു എന്ന് പൗലൊസ് ഉറപ്പിക്കുന്നു. യേശു ദൈവമല്ലെന്ന് പഠിപ്പിച്ച നോസ്റ്റിക് വിശ്വാസത്തിനെതിരെ യേശു ദൈവമാണ് എന്നും

ദൈവം ജഡാവതാരം എടുത്ത് വന്നതാണ് ക്രിസ്തു എന്നും കൊലൊസ്യരെ സ്ഥിരപ്പെടുത്തുന്നു.

വാക്യം 10: **"എല്ലാ വാഴ്ചകൾക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു."**

ആത്മീക സമ്പൂർണ്ണത പ്രാപിക്കുവാൻ ചില ആചാരങ്ങൾ കർശനമായി ആചരിക്കണമെന്ന് ജ്ഞാനവാദികൾ ഉപദേശിച്ചിരുന്നു. 2 കൊരിന്ത്യർക്കെഴുതിയ ലേഖനം അഞ്ചാം അദ്ധ്യായത്തിൽ അപ്പൊസ്തലൻ പറയുന്നത് ഒരുവൻ "ക്രിസ്തുവിൽ" ആകുമ്പോൾ അവൻ ഒരു പുതിയ സൃഷ്ടിയാകുന്നു എന്നാണ്. എഫെസ്യർക്കെഴുതിയ ലേഖനം ഒന്നാം അദ്ധ്യായത്തിൽ "അവനിൽ" എന്ന പദം ആവർത്തിച്ച് ഉപയോഗിച്ച് ഒരുവന് ഉണ്ടാകുന്ന ഭാഗ്യാവസ്ഥയെ വർണ്ണിക്കുന്നു. അതുപോലെ തന്നെ കൊലൊസ്യരോടും പറയുന്നത് ക്രിസ്തുവിനെ ജീവിതത്തിൽ അംഗീകരിച്ചതുകൊണ്ട് "അവനിൽ" നിങ്ങൾ പരിപൂർണ്ണരായിക്കഴിഞ്ഞിരിക്കുന്നു എന്നാണ്. പരിപൂർണ്ണത പ്രാപിക്കുവാൻ ഇനിയും മനുഷ്യകല്പനകൾക്കും ഉപദേശങ്ങൾക്കും കീഴ്പ്പെടേണ്ടതില്ല എന്നും അവരെ ഓർമ്മിപ്പിക്കുന്നു. നാം ക്രിസ്തുവിലാകുന്നതോടെ ദിവ്യസ്വഭാവത്തിന് പങ്കാളികൾ ആയിത്തീരുന്നു. പരിപൂർണ്ണത ക്രിസ്തുവിൽ പ്രാപിച്ചിരിക്കുന്നതുകൊണ്ട് പൂർണ്ണത പ്രാപിക്കുവാൻ നോസ്റ്റിക് വിശ്വാസത്തിന് അധീനരാകേണ്ടതില്ല എന്ന് പൗലൊസ് പറയുന്നു.

വാക്യം 11: **"അവനിൽ നിങ്ങൾക്കു ക്രിസ്തുവിന്റെ പരിച്ഛേദനയാൽ ജഡശരീരം ഉരിഞ്ഞുകളഞ്ഞതിനാൽതന്നേ കൈകൊണ്ടല്ലാത്ത പരിച്ഛേദനയും ലഭിച്ചു."**

ക്രിസ്തുവിൽ ഒരുവൻ ജഡത്തെ ഉപേക്ഷിക്കുന്നു. ക്രിസ്തുവിന്റെ പരിച്ഛേദനയാൽ എന്നുപറയുമ്പോൾ ക്രിസ്തു ഒരുവനിൽ കഴിക്കുന്ന ഹൃദയപരിച്ഛേദന എന്നർത്ഥം. അത് എപ്പോൾ എപ്രകാരം നടന്നു എന്ന് അടുത്ത വാക്യത്തിൽ അപ്പൊസ്തലൻ വിവരിക്കുന്നു.

വാക്യം 12: **"സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേല്ക്കയും ചെയ്തു."**

അവനിൽ നിങ്ങൾ പരിപൂർണ്ണരാകുന്നു എന്ന് പറഞ്ഞശേഷം സ്നാനത്തിൽ കഴിഞ്ഞകാല പാപചരിത്രം കുഴിച്ചു മൂടി എന്നും വെള്ളമാകുന്ന ശവക്കല്ലറയിൽ നിന്നും പുറത്തു വന്നതോടെ ക്രിസ്തുവി

നോടുകൂടെ ഉയിർത്തെഴുന്നേറ്റ് പരിപൂർണ്ണത പ്രാപിച്ചിരിക്കുന്നു എന്നും കൊലൊസ്യരെ ഓർമ്മിപ്പിക്കുന്നു. പൂർണ്ണത പ്രാപിക്കുവാൻ നോസ്റ്റിക് വിശ്വാസത്തിന്റെ ആചാരങ്ങൾ അനുസരിക്കണം എന്ന ഉപദേശത്തെ പൗലൊസ് എതിർക്കുന്നു.

വാക്യം 13: **"അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ അവനോടുകൂടെ ജീവിപ്പിച്ചു."**

കൊലൊസ്യർ ആത്മീകമായി മരിച്ച അവസ്ഥയിലായിരുന്നു എന്ന് പൗലൊസ് പറയുന്നു. ആ ജീവിതത്തെ മരണത്തോടു പൗലൊസ് താരതമ്യപ്പെടുത്തുന്നു. പുതിയജീവിതത്തിന് ഒരു ഉയിർപ്പ് ആവശ്യമാണ്. പിതാവായ ദൈവം പരിശുദ്ധാത്മാവ് മുഖാന്തരം ക്രിസ്തുവിനെ ഉയിർപ്പിച്ചതുപോലെ കൊലൊസ്യ വിശ്വാസികളെയും ദൈവം നിത്യജീവനായിട്ട് ഉയിർപ്പിച്ചു എന്ന് പൗലൊസ് പറയുന്നു. കൊലൊസ്യർക്ക് അപ്പൊസ്തലൻ രക്ഷയുടെ ഉറപ്പ് കൊടുക്കുന്നു. മറ്റ് ഉപദേശങ്ങൾക്ക് കീഴടങ്ങരുത് എന്ന് തുടർന്നുള്ള വാക്യത്തിൽ അവരെ ഉപദേശിക്കയും ചെയ്യുന്നു.

വാക്യം 14: **"അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലവും ആയിരുന്ന കയ്യെഴുത്ത് മായിച്ച് ക്രൂശിൽ തറച്ചു നടുവിൽ നിന്നു നീക്കിക്കളഞ്ഞു."**

ചെയ്റോഗ്രാഫോൺ എന്ന വാക്കിൽ നിന്നുമാണ് കയ്യെഴുത്ത് എന്ന പദം തർജ്ജമ ചെയ്തിരിക്കുന്നത് എന്ന് നാം കണ്ടുകഴിഞ്ഞു. മനുഷ്യൻ ചെയ്യുന്ന എല്ലാ പാപപ്രവർത്തികളും ദൈവസന്നിധിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ രേഖയാണ് കയ്യെഴുത്ത് (ചെയ്റോഗ്രാഫോൺ). 51-ാം സങ്കീർത്തനത്തിൽ ദാവീദ് പ്രാർത്ഥിക്കുന്നത് "...എന്റെ അകൃത്യങ്ങളെ ഒക്കെയും മായിച്ചുകളയേണമേ" (വാക്യം 9). കൊലൊസ്യർ 2:12-ാം വാക്യത്തിൽ സ്നാനത്തിൽ അവനോടുകൂടെ അടക്കപ്പെട്ടു എന്നും, 13-ാം വാക്യത്തിൽ പുതിയ ജീവനായിട്ട് ക്രിസ്തുവിനോട് കൂടെ ജീവിപ്പിച്ചു എന്നും പറഞ്ഞിട്ട് 14-ാം വാക്യം ആരംഭിക്കുന്നത് അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ചു എന്നും, നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന പാപത്തിന്റെ ചരിത്രം മായിച്ച് കളഞ്ഞു എന്നുമാണ്. **ക്രൂശിൽ തറച്ചത് നമ്മുടെ പാപത്തിന്റെ ചരിത്രമാകുന്ന കയ്യെഴുത്താണ്**. പത്തുകല്പന ക്രൂശിൽ തറയ്ക്കേണ്ട ആവശ്യം എന്താണ്? കർത്താവ് പത്തുകല്പനയെപ്പറ്റി പറഞ്ഞിരിക്കുന്ന

കാര്യങ്ങൾ എല്ലാം നിരത്തിവച്ച് വിലയിരുത്തുമ്പോൾ പത്തുകല്പന ക്രൂശിൽ തറച്ചു എന്ന് വ്യാഖ്യാനിക്കുന്നത് തെറ്റായ വ്യാഖ്യാനമാണ്.

അതിക്രമങ്ങൾ ഒക്കെയും നമ്മോട് ക്ഷമിച്ചു എന്ന് പറഞ്ഞശേഷം നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായിച്ചു എന്ന് അപ്പൊസ്തലൻ പറയുന്നു. ഇവിടെ മോശെയുടെ ന്യായപ്രമാണമോ പത്തുകല്പനയോ ചർച്ചാവിഷയമല്ല. വീണ്ടും എടുത്തു പറയട്ടെ: ന്യായ പ്രമാണം എന്ന ഒരു വാക്ക് അപ്പൊസ്തലൻ ലേഖനത്തിൽ ഉപയോഗി ച്ചിട്ടില്ലാത്തതുകൊണ്ട് ന്യായപ്രമാണമോ പത്തുകല്പനയോ വ്യാഖ്യാ നത്തിൽ കൊണ്ടുവരുവാൻ തിരുവചനം അനുവദിക്കുന്നില്ല. കയ്യെഴുത്ത് മനുഷ്യന്റെ പാപത്തിന്റെ രേഖയാണ്. കർത്താവായ യേശു എനിക്കു വേണ്ടി ക്രൂശിൽ മരിച്ചതോടെ എന്റെ പാപത്തിന്റെ ചരിത്രം കർത്താ വിന്റെ രക്തത്താൽ തുടച്ചുമാറ്റി എന്ന് ഓരോ ക്രിസ്ത്യാനിയും വിശ്വ സിക്കേണ്ടതാണ്. അങ്ങനെയുള്ളവർ ക്രിസ്തുവിൽ പരിപൂർണ്ണരാണ്.

വാക്യം 15: **"വാഴ്ചകളെയും അധികാരങ്ങളെയും ആയുധ വർഗ്ഗം വെപ്പിച്ചു ക്രൂശിൽ അവരുടെ മേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി."**

വാഴ്ചകളും അധികാരങ്ങളും ആരാണ് എന്ന് പൗലൊസു തന്നെ പറയുന്നു. **"നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല. വാഴ്ച കളോടും, അധികാരങ്ങളോടും, ഈ അന്ധകാരത്തിന്റെ ലോകാധി പതികളോടും, സ്വർല്ലോകത്തിലെ ദുഷ്ടാത്മ സേനകളോടും അത്രേ".** ആയുധവർഗ്ഗം വെപ്പിച്ചു എന്ന് പറയുമ്പോൾ ഒരു തോൽവി യെയാണ് പ്രതിപാദിക്കുന്നത്. എന്നു പറഞ്ഞാൽ, കർത്താവായ യേശു ക്രൂശിൽ മരിച്ചതോടെ സാത്താനെയും സൈന്യത്തെയും തോല്പിച്ച് അവരുടെ മേൽ നമുക്കുവേണ്ടി ജയം വരിച്ചു എന്നർത്ഥം. **പാപത്തിന്റെ ശമ്പളമാകുന്ന മരണം സാത്താനാൽ നമുക്ക് ഭവിക്കുന്നു എങ്കിൽ കർത്താവായ യേശുവിന്റെ ക്രൂശു മരണത്താൽ അതിൽ നിന്നും നമുക്ക് വിടുതൽ വരുന്നു എന്നാണ് പൗലൊസ് പറയുന്നത്.** "നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്ക് ജയം നല്കുന്ന ദൈവ ത്തിന് സ്തോത്രം" (1 കൊരിന്ത്യർ 15:57). കയ്യെഴുത്ത് മായിച്ചതോടെ അപവാദിക്ക് വിശ്വാസികളെ കുറ്റം ചുമത്തുവാൻ കാരണം ഇല്ലാതെ വന്നതിനെയാണ് ആയുധവർഗ്ഗം വെപ്പിച്ചു എന്ന് പൗലൊസ് പറയു ന്നത്. വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ചു എന്നു പറയുന്നത് 14-ാം വാക്യത്തിൽ പറയുന്ന കയ്യെഴുത്ത് മായിച്ച തിന്റെ അടിസ്ഥാനത്തിലാണ്. **പത്തു കല്പനയാണ് കയ്യെഴുത്ത്**

**എന്നു വ്യാഖ്യാനിക്കുന്നവർ തങ്ങളുടെ നിലപാട് വീണ്ടും പരിശോധിക്കേണ്ടിയിരിക്കുന്നു.** പത്തു കല്പന ക്രൂശിൽ തറച്ച് മായിച്ചു കളഞ്ഞാൽ സാത്താനെ ആയുധവർഗ്ഗം വെപ്പിക്കുന്നത് എങ്ങനെ? സാത്താനാൽ ആരംഭിച്ച പാപം ക്രിസ്തുവിനാൽ പരിഹരിക്കപ്പെട്ട് നിത്യജീവൻ സാദ്ധ്യമാക്കിയതാണ് വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ചു എന്ന് പറയുന്നത്.

മനുഷ്യന്റെ പാപത്തിന്റെ രേഖയാണ് സാത്താന്റെ ആയുധം "...നമ്മുടെ സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദിയെ തള്ളിക്കളഞ്ഞുവല്ലോ" (വെളിപ്പാട് 12:10). മോശെയുടെ അടക്കസമയത്ത് സാത്താൻ മോശെയുടെ ശരീരത്തെ അവകാശപ്പെടുന്നതും പാപത്തിന്റെ അടിസ്ഥാനത്തിലാണ്. "എന്നാൽ പ്രധാന ദൂതനായ മീഖായേൽ മോശെയുടെ ശരീരത്തെക്കുറിച്ച് പിശാചിനോട് വാദിക്കുമ്പോൾ ഒരു ദൂഷണവിധി ഉച്ചരിപ്പാൻ തുനിയാതെ കർത്താവ് നിന്നെ ഭർത്സിക്കട്ടെ എന്നു പറഞ്ഞതേ ഉള്ളു" (യൂദ 9). യോശുവയുടെ കാര്യത്തിലും സാത്താന്റെ ആയുധം പാപമാണ് എന്ന് ദൈവവചനം ആവർത്തിക്കുന്നു. "അനന്തരം അവൻ എനിക്ക് മഹാപുരോഹിതനായ യോശുവ യഹോവയുടെ ദൂതന്റെ മുമ്പിൽ നില്ക്കുന്നതും സാത്താൻ അവനെ കുറ്റം ചുമത്തുവാൻ അവന്റെ വലത്തുഭാഗത്തു നില്ക്കുന്നതും കാണിച്ചു തന്നു. യഹോവ സാത്താനോട്: സാത്താനേ, യഹോവ നിന്നെ ഭർത്സിക്കുന്നു; യരുശലേമിനെ തിരഞ്ഞെടുത്തിരിക്കുന്ന യഹോവ തന്നേ നിന്നെ ഭർത്സിക്കുന്നു; ഇവൻ തീയിൽ നിന്നു വലിച്ചെടുക്കപ്പെട്ട കൊള്ളിയല്ലയോ എന്നു കല്പിച്ചു. എന്നാൽ യോശുവ മുഷിഞ്ഞ വസ്ത്രം ധരിച്ചു ദൂതന്റെ മുമ്പിൽ നില്ക്കയായിരുന്നു. അവൻ തന്റെ മുമ്പിൽ നില്ക്കുന്നവരോട്: മുഷിഞ്ഞവസ്ത്രം അവങ്കൽനിന്നു നീക്കിക്കളവിൻ എന്നു കല്പിച്ചു. പിന്നെ അവനോട് ഞാൻ നിന്റെ അകൃത്യം നിന്നിൽ നിന്നു പോക്കിയിരിക്കുന്നു." "നിന്നെ ഉത്സവവസ്ത്രം ധരിപ്പിക്കും എന്ന് അരുളിച്ചെയ്തു" (സെഖര്യാവ് 3:1-4). **യോശുവയുടെ മുഷിഞ്ഞ വസ്ത്രം അവന്റെ പാപത്തെ സൂചിപ്പിക്കുന്നു.** യോശുവായുടെ മുഷിഞ്ഞവസ്ത്രമായിരുന്നു സാത്താന്റെ ആയുധം. അതുപോലെ മനുഷ്യന്റെ പാപത്തിന്റെ ചരിത്രമാണ് സാത്താന്റെ ആയുധം. മുഷിഞ്ഞ വസ്ത്രം മാറ്റിയതിനെ "ഞാൻ നിന്റെ അകൃത്യം നിന്നിൽ നിന്നും പോക്കിയിരിക്കുന്നു" എന്ന് യഹോവ അരുളിച്ചെയ്തു. കർത്താവായ യേശു ക്രൂശിൽ മരിച്ചതോടെ പാപത്തിന് പരിഹാരം വരുത്തി. അതിനെയാണ് "അതിക്രമങ്ങൾ ഒക്കെയും നമ്മോട് ക്ഷമിച്ച ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെ

ഴുത്ത് മായിച്ച് ക്രൂശിൽ തറച്ച് നടുവിൽ നിന്നും നീക്കിക്കളഞ്ഞു വാഴ്ച കളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ച് ക്രൂശിൽ അവരുടെ മേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി" എന്ന് പൗലൊസ് പറയുന്നത്. പത്തു കല്പനയെ ആയുധവർഗ്ഗം വെപ്പിച്ചു എന്നും പത്തുകല്പനയുടെ മേൽ ജയോത്സവം കൊണ്ടാടി എന്നും വ്യാഖ്യാനിക്കാൻ പാടില്ലാത്തതാണ്.

വാക്യം 16, 17: **"അതുകൊണ്ട് ഭക്ഷണപാനങ്ങൾ സംബന്ധിച്ചോ, പെരുന്നാൾ, വാവ്, ശബ്ബത്ത് എന്നീകാര്യത്തിലോ ആരും നിങ്ങളെ വിധിക്കരുത് ഇവ വരുവാനിരുന്നവയുടെ നിഴലത്രേ; ദേഹം എന്നതോ ക്രിസ്തുവിനുള്ളത്."**

"അതുകൊണ്ട്" എന്ന് 16–ാം വാക്യം ആരംഭിക്കുന്നത് 15–ാം വാക്യം വരെ അപ്പൊസ്തലൻ വിവരിച്ചുകൊണ്ട് വരുന്ന വസ്തുതകളുടെ അടിസ്ഥാനത്തിലാണ് എന്നത് വളരെ സ്പഷ്ടമാണ്. 8–ാം വാക്യത്തിൽ ക്രിസ്തുവിനൊത്തവണ്ണമല്ലാത്ത തത്വജ്ഞാനവും, മനുഷ്യ പാരമ്പര്യങ്ങളും, ലോകത്തിന്റെ ആദ്യപാഠങ്ങൾ ആകുന്ന ആചാരങ്ങളെയും കുറിച്ച് കൊലൊസ്യരെ ബോധവാന്മാരാക്കുന്നു. തുടർന്നുള്ള വാക്യങ്ങളിൽ (15–ാം വാക്യംവരെ) കൊലൊസ്യർ പരിപൂർണ്ണരാകുന്നു എന്നും ഉറപ്പു കൊടുക്കുന്നു. കർത്താവായ യേശു ക്രൂശിൽ മരിച്ചതോടെ പാപത്തിന്റെ ചരിത്രമാകുന്ന കയ്യെഴുത്ത് ക്രൂശിൽ തറച്ച് അപവാദിക്ക് ഇനിമേലാൽ വിശ്വാസികളെ കുറ്റം ചുമത്തുവാൻ കാരണമില്ലാതെ ആയുധവർഗ്ഗം വെപ്പിച്ച് അവരുടെ മേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി എന്നും പറയുന്നു. **"അതുകൊണ്ട്"** കൊലൊസ്യർക്ക് തത്വജ്ഞാനികളുടെ തത്വജ്ഞാനവും ആചാരങ്ങളും ആവശ്യമില്ല എന്നാണ് 16–ാം വാക്യം പറയുന്നത്. തുടർന്ന് അദ്ധ്യായത്തിന്റെ അവസാനം വരെ ക്രിസ്തുവിൽ നിന്നും കൊലൊസ്യരെ അകറ്റുവാനുള്ള തത്വജ്ഞാനികളുടെ ഉപദേശങ്ങളെയും ആചാരങ്ങളെയുമാണ് അപ്പൊസ്തലൻ പ്രതിപാദിക്കുന്നത്.

**ഭക്ഷണപാനങ്ങൾ എന്ന് 16–ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നതിന്റെ കൂടുതൽ വിവരങ്ങൾ 21–ാം വാക്യത്തിൽ കൊടുത്തിരിക്കുന്നത്: മനുഷ്യകല്പനകൾക്കും, ഉപദേശങ്ങൾക്കും അനുസരണമായി പിടിക്കരുത്, രുചിക്കരുത്, തൊടരുത് എന്ന ചട്ടങ്ങൾ എന്നാണ്.** മനുഷ്യകല്പനകൾ എന്ന് അപ്പൊസ്തലൻ രേഖപ്പെടുത്തിയിരിക്കുന്നതുകൊണ്ട് അദ്ധ്യായം പ്രതിപാദിക്കുന്നത് ദൈവകല്പനയെക്കുറിച്ചല്ല എന്നതും സ്പഷ്ടമാണ്. മോശെയുടെ ന്യായപ്രമാണത്തെ മനുഷ്യ

കല്പന എന്ന് അർത്ഥമാക്കുവാൻ സാദ്ധ്യമല്ല. മനുഷ്യകല്പനകളാകുന്ന ഭക്ഷണപാനീയങ്ങളെക്കുറിച്ച് 16-ാം വാക്യത്തിൽ പറഞ്ഞിട്ട് ആചാര ദിവസങ്ങളെക്കുറിച്ച് അതേ വാക്യത്തിൽ പറയുന്നത് "പെരുനാൾ, വാവ്, ശബ്ബത്ത് എന്നീ കാര്യത്തിലും ആരും നിങ്ങളെ വിധിക്കരുത്" എന്നാണ്. **ഭക്ഷണപാനങ്ങൾ മനുഷ്യകല്പനകളാകുന്നു എങ്കിൽ അതിനോട് ചേർത്ത് പറഞ്ഞിരിക്കുന്ന ആചാര ദിവസങ്ങളും മനുഷ്യ കല്പനയിൽപ്പെട്ടതായിരിക്കണം.**

കൊലൊസ്യസഭയെ അലട്ടിയിരുന്ന ഉപദേഷ്ടാക്കന്മാരുടെ മനുഷ്യ ആചാരങ്ങളെ സംബന്ധിച്ച് പൗലൊസ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്:

1. താഴ്മയിലുള്ള (വ്യാജമായ) രസം - (വാക്യം 18)
2. ദൂതന്മാരെ ആരാധിക്കുന്നതിലുള്ള രസം - (വാക്യം 18)
3. സ്വന്തദർശനങ്ങളിലുള്ള രസം - (വാക്യം 18)
4. സ്വേച്ഛാരാധനയിലുള്ള (will worship) രസം - (വാക്യം 23)
5. ശരീരത്തെ ഉപേക്ഷിക്കുന്നതിലുള്ള രസം - (വാക്യം 23)
6. ഭക്ഷണപാനങ്ങൾ സംബന്ധിച്ച് പിടിക്കരുത്, രുചിക്കരുത്, തൊടരുത് എന്ന വ്രതം ആചരിക്കുന്നതിലുള്ള സംതൃപ്തി - (വാക്യം 16, 21)
7. പെരുനാൾ, വാവ്, ശബ്ബത്ത് എന്ന ഉത്സവങ്ങളും ദിവസങ്ങളും നിഷ്ക്കർഷമായി ആചരിക്കുന്നതിലുള്ള ആത്മതൃപ്തി - (വാക്യം 16)

ഇവ ഒന്നും തന്നെ ക്രിസ്തുവിനൊത്തവണ്ണമല്ല എന്ന് അപ്പൊസ്തലൻ ഓർമ്മിപ്പിക്കുന്നു; തന്നെയുമല്ല ഇവ ഒക്കെയും മനുഷ്യ കല്പനകളാകുന്നു എന്ന് അപ്പൊസ്തലൻ വ്യക്തമാക്കുന്നു.

കൊലൊസ്യർ 2:14-17 വരെ ഉള്ള വാക്യങ്ങൾ ആധാരമാക്കിയാണ് പത്തുകല്പനയും അതിന്റെ ഭാഗമാകുന്ന ഏഴാംദിനശബ്ബത്തും ക്രൂശിന്റെ നിഴലായിരുന്നതു കൊണ്ട് നീങ്ങിപ്പോയി എന്നാണ് ഭൂരിപക്ഷം ക്രിസ്ത്യാനികളും വിശ്വസിക്കുന്നത്. 14-ാം വാക്യത്തിലെ "കയ്യെഴുത്തും" 16-ാം വാക്യത്തിലെ "ശബ്ബത്തും" 17-ാം വാക്യത്തിലെ "നിഴലും" സംയോജിപ്പിച്ചാണ് പത്തുകല്പനയും, ശബ്ബത്തും നിഴലായിരുന്നത് നീങ്ങിപ്പോയി എന്ന തത്വം സ്ഥാപിക്കുന്നത്. രണ്ട് കാര്യ

ങ്ങൾ കൊണ്ട് ആഴ്ചവട്ടത്തിന്റെ ഏഴാംദിന ശബ്ബത്ത് നിഴലായിരുന്നു എന്ന് കൊലൊസ്യർ 2:17-ാം വാക്യത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപിക്കുവാൻ സാദ്ധ്യമല്ല.

**കാരണം 1**

നിഴലിന്റെ ഉത്ഭവം പാപത്തിനു ശേഷമാണ്. പാപത്തിനുമുമ്പ് നിഴൽ എന്നതിന്റെ ആവശ്യം ഉണ്ടായിരുന്നില്ല. **ദൈവം ലോകത്തിന് മശീഹായെ വാഗ്ദാനം ചെയ്യുന്നത് പാപത്തിനു ശേഷമാണ് (ഉല്പത്തി 3:15).** ക്രിസ്തുവിന്റെ ശരീരയാഗത്തെ പ്രതിനിധീകരിക്കുന്ന ഏതു കാര്യത്തെയുമാണ് നിഴൽ എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. യാഗമൃഗങ്ങൾ, പുരോഹിതൻ, വിവിധ ശുദ്ധീകരണ ആചാരങ്ങൾ ഒക്കെ നിഴലിന്റെ ചില ഉദാഹരണങ്ങളാണ്. **ആഴ്ചവട്ടത്തിന്റെ ഏഴാം ദിനമാകുന്ന ശബ്ബത്ത് പാപത്തിനുമുമ്പ് ദൈവം സ്ഥാപിച്ചിരുന്നതുകൊണ്ട് ശബ്ബത്ത് നിഴലാകുക അസാദ്ധ്യം.** ദൈവം സ്രഷ്ടാവ് എന്നതിന്റെ അടയാളമായിട്ടാണ് ആഴ്ചവട്ടത്തിന്റെ ഏഴാം ദിവസം വിശുദ്ധദിവസമായിട്ട് സ്ഥാപിച്ചത്. "ഇങ്ങനെ ആകാശവും ഭൂമിയും അവയിലുള്ള ചരാചരങ്ങളൊക്കെയും തികഞ്ഞു. താൻ ചെയ്ത പ്രവൃത്തി ഒക്കെയും ദൈവം തീർത്തശേഷം താൻ ചെയ്ത സകല പ്രവൃത്തിയിൽ നിന്നും ഏഴാം ദിവസം നിവൃത്തനായി താൻ സൃഷ്ടിച്ചുണ്ടാക്കിയ സകല പ്രവൃത്തിയിൽ നിന്നും അന്ന് നിവൃത്തനായതുകൊണ്ട് ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ച് ശുദ്ധീകരിച്ചു" (ഉല്പത്തി 2:1-3). ദൈവം ശബ്ബത്തിനെ സ്ഥാപിച്ചതിന്റെ കാരണം ദൈവം തന്നെ പറയുന്നത്: **അന്ന് നിവൃത്തനായതുകൊണ്ട്** ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ച് ശുദ്ധീകരിച്ചു എന്നാണ്. **സൃഷ്ടിപ്പും ശബ്ബത്തുമായിട്ട് ദൈവം ബന്ധം സ്ഥാപിക്കുന്നു. ഏഴാം ദിന ശബ്ബത്തും, കർത്താവിന്റെ ശരീരവുമായിട്ടാണ് ബന്ധമെങ്കിൽ ശബ്ബത്തിനെ നിഴലായിട്ട് കരുതാമായിരുന്നു.** എന്നാൽ ശബ്ബത്ത് ദൈവം സ്ഥാപിക്കുമ്പോൾ രക്ഷ എന്നൊരു ആവശ്യം ഭൂമിയിൽ ഉണ്ടായിരുന്നില്ല. രക്ഷ എന്ന വിഷയം പാപത്തിനു ശേഷമാണ് ഉണ്ടാകുന്നത്. ഉല്പത്തിയിലെ ശബ്ബത്ത്, ഏതാണ്ട് 2500 വർഷങ്ങൾക്കുശേഷം, യഹൂദൻ ഏറ്റുവാങ്ങി എന്നേയുള്ളു. ഏതുവിധേനയും കൊലൊസ്യർ 2:16 ലെ ശബ്ബത്തിനെ നിഴലിൽ ഉൾപ്പെടുത്തുവാൻ ദൈവവചനം അനുവദിക്കുന്നില്ല; യഹൂദന്റെ ശബ്ബത്ത് എന്ന് പറയുവാനും സാദ്ധ്യമല്ല. അങ്ങനെ ആയതുകൊണ്ട് മറ്റ് ഒൻപത് കല്പനകൾ ജീവിതത്തിന്റെ ഭാഗമായിരിക്കുന്നതുപോലെ നാലാം കല്പനയാകുന്ന ശബ്ബത്തും ഒരു ക്രിസ്ത്യാനിയുടെ

ജീവിതത്തിന്റെ ഭാഗം ആയിരിക്കേണ്ടതാണ്. കല്പനാലംഘനം പാപ മായതുകൊണ്ട് ഏഴാം ദിന ശബ്ബത്ത് അനുസരിക്കാത്തവർ നാലാം കല്പന ലംഘിച്ച് പാപം ചെയ്യുന്നു.

**കാരണം 2**

കൊലൊസ്യർ 2:17-ലെ ഭാഷയുടെ വ്യാകരണം ശബ്ബത്ത് നിഴൽ ആയിരുന്നു എന്ന് തർജ്ജമ ചെയ്യുവാൻ അനുവദിക്കുന്നില്ല. മൂലഭാഷ യിൽ **"വരുവാനിരിക്കുന്നവയുടെ (വരുവാനിരുന്നവയുടെ എന്നല്ല)** നിഴലത്രെ" എന്നാണ് അപ്പൊസ്തലനായ പൗലോസ് എഴുതിയിരിക്കു ന്നത്. ഇംഗ്ലീഷ് KJV തർജ്ജമയിൽ which **are** a shadow of things **to come** എന്നാണ് തർജ്ജമ ചെയ്തിരിക്കുന്നത്. "are" എന്ന വാക്ക് വർത്ത മാന കാലത്തെയും "to come" എന്ന പദപ്രയോഗം ഭാവികാലത്തെയും അർത്ഥമാക്കുന്നു. എന്നു പറഞ്ഞാൽ ഭാവിയിൽ വരുവാനിരിക്കുന്ന എന്തിന്റെയോ നിഴലാണ് കൊലൊസ്യർ 2:16 ലെ ശബ്ബത്ത് (ഇപ്പോൾ) എന്നാണ് ഭാഷയുടെ അർത്ഥം. വരുവാനിരുന്നവയുടെ നിഴലത്രെ എന്ന തർജ്ജമ ചിലരുടെ വിശ്വാസത്തിനധീനമായ തർജ്ജമയാണ്. പൗലൊസ് മൂലഭാഷയിൽ എഴുതിയിരിക്കുന്നത്: അതുകൊണ്ട് ഭക്ഷ ണപാനങ്ങൾ സംബന്ധിച്ചോ പെരുന്നാൾ വാവ് ശബ്ബത്ത് എന്നീ കാര്യ ത്തിലോ ആരും നിങ്ങളെ വിധിക്കരുത് **ഇവ വരുവാനിരിക്കുന്നവയുടെ** നിഴലത്രെ; ദേഹം എന്നതോ ക്രിസ്തുവിന്നുള്ളത്. വരുവാനിരിക്കുന്ന വയുടെ നിഴലത്രെ എന്ന് എഴുതുവാൻ അപ്പൊസ്തലന് കാരണം ഉണ്ട്.

കൊലൊസ്യരെ വശീകരിക്കുവാൻ ശ്രമിച്ച തത്വജ്ഞാനികൾ (നോസ്റ്റിക് വിശ്വാസക്കാർ) പല കാര്യങ്ങളിൽ രസിച്ചിരുന്നു എന്ന് പൗലൊസ് ലേഖനത്തിൽ ആവർത്തിച്ച് എഴുതിയിരിക്കുന്നു. അവർ അനുഭവിച്ചിരുന്ന "രസം" അവർക്ക് വളരെ യാഥാർത്ഥ്യമായിരുന്നു. മറ്റു ള്ളവരും അവർ അനുഭവിക്കുന്ന രസം അനുഭവിക്കണം എന്ന് അവർ ആഗ്രഹിച്ചു. താഴ്മയിലും, ദൂതന്മാരെ ആരാധിക്കുന്നതിലും, സ്വന്ത ദർശനങ്ങളിൽ പ്രവേശിക്കുന്നതിലും, സ്വേച്ഛാരാധനയിലും, ശരീരത്തെ ദണ്ഡിപ്പിക്കുന്നതിലും, തത്വജ്ഞാനികൾ രസിച്ചിരുന്നു. എന്നാൽ അതിന്റെ മാദ്ധ്യമം തെറ്റാണ് എന്ന് പൗലൊസ് ചൂണ്ടിക്കാണിക്കുന്നു. ഇന്ന് ക്രിസ്ത്യാനികളാകുന്ന നാമും അനുഭവിക്കുന്ന ആത്മസന്തോഷം ഉണ്ട്. ദൈവത്തെ ആരാധിക്കുന്നതിലും, പാട്ടുപാടുന്നതിലും, സ്തോത്രം അർപ്പിക്കുന്നതിലും, സ്തോത്ര വഴിപാടുകൾ അർപ്പിക്കുന്നതിലും നാം ആത്മസന്തോഷം കൊണ്ട് ആനന്ദിക്കുകയാണ്. എന്നാൽ ഇന്ന് നാം അനുഭവിക്കുന്നത് ക്രിസ്തുവിൽ വെളിപ്പെടുവാനുള്ള ആഹ്ലാദത്തിന്റെ

ഒരു നിഴൽ മാത്രം എന്നു പറയാം. എബ്രായർക്ക് ലേഖനം എഴുതിയപ്പോൾ പൗലൊസ് പറയുന്നു: ആകയാൽ ദൈവത്തിന്റെ ജനത്തിനു ഒരു ശബ്ബത്തനുഭവം ശേഷിച്ചിരിക്കുന്നു. വരുവാനുള്ള യാഥാർത്ഥ്യത്തെ പ്രതിനിധീകരിക്കുന്നതിനെ നിഴൽ എന്ന് പറയാം. കൊരിന്ത്യർക്ക് ലേഖനമെഴുതിയപ്പോൾ പൗലൊസ് പറയുന്നത്: അംശമായി മാത്രം നാം അറിയുന്നു. അംശമായി മാത്രം പ്രവചിക്കുന്നു. പൂർണ്ണമായതു വരുമ്പോഴോ അംശമായതു നീങ്ങിപ്പോകും. ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു. അപ്പോൾ മുഖാമുഖമായി കാണും, അപ്പോഴോ ഞാൻ അറിയപ്പെട്ടതുപോലെ തന്നേ അറിയും (1 കൊരിന്ത്യർ 13:9,10,12). പൂർണ്ണമായത് വെളിപ്പെടുവാൻ പോകുകയാണ്. ഇപ്പോഴുള്ളത് നിഴലാണ്. കൊലൊസ്യരോടും പൗലൊസ് പറയുന്നത് കൊരിന്ത്യരോട് പറഞ്ഞതുതന്നെയാണ്. തത്വജ്ഞാനികളുടെ "രസം" വ്യാജമായതും വഞ്ചനയുമാണ്, കാരണം അവർ തലയെ മുറുകെ പിടിക്കാത്തവരാണ്. തത്വജ്ഞാനികൾ അനുഭവിക്കുന്നത് ക്രിസ്ത്യാനികൾ അനുഭവിക്കുവാൻ, അവർ ആചരിക്കുന്നത് കൊലൊസ്യയിലെ ക്രിസ്ത്യാനികളും ആചരിക്കണം എന്നാണ് ഉപദേശിക്കുന്നത്.

"ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടുള്ളത് കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല" (1 കൊരിന്ത്യർ 2:9). കർത്താവ് വെളിപ്പെടുമ്പോൾ കർത്താവിനോടുകൂടെ വെളിപ്പെടുവാനിരിക്കുന്ന ഒരു മഹത്വം ഉണ്ട്. ആ വരുവാനിരിക്കുന്നവയുടെ നിഴലാണ് തത്വജ്ഞാനികൾ കൊലൊസ്യർക്ക് വ്യാജമാക്കി വാഗ്ദാനം ചെയ്യുന്നത്; എന്നാൽ ആരും നിങ്ങളെ വഞ്ചിക്കരുത് അത് ക്രിസ്തുവിലാണ് സാക്ഷാത്ക്കരിക്കുവാൻ പോകുന്നത് എന്നും പൗലൊസ് കൊലൊസ്യരെ ഉപദേശിക്കുന്നു. ദേഹം എന്നതോ ക്രിസ്തുവിനുള്ളത് എന്നാണ് 17-ാം വാക്യം അവസാനിക്കുന്നത്. യേശുവിന് ഒരു ദേഹം ഉള്ളതായി കാണപ്പെട്ടതേയുള്ളൂ, എന്നാൽ ഒരു ദേഹം ഇല്ലായിരുന്നു എന്ന് നോസ്റ്റിക് വിശ്വാസക്കാർ പഠിപ്പിച്ചിരുന്നു. അതുകൊണ്ട് പൗലൊസ് പറയുന്നു യേശു ദേഹത്തിൽ ഒരിക്കൽ വന്നതുപോലെ വീണ്ടും വരും; അപ്പോൾ വെളിപ്പെടുവാൻ പോകുന്ന രസത്തിന്റെ നിഴലാണ് വ്യാജ ഉപദേഷ്ടാക്കന്മാർ ആചാരങ്ങളിൽ കൂടി വാഗ്ദത്തം ചെയ്യുന്നത്. അതുകൊണ്ട് അപ്പൊ. പൗലൊസ് പറയുന്നു "ഇവ വരുവാനിരിക്കുന്നവയുടെ നിഴലത്രെ" എന്ന്.

രക്ഷാപദ്ധതിയെ ആകമാനം നോക്കുന്നു എങ്കിൽ അത് പൂർത്തീകരണത്തിൽ എത്തിയിട്ടില്ല; നാം ഇപ്പോഴും രക്ഷയുടെ സാക്ഷാത്ക്ക

രണത്തിന് ആകാംക്ഷയോടെ നോക്കിപാർക്കുന്നതേയുള്ളു. എബ്രായർക്ക് ലേഖനമെഴുതിയപ്പോൾ പൗലൊസ് പറയുന്നത് "അവർ നമ്മെക്കൂടാതെ രക്ഷാപൂർത്തി പ്രാപിക്കാതിരിക്കേണ്ടതിന് ദൈവം നമുക്ക് വേണ്ടി ഏറ്റവും നല്ലതൊന്ന് മുൻകരുതിയിരിക്കുന്നു" (എബ്രായർ 11:40). **ഇപ്പോൾ അവശേഷിക്കുന്ന ഒരു നിഴൽ ഉണ്ട് അതിന്റെ വ്യാജവും ഉണ്ട്.** പൗലൊസ് റോമർക്ക് ലേഖനമെഴുതിയപ്പോൾ അവരോടും പറയുന്നത് നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സ് വിചാരിച്ചാൽ ഈ ലോകത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു. സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു. സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്നു വിടുതലും ദൈവഭക്തന്മാരുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കും എന്നുള്ളത് ആശയോടെ മായക്ക് കീഴ്പ്പെട്ടിരിക്കുന്നു: മനഃപൂർവ്വമല്ല അതിനെ കീഴ്പ്പെടുത്തിയവന്റെ കല്പന നിമിത്തമത്രേ. സർവ്വ സൃഷ്ടിയും ഇന്നുവരെ ഒരുപോലെ ഞരങ്ങി ഈറ്റുനോവോടിരിക്കുന്നു. ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തിന് കാത്തുകൊണ്ട് ഉള്ളിൽ ഞരങ്ങുന്നു. പ്രത്യാശയാലല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്... (റോമർ 8:18-24). ഇപ്പോഴുള്ള നമ്മുടെ ക്രിസ്തീയ അനുഭവം "രസം" വരുവാനിരിക്കുന്നതിന്റെ നിഴലാണ് എന്ന് പൗലൊസ് റോമർക്കും എഴുതുന്നു.

സത്യമായതു ദൈവം സ്ഥാപിച്ചപ്പോൾ വ്യാജമായത് സാത്താൻ സ്ഥാപിച്ചു. ദൈവം ഉല്പത്തിയിൽ ഒരു ദിവസത്തെ അനുഗ്രഹിച്ച് ശുദ്ധീകരിച്ചു. "ശുദ്ധീകരിച്ചു" (sanctified) - എന്ന വാക്കിന്റെ അർത്ഥം വിശുദ്ധ ഉപയോഗങ്ങൾക്കായി വേർതിരിച്ചു എന്നാണ്. മനുഷ്യനിർമ്മിതമായ ശബ്ബത്തും ഇന്ന് കാണുവാൻ സാധിക്കുന്നു. സൂര്യാരാധനക്കാർക്ക്, ക്രിസ്തു മതം ഉടലെടുക്കുന്നതിനു മുമ്പെ, ഞായറാഴ്ച ആചാരം നിലവിൽ ഉണ്ടായിരുന്നു. മറ്റ് ചിലർക്ക് വെള്ളിയാഴ്ചയും, മറ്റു ചിലർക്ക് ഏതു ദിവസവും, ചിലർക്ക് എല്ലാ ദിവസവും ശബ്ബത്താണ് എന്ന് അവകാശപ്പെടുന്നു. കൊലൊസ്യർ 2:16 ൽ പറയുന്ന "ശബ്ബത്ത്" മനുഷ്യകല്പനകൾക്കും ഉപദേശങ്ങൾക്കും, (കൊലൊസ്യർ 2:21) അനുസാരമായതും "മനുഷ്യരുടെ സമ്പ്രദായത്തിന് ഒത്തവണ്ണം ലോകത്തിന്റെ ആദിപാഠങ്ങൾക്ക് ഒത്തവണ്ണം അല്ലാതെ ക്രിസ്തുവിനൊത്തവണ്ണമല്ല" എന്നും പൗലൊസ് വ്യക്തമാക്കുന്നു. (കൊലൊസ്യർ 2:8). ക്രിസ്തുവിനൊത്തവണ്ണമുള്ള ശബ്ബത്ത് ക്രിസ്തുവിന്റെ ജീവിതം കൊണ്ട് സാക്ഷീകരിക്കുകയും, (ലൂക്കൊസ് 4:16) പഠിപ്പിക്കയും ചെയ്തു

(മത്തായി 24:20) അതുകൊണ്ട് കൊലൊസ്യർ 2:16 ലെ ശബ്ബത്തിനെ പത്തുകല്പനയുടെ ഭാഗമാകുന്ന ശബ്ബത്തെന്ന് വ്യാഖ്യാനിക്കുവാൻ വചനം അനുവദിക്കുന്നില്ല.

വാക്യം 18: **"താഴ്മയിലും ദൂതന്മാരെ ആരാധിക്കുന്നതിലും രസിച്ച് സ്വന്ത ദർശനങ്ങളിൽ പ്രവേശിക്കുകയും, തന്റെ ജഡമനസ്സിൽ വെറുതെ ചീർക്കയും, തലയെ മുറുകെ പിടിക്കാതിരിക്കുകയും ചെയ്യുന്നവൻ ആരും നിങ്ങളെ വിരുത് തെറ്റിക്കരുത്."**

താഴ്മയിലും (Voluntary humility) എന്നു പറയുമ്പോൾ വ്യാജമായ താഴ്മയാണ് സൂചിപ്പിക്കുന്നത്. ഇത് ഒരു സൽസ്വഭാവത്തിന്റെ ഭാഗമല്ല. ദൂതന്മാരെ ആരാധിക്കുന്നതിലും രസിച്ച് എന്നു പറഞ്ഞാൽ: ദൂതന്മാർക്ക് മനുഷ്യരെക്കാൾ ഉയർന്ന ഒരു നിലവാരമാണ് ഉള്ളത്. അവരെ ആരാധിക്കുന്നതിൽ കൂടി പ്രപഞ്ച ശക്തികളിൽ നിന്നുമുള്ള സംരക്ഷണം ലഭിക്കും എന്ന് നോസ്റ്റിക് വിശ്വാസക്കാർ പഠിപ്പിച്ചിരുന്നതിനെയാണ് അപ്പൊസ്തലൻ അർത്ഥമാക്കുന്നത്. സ്വന്ത ദർശനങ്ങളിൽ പ്രവേശിക്കുന്നവർ കള്ളപ്രവാചകന്മാരാണ്. സ്വന്ത ഹൃദയത്തിലെ വഞ്ചനയുടെ പ്രവാചകന്മാരായി ഭോഷ്ക് പ്രവചിക്കുന്ന പ്രവാചകന്മാർക്ക് ഈ താത്പര്യം എത്രത്തോളം ഉണ്ടായിരിക്കും? (യിരെമ്യാവ് 23:26) ഒരു കള്ളപ്രവാചക സംഘത്തെയാണ് അപ്പൊസ്തലൻ സംബോധന ചെയ്യുന്നത്. അവർ ക്രിസ്തു എന്ന തലയെ ഉപേക്ഷിച്ചിരുന്നവർ ആകുന്നു എന്നും അപ്പൊസ്തലൻ വ്യക്തമാക്കുന്നു. ഈ കൂട്ടരെ അന്തിക്രിസ്തുക്കൾ (എതിർക്രിസ്തു) എന്ന് യോഹന്നാൻ സംബോധന ചെയ്യുന്നു. ഇങ്ങനെയുള്ളവർ വിരുതു പ്രാപിച്ച കൊലൊസ്യരെ തെറ്റിച്ചു കളയരുത് എന്ന് പൗലൊസ് താക്കീത് കൊടുക്കുന്നു. താഴ്മയിലും ദൂതന്മാരെ ആരാധിക്കുന്നതിലും രസിച്ച് എന്നും തലയെ മുറുകെ പിടിക്കാതിരിക്കയും ചെയ്യുന്നവർ എന്നും അപ്പൊസ്തലൻ പറയുന്നത് നോസ്റ്റിക് വിശ്വാസക്കാരെയാണ്. അവരെ ഒഴിച്ച് മാറ്റിയുള്ള ഒരു വ്യാഖ്യാനം വ്യാജമാണ്.

വാക്യം 19: **"തലയായവനിൽ നിന്നല്ലോ ശരീരം മുഴുവൻ സന്ധികളാലും ഞരമ്പുകളാലും ചൈതന്യം ലഭിച്ചും, ഏകീഭവിച്ചും ദൈവികമായ വളർച്ച പ്രാപിക്കുന്നത്."**

തലയെ മുറുകെ പിടിക്കാത്തവർ വിരുത് തെറ്റിക്കരുത് എന്ന് 18-ാം വാക്യത്തിൽ പറഞ്ഞിട്ട് ക്രിസ്തുവിനെ 19-ാം വാക്യത്തിൽ ഉയർത്തുന്നു. 19-ാം വാക്യത്തിൽ "ദൈവികമായ വളർച്ച തത്വജ്ഞാനം കൊണ്ടും,

മനുഷ്യ കല്പനകളായ ആചാരങ്ങൾ അനുഷ്ഠിക്കുന്നതുകൊണ്ടും അല്ല; തലയാകുന്ന ക്രിസ്തുവിന്റെ ആലോചനപ്രകാരമാണ് എന്ന് കൊലൊസ്സ്യരെ ഉപദേശിക്കുന്നു. ഈ ലോകത്തിലെ മതങ്ങളെ എല്ലാം ചേർത്ത് രണ്ടായി വേർതിരിക്കാം. ഒന്ന് ക്രിസ്തുവിന്റെ ആലോചന പ്രകാരം ഉള്ളത്. രണ്ട് ക്രിസ്തുവിന്റേതല്ലാത്ത (സാത്താന്റെ) ആലോ ചനപ്രകാരമുള്ളത്. സത്യമായതിന്റെ അടിസ്ഥാനം ക്രിസ്തുവാകുന്ന പാറ; ആ പാറയാകുന്ന അടിസ്ഥാനത്തിന്മേലാണ് ക്രിസ്തുവിന്റെ സഭ പണിയപ്പെട്ടിരിക്കുന്നത്. "ക്രൂശിൽ തറച്ചത്" എന്ന വിഷയം പഠിക്കു ന്നതിന്റെ പ്രധാന കാരണം ഏഴാംദിന ശബ്ബത്ത് ക്രൂശിൽ തറച്ചു എന്ന് പരക്കെ വിശ്വസിക്കുന്നതിനെ വിശകലനം ചെയ്യുക എന്നുള്ളതാണ് എന്ന് പ്രാരംഭത്തിൽ തന്നെ നാം സ്ഥാപിച്ചിട്ടുള്ളതാണ്. ക്രിസ്തുവാ കുന്ന പാറയിൽ ഏഴാംദിന ശബ്ബത്ത് കാണുന്നതുകൊണ്ട് ക്രിസ്ത്യാ നികൾ ശബ്ബത്ത് അനുസരിക്കേണ്ടതാണ്.

തലയായവനിൽ നിന്നാണ് ശരീരമാകുന്ന സഭ ആലോചന കൈക്കൊള്ളുന്നതെങ്കിൽ തലയാകുന്ന ക്രിസ്തു ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തെ സംബന്ധിച്ച് എന്ത് പഠിപ്പിച്ചു, എന്ത് ഉപദേശിച്ചു എന്ന് ചോദിച്ചാൽ സംശയ രഹിതമായി ഒരു ഉത്തരമെ ലഭിക്കുകയുള്ളു. അത്: **ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസമെന്നോ, ഞായറാഴ്ച എന്നോ ഉള്ള പദപ്രയോഗം ക്രിസ്തുവിന്റെ വായിൽ നിന്നും വന്നതായി ഒരു രേഖ പോലും പുതിയനിയമ പുസ്തകങ്ങളിൽ എങ്ങും തന്നെയില്ല എന്നാണ് ഉത്തരം.** അങ്ങനെ എങ്കിൽ ജാതികളും ക്രിസ്ത്യാനികളും ഞായറാഴ്ച വിശുദ്ധ ദിവസമാണ് അല്ലെങ്കിൽ ആരാധന ദിവസം എന്ന വിശ്വാസത്തിൽ "ഏകീഭവിച്ചു" കാണുന്നതെങ്ങനെ? **ക്രിസ്തു ആഴ്ച വട്ടത്തിന്റെ ഒന്നാം നാൾ ഉയിർത്തെഴുന്നേറ്റതുകൊണ്ട് ഞായറാഴ്ച, ശബ്ബത്തിനു പകരം വിശുദ്ധമായി എന്നത് വെറും മനുഷ്യസങ്കല്പം മാത്രമാണ്.** "ഞാൻ നിങ്ങളോട് കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കി ക്കൊൾവിൻ" (മത്തായി 28:20) എന്നാണ് കർത്താവ് ശിഷ്യന്മാർക്ക് കല്പന കൊടുക്കുന്നത്. ഈ വാക്യത്തെ സുവിശേഷ കമ്മീഷൻ എന്ന് എല്ലാവരും അംഗീകരിക്കുന്നു. ഇത് തലയായവന്റെ ആലോചനയാണ്. **കർത്താവ് ശിഷ്യന്മാരോട് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തെപ്പറ്റി ഒന്നും കല്പിച്ചിട്ടില്ല എങ്കിൽ അവർ ഞായറാഴ്ച ആചരിച്ചതും, പഠി പ്പിച്ചതും എങ്ങനെ?** ഇന്ന് വെള്ളിയാഴ്ചയും, ശനിയാഴ്ചയും, ഞായ റാഴ്ചയും ആരാധനാദിവസമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു, ഇതിൽ

സത്യമായത് ശബ്ബത്ത് എന്ന് ക്രിസ്തുവാകുന്ന തലയിൽ തെളിവായി കാണുന്നു.

വാക്യം 20, 21: **"നിങ്ങൾ ക്രിസ്തുവിനോടു കൂടെ ലോകത്തിന്റെ ആദ്യപാഠങ്ങൾ സംബന്ധിച്ച് മരിച്ചു എങ്കിൽ ലോകത്തിൽ ജീവിക്കുന്നവരെപ്പോലെ മനുഷ്യകല്പനകൾക്കും, ഉപദേശങ്ങൾക്കും അനുസരണമായി: പിടിക്കരുത്, രുചിക്കരുത്, തൊടരുത് എന്നുള്ള ചട്ടങ്ങൾക്ക് കീഴ്പ്പെടുന്നത് എന്ത്?"**

ഭക്ഷണപാനങ്ങളും ആചാരദിവസങ്ങളും (വാക്യം 16) മാനുഷകല്പനകളും ഉപദേശങ്ങളുമാണ് എന്ന് 21-ാം വാക്യം വെളിപ്പെടുത്തുന്നു. മാനുഷ കല്പനകളും ഉപദേശങ്ങളും ക്രൂശിന്റെ നിഴലായിരുന്നു എന്നല്ല അപ്പൊസ്തലൻ പറയുന്നത്. മനുഷ്യകല്പനകളും ആചാരങ്ങളും ആധാരമാക്കി ദൈവവചനം വ്യാഖ്യാനിക്കാൻ പാടില്ലാത്തതാണ്. പിടിക്കരുത്, രുചിക്കരുത്, തൊടരുത് എന്ന് മനുഷ്യ കല്പനക്ക് കീഴ്പ്പെടരുത് എന്ന് പൗലൊസ് പറയുന്നതുകൊണ്ട് ശുദ്ധവും അശുദ്ധവുമായ ആഹാരനിയമം മാറിപ്പോകുന്നില്ല.

വാക്യം 22: **"ഇവ എല്ലാം ഉപയോഗത്താൽ നശിച്ചു പോകുന്നതത്രേ".**

ആത്മീക ശക്തി പ്രാപിക്കുവാൻ മനുഷ്യൻ കണ്ടുപിടിച്ചിരിക്കുന്ന മാദ്ധ്യമങ്ങളിൽ ഒന്നാണ് ആഹാര സംബന്ധമായ ആചാരങ്ങൾ. എന്നാൽ ആഹാരം നമ്മെ ദൈവത്തോട് അടുപ്പിക്കുന്നില്ല. തിന്നാഞ്ഞാൽ നമുക്ക് നഷ്ടമില്ല, തിന്നാൽ ആദായവുമില്ല. (1 കൊരിന്ത്യർ 8:8). ഭക്ഷണപാനങ്ങളെ സംബന്ധിക്കുന്ന ദൈവിക നിയമങ്ങൾ ഇല്ല എന്നല്ല അപ്പൊസ്തലൻ പറയുന്നത്. പൊതുവായി പറഞ്ഞാൽ ദൈവം സ്ഥാപിച്ചിട്ടുള്ള നിയമങ്ങൾ പോലെ വ്യാജമായവ സാത്താൻ സ്ഥാപിച്ചിട്ടുണ്ട്. തന്നെയുമല്ല സത്യമായതിന്റെ ദുരുപയോഗവും സാത്താന്റെ പദ്ധതിയാണ്. യിസ്രായേലിന്റെ അയൽപക്കക്കാർ എല്ലാവരും വിഗ്രഹാരാധനക്കാരായിരുന്നു. വിഗ്രഹത്തിൽ നിന്നും തന്റെ ജനത്തെ അകറ്റി സൂക്ഷിക്കുവാൻ വിഗ്രഹാർപ്പിതം ഭക്ഷിക്കരുത് എന്ന നിയമം ദൈവം കൊടുത്തിരുന്നു. എന്നാൽ ആഹാരമല്ല വിഗ്രഹമാണ് വിഷയം എന്ന സന്ദേശം പൗലൊസ് കൊരിന്ത്യരെ ഓർമ്മിപ്പിക്കുന്നു. കൊലൊസ്സ്യരോടു പൗലൊസ് പറയുന്നത് ആത്മീക സമ്പൂർണ്ണതയ്ക്കും നേട്ടങ്ങൾക്കും ആഹാരസംബന്ധമായ നിയമങ്ങൾ പാലിക്കുന്നത് അർത്ഥശൂന്യമാണ് എന്നുള്ളതാണ്. കാരണം അവ ഉപയോഗത്താൽ നശിച്ചു

പോകുന്നതാണ്. പ്രവൃത്തിയാലുള്ള നീതീകരണം എന്ന സാത്താന്റെ വഞ്ചനയിൽ നിന്നും കൊലൊസ്സ്യരെ അപ്പൊസ്തലൻ സൂക്ഷിക്കുന്നു. പ്രവൃത്തി ദൈവമതത്തിന്റെ ഭാഗമാണ് എന്നാൽ അതിൽ ആശ്രയിക്കുന്നതാണ് വഞ്ചന. നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തിക്കായിട്ട് ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു. (എഫെ. 2:10) പ്രവൃത്തിക്ക് പ്രാധാന്യം ഇല്ല എങ്കിൽ അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന് നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു എന്ന ദൈവ വ്യവസ്ഥയെ എന്തു ചെയ്യും? തലയെന്ന ക്രിസ്തുവിനെ ഉപേക്ഷിച്ച നോസ്റ്റിക് വിശ്വാസക്കാരുടെ മനുഷ്യ ഉപദേശങ്ങൾക്കൊത്തവണ്ണം പിടിക്കരുത്, രുചിക്കരുത്, തൊടരുത് എന്ന ആഹാര നിബന്ധനകൾ അർത്ഥശൂന്യമാണ് എന്ന് 22-ാം വാക്യം പഠിപ്പിക്കുന്നു.


വാക്യം 23: **“അത് ഒക്കെയും സ്വേച്ഛാരാധനയിലും, താഴ്ചയിലും, ശരീരത്തിന്റെ ഉപേക്ഷയിലും രസിക്കുന്നവർക്ക് ജ്ഞാനത്തിന്റെ പേരുമാത്രമുള്ളത്. ജഡാഭിലാഷം അടക്കുവാനോ പ്രയോജനമുള്ളതല്ല.”**

സ്വേച്ഛാരാധനയിലും (will worship or self made religion) താഴ്മയിലും ശരീരത്തെ ഉപേക്ഷിക്കുന്നതിലും രസിച്ചിരുന്ന ഒരു കൂട്ടം ജനവും അവരുടെ ഉപദേശങ്ങളുമാണ് കൊലൊസ്യർ 2-ാം അദ്ധ്യായത്തിന്റെ ചർച്ചാവിഷയം എന്ന് 23-ാം വാക്യം സംശയരഹിതമായി സ്ഥാപിക്കുന്നു. തത്വജ്ഞാനവും വെറും വഞ്ചനയും കൊണ്ട് “ആരും” എന്ന് 8-ാം വാക്യത്തിൽ ആരംഭിച്ച് “രസിക്കുന്നവർക്ക്” എന്ന് 23-ാം വാക്യം അവസാനിപ്പിക്കുന്നതുകൊണ്ട് രണ്ടാം അദ്ധ്യായം പ്രതിപാദിക്കുന്നത് ക്രിസ്തുവിനെ ഉപേക്ഷിച്ച ഒരു കൂട്ടം കള്ള ഉപദേഷ്ടാക്കന്മാരെ കുറിച്ചാണ് എന്ന് സംശയരഹിതം വെളിവാകുന്നു. ശബ്ബത്ത് നീങ്ങിപ്പോയി എന്ന് സ്ഥാപിക്കുവാൻ വേദപുസ്തക താങ്ങ് അന്വേഷിക്കുന്നവർക്ക് കൊലൊസ്യർ 2:14-17 വരെയുള്ള വാക്യങ്ങൾ തുണനില്ക്കുന്നില്ല. “കയ്യെഴുത്ത്” പത്തുകല്പനയാണ് എന്ന വ്യാജ വ്യാഖ്യാനം സ്വയവഞ്ചനയാണ്.

♦

### അദ്ധ്യായം 4

# അത് യെഹൂദനു കൊടുത്തതായിരുന്നു



കല്പനകൾ പഠനവിഷയമാകുമ്പോൾ സർവ്വസാധാരണമായി കേൾക്കാറുള്ള ഒരു ധ്വനിയാണ് **"അത് യെഹൂദനു കൊടുത്തതായിരുന്നു"** എന്ന പ്രസ്താവന. അടിസ്ഥാനപരമായ ചില തത്വങ്ങൾ പുതിയനിയമ പുസ്തകങ്ങളിൽ നിന്നും ഉദ്ധരിച്ചാലും **"അത് ശിഷ്യന്മാർ യെഹൂദന്മാരായിരുന്നതുകൊണ്ട് പറഞ്ഞതാണ്"** എന്ന് കേൾക്കാറുണ്ട്. കർത്താവായ യേശുവിനെ ഉദ്ധരിച്ചുകൊണ്ട് പഠിപ്പിച്ചാലും "അത് കർത്താവായ യേശു യെഹൂദനായതുകൊണ്ട് യെഹൂദന്മാരോട് പറഞ്ഞതാണ്" എന്നും കേൾക്കാറുണ്ട്. അതുകൊണ്ട് "അത് യെഹൂദനു കൊടുത്തതായിരുന്നു" എന്ന പ്രസ്താവന സൂക്ഷ്മതയോടെ പഠിക്കേണ്ടിയിരിക്കുന്നു.

"അത് യെഹൂദനു കൊടുത്തതായിരുന്നു" എന്ന പ്രസ്താവന ശരിയാണ്. എന്നാൽ യെഹൂദനു കൊടുത്തത് ക്രിസ്ത്യാനികൾക്ക് ബാധകമല്ല എന്ന മനോഭാവമാണ് തെറ്റ്. തിരുവചനത്തോടുള്ള ഈ മനോഭാവത്തിൽ നാം മനസ്സിലാക്കുന്നതിലും കവിഞ്ഞ അപായം ഉണ്ട് എന്നതാണ് സത്യം. ഹവ്വായെ ഉപായത്താൽ വഞ്ചിച്ച് ഈ ലോകത്തെ ആകമാനം പാപത്തിലേക്ക് വലിച്ചെറിഞ്ഞ സാത്താൻ ഇന്നും ലോകത്തെ അനുസരണക്കേടിൽ സൂക്ഷിക്കുവാൻ ഉപയോഗിക്കുന്ന ഒരു തന്ത്രമാണ് "അത് യെഹൂദനു കൊടുത്തതായിരുന്നു" എന്ന

വിശ്വാസം. ഇന്ന് അനേകം ക്രിസ്ത്യാനികൾ തിരുവചനത്തിന്റെ പല ഭാഗങ്ങളും അവരുടെ വിശ്വാസത്തിന്റെ ഭാഗമാക്കാറില്ല; കാരണം "അത് യെഹൂദനു കൊടുത്തതായിരുന്നു" എന്നതാണ് അവരുടെ മനോഭാവം.

## ദൈവത്തിന്റെ അരുളപ്പാടുകൾ സാർവ്വത്രികം

ആദ്യ മാതാപിതാക്കൾ പാപം ചെയ്തതോടെ ലോകം പാപത്തിന്റെ അധീനതയിൽ വീണുപോയി. പാപവും അതിന്റെ അനന്തരഫലമാകുന്ന മരണവും സാർവ്വത്രികമാണ്. അത് എത്തിപ്പിടിക്കാത്ത ഒരു കോണു പോലും ഈ ഭൂമുഖത്തില്ല. "അതുകൊണ്ടു ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും **ലോകത്തിൽ** കടന്നു. അങ്ങനെ **എല്ലാവരും** പാപം ചെയ്കയാൽ മരണം **സകല മനുഷ്യരിലും** പരന്നിരിക്കുന്നു" (റോമർ 5:12). ഭൂമിയിൽ ഇന്ന് സകലമനുഷ്യനും മരിക്കുന്നത് ദൈവത്തിന്റെ അരുളപ്പാട് സാർവ്വത്രികമായതുകൊണ്ടാണ്. തിന്നരുത് എന്നു കല്പിച്ച വൃക്ഷഫലം "തിന്നുന്ന നാളിൽ നീ മരിക്കും" എന്നു ദൈവം അരുളിച്ചെയ്തു (ഉല്പത്തി 3:17). മരിക്കും എന്ന ദൈവത്തിന്റെ അരുളപ്പാട് കാലപരിധിക്കും, സാമൂഹ്യ പരിധിക്കും അതീതമാണെണ് നാം കാണുകയും അനുഭവിക്കയും ചെയ്യുന്നു. ഇന്ന് ലോകത്തിൽ കാണുന്ന എല്ലാ രോഗങ്ങൾക്കും പാപത്തിന്റെ **ഉത്ഭവം കാരണമായിത്തീർന്നു.**

പാപത്തിൽനിന്നും വിടുതൽ നൽകുന്ന ദൈവത്തിന്റെ വാഗ്ദത്ത ഉടമ്പടി സാർവ്വത്രികമാണ്. "ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും; നീ അവന്റെ കുതികാൽ തകർക്കും" (ഉല്പത്തി 3:15). മനുഷ്യജാതിയുടെ രക്ഷയ്ക്ക് മശീഹായെ വാഗ്ദത്തം ചെയ്യുന്ന ഉടമ്പടിയാണ് ഉല്പത്തി 3:15-ൽ നാം കാണുന്നത്. ദൈവത്തിന്റെ ഈ അരുളപ്പാട് സാർവ്വത്രികമാണ്. "ഞാൻ, ഞാൻ തന്നേ യഹോവ; ഞാനല്ലാതെ ഒരു രക്ഷിതാവുമില്ല" (യെശ. 43:11). ഈ ദൈവ വ്യവസ്ഥയുടെ ആവർത്തനം പുതിയനിയമത്തിൽ കാണുന്നു. "മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല" (അപ്പൊ. പ്രവൃ. 4:12). പാപവും രക്ഷിതാവും രക്ഷാപദ്ധതിയും സാർവ്വത്രികമാണ്; അത് യെഹൂദനു മാത്രമുള്ളതല്ല. ദൈവം ഗോപ്യമായോ മുഖം നോക്കിയോ പ്രവർത്തിക്കുന്നതുമില്ല. അതുകൊണ്ട് പാപപരിഹാരത്തിന്നായി ദൈവം ചെയ്ത ഏർപ്പാടുകൾ യെഹൂദനു മാത്രമായിട്ടുള്ളതല്ല. ആദാം പാപം ചെയ്തതുകൊണ്ട് ഏദൻ മാത്രമല്ല ശപിക്കപ്പെട്ടത്. "**ഭൂമി ശപിക്കപ്പെ**

**ട്ടിരിക്കുന്നു**" (ഉല്പ. 3:17). "മുള്ളും പറക്കാരയും നിനക്ക് അതിൽനിന്നും മുളക്കും" (ഉല്പ. 3:18). എന്നതും "നീ വേദനയോടെ മക്കളെ പ്രസ വിക്കും" (ഉല്പ. 3:16) എന്നതും സാർവ്വത്രികമാണ്. ഇന്ന് ലോകത്തിന്റെ എല്ലാ ഭാഗത്തും ഒരേ തിരുവചനം എത്തിയിരിക്കുന്നത് ദൈവത്തിന്റെ അരുളപ്പാടുകൾ സാർവ്വത്രികമായതുകൊണ്ടാണ്. അതുപോലെ പഴയ നിയമ കാലത്ത് ദൈവം യെഹൂദന് ഏല്പിച്ചത് എല്ലാവർക്കും വേണ്ടി യായിരുന്നു. നോഹയുടെ കാലത്ത് ഒരു സുവിശേഷവും ഒരു പെട്ട കവും സർവ്വ ഭൂമിക്കും വേണ്ടി ദൈവം ഒരുക്കി.

നോഹയുടെ കാലത്തിനും അബ്രഹാമിനും ഇടയിൽ 390 വർഷ ങ്ങളുടെ കാലദൈർഘ്യമുണ്ട്. വെള്ളപ്പൊക്കത്തിനുശേഷം ഒരു പുതിയ ഉല്പത്തിയുടെ ചരിത്രം ഉല്പത്തി 9–ാം അദ്ധ്യായം മുതൽ കാണുന്നു. ദൈവം ആദാമിനോട് അരുളിച്ചെയ്തതുപോലെ തന്നെയാണ് നോഹ യോടും അരുളിച്ചെയ്തത്. "ദൈവം നോഹയേയും അവന്റെ പുത്രന്മാ രേയും അനുഗ്രഹിച്ച് അവരോട് അരുളിച്ചെയ്തത് എന്തെന്നാൽ: നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറവിൻ" (ഉല്പ. 9:1). ജനം വർദ്ധിച്ചുവന്നപ്പോൾ ദൈവത്തിന്റെ രക്ഷാപദ്ധതി ലോകത്തോട് അറിയിക്കുവാൻ ദൈവം അബ്രഹാമിനെ വിളിച്ച് അവ നോട് പറയുന്നത് "**നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനു ഗ്രഹിക്കപ്പെടും**" എന്നാണ് (ഉല്പ. 12:3). ദൈവം അബ്രഹാമിനോട് ചെയ്ത വാഗ്ദത്ത ഉടമ്പടിപ്രകാരം യിസ്രായേലിനെ മിസ്രയീമിന്റെ അടിമത്തത്തിൽനിന്നും വിടുവിച്ച് സീനായി പർവ്വതത്തിന്റെ അടിവാ രത്തിൽ കൊണ്ടുവന്ന് അവിടെ അല്പകാലം പാർപ്പിച്ചു. അവിടെ ദൈവം അവർക്ക് പ്രത്യക്ഷനാകയും ലോകത്തോട് അറിയിക്കുവാനുള്ള രക്ഷാപദ്ധതി അവരെ ഏൽപ്പിക്കുകയും ചെയ്തു. രക്ഷാപദ്ധതിയോട് അനുബന്ധമായ എല്ലാ കാര്യങ്ങളും ശിക്ഷാവിധിയെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും സാർവ്വത്രികമാണ്. പാപത്തിന്റെ മാനദണ്ഡം സാർവ്വത്രികമാണ്. വിഗ്രഹാരാധനയും വ്യഭിചാരവും കൊലപാതകവും സാർവ്വത്രികമായി പാപമാണ്. നീതിയുടെ മാനദണ്ഡവും കൃപയും സാർവ്വത്രികമാണ്. തിരുവചനത്തിന്റെ ചില ഭാഗങ്ങൾ പ്രത്യേകമായി യഹൂദനു മാത്രമായിട്ട് കൊടുത്തതായിരുന്നു എന്ന് സങ്കല്പ്പിക്കുന്ന തിലൂടെ സാത്താൻ ലോകത്തെ അനുസരണക്കേടിലും പാപത്തിലും ഏകീഭവിപ്പിച്ചിരിക്കുന്നു. **ലോകത്തോട് അറിയിക്കുവാനുള്ള സുവി ശേഷം യെഹൂദന്റെ പക്കൽ ഏല്പിച്ചു എന്ന് നാം വിശ്വസിക്കുന്നു എങ്കിൽ അത് യെഹൂദന് കൊടുത്തതായിരുന്നു എന്ന് പറയുന്നത്**

**യുക്തിയല്ല. ദൈവവചനം എല്ലാ കാലത്തും സാർവ്വത്രികമാണ് എന്ന് വിശ്വസിക്കേണ്ടതാണ്.**

**രക്ഷ യെഹൂദന്മാരുടെ ഇടയിൽ നിന്നല്ലോ വരുന്നത്**

യോഹന്നാൻ 4:22-ാം വാക്യത്തിൽ യേശുപറയുന്നത് **"രക്ഷ യെഹൂദന്മാരുടെ ഇടയിൽ നിന്നല്ലോ വരുന്നത്".** രക്ഷയുടെ അധികാരിയായ യേശു രക്ഷ ലോകത്തിന് ക്രമീകരിച്ചിരിക്കുന്നത് യെഹൂദനിൽകൂടെയാണ്. **"നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും"** എന്ന നിയമത്തിന്റെ നിറവേറലായി യേശു യെഹൂദയിൽ ദാവീദിന്റെ ഗോത്രത്തിൽ ജനിച്ചു; രക്ഷ ക്രിസ്തുവിൽകൂടി ലോകത്തിന് വന്നുമിരിക്കുന്നു. ഉല്പ. 12:1-3 വരെയുള്ള വാക്യങ്ങൾ പരിശോധിക്കുമ്പോൾ ദൈവപദ്ധതി കാണുവാൻ സാധിക്കുന്നു. "യഹോവ അബ്രഹാമിനോട് അരുളിച്ചെയ്തത് എന്തെന്നാൽ നീ നിന്റെ ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ട് പുറപ്പെട്ട് ഞാൻ നിന്നെ കാണിക്കാനിരിക്കുന്ന ദേശത്തേക്ക് പോക. ഞാൻ നിന്നെ വലിയോരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ച് നിന്റെ പേർ വലുതാക്കും. നീ ഒരു അനുഗ്രഹമായിരിക്കും നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും; നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും". ദൈവ നിയമത്തിന്റെ മൂന്ന് വ്യവസ്ഥകൾ ഇവിടെ കാണുവാൻ സാധിക്കുന്നു.

1. **അനുസരണത്തിലേക്കുള്ള ആഹ്വാനം:** നീ നിന്റെ ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ട്... പോക.
2. **അനുസരിക്കുന്നവർക്കുള്ള വാഗ്ദത്തം:** ഞാൻ നിന്നെ വലിയോരു ജാതിയാക്കും.
3. **ദൈവകല്പന അനുസരിച്ച് കഴിയുമ്പോൾ അനുഗ്രഹം:** "നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും".

യിസ്രായേലിൽക്കൂടി ഈ ലോകത്തെ രക്ഷിക്കുവാനുള്ള ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ പ്രാരംഭമാണ് ഇവിടെ കാണുന്നത്. അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം എന്ന് ലോകം ദൈവത്തെ അറിയുന്നത് ദൈവം ചെയ്ത ക്രമീകരണത്തിന്റെ തെളിവാണ്. രക്ഷയെ ഘോഷിച്ച സകല പ്രവാചകന്മാരും യിസ്രായേലിൽനിന്നു ഉത്ഭവിച്ചതും അബ്രഹാമിനോടുള്ള ദൈവ വാഗ്ദത്ത ഉടമ്പടിയുടെ അടിസ്ഥാനത്തിലാണ്. "എന്നാൽ യിശ്ശായിയുടെ കുറ്റി

യിൽനിന്നു ഒരു മുള പൊട്ടിപ്പുറപ്പെടും" എന്ന് യെശയ്യാ പ്രവാചകൻ പരിശുദ്ധാത്മാവിനാൽ പ്രവചിച്ചത് രക്ഷാപദ്ധതിയുടെ ദൈവക്രമീകരണമാണ്. അതുകൊണ്ട് കർത്താവ് ശമര്യക്കാരത്തി സ്ത്രീയോട് പറയുന്നു. "രക്ഷ യെഹൂദന്മാരുടെ ഇടയിൽനിന്നല്ലോ വരുന്നത്" എന്ന്. തിരുവചനം ഈ ലോകത്തിന് ദൈവം നൽകിയിരിക്കുന്നത് യെഹൂദന്മാരിലൂടെയാണ്. യെഹൂദന്മാരിലൂടെ അല്ലാതെ ഒന്നും ഈ ലോകത്തിന് ലഭിച്ചിട്ടില്ല. രക്ഷിതാവും ജഡപ്രകാരം യെഹൂദനായി ജനിച്ചത് ദൈവത്തിന്റെ മുൻനിർണ്ണയപ്രകാരമാണ്. അതുകൊണ്ട് "അത് യെഹൂദന് കൊടുത്തതായിരുന്നു" എന്ന് പറഞ്ഞ് തിരുവചനത്തിന്റെ ചില ഭാഗങ്ങൾ ഉപേക്ഷിക്കുന്നത് അനുസരണക്കേടാണ്. ജാതികളായിരുന്ന റോമിലുള്ള സഭയ്ക്ക് ലേഖനമെഴുതിയപ്പോൾ രക്ഷ യെഹൂദനിൽകൂടി വരുന്നു എന്ന സത്യം അവരെ ഗ്രഹിപ്പിക്കുവാൻ നല്ല ഒലിവു മരത്തിന്റെയും കാട്ടൊലിവിന്റെയും സാദൃശ്യം അപ്പൊസ്തലൻ ഉപയോഗിക്കുന്നു. രക്ഷ യെഹൂദന്മാരുടെ ഇടയിൽനിന്നും വരുന്നു എന്ന സത്യം ജാതികൾ അറിഞ്ഞിരിക്കണം എന്ന ദിവ്യജ്ഞാനം ഉണ്ടായിട്ടാണ് പൗലൊസ് ഒലിവിന്റെയും കാട്ടൊലിവിന്റെയും സാദൃശ്യം ഉപയോഗിക്കുന്നത്. ഈ ദൈവനിയോഗം അംഗീകരിക്കുന്ന ഒരു വ്യക്തിക്കുപോലും "അത് യെഹൂദന് കൊടുത്തതായിരുന്നു" എന്ന് പറയുവാൻ സാദ്ധ്യമല്ല. ജാതികളിൽനിന്നും ഒരുവൻ സ്വർഗ്ഗരാജ്യം അവകാശമാക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ ദൈവം യെഹൂദന് കൊടുത്ത രക്ഷാപദ്ധതിയും ന്യായപ്രമാണങ്ങളും ചട്ടങ്ങളും കല്പനകളും യെഹൂദനായി ജനിച്ച ക്രിസ്തുവിനെയും അംഗീകരിച്ചേ മതിയാകയുള്ളു. വിശേഷിച്ച് ജാതികൾക്കായിട്ട് ദൈവം ഒന്നും തന്നിട്ടില്ലെന്നുള്ള സത്യം തുടർന്നുള്ള പഠനത്തിൽനിന്നും ഗ്രഹിക്കാവുന്നതാണ്. എല്ലാ അരുളപ്പാടുകളും ലോകത്തിലുള്ള സകലർക്കുമായിട്ടാണു ദൈവം നൽകിയിരിക്കുന്നത്. "മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ദൈവത്തിന്റെ വായിൽ കൂടി വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു" (മത്തായി 4:4). ഈ ദൈവ വ്യവസ്ഥയ്ക്ക് സാമൂഹ്യ പരിമിതി ഇല്ല. ദൈവത്തിന്റെ വായിൽ കൂടി വന്നിരിക്കുന്ന സകല വചനങ്ങളും എനിക്കുള്ളതാണ് എന്നു വിശ്വസിക്കാത്തവൻ ജീവിക്കയില്ല, മരിക്കും നിശ്ചയം. ദൈവവചനം സാർവ്വത്രികമാണ്. അത് യെഹൂദനിൽകൂടി ലഭിച്ചിരിക്കുന്നു.

## ഒലിവും കാട്ടൊലിവും

ദൈവത്തിന്റെ രക്ഷാപദ്ധതി അബ്രഹാമിന്റെ സന്തതിയാകുന്ന യിസ്രായേലിനെ ദൈവം എഴുതി ഏല്പിച്ചിരുന്നു. അതു ലോകത്തിന്

പകർന്നുകൊടുക്കുവാൻ വേണ്ടി ആയിരുന്നു എന്നും തിരുവചന പഠനത്തിൽനിന്നും മനസ്സിലാകുന്നു. റോമിൽ ഉണ്ടായിരുന്ന സഭയെ ഈ വസ്തുത പഠിപ്പിക്കുവാൻ രണ്ട് തരം ഒലിവു വൃക്ഷങ്ങളെ ഉദാഹരണമായി അപ്പൊസ്തലൻ ഉപയോഗിക്കുന്നു. റോമർ 11-ാം അദ്ധ്യായത്തിലെ ഒലിവ് യെഹൂദന്മാരെയും കാട്ടൊലിവ് ജാതികളെയും പ്രതിനിധീകരിക്കുന്നു. **"കൊമ്പുകളിൽ ചിലത് ഒടിച്ചിട്ട് കാട്ടൊലിവായ നിന്നെ കൊമ്പുകളുടെ ഇടയിൽ ഒട്ടിച്ച് ചേർത്ത് ഒലിവു മരത്തിന്റെ ഫലപ്രദമായ വേരിന് പങ്കാളിയായിത്തീർന്നു എങ്കിലോ, കൊമ്പുകളുടെ നേരെ പ്രശംസിക്കരുത്. പ്രശംസിക്കുന്നു എങ്കിൽ നീ വേരിനെയല്ല വേര് നിന്നെയത്രെ ചുമക്കുന്നത് എന്ന് ഓർക്ക" (റോമർ 11:17-18).** ജാതികളെ യിസ്രായേലിനോട് ഒട്ടിച്ച് ചേർക്കുകയാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ  ജാതികളെ അബ്രഹാമിനോടും പിന്നീട് യെഹൂദനോടും ചെയ്ത നിയമത്തിന്റെ പങ്കാളികളാക്കിത്തീർക്കുന്നു എന്ന് അർത്ഥമാകുന്നു. യിസ്രായേലിനോടു ദൈവം ചെയ്ത ന്യായപ്രമാണങ്ങളോടും കല്പനകളോടും ചട്ടങ്ങളോടും വിധികളോടും ജാതികളെ ഒട്ടിക്കുന്നു. അങ്ങനെ അവരെ ഫലവത്താക്കിത്തീർക്കുന്നു. ഈ വ്യവസ്ഥയ്ക്ക് മാറ്റമില്ല. അതുകൊണ്ട് ദൈവം പുതിയനിയമം ചെയ്തപ്പോഴും യിസ്രായേലിനോടു തന്നെ നിയമം പുതുക്കുന്നു. "ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹൂദാഗൃഹത്തോടും പുതിയ ഒരു നിയമം ചെയ്യുന്ന കാലം വരും എന്ന് കർത്താവിന്റെ അരുളപ്പാട്" (എബ്രാ. 8:8). വേരായ യിസ്രായേൽ ജാതികളെ ചുമക്കുന്നു എന്ന് അപ്പൊസ്തലൻ പറയുന്നു. ജാതികൾ ക്രിസ്തുവിനെ സ്വീകരിക്കുമ്പോൾ അബ്രഹാമിന്റെ സന്തതിയായിത്തീരുകയും ദൈവം അബ്രഹാമിനോട് ചെയ്ത വാഗ്ദത്തങ്ങൾക്ക് അവകാശിയായി തീരുകയും ചെയ്യുന്നു. ഇപ്രകാരമാണ് കാട്ടൊലിവ് നല്ല ഫലം കായ്ക്കുന്നത്. യിസ്രായേലിന് ദൈവം കൊടുത്തത് നിഷേധിക്കുന്നവർ ദൈവപദ്ധതിയെ നിഷേധിക്കുകയാണ് എന്ന് തിരിച്ചറിയുന്നില്ല.  ഇത് സാത്താന്റെ വഞ്ചനയാണ്. യിസ്രായേൽ ന്യായപ്രമാണത്താൽ രക്ഷിക്കപ്പെട്ടിരുന്നു എന്ന് വിശ്വസിക്കുന്നവർ ഉണ്ട്. എന്നാൽ തിരുവചനം ഈ ധാരണയ്ക്ക് കൂട്ടുനിൽക്കുന്നില്ല. **"അവിശ്വാസത്താൽ"** അവ (യെഹൂദൻ) ഒടിഞ്ഞുപോയി (റോമർ 11:20). വിശ്വാസത്താൽ കാട്ടൊലിവായ ജാതികൾ ഫലപ്രദമായ വേരാകുന്ന യിസ്രായേലിന് പങ്കാളികളായിത്തീർന്നു എങ്കിൽ അത് യെഹൂദന് കൊടുത്തതായിരുന്നു എന്ന് പഠിപ്പിക്കുന്നതും വിശ്വസിക്കുന്നതും വചന വിരുദ്ധമാണ്.

കാട്ടൊലിവിനെ നല്ല ഒലിവിനോട് ഒട്ടിച്ച് ചേർത്ത് കഴിയുമ്പോൾ കാട്ടൊലിവിന്റെ വ്യക്തിത്വം നഷ്ടപ്പെട്ടുപോകയും നല്ല ഒലിവിനോട് ഏകീഭവിക്കുകയും ചെയ്യുന്നു. നല്ല ഒലിവ് യെഹൂദന് ദൈവം ഏല്പിച്ചുകൊടുത്ത രക്ഷാപദ്ധതിയാണ്. ജാതികളെ ഒട്ടിച്ചു ചേർത്തിരിക്കുന്നത് യെഹൂദന് കൊടുത്ത രക്ഷാപദ്ധതിയോടാണ്. യെഹൂദൻ ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ നിലനിൽക്കാഞ്ഞതുകൊണ്ട് "അവിശ്വാസത്താൽ അവ ഒടിഞ്ഞുപോയി" എന്നാണ് അപ്പൊസ്തലൻ പറയുന്നത്. "അവിശ്വാസത്തിൽ നിലനിൽക്കാഞ്ഞാൽ അവരെയുംകൂടെ ഒട്ടിക്കും" (റോമർ 11:23) എന്ന് അപ്പൊസ്തലൻ പറയുമ്പോൾ മശീഹായിലുള്ള വിശ്വാസമാണ് സർവ്വലോകർക്കും ആധാരം എന്ന അടിസ്ഥാന തത്വം അപ്പൊസ്തലൻ സ്ഥാപിക്കുന്നു. മശീഹായിലുള്ള വിശ്വാസത്താൽ രക്ഷ പ്രാപിക്കാം എന്ന് എല്ലാക്കാലത്തും വിശ്വസിച്ച ജനത്തെയാണ് ഒലിവു മരം സൂചിപ്പിക്കുന്നത്. മശീഹാ ജഡാവതാരം ചെയ്ത് ഈ ഭൂമിയിൽ വന്നപ്പോൾ ഒരു ജനസമൂഹം യെഹൂദന്മാർ മശീഹായിൽ വിശ്വസിച്ചു. മശീഹാ തന്നെയും ജഡപ്രകാരം യെഹൂദനായി ജനിച്ചു എന്ന് തിരുവചനം സാക്ഷ്യം പറയുന്നു. അങ്ങനെ അബ്രഹാമിനോട് ദൈവം ചെയ്ത വാഗ്ദത്ത ഉടമ്പടിയുടെ തുടർച്ചയായി ആത്മീക യിസ്രായേൽ രൂപം കൊണ്ടു. ജാതികളെ ചുമക്കുന്ന വേര് യെഹൂദനാണ് എന്ന സത്യം നാം മറന്നുകൂടാ. വിശ്വസിക്കുന്ന യെഹൂദനെയും വിശ്വസിക്കുന്ന ജാതിയെയും ഒരു വ്യത്യാസവും കൂടാതെ ഈ ഒലിവു മരത്തിന്റെ ഫലപ്രദമായ വേരിന് പങ്കാളികളാക്കി ദൈവം രൂപാന്തരപ്പെടുത്തുന്നു. ദൈവം യെഹൂദന് കൊടുത്ത അടിസ്ഥാന പ്രമാണങ്ങൾക്ക് മാറ്റമില്ല. ദൈവം മാറ്റമില്ലാത്തവനായതുകൊണ്ട് "അത് യെഹൂദന് കൊടുത്തതായിരുന്നു" എന്ന് ആരും പറയാൻ പാടില്ലാത്തതാണ്.

## യെഹൂദന്റെ പക്കൽനിന്നും ജാതികൾക്ക്

"അതുകൊണ്ട് ദൈവരാജ്യം നിങ്ങളുടെ പക്കൽനിന്നു എടുത്തു അതിന്റെ ഫലം കൊടുക്കുന്ന ജാതിക്ക് കൊടുക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു" (മത്തായി 21:43). സർവ്വാധികാരിയായ യേശു പറഞ്ഞതിൻപ്രകാരം ദൈവരാജ്യം യെഹൂദന്റെ പക്കൽ ഏല്പിച്ചിരുന്നു എന്നത് തർക്ക വിഷയമല്ല. ദൈവമായിരുന്നു യെഹൂദന്റെ പക്കൽ ദൈവരാജ്യം ഏല്പിച്ചിരുന്നത് എന്നതും തർക്ക വിഷയമല്ല. ദൈവരാജ്യത്തോട് അവിശ്വസ്തരായിരുന്നതുകൊണ്ട് ദൈവം ദൈവരാജ്യം അവരുടെ പക്കൽനിന്നും എടുത്തുകളഞ്ഞു. ദൈവത്തിന്റെ രക്ഷാപദ്ധതിയെ ദൈവരാജ്യം എന്ന് ഇവിടെ അർത്ഥമാക്കുന്നു. മിസ്രയീമിന്റെ അടിമത്ത

ത്തിൽനിന്നും യിസ്രായേലിനെ വിടുവിച്ചശേഷം രക്ഷാപദ്ധതിയുടെ പരിജ്ഞാനം ദൈവം മോശെ മുഖാന്തരം യിസ്രായേലിനു കൊടുത്തു. ലോകത്തോട് രക്ഷാപദ്ധതി ഘോഷിക്കുന്നതിൽ യിസ്രായേൽ പരാജയപ്പെട്ടതുകൊണ്ട് ദാനിയേൽ പ്രവാചകൻ മുഖാന്തരം അവർക്ക് താക്കീത് കൊടുക്കുന്നതായി കാണുന്നു. “അതിക്രമത്തെ തടസ്സം ചെയ്തു പാപങ്ങളെ മുദ്രയിടുവാനും അകൃത്യത്തിന് പ്രായശ്ചിത്തം ചെയ്തു നിത്യ നീതി വരുത്തുവാനും ദർശനവും പ്രവചനവും മുദ്രയിടുവാനും അതിപരിശുദ്ധമായതിനെ അഭിഷേകം ചെയ്യുവാനും തക്കവണ്ണം നിന്റെ ജനത്തിനും വിശുദ്ധ നഗരത്തിനും 70 ആഴ്ചവട്ടം നിയമിച്ചിരിക്കുന്നു” (ദാനിയേൽ 9:24). “നിന്റെ ജനത്തിനും വിശുദ്ധ നഗരത്തിനും” എന്ന് പറയുന്നതുകൊണ്ട് “70 ആഴ്ചവട്ടം” യിസ്രായേലിന് നിയമിച്ചു എന്ന് മനസ്സിലാകുന്നു. ദൈവവും യിസ്രായേലുമായുള്ള ഉടമ്പടി ബന്ധം തുടരുമോ അവസാനിക്കുമോ എന്ന് തീരുമാനിക്കുവാൻ അവർക്ക് അന്തിമമായി 70 ആഴ്ചവട്ടം ദൈവം നിയോഗിച്ചു. വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു പ്രവചനമാണ് ദാനിയേൽ 9–ാം അദ്ധ്യായം. ആഗോളമായി തെറ്റിദ്ധരിച്ചിട്ടുള്ള ഒരു അദ്ധ്യായവുമാണ് ദാനിയേൽ 9–ാം അദ്ധ്യായം.

### എഴുപത് ആഴ്ചവട്ടത്തിന്റെ പഠനം

“യെഹൂദന് കൊടുത്തത്” എന്ന വിഷയത്തോടനുബന്ധിച്ച് യെഹൂദനു കൊടുത്ത 70 ആഴ്ചവട്ടത്തിന്റെ ഒരു ചെറിയ പഠനം ഉചിതമായിരിക്കും. പലവിധ വ്യാഖ്യാനങ്ങൾ 70 ആഴ്ചവട്ടത്തെ സംബന്ധിച്ച് ക്രിസ്തീയ സഭകളിൽ നിലവിലുണ്ട്. ദൈവം എഴുപത് ആഴ്ചവട്ടം ആർക്ക് എന്തിനു കൊടുത്തു എന്നും എഴുപത് ആഴ്ചവട്ടത്തിനുശേഷം എന്ത് സംഭവിക്കും എന്നും തിരുവചനം പ്രതിപാദിക്കുന്നുണ്ട്. സുവിശേഷ ഘോഷണത്തോടനുബന്ധിച്ചും യെഹൂദന്റെ പദവിയോടനുബന്ധിച്ചും കർത്താവിന്റെ രണ്ടാം വരവിനോടനുബന്ധിച്ചും മഹോപദ്രവകാലവും അന്തിക്രിസ്തുവിന്റെ വാഴ്ചയോടനുബന്ധിച്ചും ഈ പഠനം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. എന്നാൽ നമ്മുടെ പഠനം “യെഹൂദന്റെ പക്കൽ നിന്ന് ജാതികൾക്ക്” എന്ന വിഷയത്തോടനുബന്ധിച്ച് മാത്രമായിരിക്കും. എഴുപത് ആഴ്ചവട്ടം എപ്പോൾ ആരംഭിച്ചു എന്നും എപ്പോഴാണ് ആ കാലയളവിന്റെ അവസാനം എന്നും തിരുവചനത്തിൽ നിന്നും **പഠിക്കാം**. ദാനിയേൽ 9:24–27 വരെയുള്ള വാക്യങ്ങളാണ് എഴുപത് ആഴ്ചവട്ടത്തെ സംബന്ധിക്കുന്ന സംഭവവികാസങ്ങൾ പ്രതിപാദിക്കുന്നത്. “അതിക്രമത്തെ തടസ്സം ചെയ്തു

പാപങ്ങളെ മുദ്രയിടുവാനും അകൃത്യത്തിനു പ്രായശ്ചിത്തം ചെയ്തു നിത്യനീതി വരുത്തുവാനും ദർശനവും പ്രവചനവും മുദ്രയിടുവാനും അതിപരിശുദ്ധമായതിനെ അഭിഷേകം ചെയ്യുവാനും തക്കവണ്ണം നിന്റെ ജനത്തിനും വിശുദ്ധ നഗരത്തിനും എഴുപതു ആഴ്ചവട്ടം നിയമിച്ചിരിക്കുന്നു. അതുകൊണ്ടു നീ അറിഞ്ഞു ഗ്രഹിച്ചുകൊള്ളേണ്ടതെന്തെന്നാൽ: യെരുശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാൻ കല്പന പുറപ്പെടുന്നതു മുതൽ അഭിഷിക്തനായൊരു പ്രഭുവരെ ഏഴു ആഴ്ചവട്ടം; അറുപത്തിരണ്ടു ആഴ്ചവട്ടം കൊണ്ടു അതിനെ വീഥിയും കിടങ്ങുമായി കഷ്ടകാലങ്ങളിൽ തന്നേ വീണ്ടും പണിയും. അറുപത്തിരണ്ടു ആഴ്ചവട്ടം കഴിഞ്ഞിട്ടു അഭിഷിക്തൻ ഛേദിക്കപ്പെടും; അവന്നു ആരും ഇല്ലെന്നു വരും; പിന്നെ വരുവാനിരിക്കുന്ന പ്രഭുവിന്റെ പടജ്ജനം നഗരത്തെയും വിശുദ്ധ മന്ദിരത്തെയും നശിപ്പിക്കും. അവന്റെ അവസാനം ഒരു പ്രളയത്തോടെ ആയിരിക്കും; അവസാനത്തോളം യുദ്ധമുണ്ടാകും. ശൂന്യങ്ങളും നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. അവൻ ഒരു ആഴ്ചവട്ടത്തേക്കു പലരോടും നിയമത്തെ കഠിനമാക്കും. ആഴ്ചവട്ടത്തിന്റെ മദ്ധ്യേ അവൻ ഹനനയാഗവും ഭോജനയാഗവും നിർത്തലാക്കിക്കളയും. മ്ലേച്ഛതയുടെ ചിറകിന്മേൽ ശൂന്യമാക്കുന്നവൻ വരും; നിർണ്ണയിക്കപ്പെട്ടിരിക്കുന്ന സമാപ്തിയോളം ശൂന്യമാക്കുന്നവന്റെ മേൽ കോപം ചൊരിയും" (ദാനി. 9:24-27). **70 ആഴ്ചവട്ടത്തിൽ സംഭവിക്കേണ്ടുന്ന കാര്യങ്ങൾ:** (1) അതിക്രമത്തെ തടസ്സം ചെയ്തു പാപങ്ങളെ മുദ്രയിടുവാനും (2) അതിക്രമത്തിന് പ്രായശ്ചിത്തം ചെയ്തു നിത്യനീതി വരുത്തുവാനും (3) ദർശനവും പ്രവചനവും മുദ്രയിടുവാനും (4) അതിപരിശുദ്ധമായതിനെ അഭിഷേകം ചെയ്യുവാനും തക്കവണ്ണം നിന്റെ ജനത്തിനും വിശുദ്ധ നഗരത്തിനും എഴുപത് ആഴ്ചവട്ടം നിയമിച്ചിരിക്കുന്നു. 24-ാം വാക്യത്തിന്റെ അവസാനം രേഖപ്പെടുത്തിയിരിക്കുന്ന എഴുപത് ആഴ്ചവട്ടം "നിയമിച്ചിരിക്കുന്നു" എന്ന പദപ്രയോഗം ശ്രദ്ധേയമാണ്. "Chatak" എന്ന എബ്രായപദമാണ് "നിയമിച്ചിരിക്കുന്നു" എന്ന വാക്കിന് ഉപയോഗിച്ചിരിക്കുന്നത്. അതിന്റെ അർത്ഥം To cut or cut off (മുറിച്ചെടുക്കുക) എന്നാണ്. എന്നു പറഞ്ഞാൽ എന്തോ ഒന്നിൽ നിന്നും അതിന്റെ ഒരുഭാഗം മുറിച്ചെടുക്കുക എന്നാണ്. തീരുമാനിക്കുക, ഒരു ആജ്ഞ കൊടുക്കുക, ന്യായവിധി നടത്തുക എന്നും ഈ വാക്കിന് അർത്ഥമുണ്ട്. എവിടെനിന്നും എഴുപത് ആഴ്ചവട്ടക്കാലം മുറിച്ചു കൊടുത്തു എന്ന് ആരായുന്നതാണ് ശരിയായ സമീപനം. ശരിയായ ഉത്തരം ലഭിക്കുന്നതിന് ദാനിയേൽ 8-ാം അദ്ധ്യായം പഠിക്കേണ്ടതാണ്. 8-ാം അദ്ധ്യായത്തിൽ 2300 സന്ധ്യയും

ഉഷസ്സും ഉൾക്കൊള്ളുന്ന ഒരു ദീർഘ പ്രവചനകാലം കാണുവാൻ സാധിക്കുന്നു. "അതിനു അവൻ അവനോടു: രണ്ടായിരത്തി മുന്നൂറു സന്ധ്യയും ഉഷസ്സും തികയുവോളം തന്നേ; പിന്നെ വിശുദ്ധ മന്ദിരം യഥാസ്ഥാനപ്പെടും'' (ദാനി. 8:14). ഇവ 2300 വർഷങ്ങൾ എന്ന് ഗ്രഹിക്കേണ്ടതാണ്. ചുരുക്കത്തിൽ: 2300 വർഷങ്ങളെ പ്രതിപാദിക്കുന്ന ദീർഘ പ്രവചനകാലത്തിൽ നിന്നും 490 വർഷങ്ങൾ (70 ആഴ്ചവട്ടം) യിസ്രായേലിന് നിയമിച്ചിരിക്കുന്നു. അല്ലെങ്കിൽ മുറിച്ചുകൊടുത്തു എന്നാണ് തിരുവചനം അർത്ഥമാക്കുന്നത്.

70 ആഴ്ചവട്ടം എപ്പോൾ ആരംഭിക്കുന്നു എന്ന് തീരുമാനിക്കുവാൻ സാധിക്കുന്നു എങ്കിൽ മാത്രമേ ആ കാലയളവ് എപ്പോൾ അവസാനിക്കുന്നു എന്ന് കണക്കുകൂട്ടുവാൻ സാധിക്കുകയുള്ളൂ. ദാനിയേൽ. 9:25-ാം വാക്യം അതിനുള്ള നിർദ്ദേശങ്ങൾ തരുന്നു. "അതുകൊണ്ട് നീ അറിഞ്ഞു ഗ്രഹിച്ചുകൊള്ളേണ്ടതെന്തെന്നാൽ: യെരുശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാൻ കല്പന പുറപ്പെടുന്നതുമുതൽ അഭിഷിക്തനായൊരു പ്രഭു വരെ ഏഴ് ആഴ്ചവട്ടം; അറുപത്തിരണ്ടു ആഴ്ചവട്ടം കൊണ്ട് അതിനെ വീഥിയും കിടങ്ങുമായി കഷ്ടകാലങ്ങളിൽ തന്നെ വീണ്ടും പണിയും". "മുതൽ" എന്നും "വരെ" എന്നും രണ്ട് വാക്കുകൾ ശ്രദ്ധേയമാണ്. "മുതൽ" എന്ന തുടക്കം തിരുവചനത്തിൽ നിന്നും കണ്ടുപിടിക്കുവാൻ സാധിച്ചാൽ ആകമാനമുള്ള എഴുപത് ആഴ്ചവട്ടത്തിന്റെ (490 വർഷങ്ങളുടെ) തുടക്കം എപ്പോൾ കുറിക്കുന്നു എന്ന് സംശയരഹിതം മനസ്സിലാക്കാം.

ദാനിയേൽ 9-ാം അദ്ധ്യായം പഠിക്കുമ്പോൾ അതിന്റെ പശ്ചാത്തലം അറിഞ്ഞിരിക്കുന്നത് തെറ്റുകൂടാതെ തിരുവചനം മനസ്സിലാക്കുവാൻ സഹായകരമായിരിക്കും. ദാനിയേലിന് ദർശനം ലഭിക്കുമ്പോൾ യിസ്രായേൽ ജനം ബാബിലോണിന്റെ അടിമത്തത്തിൽ കഴിയുകയായിരുന്നു. മാത്രമല്ല യെരുശലേമും അതിന്റെ മതിലുകളും ദൈവാലയവും രാജധാനിയും യിരമ്യാ പ്രവാചകനിൽകൂടി ദൈവം അരുളിച്ചെയ്തതുപോലെ ചുട്ടുകളഞ്ഞിരുന്നു. "എന്നാൽ ശബ്ബത്തുനാൾ ശുദ്ധീകരിപ്പാനും ശബ്ബത്തുനാളിൽ യെരുശലേമിന്റെ വാതിലുകളിൽ കൂടി ചുമടു ചുമന്നുകൊണ്ട് പോകാതെ ഇരിപ്പാനും നിങ്ങൾ എന്റെ വാക്ക് കേട്ടനുസരിക്കയില്ലെങ്കിൽ ഞാൻ അതിന്റെ വാതിലുകളിൽ തീ കൊളുത്തും. അതു കെട്ടുപോകാതെ യെരുശലേമിലെ അരമനകളെ ദഹിപ്പിക്കും" (യിരെമ്യാവ് 17:27). ജനം കേട്ടനുസരിക്കാതിരുന്നതു കൊണ്ട് ദൈവം പ്രവാചകനിൽ കൂടി താക്കീതു കൊടുത്തതുപോലെ

യെരുശലേമിനെ ചുട്ടുകളഞ്ഞു എന്ന് തിരുവചനത്തിന്റെ മറ്റൊരു ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നു. “അഞ്ചാം മാസം എഴാംതീയതി നെബൂഖദ്നേസർ എന്ന രാജാവിന്റെ ഭൃത്യനായി അകമ്പടി നായകനായ നെബൂസരദാൻ യെരുശലേമിൽ വന്നു. അവൻ യഹോവയുടെ ആലയവും രാജധാനിയും ചുട്ടുകളഞ്ഞു. യെരുശലേമിലെ എല്ലാവീടുകളും പ്രധാന ഭവനങ്ങളും അവൻ തീവെച്ചു ചുട്ടുകളഞ്ഞു'' (2 രാജാക്കന്മാർ 25:8,9). ഇപ്രകാരം കിടക്കുന്ന യെരുശലേം യഥാസ്ഥാനപ്പെടുത്തി പണിവാൻ കല്പന പുറപ്പെടുന്നതു “മുതൽ” എഴുപത് ആഴ്ചവട്ടം (490 വർഷങ്ങൾ) ദൈവം യിസ്രായേലിന് കൊടുത്തു എന്നാണ് പ്രവചനം. “മുതൽ” എന്ന വാക്ക് ഒരു മുൻ നിയമിക്കപ്പെട്ട സമയത്തെ സൂചിപ്പിക്കുന്നു. യെരുശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാൻ മൂന്ന് രാജാക്കന്മാർ മൂന്ന് വിവിധ കല്പനകൾ കൊടുത്തതായി എസ്രാ പുരോഹിതൻ രേഖപ്പെടുത്തിയിരിക്കുന്നു.

**ഒന്ന് – എസ്രാ 1:1 – 4 (കോരെശിന്റെ കല്പന) 537 BC**

''യിരെമ്യ മുഖാന്തരം ഉണ്ടായ യഹോവയുടെ അരുളപ്പാടു നിവൃത്തിയാകേണ്ടതിന് പാർസി രാജാവായ കോരെശിന്റെ ഒന്നാം ആണ്ടിൽ യഹോവ പാർസി രാജാവായ കോരെശിന്റെ മനസ്സിനെ ഉണർത്തീട്ടു അവൻ തന്റെ രാജ്യത്ത് എല്ലായിടവും ഒരു വിളംബരം പ്രസിദ്ധമാക്കി രേഖാമൂലവും പരസ്യം ചെയ്തതെന്തെന്നാൽ; പാർസി രാജാവായ കോരെശ് ഇപ്രകാരം കല്പിക്കുന്നു: സ്വർഗ്ഗത്തിലെ ദൈവമായ യഹോവ ഭൂമിയിലെ സകലരാജ്യങ്ങളെയും എനിക്കു തന്നിരിക്കുന്നു; യെഹൂദയിലെ യെരുശലേമിൽ അവനു ഒരു ആലയം പണിവാൻ എന്നോട് കല്പിച്ചിരിക്കുന്നു. നിങ്ങളിൽ അവന്റെ ജനമായിട്ട് ആരെങ്കിലും ഉണ്ടെങ്കിൽ അവന്റെ ദൈവം അവനോടു കൂടെ ഇരിക്കുമാറാകട്ടെ; അവൻ യെഹൂദയിലെ യെരുശലേമിലേക്കു യാത്രപുറപ്പെട്ടു യിസ്രായേലിന്റെ ദൈവമായ യഹോവയ്ക്കു ആലയം പണിയട്ടെ; അവനല്ലോ യെരുശലേമിലെ ദൈവം”.

**രണ്ട് – എസ്രാ 6:8 – 12 (ദാര്യാവേശിന്റെ കല്പന) 520 BC**

“ഈ ദൈവാലയം പണിയേണ്ടതിനു നിങ്ങൾ യെഹൂദന്മാരുടെ മൂപ്പന്മാർക്കു ചെയ്യേണ്ടതിനെക്കുറിച്ച് ഞാൻ കല്പന കൊടുക്കുന്നതെന്തെന്നാൽ...”. ദാര്യാവേശ് രാജാവിന്റെ കല്പന ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു.

**മൂന്ന് – എസ്രാ 7:11 – 26 (അർത്ഥഹ്ശഷ്ടാവിന്റെ കല്പന) 457 BC**

"യിസ്രായേലിനോടുള്ള യഹോവയുടെ കല്പനകളുടെയും ചട്ടങ്ങളുടെയും വാക്യങ്ങളിൽ വിദഗ്ധ ശാസ്ത്രിയായ എസ്രാ പുരോഹിതന് അർത്ഥഹ്ശഷ്ട രാജാവ് കൊടുത്ത എഴുത്തിന്റെ പകർപ്പാവിതു..."

**"മുതൽ "**


യെരുശലേമിനെ യഥാസ്ഥാനപ്പെടുത്തുവാൻ കല്പന പുറപ്പെടുന്നതു മുതൽ എന്ന് പറയുമ്പോൾ മേൽ ഉദ്ധരിച്ച മൂന്ന് കല്പനകളിൽ ഏത് കല്പന തുടക്കം കുറിക്കുന്നു എന്നതിനെ സംബന്ധിച്ച് വേദപണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങൾ കാണുന്നു. എന്നാൽ 70 ആഴ്ചവട്ട സമയത്തിനുള്ളിൽ നടക്കേണ്ടുന്ന സംഭവ വികാസങ്ങൾ കണക്കിലെടുക്കുമ്പോൾ 457 BCയിൽ അർത്ഥഹ്ശഷ്ട രാജാവ് കൊടുത്ത കല്പന തുടക്കം കുറിക്കുന്നു എന്ന് കാണുവാൻ സാധിക്കുന്നു. യേശുവിന്റെ സ്നാനത്തെ ആസ്പദമാക്കി "മുതൽ" തീരുമാനിക്കേണ്ടതാണ്. അഭിഷിക്തനായൊരു പ്രഭു എന്നു പറയുന്നത് യേശുവിന്റെ സ്നാനത്തെ സംബന്ധിച്ചാണ്.

**"വരെ "**

"മുതൽ" "വരെ" എന്നു പറയുമ്പോൾ പ്രാരംഭം മുതൽ തുടർച്ചയായ 70 ആഴ്ചവട്ടം എന്നാണ് അർത്ഥമാകുന്നത്. അഭിഷിക്തനായൊരു പ്രഭുവരെ എന്ന് 25-ാം വാക്യം പറയുന്നതുകൊണ്ട് 70 ആഴ്ചവട്ടത്തിന്റെ പ്രവചനം കർത്താവിനെയും കർത്താവിന്റെ സ്നാനത്തെയും പരിശുദ്ധാത്മാഭിഷേകത്തെയും ഉൾക്കൊള്ളേണ്ടതാണ്. തന്നെയുമല്ല അറുപത്തിരണ്ടു ആഴ്ചവട്ടം "കഴിഞ്ഞിട്ട് അഭിഷിക്തൻ ഛേദിക്കപ്പെടും" എന്നു തിരുവചനം പറയുന്നതുകൊണ്ട് കർത്താവിന്റെ പരിശുദ്ധാത്മാഭിഷേകം മുതൽ ഛേദിക്കപ്പെടുന്ന മൂന്നര വർഷത്തെ പരസ്യശുശ്രൂഷയും 70 ആഴ്ചവട്ടത്തിന്റെ പഠനത്തിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. എ.ഡി 27ൽ കർത്താവായ യേശു സ്നാനമേറ്റു. എ.ഡി. 31-ാം ആണ്ടിൽ കർത്താവ് ക്രൂശിക്കപ്പെട്ടു; എന്നു പറഞ്ഞാൽ എഴുപതാമത്തെ ആഴ്ചവട്ടത്തിന്റെ മദ്ധ്യേ കർത്താവ് മരിക്കയും തത്ഫലമായി ദൈവനിയോഗ പ്രകാരം എല്ലാ യാഗങ്ങളും നിർത്തലാക്കപ്പെടുകയും ചെയ്തു. കർത്താവ് തന്റെ പരസ്യശുശ്രൂഷയുടെ പ്രാരംഭത്തിൽ പറയുന്നത് "കാലം **തികഞ്ഞു** ദൈവരാജ്യം സമീപി

ച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിക്കുവിൻ...” (മർക്കൊസ് 1:15).

## കാലം തികഞ്ഞു




**“കാലം തികഞ്ഞു”** എന്ന് പറയുമ്പോൾ മുൻ നിയമിക്കപ്പെട്ട ഒരു കാലത്തെ സംബന്ധിച്ചാണ് കർത്താവ് പറയുന്നത്. “അഭിഷിക്തനായൊരു പ്രഭു വരെ” എന്ന കാലത്തെയാണ് കർത്താവ് അർത്ഥമാക്കുന്നത്. അറുപത്തിരണ്ട് ആഴ്ചവട്ടം കഴിഞ്ഞിട്ട് അഭിഷിക്തൻ ഛേദിക്കപ്പെടും എന്ന പ്രവചനപ്രകാരം എഴുപതാം ആഴ്ചവട്ടത്തിന്റെ മദ്ധ്യേ കർത്താവ് ക്രൂശിക്കപ്പെട്ടു. കർത്താവിന്റെ ക്രൂശുമരണത്തിനുശേഷവും യെഹൂദന് നിർണ്ണയിച്ചിരുന്ന മൂന്നര വർഷം ശേഷിക്കുന്നു. കർത്താവിന്റെ രണ്ടുവർഷത്തെ പരസ്യശുശ്രൂഷയ്ക്കു ശേഷവും പന്ത്രണ്ട് ശിഷ്യന്മാരോട് പറയുന്നത്: ജാതികളുടെ അടുക്കൽ പോകാതെയും ശമര്യരുടെ പട്ടണത്തിൽ കടക്കാതെയും യിസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കൽ തന്നെ ചെല്ലുവിൻ” (മത്തായി 10:5). യിസ്രായേൽ ഒരു ജനമായിട്ട് ദൈവത്തിന്റെ രക്ഷാപദ്ധതി തിരസ്ക്കരിക്കുമോ എന്ന് അവർ തീരുമാനിച്ചതിനു ശേഷമേ ദൈവരാജ്യം അവരുടെ പക്കൽ നിന്നും എടുത്ത് അതിന്റെ ഫലം കൊടുക്കുന്ന ജാതികൾക്ക് ഏല്പിക്കുകയുള്ളൂ എന്നത് 70 ആഴ്ചവട്ട പ്രവചനത്തിന്റെ ഭാഗമായിരുന്നു. അഭിഷിക്തനായൊരു പ്രഭുവരെ എന്നുള്ള പ്രവചനപ്രകാരം കർത്താവിന്റെ സ്നാനവും പരിശുദ്ധാത്മാഭിഷേകവും എഡി 27ൽ നടന്നു. 70-ാമത്തെ ആഴ്ചവട്ടത്തിൽ അഭി

ഷിക്തൻ ഛേദിക്കപ്പെടും എന്ന പ്രവചനം എഡി 31 ൽ നിറവേറി. അതുകൊണ്ട് യെരുശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാൻ കല്പന പുറപ്പെടുന്നതു മുതൽ എന്നു തിരുവചനം പറയുന്നത് ബി.സി. 457-ാം ആണ്ടാകുന്നു എന്ന് ഉറപ്പാക്കാം.

"യെരുശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാൻ കല്പന പുറപ്പെടുന്നതു മുതൽ അഭിഷിക്തനായൊരു പ്രഭുവരെ ഏഴു ആഴ്ചവട്ടം; അറുപത്തിരണ്ടു ആഴ്ചവട്ടം കൊണ്ട് അതിനെ വീഥിയും കിടങ്ങുമായി കഷ്ടകാലങ്ങളിൽ തന്നെ വീണ്ടും പണിയും" (ദാനിയേൽ 9:25).

7+62 = 69 ആഴ്ചവട്ടം. ഒരു ആഴ്ചവട്ടത്തിന് 7 ദിവസത്തിൻ പ്രകാരം 69X7=483 ദിവസങ്ങളാണ്. പ്രവചനദിവസങ്ങൾ ആയതുകൊണ്ട് 483 ദിവസങ്ങൾ 483 വർഷങ്ങളുമാണ്. 457 ബി.സി മുതൽ 483 വർഷങ്ങൾ കണക്കുകൂട്ടുമ്പോൾ എ.ഡി. 26 വരെയുള്ള കാലമാണ് പ്രവചനം പ്രതിപാദിപ്പിക്കുന്നത്. 457 ബിസി എന്ന വർഷത്തിന്റെ പകുതി ഭാഗവും കഴിഞ്ഞ് കല്പന പുറപ്പെട്ടതുകൊണ്ട് 483 വർഷങ്ങൾ അവസാനിക്കുമ്പോൾ എ.ഡി. 27 വരെ എത്തുന്നു. പ്രവചനപ്രകാരം കർത്താവ് എ.ഡി. 27 ൽ സ്നാനമേറ്റു. പരിശുദ്ധാത്മ അഭിഷേകവും പ്രാപിച്ചു. ജനം എല്ലാം സ്നാനം ഏല്ക്കുകയിൽ യേശുവും സ്നാനമേറ്റു പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗം തുറന്നു, പരിശുദ്ധാത്മാവ് ദേഹരൂപത്തിൽ പ്രാവ് എന്നപോലെ അവന്റെ മേൽ ഇറങ്ങിവന്നു. നീ എന്റെ പ്രിയപുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദവും ഉണ്ടായി. യേശുവിനു താൻ പ്രവൃത്തി ആരംഭിക്കുമ്പോൾ ഏകദേശം മുപ്പതു വയസ്സായിരുന്നു. അവൻ യോസേഫിന്റെ മകൻ എന്നു ജനം ചിന്തിച്ചു (ലൂക്കോസ് 3:21-23). ഇതുവരെ (എ.ഡി. 27) 70 ആഴ്ചവട്ട പ്രവചനത്തിന്റെ 69 ആഴ്ചവട്ടം പൂർത്തിയാകുന്നു. ശേഷിക്കുന്ന ഒരു ആഴ്ചവട്ടത്തെ സംബന്ധിച്ച് (7 വർഷത്തെ സംബന്ധിച്ച്) തിരുവചന പ്രവചനം എന്തു പറയുന്നു എന്ന് നോക്കാം. **"അറുപത്തിരണ്ട് ആഴ്ചവട്ടം കഴിഞ്ഞിട്ട് അഭിഷിക്തൻ ഛേദിക്കപ്പെടും"** (ദാനിയേൽ 9:26). തിരുവചനപ്രകാരം 69 ആഴ്ചവട്ടം കഴിഞ്ഞിട്ട് എഴുപതാമത്തെ ആഴ്ചവട്ടം തുടരുകയാണ്. ഒരു കാലത്ത് പ്രവചനമായിരുന്നത് ഇന്ന് ചരിത്രമായിത്തീർന്നതുകൊണ്ട് കാലസംഖ്യ കണക്കുകൂട്ടുവാൻ എളുപ്പമാണ്. കർത്താവായ യേശുവിന്റെ സ്നാനവും പരിശുദ്ധാത്മാഭിഷേകവും ക്രൂശുമരണവും ഉൾക്കൊള്ളാത്ത 70 ആഴ്ചവട്ട പഠനം തെറ്റാണ്. ചിലർ ഈ ഒരു ആഴ്ചവട്ടത്തെ

69 ആഴ്ചവട്ടത്തിൽ നിന്നും വേർപ്പെടുത്തി കാലാവസാനത്തിൽ സ്ഥാപിക്കുകയും അന്തിക്രിസ്തുവിന്റെ 7 വർഷ മഹോപദ്രവകാലമായി ചിത്രീകരിക്കുകയും ചെയ്യുന്നത് തിരുവചനത്തിന് യോജിക്കുന്നതല്ല. അറുപത്തിഒൻപത് കഴിഞ്ഞാൽ എഴുപതാമത്തെ ആഴ്ചവട്ടം തുടരണം എന്നുള്ളത് സാമാന്യബുദ്ധിയാണ്. തിരുവചന പ്രവചനപ്രകാരം അറുപത്തിരണ്ട് ആഴ്ചവട്ടം **"കഴിഞ്ഞിട്ട്"** എഴുപതാമത്തെ ആഴ്ചവട്ടം അഭിഷിക്തൻ ഛേദിക്കപ്പെടും എന്നാണ് പറയുന്നത്. അവസാനത്തെ ഒരു ആഴ്ചവട്ടം കാലത്തിന്റെ അവസാനം സ്ഥാപിച്ചാൽ ക്രിസ്തുവിന്റെ ക്രൂശ് 70 ആഴ്ചവട്ടത്തിൽ ഉൾക്കൊള്ളാതെ പോകും.

"പിന്നെ വരുവാനിരിക്കുന്ന പ്രഭുവിന്റെ പടജ്ജനം നഗരത്തെയും വിശുദ്ധ മന്ദിരത്തെയും നശിപ്പിക്കും" (ദാനിയേൽ 9:26). ഈ പ്രവചനത്തിന്റെ നിറവേറൽ എ.ഡി. 70 ൽ സംഭവിച്ചു. കർത്താവ് ദാനിയേൽ പ്രവാചകനോട് ചേർന്ന് പറയുന്നത് "നിങ്ങളുടെ ഭവനം ശൂന്യമായിത്തീരും'' (മത്തായി 23:38). യെരുശലേമിനെ നശിപ്പിച്ചത് റോമാ സാമ്രാജ്യമാണ്. ഇത് പ്രവചനത്തിന്റെ നിറവേറലുമാണ്. അതുകൊണ്ട് ''വരുവാനിരിക്കുന്ന പ്രഭുവിന്റെ പടജ്ജനം'' എന്നു തിരുവചനം പറയുന്നത് റോമിനെ സംബന്ധിച്ചാണ് എന്നുള്ളത് ഉറപ്പാക്കാം. "വരുവാനിരിക്കുന്ന" എന്ന് ദാനിയേൽ പറയുന്നത് പ്രവചനമായതുകൊണ്ടാണ്. അത് സംഭവിച്ച് കഴിഞ്ഞതായും നാംകാണുന്നു. ''വരുവാനിരിക്കുന്ന പ്രഭുവിന്റെ പടജ്ജനം'' എന്ന് തിരുവചനം പറയുന്നതുകൊണ്ട് പ്രഭുവും പടജ്ജനവും എ.ഡി. 70-ൽ ഉണ്ടായിരുന്നു എന്ന് തെളിവാകുന്നു. പ്രഭുവിന്റെ പടജ്ജനം ഉണ്ടായിരുന്നതുകൊണ്ട് പ്രഭുവും ഉണ്ടായിരുന്നു എന്ന് ഉറപ്പാക്കാം. പൗലൊസ് പറയുന്നു അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ (പൗലൊസിന്റെ കാലത്തു തന്നെ) വ്യാപരിക്കുന്നുണ്ട് (2 തെസ്സ. 2:7). തെസ്സലോനിക്യർക്കും പൗലൊസിനും തമ്മിൽ പരസ്പര ധാരണയുള്ള ഒരു വിഷയമായിരുന്നു. അധർമ്മമൂർത്തി എന്നുള്ളത് എന്ന് അഞ്ചാം വാക്യത്തിൽ നിന്നും ഗ്രഹിക്കാവുന്നതാണ്. "നിങ്ങളോടു കൂടെ ഇരിക്കുമ്പോൾ തന്നെ ഞാൻ ഇതു നിങ്ങളോട് പറഞ്ഞു എന്ന് ഓർക്കുന്നില്ലയോ?" (2 തെസ്സലൊനിക്യർ 2:5). "ക്രിസ്തുവും അന്തിക്രിസ്തുവും" എന്ന പഠനത്തിൽ കൂടുതൽ വിവരണം ഈ വിഷയത്തെ സംബന്ധിച്ച് കൊടുക്കുന്നതാണ്.

ബി.സി. 457 ൽ ആരംഭിച്ച 70 ആഴ്ചവട്ട പ്രവചനം കർത്താവിന്റെ ക്രൂശുമരണം ആയപ്പോഴേക്കും അറുപത്തൊൻപതര ആഴ്ചവട്ടം വരെ എത്തുന്നു. കർത്താവിന്റെ ക്രൂശ് മരണത്തിനു ശേഷവും അര

ആഴ്ചവട്ടം (മൂന്നര വർഷങ്ങൾ) യിസ്രായേലിന് ശേഷിച്ചു. അത് എ.ഡി. 34 വരെ എത്തുന്നു.

എ.ഡി. 34-ൽ യെരുശലേമിലെ സഭയ്ക്ക് ഒരു വലിയ ഉപദ്രവം നേരിട്ടു. തത്ഫലമായി വിശ്വാസികൾ പല ഭാഗങ്ങളിലേക്ക് ചിതറിപ്പോകുന്നതായി അപ്പൊ. പ്രവൃ. 8-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. "ചിതറിപ്പോയവർ വചനം സുവിശേഷിച്ചുംകൊണ്ട് അവിടവിടെ സഞ്ചരിച്ചു" (അപ്പൊ. പ്രവൃ. 8:4). സുവിശേഷം ജാതികളിലേക്ക് പടരുന്നതിന്റെ പ്രാരംഭമാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് അപ്പൊ. പൗലൊസും ബർന്നബാസും ധൈര്യം പൂണ്ട്: "ദൈവവചനം ആദ്യം നിങ്ങളോട് പറയുന്നത് ആവശ്യമായിരുന്നു; എന്നാൽ നിങ്ങൾ അതിനെ തള്ളി നിങ്ങളെത്തന്നെ നിത്യജീവനു അയോഗ്യർ എന്ന് വിധിച്ചുകളയുന്നതിനാൽ ഇതാ, ഞങ്ങൾ ജാതികളിലേക്ക് തിരിയുന്നു " (അപ്പൊ. പ്രവൃ. 13:46). എ.ഡി. 34-ൽ ക്രിസ്തീയ സഭയിലെ ആദ്യത്തെ രക്തസാക്ഷിയാകുന്ന സ്തെഫാനൊസിനെ കൊല ചെയ്ത സംഭവം യെഹൂദന്മാർക്ക് വേർതിരിച്ച് നിയമിച്ച 490 വർഷങ്ങളുടെ (70 ആഴ്ചവട്ടത്തിന്റെ) അവസാനം കുറിക്കുന്നു. അതിനുശേഷം സുവിശേഷം ധാരാളമായി ജാതികളിലേക്ക് പടർന്നെത്തുന്ന രേഖകൾ പ്രവൃത്തികളുടെ പുസ്തകത്തിൽ കാണുവാൻ സാധിക്കുന്നു. യെഹൂദന്മാർക്ക് വേർതിരിച്ച് നിയോഗിച്ച 70 ആഴ്ചവട്ടത്തെ 7+62+1 എന്ന് ദാനിയേൽ 9:25-26 എന്നീ വാക്യങ്ങൾ വിഭാഗിച്ച് കാണിക്കുന്നു. "62 ആഴ്ചവട്ടം കഴിഞ്ഞിട്ട്" എന്നുപറയുമ്പോൾ 7+62=69 ആഴ്ചവട്ടം കഴിഞ്ഞിട്ട്, 70-ാമത്തെ (അവസാനത്തെ ) ആഴ്ചവട്ടം "അഭിഷിക്തൻ (യേശു) ഛേദിക്കപ്പെടും". ബി.സി. 457 മുതൽ 69 ½ ആഴ്ചവട്ടം കഴിഞ്ഞപ്പോൾ ക്രിസ്തു മരിക്കയും യഹൂദന്മാർക്ക് നിയോഗിച്ചാക്കിയതിൽ അര (½) ആഴ്ചവട്ടം (മൂന്നര വർഷം) ശേഷിക്കയും ചെയ്തു. ക്രൂശു മുതൽ മൂന്നര വർഷം കഴിഞ്ഞപ്പോൾ യെരുശലേമിലെ സഭയ്ക്ക് "വലിയ ഉപദ്രവം നേരിട്ടു" "യെഹൂദന്റെ അതിർത്തി വിട്ട് സഭ" "ചിതറിപ്പോയി". കർത്താവായ യേശു പറഞ്ഞതിൻപ്രകാരം "സ്വർഗ്ഗരാജ്യം നിങ്ങളുടെ പക്കൽനിന്ന് എടുത്ത് അതിന്റെ ഫലം കൊടുക്കുന്ന ജാതിക്ക് കൊടുക്കും" എന്ന് അരുളിച്ചെയ്ത മുന്നറിപ്പ് നിറവേറി.

മത്തായി 21:33-43 വരെയുള്ള വാക്യങ്ങൾ വായിക്കുമ്പോൾ ദൈവരാജ്യം യെഹൂദന്റെ പക്കൽനിന്നും എടുത്തു ജാതിക്ക് കൊടുക്കുന്നതിന്റെ കാരണം കർത്താവുതന്നെ വിവരിക്കുന്നു. "മറ്റൊരു ഉപമ കേൾപ്പിൻ, ഗൃഹസ്ഥനായോരു മനുഷ്യൻ ഒരു മുന്തിരിതോട്ടം നട്ടു

ണ്ടാക്കി അതിനു വേലി കെട്ടി; അതിൽ ചക്കു കുഴിച്ചിട്ടു ഗോപുരവും പണിതു; പിന്നെ കുടിയാന്മാരെ (യെഹൂദനെ) പാട്ടത്തിനു ഏല്പിച്ചിട്ട് പരദേശത്തുപോയി. ഫലകാലം സമീപിച്ചപ്പോൾ തനിക്കുള്ള അനുഭവം വാങ്ങേണ്ടതിന് അവൻ ദാസന്മാരെ കുടിയാന്മാരുടെ അടുക്കൽ അയച്ചു. കുടിയാന്മാരോ അവന്റെ ദാസന്മാരെ പിടിച്ചു, ഒരുവനെ തല്ലി, ഒരുവനെ കൊന്നു, മറ്റൊരുവനെ കല്ലെറിഞ്ഞു. അവൻ മുമ്പിലത്തേതിലും അധികം ദാസന്മാരെ അയച്ചു. അവരോടും അവർ അങ്ങനെ തന്നെ ചെയ്തു. ഒടുവിൽ അവൻ: എന്റെ മകനെ (യേശുവിനെ) അവർ ശങ്കിക്കും എന്നു പറഞ്ഞു മകനെ അവരുടെ അടുക്കൽ അയച്ചു; മകനെ കണ്ടിട്ടു കുടിയാന്മാർ ഇവൻ അവകാശി, വരുവീൻ നാം അവനെ കൊന്നു അവന്റെ അവകാശം കൈവശമാക്കുക എന്ന് തമ്മിൽ പറഞ്ഞു, അവനെ പിടിച്ച് തോട്ടത്തിൽനിന്ന് പുറത്താക്കി കൊന്നുകളഞ്ഞു. ആകയാൽ മുന്തിരിത്തോട്ടത്തിന്റെ ഉടയവൻ വരുമ്പോൾ ആ കുടിയാന്മാരോട് എന്തു ചെയ്യും? അവൻ ആ വല്ലാത്തവരെ വല്ലാതെ നിഗ്രഹിച്ച് തക്കസമയത്ത് അനുഭവം കൊടുക്കുന്ന വേറെ കുടിയാന്മാർക്ക് തോട്ടം ഏൽപ്പിക്കുമെന്ന് അവർ അവനോടു പറഞ്ഞു. യേശു അവരോട്... അതുകൊണ്ട് ദൈവരാജ്യം നിങ്ങളുടെ പക്കൽനിന്ന് എടുത്ത് അതിന്റെ ഫലം കൊടുക്കുന്ന ജാതിക്ക് കൊടുക്കും എന്ന് നിങ്ങളോട് പറയുന്നു".

**യെഹൂദൻ അവിശ്വസ്തനായിരുന്നതുകൊണ്ട് ദൈവരാജ്യം അവന്റെ പക്കൽനിന്നും എടുത്ത് ജാതിക്ക് കൊടുത്തു. യെഹൂദന്റെ പക്കൽ ഏൽപ്പിച്ചിരുന്നത് ജാതിക്ക് ദൈവം തന്നിരിക്കുന്നു എങ്കിൽ, ജാതികൾ "അത് യെഹൂദന് കൊടുത്തതായിരുന്നു" എന്നു പറഞ്ഞ് യെഹൂദന് കൊടുത്തത് (ജാതികൾ) ഉപേക്ഷിക്കുന്നതെങ്ങനെ?** ജാതികളുമായിട്ട് ദൈവം നിയമം ചെയ്ത ഒരു രേഖയും തിരുവചനത്തിൽ കാണുന്നില്ല. യെഹൂദന് കൊടുത്തിരുന്നതെല്ലാം ജാതികൾ നിഷേധിക്കുന്നു എങ്കിൽ ജാതികൾ വെറും പൂജ്യത്തിൽ അവസാനിക്കും.

## പൗലൊസിന്റെ പട്ടിക

ജാതികളിൽനിന്നും ആത്മീക യിസ്രായേൽ ആയിത്തീർന്ന റോമർക്ക് ലേഖനം എഴുതിയപ്പോൾ, യിസ്രായേലിന് ദൈവം ഏൽപ്പിച്ചുകൊടുത്ത വസ്തുതകളുടെ ഒരു പട്ടിക അപ്പൊ. പൗലൊസ് റോമർ 9-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. "അവർ യിസ്രായേല്യർ; പുത്രത്വവും തേജസ്സും നിയമങ്ങളും ന്യായപ്രമാണവും ആരാധനയും വാഗ്ദത്തങ്ങളും അവർക്കുള്ളവ; പിതാക്കന്മാരും അവർക്കുള്ള

വർ തന്നെ; ജഡപ്രകാരം ക്രിസ്തുവും അവരിൽനിന്നല്ലോ ഉത്ഭവിച്ചത്; അവൻ സർവ്വത്തിനും മീതെ ദൈവമായി എന്നേക്കും വാഴ്ത്തപ്പെട്ട വൻ ആമേൻ ” (റോമർ 9:4,5). അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായേക്കാം എങ്കിലും ദൈവം യിസ്രായേലിനു കൊടുത്തിരുന്നു എന്ന് അപ്പൊ. പൗലൊസ് പറയുന്ന 9 കാര്യങ്ങൾ അടങ്ങുന്ന ഒരു പട്ടികയാണ് റോമർ 9:4,5. അവ ഓരോന്നായി പഠിക്കുമ്പോൾ യിസ്രായേലിന് കൊടുത്തിരുന്നത് ജാതികൾക്ക് ലഭിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കാം.

**1. പേർ അവർക്കുള്ളത്**

അവർ യിസ്രായേല്യർ. “യിസ്രായേൽ” എന്ന പേര് ദൈവം നേരിട്ട് ഇടപെട്ട് യാക്കോബിന് നല്കിയതാണ്. “നിന്റെ പേർ എന്തു എന്നു അവൻ അവനോട് ചോദിച്ചതിന്നു: യാക്കോബ് എന്ന് അവൻ പറഞ്ഞു. നീ ദൈവത്തോടും മനുഷ്യരോടും മല്ലുപിടിച്ചു ജയിച്ചതുകൊണ്ടു നിന്റെ പേർ ഇനി യാക്കോബ് എന്നല്ല, യിസ്രായേൽ എന്നു വിളിക്കപ്പെടും എന്ന് അവൻ പറഞ്ഞു” (ഉല്പ. 32:27, 28). യാക്കോബിന്റെ പിൻഗാമികളാകുന്ന ജനത്തെ ഇന്നും ലോകം യിസ്രായേൽ എന്നു വിളിക്കുന്നു. വിശ്വാസത്താലുള്ള നീതീകരണം എന്ന ദൈവവ്യവസ്ഥ ജാതികൾ സ്വീകരിച്ചപ്പോൾ ജാതികൾക്ക് യിസ്രായേൽ എന്ന് പേർ ലഭിച്ചു. ജാതികൾ യിസ്രായേലിനോട് കൂട്ടവകാശികൾ ആകണം എന്നത് ദൈവ മുൻനിയോഗമായിരുന്നു. എല്ലാവരും യിസ്രായേൽ ആയിത്തീരണമെന്നത് ദൈവനിയോഗമാണ്. ജാതികളായ ഗലാത്യരോട് പൗലൊസ് പറയുന്നത്: “ക്രിസ്തുവിനുള്ളവർ എങ്കിലോ നിങ്ങൾ അബ്രഹാമിന്റെ സന്തതിയും (യിസ്രായേലും) വാഗ്ദത്തപ്രകാരം അവകാശികളുമാകുന്നു” (ഗലാത്യർ 3:29). തുടർന്നു ആറാമത്തെ അദ്ധ്യായത്തിൽ അപ്പൊസ്തലൻ പറയുന്നത് “ഈ പ്രമാണം അനുസരിച്ച് നടക്കുന്ന ഏവർക്കും **ദൈവത്തിന്റെ യിസ്രായേലിനും** (ജാതികൾ) സമാധാനവും കരുണയും ഉണ്ടാകട്ടെ” (ഗലാത്യർ 6:16). ജാതികൾക്ക് ലഭിച്ചിരിക്കുന്ന പേര് ദൈവം യാക്കോബിന് കൊടുത്ത പേർ തന്നെയാണ്. ജാതികളെ ഒരു പുതിയ പേര് ചൊല്ലി ദൈവം വിളിക്കുന്നില്ല. ജാതികൾ ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ അവർ “ദൈവത്തിന്റെ യിസ്രായേൽ” ആയി രൂപാന്തരപ്പെടുന്നു. യിസ്രായേലിന് ദൈവം കൊടുത്ത പേര്, വിശ്വസിക്കുന്ന ജാതികൾക്കും വേണ്ടിയായിരുന്നു. അതുകൊണ്ട് അത് യിസ്രായേലിനു കൊടുത്തതായിരുന്നു എന്ന് ആരും പറയാൻ പാടില്ലാത്തതാണ്. യിസ്രായേൽ എന്ന പേര് ജാതികൾ സ്വീകരിക്കാതിരിക്കയും യിസ്രായേലിന് ദൈവം കൊടുത്ത ആത്മീക ഉത്തരവാദിത്തങ്ങൾ നിഷേധിക്കയും ചെയ്യുന്നത് ദൈവഹിതമല്ല. ദൈവരാജ്യം അവരുടെ പക്കൽ നിന്നും

എടുത്ത് ജാതികൾക്ക് തന്നിരിക്കുന്നതുകൊണ്ട് അവർക്കു കൊടുത്തിരുന്ന പേരും നമുക്കു ലഭിച്ചിരിക്കുന്നു. അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് എന്നിവർ നമുക്ക് പിതാക്കന്മാരുമായിത്തീർന്നു.

## 2. പുത്രത്വം യിസ്രായേലിനുള്ളത്

പുത്രത്വം ഒരു ബന്ധമാണ്; ഒരു പദവിയുമാണ്. “നിങ്ങൾ നിങ്ങളുടെ ദൈവമായ യഹോവയ്ക്ക് മക്കളാകുന്നു” (ആവ. 14:1). “നീ ഫറവോനോട്: യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു യിസ്രായേൽ എന്റെ പുത്രൻ” (പുറപ്പാട് 4:22). തിരുവചനത്തിന്റെ മറ്റു പല ഭാഗങ്ങളിലും യിസ്രായേൽ ദൈവത്തിന്റെ പുത്രൻ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് അപ്പൊസ്തലൻ പറയുന്നു പുത്രത്വം എന്ന പദവി യിസ്രായേലിന് ഉള്ളത് എന്ന്. ഒരു പിതാവിന് തന്റെ മകൻ ശുശ്രൂഷ ചെയ്യുന്നതുപോലെ ദൈവത്തിനു ശുശ്രൂഷ ചെയ്യുവാൻ ദൈവം യിസ്രായേലിനെ തിരഞ്ഞെടുത്തു. പുത്രത്വം എന്ന പദവിയും കൊടുത്തിരുന്നു. വ്യവസ്ഥകളിന്മേൽ ദൈവം തന്റെ വാഗ്ദത്തങ്ങൾ സ്ഥാപിച്ചിരിക്കുന്നു എന്നത് തിരുവചനത്തിൽ ഉടനീളം കാണുവാൻ സാധിക്കുന്ന ഒരു സത്യമാണ്. യിസ്രായേലിന് ദൈവം “പുത്രൻ” എന്നും ആദ്യജാതൻ എന്നുമുള്ള പദവി ഒരു വ്യവസ്ഥയിന്മേൽ നൽകിയിരുന്നു. “ആകയാൽ നിങ്ങൾ എന്റെ വാക്ക് കേട്ട് അനുസരിക്കയും എന്റെ നിയമം പ്രമാണിക്കയും ചെയ്താൽ നിങ്ങൾ എനിക്ക് സകല ജാതികളിലും വച്ച് ഒരു പ്രത്യേക സമ്പത്തായിരിക്കും. ഭൂമിയൊക്കെയും എനിക്കുള്ളതല്ലോ” (പുറ. 19:5). പിതാവിന്റെ കല്പനകൾ അനുസരിക്കയും ഉടമ്പടി വ്യവസ്ഥകൾ പാലിക്കയും ചെയ്താൽ എന്നു പറയുന്നത് പുത്രത്വത്തോട് ബന്ധിപ്പിച്ചിരുന്നു. യിസ്രായേൽ ഒരു ജനമായിട്ട് വ്യവസ്ഥകൾ പാലിക്കാഞ്ഞതുകൊണ്ട് പുത്രത്വം എന്ന പദവി അവർക്ക് നഷ്ടപ്പെട്ടുപോയി. സേവ ചെയ്‌വാൻ കൊടുത്ത പദവി സേവ ചെയ്യാഞ്ഞതുകൊണ്ട് നഷ്ടപ്പെട്ടുപോയി എന്നു പറയാം. “ദൈവവചനം വ്യർത്ഥമായിപ്പോയി എന്നല്ല; യിസ്രായേലിൽനിന്നു ഉത്ഭവിച്ചവരെല്ലാം യിസ്രായേല്യർ എന്നും അബ്രഹാമിന്റെ സന്തതിയാകയാൽ എല്ലാവരും മക്കൾ എന്നും വരികയില്ല... ജഡപ്രകാരം ജനിച്ച മക്കൾ അല്ല ദൈവത്തിന്റെ മക്കൾ; വാഗ്ദത്തപ്രകാരം ജനിച്ച മക്കളെയത്രെ സന്തതി എന്നു എണ്ണുന്നു” (റോമർ 9:6–8). പ്രവൃത്തിയാലല്ല വിശ്വാസത്താൽ രക്ഷ അന്വേഷിക്കയും അത് ലോകത്തിന് പങ്കുവയ്ക്കുകയും ചെയ്തിരുന്നു എങ്കിൽ അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് എന്നിവരുടെ പാരമ്പര്യത്തെ മക്കൾ എന്ന് എണ്ണുമായിരുന്നു. “നീതിയുടെ പ്രമാണം പിൻതുടർന്ന യിസ്രായേലോ ആ പ്രമാണത്തിങ്കൽ എത്തിയില്ല. അത് എന്തുകൊണ്ട്? വിശ്വാസത്താ

ലല്ല പ്രവൃത്തികളാൽ അന്വേഷിച്ചതുകൊണ്ടുതന്നെ അവർ ഇടർച്ചക്കല്ലിന്മേൽ തട്ടി ഇടറി" (റോമർ 9:31-32). "അതുകൊണ്ട് വിശ്വാസികളത്രേ അബ്രഹാമിന്റെ മക്കൾ എന്നറിവിൻ" (ഗലാ. 3:7).

യിസ്രായേൽ വിശ്വസിക്കാതെ പോയ ഇടത്തിൽ ജാതികൾ വിശ്വസിച്ചതുകൊണ്ട് യിസ്രായേലിന്റെ പുത്രത്വം ഇപ്പോൾ ജാതികൾക്ക് ലഭിച്ചിരിക്കുന്നു. "നിങ്ങൾ എന്റെ ജനം അല്ല എന്ന് അവരോട് പറഞ്ഞ ഇടത്തിൽ അവർ ജീവനുള്ള ദൈവത്തിന്റെ മക്കൾ എന്നു വിളിക്കപ്പെടും" (റോമർ 9:26). പുത്രത്വം അവർക്ക് ഉണ്ടായിരുന്നത് ഇപ്പോൾ ജാതികൾക്ക് ലഭിച്ചിരിക്കുന്നതുകൊണ്ട് "അത് യിസ്രായേലിനു കൊടുത്തതായിരുന്നു" എന്ന് ഇനിയും ആരും പറയാൻ പാടില്ലാത്തതാണ്.

യിസ്രായേൽ പാലിക്കാതെ പോയ നിയമത്തിന്റെ വ്യവസ്ഥകൾ ജാതികൾ പാലിക്കുവാൻ കടപ്പെട്ടിരിക്കുന്നു. യിസ്രായേൽ അനുസരണക്കേടിൽ വീണുപോയ ഇടത്ത് ജാതികൾ ദൈവ കല്പനകൾ അനുസരിക്കുവാൻ കടപ്പെട്ടിരിക്കുന്നു. യിസ്രായേൽ ദൈവത്തിന് ഫലം (ദൈവസ്വഭാവം) കൊടുക്കുവാൻ സാധിക്കാതെപോയ ഇടത്ത് ഫലം കൊടുക്കുവാൻ ജാതികളെ വിളിച്ചിരിക്കുന്നു. യിസ്രായേൽ ദൈവത്തിന്റെ മുന്തിരിത്തോട്ടത്തിൽ അവിശ്വസ്തരായിരുന്നതുകൊണ്ട് അവരെ തോട്ടത്തിൽ നിന്നും ഇറക്കിവിട്ടിട്ട് അതേ മുന്തിരിത്തോട്ടത്തിൽ അതേ വേല ചെയ്യുവാൻ ജാതികളെ തോട്ടം ഏൽപ്പിച്ചിരിക്കുന്നു. അതുകൊണ്ട് "അത് യെഹൂദന് കൊടുത്തതായിരുന്നു" എന്ന് ഇന്നു നാം പറയുന്നത് വഞ്ചനയിൽ അകപ്പെട്ടിരിക്കുന്നതുകൊണ്ടാണ്.

### 3. തേജസ്സ് യിസ്രായേലിനുള്ളത്

പാപം മനുഷ്യനിലേക്ക് കടന്നു വന്നതോടെ മനുഷ്യജാതിക്ക് ദൈവം നൽകിയിരുന്ന തേജസ്സ് നഷ്ടപ്പെട്ടുപോയി. ഏകമനുഷ്യനാൽ പാപം എല്ലാമനുഷ്യനിലും പ്രവേശിച്ചിരിക്കുന്നതുകൊണ്ട് ദൈവതേജസ്സ് ധരിച്ചിരുന്ന മനുഷ്യൻ ഇപ്പോൾ വസ്ത്രം ധരിക്കുന്നു. അതുകൊണ്ട് "തേജസ്സ്" എന്നു പറയുന്നത് ദൈവതേജസ്സാണ്. ദൈവതേജസ്സ് കാണുവാൻ ഭാഗ്യമുണ്ടായത് യിസ്രായേൽ ജനത്തിന് മാത്രമാണ്. മരുഭൂമിയിൽ വെച്ച് യിസ്രായേൽ ജനം ദൈവത്തിന്റെ തേജസ്സ് നേരിൽ കണ്ടിരുന്നു.

### സീനായിമലയിൽ കണ്ട തേജസ്സ്

മിസ്രയീമിന്റെ അടിമത്തത്തിൽ നിന്നും യിസ്രായേലിനെ വിടുവിച്ച ശേഷം സീനായിപർവ്വതത്തിന്റെ അടിവാരത്തിൽ ദൈവം യിസ്രാ

യേലിനെ അല്പകാലം താമസിപ്പിച്ചു. അവിടെ ദൈവം അവർക്ക് പ്രത്യക്ഷനായി; അവർ ദൈവതേജസ്സ് കണ്ടു. ദൈവം മോശെയോട് കല്പ്പിച്ചതിൻപ്രകാരം മോശെ ജനത്തെ ശുദ്ധീകരിച്ചു; അവർ വസ്ത്രം അലക്കി ജഡീകശുദ്ധി വരുത്തി. "മൂന്നാം ദിവസം നേരം വെളുത്തപ്പോൾ ഇടിമുഴക്കവും മിന്നലും പർവ്വതത്തിൽ കാർമേഘവും മഹാഗംഭീരമായ കാഹളധ്വനിയും ഉണ്ടായി; പാളയത്തിലുള്ള ജനം ഒക്കെയും നടുങ്ങി. യഹോവ തീയിൽ സീനായിപർവ്വതത്തിൽ ഇറങ്ങുകയാൽ അതുമുഴുവനും പുകകൊണ്ട് മൂടി. അതിന്റെ പുക തീച്ചൂളയിലെ പുകപോലെ പൊങ്ങി; പർവ്വതം ഒക്കെയും ഏറ്റവും കുലുങ്ങി കാഹളധ്വനി ദീർഘമായി ഉറച്ചുവന്നപ്പോൾ മോശെ സംസാരിച്ചു ദൈവം ഉച്ചത്തിൽ അവനോട് ഉത്തരമരുളി" (പുറ. 19:15,16, 18,19) **തേജസ്സ് യിസ്രായേലിനുള്ളത് എന്ന് അപ്പൊസ്തലൻ പറയുന്നത് ദൈവതേജസ്സ് അവർ മാത്രം കണ്ടതുകൊണ്ടാണ്.** ലോകത്തിലുള്ള മറ്റൊരു ജാതിക്കും ദൈവം നേരിട്ട് ഇറങ്ങിവന്ന് തന്റെ തേജസ്സ് വെളിപ്പെടുത്തിയില്ല. എല്ലാ ജാതിക്കും വേണ്ടുന്ന ആത്മീയ വിശുദ്ധിയും, സ്വഭാവശുദ്ധിയും നിലനിർത്തുന്ന 10 കല്പനയും മറ്റെല്ലാ ധാർമ്മീക മാനദണ്ഡങ്ങളും ദൈവം യിസ്രായേലിനെ ഏൽപ്പിച്ചു; അവരിൽ കൂടി കല്പനകളും ന്യായപ്രമാണവും ഇന്ന് ലോകത്തിന് ലഭിച്ചിരിക്കുന്നു, അതുകൊണ്ട് ദൈവം യിസ്രായേലിന് കൊടുത്തത് ജാതികളും മറ്റാരും ത്യജിക്കാൻ പാടില്ലാത്തതാണ്. യിസ്രായേലിന് ദൈവം വെളിപ്പെടുത്തിയ തേജസ്സ് ജാതികൾ നിഷേധിക്കുന്നു എങ്കിൽ ജാതികൾ അന്ധകാരത്തിൽ അവശേഷിക്കും. ജാതികൾക്ക് ലഭിച്ചിരിക്കുന്ന ദൈവതേജസ്സിന്റെ പരിജ്ഞാനം യിസ്രായേലിനു ദൈവം വെളിപ്പെടുത്തിയതുകൊണ്ട് അപ്പൊസ്തലൻ പറയുന്നു "തേജസ്സ്" യിസ്രായേലിനുള്ളത് എന്ന്.

### കൂടാരത്തെ നിറച്ച തേജസ്സ്

മോശെ സമാഗമനകൂടാരം ക്രമീകരിച്ചു കഴിഞ്ഞപ്പോൾ ജനം കാൺകെ ദൈവതേജസ്സ് സമാഗമനകൂടാരത്തെ മൂടി. "അപ്പോൾ മേഘം സമാഗമനകൂടാരത്തെ മൂടി, യഹോവയുടെ തേജസ്സ് തിരുനിവാസത്തെ നിറെച്ചു. മേഘം സമാഗമനകൂടാരത്തിന്മേൽ അധിവസിക്കയും യഹോവയുടെ തേജസ്സ് തിരുനിവാസത്തെ നിറെക്കയും ചെയ്തതുകൊണ്ട് മോശെക്കു അകത്ത് കടപ്പാൻ കഴിഞ്ഞില്ല. യിസ്രായേൽ മക്കൾ തങ്ങളുടെ സകല പ്രയാണങ്ങളിലും മേഘം തിരുനിവാസത്തിന്മേൽ നിന്നു ഉയരുംനാൾ വരെ യാത്രപുറപ്പെടാതിരിക്കും. യിസ്രായേല്യരുടെ സകല പ്രയാണങ്ങളിലും അവരെല്ലാവരും കാൺകെ പകൽ സമയത്ത്

തിരുനിവാസത്തിന്മേൽ യഹോവയുടെ മേഘവും രാത്രി സമയത്ത് അതിൽ അഗ്നിയും ഉണ്ടായിരുന്നു" (പുറ. 40:34-38). ഇതുപോലെ ദൈവ തേജസ്സ് ലോകത്തിൽ മറ്റാർക്കും പ്രത്യക്ഷപ്പെട്ടില്ല. തിരുവചനത്തിന്റെ മറ്റ് പല ഭാഗങ്ങളിലും ദൈവതേജസ്സ് യിസ്രായേലിന് വെളിപ്പെട്ടതായി രേഖപ്പെടുത്തിയിരിക്കുന്നു. ജാതികളായ റോമാസഭയോട് പൗലൊസ് പറയുന്നു: "തേജസ്സ്" അവർക്കുള്ളത് എന്ന്. ഇന്ന് ലോകത്തോട് പ്രസം ഗിക്കുന്ന ദൈവതേജസ്സ് ആദ്യമായി യിസ്രായേലിന് വെളിപ്പെടുകയും അവരിൽ നിന്നു ലോകത്തിന് ലഭിക്കുകയും ചെയ്തു. യെഹൂദന് കൊടു ത്തത് ജാതികൾ നിഷേധിക്കുന്നതെങ്ങനെ?

### ക്രിസ്തുവാകുന്ന ദൈവതേജസ്സ്

ദൈവം ജഡാവതാരം ചെയ്തു ഭൂമിയിൽ വന്ന വ്യക്തിയാണ് കർത്താവായ യേശു. "വചനം ജഡമായി തീർന്നു; കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്നും ഏകജാതനായവന്റെ തേജസ്സായികണ്ടു" (യോഹ. 1:14). മറുരൂപമലയിൽ ദൈവതേജസ്സ് കണ്ടതും യെഹൂദന്മാരായിരുന്നു (മത്താ. 17:2). എല്ലാ ദൈവ വെളിപ്പാടുകളും (കാഴ്ചകളും, കേൾവി കളും) യെഹൂദന്മാർക്കാണ് ലഭിച്ചത്. അതുകൊണ്ട് പൗലൊസ് പറ യുന്നു തേജസ്സ് യെഹൂദന്മാർക്ക് ഉള്ളത് എന്ന്. അവർക്ക് ലഭിച്ചതാണ് ഇന്ന് ലോകത്തിന് പകർന്ന് കിട്ടിയിരിക്കുന്നത്. യെഹൂദന് ദൈവം കൊടുത്തത് ജാതികൾ നിഷേധിക്കുന്നു എങ്കിൽ ഇന്നത്തെ ക്രിസ്ത്യാ നിത്വം വെറുമയിൽ അവസാനിക്കും.

### 4. നിയമങ്ങൾ യെഹൂദനുള്ളത്

നിയമങ്ങൾ എന്നു പറയുമ്പോൾ ഉടമ്പടികൾ എന്നാണ് അർത്ഥ മാകുന്നത്. വാഗ്ദത്ത ഉടമ്പടികൾ എല്ലാം ദൈവം ചെയ്തിരിക്കുന്നത് യെഹൂദന്മാരുമായിട്ടാണ്. പഴയനിയമം ദൈവം യെഹൂദന്മാരുമായി ചെയ്തിരുന്നു; പുതിയനിയമവും യെഹൂദന്മാരുമായിത്തന്നെ ചെയ്തു. "ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹൂദാഗൃഹത്തോടും പുതി യോരു നിയമം ചെയ്യുന്ന കാലം വരും എന്ന് യഹോവയുടെ അരുള പ്പാട്" (യിരെ. 33:31). പുതിയനിയമം ജാതികളുമായി ചെയ്തു എന്ന് തിരുവചനം പഠിപ്പിക്കുന്നില്ല. ജാതികളെ സംബന്ധിച്ചിടത്തോളം നിയ മത്തെപ്പറ്റി പറയുന്നത്: "അക്കാലത്ത് നിങ്ങൾ ക്രിസ്തുവിനെ കൂടാതെ യുള്ളവരും യിസ്രായേൽ പൗരതയോട് സംബന്ധമില്ലത്തവരും **വാഗ്ദ ത്തത്തിന്റെ നിയമങ്ങൾക്ക് അന്യരും പ്രത്യാശയില്ലാത്തവരും ലോക**

**ത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്നു ഓർത്തുകൊൾവിൻ"** (എഫെ. 2:12). ഇന്ന് ജാതികൾ, യിസ്രായേലിനു ദൈവം കൊടുത്തിരുന്ന വാഗ്ദത്തത്തിന്റെ നിയമങ്ങൾക്ക് പങ്കാളികൾ ആയിത്തീർന്നിരിക്കുന്നു. ജാതികൾക്ക് പ്രത്യേകിച്ച് ഒരു നിയമം ഇല്ല എങ്കിൽ പഴയ നിയമം യെഹൂദനും പുതിയനിയമം ജാതികൾക്കും എന്ന് ചിലർ പറയുന്നത് എങ്ങനെ? യിസ്രായേൽ പൗരത്വത്തോട് ബന്ധമില്ലാതിരുന്ന ജാതികളെ യിസ്രായേൽ പൗരത്വത്തോട് ഒട്ടിച്ച് ചേർത്ത് ഫലപ്രദമായ വേരിന് പങ്കാളികളായിത്തീർത്തു എങ്കിൽ നിയമങ്ങൾ യെഹൂദന് ഉള്ളത് എന്നു പറഞ്ഞ് യെഹൂദന് കൊടുത്ത നിയമങ്ങൾ ഇന്ന് ചിലർ ഉപേക്ഷിക്കുന്നതെങ്ങനെ?

"ആകയാൽ നിങ്ങൾ എന്റെ വാക്ക് കേട്ട് അനുസരിക്കയും എന്റെ നിയമം പ്രമാണിക്കയും ചെയ്താൽ നിങ്ങൾ എനിക്കു സകല ജാതികളിലും വെച്ച് പ്രത്യേക സമ്പത്ത് ആയിരിക്കും. ഭൂമി ഒക്കെയും എനിക്കുള്ളതല്ലോ" (പുറ.19:5). ഈ ഉടമ്പടി വ്യവസ്ഥയിലേക്കാണ് ജാതികൾ ഇന്ന് പ്രവേശിച്ചിരിക്കുന്നത്. അതുകൊണ്ട് **ജാതികളെ സംബന്ധിച്ച്** അപ്പൊ. പത്രൊസ് പറയുന്നു: "നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും സ്വന്ത ജനവുമാകുന്നു. മുമ്പെ നിങ്ങൾ ജനമല്ലാത്തവർ; ഇപ്പോഴോ ദൈവത്തിന്റെ ജനം, കരുണ ലഭിക്കാത്തവർ, ഇപ്പോഴോ കരുണ ലഭിച്ചവർതന്നേ" (1 പത്രൊസ് 2:9,10). യിസ്രായേലിന് ദൈവം കൊടുത്തിരുന്ന പദവിയും, പേരും വാഗ്ദത്ത ഉടമ്പടികളും ജാതികൾക്ക് ലഭിച്ചിരിക്കുന്നു എങ്കിൽ അത് യെഹൂദന് കൊടുത്തതായിരുന്നു എന്ന് പറഞ്ഞ് ജാതികൾ യെഹൂദന് കൊടുത്തത് നിഷേധിക്കുന്നതെങ്ങനെ? പഴയനിയമം കാളകളുടെയും ആട്ടുകൊറ്റന്മാരുടെയും രക്തത്താൽ ഉറപ്പിച്ചതുപോലെ പുതിയനിയമം ക്രിസ്തുവിന്റെ രക്തത്താൽ ഉറപ്പ് വരുത്തി. ഒരിക്കൽ ഉറപ്പുവരുത്തിയ നിയമം മാറുന്നില്ലെന്ന് തിരുവചനം പറയുന്നതുകൊണ്ട് നിയമം മാറി പോയി എന്ന് ആരും പറയാൻ പാടില്ലാത്തതാണ്. നിഴലായിരുന്ന രക്തം പൊരുളായിരിക്കുന്ന രക്തത്തിൽ പൂർത്തീകരണം കണ്ടെത്തി. വിശ്വാസത്താലുള്ള നീതീകരണം എന്ന അടിസ്ഥാന തത്വത്തിന് നീക്കം വന്നിട്ടില്ല. "സഹോദരന്മാരേ, ഞാൻ മനുഷ്യരുടെ ഇടയിൽ നടപ്പുള്ള ഒരു ദൃഷ്ടാന്തം പറയാം: ഒരു മനുഷ്യന്റെ നിയമം ആയാലും അതിനു ഉറപ്പു വന്നശേഷം ആരും ദുർബ്ബലമാക്കുകയോ അതിനോടു വല്ലതും കൂട്ടി

കല്പിക്കയോ ചെയ്യുന്നില്ല. എന്നാൽ അബ്രഹാമിനും അവന്റെ സന്തതിക്കും വാഗ്ദത്തങ്ങൾ ലഭിച്ചു. സന്തതികൾക്കും എന്ന് അനേകരെക്കുറിച്ചല്ല, നിന്റെ സന്തതിക്കും എന്നു ഏകനെക്കുറിച്ചത്രേ പറയുന്നത്, അതു ക്രിസ്തുതന്നെ" (ഗലാ. 3:15-16). മനുഷ്യന്റെ നിയമത്തിന് ഉറപ്പുവരുത്തിയതിനുശേഷം മാറ്റം വരുന്നില്ലെങ്കിൽ ദൈവത്തിന്റെ നിയമത്തിന് അശേഷം മാറ്റം വന്നുകൂടാ എന്നാണ് പൗലൊസ് പറയുന്നത്. ക്രിസ്തുവിൽകൂടി മാത്രം രക്ഷ എന്ന നിയമം അബ്രഹാമുമായി ദൈവം ഉറപ്പിക്കയും പിന്നീട് തന്റെ സന്തതിയാകുന്ന യിസ്രായേലുമായി പുതുക്കി സ്ഥാപിക്കുകയും ചെയ്തതുകൊണ്ട് നിയമം യെഹൂദനുള്ളത് എന്ന് അപ്പൊസ്തലൻ പറയുന്നു; അത് എല്ലാവർക്കും വിശ്വാസയോഗ്യമായിരിക്കേണ്ടതാണ്. യെഹൂദനുമായി ദൈവം ഉറപ്പാക്കിയ നിയമം ഇന്ന് ജാതികൾക്ക് ലഭിച്ചിരിക്കുന്നതു കൊണ്ട് "അത് യെഹൂദനു കൊടുത്തതായിരുന്നു" എന്ന് ആരും പറയാൻ പാടില്ലാത്തതാണ്. യെഹൂദനുമായി ചെയ്ത ഒരു നിയമമല്ലാതെ വേറെ നിയമം ഇല്ലാത്തതുകൊണ്ട് ജാതികൾ നിയമത്തിന് ആരെ സമീപിക്കും?

### 5. ന്യായപ്രമാണം യെഹൂദനുള്ളത്

ദൈവത്തിന്റെ അരുളപ്പാടുകളെ ആകമാനമായിട്ടും ഭാഗീകമായിട്ടും ന്യായപ്രമാണങ്ങൾ എന്ന് തിരുവചനം വിശേഷിപ്പിക്കുന്നു. ദൈവത്തിന്റെ ന്യായപ്രമാണങ്ങൾ എല്ലാം ഏറ്റുവാങ്ങിയത് യെഹൂദന്മാരാണ്. ജാതികൾക്ക് ദൈവം ന്യായപ്രമാണം തന്നിട്ടില്ല. ദൈവം തന്റെ അരുളപ്പാടുകൾ പകർന്നു കൊടുത്ത എല്ലാ പ്രവാചകന്മാരും യെഹൂദന്മാരായിരുന്നു. ആത്മീക ജീവിതത്തിന്റെ മാനദണ്ഡമാകുന്ന ന്യായപ്രമാണം യെഹൂദന്റെ പക്കൽ ഏൽപ്പിച്ചിട്ട് ദൈവം യെശയ്യാപ്രവാചകൻ മുഖാന്തരം അരുളിച്ചെയ്യുന്നത്: "എഴുന്നേറ്റ് പ്രകാശിക്ക; നിന്റെ പ്രകാശം വന്നിരിക്കുന്നു യഹോവയുടെ തേജസ്സും നിന്റെ മേൽ ഉദിച്ചിരിക്കുന്നു. അന്ധകാരം ഭുമിയേയും കൂരിരുട്ട് ജാതികളെയും മൂടുന്നു. നിന്റെ മേലോ യഹോവ ഉദിക്കും. അവന്റെ തേജസ്സും നിന്റെമേൽ പ്രത്യക്ഷമാകും. ജാതികൾ നിന്റെ പ്രകാശത്തിലേക്കും രാജാക്കന്മാർ നിന്റെ ഉദയശോഭയിലേക്കും വരും" (യെശ. 60:1-3). യഹോവയുടെ ന്യായപ്രമാണത്തെ വെളിച്ചം എന്ന് അർത്ഥമാക്കുന്നു. "നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്കു പ്രകാശവും ആകുന്നു" (സങ്കീർത്തനങ്ങൾ 119:105). "നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു" (മത്തായി 5;14) എന്ന് പറഞ്ഞിരിക്കുന്നതും യെഹൂദന്മാരോടാണ്. ന്യായപ്രമാണം ലോകത്തിന്റെ വെളിച്ചമാണ്; അത് യെഹൂദന്റെ പക്കൽ

ഏല്പിച്ചിരുന്നു. ജാതികളെ സംബന്ധിച്ചിടത്തോളം അവർ ഇരുട്ടിലുള്ളവരാണ്. യെഹൂദന് കൊടുത്തിരുന്ന ന്യായപ്രമാണമാകുന്ന വെളിച്ചത്തിലേക്ക് ഇന്ന് ജാതികൾ വന്നിരിക്കുന്നു. ഇത് ദൈവനിയോഗമാണ്.

ന്യായപ്രമാണം ഇല്ലാത്ത ഒരു സമൂഹത്തെ സങ്കല്പിക്കുക, കൃപ ധാരാളം ഉണ്ട് എന്നും സങ്കല്പിക്കുക. ന്യായപ്രമാണമാണല്ലോ ഒരു ക്രിയയെ തെറ്റോ ശരിയോ എന്ന് വിധികല്പിക്കുന്നത്. കൃപ ധാരാളമായി ഉള്ളതുകൊണ്ട് ശിക്ഷനടപ്പാക്കുവാനും സാദ്ധ്യമല്ല. ഒരു സഭയിൽ ഒരു **വൈദീകൻ** പ്രസംഗവേളയിൽ, ഇപ്രകാരം പറയുന്നു എന്നിരിക്കട്ടെ: "നാം ന്യായപ്രമാണത്തിൻ കീഴിലല്ല കൃപയ്ക്ക് അധീനരായിരിക്കയാൽ സ്തോത്രം". പിറ്റേ ദിവസം കുടിയന്മാർ **വൈദീകന്റെ** വീട്ടിൽ കടന്ന് ബലാൽക്കാരമായി ഭാര്യയെയും മകളെയും അപമാനിച്ചു എന്നു കരുതുക. **വൈദീകന്** യാതൊരു പരാതിയും ഉണ്ടാകാൻ പാടില്ലാത്തതാണ്. "...മനുഷ്യൻ വിതെക്കുന്നതു തന്നേ കൊയ്യും" (ഗലാത്യർ 6:7). ന്യായപ്രമാണം നീങ്ങിപ്പോയി എന്ന് നാം വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതുകൊണ്ട് പ്രത്യേകിച്ച് ഈ അവസാന കാലത്ത് ലോകം അധർമ്മം കൊയ്യുന്നു. "അത് യെഹൂദന് കൊടുത്തതായിരുന്നു" അതുകൊണ്ട് കല്പനയും ന്യായപ്രമാണവും നമുക്കുവേണ്ട എന്നു പറഞ്ഞാൽ അധർമ്മം ഭൂമിയിൽ നടമാടും.

### 6. ആരാധന യിസ്രായേലിനുള്ളത്

ദൈവത്തെ എപ്രകാരം സമീപിക്കണമെന്നും ദൈവത്തിന് എപ്രകാരം ശുശ്രൂഷ ചെയ്യണമെന്നും എപ്രകാരം വഴിപാടുകൾ അർപ്പിക്കണമെന്നും ഉള്ള നിബന്ധനകൾ യെഹൂദന്മാരുടെ പക്കൽ ഏല്പിച്ചു. "യഹോവ പിന്നെയും മോശെയോട് അരുളിച്ചെയ്തതു എന്തെന്നാൽ" എന്ന് അദ്ധ്യായങ്ങൾ ആരംഭിച്ചിട്ട് ദൈവത്തിന്റെ നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ഇന്ന് ക്രിസ്തീയ സഭകൾ അർപ്പിക്കുന്ന ദശാംശവും സ്വമേധാവഴിപാടുകളും, യെഹൂദാ പാരമ്പര്യത്തിന്റെ തുടർച്ചയാണ്. ക്രിസ്തീയ ആരാധനയുടെ ഒരു പ്രധാന ഘടകമായിരിക്കുന്ന കർത്തൃമേശ യെഹൂദാ ആചാരത്തിന്റെ തുടർച്ചയാണ്. കർത്താവായ യേശു പെസഹാ തിരുവത്താഴമായി ഏല്പിച്ചു തന്നു. യെഹൂദന്മാരുടെ ആരാധനയുടെ ഒരു പ്രധാന ഭാഗമായിരുന്ന യാഗങ്ങൾ എല്ലാം ഈ ശുശ്രൂഷയിൽ സംക്ഷിപ്തമായിരിക്കുന്നു. തിരുവചനത്തിൽ നിന്നും നിയോഗിക്കപ്പെട്ട ഒരു വേദഭാഗം വായിക്കുന്നത് ഇന്ന് ആരാധനയുടെ ഒരു ഭാഗമാണ്; ഇതും യെഹൂദാ ആരാധനയുടെ ഭാഗമായിരുന്നു.

"അവൻ വളർന്ന നസറേത്തിൽ വന്നു; ശബ്ബത്തിൽ തന്റെ പതിവു പോലെ പള്ളിയിൽ ചെന്നു വായിപ്പാൻ എഴുന്നേറ്റുനിന്നു യെശയ്യാപ്രവാചകന്റെ പുസ്തകം അവനു കൊടുത്തു; അവൻ പുസ്തകം വിടർത്തി" (ലൂക്കൊസ് 4:16,17). പാട്ട് പാടി ദൈവത്തെ സ്തുതിക്കുന്നത് ക്രിസ്തീയ ആരാധനയുടെ ഭാഗമാണ്. സങ്കീർത്തനങ്ങൾ പാടി ദൈവത്തെ സ്തുതിക്കുന്നത് യെഹൂദന്മാരുടെയും ആരാധനയുടെ ഭാഗമായിരുന്നു. ഇവയെല്ലാം നാം ഇന്നു ക്രിസ്തീയ ആരാധനയിലും കാണുന്നു.

സൃഷ്ടിപ്പ് പൂർത്തിയായതോടെ ആരാധനയ്ക്ക് ദൈവം ശബ്ബത്ത് വേർതിരിച്ചു (ഉല്പത്തി 2:1-3). ഏതാണ്ട് രണ്ടായിരത്തി അഞ്ഞൂറു വർഷങ്ങൾക്കുശേഷം യെഹൂദന്മാർ അത് ഏറ്റ് വാങ്ങി. ക്രിസ്തീയ സഭ രൂപീകരിക്കപ്പെട്ടപ്പോൾ ശബ്ബത്ത് ആരാധന ദിവസമായി ക്രിസ്ത്യാനികൾ ആചരിച്ചു. അപ്പൊസ്തലന്മാർ യെരുശലേം ദൈവാലയത്തിലും സിനഗോഗുകളിലും ആരാധന തുടർന്നു. ഈ രണ്ട് സ്ഥലങ്ങളിലും ആരാധന ശബ്ബത്തു ദിവസത്തിൽ തുടർന്നു പോന്നു. അപ്പൊ. പൗലൊസ് ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാൻ അവരെ തേടി സിനഗോഗുകളിൽ പോയിരുന്നു. "ഞാൻ എല്ലാപള്ളികളിലും (സിനഗോഗുകളിലും) അവരെ പലപ്പോഴും പീഡിപ്പിച്ചുകൊണ്ട് ദൂഷണം പറവാൻ നിർബ്ബന്ധിക്കയും അവരുടെ നേരെ അത്യന്തം ഭ്രാന്ത് പിടിച്ച് അന്യപട്ടണങ്ങളോളം ചെന്ന് അവരെ ഉപദ്രവിക്കുകയും ചെയ്തു" (അപ്പൊ. പ്രവൃ. 26:11). കർത്താവായ യേശു ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം ഉയർത്തെഴുന്നേറ്റതുകൊണ്ട് ആ ദിവസം ആരാധനാദിവസവും വിശുദ്ധ ദിവസവുമായി മാറി എന്ന് തിരുവചനത്തിൽ ഒരു രേഖയുമില്ല. **ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം ക്രിസ്ത്യാനികൾ ആരാധനയ്ക്ക് കൂടി വന്നിരുന്നു എങ്കിൽ പൗലൊസ് ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാൻ ശബ്ബത്ത് ആചരിച്ചിരുന്ന സിനഗോഗുകളിൽ പോയത് സാമാന്യയുക്തിക്ക് യോജിക്കുന്നതല്ല.**

ഇന്ന് ക്രിസ്തീയ ആരാധനയുടെ ഭാഗമാണ് പ്രസംഗം. ഇതും യെഹൂദന്മാരുടെ ആരാധനയുടെ ഭാഗമായിരുന്നതാണ്. അപ്പൊ. പൗലൊസ് അന്ത്യോക്യയിൽ എത്തിയതിനുശേഷം ശബ്ബത്ത് നാളിൽ പള്ളിയിൽ ആരാധനയിൽ പങ്കുകൊണ്ടു. പള്ളിയിൽ ആരാധനയ്ക്ക് വന്നിരുന്നവർ "യിസ്രായേൽ പുരുഷന്മാരും ദൈവഭക്തന്മാരും" (ജാതികൾ/gentiles) ആയിരുന്നു എന്ന് പ്രവൃത്തികൾ 13:16-ാം വാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. "ന്യായപ്രമാണവും പ്രവാചക പുസ്തകങ്ങളും വായിച്ചു തീർന്നപ്പോൾ പള്ളിപ്രമാണികൾ അവരുടെ അടുക്കൽ ആളയച്ചു: സഹോദരന്മാരേ, നിങ്ങൾക്കു ജനത്തോട് പ്രബോധനം

വല്ലതും ഉണ്ടെങ്കിൽ പറവിൻ എന്നു പറയിച്ചു" (അപ്പൊ. പ്രവൃ. 13:15). 16-ാം വാക്യം മുതൽ പൗലൊസിന്റെ പ്രസംഗം രേഖപ്പെടുത്തിയിരിക്കുന്നു. പൊതുവായി ഇന്നത്തെ ക്രിസ്തീയ ആരാധനയുടെ ക്രമീകരണം നോക്കുമ്പോൾ, പ്രാർത്ഥന, പാട്ട്, വചനപാരായണം, വഴിപാടുകൾ അർപ്പിക്കൽ, പ്രസംഗം, ആശീർവാദം, ആരാധനയ്ക്കായിട്ട് വേർതിരിക്കപ്പെട്ട ഒരു ദിവസം മുതലായ എല്ലാക്രമീകരണങ്ങളും യെഹൂദന്മാർക്ക് കൊടുത്ത ആരാധനയുടെ തുടർച്ചയാണ് എന്ന് കാണുവാൻ സാധിക്കുന്നു. ആരാധനയുടെ ക്രമീകരണങ്ങൾ ദൈവം യെഹൂദന്മാരുടെ പക്കൽ ഏൽപ്പിച്ചതുകൊണ്ട് ആരാധന യിസ്രായേലിനുള്ളത് എന്ന് അപ്പൊ. പൗലൊസ് പറയുന്നു. യിസ്രായേലിന് ദൈവം കൊടുത്തത് ജാതികൾ നിഷേധിക്കുന്നു എങ്കിൽ ജാതികൾക്ക് സ്വേച്ഛാരാധന മാത്രം അവശേഷിക്കുന്നു. ഇന്നത്തെ ക്രിസ്ത്യാനികൾ യെഹൂദന് കൊടുത്തത് നിഷേധിക്കുന്നതുകൊണ്ട് മനുഷ്യകല്പനപ്രകാരം ഞായറാഴ്ച വിശുദ്ധ ദിവസമായിട്ട് ആചരിക്കുന്നു. ശിശുസ്നാനം സ്വീകരിച്ചിരിക്കുന്നു, ദശാംശം ഉപേക്ഷിച്ചിരിക്കുന്നു, മനുഷ്യ മദ്ധ്യസ്ഥന്മാരോട് പ്രാർത്ഥിക്കുന്നു, ജാതികളിൽനിന്നും കടമെടുത്ത ക്രിസ്തുമസ്സ് ആചരിക്കുന്നു, മുഹൂർത്തം നോക്കുന്നു, ഇങ്ങനെ പട്ടിക നീണ്ടുപോകുന്നു. ആരാധനയും അതിന്റെ ദൈവനിയോഗമായ ശബ്ബത്തും മറ്റെല്ലാ ആരാധന ക്രമീകരണങ്ങളും യെഹൂദന്റെ പക്കൽനിന്നും ജാതികൾ ഏറ്റുവാങ്ങി ദൈവത്തെ ആരാധിക്കേണ്ടതാണ്. ആരാധന യെഹൂദനുള്ളതാണ് എന്ന് അപ്പൊ. പൗലൊസ് പറയുന്നു: സത്യത്തിലും ആത്മാവിലുമുള്ള ആരാധന ദൈവം യെഹൂദന്റെ പക്കൽ ഏല്പിച്ചിരുന്നു. "എന്റെ ആലയം സകല ജാതികൾക്കും ഉള്ള പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടും" (യെശയ്യാവ് 56:7). യെരുശലേം ദൈവാലയത്തിൽ യെഹൂദന്മാരും സകലജാതികളും ചേർന്നുവന്ന് ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കണം എന്നുള്ളതായിരുന്നു ദൈവനിയോഗം. "തന്നെ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കേണമെന്ന് പിതാവ് ഇച്ഛിക്കുന്നു". പിതാവിന്റെ ഹിതപ്രകാരം പഴയനിയമ വിശ്വാസവീരന്മാർ യെരുശലേം ദൈവാലയത്തിലും സിനഗോഗുകളിലും ആരാധന കഴിച്ചുപോന്നു. യേശു തന്നെയും പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച് സത്യത്തിലും ആത്മാവിലുമുള്ള ആരാധനയ്ക്ക് മാതൃക കാണിച്ചിരിക്കുന്നു. ആരാധന യിസ്രായേലിനുള്ളത് എന്ന് അപ്പൊസ്തലനായ പൗലൊസ് പറയുന്നത് സത്യത്തിലും ആത്മാവിലും ഉള്ള ആരാധനയെ സംബന്ധിച്ചാണ്. ദൈവം യിസ്രായേലിനെ ഏല്പിച്ചിരുന്ന ആരാധനയിലേക്ക് എല്ലാ ജാതികളെയും ദൈവം ആഹ്വാനം ചെയ്യുന്നു.

### ആത്മാവിലുള്ള ആരാധന

യോഹന്നാന്റെ സുവിശേഷം 4:23,24 വാക്യങ്ങൾ ആത്മാവിലുള്ള ആരാധനയ്ക്ക് ഉദാഹരണമായി ഉദ്ധരിച്ച് കേൾക്കാറുണ്ട്. “ആത്മാവിലുള്ള ആരാധന” എന്താണ് എന്ന് ഈ വേദഭാഗം പഠിപ്പിക്കുന്നു. “സത്യനമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു. തന്നെ നമസ്ക്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കേണമെന്ന് പിതാവ് ഇച്ഛിക്കുന്നു. ദൈവം ആത്മാവാകുന്നു; അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കേണം” (യോഹന്നാൻ 4:23,24). ആരാധനയെ സംബന്ധിച്ചിടത്തോളം ചില തെറ്റിദ്ധാരണകൾ ഇന്ന് ക്രിസ്തീയ സമൂഹത്തിൽ കാണുന്നു. ഒരു പ്രത്യേക സമയത്ത് പരിശുദ്ധാത്മാവ് ഒരുവനിലേക്ക് പ്രവേശിക്കുകയും അപ്പോൾ ഉണ്ടാകുന്ന പ്രകടനമാണ് ആത്മാവിലുള്ള ആരാധനയുടെ തെളിവ് എന്നാണ് പരക്കെയുള്ള ധാരണ. “ആത്മാവിലുള്ള ആരാധന” എന്നതിനെ സംബന്ധിച്ച്  യോഹന്നാൻ 4:23,24 വാസ്തവത്തിൽ എന്തു പറയുന്നുവെന്ന് പഠിക്കാം. ഇംഗ്ലീഷ് ഭാഷയിൽ എപ്രകാരം പരിഭാഷപ്പെടുത്തിയിരിക്കുന്നു എന്ന് താരതമ്യപ്പെടുത്തുന്നത് പ്രയോജനകരമായിരിക്കും. "But the hour cometh and now is, when the true worshippers shall worship the Father in spirit and in truth; for the Father seeketh such to worship him" ( John 4:23,24, KJV). ആത്മാവിലും സത്യത്തിലും ഉള്ള ആരാധനയ്ക്കായിട്ട് ഒരു ഭാവികാലത്തേക്ക് നോക്കിപ്പാർക്കേണ്ടതില്ല. “ഇപ്പോൾ വന്നുമിരിക്കുന്നു” (now is) എന്നാണ് കർത്താവ് പറയുന്നത്. ആത്മാവിലുള്ള ആരാധന ദൈവം യിസ്രായേലിനു കൊടുത്തിരുന്നത് അവർ അധരങ്ങളുടെ ആരാധനയായി മാറ്റിക്കളഞ്ഞു. “ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ട് അകന്നിരിക്കുന്നു” (മത്തായി 15:8). ആത്മാവിലുള്ള ആരാധന നഷ്ടപ്പെട്ടുപോയത് യഥാസ്ഥാനപ്പെടുത്തുവാൻ പോകുന്നതുകൊണ്ട് “നാഴിക വരുന്നു” എന്നും കർത്താവ് പറയുന്നു. ആത്മാവിൽ ആരാധിക്കുക എന്നത് ആശയക്കുഴപ്പം വരുത്തിയിരിക്കുന്നു. ആത്മാവ് എന്ന വാക്ക് മൂന്നു വിധത്തിൽ തിരുവചനം പ്രതിപാദിക്കുന്നു; ഒന്ന് പരിശുദ്ധാത്മാവ്, രണ്ട് മനുഷ്യനിലുള്ള മനുഷ്യാത്മാവ്, മൂന്ന് അശുദ്ധാത്മാവ്. പരിശുദ്ധാത്മാവിനെയാണോ, മനുഷ്യാത്മാവിനെയാണോ യോഹന്നാൻ 4:23,24 എന്നീ വാക്യങ്ങളിൽ കർത്താവ് അർത്ഥമാക്കുന്നത് എന്നു തിരിച്ചറിയുവാൻ സാധിച്ചാൽ ആശയക്കുഴപ്പം നീങ്ങിക്കിട്ടും. വിശേഷിച്ച് ദൈവത്തിന്റെ നാമത്തെ പ്രതിനിധീകരിക്കുന്ന വാക്കുകൾ എഴു

തുമ്പോൾ ഇംഗ്ലീഷിൽ വലിയ അക്ഷരം ഉപയോഗിക്കുന്നു (Capital letters). ഉദാഹരണമായി ദൈവം (God) എന്ന വാക്ക് ഉപയോഗിക്കുമ്പോൾ "G" വലിയ അക്ഷരത്തിൽ എഴുതുന്നു (God). ഇത് സർവ്വശക്തനായ സ്രഷ്ടാവിനെ സൂചിപ്പിക്കുന്നു. മറ്റ് ദൈവങ്ങളെ ഉദ്ദേശിക്കുമ്പോൾ ചെറിയ അക്ഷരം "g" എഴുതുന്നു (god). ഇത് ഒരു സാധാരണ തത്വമാണ്. പേരുകൾ എഴുതുമ്പോൾ വലിയ അക്ഷരം (Capital Letter) എഴുതണം എന്നുള്ളത് ഒരു പൊതുവായ തത്വമാണ്. ത്രിത്വത്തിലെ ആത്മാവിനെ ഉദ്ദേശിക്കുമ്പോൾ വലിയ അക്ഷരം "S" (Spirit) ഉപയോഗിക്കുന്നു. വെളിപ്പാട് 1:10 ഒരു ഉദാഹരണമാണ് (I was in the Spirit on the Lord's day....). ഇവിടെ "S" എന്ന അക്ഷരവും "L" എന്ന അക്ഷരവും വലിയ അക്ഷരത്തിൽ എഴുതിയിരിക്കുന്നു. രണ്ടും ദൈവത്തെ സൂചിപ്പിക്കുന്നു. എന്നാൽ മലയാളത്തിൽ ഇങ്ങനെ ഒരു വ്യത്യാസം കാണുന്നില്ല. യോഹന്നാൻ 4:23,24 എന്നീ വാക്യങ്ങളിൽ ആത്മാവ് എന്ന വാക്ക് പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു എങ്കിൽ വലിയ അക്ഷരം (S) ഉപയോഗിക്കേണ്ടതാണ്; കാരണം പരിശുദ്ധാത്മാവ് ദൈവത്രിത്വത്തിലെ ഒരു വ്യക്തിയാണ്. എന്നാൽ യോഹന്നാൻ 4:23,24 എന്നീ വാക്യങ്ങളിൽ ആത്മാവ് എന്ന വാക്ക് ചെറിയ അക്ഷരം "s" ൽ എഴുതിയിരിക്കുന്നു. (worship the Father in sprit and in truth) മനുഷ്യന്റെ ആത്മാവിനെ സൂചിപ്പിക്കുന്നതുകൊണ്ടാണ് ചെറിയ അക്ഷരം "s" എഴുതിയിരിക്കുന്നത്. എന്നു പറഞ്ഞാൽ മനുഷ്യൻ “തന്റെ ആത്മാവിൽ” ദൈവത്തെ ആരാധിക്കണം എന്നാണ് തിരുവചനം അർത്ഥമാക്കുന്നത്. റോമർക്ക് ലേഖനം എഴുതിയപ്പോൾ അപ്പൊ. പൗലൊസ് അവരോട് പറയുന്നത് “ഞാൻ **എന്റെ** ആത്മാവിൽ (with my spirit) ആരാധിക്കുന്ന ദൈവം സാക്ഷി എന്നാണ്” (റോമർ 1:10). അപ്പൊസ്തലനായ പൗലൊസ് പറയുന്നത് ഞാൻ ഹൃദയ പരമാർത്ഥതയിൽ ആരാധിക്കുന്ന ദൈവം സാക്ഷി എന്നാണ്. അതുപോലെ യോഹന്നാൻ 4:23,24 എന്നീ വാക്യങ്ങളിൽ പറയുന്നത് പിതാവിനെ ആത്മാവിലും സത്യത്തിലും (ഹൃദയ പരമാർത്ഥതയിലും സത്യത്തിലും) ആരാധിക്കുന്ന നാഴിക വരുന്നു വന്നുമിരിക്കുന്നു എന്നാണ്. ദൈവത്തെ സമീപിക്കുമ്പോൾ മനുഷ്യന് ഉണ്ടായിരിക്കേണ്ടുന്ന രണ്ട് സവിശേഷതകളാണ് കർത്താവ് പഠിപ്പിക്കുന്നത്. ഒന്ന്, ശുദ്ധമനസ്സാക്ഷി അല്ലെങ്കിൽ ഹൃദയ പരമാർത്ഥത, രണ്ട്, ദൈവം വെളിപ്പെടുത്തിത്തന്നിട്ടുള്ള തിരുവചന സത്യം. ഇപ്രകാരമുള്ള ഒരു ആരാധനയാണ് ദൈവം യിസ്രായേലിനു കൊടുത്തത്. അതുകൊണ്ട് അപ്പൊ. പൗലൊസ് പറയുന്നു ആരാധന യിസ്രായേലിനുള്ളത്. ആരാധന യിസ്രായേലിന് ഉള്ളതെന്ന് ജാതികളായിരുന്ന

റോമാസഭയോടാണ് പറയുന്നതെന്നും മറക്കാൻ പാടില്ലാത്തതാണ്. പരിശുദ്ധാത്മ നിറവിലാണ് മനുഷ്യൻ ദൈവത്തെ ആരാധിക്കേണ്ട തെന്ന് എടുത്തു പറയേണ്ടതില്ലല്ലോ. സത്യ നമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു എന്നാണ് യോഹന്നാൻ 4:23 പറയുന്നത്. മനുഷ്യജാതി ദൈവത്തെ ആരാധിക്കേണ്ടുന്ന വിധം ദൈവം യെഹൂദന്റെ പക്കൽ ഏല്പിച്ചതു കൊണ്ട് ആരാധന യിസ്രായേലിനുള്ളതെന്ന് അപ്പൊസ്തലൻ പറയുന്നു. ജാതികൾക്ക് ലഭിച്ചിരിക്കുന്നത് യിസ്രായേലിനു കൊടുത്ത താണ്. യെഹൂദനു കൊടുത്തത് ഉപേക്ഷിച്ചാൽ ജാതികൾക്ക് ആരാധന ഇല്ല.

### 7. വാഗ്ദത്തം യിസ്രായേലിനുള്ളത്

ദൈവ വാഗ്ദത്തങ്ങളുടെ പ്രാരംഭം ഉല്പത്തി 3:15-ൽ രേഖപ്പെടു ത്തിയിരിക്കുന്നു. തിരുവചനത്തിൽ അനേകം വാഗ്ദത്തങ്ങൾ കാണുന്നു എങ്കിലും അവയെല്ലാം ക്രിസ്തുവിനെ ആധാരമാക്കിയുള്ള വാഗ്ദ ത്തങ്ങളാണ്. ആദാം മുതൽ മശീഹാ എന്ന വാഗ്ദത്തത്തിനായി ലോകം നോക്കിപ്പാർത്തു. ആദാമിനോട് ചെയ്ത വാഗ്ദത്തം ദൈവം അബ്ര ഹാമിനോട് പുതുക്കുന്നതായി ഗലാത്യലേഖനത്തിൽ രേഖപ്പെടുത്തി യിരിക്കുന്നു. "എന്നാൽ അബ്രഹാമിനും അവന്റെ സന്തതിക്കും വാഗ്ദ ത്തങ്ങൾ ലഭിച്ചു. സന്തതികൾക്കും എന്ന് അനേകരെക്കുറിച്ചല്ല നിന്റെ സന്തതിക്കും എന്ന് ഏകനെക്കുറിച്ചത്രേ പറയുന്നത്, അത് ക്രിസ്തു തന്നേ" (ഗലാത്യർ 3:16). അബ്രഹാമിന് ദൈവം കൊടുത്ത വാഗ്ദത്തം ലോകത്തിന് പകർന്നു കൊടുക്കുവാൻ യിസ്രായേലിനെ തിരഞ്ഞെ ടുത്തു. ഇന്ന് ക്രിസ്തീയ ലോകം നോക്കിപ്പാർക്കുന്ന എല്ലാ പ്രത്യാശ കളുടെയും അടിസ്ഥാനം ദൈവവാഗ്ദത്തങ്ങളാണ്. അതിൽ ഒന്നും തന്നെ ജാതികൾക്ക് നേരിട്ട് ദൈവം തന്നതല്ല. മശീഹായുടെ ഒന്നാ മത്തെ വരവിന്റെ വാഗ്ദത്തം യെഹൂദന്മാർക്ക് ലഭിച്ചു, മശീഹായുടെ രണ്ടാം വരവിന്റെ വാഗ്ദത്തവും യെഹൂദന്മാർക്ക് തന്നെ ലഭിച്ചു. "നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും" (ഉല്പ. 12:3) എന്ന ദൈവവാഗ്ദത്തത്തിന്റെ സന്തതിയാണ് യെഹൂദ ന്മാർ. ഭൂമിയിലെ എല്ലാ വംശങ്ങളും അനുഗ്രഹിക്കപ്പെടുവാനുള്ള വാഗ്ദ ത്തങ്ങൾ യിസ്രായേലിന് ലഭിച്ചു എങ്കിൽ യിസ്രായേലിന് കൊടുത്തത് ജാതികൾ നിഷേധിക്കുന്നതെങ്ങനെ? "ദൈവത്താൽ നമ്മുടെ പിതാ ക്കന്മാർക്ക് ലഭിച്ചതും നമ്മുടെ പന്ത്രണ്ടുഗോത്രങ്ങളും രാപ്പകൽ ശ്രദ്ധ യോടെ ആരാധിച്ചുകൊണ്ട് എത്തിപ്പിടിപ്പാൻ ആശിക്കുന്നതുമായ വാഗ്ദത്തത്തിലുള്ള പ്രത്യാശ ഹേതുവായിട്ടത്രേ ഞാൻ ഇപ്പോൾ

വിസ്താരത്തിലായിരിക്കുന്നത്..." (അപ്പൊ. പ്രവൃ. 26:7). ദൈവനിയോഗത്താൽ യിസ്രായേലിന്റെ ഗോത്രപിതാക്കന്മാർക്ക് ലഭിച്ച വാഗ്ദത്തങ്ങൾ എത്തിപ്പിടിക്കുവാൻ യിസ്രായേൽ ആശിക്കുന്നതുപോലെ ജാതികളും ആശിക്കേണ്ടതാണ്. യിസ്രായേലിനു കൊടുത്ത ദൈവവാഗ്ദത്തമല്ലാതെ ഈ ഭൂമിക്ക് മറ്റൊരു വാഗ്ദത്തമില്ലെങ്കിൽ "അത് യിസ്രായേലിന് (യെഹൂദന്) കൊടുത്തതായിരുന്നു" എന്ന് പറഞ്ഞ് യെഹൂദന് കൊടുത്തത് ജാതികൾ നിഷേധിക്കുന്നത് എങ്ങനെ? വാഗ്ദത്തത്തെ സംബന്ധിച്ചിടത്തോളം ജാതികളെപ്പറ്റി അപ്പൊ. പൗലൊസ് പറയുന്നത് "അക്കാലത്ത് നിങ്ങൾ ക്രിസ്തുവിനെകൂടാതെയുള്ളവരും യിസ്രായേൽ പൗരതയോട് സംബന്ധമില്ലാത്തവരും **വാഗ്ദത്തത്തിന്റെ നിയമങ്ങൾക്ക് അന്യരും** പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്ന് ഓർത്തുകൊൾവിൻ" (എഫെ. 2:12). ജാതികൾ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുമ്പോൾ ഉണ്ടാകുന്ന ഭാഗ്യകരമായ നാല് അവസ്ഥയെപ്പറ്റിയാണ് അപ്പൊസ്തലൻ പറയുന്നത്.

### I. ജാതികൾ യിസ്രായേൽ പൗരതയോട് ബന്ധമുള്ളവരായിത്തീരുന്നു

ഒരുവൻ രാജ്യത്തിന്റെ പൗരനായിത്തീരുമ്പോൾ രാജ്യത്തിന്റെ നിയമങ്ങളും ചട്ടങ്ങളും പ്രമാണങ്ങളും അനുസരിച്ച് ജീവിക്കുവാൻ ബാദ്ധ്യസ്ഥനായിത്തീരുന്നു. ജാതികൾ യിസ്രായേൽ പൗരത്വത്തോട് ബന്ധമുള്ളവരായി രക്ഷ പ്രാപിക്കണം എന്നത് ദൈവനിയോഗമാണ്. അതിനായിട്ടാണ് ദൈവം അബ്രഹാമിനെയും, യിസ്ഹാക്കിനെയും, യാക്കോബിനെയും പിതാക്കന്മാരായി നിയോഗിച്ചത്. "ക്രിസ്തുവിനുള്ളവർ എങ്കിലോ നിങ്ങൾ അബ്രഹാമിന്റെ സന്തതിയും വാഗ്ദത്തപ്രകാരം അവകാശികളും ആകുന്നു " (ഗലാത്യർ 3:29).

### II. വാഗ്ദത്തത്തിന്റെ നിയമങ്ങൾക്ക് അവകാശികളായിത്തീരുന്നു

വാഗ്ദത്തത്തിന്റെ നിയമം ലഭിച്ചത് അബ്രഹാമിനാണ്. അബ്രഹാമിന്റെ  മക്കൾക്ക് മാത്രമെ അവകാശം ലഭിക്കുകയുള്ളു. ജാതികൾക്ക്, ക്രിസ്തുവിൽ കൂടി, അബ്രഹാമിന്റെ സന്തതിയും വാഗ്ദത്തപ്രകാരം അവകാശികളും ആകുവാൻ ദൈവം ക്രമീകരണം ചെയ്തിരിക്കുന്നു. അങ്ങനെ ആയതുകൊണ്ട് അത് യെഹൂദനു കൊടുത്തതായിരുന്നു എന്നുപറഞ്ഞ് ദൈവം യെഹൂദനു കൊടുത്തത് ക്രിസ്ത്യാനികൾ നിഷേധിക്കുവാൻ പാടില്ലാത്തതാണ്.

### III. പ്രത്യാശയുള്ളവരായിത്തീരുന്നു

ജാതികൾ ആയിരിക്കുന്നിടത്തോളം എഫെസോസിലുള്ള ജാതികളും മറ്റെല്ലാജാതികളും പ്രത്യാശയില്ലാത്തവരായിരുന്നു എന്നാണ് അപ്പൊസ്തലൻ പറയുന്നത്. ജാതികൾ “അനുസരണക്കേടിന്റെ മക്കൾ” ആയിരുന്നു എന്ന് എഫെസ്യർ 2:2 ൽ പറയുന്നത് ജാതികൾക്ക് ദൈവത്തിന്റെ ന്യായപ്രമാണം ഇല്ലാതിരുന്നതുകൊണ്ടാണ്. അവർക്ക് പാപപരിഹാരം വരുത്തുവാൻ ആരും ഉണ്ടായിരുന്നില്ല. എന്നാൽ ജാതികൾ ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ അവർക്ക് പുനരുത്ഥാനത്തിന്റെ പ്രത്യാശ ഉളവാകുന്നു.

### IV. ദൈവം ഉള്ളവരായിത്തീരുന്നു

കല്ലുകൊണ്ടോ മരംകൊണ്ടോ മറ്റേതു വസ്തുക്കൾകൊണ്ടോ ദൈവം എന്ന പേരിൽ ഒരു രൂപം ഉണ്ടാക്കുമ്പോൾ ആ രൂപത്തെ പ്രതിനിധീകരിക്കുന്ന ഒരു ആളത്വം അഖിലാണ്ഡത്തിൽ ഇല്ല. രൂപം മനുഷ്യന്റെ സങ്കല്പം മാത്രമാണ്. എന്നാൽ ജാതികൾ ക്രിസ്തുവിനെ സ്വീകരിക്കുന്നതോടെ ദൈവം ഉള്ളവരായിത്തീരുന്നു; കാരണം ക്രിസ്തു ദൈവമാണ്. ക്രിസ്തു ഈ ഭൂമിയിൽ ജഡാവതാരം ചെയ്തു മനുഷ്യനായി ജീവിച്ച് സാക്ഷ്യം രേഖപ്പെടുത്തിയിട്ട് പോയിരിക്കുന്നു, തിരികെ വീണ്ടും വരും എന്ന വാഗ്ദത്തം തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ വാഗ്ദത്തം സഭയ്ക്ക് കൊടുക്കുമ്പോൾ ഏറ്റുവാങ്ങിയവർ എല്ലാവരും യെഹൂദന്മാർ ആയിരുന്നു. അവരോടു ചേരുമ്പോൾ ജാതികൾക്ക് ദൈവമേ എന്നു വിളിക്കുവാൻ അവർക്ക് ഒരു ദൈവമുണ്ട്. യെഹൂദന് കൊടുത്തത് നിഷേധിക്കുന്നവർ ഇന്നും ജാതികളായി അവശേഷിക്കുന്നു. ദൈവത്തിന്റെ രക്ഷാപദ്ധതിയെ തകർത്തു കളയുന്ന ഒരു ശത്രുവുണ്ട്. രക്ഷാ പദ്ധതിയെ ഉപേക്ഷിക്കുവാൻ ശത്രു പല ഉപാധികളാണ് ഉപയോഗിക്കുന്നത്. അതിൽ ഒന്നാണ് “അത് യെഹൂദന് കൊടുത്തതായിരുന്നു” എന്നുള്ളത്.

### 8. പിതാക്കന്മാർ യിസ്രായേലിനുള്ളവർ

സാധാരണ പിതൃത്വത്തിൽനിന്നും വ്യത്യസ്തമായ ഒരു പിതൃത്വം അബ്രഹാമിനു ലഭിച്ചു. “അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു, അതു അവനു നീതിയായി കണക്കിട്ടു എന്നുണ്ടല്ലോ; അതുകൊണ്ട് വിശ്വാസികളത്രേ അബ്രഹാമിന്റെ മക്കൾ എന്നു അറിവിൻ” (ഗലാ. 3:6,7). എന്നാൽ ദൈവം വിശ്വാസം മൂലം ജാതികളെ നീതീകരിക്കുന്നു എന്ന

തിരുവെഴുത്തു മുൻകണ്ടിട്ട്: “നിന്നിൽ സകല ജാതികളും അനുഗ്രഹിക്കപ്പെടും എന്നുള്ള സുവിശേഷം അബ്രഹാമിനോട് മുമ്പുകൂട്ടി അറിയിച്ചു” (ഗലാത്യർ 3:6-8). ക്രിസ്തുവിലുള്ള വിശ്വാസം മൂലം ജാതികൾ നീതീകരിക്കപ്പെടും എന്ന സുവിശേഷം അബ്രഹാമിനും, യിസ്ഹാക്കിനും, യാക്കോബിനും ഗോത്രപിതാക്കന്മാർക്കും ലഭിച്ചു. ആ പ്രമാണപ്രകാരം പഴയനിയമകാലത്ത് യിസ്രായേലിനോട് ചേർന്ന ജാതികളും രക്ഷ പ്രാപിച്ചിരുന്നു. ജാതികൾ പരിച്ഛേദനയും പെസഹായും ആചരിച്ച് യിസ്രായേൽ പൗരത്വത്തോട് ചേർന്നു. ക്രൂശിനുശേഷവും വിശ്വസിക്കുന്ന ജാതികൾക്ക് അബ്രഹാം പിതാവാണ്, മറ്റൊരു മാർഗ്ഗം ദൈവം ആസൂത്രണം ചെയ്തിട്ടില്ല. അതുകൊണ്ട് അപ്പൊ. പൗലൊസ് പറയുന്നു പിതാക്കന്മാർ യിസ്രായേലിനുള്ളത് എന്ന്. ജാതികളോടാണ് അപ്പൊ. പൗലൊസ് ദൂത് അറിയിക്കുന്നത് എന്നും ഓർത്തിരിക്കണം.

അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു, അത് അവന് നീതിയായി കണക്കിട്ടു. അബ്രഹാമിനെപ്പോലെ ദൈവത്തെ അറിയുവാനും വിശ്വസിക്കുവാനും ഏവർക്കും ദൈവം അവകാശം തന്നിരിക്കുന്നു, അപ്രകാരം വിശ്വസിക്കുന്നവരെ അബ്രഹാമിന്റെ മക്കൾ എന്നും തിരുവചനം സംബോധന ചെയ്യുന്നു. ഒരുവൻ ഏതു രാജ്യത്തിന്റെ പൗരൻ ആയിരുന്നാലും ഏതു ജാതിയിൽപ്പെട്ടവനായിരുന്നാലും കർത്താവായ യേശുവിൽ വിശ്വസിക്കുകയും യിസ്രായേലിന് ദൈവം കൊടുത്ത നിയമങ്ങളും ചട്ടങ്ങളും ന്യായപ്രമാണങ്ങളും അനുസരിക്കുവാൻ മനസ്സുറപ്പിക്കുകയും ചെയ്യുമ്പോൾ അവൻ അബ്രഹാമിന്റെ സന്തതിയും യെഹൂദനുമായി രൂപാന്തരപ്പെടുന്നു. “സ്വഭാവത്താൽ അഗ്രചർമ്മിയായവൻ **(ജാതി) ന്യായപ്രമാണം അനുഷ്ഠിക്കുന്നു എങ്കിൽ** അക്ഷരവും പരിച്ഛേദനയുമുള്ള ന്യായപ്രമാണ ലംഘിയായ നിന്നെ അവൻ വിധിക്കയില്ലയോ? പുറമെ യെഹൂദനായവൻ യെഹൂദനല്ല. പുറമെ ജഡത്തിലുള്ളതു പരിച്ഛേദനയുമല്ല. അകമെ യെഹൂദനായവനത്രേ യെഹൂദൻ;...” (റോമർ 2:27-29). ഈ ലോകത്തിൽ ജനിക്കുന്ന എല്ലാ മനുഷ്യനും അകമെ യെഹൂദനാകണം എന്നുള്ളത് ദൈവനിയോഗമാണ്. ലോകത്തിന് പങ്കുവയ്ക്കുവാനുള്ള രക്ഷാപദ്ധതി പിതാക്കന്മാരെ ഏൽപ്പിച്ചു; അതുകൊണ്ട് അപ്പൊ. പൗലൊസ് പറയുന്നു പിതാക്കന്മാർ യിസ്രായേലിനുള്ളവർ എന്ന്. പിതാക്കന്മാർ യിസ്രായേല്യർ എങ്കിൽ മക്കളും യിസ്രായേല്യർ തന്നെ. പിതാക്കന്മാർക്കു കൊടുത്ത ന്യായപ്രമാണങ്ങളും ചട്ടങ്ങളും വിധികളും മക്കൾ അനുസരിക്കേണ്ടതാണ്.

## 9. ജഡപ്രകാരം ക്രിസ്തു യിസ്രായേല്യൻ

കർത്താവായ യേശുക്രിസ്തുവിന്റെ ജഡാവതാരത്തെ സംബന്ധിക്കുന്ന അനേകം പ്രവചനങ്ങൾ തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു; അതിനു ഒരു സമയ ക്ലിപ്തവും ദൈവം തീരുമാനിച്ചിരുന്നു. “എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്ന് ജനിച്ചവനായി ന്യായപ്രമാണത്തിൻ കീഴ് ജനിച്ചവനായി നിയോഗിച്ചത് അവൻ ന്യായപ്രമാണത്തിൻ കീഴുള്ളവരെ വിലെക്കുവാങ്ങീട്ട് നാം പുത്രത്വം പ്രാപിക്കേണ്ടതിനു തന്നേ” (ഗലാത്യർ 4:4). ദൈവ ഘടികാരത്തിന്റെ മണിയൊച്ച മുഴങ്ങിയപ്പോൾ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് ജനിച്ചു. ദൈവഘടികാരത്തിന്റെ സൂചികൾ മുൻ നിർണ്ണയിച്ച സ്ഥാനത്ത് എത്തിയപ്പോൾ ലോകത്തിന്റെ ഏകരക്ഷകൻ ബലിയർപ്പിക്കപ്പെട്ടു. “അറുപത്തിരണ്ട് ആഴ്ചവട്ടം **കഴിഞ്ഞിട്ട്** അഭിഷിക്തൻ ഛേദിക്കപ്പെടും...” (ദാനിയേൽ 9:26). മുൻ നിശ്ചയിക്കപ്പെട്ട സമയത്ത് യേശു ഉയിർത്തെഴുന്നേറ്റു. “അവൻ മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കയും വേണം എന്നു പറഞ്ഞത് ഓർത്തുകൊൾവിൻ എന്നു പറഞ്ഞു” (ലൂക്കൊസ് 24:7). കർത്താവായ യേശു വീണ്ടും ഈ ലോകത്തിലേക്ക് തിരിച്ചു വരുവാൻ പോകുന്നതിന്റെ സമയവും കൃത്യമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. “ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവു മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല”. എല്ലാകാര്യങ്ങളും മുൻനിയോഗിച്ച് ദൈവം ചെയ്യുന്നു. “യേശുവിന്റെ ജനനം എവിടെ ആയിരിക്കണം എന്ന് ദൈവത്തിന്റെ മുൻനിയോഗം ഉണ്ടായിരുന്നു”. ജനത്തിന്റെ മഹാപുരോഹിതന്മാരെയും ശാസ്ത്രിമാരെയും എല്ലാം കൂട്ടിവരുത്തി: ക്രിസ്തു എവിടെ ആകുന്നു ജനിക്കുന്നത് എന്ന് അവരോട് ചോദിച്ചു. അവർ അവനോട് യെഹൂദ്യയിലെ ബേത്ത്ലേഹെമിൽ തന്നെ; യെഹൂദ്യദേശത്തിലെ ബേത്ത്ലേഹേമേ, നീ യെഹൂദ്യ പ്രഭുക്കന്മാരിൽ ഒട്ടും ചെറുതല്ല, എന്റെ ജനമായ യിസ്രായേലിനെ മേയ്പ്പാനുള്ള തലവൻ നിന്നിൽ നിന്നു പുറപ്പെട്ടുവരും എന്നിങ്ങനെ പ്രവാചകൻ മുഖാന്തരം എഴുതിയിരിക്കുന്നു എന്നു പറഞ്ഞു... (മത്തായി 2:4-6). കർത്താവായ യേശു ഏത് ഗോത്രത്തിൽ ജനിക്കണം എന്നും ദൈവ മുൻനിയോഗം ഉണ്ടായിരുന്നു. “എന്നാൽ യിശ്ശായിയുടെ കുറ്റിയിൽ നിന്നു ഒരു മുള പൊട്ടിപുറപ്പെടും, അവന്റെ വേരുകളിൽ നിന്നുള്ള ഒരു കൊമ്പ് ഫലം കായിക്കും” (യെശയ്യാവ് 11:1). ഈ ലോകത്തെ രക്ഷിക്കുവാനുള്ള രക്ഷാപദ്ധതി വളരെ ക്ലിപ്തമായിട്ടും സൂക്ഷ്മമായിട്ടും ദൈവം ക്രമീകരിച്ചിരിക്കുന്നു. രക്ഷ യെഹൂദന്മാരുടെ ഇടയിൽ നിന്നും വരണം

(യോഹന്നാൻ 4:22) എന്നുള്ളത് ദൈവപദ്ധതിയാണ്. അതുകൊണ്ട് ക്രിസ്തു ലോകത്തിന്റെ മറ്റ് ഒരു ഭാഗത്തും ജനിക്കാതെ യിസ്രായേലിൽ തന്നെ ജനിച്ചു. അവരിൽ കൂടി രക്ഷ ലോകത്തിന് വന്നിരിക്കുന്നു എന്ന സത്യം നിഷേധിക്കാൻ ആകാത്ത സത്യമാണ്. യെഹൂദന് കൊടുത്തത് നിഷേധിക്കുന്നവർ പുത്രത്വവും ദൈവതേജസ്സും ദൈവനിയമങ്ങളും, ന്യായപ്രമാണങ്ങളും ആരാധനയുടെ ഉപദേശങ്ങളും ദൈവവാഗ്ദത്തങ്ങളും അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് എന്നീ പിതാക്കന്മാരെയും അന്തിമമായി ക്രിസ്തുവിനെയും ത്യജിക്കേണ്ടിവരും. അങ്ങനെ ഒരു അവസ്ഥ സങ്കൽപ്പിച്ചാൽ അത് അന്ധകാരത്തിന്റെ അവസ്ഥയാണ്. അന്ധകാരത്തിന്റെ പ്രഭുവാണ് ആ മതത്തിന്റെ അപ്പൻ. "അത് യെഹൂദന് കൊടുത്തതായിരുന്നു" എന്ന മനോഭാവത്തിൽ മരണം പതിയിരിക്കുന്നു എന്ന് നാം മനസ്സിലാക്കേണ്ടതാണ്.

## യെഹൂദന് കൊടുത്തതും ക്രൂശിൽ അവസാനിച്ചതും

പാപ പരിഹാരത്തിന് മശീഹാ വരും എന്ന ദൈവ വാഗ്ദത്തം ആദ്യമായി ആദാമിനും ഹവ്വയ്ക്കും ലഭിച്ചു. മശീഹായിലുള്ള വിശ്വാസം നിലനിർത്തി സംരക്ഷിക്കുവാൻ ദൈവം യാഗം ഏർപ്പാടു ചെയ്തു. നോഹയുടെ കാലത്തെ ജലപ്രളയത്തിനുശേഷവും യാഗം ഭൂമിയിൽ തുടർന്നു. എന്നാൽ യിസ്രായേലിന്റെ മിസ്രയീമിൽനിന്നുള്ള പുറപ്പാട് അനുബന്ധിച്ചും അതിനുശേഷവും ചില പുതിയ ആചാരങ്ങൾ രൂപം കൊള്ളുന്നതായി തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. രക്ഷയ്ക്ക് ആധാരമായിരിക്കുന്ന തത്വങ്ങൾ ഈ വക ആചാരങ്ങളിൽ അടങ്ങിയിരിക്കുന്നു. ക്രൂശിനുശേഷവും **ഈ തത്വങ്ങൾ** സജീവമായി നിലകൊള്ളുന്നു. എങ്കിലും ആചാരങ്ങൾ ക്രൂശിനുശേഷം ആചരിക്കുന്നതായി തിരുവചനത്തിൽ രേഖകളില്ല. ഒരു തലമുറയ്ക്ക് 30 വർഷങ്ങൾ എന്ന കണക്കിൻപ്രകാരം യാക്കോബ് മുതൽ യിസ്രായേൽ മക്കളുടെ പുറപ്പാട് വരെ ഏതാണ്ട് ഏഴു തലമുറകൾ മിസ്രയീമിൽ കഴിച്ചുകൂട്ടി. കാലപ്പഴക്കത്തിൽ മിസ്രയീമിലെ ആരാധനയുമായി പരിചയപ്പെടുകയും യഹോവയെക്കുറിച്ചുള്ള പരിജ്ഞാനം മങ്ങിപ്പോകുകയും ചെയ്തു. യിസ്രായേൽ മക്കളെ രക്ഷാപദ്ധതി പഠിപ്പിക്കുവാൻ ദൈവം മോശെ മുഖാന്തരം പല ആചാരങ്ങൾ സ്ഥാപിച്ചു. ആദാമിനോട് ദൈവം ചെയ്ത നിയമം (covenant) ആയിരുന്നു ഈ വക ആചാരങ്ങളിൽ അടങ്ങിയിരുന്നത്. അതുകൊണ്ട് യിസ്രായേലിനോടുകൂടി ആരംഭിച്ച ആചാരങ്ങൾ ക്രൂശിൽ നിറവേറുകയും ആചാരങ്ങൾ നിലച്ചുപോകുകയും ചെയ്തു. ക്രൂശിൽ നിറവേറിയ ചില ആചാരങ്ങളെ പഠിക്കുമ്പോൾ അവയിൽ നിക്ഷിപ്തമായിരുന്ന പൊതുവായ തത്വം മനസ്സിലാക്കാവുന്നതാണ്.

"അത് യെഹൂദന് കൊടുത്തതായിരുന്നു" എന്ന വിഷയം മനസ്സിലാക്കുവാൻ ഈ പഠനം സഹായിക്കും.

**യെഹൂദന് കൊടുത്ത പരിച്ഛേദന**

പരിച്ഛേദന എന്ന കർമ്മം ദൈവ നിർദ്ദേശപ്രകാരം അബ്രഹാമിൽ ആരംഭിച്ചു. ദൈവം അബ്രഹാമുമായി ചെയ്ത നിയമത്തിന്റെ അടയാളമായി പരിച്ഛേദന നിലവിൽ വന്നു. "നിങ്ങളുടെ അഗ്രചർമ്മം പരിച്ഛേദന ചെയ്യണം; അത് എനിക്കും നിനക്കും മദ്ധ്യേയുള്ള നിയത്തിന്റെ അടയാളമാകും" (ഉല്പ. 17:11). ദൈവം അബ്രഹാമിനോട് ചെയ്ത നിയമത്തിൽ വാഗ്ദത്തങ്ങൾ കാണുന്നു. **അതുകൊണ്ട് വാഗ്ദത്തം ലഭിച്ച സന്തതി എന്നതിന്റെ അടയാളമായിട്ടാണ് പരിച്ഛേദന യിസ്രായേലിന് ലഭിച്ചത്.** യിസ്രായേലിനു വേണ്ടി മാത്രമായി സ്ഥാപിതമായതല്ല പരിച്ഛേദന. "നിന്റെ വീട്ടിൽ ജനിച്ച ദാസനും നീ വിലകൊടുത്തു വാങ്ങിയവനും പരിച്ഛേദന ഏറ്റേ കഴിയൂ; എന്റെ നിയമം നിങ്ങളുടെ ദേഹത്തിൽ നിത്യനിയമമായിരിക്കേണം" (ഉല്പ. 17:13). **പരിച്ഛേദന ഏറ്റവനുമാത്രമേ പെസഹ ആചരിക്കുവാൻ അനുവാദം ഉണ്ടായിരുന്നുള്ളു.** അഗ്രചർമ്മം നീക്കുക എന്നതിൽ കവിഞ്ഞ് അർത്ഥം പരിച്ഛേദനക്ക് ഉണ്ടായിരുന്നു. ഹൃദയപരിച്ഛേദന, ചെവിപരിച്ഛേദന എന്ന പദപ്രയോഗങ്ങൾ പരിച്ഛേദനയുടെ അർത്ഥവ്യാപ്തിയെ വെളിവാക്കുന്നു.

ക്രിസ്തുവിലുള്ള വിശ്വാസത്താൽ അബ്രഹാമിന്റെ സന്തതിയും വാഗ്ദത്ത പ്രകാരം അവകാശികളുമാകുന്നു എന്ന പൊരുൾ സ്ഥാപിക്കപ്പെട്ടതോടെ ജാതികൾ പരിച്ഛേദന ഏൽക്കേണ്ടതില്ല എന്ന് അപ്പൊസ്തലന്മാർ തീരുമാനിച്ചു. യെഹൂദനെ രക്ഷാപദ്ധതിയുടെ അടിസ്ഥാന തത്വം പഠിപ്പിക്കുവാൻ ദൈവം ആസൂത്രണം ചെയ്ത ആചാരമായിരുന്നു പരിച്ഛേദന. അതുകൊണ്ട് "അത് യെഹൂദന് കൊടുത്തതായിരുന്നു" എന്ന് വിശ്വസിക്കുന്നത് വചന അടിസ്ഥാനമായ വിശ്വാസമാണ്. പരിച്ഛേദന യെഹൂദൻമാരോടുകൂടി ആരംഭിക്കുകയും ക്രൂശോടുകൂടി അവസാനിക്കുകയും ചെയ്തു. അബ്രഹാമിന്റെ കാലത്തിനു മുമ്പ് ഇപ്രകാരം ഒരു ആചാരം നിലവിലില്ലായിരുന്നു. പരിച്ഛേദന ക്രൂശിൽ അവസാനിച്ചു എങ്കിലും അതിൽ അടങ്ങിയിരുന്ന വിശ്വാസത്താലുള്ള നീതീകരണം എന്ന ദൈവവ്യവസ്ഥ ഇന്നും തുടരുന്നു.

**യെഹൂദനു കൊടുത്ത പെസഹ**

**യിസ്രായേലിന്, മിസ്രയീമിന്റെ അടിമത്തത്തിൽനിന്നും ഉള്ള വിടുതൽ, ഒരു പഞ്ചാംഗം സൃഷ്ടിച്ചു. "ഈ മാസം നിങ്ങൾക്ക് മാസ**

**ങ്ങളുടെ ആരംഭമായി ആണ്ടിൽ ഒന്നാം മാസം ആയിരിക്കേണം" (പുറ. 12:2). അടിമത്തത്തിൽനിന്നുമുള്ള വിടുതലിന്റെ സ്മാരകമായി ഒന്നാം മാസം പതിനാലാം തീയതി പെസഹ സ്ഥാപിക്കപ്പെട്ടു.** ഒരു കുടുംബത്തിന് ഒരു വയസ്സുള്ള ഒരു ആൺ ആട്ടിൻകുട്ടിയെ അറുത്ത് യിസ്രായേൽ പെസഹ ആചരിക്കുവാൻ തുടങ്ങി. അതിന്റെ രക്തം കുറെ എടുത്ത് പെസഹ ആചരിക്കുന്ന വീടിന്റെ കട്ടിളക്കാൽ രണ്ടിന്മേലും കുറുമ്പടിമേലും പുരട്ടേണം എന്ന് ദൈവം അവർക്ക് നിർദ്ദേശം കൊടുത്തു. **മിസ്രയീമിന്റെ അടിമത്തത്തിൽനിന്നുമുള്ള വിടുതൽ പാപത്തിന്റെ അടിമത്തത്തിൽനിന്നുമുള്ള വിടുതലിന്റെ നിഴലായിട്ട് യിസ്രായേൽ പെസഹ ആചരിച്ചു.** ദൈവത്തിന്റെ കുഞ്ഞാടാകുന്ന മശീഹാ വന്ന് ലോകത്തിന് പാപപരിഹാരം വരുത്തും എന്ന് ഏദെനിൽ സ്ഥാപിച്ച രക്ഷാപദ്ധതി പെസഹയിൽ ദൈവം പുനഃസ്ഥാപിച്ചു. രക്ഷാപദ്ധതിയെ സംബന്ധിക്കുന്ന പരിജ്ഞാനം ഇല്ലാതിരുന്ന യിസ്രായേലിനെ ദൈവം രക്ഷാപദ്ധതിയുടെ പ്രാഥമിക പാഠം പഠിപ്പിക്കുവാൻ പെസഹ ഏർപ്പാടു ചെയ്തു എന്ന് ഗ്രഹിക്കാം. യിസ്രായേലിന്റെ ചരിത്രത്തിനുമുമ്പ് പെസഹ എന്ന ആചാരം നിലവിൽ ഇല്ലായിരുന്നു. ഈ ആചാരം തികച്ചും ക്രൂശിന്റെ നിഴലായിരുന്നു. അതുകൊണ്ട് അപ്പൊ. പൗലൊസ് കൊരിന്ത്യരോട് പറയുന്നു "...നമ്മുടെ പെസഹ കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു; ക്രിസ്തുതന്നേ" (1 കൊരി. 5:7). ക്രൂശിനുശേഷം പെസഹ ആചാരം നിന്നുപോയി. എന്നാൽ **ആചാരത്തിൽ അടങ്ങിയിരുന്ന തത്വം തിരുവത്താഴമായി ഇന്നും ആചരിക്കുന്നു.** പെസഹ എന്ന ആചാരത്തെ സംബന്ധിച്ചിടത്തോളം അത് യെഹൂദന് കൊടുത്തതായിരുന്നു എന്ന് പറയുന്നതിൽ തെറ്റില്ല. അതുകൊണ്ട് ചില ആചാരങ്ങളെ സംബന്ധിച്ചിടത്തോളം അത് യെഹൂദന് കൊടുത്തതായിരുന്നു എന്ന് വചനത്തിന്റെ അടിസ്ഥാനത്തിൽ വിശ്വസിക്കേണ്ടതാണ്.

ഒന്നാം മാസം പതിനാലാം തീയതി പെസഹ ആചരിച്ചിരുന്നു എന്നു പറയുമ്പോൾ **ആണ്ടിൽ ഒരിക്കൽ മാത്രമേ പെസഹ ആചരിച്ചിരുന്നുള്ളു** എന്ന് എടുത്തു പറയേണ്ടതില്ലല്ലോ. പെസഹയ്ക്ക് ദിവസമല്ല പ്രാധാന്യം; തീയതിയാണ് പ്രാധാന്യം. ഒന്നാം മാസം പതിനാലാം തീയതി ആഴ്ചയുടെ 7 ദിവസത്തിൽ ഏതെങ്കിലും ഒരു ദിവസം ആയേക്കാം. ഏത് ദിവസമായിരുന്നാലും, പെസഹ പെരുന്നാൾ അന്ന് ആചരിച്ചിരുന്നു. വിശേഷാൽ യെഹൂദനുവേണ്ടി ആരംഭിച്ചതും ക്രൂശിൽ അവസാനിക്കുകയും ചെയ്തതുകൊണ്ട് പെസഹ യെഹൂദന് കൊടുത്തതായിരുന്നു എന്നു പറയാം. തിരുവത്താഴത്തിൽ പെസഹ അടങ്ങി

യിരിക്കുന്നതുകൊണ്ട് പെസഹ എന്ന ആചാരം നിന്നുപോയി എങ്കിലും അതിൽ അടങ്ങിയിരുന്ന ദൈവശാസ്ത്രം തുടരുന്നു.

### യെഹൂദനു കൊടുത്ത പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ

ഒന്നാം മാസം പതിനഞ്ചാം തീയതി മുതൽ ഏഴു ദിവസം യിസ്രായേൽ പുളിപ്പില്ലാത്ത അപ്പം തിന്നണമായിരുന്നു. "ഏഴു ദിവസം നിങ്ങൾ പുളിപ്പില്ലാത്ത അപ്പം തിന്നേണം; ഒന്നാം ദിവസം തന്നെ പുളിച്ച മാവ് നിങ്ങളുടെ വീടുകളിൽനിന്ന് നീക്കേണം; ഒന്നാം ദിവസം മുതൽ ഏഴാം ദിവസം വരെ ആരെങ്കിലും പുളിപ്പുള്ള അപ്പം തിന്നാൽ അവനെ യിസ്രായേലിൽനിന്നും ഛേദിച്ചുകളയണം" (പുറ. 12:15). **പുളിപ്പില്ലാത്ത അപ്പത്തിന്റെ ആചാരം പെസഹപോലെ യിസ്രായേലിന്റെ വിടുതലിനെ സൂചിപ്പിക്കുന്നു.** "പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ നിങ്ങൾ ആചരിക്കേണം, ഈ ദിവസത്തിൽ തന്നെയാകുന്നു ഞാൻ നിങ്ങളുടെ ഗണങ്ങളെ മിസ്രയീം ദേശത്തുനിന്നു പുറപ്പെടുവിച്ചിരിക്കുന്നത്; അതുകൊണ്ട് ഈ ദിവസം തലമുറതലമുറയായും നിത്യനിയമമായും നിങ്ങൾ ആചരിക്കേണം" (പുറ. 12:17). അവർ കുഴച്ച മാവ് പുളിക്കുന്നതിനു മുമ്പ് വിടുതൽ പ്രാപിച്ച് പോകേണ്ടിവന്നതുകൊണ്ട് മാവ് ശീലയിൽ കെട്ടി യാത്ര പുറപ്പെട്ടു. അതിന്റെ സ്മാരകമായി പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ ആചാരമായിത്തീർന്നു. യിസ്രായേൽ ജനത്തോടു മാത്രം ബന്ധപ്പെട്ട ഒരു ആചാരമായിരുന്നു പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ. അതുകൊണ്ട് അത് യെഹൂദന് കൊടുത്തതായിരുന്നു എന്ന് പറയുന്നതിൽ തെറ്റില്ല. ഒന്നാം മാസം പതിനഞ്ചാം തീയതി എന്ന് പറയുമ്പോൾ ദിവസത്തിനല്ല തീയതിക്കാണ് പ്രാധാന്യം. പതിനഞ്ചാം തീയതി ആഴ്ചവട്ടത്തിന്റെ ഏതു ദിവസം ആയിരുന്നാലും ആ ദിവസം പെരുന്നാൾ ആരംഭിച്ചിരുന്നു. അന്നു മുതൽ ഏഴ് ദിവസം എണ്ണി ഏഴാമത്തെ ദിവസം പെരുന്നാൾ അവസാനിക്കയും ചെയ്തിരുന്നു.

പെരുന്നാളിന്റെ ഒന്നാമത്തെ ദിവസവും ഏഴാമത്തെ ദിവസവും ശബ്ബത്തായി ജനം ആചരിക്കണമായിരുന്നു. "ഒന്നാം ദിവസം നിങ്ങൾക്ക് വിശുദ്ധ സഭായോഗം ഉണ്ടാകേണം, സാമാന്യ വേല ഒന്നും ചെയ്യരുത് ഏഴ് ദിവസം യഹോവയ്ക്ക് ദഹനയാഗം അർപ്പിക്കേണം ഏഴാം ദിവസം വിശുദ്ധ സഭായോഗം, അന്നു സാമാന്യ വേല യാതൊന്നും ചെയ്യരുത്" (ലേവ്യ. 23:7-8). ഒന്നാം മാസം 15-ാം തീയതി എന്നു പറയുമ്പോൾ ആണ്ടിൽ ഒരിക്കൽ മാത്രം വന്നിരുന്ന ഒരു ആചാരമായിരുന്നു എന്നത് വ്യക്തമാണ്. യിസ്രായേൽ ജനം ഒന്നാം മാസം 15-ാം തീയതി ശബ്ബ

ത്തായി ആചരിച്ചതുകൊണ്ട് യിസ്രായേലിന് ആണ്ടിൽ ഒരിക്കൽ വന്നിരുന്ന ശബ്ബത്ത് ഉണ്ടായിരുന്നു എന്നതും വ്യക്തമാണ്. അങ്ങനെ ആകുമ്പോൾ ചിലപ്പോഴൊക്കെ ഒരാഴ്ചയിൽ തന്നെ ആഴ്ചവട്ടത്തിന്റെ ഏഴാംദിന ശബ്ബത്തും ആണ്ടിൽ ഒരിക്കൽ വന്നിരുന്ന ശബ്ബത്തും, അങ്ങനെ രണ്ട് ശബ്ബത്ത് വന്നിരുന്നു എന്നത് നിഷേധിക്കാൻ സാധിക്കാത്ത സത്യമാണ്. ആഴ്ചവട്ടത്തിലെ ഏഴാം ദിന ശബ്ബത്ത് ഉല്പത്തിയിൽ പാപത്തിനു മുമ്പ് ആരംഭിച്ചതുകൊണ്ട്, അത് നിഴൽ ആകുക അസാദ്ധ്യം. നിഴൽ അല്ലാത്തതിനാൽ ഇപ്പോഴും നിലനിൽക്കുന്നു. എല്ലാ നിഴലും പാപത്തിനു ശേഷം ആരംഭിക്കുന്നതും ക്രൂശിൽ അവസാനിക്കുന്നതുമാണ്.

പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ ആകുന്ന ശബ്ബത്ത് 2500 വർഷങ്ങൾക്കുശേഷം യിസ്രായേലിനോടുകൂടെ ആരംഭിച്ചു. യിസ്രായേലിനോടുകൂടെ ആരംഭിക്കുകയും ക്രൂശ് സ്ഥാപിതമായപ്പോൾ അവസാനിച്ചതുമായ ശബ്ബത്തിനെ യെഹൂദന്റെ ശബ്ബത്ത് എന്നുവിളിക്കുന്നതിൽ തെറ്റില്ല. എന്നാൽ സൃഷ്ടിപ്പിൽ ആരംഭിച്ച ശബ്ബത്തിനെ യെഹൂദന്റെ ശബ്ബത്ത് എന്ന് വിളിക്കുന്നത് തെറ്റാണ്, കാരണം സൃഷ്ടിപ്പിന്റെ ശബ്ബത്ത് ദൈവം സ്ഥാപിച്ചതിന് 2500 വർഷങ്ങൾക്ക് ശേഷമാണ് യെഹൂദന്റെ ഉത്ഭവം. യെഹൂദന് മുമ്പ് ഉണ്ടായിരുന്ന ശബ്ബത്തിനെ യെഹൂദന്റെ ശബ്ബത്ത് എന്ന് വിളിക്കുന്നത് തെറ്റാണ്.

പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളോട് അനുബന്ധിച്ച് വിവിധ യാഗങ്ങളും യിസ്രായേൽ അർപ്പിക്കണമായിരുന്നു. എല്ലാ യാഗങ്ങളും, പെരുന്നാളുകളും, പെരുന്നാളുകളോട് അനുബന്ധിച്ച ശബ്ബത്തുകളും ക്രൂശിന്റെ നിഴലായിരുന്നു. ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ പാഠങ്ങൾ പഠിപ്പിക്കുവാൻ ദൈവം ഏർപ്പാടു ചെയ്ത ക്രൂശിന്റെ പാഠങ്ങൾ ആയിരുന്നു യിസ്രായേലിന്റെ ആചാരങ്ങൾ. ക്രൂശിൽ മശീഹാ മരിച്ചതോടെ "ആദ്യപാഠങ്ങൾ" അവസാനിച്ചു. യെഹൂദന്മാരോടുകൂടി ആരംഭിച്ച ആചാരങ്ങളെ യെഹൂദന് കൊടുത്തതായിരുന്നു എന്ന് പറയുന്നത് ശരിയാണ്. പുളിപ്പില്ലാത്ത അപ്പത്തിന്റെ ആചാരം നിന്നുപോയി. എന്നാൽ ആചാരത്തിൽ അടങ്ങിയിരുന്ന ദൈവശാസ്ത്രം പുതിയനിയമത്തിൽ തുടരുന്നു (1 കൊരി. 5:7,8). ഒരു ക്രിസ്ത്യാനി തിന്മയും ദുഷ്ടതയും ഉപേക്ഷിച്ച് ജീവിക്കണം എന്ന പഴയനിയമ പാഠം പുതിയനിയമത്തിലും കാണുന്നു. ആചാരം അവസാനിച്ചു, പാഠം തുടരുന്നു. യെഹൂദനു കൊടുത്തത് ക്രിസ്ത്യാനിക്ക് ഉപേക്ഷിക്കുവാൻ സാധിക്കാത്ത പാഠങ്ങളാണ്.

## യെഹൂദനു കൊടുത്ത പെന്തെക്കൊസ്ത്

**50-ാമത്തെ ദിവസം എന്ന് അർത്ഥമാകുന്ന ഗ്രീക്ക് പദത്തിൽനിന്നുമാണ് പെന്തെക്കൊസ്ത് എന്ന പദം രൂപം കൊണ്ടത്.** യിസ്രായേലിന്റെ പഞ്ചാംഗത്തിലെ ഒന്നാം മാസം പതിനാലാം തീയതി കൊയ്ത്തിന് തയ്യാറായ വിളവിന്റെ ഒരു ഭാഗം അടയാളപ്പെടുത്തി വേർതിരിക്കണമായിരുന്നു. പിറ്റേ ദിവസം (15-ാം തീയതി) പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ ആരംഭിച്ചിരുന്ന ആ ദിവസം ശബ്ബത്തായും ആചരിച്ചിരുന്നു. 15-ാം തീയതി ശബ്ബത്തിന്റെ പിറ്റെന്നാൾ (16-ാം തീയതി) 14-ാം തീയതി അടയാളപ്പെടുത്തിയിരുന്ന ഭാഗം കൊയ്ത് കറ്റയാക്കി ദൈവാലയത്തിൽ പുരോഹിതന്റെ പക്കൽ ഏൽപ്പിക്കുമായിരുന്നു. ഒന്നാം മാസം പതിനാറാം തീയതി പുരോഹിതൻ കറ്റ ദൈവമുമ്പാകെ നീരാജനം ചെയ്തിരുന്നു. ധൂപക്കുറ്റി വീശുന്നതുപോലെയുള്ള ഒരു ക്രിയയാണ് നീരാജനം എന്നുപറയാം. ഈ ആചാരത്തിന്റെ അർത്ഥത്തെ സംബന്ധിച്ച് അപ്പൊ. പൗലൊസ് പറയുന്നത്... ആദ്യഫലം ക്രിസ്തു പിന്നെ ക്രിസ്തുവിനുള്ളവർ അവന്റെ വരവിങ്കൽ (1 കൊരി. 15:23). ഒന്നാം മാസം പതിനാറാം തീയതി കൊയ്ത്തുകാലത്തിന്റെ പ്രാരംഭം കുറിക്കുന്നു. 16-ാം തീയതി മുതൽ 50 ദിവസം എണ്ണി മറ്റൊരു ആചാരം ഉണ്ടായിരുന്നു. അൻപതാം ദിവസത്തെ ആചാരം കൊയ്ത്തുകാലത്തിന്റെ അവസാനം കുറിച്ചു. അന്ന് യഹോവയ്ക്ക് പുതിയ ധാന്യംകൊണ്ട് രണ്ട് അപ്പം ഉണ്ടാക്കി ഭോജനയാഗം അർപ്പിക്കണമായിരുന്നു. അതോടുകൂടി നിർദ്ദേശിക്കപ്പെട്ടിരുന്ന മൃഗബലിയും അർപ്പിച്ചിരുന്നു. അൻപതാമത്തെ ദിവസമായിരുന്ന പെന്തെക്കൊസ്ത് നാളിൽ സാമാന്യ വേല ഒന്നും ചെയ്യാതെ ആ ദിവസം യിസ്രായേൽ ശബ്ബത്തായിട്ട് ആചരിച്ചു. ഇവിടെയും ദിവസത്തിനല്ല തീയതിക്കാണ് പ്രാധാന്യം. പെന്തെക്കൊസ്ത് ആചാരം യിസ്രായേലിന്റെ ചരിത്രത്തിനു മുമ്പ് ആരും ആചരിച്ചിരുന്നില്ല. ഈ ആചാരം യെഹൂദന്മാരോടുകൂടി ആരംഭിക്കുകയും ക്രൂശിൽ അവസാനിക്കുകയും ചെയ്തു. അതുകൊണ്ട് പെന്തെക്കൊസ്ത് യെഹൂദന് കൊടുത്തതായിരുന്നു എന്ന് വിശ്വസിക്കുന്നത് ശരിയാണ്. ശബ്ബത്തായിട്ട് ആചരിച്ചിരുന്ന പെന്തെക്കൊസ്തും യെഹൂദന്റെ ശബ്ബത്തായിരുന്നു. ആഴ്ചവട്ടത്തിന്റെ ഏഴാമത്തെ ദിവസമാകുന്ന ശബ്ബത്ത് യെഹൂദൻ ഉത്ഭവിക്കുന്നതിന് 2500 വർഷങ്ങൾക്കു മുമ്പ് ആദാമും ഹവ്വയും മാത്രം ഉണ്ടായിരുന്നപ്പോൾ സൃഷ്ടിക്കപ്പെട്ടതായിരുന്നതുകൊണ്ട് ആഴ്ചവട്ടത്തിന്റെ ഏഴാംദിന ശബ്ബത്ത് യെഹൂദന് കൊടുത്തതായിരുന്നു എന്ന് വിശ്വസിക്കുന്നത് തെറ്റാണ്.

ആത്മീകമായി പെന്തെക്കൊസ്ത് പുതിയനിയമത്തിൽ കാണുന്നു. പെന്തെക്കൊസ്ത് ആചാരം കൊയ്ത്തുകാലത്തിന്റെ അവസാനം കുറിക്കുന്നു. അൻപത് എണ്ണുന്നതിന് ഒരു തുടക്കവും അവസാനവും ഉള്ളതുപോലെ കൊയ്ത്തുകാലത്തിന് ഒരു തുടക്കവും അവസാനവും പെന്തെക്കൊസ്ത് സൂചിപ്പിക്കുന്നു. മുൻമഴയോടുകൂടെ സഭ സ്ഥാപിക്കപ്പെട്ടു. പിൻമഴയോടുകൂടെ കൊയ്ത്തും ഈ ലോകവും അവസാനിക്കും. പെന്തെക്കൊസ്ത് കൊയ്ത്തിന്റെ നന്ദി സൂചകവും ആഹ്ലാദ ദിനവും ആയിരുന്നതുപോലെ പുതിയനിയമ സഭയ്ക്ക് ഒരു കൊയ്ത്തിന്റെ നന്ദിയും ആഹ്ലാദവും ശേഷിക്കുന്നു. പെന്തെക്കൊസ്ത് ദിവസത്തിൽ ആചരിച്ചിരുന്ന യാഗങ്ങളും മറ്റ് ആചാരങ്ങളും നിന്നുപോയി എങ്കിലും അതിൽ അടങ്ങിയിരുന്ന ദൈവശാസ്ത്രം തുടരുകയാണ്. യെഹൂദനു കൊടുത്തത് പുതിയനിയമ സഭയ്ക്ക് ഉപേക്ഷിക്കുവാൻ സാദ്ധ്യമല്ല.

## യെഹൂദനു കൊടുത്ത കാഹളധ്വനിയുടെ നാൾ

ഏഴാം മാസം ഒന്നാം തീയതി യിസ്രയേലിൽ കാഹളം ഊതണമായിരുന്നു. ഏഴാം മാസം പത്താം തീയതി പാപപരിഹാരദിവസമാകയാൽ അത് സമീപിച്ചിരിക്കുന്നു എന്ന് ജനത്തെ ബോധവാന്മാരാക്കുവാൻ ഏഴാം മാസം ഒന്നാം തീയതി യിസ്രായേലിൽ കാഹളം ഊതിയിരുന്നു. ഒന്നാം തീയതി മുതൽ ഒൻപതാം തീയതിവരെ ഒരുക്കനാളുകളും കൃപയുടെ നാളുകളും ആയിരുന്നു. ഏഴാം മാസം ഒന്നാം തീയതി വിശുദ്ധ സഭായോഗം കൂടുകയും ആ ദിവസം ശബ്ബത്തായി ആചരിക്കുകയും ചെയ്തിരുന്നു. ഇതും ആണ്ടിൽ ഒരിക്കൽ മാത്രം വന്നിരുന്ന ശബ്ബത്തായിരുന്നു. ഇത് യെഹൂദന് കൊടുത്തിരുന്ന ആചാരമായിരുന്നു എന്നും യെഹൂദന് കൊടുത്തിരുന്ന ശബ്ബത്തായിരുന്നു എന്നും വിശ്വസിക്കുന്നത് ശരിയാണ്.

ഏഴാം മാസം ഒന്നാം തീയതി ഊതിയിരുന്ന കാഹളം ദൈവകൃപയെ ഘോഷിച്ചിരുന്നു. പാപങ്ങൾ ഏറ്റുപറകയും ഉപേക്ഷിക്കയും ചെയ്താൽ ഏഴാം മാസം പത്താം തീയതി നടന്നിരുന്ന ന്യായവിധിയിൽ (പാപപരിഹാര ദിവസത്തിൽ) ദൈവകൃപ ലഭിക്കും എന്നും കാഹളനാദം യിസ്രായേലിനെ ഓർപ്പിച്ചു. കാഹള ധ്വനിയിൽ അടങ്ങിയിരുന്ന ദൈവശാസ്ത്രം പുതിയനിയമത്തിൽ കാണുന്നു. ദൈവത്തിന്റെ അന്ത്യന്യായവിധിക്കു മുമ്പ് ഏഴു ദൂതന്മാർ ഏഴു കാഹളം ഊതുന്നതായി വെളിപ്പാടുപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. കാഹളധ്വനിയുടെ നാളുകൾ മാനസാന്തരത്തിന്റെ നാളുകളാണ്. യെഹൂദനു കൊടുത്ത ആചാരങ്ങളിൽ പുതിയനിയമ സഭയ്ക്ക് ഒരു ദൂതുണ്ട്.

## യെഹൂദനു കൊടുത്ത പാപപരിഹാര ദിവസം

ഏഴാം മാസം പത്താം തീയതി യിസ്രായേൽ പാപപരിഹാരദിവസമായി ആചരിച്ചിരുന്നു. ഏഴാം മാസം ഒന്നാം തീയതി കാഹളം ഊതുന്ന ദിവസം മുതൽ പാപപരിഹാരദിവസമാകുന്ന പത്താം തീയതി വരെ യിസ്രായേൽ ആത്മപരിശോധന ചെയ്യുകയും ആചാരത്തിനായി (ന്യായവിധിക്കായി) ഒരുങ്ങുകയും ചെയ്തിരുന്നു. മറ്റ് ആചാരദിവസങ്ങളിൽ ജനം സാമാന്യ വേല ഒന്നും ചെയ്യാതെ ആണ്ടിൽ ഒരിക്കൽ വന്നിരുന്ന ആചാര ദിവസങ്ങൾ ശബ്ബത്തായി ആചരിച്ചിരുന്നു. എന്നാൽ ഏഴാം മാസം പത്താം തീയതി ഒരു വേലയും ചെയ്യാതെ ആ ദിവസം ശബ്ബത്തായി ആചരിച്ചു. ഇതും ആഴ്ചവട്ടത്തിന്റെ ശബ്ബത്ത് കൂടാതെയുള്ള ശബ്ബത്തായിരുന്നു. “യഹോവ പിന്നെയും മോശെയോട് അരുളിച്ചെയ്തത്: ഏഴാം മാസം പത്താം തീയതി പാപപരിഹാര ദിവസമാകുന്നു. അന്നു നിങ്ങൾക്ക് വിശുദ്ധ സഭായോഗം ഉണ്ടാകേണം, നിങ്ങൾ ആത്മതപനം ചെയ്യുകയും യഹോവയ്ക്ക് ദഹനയാഗം അർപ്പിക്കയും വേണം. അന്നു നിങ്ങൾ യാതൊരു വേലയും ചെയ്യരുത്. അത് നിങ്ങളുടെ ദൈവമായ യഹോവയുടെ സന്നിധിയിൽ നിങ്ങൾക്കുവേണ്ടി പ്രായശ്ചിത്തം കഴിക്കേണ്ടതിനുള്ള പാപപരിഹാര ദിവസം. അന്നു ആത്മതപനം ചെയ്യാത്ത ഏവനേയും അവന്റെ ജനത്തിൽനിന്നു ഛേദിച്ചു കളയണം. അന്ന് ആരെങ്കിലും വല്ല വേലയും ചെയ്താൽ അവനെ ഞാൻ എന്റെ ജനത്തിന്റെ ഇടയിൽനിന്നു നശിപ്പിക്കും. യാതൊരു വേലയും ചെയ്യരുത്, ഇത് നിങ്ങൾക്ക് തലമുറ തലമുറയായി നിങ്ങളുടെ സകലവാസസ്ഥലങ്ങളിലും എന്നേക്കുമുള്ള ചട്ടമായിരിക്കേണം. അതു നിങ്ങൾക്കു സ്വസ്ഥതയ്ക്കുള്ള ശബ്ബത്ത്, അന്നു നിങ്ങൾ ആത്മതപനം ചെയ്യണം. ആ മാസം ഒൻപതാം തീയതി വൈകുന്നേരം മുതൽ പിറ്റെന്നാൾ വൈകുന്നേരം വരെ നിങ്ങൾ ശബ്ബത്ത് ആചരിക്കേണം” (ലേവ്യ. 23:26-32).

### പാപപരിഹാര ദിവസം എന്നാലെന്ത്?

ആണ്ടിന്റെ എല്ലാദിവസങ്ങളും യിസ്രായേൽ പലവിധയാഗങ്ങൾ ദൈവാലയത്തിലേക്ക് കൊണ്ടുവന്നിരുന്നു. അതിൽ ഒന്നായിരുന്നു പാപയാഗം. ഉദാഹരണമായി ഒരുവിധ പാപയാഗം പരിശോധിക്കാം. യിസ്രായേൽ സഭ മുഴുവനും അബദ്ധവശാൽ പാപം ചെയ്യുകയും ആ പാപത്തെപ്പറ്റി സഭയ്ക്ക് ബോധം വരുകയും ചെയ്യുമ്പോൾ സഭ ഒരു കാളക്കിടാവിനെ യാഗമായി അർപ്പിക്കേണം. സഭയുടെ മൂപ്പന്മാർ കാളയുടെ തലയിൽ കൈവച്ച് പാപം ഏറ്റുപറയുകയും കാളയെ അറു

ക്കയും ചെയ്തിരുന്നു. അഭിഷിക്തനായ പുരോഹിതൻ കാളയുടെ രക്തത്തിൽ കുറെ ഒരു പാത്രത്തിൽ എടുത്ത് സമാഗമന കൂടാരത്തിൽ കൊണ്ടുവരികയും തന്റെ വിരൽ രക്തത്തിൽ മുക്കി വിശുദ്ധ സ്ഥലത്തെയും അതിവിശുദ്ധ സ്ഥലത്തെയും വേർതിരിക്കുന്ന തിരിശ്ശീലയ്ക്കു മുമ്പിൽ ഏഴ് പ്രാവശ്യം തളിക്കുകയും ചെയ്തിരുന്നു. ഈ ചടങ്ങിൽ അടങ്ങിയിരുന്ന അർത്ഥം നാം മനസ്സിലാക്കേണ്ടതാണ്. സഭയുടെ മൂപ്പന്മാർ കാളയുടെ തലയിൽ കൈവച്ച് പാപം ഏറ്റുപറയുമ്പോൾ ജനത്തിന്റെ പാപം കാളയുടെമേൽ ചുമത്തപ്പെട്ടു. പുരോഹിതൻ കാളയുടെ രക്തം സമാഗമനകൂടാരത്തിലേക്ക് കൊണ്ടുവന്ന് തിരശ്ശീലയ്ക്ക് മുമ്പിൽ തളിച്ചപ്പോൾ പാപം കൂടാരത്തിലേക്കും ദൈവസന്നിധിയിലേക്കും കൊണ്ടുവന്നതായിട്ടും സൂചിപ്പിച്ചു. എന്നാൽ നിത്യമായി പാപം സമാഗമന കൂടാരത്തിലും ദൈവസന്നിധിയിലും അവശേഷിച്ചുകൂടാ എന്നത് ദൈവനിയോഗമായിരുന്നു. സാത്താൻ പാപത്തിന്റെ മൂലകാരണമായതുകൊണ്ട് അന്തിമമായി പാപം അവനിൽ ചുമത്തേണ്ടതാണ്. അതുകൊണ്ട് പാപം സമാഗമനകൂടാരത്തിൽ നിന്നും നീക്കം ചെയ്യുവാനും സാത്താനെ ചുമത്തുവാനുമായി **ഏഴാം മാസം പത്താം തീയതി യിസ്രായേലിനു പാപപരിഹാരദിവസമായി ദൈവം നിയോഗിച്ചു.** ഈ ശുശ്രൂഷയുടെ ക്രമം ലേവ്യപുസ്തകം 16-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു വായിക്കുക.

യിസ്രായേലിനെ പാപപരിഹാര ക്രമീകരണം പഠിപ്പിക്കുവാൻ ദൈവം ഏർപ്പാടു ചെയ്ത മറ്റൊരു ശുശ്രൂഷയായിരുന്നു പാപപരിഹാര ദിവസം. കർത്താവായ യേശു ക്രൂശിൽ മരിച്ചതോടെ പാഠം അവസാനിക്കുകയും ശുശ്രൂഷ നിന്നുപോകയും ചെയ്തു. ഏഴാം മാസം പത്താം തീയതി വർഷത്തിൽ ഒരിക്കൽ മാത്രം വന്നിരുന്നു. ആ ദിവസത്തെ സംബന്ധിച്ച് ദൈവം പറയുന്നത് ഒൻപതാം തീയതി വൈകുന്നേരം മുതൽ പിറ്റെദിവസം വൈകുന്നേരം വരെ നിങ്ങൾ ശബ്ബത്ത് ആചരിക്കേണം എന്നാണ്. പാപപരിഹാരദിവസവും അതിനോട് അനുബന്ധിച്ച ശബ്ബത്തും യെഹൂദന് കൊടുത്തതായിരുന്നു എന്ന് നാം വിശ്വസിക്കേണ്ടതാണ്. **ആഴ്ചവട്ടത്തിലെ ഏഴാംദിന ശബ്ബത്ത് സൃഷ്ടിപ്പിന്റെ സ്മാരകമായി ദൈവം സ്ഥാപിച്ചത്** പാപപരിഹാരദിവസ ശബ്ബത്തിൽ നിന്നും വ്യത്യസ്ഥമാണ് എന്ന് നാം ഓർക്കേണ്ടതാണ്.

പാപപരിഹാരദിവസ ആചാരത്തിന്റെ നിറവേറൽ ഇതുവരെ പൂർത്തിയായിട്ടില്ല. യേശു യാഗമായതോടെ ഭാഗികമായി പാപപരിഹാര ശുശ്രൂഷ നിറവേറി എന്നു പറയാം. **കർത്താവായ യേശു തന്റെ രക്തം ഭൂമിയിൽ ചൊരിഞ്ഞിട്ട് ഇപ്പോൾ സ്വർഗ്ഗീയ കൂടാരത്തിൽ, മഹാ**

**പുരോഹിതൻ ഭൂമിയിൽ ചെയ്തിരുന്നതുപോലെ, ഇപ്പോൾ പാപ പരിഹാര ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്നു.** തന്റെ സ്വർഗ്ഗീയ കൂടാര ശുശ്രൂഷ പൂർത്തിയാക്കിയതിനു ശേഷം പഴയനിയമ കാലത്ത് മഹാപുരോഹിതൻ അസസ്സേലിന് ചീട്ടുവീണ കോലാട്ടുകൊറ്റന്റെ തലയിൽ കൈ രണ്ടും വെച്ച് യിസ്രായേലിന്റെ പാപങ്ങൾ അതിന്മേൽ ചുമത്തിയിരുന്നതുപോലെ കർത്താവാകുന്ന മഹാപുരോഹിതൻ സാത്താന്റെ മേൽ അഖിലാണ്ഡത്തിന്റെ പാപകാരണം ചുമത്തും. അതുകൊണ്ട് പഴയനിയമ പാപപരിഹാരദിവസ ശുശ്രൂഷയുടെ ദൈവശാസ്ത്രം നിറവേറാൻ പോകുന്നതേയുള്ളൂ. എബ്രായർ 9:11-28 വരെയുള്ള വാക്യങ്ങളും ലേവ്യപുസ്തകം 16-ാം അദ്ധ്യായവും പഠിക്കുവാൻ ശുപാർശ ചെയ്യുന്നു. പഴയനിയമ ശുശ്രൂഷകളിൽ അടങ്ങിയിരുന്ന ദൈവശാസ്ത്രം പുതിയനിയമ സഭയ്ക്ക് ബാധക മായതുകൊണ്ട് "അത് യെഹൂദനു കൊടുത്തതായിരുന്നു" എന്ന ചതിവിൽ അകപ്പെടാതെ സൂക്ഷിക്കേണ്ടതാണ്. കർത്താവ് ക്രൂശിൽ മരിച്ചതുകൊണ്ട് യാഗങ്ങൾ നിന്നുപോയി. എന്നാൽ കർത്താവ് മഹാപുരോഹിതനായി ശുശ്രൂഷ തുടരുന്നു. അതുകൊണ്ട് പാപപരി ഹാരദിവസ ശുശ്രൂഷയിൽ നിക്ഷിപ്തമായിരുന്ന ദൈവശാസ്ത്രം ഇന്നും തുടരുന്നു.

## യെഹൂദനു കൊടുത്ത കൂടാരപ്പെരുന്നാൾ

**ഏഴാം മാസം പത്താം തീയതി പാപപരിഹാര ദിവസം ആച രിച്ച് അഞ്ച് ദിവസം കഴിഞ്ഞ് ഏഴാം മാസം പതിനഞ്ചാം തീയതി മുതൽ ഏഴുദിവസം യിസ്രായേൽ കൂടാരപ്പെരുന്നാൾ ആചരിക്കണ മായിരുന്നു. ഈ പെരുന്നാൾ മഹാസന്തോഷത്തിന്റെ പെരുന്നാളാ യിരുന്നു.** ഈ പെരുന്നാളിൽ കുടുംബം ആകമാനവും ദാസനും ദാസിയും അനാഥനും വിധവയും പരദേശിയും ലേവ്യനും എല്ലാ വരും ചേർന്ന് യഹോവയിൽ സന്തോഷിച്ചിരുന്നു (ആവർ. 16:13-15). **യിസ്രായേൽ 40 വർഷങ്ങൾ മരുഭൂമിയിൽ യാത്ര ചെയ്തപ്പോൾ അവർ കൂടാരങ്ങളിൽ വസിച്ച ഓർമ്മ കൂടാരപ്പെരുന്നാളിൽ അടങ്ങി യിരുന്നു.** വൃക്ഷങ്ങളുടെ ശിഖരങ്ങൾ കൊണ്ട് കൂടാരങ്ങൾ ഉണ്ടാക്കി ജനം ഏഴ് ദിവസം അതിൽ പാർത്തിരുന്നു. ഓരോ ദിവസവും ഒരു പ്രാവശ്യം അവർ സമാഗമന കൂടാരത്തിന്റെ മുറ്റത്തുള്ള യാഗപീഠത്തിനു ചുറ്റും നടക്കുന്നത് ആഘോഷത്തിന്റെ ഭാഗമായിരുന്നു. ഏഴാമത്തെ ദിവസം ഏഴു പ്രാവശ്യം യാഗപീഠത്തിനു ചുറ്റും നടന്നിരുന്നു. ഈ പെരുന്നാളിന്റെ അവസാന ദിവസമാണ് കർത്താവ് ജനസമൂഹത്തിൽ

നിന്നുകൊണ്ട് പറയുന്നത്: “ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ” (യോഹ. 7:37).

ഇപ്രകാരം ഒരു ഉത്സവം യിസ്രായേലിന്റെ ചരിത്രത്തിനു മുമ്പ് കാണുന്നില്ല. യിസ്രായേലിനെ മാത്രം സംബന്ധിക്കുന്ന ഒരു ആഘോഷമായിരുന്നു കൂടാരപ്പെടുന്നാൾ എന്നു പറയാം. ഈ പെരുന്നാളിന്റെ ആദ്യത്തെ ദിവസവും അവസാനത്തെ ദിവസവും യിസ്രായേൽ സാമാന്യ വേല ഒന്നും ചെയ്യാതെ ശബ്ബത്തായിട്ട് ആചരിച്ചു. അത് യെഹൂദന് കൊടുത്തതായിരുന്നു എന്നു കൂടാരപ്പെരുന്നാളിനെപ്പറ്റിയും അതിനോടനുബന്ധിച്ച ശബ്ബത്തിനെപ്പറ്റിയും പറയുന്നത് ശരിയാണ്. ഈ ആചാരം യിസ്രായേലിനോടുകൂടി ആരംഭിക്കുകയും ക്രൂശോടു കൂടി അവസാനിക്കുകയും ചെയ്തു.

കൂടാര പെരുന്നാളിൽ അടങ്ങിയിരുന്ന ദൈവശാസ്ത്രം ഭാഗികമായി നിറവേറി എന്നു പറയാം. **കൂടാരം താല്ക്കാലികതയെ സൂചിപ്പിക്കുന്നു.** വാഗ്ദത്തദേശത്ത് എത്തിയതിനുശേഷം യിസ്രായേൽ ശാശ്വത ഭവനങ്ങളിൽ പാർത്തു. **ആത്മീക യിസ്രായേൽ ഇപ്പോൾ കൂടാരങ്ങളിൽ വസിക്കുന്നു എന്നും ഒരു ശാശ്വത ഭവനത്തിനായി നോക്കിപ്പാർക്കുന്നു എന്നും ഗ്രഹിക്കാം.** ദൈവം നമുക്കായിട്ട് ഒരു ശാശ്വത ഭവനം പണിയുവാൻ പോയിരിക്കുന്നു (യോഹ. 14:1-3).

കൂടാരപ്പെരുന്നാളിനോടനുബന്ധിച്ച് മറ്റ് ചടങ്ങുകളും യിസ്രായേൽ ആചരിച്ചിരുന്നു. ശീലോഹാം കുളത്തിൽ നിന്നും ഒരു പുരോഹിതൻ വെള്ളം കോരിക്കൊണ്ടുവന്ന് യെരുശലേം ദൈവാലയത്തിന്റെ മുറ്റത്തുണ്ടായിരുന്ന യാഗപീഠത്തിന്മേൽ ഒഴിക്കുമായിരുന്നു. ഈ വെള്ളം ഒഴുകിച്ചെല്ലുന്ന ഒരു പ്രത്യേക സ്ഥലത്ത് ജനങ്ങൾ വെള്ളം കുടിക്കുവാൻ വരുമായിരുന്നു. കൂടാരപ്പെരുന്നാളോടനുബന്ധിച്ച ഈ ശുശ്രൂഷയുടെ ദൈവശാസ്ത്രം ഇന്നും തുടരുന്നു. ദാഹിക്കുന്നവൻ ഇന്നും ക്രിസ്തുവിന്റെ സന്നിധിയിൽ വരികയും തൃപ്തിയാകുവോളം കുടിച്ച് ദാഹം തീർക്കയും ചെയ്യുന്നു. പുതിയനിയമ സഭയുടെ അടിസ്ഥാനം പഴയനിയമത്തിൽ സ്ഥാപിച്ചിരുന്നു എന്ന് ഗ്രഹിക്കാം. നിഴൽ നിന്നുപോയി പൊരുൾ തുടരുന്നു.

### ചതിവും അപകടവും

സാത്താന്റെ എല്ലാ ചതിവുകളും പാപത്തെ ഉളവാക്കുന്നു. ഉപായത്താൽ അവൻ ഇന്നും ലോകത്തെ ചതിക്കയും വഞ്ചിക്കയും ചെയ്യുന്നു. ഭൂതലത്തെ മുഴുവൻ തെറ്റിച്ചുകളയുന്ന പിശാചും

സാത്താനും (വെളിപ്പാട് 12:9) എന്നത് ഇന്നും സത്യമായിരിക്കുന്നു എന്ന് കാണുവാൻ സാധിക്കുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിലായി പല ചതിവുകൾ ചിതറിക്കിടക്കുന്നതുകൊണ്ട് ചതിവുകളുടെ എണ്ണം തിട്ടപ്പെടുത്തുവാൻ പ്രയാസമാണ്. എന്നാൽ ആഗോളമായതിൽ രണ്ട് വസ്തുതകൾ എടുത്തു കാണിക്കുവാൻ താൽപര്യപ്പെടുന്നു.

**ഒന്ന് : ശുദ്ധവും അശുദ്ധവുമായ ഭക്ഷണം**

ശുദ്ധവും അശുദ്ധവും എന്ന വ്യവസ്ഥ സ്ഥാപിക്കുന്നത് സ്രഷ്ടാവും സർവ്വാധികാരിയുമായ ദൈവമാണ്. മനുഷ്യന് അതിനുള്ള അധികാരം ഇല്ല. ദൈവത്തിന്റെ സർവ്വാധികാരത്തിൽ സ്ഥാപിച്ചിട്ടുള്ള വ്യവസ്ഥകളെ മാറ്റിമറിക്കുന്ന ഒരു ശത്രു ഉണ്ട്. അവൻ, മനുഷ്യൻ ദൈവത്തിനു കീഴ്പ്പെടുന്നതിൽ നിന്നും തടഞ്ഞുകളയുന്നു. ഉല്പത്തിയിലേക്ക് നാം കണ്ണോടിക്കുമ്പോൾ ഈ തത്വം വ്യക്തമായി കാണുവാൻ സാധിക്കുന്നു. തിന്നരുത് എന്നു ദൈവം കല്പിച്ച വൃക്ഷഫലം മനുഷ്യനെ തീറ്റിച്ചു. തിന്നരുത് എന്നു ദൈവം മനുഷ്യനോടു കല്പിച്ചിട്ടുള്ള ഭക്ഷണപാനീയങ്ങളെ ഇന്നും സാത്താൻ തീറ്റിക്കുകയും കുടിപ്പിക്കുകയും ചെയ്യുന്നു. ഇത് മരണത്തെ ഉളവാക്കുന്ന ചതിയാണ് എന്ന് മനുഷ്യൻ മനസ്സിലാക്കുന്നില്ല.

ലേവ്യാപുസ്തകം 11-ാം അദ്ധ്യായത്തിൽ ശുദ്ധവും അശുദ്ധവുമായ മാംസാഹാരത്തെ സംബന്ധിക്കുന്ന നിബന്ധനകൾ ദൈവം തന്നിരിക്കുന്നു. മനുഷ്യൻ ഇതു ഗണ്യമാക്കാതെ ഹവ്വയെപ്പോലെ പാപം ചെയ്യുന്നു. "യഹോവ പിന്നെയും മോശെയോടും അഹരോനോടും അരുളിച്ചെയ്തത് നിങ്ങൾ യിസ്രായേൽ മക്കളോട് പറയേണ്ടത് എന്തെന്നാൽ: ഭൂമിയിലുള്ള സകല മൃഗങ്ങളിലും നിങ്ങൾക്കു തിന്നാവുന്ന മൃഗങ്ങൾ ഇവ: മൃഗങ്ങളിൽ കുളമ്പു പിളർന്നതും കുളമ്പ് രണ്ടായി പിരിഞ്ഞിരിക്കുന്നതും അയവിറക്കുന്നതുമായതൊക്കെയും നിങ്ങൾക്കു തിന്നാം. എന്നാൽ അയവിറക്കുന്നവയിലും കുളമ്പ് പിളർന്നിരിക്കുന്നവയിലും നിങ്ങൾ തിന്നരുതാത്തവ: ഒട്ടകം, അയവിറക്കുന്നവയെങ്കിലും കുളമ്പു പിളർന്നതല്ലായ്കകൊണ്ട് അത് നിങ്ങൾക്ക് അശുദ്ധം. കുഴിമുയൽ അയവിറക്കുന്നു എങ്കിലും കുളമ്പു പിളർന്നതല്ലായ്കയാൽ അത് നിങ്ങൾക്ക് അശുദ്ധം. പന്നി കുളമ്പു പിളർന്നതായി കുളമ്പു രണ്ടായി പിരിഞ്ഞിരിക്കുന്നതു തന്നെ എങ്കിലും അയവിറക്കുന്നതല്ലായ്കയാൽ അത് നിങ്ങൾക്ക് അശുദ്ധം. ഇവയുടെ മാംസം നിങ്ങൾ തിന്നരുത്; പിണം തൊടുകയുമരുത്; ഇവ നിങ്ങൾക്ക്

അശുദ്ധം'' (ലേവ്യ 11:1–8). ദൈവത്തിന്റ നിബന്ധനകൾ വളരെ വ്യക്തമാണ്. എന്നാൽ പുതിയനിയമ സഭകൾ ദൈവത്തിന്റെ ഈ ആജ്ഞകൾ ഗണ്യമാക്കാറില്ല. അത് പഴയനിയമ കാലത്ത് യെഹൂദന് കൊടുത്തതായിരുന്നു എന്നാണ് കാരണം പറയാറുള്ളത്. ഇപ്രകാര മുള്ള തെറ്റിദ്ധാരണ നിമിത്തം മനുഷ്യൻ പാപം ചെയ്യുന്നു എന്ന് ബോധവാന്മാരല്ല. "തോട്ടങ്ങളിൽ പോകേണ്ടതിനും നടുവനെ അനു കരിച്ച് തങ്ങളെത്തന്നെ ശുദ്ധീകരിച്ച് വെടിപ്പാക്കുകയും പന്നിയിറച്ചി, അറെപ്പു, ചുണ്ടെലി എന്നിവയെ തിന്നുകയും ചെയ്യുന്നവർ ഒരുപോലെ മുടിഞ്ഞുപോകം എന്ന് യഹോവയുടെ അരുളപ്പാട് " (യെശയ്യാവ് 66:17). മാംസാഹാരത്തെ സംബന്ധിക്കുന്ന ശുദ്ധവും അശുദ്ധവുമായ നിയമങ്ങൾ അനുസരിക്കാത്തവർ മുടിഞ്ഞുപോകും എന്നാണ് യഹോവയുടെ അരുളപ്പാട്.

ശുദ്ധവും അശുദ്ധവുമായ മാംസാഹാരത്തിന്റെ നിബന്ധനകൾ യെഹൂദനു മാത്രം കൊടുത്തതായിരുന്നുവോ എന്നാണ് നാം തിരു വചനത്തിൽ അന്വേഷിക്കേണ്ടത്. **ശുദ്ധവും അശുദ്ധവും എന്ന് മൃഗങ്ങളെയും പക്ഷികളെയും മത്സ്യങ്ങളെയും വേർതിരിക്കുന്നത് ഭക്ഷണത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് സൃഷ്ടിപ്പിന്റെ അടി സ്ഥാനത്തിലാണ്.** കുളമ്പ് പിളർന്നിരിക്കുന്നവയും അയവിറക്കുന്ന വയും എന്തുകൊണ്ട് ശുദ്ധം എന്ന് ദൈവം വെളിപ്പെടുത്തി യിട്ടില്ലാത്തതുകൊണ്ട് കാരണത്തെ സംബന്ധിച്ച് നാം മൗനമായിരി ക്കേണ്ടതാണ്. കുളമ്പു പിളർന്നിരിക്കുന്നത് അപ്രകാരം ദൈവം സൃഷ്ടിച്ചതുകൊണ്ടാണ്. അയവിറക്കുന്നതും ദൈവം അപ്രകാരം സൃഷ്ടിച്ചതുകൊണ്ടാണ്. അതുകൊണ്ട് ശുദ്ധവും അശുദ്ധവും എന്ന് മത്സ്യ-മൃഗാദികളെ വേർതിരിച്ചിരിക്കുന്നത്, സൃഷ്ടിപ്പിന്റെ അടിസ്ഥാന ത്തിലാണ്.

ശുദ്ധവും അശുദ്ധവുമായ ആഹാര നിബന്ധനകൾ യെഹൂദനു മാത്രമായി കൊടുത്തതായിരുന്നു എന്ന് വിശ്വസിക്കുന്നതു തെറ്റാണ്. നോഹയുടെ കാലത്തെ ജലപ്രളയത്തിനു ശേഷമാണ് മാംസം ആഹാരത്തിന്റെ ഭാഗമായി ദൈവം കല്പിക്കുന്നത്. നോഹയ്ക്കും, യിസ്രായേലിന്റെ മിസ്രയീമിൽ നിന്നുമുള്ള പുറപ്പാടിനും ഇടയിൽ ഏതാണ്ട് 800 വർഷങ്ങളുടെ കാലദൈർഘ്യമുണ്ട്. യിസ്രായേലിന് ന്യായപ്രമാണം എഴുതിക്കൊടുക്കുന്നതിനു 800 വർഷങ്ങൾക്കു മുമ്പ് മുതൽ മനുഷ്യൻ ശുദ്ധിയുള്ള മൃഗങ്ങളെ ആഹാരമായി ഭക്ഷിച്ചിരുന്നു എന്ന് ഗ്രഹിക്കേണ്ടതാണ്. ജലപ്രളയത്തിനു മുമ്പ് (മാംസം

ആഹാരമായി കൊടുക്കുന്നതിനു മുമ്പ്) ശുദ്ധിയുള്ള മൃഗങ്ങൾ എന്നും അശുദ്ധമായ മൃഗങ്ങൾ എന്നും മൃഗങ്ങളെ ദൈവം രണ്ടായി വേർതിരിച്ചിരുന്നു. “ശുദ്ധിയുള്ള സകല മൃഗങ്ങളിൽ നിന്നും ആണും പെണ്ണുമായി ഏഴേഴും ശുദ്ധിയില്ലാത്ത മൃഗങ്ങളിൽ നിന്നും ആണും പെണ്ണുമായി ഈരണ്ടും ആകാശത്തിലെ പറവകളിൽ നിന്നും പൂവനും പിടയുമായി ഏഴേഴും ഭൂമിയിലൊക്കെയും സന്തതി ശേഷിച്ചിരിക്കേണ്ടതിന് നീ ചേർത്തു കൊള്ളേണം” (ഉല്പ. 7:2,3). മാംസം ആഹാരമായി നിയോഗിക്കുവാൻ ദൈവം തീരുമാനിച്ചതുകൊണ്ടായിരിക്കാം ശുദ്ധിയുള്ള മൃഗങ്ങളിൽ നിന്നും ഏഴേഴ് ദൈവം നിയോഗിച്ചത്. മറ്റൊരു വസ്തുതകൂടി ഈ വിഷയത്തോടനുബന്ധിച്ച് ചിന്തിക്കേണ്ടതാണ്. “നോഹ പെട്ടകത്തിൽ നിന്നും പുറത്തിറങ്ങിയ ഉടനെ യഹോവയ്ക്ക് യാഗം അർപ്പിക്കുന്നതായി കാണുന്നു”. നോഹ യഹോവയ്ക്ക് ഒരു യാഗപീഠം പണിതു; ശുദ്ധിയുള്ള സകല മൃഗങ്ങളിലും ശുദ്ധിയുള്ള എല്ലാ പറവകളിലും ചിലത് എടുത്തു യാഗപീഠത്തിന്മേൽ ഹോമയാഗം അർപ്പിച്ചു” (ഉല്പത്തി 8:20). യാഗത്തിന് ദൈവം നിയോഗിച്ചിരുന്ന തരത്തിലുള്ള മൃഗങ്ങളെയും പക്ഷികളെയുമാണ് ദൈവം മനുഷ്യന് ആഹാരമായി നിയോഗിച്ചതും. യഹൂദനുമായി ഒരു ബന്ധവും ഇല്ലാതെയും ഒരു യഹൂദൻ പോലും ഭൂമുഖത്ത് ഇല്ലാതിരുന്ന കാലത്തുമാണ് ശുദ്ധിയുള്ള മൃഗങ്ങളെ ആഹാരമായി ദൈവം മനുഷ്യന് നിയോഗിച്ചത്. കുളമ്പ് പിളർന്നവ അങ്ങനെ തന്നെയും അയവിറക്കുന്നവ അങ്ങനെ തന്നെയും സൃഷ്ടിപ്പു മുതൽ ഇന്നും കാണുന്നതുകൊണ്ട് ശുദ്ധിയുള്ള മൃഗങ്ങളെ സംബന്ധിക്കുന്ന ദൈവവ്യവസ്ഥ യെഹൂദനു കൊടുത്തതായിരുന്നു എന്ന പേരിൽ അവഗണിക്കുന്നതു പാപമാണ്. ഇത് സാത്താന്റെ വഞ്ചനയുമാണ്.

### മറ്റ് ന്യായീകരണങ്ങൾ

ശുദ്ധവും അശുദ്ധവുമായ ആഹാര നിബന്ധനകളെ അനുസരിക്കാതിരിക്കുന്നതിന് പുതിയനിയമ സഭ ഉപയോഗിക്കുന്ന ചില വേദഭാഗങ്ങൾ പരിശോധിക്കാം.

### 1. പത്രോസിന്റെ ദർശനം

അപ്പൊസ്തലപ്രവൃത്തികൾ 10:9–16 വരെയുള്ള വാക്യങ്ങളിൽ പത്രോസിനുണ്ടായ ദർശനം രേഖപ്പെടുത്തിയിരിക്കുന്നു. തുപ്പട്ടി പോലെ നാലു കോണും കെട്ടിയിട്ട് ഒരു പാത്രവും അതിൽ ഭൂമിയിലെ സകലവിധ നാല്ക്കാലിയും ഇഴജാതിയും, ആകാശത്തിലെ പറവയും

ഉണ്ടായിരുന്നു. എഴുന്നേറ്റ് അറുത്തു തിന്നുക എന്ന് പത്രൊസ് ഒരു ശബ്ദം കേട്ടു. ഒരിക്കലും പാടില്ല കർത്താവേ, മലിനമോ, അശുദ്ധമോ ഒരുനാളും ഞാൻ തിന്നിട്ടില്ല എന്ന് പത്രൊസ് മറുപടി പറഞ്ഞു. ദൈവം ശുദ്ധീകരിച്ചത് നീ മലിനം എന്നു വിചാരിക്കരുത് എന്നു പറയുന്ന ശബ്ദം പത്രൊസ് വീണ്ടും കേട്ടു. മൂന്നു പ്രാവശ്യം അറുത്തു തിന്നുക എന്ന് പറഞ്ഞതിനു ശേഷം തുപ്പട്ടി തിരികെ ആകാശത്തിലേക്ക് എടുക്കപ്പെട്ടു. എല്ലാ മൃഗങ്ങളെയും പക്ഷികളെയും ദൈവം ശുദ്ധീകരിച്ചിരിക്കുന്നു എന്നാണ് ചിലർ ഈ ദർശനത്തിൽ നിന്നും മനസ്സിലാക്കുന്നത്. ഈ നിഗമനം തെറ്റാണ് എന്ന് 28-ാം വാക്യം വെളിപ്പെടുത്തുന്നു. "ഒരു മനുഷ്യനെയും മലിനനോ, അശുദ്ധനോ എന്ന് പറയരുതെന്ന് ദൈവം എനിക്ക് കാണിച്ചു തന്നു. ശുദ്ധവും അശുദ്ധവുമായ മൃഗങ്ങളെക്കുറിച്ചുള്ള ദർശനമല്ല ഇത് എന്ന് നാം ഗ്രഹിക്കേണ്ടതാണ്. കൊർന്നേല്യൊസിന്റെ ഭവനത്തിൽ കൂടിയിരുന്ന വരോട് പത്രൊസ് പറയുന്നത്: "അന്യജാതിക്കാരന്റെ അടുക്കൽ ചെല്ലുന്നതും അവനുമായി പെരുമാറ്റം ചെയ്യുന്നതും യെഹൂദന് നിഷിദ്ധം എന്നു നിങ്ങൾ അറിയുന്നുവല്ലോ" (പ്രവൃത്തികൾ 10:28). യെഹൂദന് അന്യജാതിക്കാരനോടുള്ള അയിത്ത മനോഭാവമാണ് ദർശനത്തിന്റെ മൂലകാരണം. സുവിശേഷം സർവ്വജാതികളിലേക്കും പടർന്നു പിടിക്കണം എന്നാണ് ദൈവം പത്രൊസിനോട് പറയുന്നത്. **ദർശനം ആക്ഷരാർത്ഥത്തിൽ ഗ്രഹിക്കേണ്ടതല്ല. തുപ്പട്ടി പോലെയുള്ള പാത്രത്തിൽ ദൈവം കാണിച്ചുകൊടുത്ത ഭൂമിയിലെ സകലവിധ നാല്ക്കാലികളും, ഇഴജാതിയും, ആകാശത്തിലെ പറവകളും അന്യജാതിക്കാരെ സൂചിപ്പിക്കുന്നു.** അതുകൊണ്ടാണ് ദൈവം പത്രൊസിനോടു പറയുന്നത് "ഒരു മനുഷ്യനെയും മലിനനോ അശുദ്ധനോ എന്നു പറയരുത്". ഈ ദർശനത്തിന്റെ അടിസ്ഥാനത്തിൽ ശുദ്ധവും അശുദ്ധവും എന്ന ദൈവവ്യവസ്ഥ മാറിപ്പോകുന്നില്ല. വീണ്ടും എടുത്തു പറയട്ടെ പത്രൊസിനുണ്ടായ ദർശനം ആക്ഷരാർത്ഥത്തിലുള്ളതല്ല.

### 2. ആഹാരം അശുദ്ധമാക്കുന്നില്ല

"മനുഷ്യന് അശുദ്ധി വരുത്തുന്നത് വായിക്കകത്തു ചെല്ലുന്നതല്ല, വായിൽ നിന്നു പുറപ്പെടുന്നതത്രേ; അത് മനുഷ്യനെ അശുദ്ധമാക്കുന്നു" (മത്തായി 15:11). കർത്താവായ യേശുവിനെ ഉദ്ധരിച്ചുകൊണ്ട്, ദൈവസ്ഥാപിതവും ശുദ്ധവും അശുദ്ധവുമായ മാംസാഹാര നിബന്ധനകൾ മനുഷ്യൻ ഉപേക്ഷിച്ചുകളയുന്നു. പഴയനിയമ കാലത്ത്

യെഹൂദന്മാർക്കു കൊടുത്തിരുന്ന ഈവക നിയമങ്ങൾ, കർത്താവ് വന്ന് നീക്കിക്കളഞ്ഞു, പുതിയനിയമ സഭയ്ക്ക് പഴയനിയമ ആചാരങ്ങൾ ബാധകമല്ല എന്നതൊക്കയാണ് അനേകർ വിശ്വസിക്കുന്നത്. ഇത് തികച്ചും തെറ്റിദ്ധാരണ എന്നു മാത്രമല്ല, തെറ്റിദ്ധാരണയിൽ മരണം പതിയിരിക്കുന്നു എന്നു മനുഷ്യൻ ബോധവാനല്ല എന്നതാണ് സത്യം.

ശിഷ്യന്മാർ പൂർവ്വന്മാരുടെ സമ്പ്രദായം ലംഘിച്ച് കഴുകാത്ത കൈകൊണ്ട് ആഹാരം കഴിക്കുന്നു എന്ന ആരോപണത്തോടു കൂടിയാണ് മത്തായി 15-ാം അദ്ധ്യായം ആരംഭിക്കുന്നത്. എഴുതപ്പെട്ട ന്യായപ്രമാണങ്ങളെ സംരക്ഷിക്കുന്ന ചില സമ്പ്രദായങ്ങൾ (പാരമ്പര്യങ്ങൾ) യെഹൂദന്മാരുടെ ഇടയിൽ ഉണ്ടായിരുന്നു. കാലപ്പഴക്കത്തിൽ പാരമ്പര്യങ്ങൾക്ക് മുൻതൂക്കം കല്പിക്കുകയും ന്യായപ്രമാണങ്ങൾ വെറും അക്ഷരമായി അവശേഷിക്കയും ചെയ്തു. അതുകൊണ്ട് കർത്താവ് അവരോട് ചോദിക്കുന്നു: "നിങ്ങളുടെ സമ്പ്രദായം കൊണ്ട് നിങ്ങൾ ദൈവകല്പന ലംഘിക്കുന്നത് എന്ത്?" ചിലർ പറയുന്നതു പോലെ കർത്താവു തന്നെ കല്പനകളെ ലംഘിച്ചിരുന്നു എങ്കിൽ യെഹൂദന്മാരെ കല്പനാലംഘനത്തിനു കുറ്റം ചുമത്തുകയില്ല എന്നും ഇവിടെ തെളിവാകുന്നു. ദൈവകല്പന ലംഘിക്കുന്നത് എന്ത് എന്നു ചോദിച്ചിട്ട് നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്ന പത്തുകല്പനകളിൽ ഒന്നു കർത്താവ് ഉദ്ധരിക്കുന്നു. ലംഘിക്കുന്നതു കൊണ്ട് അവരെ ശകാരിക്കയും ചെയ്യുന്നു. കർത്താവിനു പത്തു കല്പനയോടുള്ള മനോഭാവവും ഇവിടെ വെളിവാകുന്നു. കർത്താവിനു പത്തുകല്പനയോടുള്ള മനോഭാവം നമുക്ക് തെളിവാകുന്നു എങ്കിൽ നമുക്ക് പത്തു കല്പനയോടുള്ള മനോഭാവവും തെളിവാകേണ്ടതാണ്.

അവരുമായി സംഭാഷണം തുടരുമ്പോൾ കർത്താവു പറയുന്നു: മനുഷ്യന് അശുദ്ധി വരുത്തുന്നത് വായിക്കകത്തു ചെല്ലുന്നതല്ല വായിൽനിന്നു പുറപ്പെടുന്നതത്രേ; അത് മനുഷ്യനെ അശുദ്ധമാക്കുന്നു (വാക്യം 11). വായ്, വയറ്, ഹൃദയം എന്ന് മൂന്ന് വസ്തുതകൾ ഇവിടെ ശ്രദ്ധേയമാണ്. വായിൽക്കൂടി പ്രവേശിക്കുന്നത് വയറ്റിലേക്കു പോകുന്നു; അത് മനുഷ്യനെ അശുദ്ധമാക്കുന്നില്ല എന്നാണ് കർത്താവിന്റെ പ്രസ്താവന. ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ വായിൽക്കൂടി മനുഷ്യനിലേക്കു പ്രവേശിക്കുന്ന ഒന്നിനും മനുഷ്യനെ അശുദ്ധമാക്കുവാൻ കഴിയുന്നതല്ല എന്നു തീരുമാനിക്കുവാൻ പാടില്ലാത്തതാണ്. മദ്യപാനി സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ല എന്നാണ് തിരുവചന പ്രബോധനം. വായിൽ നിന്നു പുറപ്പെടുന്നത് എല്ലാം മനുഷ്യനെ

അശുദ്ധമാക്കുന്നില്ല എന്നും നാം അറിയുന്നു. പാട്ട്, പ്രാർത്ഥന, സ്തോത്രം മുതലായവ വായിൽ നിന്നും വരുന്നു; ഇവ മനുഷ്യനെ അശുദ്ധമാക്കുന്നില്ല. രണ്ട് വസ്തുതകളാണ് ഇവിടെ ശ്രദ്ധിക്കേണ്ടത്. ഒന്ന് - ആഹാരം കഴിക്കേണ്ടുന്ന വിധം (കഴുകിയ കൈ, കഴുകാത്ത കൈ), രണ്ട് - പൂർവ്വന്മാരുടെ സമ്പ്രദായം, ദൈവകല്പന. ശുദ്ധവും അശുദ്ധവുമായ മാംസാഹാരം ഇവിടെ വിഷയമല്ല. ശുദ്ധിയുള്ള മൃഗമാംസാഹാരമായിരുന്നാലും കഴുകാത്ത കൈകൊണ്ട് ഭക്ഷിക്കുന്നതോ മനുഷ്യനെ അശുദ്ധമാക്കുന്നില്ല (വാക്യം 20) എന്നു പറഞ്ഞാണ് കർത്താവ് വിഷയം അവസാനിപ്പിക്കുന്നത്. കാരണം കഴുകാത്ത കൈകൊണ്ട് ആഹാരം കഴിക്കുന്നു എന്ന കുറ്റാരോപണത്തോടു കൂടിയാണ് സംസാരം ആരംഭിക്കുന്നത്. ചോദ്യത്തിന് ഉത്തരം കൊടുത്തുകൊണ്ട് വിഷയം അവസാനിപ്പിക്കുന്നു എന്നു മാത്രം ഗ്രഹിക്കേണ്ടതാണ്. ദൈവം അശുദ്ധമെന്ന് നിയോഗിച്ചിട്ടുള്ള പ്രമാണത്തെ റദ്ദാക്കുവാൻ മത്തായി 15:1-20 വരെയുള്ള വാക്യങ്ങൾ ഉപയോഗിക്കുന്നത് സ്വയ വഞ്ചനയാണ്.

**രണ്ട് : ശബ്ബത്ത് യെഹൂദനു കൊടുത്തതായിരുന്നു**

ശബ്ബത്ത് എന്ന വിഷയം മറ്റൊരു അദ്ധ്യായമായി പഠനമാക്കിയിട്ടുള്ളതുകൊണ്ട് വിഷയം "അത് യെഹൂദനു കൊടുത്തതായിരുന്നു" എന്ന പഠനത്തോട് അനുബന്ധിച്ച് മാത്രം ഇവിടെ പ്രതിപാദിക്കുന്നതാണ്. ഈ ഭൂമിയിൽ ശബ്ബത്തിന്റെ ചരിത്രം ആദാമിനോടും ഹവ്വയോടും കൂടെ ആരംഭിച്ചു. അതുകൊണ്ട് കർത്താവു പറയുന്നു: "പിന്നെ അവൻ അവരോട് മനുഷ്യൻ ശബ്ബത്ത് നിമിത്തമല്ല ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രേ ഉണ്ടായത്. അങ്ങനെ മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവാകുന്നു എന്നു പറഞ്ഞു" (മർക്കോസ് 2:27,28). സ്രഷ്ടാവാകുന്ന യേശു ശബ്ബത്തിനെ സൃഷ്ടിച്ച് ശബ്ബത്തിന്റെ കർത്താവായിരിക്കുന്നു; എന്നാൽ മനുഷ്യൻ മറ്റൊരു ശബ്ബത്തിനെ സൃഷ്ടിച്ച് ഞായറാഴ്ചയുടെ കർത്താവായിരിക്കുന്നു. നാം ആരുടെ അധികാരത്തിനു കീഴ്പ്പെടും എന്നതാണ് അവശേഷിക്കുന്ന ചോദ്യം. ഈ ഭൂമിയിൽ ഒരു യെഹൂദനെങ്കിലും ഉണ്ടാകുന്നതിനു 2500 വർഷങ്ങൾക്കു മുമ്പ് ആഴ്ചയുടെ ഏഴാംദിന ശബ്ബത്ത് ദൈവം സൃഷ്ടിച്ചു എങ്കിൽ ശബ്ബത്ത് "യെഹൂദനു കൊടുത്തതായിരുന്നു" എന്നു വിശ്വസിക്കുന്നത് ചതിയാണ്. പാപത്തിനു ശേഷമാണ് ക്രൂശിന്റെ നിഴൽ ഉത്ഭവിക്കുന്നത്. പാപത്തിനു മുമ്പ് നിഴൽ ഉണ്ടായിരുന്നില്ല. അങ്ങനെ എങ്കിൽ പാപത്തിനു മുമ്പ് ദൈവം സൃഷ്ടിച്ച ശബ്ബത്ത് നിഴലായിരുന്നു

എന്നും മാറിപ്പോയി എന്നും വിശ്വസിക്കുന്നത്...(പൂരിപ്പിക്കുക). മനുഷ്യൻ സഭ മാറണം എന്നല്ല സഭ ഏഴാംദിന ശബ്ബത്തനുസരിക്കണം എന്നാണ് പറയുന്നതിന്റെ സാരം.

മനുഷ്യൻ ദൈവത്തെ ധിക്കരിക്കുന്നതിൽ സാത്താൻ ലോകത്തെ ഏകീഭവിപ്പിച്ചിരിക്കുന്നു. ആഗോളമായ പല ചതികളാണ് ശത്രു ആസൂത്രണം ചെയ്തിരിക്കുന്നത്. അതിൽ ഏറ്റവും പ്രധാനമായ ഒന്നാണ് "അത് യെഹൂദനു കൊടുത്തതായിരുന്നു" എന്ന ചതി. ആത്മാർത്ഥതയോടെ പത്തുകല്പനകൾ പരിശോധിക്കുമ്പോൾ "ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്" എന്ന ഒന്നാം കല്പന യെഹൂദനു കൊടുത്തതായിരുന്നു എന്നു പറഞ്ഞ് ആരും ഉപേക്ഷിക്കാറില്ല. "ഒരു വിഗ്രഹം ഉണ്ടാക്കരുത്..." എന്ന രണ്ടാം കല്പന യെഹൂദനു കൊടുത്തതായിരുന്നു എന്നു പറഞ്ഞ് ആരും ഉപേക്ഷി ക്കാറില്ല. "നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുത്..." എന്ന മൂന്നാം കല്പന അത് യെഹൂദനു കൊടുത്തതായിരുന്നു എന്നു പറഞ്ഞ് ആരും മൂന്നാം കല്പന ഉപേക്ഷിക്കാറില്ല. "ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക..." എന്ന നാലാം കല്പന യെഹൂദനു കൊടുത്ത തായിരുന്നു എന്നു പറഞ്ഞ് ഭൂരിപക്ഷം ക്രിസ്തീയ സഭകളും ശബ്ബത്ത് ഉപേക്ഷിക്കുന്നത് ചതിയാണ്. കല്പനാലംഘനം പാപമാണ് (1 യോഹന്നാൻ 3:4). മിക്കവാറും എല്ലാ സഭകളെയും പാപം ചെയ്യിക്കുന്നതിൽ സാത്താൻ വിജയിച്ചിരിക്കുന്നു. ഏഴാം ദിവസത്തെ ശബ്ബത്തായിട്ട് സ്രഷ്ടാവ് സൃഷ്ടിച്ചിരിക്കുന്നതുകൊണ്ട് ഏഴാം ദിവസം മാത്രം ശബ്ബത്താകുന്നു എന്ന് നാം വിശ്വസിക്കേണ്ടതാണ്. എല്ലാ ദിവസ ത്തെയും ശബ്ബത്തായിട്ട് ദൈവം സൃഷ്ടിച്ചിരുന്നു എങ്കിൽ എല്ലാ ദിവസങ്ങളും ശബ്ബത്താകുമായിരുന്നു. ഉല്പത്തിയിൽ ദൈവം സൃഷ്ടിച്ച ആനയും ആടും ഇന്നും അങ്ങനെ തന്നെ ആയിരിക്കുന്നതുകൊണ്ട് ഉല്പത്തിയിൽ ദൈവം സൃഷ്ടിച്ച ശബ്ബത്ത് ഇന്നും ശബ്ബത്തായിരി ക്കേണ്ടതാണ്. ദൈവസൃഷ്ടിക്ക് മാറ്റം വരുന്നില്ല എന്ന് നാം വിശ്വസി ക്കണം. "ഉളവായതൊന്നും അവനെക്കൂടാതെ ഉളവായതല്ല" (1 യോഹന്നാൻ 1:3). ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രേ ഉണ്ടായത്; അങ്ങനെ മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവാകുന്നു (മർക്കോസ് 2: 27,28). മറ്റെല്ലാ കാര്യങ്ങളെയും ദൈവം ഉണ്ടക്കിയതുപോലെ ദൈവം ശബ്ബത്തിനെയും ഉണ്ടാക്കി. അങ്ങനെ നമുക്ക് ഇപ്പോൾ ഒരു ആഴ്ചയ്ക്ക് ഏഴു ദിവസങ്ങൾ ഉണ്ടായിരിക്കുന്നു. ശബ്ബത്തോടുകൂടിയാണ് ആഴ്ച പൂർത്തിയാകുന്നത്. ദൈവസൃഷ്ടിക്ക് മാറ്റം വന്നു എന്ന് പഠിപ്പിക്കുന്നത് ചതിവാണ്. ഏതു കാരണത്താലും വിശേഷിച്ച് "അത് യെഹൂദനു

കൊടുത്തതായിരുന്നു" എന്ന കാരണത്താലും ശബ്ബത്ത് ഉപേക്ഷിക്കുന്നത് പത്തുകല്പനയുടെ ലംഘനമാണ്; അത് പാപമാണ്. പാപി മാനസാന്തരപ്പെടുന്നു എങ്കിൽ രക്ഷ പ്രാപിക്കും.

**യെഹൂദനു കൊടുത്ത പ്രധാന പെരുന്നാളുകളുടെ ചുരുക്കം**

ലേവ്യാപുസ്തകം 23-ാം അദ്ധ്യായത്തിൽ യെഹൂദന്മാരുടെ പെരുന്നാളുകളുടെ വിവരണം കൊടുത്തിരിക്കുന്നു.

| | പെരുന്നാളിന്റെ പേര് | തീയതി |
|---|---|---|
| 1. | പെസഹ | ഒന്നാം മാസം 14-ാം തീയതി |
| 2. | പുളിപ്പില്ലാത്ത അപ്പം | ഒന്നാം മാസം 15-21-ാം തീയതി വരെ |
| 3. | പെന്തെക്കൊസ്ത് | മൂന്നാം മാസം 6-ാം തീയതി |
| 4. | കാഹളധ്വനി നാൾ | ഏഴാം മാസം ഒന്നാം തീയതി |
| 5. | പാപപരിഹാര ദിവസം | ഏഴാം മാസം പത്താം തീയതി |
| 6. | കൂടാരപ്പെരുന്നാൾ | ഏഴാം മാസം 15-21 തീയതി വരെ<br>22-ാം തീയതി അന്ത്യസഭായോഗം. |

ആണ്ടിൽ ഒരിക്കൽ യിസ്രായേൽ ആചരിച്ച പെരുന്നാളുകളുടെ ക്രമമാണ് മേൽ കൊടുത്തിരിക്കുന്നത്. ഈ ആചാരങ്ങളിൽ ഏഴ് വാർഷിക ശബ്ബത്തുകൾ കാണുവാൻ സാധിക്കുന്നു.

| | | | |
|---|---|---|---|
| 1. | പെസഹ | - | ഈ ആചാരത്തിൽ ശബ്ബത്ത് ഇല്ല. |
| 2. | പുളിപ്പില്ലാത്ത അപ്പം | - | 2 ശബ്ബത്ത്-ഒന്നാം മാസം 15,21 തീയതികൾ |
| 3. | പെന്തെക്കൊസ്ത് | - | 1 ശബ്ബത്ത് - 50-ാം ദിവസം (3-ാം മാസം 6-ാം തീയതി) |
| 4. | കാഹളധ്വനി നാൾ | - | 1 ശബ്ബത്ത് - 7-ാം മാസം ഒന്നാം തീയതി |
| 5. | പാപപരിഹാര ദിനം | - | 1 ശബ്ബത്ത് - 7-ാം മാസം പത്താം തീയതി |
| 6. | കൂടാരപ്പെരുന്നാൾ | - | 2 ശബ്ബത്ത് - 7-ാം മാസം 15, 22 തീയതികൾ |
| | ആകെ | - | 7 ശബ്ബത്തുകൾ |

ആഴ്ചവട്ടത്തിലെ ഏഴാം ദിവസമാകുന്ന ശബ്ബത്ത് കൂടാതെ ആണ്ടിൽ ഒരിക്കൽ മാത്രം വന്നിരുന്ന ഏഴ് ശബ്ബത്തുകൾ യിസ്രായേൽ ആചരിച്ചിരുന്നു. ഈ ശബ്ബത്തുകൾക്ക് തീയതി പ്രധാനമായിരുന്നു; എന്നാൽ ഏത് ദിവസം എന്നത് പ്രാധാന്യം ഉള്ളതായിരുന്നില്ല.

ഏഴ് വാർഷിക ശബ്ബത്തുകളിൽ സാമാന്യ വേല ഒന്നും ചെയ്യാതെ അവർ ശബ്ബത്ത് ആചരിച്ചിരുന്നു. 7-ാം മാസം 10-ാം തീയതി യാതൊരു വേലയും ചെയ്യാതെ ശബ്ബത്ത് ആചരിച്ചു. ചിലപ്പോഴൊക്കെ ഒരാഴ്ച യിൽ രണ്ട് ശബ്ബത്ത് വന്നിരുന്നു. ഉദാഹരണമായി പറഞ്ഞാൽ: 7-ാം മാസം 10-ാം തീയതി പാപപരിഹാര ദിവസം ബുധനാഴ്ച ആയിരുന്നു എന്നു കരുതുക. ദൈവ നിയോഗപ്രകാരം യിസ്രായേൽ ബുധനാഴ്ച ശബ്ബത്തായി ആചരിക്കണമായിരുന്നു. "അത് നിങ്ങൾക്ക് സ്വസ്ഥത യ്ക്കുള്ള ശബ്ബത്ത് അന്നു നിങ്ങൾ ആത്മതപനം ചെയ്യണം. ആ മാസം ഒൻപതാം തീയതി വൈകുന്നേരം മുതൽ പിറ്റെന്നാൾ വൈകുന്നേരം വരെ നിങ്ങൾ ശബ്ബത്ത് ആചരിക്കേണം" (ലേവ്യ. 23:32). എന്നാൽ വ്യാഴം, വെള്ളി എന്നീ രണ്ട് ദിവസങ്ങൾക്കുശേഷം വീണ്ടും ആഴ്ച വട്ടത്തിലെ ഏഴാം ദിവസമാകുന്ന ശബ്ബത്ത് ആ ആഴ്ചയിൽ തന്നെ വരുന്നു. അങ്ങനെ ചിലപ്പോൾ ഒരു ആഴ്ചയിൽ രണ്ട് ശബ്ബത്തുകൾ വന്നിരുന്നു. ഒന്ന് ഏദെനിൽ ആരംഭിച്ച ആഴ്ചവട്ടത്തിന്റെ ഏഴാംദിന ശബ്ബത്തും രണ്ടാമത് യിസ്രായേലിന്റെ ചരിത്രത്തോടുകൂടി ആരംഭിച്ച ശബ്ബത്തും. യിസ്രായേലിനോടുകൂടെ ആരംഭിച്ച ശബ്ബത്തിനെ യെഹൂദന്റെ ശബ്ബത്ത് എന്ന് വിളിക്കുന്നതും അത് യെഹൂദന് കൊടുത്തതായിരുന്നു എന്ന് പറയുന്നതും ശരിയാണ്, എന്നാൽ ആഴ്ചവട്ടത്തിന്റെ ഏഴാം ദിന ശബ്ബത്തിനെ യെഹൂദന്റെ ശബ്ബത്ത് എന്ന് പറഞ്ഞ് ഏഴാം ദിന ശബ്ബത്ത് വിശുദ്ധമായി അനുസരിക്കാതിരിക്കുന്നത് പത്തു കല്പനയിലെ മറ്റ് ഏതു കല്പന ലംഘിക്കുന്നതുപോലെയും പാപമാണ്. യിസ്രായേലിനു കൊടുത്തിരിക്കുന്നതും, നിഴലായിരിക്കുന്നതും നീങ്ങിപ്പോയതുമായ ശബ്ബത്തുകൾ ഉണ്ട് എന്നത് സത്യമാണ്. എന്നാൽ നീങ്ങിപ്പോകാൻ പാടില്ലാത്ത ഏഴാം ദിന ശബ്ബത്ത് നീക്കിക്കളഞ്ഞാൽ വെളിച്ചം നീങ്ങിപ്പോവുകയും അന്ധകാരം ദൈവജനത്തിനിടയിൽ കടന്നു വരികയും ചെയ്യും. അത് യെഹൂദന് കൊടുത്തതായിരുന്നു എന്ന വിശ്വാസത്തിൽ പത്തു കല്പനയുടെ മദ്ധ്യത്തിൽ കാണുന്ന നാലാമത്തെ കല്പന ലംഘിച്ച് ദൈവജനം പാപത്തിൽ കഴിയുന്നു. "ഭൂതലത്തെ മുഴുവൻ **തെറ്റിച്ചു കളയുന്ന** പിശാചും സാത്താനും എന്ന മഹാസർപ്പമായ പഴയ പാമ്പിനെ ഭൂമിയിലേക്ക് തള്ളിക്കളഞ്ഞു..." (വെളി

പ്പാട് 12:9). സ്വർഗ്ഗത്തിലായിരുന്നപ്പോൾ ദൈവത്തെ ആരാധിച്ചുകൊണ്ടിരുന്ന മാലാഖമാരിൽ മൂന്നിൽ ഒരു ഭാഗത്തെ സാത്താൻ ഉപായത്താൽ വഞ്ചിച്ച് പാപത്തിൽ വീഴ്ത്തി. ഉപായത്താൽ ഹവ്വയെ വഞ്ചിച്ചു. ഉപായത്താൽ ഇന്ന് ലോകത്തെ പലവിധത്തിൽ വഞ്ചിച്ചിരിക്കുന്നു. അത് യെഹൂദനു കൊടുത്തതായിരുന്നു എന്ന ഉപായത്താൽ പല ലംഘനങ്ങൾ ഇന്ന് ദൈവജനത്തിനിടയിൽ കാണുന്നു; അതിൽ പ്രധാനമായ ഒന്നാണ് ദൈവം സ്രഷ്ടാവാണ് എന്നതിന്റെ അടയാളമായി ദൈവം സ്ഥാപിച്ച ഏഴാംദിന വിശുദ്ധ ശബ്ബത്ത് ലംഘിക്കുന്നത്. "അങ്ങനെ ആകാശവും ഭൂമിയും അവയിലുള്ള ചരാചരങ്ങൾ ഒക്കെയും തികഞ്ഞു. താൻ ചെയ്ത പ്രവൃത്തി ഒക്കെയും ദൈവം തീർത്തശേഷം താൻ ചെയ്ത സകല പ്രവൃത്തിയിൽനിന്നും അന്നു നിവൃത്തനായതു കൊണ്ട് (ഏഴാം ദിന ശബ്ബത്തിന്റെ കാരണം) ദൈവം ഏഴാംദിവസത്തെ അനുഗ്രഹിച്ച് ശുദ്ധീകരിച്ചു" (ഉല്പത്തി. 2:1-3). ശബ്ബത്ത് എന്നൊരു കാര്യം ദൈവം എന്തിന് സ്ഥാപിച്ചു? ഒരു കാരണവും ഇല്ലാതെ ദൈവം ''ശബ്ബത്ത്'' എന്നൊരു ദിവസം സ്ഥാപിച്ചുവോ? ദൈവം തന്നെ ശബ്ബത്തിന്റെ കാരണം പറയുന്നു. "താൻ സൃഷ്ടിച്ചുണ്ടാക്കിയ സകല പ്രവൃത്തിയിൽ നിന്നും **അന്നു നിവൃത്തനായതുകൊണ്ട്** ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ച് ശുദ്ധീകരിച്ചു". അത് യെഹൂദന് കൊടുത്തതായിരുന്നു എന്നു പറഞ്ഞ് യെഹൂദനില്ലായിരുന്ന ഉല്പത്തിയിൽ ദൈവം സ്ഥാപിച്ച ശബ്ബത്ത് ആരും ഉപേക്ഷിക്കരുത്. ഏഴാംദിന ശബ്ബത്ത് യെഹൂദന് കൊടുത്തതായിരുന്നു എന്ന് പഠിപ്പിക്കുന്നതും വിശ്വസിക്കുന്നതും പാപമാണ്. വായനക്കാരനാകുന്ന നിങ്ങൾ ആരായിരുന്നാലും വെള്ളിയാഴ്ച സൂര്യാസ്തമനം മുതൽ ശനിയാഴ്ച സൂര്യാസ്തമനം വരെ ദൈവം അനുശാസിക്കുന്ന പ്രകാരം (പുറ. 20:8-11) ശബ്ബത്താചരിക്കുവാൻ ദൈവം ആഹ്വാനം ചെയ്യുന്നു. ദൈവവചനം സാർവ്വത്രികമാണ് എന്നും അതിനു കാലപരിധിയും സാമൂഹ്യപരിധിയും ഇല്ല എന്നതും വിശ്വാസയോഗ്യമാണ്. പുതിയനിയമ സഭ വിശ്വസിക്കുന്ന ചില അടിസ്ഥാന തത്വങ്ങളെ പഴയനിയമ സഭയെ പഠിപ്പിക്കുവാൻ ദൈവം ആസൂത്രണം ചെയ്ത ആചാരങ്ങൾ പഴയനിയമ സഭയിൽ കാണുന്നു. ആചാരങ്ങൾ നിന്നുപോയി എങ്കിലും അവയിൽ അടങ്ങിയിരുന്ന ദൈവശാസ്ത്രം നിത്യമായവയാണ്.

പ്രിയ സഹോദരങ്ങളേ, ബൈബിൾ നമ്മുടെ പാഠപുസ്തകമാക്കുക. സത്യത്തിന്റെ വിലയേറിയ മുത്തുകൾ മറഞ്ഞുകിടക്കുന്ന അക്ഷയ ഖനിയാണത്. "ഹാ ദൈവത്തിന്റെ ന്യായവിധികൾ എത്ര അപ്രമേയവും

അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു" (റോമർ 11:33) തിരുവെഴുത്തുകളെ ശോധന ചെയ്യുന്നതിൽ ക്രിസ്ത്യാനികൾക്ക് അലംഭാവം പാടില്ല. വചനത്തെ വചനവുമായി മാത്രം താരതമ്യപ്പെടുത്തുക. ഭൂരിപക്ഷത്തിന്റെ വിശ്വാസം മാത്രം നോക്കിയല്ല നമ്മുടെ വിശ്വാസം രൂപപ്പെടുത്തേണ്ടതും വിലയിരുത്തേണ്ടതും. ബെരോവയിലെ ക്രിസ്ത്യാനികളെപ്പോലെ "അത് അങ്ങനെതന്നെയോ എന്നു തിരുവെഴുത്തു"കളെ ശോധന ചെയ്ത് ഉറപ്പിക്കണം.

സാത്താൻ സത്യവും അസത്യവും തമ്മിലുള്ള അതിരുകൾ തിരിച്ചറിയാനാവാത്ത വിധം അണിയിച്ചൊരുക്കിയിരിക്കുന്നു. കേൾക്കുന്നതെല്ലാം അതേപടി വിശ്വസിക്കാതെ വചനം എന്തു പറയുന്നു എന്ന് അറിയുക. സാമാന്യ ബുദ്ധിക്കു നിരക്കാത്ത കെട്ടുകഥകളും അത്ഭുതങ്ങളും വെളിപ്പെടുത്തലുകളും ആകർഷകമായി അവതരിപ്പിച്ച് മനുഷ്യനെ അനുഭൂതി ആരാധനകളിൽ തളച്ചിടുന്ന മായാജാലക്കാഴ്ചകളാണെവിടെയും. തിരുവചനത്തെ അതിന്റെ വ്യാഖ്യാതാവാക്കിയാൽ നമുക്കു തെറ്റുപറ്റുകയില്ല. പരസ്പരവിരുദ്ധമായ ഒരു വാക്കുപോലും തിരുവചനത്തിൽ ഇല്ല എന്നു വിശ്വസിക്കുക. തിരുവചനത്തിൽ വൈരുദ്ധ്യമുണ്ടെന്നു പറയുന്നവർ ദൈവത്തിനു തെറ്റു പറ്റിയെന്ന് സാക്ഷ്യം പറയുകയാണ്.

ദൈവവചനം നിരസിക്കുന്നവർ ദൈവത്തെയാണ് നിരസിക്കുന്നത്. ഭക്തിവേഷധാരികളുടെ ആചാരാനുഷ്ഠാനങ്ങളാണെവിടെയും. "ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രേ ഉണ്ടായത്" എന്നു ദൈവം പറയുമ്പോൾ ശബ്ബത്ത് യെഹൂദന്റേതാണ് എന്നുപഠിപ്പിക്കുന്നു.

**യെഹൂദ ശബ്ബത്തും ക്രിസ്ത്യൻ ശബ്ബത്തും**

ആഴ്ചവട്ടത്തിലെ ഒന്നാം നാളിന്റെ (ഞായറാഴ്ച) ആരാധനയെ പിൻതാങ്ങുന്ന ഒരു വാക്യം പോലും തിരുവചനത്തിൽ ഇല്ല. അതിനാൽ പുതിയ വാദമുഖങ്ങൾ ഉയർത്തുന്നുണ്ട്. യേശുവിനെ കൊന്നുകളഞ്ഞ യെഹൂദന്മാരുടെ ശബ്ബത്ത് ക്രിസ്ത്യാനികൾക്ക് വേണ്ടെന്നും അതു ശപിക്കപ്പെട്ടതാണെന്നുമാണ് പുതിയ ഭാഷ്യം. ഒന്നാം ദിനമാകുന്ന ഞായറാഴ്ച കർത്താവ് ഉയിർത്തെഴുന്നേറ്റതിനാൽ നിത്യജീവന്റെയും പുനരുത്ഥാനത്തിന്റെയും പ്രത്യാശയുടെയും പ്രതീകമായ ഞയറാഴ്ചയാണ് ക്രിസ്ത്യാനികൾ ആരാധനാദിവസമായി മുറുകെപ്പിടിക്കേണ്ടത് എന്ന് പ്രചരിപ്പിക്കുന്നു. കർത്താവ് ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ ഉയിർത്തെഴുന്നേറ്റു എന്നത് തിരുവചനസത്യമാണ്. എന്നാൽ

ഉയിർപ്പുകൊണ്ട് ഞായറാഴ്ച വിശുദ്ധമായി എന്നത് വെറും സങ്കല്പം മാത്രമാണ്.

ഉയിർപ്പ് ആരാധനയുടെ ദൈവവ്യവസ്ഥയല്ല. ഉയിർപ്പിനു മുമ്പും ആരാധന ഉണ്ടായിരുന്നു. അത് ഏഴാം ദിന ശബ്ബത്തിൽ ആയിരുന്നു. ദൈവകല്പനയിലെ ശബ്ബത്ത് യെഹൂദനു കൊടുത്തതാണ് എന്നു കരുതുക. സ്നേഹപൂർവ്വം ചോദിക്കട്ടെ; ജാതികളായ നമുക്കായി മാത്രം തന്നത് എന്തുണ്ട്? പ്രവാചകന്മാരും ശിഷ്യന്മാരും ആദ്യത്തെ ക്രിസ്ത്യാനികളും യെഹൂദന്മാരായിരുന്നു. അവരിലൂടെയാണ് എല്ലാം തന്നത്. യെഹൂദനു കൊടുത്തത് മാറ്റി നിർത്തിയാൽ നമ്മൾ വട്ടപ്പൂജ്യമാകും. സർവ്വത്തിന്റെയും സ്രഷ്ടാവും പരിപാലകനും ദൈവമാണെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ശബ്ബത്തു മാത്രം തെരഞ്ഞുപിടിച്ച് അത് യെഹൂദനു കൊടുത്തതായിരുന്നു എന്നു വിശ്വസിക്കുന്നതു പാപമാണ്. ഇത് ഒരു സഭയുടെ പഠിപ്പിക്കൽ അല്ല. തിരുവചനത്തിന്റെ പഠിപ്പിക്കലാണ്. വീഴാത്ത മനുഷ്യരില്ല. വീണിടത്തുനിന്ന് എഴുന്നേൽക്കുന്നതാണ് യോഗ്യത. അതാണ് മാനസാന്തരം. ഒന്നിൽ തെറ്റിയാൽ സകലത്തിലും കുറ്റക്കാരനാകും എന്നറിയുക.

♦

അദ്ധ്യായം 5

# ഒരു വിശുദ്ധ ദിവസം

തിരുവചനം പ്രാരംഭിക്കുന്നത് മശീഹായെ വാഗ്ദത്തം ചെയ്തു കൊണ്ടല്ല. ദൈവജനത്തെ സംബന്ധിച്ചിടത്തോളം ഉല്പത്തി 3:15-ൽ ദൈവം വാഗ്ദത്തം ചെയ്ത മശീഹാ രക്ഷയ്ക്ക് അടിസ്ഥാനമാണ്. ക്രൂശിൽ എന്ത് സംഭവിക്കുമെന്നോ ഉയിർപ്പിന്റെ നിർണ്ണയം വാഗ്ദത്തം ചെയ്തുകൊണ്ടോ അല്ല തിരുവചനം ആരംഭിക്കുന്നത്. കർത്താവായ യേശുവിന്റെ രണ്ടാം വരവ് ദൈവജനത്തിന്റെ യുഗങ്ങളുടെ പ്രത്യാശ യാകുന്നുവെങ്കിലും രണ്ടാം വരവിന്റെ പ്രത്യാശ നൽകിക്കൊണ്ടല്ല തിരു വചനത്തിന്റെ തുടക്കം. വളരെ അതുല്യമായ ഒരു പ്രസ്താവനയോടു കൂടിയാണ് തിരുവചനത്തിന്റെ പ്രാരംഭം. "ആദിയിൽ ദൈവം ആകാ ശവും ഭൂമിയും സൃഷ്ടിച്ചു" (ഉല്പത്തി 1:1) മേൽ പറഞ്ഞ എല്ലാ കാര്യ ങ്ങളും അതിപ്രാധാന്യം ഉള്ളവയാണ്; എന്നാൽ അതെല്ലാം "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" എന്ന അടിസ്ഥാനത്തിന്മേൽ സ്ഥാപിച്ചിട്ടുള്ളതാണ്. ഉല്പത്തി 1:2-ാം വാക്യം മുതൽ വെളിപ്പാട് 22:21-ാം വാക്യം വരെ ഉള്ള എല്ലാ അദ്ധ്യായങ്ങളും വാക്യങ്ങളും അർത്ഥ വത്താകുന്നത് ഉല്പത്തി 1:1-ന്റെ അടിസ്ഥാനത്തിന്മേലാണ്. സ്രഷ്ടാ വാകുന്ന ഒരു ദൈവത്തെ മനുഷ്യൻ അറിയുന്നുവെങ്കിൽ മാത്രമേ ശേഷി ക്കുന്ന എല്ലാ കാര്യങ്ങളും അർത്ഥമാകുകയുള്ളു.

നമ്മുടെ ആത്മീയ ജീവിതം കണക്കിലെടുക്കുമ്പോൾ സ്രഷ്ടാവാ കുന്ന ഒരു ദൈവം ഉണ്ട് എന്ന് നാം അറിയണം എന്നത് ദൈവത്തിന്റെ ആഗ്രഹമാണ്. അതു നമ്മുടെ ആത്മീക ജീവിതത്തിന്റെ അടിസ്ഥാന വുമാണ്. "പരിജ്ഞാനം ഇല്ലായ്കയാൽ എന്റെ ജനം നശിച്ചുപോകുന്നു. പരിജ്ഞാനം ത്യജിക്കകൊണ്ട് നീ എനിക്കു പുരോഹിതനായിരിക്കാ തവണ്ണം ഞാൻ നിന്നെയും ത്യജിക്കും; നീ നിന്റെ ദൈവത്തിന്റെ ന്യായ പ്രമാണം മറന്ന് കളഞ്ഞതുകൊണ്ട് ഞാനും നിന്റെ മക്കളെ മറക്കും" (ഹോശെയ 4:6). ലോകത്തിൽ ദൈവം, ബുദ്ധി ഉപദേശത്തിനായി ചെയ്തിട്ടുള്ള ചരിത്രം കണക്കിലെടുക്കുമ്പോൾ (ജലപ്രളയം, സോദോം ഗോമോറാ, യിസ്രായേലിന്റെ ചരിത്രം...) ദൈവ പരിജ്ഞാനം ത്യജിച്ച

തുകൊണ്ട് ജനം നശിച്ചുപോയി എന്ന് കാണുവാൻ സാധിക്കുന്നു. സൃഷ്ടിതാവായ ഒരു ദൈവത്തെ പരിചയപ്പെടുത്തിക്കൊണ്ട് തിരുവചനം പ്രാരംഭിക്കുന്നത് എത്ര അർത്ഥവത്താണ്. ഉല്പത്തി 1-ാം അദ്ധ്യായം സ്രഷ്ടാവിനെയും സർവ്വ സൃഷ്ടിയെയും പരിചയപ്പെടുത്തുന്നു.

**സൃഷ്ടിപ്പിന്റെ ക്രമം**

| | | |
|---|---|---|
| ഒന്നാം ദിവസം | - | വെളിച്ചം |
| രണ്ടാം ദിവസം | - | വിതാനം |
| മൂന്നാം ദിവസം | - | ഭൂമി (ഉണങ്ങിയ നിലം), സമുദ്രം, സസ്യങ്ങൾ |
| നാലാം ദിവസം | - | വെളിച്ചങ്ങൾ (സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ) |
| അഞ്ചാം ദിവസം | - | ജലജന്തുക്കൾ, പറവജാതികൾ |
| ആറാം ദിവസം | - | കന്നുകാലി, ഇഴജാതി, മനുഷ്യൻ |
| ഏഴാം ദിവസം | - | നിവൃത്തനായി (rested) |

ഇന്നു നാം കാണുന്ന ആഴ്ചവട്ടം സൃഷ്ടിപ്പിന്റെ അടിസ്ഥാനത്തിലും ഒരു സ്വസ്ഥ ദിവസത്തിന്റെ അടിസ്ഥാനത്തിലും ദൈവത്താൽ സ്ഥാപിക്കപ്പെട്ടു. സർവ്വാധികാരിയായ ദൈവത്താൽ സ്ഥാപിക്കപ്പെട്ടത് മനുഷ്യന് മാറ്റുവാൻ സാദ്ധ്യമല്ല. 1793-ൽ ഒരു ആഴ്ചയ്ക്ക് 10 ദിവസം എന്ന കണക്കിൽ ദൈവസ്ഥാപിതമായ ആഴ്ചയെ മാറ്റി സ്ഥാപിക്കുവാൻ ഫ്രാൻസ് ശ്രമിച്ചു; എന്നാൽ പരാജയപ്പെട്ട് പന്ത്രണ്ട് വർഷങ്ങൾക്കുശേഷം ദൈവസ്ഥാപിതമായതിലേക്ക് തിരിച്ചുവന്നു.

## ഒരു വിശുദ്ധ ദിവസം

**"ഇങ്ങനെ ആകാശവും ഭൂമിയും അവയിലുള്ള ചരാചരങ്ങളൊക്കെയും തികഞ്ഞു. താൻ ചെയ്ത പ്രവൃത്തി ഒക്കെയും ദൈവം തീർത്തശേഷം താൻ ചെയ്ത സകല പ്രവൃത്തിയിൽനിന്നും ഏഴാം ദിവസം നിവൃത്തനായി താൻ സൃഷ്ടിച്ചുണ്ടാക്കിയ സകല പ്രവൃത്തിയിൽനിന്നും അന്നു നിവൃത്തനായതുകൊണ്ടു ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു" (ഉല്പത്തി 2:1-3).**

ദൈവത്തിനുമാത്രമേ ഏതെങ്കിലും കാര്യത്തെ വിശുദ്ധം എന്ന് പ്രഖ്യാപിക്കുവാൻ അധികാരമുള്ളു. മനുഷ്യൻ അശുദ്ധനായതുകൊണ്ട് യാതൊന്നും വിശുദ്ധം എന്ന് പ്രഖ്യാപിക്കുവാനുള്ള യോഗ്യതയോ അധികാരമോ ഇല്ല. **ദൈവം ആദ്യമായി വിശുദ്ധം എന്ന് പ്രഖ്യാപി**

**ക്കുന്നത് ഒരു ദിവസത്തെയാണ്.** ഒരു സംഭവം നടന്നു കഴിഞ്ഞാൽ അതിനെ നടന്നതല്ലാതാക്കിത്തീർക്കുവാൻ ആർക്കും സാദ്ധ്യമല്ല. ഉദാഹരണമായി പറഞ്ഞാൽ: നേഴ്സിന്റെ അശ്രദ്ധകൊണ്ട് ഒരു രോഗിക്ക് തെറ്റായ മരുന്ന് കുത്തിവച്ചതിന്റെ അനന്തരഫലമായി രോഗി മരിച്ചു പോയി എന്നു കരുതുക. സംഭവം നടന്നുപോയി അത് നടന്നതല്ലാതാക്കിത്തീർക്കുവാൻ ആർക്കും സാദ്ധ്യമല്ല. അതുപോലെ ഏതു സംഭവവും നടന്നുകഴിഞ്ഞാൽ അത് സംഭവിച്ചിട്ടില്ലാത്തതാക്കിത്തീർക്കുവാൻ ആർക്കും സാദ്ധ്യമല്ല. “ഇങ്ങനെ ആകാശവും ഭൂമിയും അവയിലുള്ള ചരാചരങ്ങളൊക്കെയും തികഞ്ഞു” (ഉല്പത്തി 2:1) “ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു” (ഉല്പത്തി 2:3). ഇത് ദൈവം ചെയ്തതും സംഭവിച്ചതുമാണ്; അതുകൊണ്ട് സംഭവിച്ചിട്ടില്ലാത്തതാക്കിത്തീർക്കുവാനോ മാറ്റുവാനോ സാദ്ധ്യമല്ലാത്ത കാര്യമാണ്. ദൈവം മാറ്റമില്ലാത്ത ദൈവമാണെന്ന് വിശ്വസിക്കാത്തതുകൊണ്ട് ഇന്ന് ക്രിസ്തീയ ലോകം പലവിധ വഞ്ചനയിലും, പാപത്തിലും, മരണകരമായ അപായത്തിലും കുടുങ്ങിക്കിടക്കുന്നു. ദൈവം മാറ്റമില്ലാത്തവനെന്ന് ക്രിസ്ത്യാനികൾ വായ് കൊണ്ട് പറയുന്നു എങ്കിലും പ്രവൃത്തിയാൽ നിഷേധിക്കുന്നു. **ദൈവം ആഴ്ചവട്ടത്തിന്റെ ഏഴാമത്തെ ദിവസത്തെ മാത്രം അനുഗ്രഹിച്ച് ശുദ്ധീകരിച്ചതുകൊണ്ട് ഏഴാം ദിവസം മാത്രം അനുഗ്രഹിക്കപ്പെട്ടതും ശുദ്ധീകരിക്കപ്പെട്ടതുമായി ലോകത്തിന് ലഭിച്ചിരിക്കുന്നു.**

## ശുദ്ധീകരിച്ചു എന്നാൽ എന്ത് ?

1. **കടിഞ്ഞൂൽ ശുദ്ധീകരിക്കപ്പെട്ടിരുന്നു.**

“യഹോവ പിന്നെയും മോശെയോട്: യിസ്രായേൽ മക്കളുടെ ഇടയിൽ മനുഷ്യരിലും മൃഗങ്ങളിലും കടിഞ്ഞൂലായി പിറക്കുന്നതിനെ ഒക്കെയും എനിക്കായി ശുദ്ധീകരിക്ക; അത് എനിക്കുള്ളതാകുന്നു” (പുറപ്പാട് 13:1). എല്ലാകാര്യങ്ങളും യഹോവയ്ക്കുള്ളതാകുന്നു; എന്നാൽ യഹോവ “എനിക്ക്” എന്ന് താൻ തന്നെ അവകാശപ്പെടുന്ന കാര്യങ്ങളാണ് “ശുദ്ധീകരിക്ക” എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. **“എനിക്കായി ശുദ്ധീകരിക്ക” എന്നു പറഞ്ഞാൽ യഹോവയ്ക്കായി വേർതിരിക്ക എന്നാണ് അർത്ഥമാകുന്നുത്.**

2. **അഹരോനും മക്കളും ശുദ്ധീകരിക്കപ്പെട്ടിരുന്നു.**

**“അവ നിന്റെ സഹോദരനായ അഹരോനെയും അവന്റെ പുത്രന്മാരെയും ധരിപ്പിക്കേണം; അവർ എനിക്ക് പുരോഹിത ശുശ്രൂഷ**

**ചെയ്യേണ്ടതിനു അവരെ അഭിഷേകവും കരപൂരണവും ചെയ്തു ശുദ്ധീകരിക്കേണം"** (പുറ. 28:41). അഹരോനെയും അവന്റെ പുത്ര ന്മാരെയും പുരോഹിത ശുശ്രൂഷയ്ക്കായിട്ട് വേർതിരിക്കേണം എന്നാണ് "ശുദ്ധീകരിക്കേണം" എന്ന വാക്കുകൊണ്ട് ദൈവം അർത്ഥമാക്കുന്നത്. **"ശുദ്ധീകരിക്ക" എന്ന വാക്കിന്റെ അർത്ഥം: സാധാരണ ഉപയോഗ ത്തിൽനിന്നും വേർതിരിച്ച് വിശുദ്ധ ഉപയോഗങ്ങൾക്കായി മാത്രം ഉപയോഗിക്കണം എന്നാണ്.**

**3. ദശാംശം വിശുദ്ധം**

ദശാംശം വിശുദ്ധമാണ് എന്ന് തിരുവചനം പ്രബോധിപ്പിക്കുന്നു. "നിലത്തിലെ വിത്തിലും വൃക്ഷത്തിന്റെ ഫലത്തിലും ദേശത്തിലെ ദശാംശം ഒക്കെയും യഹോവയ്ക്കുള്ളതാകുന്നു അത് യഹോവയ്ക്ക് വിശുദ്ധം" (ലേവ്യ. 27:30). പത്തിൽ ഒന്ന് വിശുദ്ധമാകുന്നു; ശേഷിക്കുന്ന ഒൻപത് സാധാരണവുമാകുന്നു. പറമ്പിലെ തേങ്ങ ഇട്ടു എന്നും അതിന്റെ എണ്ണം തിട്ടപ്പെടുത്തിയപ്പോൾ 100 തേങ്ങാ ഉണ്ട് എന്നും കരു തുക. അതിൽ 10 തേങ്ങ യഹോവയുടെതാണ്; അത് വേർതിരിച്ച തിനുശേഷമെ ശേഷിക്കുന്ന 90 അനുഗ്രഹിക്കപ്പെടുകയുള്ളൂ. നൂറും നാം എടുക്കുന്നു എങ്കിൽ നാം ശാപഗ്രസ്ഥരാകുന്നു എന്ന് ദൈവം പറയുന്നു (മലാഖി 3:9). വിശുദ്ധമായത് വേർതിരിക്കുകയും ദൈവത്തിന് കൊടുക്കുകയും ചെയ്യുമ്പോൾ നാം അനുഗ്രഹീതരായി തീരും. ദശാംശം ഒക്കെയും യഹോവയ്ക്കുള്ളതാകുന്നു. അത് യഹോവയ്ക്ക് വിശുദ്ധം എന്ന് ദൈവം പറയുന്നതുകൊണ്ട് യഹോവയ്ക്ക് ഉള്ളതൊ ക്കെയും വിശുദ്ധമാകുന്നു എന്ന് നാം ഗ്രഹിക്കേണ്ടതാണ്.

**4. യിസ്രായേൽ വിശുദ്ധ വംശം**

യിസ്രായേലിനെ ദൈവം വിളിച്ച് വേർതിരിച്ച് തനിക്ക് ശുശ്രൂഷ ചെയ്യുവാൻ നിയോഗിച്ചു; **ദൈവത്തിനായി യിസ്രായേലിനെ വേർതി രിച്ചതുകൊണ്ട് യിസ്രായേൽ വിശുദ്ധ ജനം എന്ന് അറിയപ്പെട്ടു.** "നിങ്ങൾ എനിക്ക് ഒരു പുരോഹിത രാജത്വവും വിശുദ്ധ ജനവും ആകും" (പുറപ്പാട് 19:5). "എനിക്ക്" എന്ന് ദൈവം അവകാശപ്പെടുന്ന വസ്തുതകളെ വിശുദ്ധം എന്ന് നാം വീണ്ടും കാണുന്നു.

**5. യെരുശലേം വിശുദ്ധ നാട്**

വിശുദ്ധനാട് സന്ദർശനത്തിന് പോകുന്നവർ യെരുശലേമിലേക്ക് പോകുന്നു. **ദൈവം യെരുശലേമിനെ തനിക്കായിട്ട് തിരഞ്ഞെടു ത്തതുകൊണ്ടാണ് യെരുശലേം വിശുദ്ധനാടായിരിക്കുന്നത്.** "യെരു

ശലേമിനെ തിരഞ്ഞെടുത്തിരിക്കുന്ന യഹോവ തന്നെ നിന്നെ ഭർത്സിക്കുന്നു” (സെഖര്യാവ് 3:2).

### 6. വിശുദ്ധ വേദപുസ്തകം (Holy Scriptures)

സാധാരണ കടലാസ്സിൽ ദൈവത്തിന്റെ വചനം അച്ചടിക്കുമ്പോൾ പുസ്തകം മറ്റെല്ലാ പുസ്തകങ്ങളിൽനിന്നും വ്യത്യസ്തമായിത്തീരുന്നു. “നീയോ ഇന്നവരോട് പഠിച്ചു എന്ന് ഓർക്കയും ക്രിസ്തുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷയ്ക്ക് ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ (Holy Scriptures) ബാല്യം മുതൽ അറികയും ചെയ്യുന്നതുകൊണ്ട് നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനിൽക്ക” (2 തിമൊ. 3:14-15). **പുസ്തകം ദൈവത്തിന്റേതായതുകൊണ്ട് വിശുദ്ധ വേദപുസ്തകം എന്ന് നാം സംബോധന ചെയ്യുന്നു.**

### 7. വിശുദ്ധ അഭിഷേക തൈലം

പുറപ്പാട് 30-ാം അദ്ധ്യായത്തിൽ അഭിഷേക തൈലം ഉണ്ടാക്കുന്നതിന്റെ ചേരുവകൾ കൊടുത്തിരിക്കുന്നു. **“അത് വിശുദ്ധമായ അഭിഷേക തൈലമായിരിക്കേണം”** (വാക്യം 25). തുടർന്ന് വിശുദ്ധ തൈലത്തെപ്പറ്റി പറയുന്നത് “അത് മനുഷ്യന്റെ ദേഹത്തിന്മേൽ ഒഴിക്കരുത്: അതിന്റെ യോഗപ്രകാരം അതുപോലെയുള്ളത് നിങ്ങൾ ഉണ്ടാക്കുകയുമരുത്. അത് **വിശുദ്ധമാകുന്നു**. അത് നിങ്ങൾക്ക് വിശുദ്ധമായിരിക്കേണം” (പുറപ്പാട് 30:32). **ദൈവം വേർതിരിച്ചിട്ടുള്ള കാര്യങ്ങൾ വിശുദ്ധം എന്ന് ദൈവം പ്രഖ്യാപിച്ചതുകൊണ്ട് ആ കാര്യങ്ങൾ മാത്രം ദൈവത്തിന് വിശുദ്ധമാണ്.** വിശുദ്ധനായ ദൈവം മാത്രമാണ് ഏതു കാര്യത്തെയും വിശുദ്ധീകരിക്കുന്നത്. ദൈവം വിശുദ്ധം എന്നു പറയുന്നത് മാത്രം നമുക്ക് വിശുദ്ധമായിരിക്കണം.

### 8. വിശുദ്ധ ശബ്ബത്ത്

വിശുദ്ധനായ ദൈവം ആഴ്ചവട്ടത്തിന്റെ ഏഴാമത്തെ ദിവസത്തെ തന്റെ ശുശ്രൂഷയ്ക്കായിട്ട് ശുദ്ധീകരിച്ചു (വേർതിരിച്ചു). ദൈവത്തിനായിട്ട് വേർതിരിച്ചിട്ടുള്ള എല്ലാ കാര്യങ്ങളെയും വിശുദ്ധം എന്ന് നാം കാണുന്നതുപോലെ ശബ്ബത്തിനെയും ദൈവം വിശുദ്ധമായിട്ട് പ്രഖ്യാപിച്ചു. ഏതാണ്ട് ബി.സി. 750-ൽ യെശയ്യാപ്രവാചകനിൽകൂടി ദൈവം പറയുന്നത് “നീ എന്റെ വിശുദ്ധ ദിവസത്തിൽ നിന്റെ കാര്യാദികൾ നോക്കാതെ, ശബ്ബത്തിൽ നിന്റെ കാൽ അടക്കി വെച്ച് ശബ്ബത്തിനെ ഒരു സന്തോഷം എന്നും, യഹോവയുടെ പരിശുദ്ധ ദിവസത്തെ ബഹുമാനയോഗ്യം എന്നും പറയുകയും, നിന്റെ വേലയ്ക്ക് പോകയോ, നിന്റെ

കാര്യാദികൾ നോക്കുകയോ, വ്യർത്ഥ സംസാരത്തിൽ നേരം പോക്കുകയോ ചെയ്യാതവണ്ണം അതിനെ ബഹുമാനിക്കയും ചെയ്യുമെങ്കിൽ നീ യഹോവയിൽ പ്രമോദിക്കും" (യെശയ്യാവ് 58:13). എന്റെ വിശുദ്ധ ദിവസം എന്നാണ് യഹോവ പറയുന്നത്. **ശബ്ബത്ത് വിശുദ്ധമായതിന്റെ അടിസ്ഥാന കാരണം, അത് യഹോവയുടെ ദിവസമാണ്.**

## ദൈവം ശബ്ബത്ത് സൃഷ്ടിച്ചതിന്റെ കാരണം

അമേരിക്കൻ ഐക്യനാടുകളിൽ TGIF (റ്റി.ജി.ഐ.എഫ്) എന്ന് പറഞ്ഞ് കേൾക്കാറുണ്ട്. Thank God It's Friday എന്നാണ് ചുരുക്കത്തിൽ പറയുന്നത്. ആഴ്ചയുടെ അവസാനം ആകുമ്പോഴേക്കും ആഹ്ലാദത്തിന്റെ ഒരു അന്തരീക്ഷം ഉടലെടുക്കുന്നു. **ആഴ്ചയിൽ ഒരു ദിവസം അവധി എന്ന ക്രമീകരണം ദൈവത്തിന്റെ മനസ്സിലാണ് രൂപം കൊണ്ടത്. മനുഷ്യൻ ഇതിൽ ഒരു പങ്കും വഹിക്കുന്നില്ല; മനുഷ്യന്റെ ഒരു ഇടപെടലും ദൈവം ആഗ്രഹിക്കുന്നതുമില്ല. എന്ത് ഉദ്ദേശ്യത്തോടുകൂടി ദൈവം ആഴ്ചയിൽ ഒരു ദിവസം വേർതിരിച്ചുവോ ആ ഉദ്ദേശ്യത്തോടുകൂടി ദിവസം കഴിച്ചുകൂട്ടുക എന്ന ദൗത്യം മാത്രമാണ് മനുഷ്യനുള്ളത്.**

"ഇങ്ങനെ ആകാശവും ഭൂമിയും അവയിലുള്ള ചരാചരങ്ങളൊക്കെയും തികഞ്ഞു. താൻ ചെയ്ത പ്രവൃത്തി ഒക്കെയും ദൈവം തീർത്തശേഷം താൻ ചെയ്ത സകല പ്രവൃത്തിയിൽ നിന്നും ഏഴാം ദിവസം നിവൃത്തനായി താൻ സൃഷ്ടിച്ചുണ്ടാക്കിയ സകല പ്രവൃത്തിയിൽ നിന്നും **അന്നു നിവൃത്തനായതുകൊണ്ട്** ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു" (ഉല്പ. 2:1–3) ആറ് ദിവസം കൊണ്ട് എല്ലാ ചരാചരങ്ങളും ദൈവം സൃഷ്ടിച്ചു. ദൈവപദ്ധതി പ്രകാരം ആറ് ദിവസം കൊണ്ട് സൃഷ്ടിപ്പ് അവസാനിച്ചു; തുടർന്ന് ഒരു കാര്യത്തിന്റെയും ആവശ്യമില്ല എന്നു ദൈവം കണ്ടിരുന്നുവെങ്കിൽ ആഴ്ചയ്ക്ക് ആറ് ദിവസമേ കാണുകയുള്ളായിരുന്നു. **ആഴ്ചയ്ക്ക് ഏഴ് ദിവസങ്ങൾ ഉള്ളത് സൃഷ്ടിപ്പിന്റെ അടിസ്ഥാനത്തിലാണ്. മനുഷ്യന് ഒരു ശബ്ബത്ത് ആവശ്യമാണ് എന്ന് ദൈവം കണ്ടതുകൊണ്ട് ആഴ്ചയുടെ ഏഴാമത്തെ ദിവസത്തെ ദൈവം ശബ്ബത്തായിട്ട് സൃഷ്ടിച്ചു.** അതുകൊണ്ട് കർത്താവ് പറയുന്നു. "മനുഷ്യൻ ശബ്ബത്ത് നിമിത്തമല്ല; ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രെ ഉണ്ടായത്; അങ്ങനെ മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവാകുന്നു എന്നു പറഞ്ഞു" (മർക്കൊസ് 2: 27, 28). **"മനുഷ്യൻ ശബ്ബത്ത് നിമിത്തമല്ല" എന്ന പ്രസ്താവനയുടെ അർത്ഥം, "ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രേ ഉണ്ടായത് " എന്ന പ്രസ്താവനയുടെ അടി**

**സ്ഥാനത്തിൽ മനസ്സിലാക്കേണ്ടതാണ്.** എന്നു പറഞ്ഞാൽ: ശബ്ബത്ത് അനുസരിക്കുവാൻ മനുഷ്യനെ ആവശ്യമാണ്, അതുകൊണ്ട് മനുഷ്യനെ സൃഷ്ടിച്ചു എന്നല്ല മറിച്ച് മനുഷ്യന് ശബ്ബത്ത് ആവശ്യമാണ് എന്ന് ദൈവം കണ്ടതുകൊണ്ട് ശബ്ബത്ത് എന്നൊരു ദിവസം ആഴ്ചയിൽ ഉൾക്കൊള്ളിച്ചു എന്നാണ് കർത്താവ് പറയുന്നത്.

ശബ്ബത്തിന്റെ ഉത്ഭവത്തിന് കാരണം ദൈവം തന്നെ പറയുന്നത്: "താൻ ചെയ്ത സകല പ്രവൃത്തിയിൽനിന്നും **അന്ന് നിവൃത്തനായതുകൊണ്ട്** ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ച് ശുദ്ധീകരിച്ചു. "അന്ന് നിവൃത്തനാകകൊണ്ട്'' എന്നതാണ് ദൈവത്തിന്റെ കാരണം. സൃഷ്ടിപ്പും ശബ്ബത്തുമായിട്ട് ദൈവം ബന്ധം സ്ഥാപിച്ചിരിക്കുന്നു. 2000-ൽ പരം വർഷങ്ങൾക്ക് ശേഷം ദൈവം ശബ്ബത്ത് ആചരിക്കേണ്ടതിന്റെ കാരണം വീണ്ടും സ്വന്ത വിരൽകൊണ്ട് എഴുതിക്കൊടുക്കുന്നത്: "ആറ് ദിവസംകൊണ്ട് യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി. ഏഴാം ദിവസം സ്വസ്ഥമായിരുന്നു; **അതുകൊണ്ട്** യഹോവ ശബ്ബത്ത് നാളിനെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചിരിക്കുന്നു" (പുറപ്പാട് 20:11). വീണ്ടും എടുത്തു പറയട്ടെ; സൃഷ്ടിപ്പും ശബ്ബത്തും തമ്മിൽ ഒരു ബന്ധം ദൈവം സ്ഥാപിച്ചിരിക്കുന്നു. മനുഷ്യന് ശബ്ബത്തിനെപ്പറ്റി അഭിപ്രായം ഉണ്ടാകാൻ പാടില്ലാത്തതാണ്. ദൈവം ചരാചരങ്ങളുടെ ദൈവമാണെന്ന് മനുഷ്യൻ അറിയുവാൻ ദൈവം ശബ്ബത്ത് സൃഷ്ടിച്ചു എന്ന് ദൈവം പറയുന്നു. ശബ്ബത്ത് ദൈവത്താൽ സ്ഥാപിതമായപ്പോൾ ഭൂമിയിൽ പാപം ഉണ്ടായിരുന്നില്ല; അതുകൊണ്ട് പാപപരിഹാര കർമ്മങ്ങളും ശബ്ബത്തുമായിട്ട് ഒരു ബന്ധവുമില്ല. ശബ്ബത്ത് ദൈവത്താൽ സ്ഥാപിതമായപ്പോൾ ക്രൂശ് എന്നൊരു പദ്ധതി വേണ്ടായിരുന്നു; കാരണം ശബ്ബത്ത് സ്ഥാപിച്ചപ്പോൾ പാപം ഭൂമിയിൽ ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഏഴാം ദിന ശബ്ബത്ത് ക്രൂശുമായി ബന്ധപ്പെടുത്തുവാൻ സാദ്ധ്യമല്ല. ശബ്ബത്ത് ദൈവത്താൽ സ്ഥാപിതമായപ്പോൾ ആദാമും ഹവ്വയുമല്ലാതെ ഒരു യെഹൂദനും ഭൂമുഖത്ത് ഉണ്ടായിരുന്നില്ല; അതുകൊണ്ട് ശബ്ബത്ത് യെഹൂദനുമായി ബന്ധപ്പെട്ടതല്ല. ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രെ ഉണ്ടായത് എന്ന് കർത്താവ് പറയുന്നതുകൊണ്ട് എല്ലാ മനുഷ്യനുമായി ബന്ധപ്പെട്ടതാണ് ശബ്ബത്ത് എന്ന് ഗ്രഹിക്കാം.

## ശബ്ബത്തും ആരാധനയും

''ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ച് ശുദ്ധീകരിച്ചു'' (ഉല്പത്തി 2:3). സാധാരണ ഉപയോഗത്തിൽനിന്നും വേർതിരിച്ച് വിശുദ്ധ ഉപയോഗങ്ങൾക്കായി നിയമിക്കുന്ന കാര്യങ്ങളെയാണ് ശുദ്ധീ

കരിച്ചു എന്ന വാക്ക് കൊണ്ട് അർത്ഥമാക്കുന്നത്. ശബ്ബത്തിനെ ദൈവം ശുദ്ധീകരിച്ചത് വിശുദ്ധ ഉപയോഗങ്ങൾക്കായി വേർതിരിക്കുവാനാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ വിശുദ്ധ ആരാധനയ്ക്കായി ദൈവം ശബ്ബത്തിനെ നിയോഗിച്ചു എന്ന് ഗ്രഹിക്കേണ്ടതാണ്.

ഉല്പത്തി പുസ്തകത്തിൽ എങ്ങും തന്നെ "ശബ്ബത്ത്" എന്ന പദ പ്രയോഗം കാണുന്നില്ല. "ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു" എന്നു മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. ഉല്പത്തി മുതൽ നോഹയുടെ ചരിത്രം വരെ ഉള്ള ദീർഘകാലത്തെപ്പറ്റി വെറും അഞ്ച് അദ്ധ്യായങ്ങളിലുള്ള വിവരണങ്ങൾ മാത്രമെ വിശുദ്ധ വേദ പുസ്തകം പ്രതിപാദിക്കുന്നുള്ളു. ഉല്പത്തി 6,7,8 എന്നീ അദ്ധ്യായങ്ങ ളിൽ നോഹയുടെ കാലത്തെപ്പറ്റിയുള്ള ചരിത്രം രേഖപ്പെടുത്തിയിരി ക്കുന്നു. ഉല്പത്തി 9-ാം അദ്ധ്യായം ഒരു പുതിയ ഉല്പത്തിയുടെ അദ്ധ്യായമാണ് എന്നു പറയാം. "ദൈവം നോഹയെയും അവന്റെ പുത്ര ന്മാരെയും അനുഗ്രഹിച്ച് അവരോട് അരുളിച്ചെയ്തതെന്തന്നാൽ: നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറവിൻ" (ഉല്പത്തി 9:1) ആദാമിനോട് ദൈവം അരുളിച്ചെയ്ത അനുഗ്രഹത്തിന്റെ ധ്വനിയാണ് നാം കേൾക്കുന്നത്. അബ്രാഹാമിനെ പരിചയപ്പെടുത്തി ക്കൊണ്ട് ഉല്പത്തി 12-ാം അദ്ധ്യായം ആരംഭിക്കുന്നു. ഉല്പത്തി 29-ാം അദ്ധ്യായം വരെ അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് എന്നിവരെ കേന്ദ്രീകരിച്ചുള്ള അദ്ധ്യായങ്ങളാണ്. ഉല്പത്തി 30-ാം അദ്ധ്യായം മുതൽ പുസ്തകത്തിന്റെ അവസാനത്തെ (50-ാം) അദ്ധ്യായം വരെ യോസേ ഫിനെ കേന്ദ്രീകരിച്ചുള്ള അദ്ധ്യായങ്ങളാണ്. യോസേഫ് യിസ്രായേൽ മക്കളുടെ ഭാവി പുറപ്പാടിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ കൊടുക്കുന്ന തായി രേഖപ്പെടുത്തിക്കൊണ്ട് ഉല്പത്തി പുസ്തകം അവസാനിക്കുന്നു.

ഉല്പത്തി പുസ്തകത്തിൽ ആരാധന കാണുന്നുണ്ട്, എന്നാൽ ആഴ മായ നിർദ്ദേശങ്ങൾ കാണുന്നില്ല. മിസ്രയീമിൽ അടിമകളായിരുന്ന യിസ്രായേൽ മക്കളുടെ വിടുതലിന്റെ ചരിത്രത്തോടെ പുറപ്പാട് പുസ്തകം ആരംഭിക്കുന്നു. **പുറപ്പാട് 16:23-ാം വാക്യത്തിലാണ് "ശബ്ബത്ത്" എന്ന പദപ്രയോഗം ആരംഭിക്കുന്നത്.** "അവൻ (മോശെ) അവരോട്: അതു യഹോവ കല്പിച്ചതു തന്നെ; നാളെ സ്വസ്ഥതയാ കുന്നു; യഹോവയ്ക്ക് വിശുദ്ധമായുള്ള ശബ്ബത്ത്" (പുറപ്പാട് 16:23). മിസ്രയീമിൽ അടിമവേല ചെയ്തിരുന്ന യിസ്രായേലിന് ശബ്ബത്ത് ഒരു അനുഭവമായിരുന്നില്ല എന്ന് കരുതാം. ദൈവപരിജ്ഞാനം മങ്ങിപ്പോയ യിസ്രായേലിനെ ദൈവം തന്റെ ഹിതം പഠിപ്പിക്കുന്നതിന്റെ പ്രാരംഭം ഇവിടെ കാണുന്നു. പുറപ്പാട് 16-ാം അദ്ധ്യായം കഴിഞ്ഞാൽ പിന്നെ

ശബ്ബത്ത് കാണുന്നത് പുറപ്പാട് 20:8-ാം വാക്യത്തിലാണ്. ശബ്ബത്ത് ആചരിക്കണം എന്ന നിർദ്ദേശം മാത്രമല്ല എപ്രകാരം വിശുദ്ധമായി ആചരിക്കണം എന്ന് ദൈവം തന്റെ ജനത്തെ അറിയിച്ചു.

ലേവ്യാപുസ്തകം 23-ാം അദ്ധ്യായത്തിൽ ശബ്ബത്ത് ആരാധന ദിവസമായിരിക്കേണം എന്ന് ദൈവം തന്റെ ജനത്തോട് കല്പിച്ചു. "ആറു ദിവസം വേല ചെയ്യേണം; ഏഴാം ദിവസം വിശുദ്ധ സഭായോഗം കൂടേണ്ടുന്ന സ്വസ്ഥതയ്ക്കുള്ള ശബ്ബത്ത്. അന്നു ഒരു വേലയും ചെയ്യരുത് നിങ്ങളുടെ സകല വാസസ്ഥലങ്ങളിലും അത് യഹോവയുടെ ശബ്ബത്ത് ആകുന്നു" (ലേവ്യ. 23:3). യിസ്രായേലിന് ആരാധന ദിവസമായി ദൈവം നിയോഗിച്ച ശബ്ബത്തിന്റെ ആരംഭം ഉല്പത്തി രണ്ടാം അദ്ധ്യായത്തിലാണ് കാണുന്നത്.

ഞായറാഴ്ച പള്ളിയിലേക്ക് പോകുന്ന ഒരുവനെ സമീപിച്ചിട്ട്, ആഴ്ചയ്ക്ക് ഏഴ് ദിവസങ്ങൾ ഉള്ളതിൽ വിശേഷിച്ചും ഞായറാഴ്ച കൂടിവന്നുള്ള ആരാധയ്ക്ക് പോകുന്നത് എന്തുകൊണ്ട് എന്നുചോദിച്ചാൽ ആഗോളമായി ലഭിക്കാറുള്ള മറുപടി ഒന്നേ ഉള്ളു; ക്രിസ്തു ഞായറാഴ്ച ഉയിർത്തെഴുന്നേറ്റതുകൊണ്ട് ഞായറാഴ്ച വിശുദ്ധമായി ഞങ്ങൾ ആചരിക്കുന്നു. ഇത് സത്യമോ എന്ന് ശോധന ചെയ്യേണ്ടതാണ്. കാരണം ഉല്പത്തിയിൽ ദൈവം ശബ്ബത്തിനെ ശുദ്ധീകരിച്ചു എന്നും, ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക എന്നും കല്പന തന്നിരിക്കെ ഞായറാഴ്ച വിശുദ്ധ ദിവസവും ആരാധന ദിവസവും എന്ന് ഇന്ന് ക്രിസ്ത്യാനികൾ പറയുന്നതും വിശ്വസിക്കുന്നതും എങ്ങനെ എന്ന് സൂക്ഷ്മമായി അന്വേഷിക്കേണ്ടതാണ്. ക്രിസ്ത്യാനികൾ ആരെ വിശ്വസിക്കുന്നു എന്നുള്ളതാണ് അറിയേണ്ട വിഷയം.

ആരാധനയ്ക്ക് ഒരു കാരണം ഉണ്ട്. അത് ദൈവത്താൽ സ്ഥാപിതമായതാണ്. അത് മാറ്റി മറ്റൊരു കാരണം മനുഷ്യൻ സ്ഥാപിക്കുന്നു എങ്കിൽ ദൈവം ആരാധന അംഗീകരിക്കുമോ എന്നുള്ളതാണ് ഗൗരവകരമായ ചോദ്യം. ദൈവം നമ്മുടെ ആരാധന അംഗീകരിക്കുന്നില്ലെങ്കിൽ നമ്മുടെ ആരാധന വ്യർത്ഥമാണ്. യേശു പറഞ്ഞു: "മാനുഷ്യകല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു" (മത്തായി 15:9).

### ഉയിർപ്പും, ഞായറാഴ്ചയും, ആരാധനയും

ഇന്ന് ക്രിസ്തീയ ലോകം ദൈവത്തെ ആരാധിക്കുന്നത് കർത്താവ് ഞായറാഴ്ച ഉയിർത്തതുകൊണ്ടാണ് എന്ന കാര്യം തർക്കമില്ലാത്ത വിഷയമാണ്. പല കാരണങ്ങളാൽ ഈ വിശ്വാസം തെറ്റാണ്.

1. ആരാധന സാർവ്വത്രികമാണ് (universal) ഈ ലോകത്തെ മാത്രം ആസ്പദമാക്കി ആരാധനയെ നിർവചിക്കുവാൻ പാടില്ലാത്തതാണ്. "അങ്ങനെ യേശുവിന്റെ നാമത്തിൽ സ്വർല്ലോകരുടെയും, ഭൂലോകരുടെയും, അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറകയും ചെയ്യേണ്ടി വരും". മാലാഖമാർ, നമുക്ക് അറിയുവാൻ സാധിക്കാത്ത കാലത്തോളം ദൈവത്തെ ആരാധിക്കുന്നു. ഈ ലോകം സൃഷ്ടിക്കുന്നതിനു മുമ്പ് ദൈവാരാധന അഖിലാണ്ഡത്തിൽ നിലനിന്നിരുന്നു. ഉയിർപ്പുമായി ബന്ധപ്പെട്ട ഒരു വസ്തുതയല്ല ആരാധന.

2. ഈ ഭൂമിക്ക് ഏതാണ്ട് 6000 വർഷത്തെ പഴക്കം മാത്രമേ ഉള്ളു. 2000 വർഷങ്ങൾക്കു മുമ്പ് യേശു ഈ ഭൂമിയിൽ വരികയും കാൽവറിയിൽ മരിക്കയും ഉയിർത്തെഴുന്നേല്ക്കയും ചെയ്തു. എന്നാൽ ഉല്പത്തി മുതൽ യേശു വന്നതുവരെ ഏതാണ് 4000 വർഷങ്ങൾ ദൈവജനം ദൈവത്തെ ആരാധിച്ചു. ഉയിർപ്പുമായി യാതൊരു ബന്ധവും ഇല്ലാതെയാണ് വിശ്വാസ വീരന്മാർ ദൈവത്തെ ആരാധിച്ചത്. അതുകൊണ്ട് ഉയിർപ്പുമായി ബന്ധപ്പെട്ട ഒരു വസ്തുതയല്ല ആരാധന.

3. ഈ ലോകം പാപത്തിൽ വീഴരുത് എന്നുള്ളതായിരുന്നു ദൈവത്തിന്റെ പദ്ധതി എന്നുള്ളത് എല്ലാവരും ഒരുപോലെ സമ്മതിക്കാവുന്നതാണ്. ഈ ലോകം പാപരഹിതമായിരുന്നുവെങ്കിലും ഭൂവാസികൾ ദൈവത്തെ ആരാധിക്കുമായിരുന്നു കാരണം രക്ഷാപദ്ധതിയുമായി ബന്ധപ്പെട്ട ഒരു കാര്യമല്ല ആരാധന. ദൂതന്മാരുടെ ആരാധന ഈ വസ്തുതയ്ക്ക് സാക്ഷ്യം വഹിക്കുന്നു.

4. കർത്താവായ യേശു ഈ ഭൂമിയിൽ ജനിച്ചപ്പോൾ വിദ്വാന്മാർ "ആ വീട്ടിൽ ചെന്ന് ശിശുവിനെ അമ്മയായ മറിയയോടുകൂടെ കണ്ട് വീണ് അവനെ നമസ്ക്കരിച്ചു" (worshiped) ഉയിർത്തെഴുന്നേറ്റവനായ യേശുവിനെ ഉയിർത്തെഴുന്നേൽക്കുന്നതിനു മുമ്പ് മനുഷ്യർ ആരാധിച്ചു എങ്കിൽ ഉയിർപ്പുമായി ബന്ധപ്പെട്ട ഒരു വസ്തുതയല്ല ആരാധന.

ഉയിർപ്പുമായി ബന്ധപ്പെടുത്തുമ്പോൾ മാത്രമാണ് ഞായറാഴ്ചയ്ക്ക് പ്രാധാന്യം ഉണ്ടാകുന്നത്; അല്ലെങ്കിൽ ഞായറാഴ്ച തിങ്കളാഴ്ച പോലെ മാത്രമെ ഉള്ളു. ഉല്പത്തി മുതൽ ഞായറാഴ്ച തിങ്കളാഴ്ച പോലെയും

ബുധനാഴ്ച പോലെയും മാത്രമേ ആയിരുന്നുള്ളു. ഇപ്പോഴും അപ്രകാരം തന്നെ.

### സൃഷ്ടിപ്പ്, ശബ്ബത്ത്, ആരാധന

ആരാധന മനുഷ്യന്റേതും ആരാധനയുടെ നിർദ്ദേശങ്ങൾ ദൈവത്തിന്റെതുമാണ്; അപ്പോൾ മാത്രമേ ആരാധന അംഗീകാരമാകയുള്ളു. സ്വന്ത ആലോചനപ്രകാരം ആരാധന കഴിച്ച് മരിച്ചുപോയവരുടെ അനുഭവവും തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. “അനന്തരം അഹരോന്റെ പുത്രന്മാരായ നാദാബും അബീഹൂവും ഓരോ ധൂപകലശം എടുത്തു അതിൽ തീ ഇട്ടു അതിന്മേൽ ധൂപവർഗ്ഗവും ഇട്ടു, അങ്ങനെ തങ്ങളോടു കല്പിച്ചതല്ലാത്ത അന്യാഗ്നി യഹോവയുടെ സന്നിധിയിൽ കൊണ്ടുവന്നു. ഉടനെ യഹോവയുടെ സന്നിധിയിൽനിന്നു തീ പുറപ്പെട്ടു അവരെ ദഹിപ്പിച്ചുകളഞ്ഞു; അവർ യഹോവയുടെ സന്നിധിയിൽ മരിച്ചുപോയി” (ലേവ്യപുസ്തകം 10:1-2). ഞായറാഴ്ച ദിവസം ദൈവം കല്പിച്ചിട്ടില്ലാത്ത അന്യാഗ്നി പോലെയാണ്. അഹരോന്റെ പുത്രന്മാർ മരിച്ചുപോയെങ്കിൽ ഞായറാഴ്ച എന്ന അന്യാഗ്നി ദൈവത്തിന്റെ സന്നിധിയിൽ കൊണ്ടുവരുന്നെങ്കിൽ നിത്യമായ മരണത്തിന് കാരണമാകുന്നു.

## സാരമില്ല

ഏതു ദിവസമായാലും സാരമില്ല ദൈവത്തെ ആരാധിച്ചാൽ മതിയാകും എന്നാണ് ചിലരുടെ ധാരണ. എല്ലാദിവസവും ദൈവത്തെ ആരാധിക്കാം എന്ന് മറ്റ് ചിലർ പറയുന്നു. എല്ലാ ദിവസവും വിശുദ്ധമാണ് എന്നു പറയുന്നവരും ഇല്ലാതില്ല. ഇവയെല്ലാം തെറ്റിദ്ധാരണയുടെ തെളിവാണ്; ചിലരുടേത് ശാഠ്യബുദ്ധിയുടെ തെളിവുമാണ്. ദൈവം കല്പിച്ചതുമാത്രമല്ല മറ്റ് ഏതായാലും സാരമില്ല എന്ന മനോഭാവത്തോട് ദൈവം എപ്രകാരം പ്രതികരിച്ചു എന്ന് തിരുവചനത്തിൽനിന്നും മനസ്സിലാക്കുവാൻ സാധിച്ചാൽ ചിലരുടെ എങ്കിലും മനോഭാവം മാറിക്കിട്ടുമായിരിക്കുമെന്ന് കരുതുന്നു. ദൈവനിയോഗപ്രകാരമല്ലാതെ ആരാധന കഴിച്ചതുകൊണ്ട് മരിച്ചുപോയ രണ്ട് വ്യക്തികളുടെ ചരിത്രം തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. “അനന്തരം അഹരോന്റെ പുത്രന്മാരായ നാദാബും അബീഹൂവും ഓരോ ധൂപകലശം എടുത്തു അതിൽ തീ ഇട്ടു, അതിന്മേൽ ധൂപ വർഗ്ഗവും ഇട്ടു, അങ്ങനെ തങ്ങളോട് കല്പിച്ചതല്ലാത്ത അന്യാഗ്നി യഹോവയുടെ സന്നിധിയിൽ കൊണ്ടുവന്നു. ഉടനെ യഹോവയുടെ സന്നിധിയിൽനിന്നു തീ പുറപ്പെട്ടു അവരെ ദഹിപ്പിച്ചു കളഞ്ഞു. അവർ യഹോവയുടെ സന്നിധിയിൽ മരിച്ചുപോയി.

(ലേവ്യ. 10:1,2) ഇത് ദൃഷ്ടാന്തമായിട്ട് അവർക്ക് സംഭവിച്ചു. ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്ക് ബുദ്ധ്യുപദേശത്തിനായി എഴുതിയുമിരിക്കുന്നു" (1 കൊരി. 10:11)

സ്വേച്ഛാരാധന (self imposed worship) മരണത്തിന്റെ ആരാധനയാണ്. ദൈവം കല്പിച്ച അഗ്നി തിരസ്ക്കരിക്കയും ദൈവം കല്പിച്ചിട്ടില്ലാത്തതായ അഗ്നി ആരാധനയ്ക്ക് ഉപയോഗിക്കയും ചെയ്തതുകൊണ്ട് നാദാബും അബീഹൂവും മരിച്ചുപോയി. ഏത് അഗ്നിയായാലും സാരമില്ല എന്ന മനോഭാവം ദൈവം തിരസ്ക്കരിക്കുന്നു. ആരാധന മനുഷ്യനുള്ളതും ആരാധനയുടെ നിബന്ധനകൾ ദൈവത്തിന്റേതുമാണ് എന്ന പാഠം നാം ഇവിടെ പഠിക്കേണ്ടിയിരിക്കുന്നു. ആഴ്ചയുടെ ഏഴാമത്തെ ദിവസത്തെ ദൈവം അനുഗ്രഹിച്ച് ശുദ്ധീകരിച്ചിരിക്കെ (വേർതിരിച്ചിരിക്കെ) ഏതു ദിവസമായാലും "സാരമില്ല" എന്ന മനോഭാവം നാദാബിന്റെയും അബീഹൂവിന്റെയും മനോഭാവമാണ്. "ഇത് ദൃഷ്ടാന്തമായിട്ട് അവർക്ക് സംഭവിച്ചു" എന്നുപറഞ്ഞാൽ അവർ ചെയ്തതുപോലെ മറ്റാരെയെങ്കിലും ചെയ്താൽ അവർക്ക് സംഭവിച്ചതു തന്നെ മറ്റാരായാലും അവർക്കും സംഭവിക്കും എന്നാണ് അർത്ഥമാകുന്നത്. ദൈവം ശബ്ബത്ത് ദിവസത്തെ മാത്രം അനുഗ്രഹിച്ച് ശുദ്ധീകരിച്ചിരിക്കെ ഞായറാഴ്ച ദിവസം വിശുദ്ധമാണ് എന്ന് പറയുന്നവർ ദൈവത്തിന് വിരോധമായി സാക്ഷ്യം പറയുകയാണ്. ഇക്കാലത്ത് മനുഷ്യൻ സാമാന്യവും വിശുദ്ധവും തമ്മിൽ വേർതിരിക്കുന്നില്ല. ദൈവം കല്പിച്ച ശബ്ബത്ത് ഉപേക്ഷിക്കയും ദൈവം കല്പിച്ചിട്ടില്ലാത്ത ഞായറാഴ്ച ആരാധനയിലേക്ക് കൊണ്ടുവന്നിരിക്കയും ചെയ്തിരിക്കുന്നത് "സാരമില്ല" എന്ന മനുഷ്യന്റെ മനോഭാവമാണ്. ജീവിതത്തിന്റെ പല തുറകളിലും "സാരമില്ല" എന്ന മനോഭാവം പടർന്നു പിടിച്ചിരിക്കുന്നു. "സാരമില്ല" എന്ന മനോഭാവം മാനസാന്തരത്തെ ചൂഷണം ചെയ്യുന്നു എന്ന് ജനം മനസ്സിലാക്കുന്നില്ല. "സാരമില്ല" എന്നു നാം പറയുന്നു എങ്കിൽ മാനസാന്തരപ്പെടേണ്ടതില്ലല്ലോ. എല്ലാ ദിവസവും വ്യക്തിപരമായി നാം ദൈവത്തെ പാടി സ്തുതിക്കയും, പ്രാർത്ഥനയിൽകൂടി സ്തുതിക്കയും ആരാധിക്കയും ചെയ്യുന്നു എന്നത് സത്യമാണ്. നമസ്ക്കരിക്കുക, ആരാധിക്കുക (worship) എന്ന വാക്ക് ഒന്നിലധികം വിധത്തിൽ ചിത്രീകരിച്ചിരിക്കുന്നു. വണങ്ങുക (to bow down), സേവിക്കുക (to serve), ഭയഭക്തി കാണിക്കുക (to do obeisance), ദൈവസന്നിധിയിൽ കമിഴ്ന്നു വീഴുക (to prostrate), എന്നിങ്ങനെയും ഇതിൽ അധികം അർത്ഥവും ആരാധന എന്ന വാക്കിന് ഉണ്ട്. എല്ലാ അർത്ഥങ്ങളും കണക്കിലെടു

ക്കുമ്പോൾ ആരാധന ദിവസേനയുള്ള ഒരു ജീവിത ശൈലിയാണ് എന്ന് മനസ്സിലാക്കാവുന്നതാണ്. അങ്ങനെ ആയിരിക്കുമ്പോൾ തന്നെ സമൂഹമായി കൂടി വന്ന് ആരാധന കഴിക്കുവാൻ ദൈവം ഒരു ദിവസം നിയോഗിച്ചു. ആ ദിവസം ആഴ്ചയുടെ ഏഴാമത്തെ ദിവസമാകുന്ന ശബ്ബത്താണ് എന്ന് തിരുവചനം ഉടനീളം സാക്ഷ്യം വഹിക്കുന്നു. പില്ക്കാലത്ത് വെള്ളിയാഴ്ചയും ഞായറാഴ്ചയും മനുഷ്യനിയോഗത്താൽ ചേർന്നു വന്നു. ഏതു ദിവസമായിരുന്നാലും സാരമില്ലായെന്നത് ദൈവ നിയോഗമല്ല.

**ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക**

കഴിഞ്ഞകാലത്ത് എപ്പോഴെങ്കിലും പറഞ്ഞിട്ടുള്ള കാര്യങ്ങളെ മാത്രമാണ് "ഓർക്ക" എന്ന് പറയുന്നത്. നാലാമത്തെ കല്പനയിൽ ഓർക്ക എന്നു പറയുന്നതുകൊണ്ട് ദൈവം ശബ്ബത്തിനെ വിശുദ്ധമായി ആചരിക്കുന്നതിനെപ്പറ്റി കഴിഞ്ഞ കാലത്ത് എപ്പോഴോ പറഞ്ഞിരുന്നു എന്ന് അർത്ഥമാക്കുന്നു. **യിസ്രായേലിനോടു കൂടെയല്ല വിശുദ്ധശബ്ബത്ത് ആരംഭിക്കുന്നത് എന്ന ചരിത്രം നാം കണ്ടുകഴിഞ്ഞു.** ദൈവം യിസ്രായേലുമായി ഉടമ്പടി ചെയ്തപ്പോൾ നിലവിലുണ്ടായിരുന്ന ശബ്ബത്ത് അവർക്ക് ഏല്പിച്ചു കൊടുത്തു. യിസ്രായേലിന്റെ ചുറ്റുപാടുമുള്ള രാജ്യങ്ങൾ അന്യദേവന്മാരെ ആരാധിച്ചിരുന്നു; എന്നാൽ യിസ്രായേലിന്റെ ദൈവമാണ് സൃഷ്ടിപ്പിന്റെ ദൈവം എന്ന് എല്ലാവരും അറിയേണ്ടതിന് യിസ്രായേലിന് ഉല്പത്തിയിൽ ദൈവം സൃഷ്ടിപ്പിന്റെ സ്മാരകമായി സ്ഥാപിച്ച ശബ്ബത്ത് ഏല്പിച്ചു കൊടുത്തു. മനുഷ്യൻ പോലും ഒരു കാരണവും ഇല്ലാതെ ഒന്നും സൃഷ്ടിക്കുന്നില്ല. ദൈവം എന്തിന് ശബ്ബത്ത് സൃഷ്ടിച്ചു എന്ന് മനസ്സിലാക്കുമ്പോൾ ശബ്ബത്ത് നമുക്ക് അർത്ഥവത്തായിത്തീരും. എല്ലാ ആഴ്ചയിലും ജനം ശബ്ബത്തിൽ ആരാധനയ്ക്ക് കൂടി വരുമ്പോൾ ദൈവം സ്രഷ്ടാവ് എന്ന് നാം അംഗീകരിക്കുന്നു എന്നതിന്റെ പ്രകടനമാണ്. ശബ്ബത്തിനെ നിഷേധിക്കുമ്പോൾ നാം ചതിയിൽ അകപ്പെട്ട് സ്രഷ്ടാവിനെ നിഷേധിക്കുകയാണ്.

**കർത്താവായ യേശു പാപപരിഹാരകനായി ഈ ഭൂമിയിൽ വന്നു, മരിച്ചു, ഉയിർത്തെഴുന്നേറ്റു, വീണ്ടും വരും, എന്നതിന്റെ സ്മാരകമായി തിരുവത്താഴം സ്ഥാപിച്ചു.** "അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു" (1 കൊരിന്ത്യർ 11:26). ഒരുവൻ ഇപ്രകാരം പറയുന്നു എന്നിരിക്കട്ടെ:

തിരുവത്താഴത്തിൽ പങ്കുകൊള്ളാതെ കർത്താവ് എനിക്കുവേണ്ടി മരിച്ചു എന്ന് ഓർക്കുവാൻ സാധിക്കുന്നുണ്ട്; കർത്താവ് വീണ്ടും വരും എന്നും ഞാൻ വിശ്വസിക്കുന്നുണ്ട്. പിന്നെ ഞാൻ എന്തിന് തിരുവത്താഴം എടുക്കണം? ഉത്തരം ലളിതമാണ്. പ്രവൃത്തിയിൽ കൂടിയാണ് വിശ്വാസം പ്രകടമാക്കുന്നത്. പ്രവൃത്തിയിൽ കൂടി നാം നമ്മോടു തന്നെ സാക്ഷ്യം പറയുന്നു. “അവന്റെ കല്പനകളെ പ്രമാണിക്കുന്നു എങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നു എന്ന് **അതിനാൽ** അറിയുന്നു” (1 യോഹന്നാൻ 2:3) “അതിനാൽ ആർ അറിയുന്നു?” എന്നുള്ളതാണ് മനസ്സിലാക്കേണ്ടത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അവന്റെ കല്പനകളെ പ്രമാണിക്കുന്നു എങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നു എന്ന് അതിനാൽ (അനുസരണത്താൽ) **നമുക്കറിയാം** എന്നാണ് വാക്യത്തിന്റെ അർത്ഥം. ദൈവത്തെ ഒന്നും അറിയിക്കേണ്ടതില്ലല്ലോ. പ്രവൃത്തിയിൽ കൂടെയാണ് നാം നമ്മോടുതന്നെ സാക്ഷ്യം പറയുന്നത്. നാം നമുക്കുതന്നെ വിശ്വാസത്തിന്റെ ഉറപ്പുവരുത്തേണ്ട ആവശ്യം ഉണ്ട്. **തിരുവത്താഴം അനുഭവിക്കുമ്പോൾ ക്രിസ്തു നമുക്കുവേണ്ടി മരിച്ചു എന്ന് അനുഭവിച്ചറിയുകയാണ്.** ശബ്ബത്ത് വിശുദ്ധമായി ആചരിക്കുമ്പോൾ ദൈവം നമ്മുടെ സ്രഷ്ടാവാണ് എന്ന് നാം അനുഭവത്തിൽ കൂടെ അറിയുകയും സാക്ഷീകരിക്കയുമാണ്. ഉയിർപ്പിന്റെ സ്മാരകമായി കർത്താവ് ഞായറാഴ്ച സ്ഥാപിച്ചില്ല; തിരുവചനത്തിൽ തെളിവില്ലാത്തതുകൊണ്ട് അത് മനുഷ്യ സങ്കല്പമാണ്.

**ഞായറാഴ്ചയെ ഒന്നിന്റെയും സ്മാരകമായി കർത്താവ് സ്ഥാപിച്ചിട്ടില്ല.** അതുകൊണ്ട് അപ്പൊസ്തലന്മാരും ഞായറാഴ്ച ആചരിച്ചിട്ടില്ല. കർത്താവിന്റെ കല്പനയില്ലാതെ നാം (അപ്പൊസ്തലന്മാർ ഉൾപ്പെടെ) എങ്ങനെ ഇത് ആചരിക്കും? “ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകല ജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ” എന്നാണ് കർത്താവ് കല്പിച്ചത്. ഞായറാഴ്ച ആചാരത്തിന് കർത്താവിന്റെ കല്പനയില്ല. “ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക” എന്ന് ഒരു വ്യക്തമായ കല്പനയുണ്ട്. ഞായറാഴ്ചയെപ്പറ്റി യാതൊന്നും തന്നെ കർത്താവ് ഉച്ചരിച്ചിട്ടില്ല. **ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം എന്നൊരു പദപ്രയോഗം കർത്താവിന്റെ അധരങ്ങളിൽ നിന്നും വന്നതായി പുതിയനിയമ പുസ്തകങ്ങളിൽ എങ്ങും തന്നെ ഒരു രേഖയും ഇല്ല.** കല്പന കൂടാതെ അനുസരണം അസാദ്ധ്യമാണ്. ശബ്ബത്ത് ഏഴാമത്തെ ദിവസമാണ് എന്നും ശബ്ബത്തിനെ വിശുദ്ധമായി ആചരിക്കണം എന്നും വ്യക്തമായ ദൈവ കല്പന ഉള്ള

തുകൊണ്ട് ശബ്ബത്താചരണം മാത്രമാണ് ശരി. ഞായറാഴ്ച വിശുദ്ധ മായി ആചരിക്കുന്നത് ശരിയല്ല. ശബ്ബത്ത് വിശുദ്ധമായതിന്റെ കാരണം ദൈവം തന്നെ പറയുന്നു. പെന്തെക്കൊസ്തു നാളിൽ പരിശുദ്ധാത്മാവ് വന്നതുകൊണ്ടല്ല ദിവസം വിശുദ്ധമായത്. അങ്ങനെ ഒരു രേഖ തിരു വചനത്തിൽ ഇല്ല. ഇത് വെറും സങ്കല്പമാണ്. **അപ്പൊസ്തലന്മാർ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ കൂടി വന്നതുകൊണ്ടും അപ്പം നുറു ക്കിയതുകൊണ്ടും ദിവസം വിശുദ്ധമാകുന്നില്ല**. അങ്ങനെ ഒരു പ്രസ്താവന തിരുവചനത്തിൽ ഇല്ല. അതും വെറും മനുഷ്യ സങ്കല്പ മാണ്. ദൈവം വിശുദ്ധം എന്ന് കല്പിച്ച ദിവസം മാത്രമാണ് വിശുദ്ധം. അതിന്റെ കാരണം ദൈവം സ്രഷ്ടാവ് എന്നുള്ളതാണ്.

ദൈവം വിശുദ്ധീകരിച്ച് നമ്മുടെ പക്കൽ തരുന്നതുമാത്രമെ നമുക്ക് വിശുദ്ധമായി സൂക്ഷിക്കുവാൻ പാടുള്ളു. “ശുദ്ധീകരിപ്പാൻ ഓർക്ക” എന്ന് പറയുമ്പോൾ ശബ്ബത്ത് നാളിനെ വിശുദ്ധമായി **സൂക്ഷിക്ക** എന്നാണ് അർത്ഥമാക്കുന്നത്. ദൈവം ശബ്ബത്ത് നാളിനെ എന്താക്കി ത്തീർത്തുവോ, ആ നിലയിൽ ശബ്ബത്തിനെ സൂക്ഷിക്കുക എന്നാണ് ദൈവം മനുഷ്യനോട് ആവശ്യപ്പെടുന്നത്. ഉദാഹരണമായി പറഞ്ഞാൽ: ഒരു കപ്പ് ചൂടുവെള്ളം ഒരുവന്റെ പക്കൽ കൊടുത്തിട്ട് ചൂടുപോകാതെ സൂക്ഷിക്കണം (keep it hot) എന്ന് പറയുന്നു എന്നിരിക്കട്ടെ. ഏറ്റുവാ ങ്ങുന്നവൻ ചൂടോടെ ഏറ്റുവാങ്ങുന്നു എങ്കിൽ മാത്രമെ ചൂടുപോകാതെ സൂക്ഷിക്കുവാൻ സാധിക്കയുള്ളു. ചൂടിന്റെ നില സൂക്ഷിക്കുക (keep it hot) എന്നാണ് തരുന്നവൻ അർത്ഥമാക്കുന്നത്. അതുപോലെ ശബ്ബത്ത് നാളിനെ ദൈവം വിശുദ്ധമാക്കിത്തീർത്തു; വിശുദ്ധമായി മനുഷ്യന് തന്നിട്ട് വിശുദ്ധമായി ശബ്ബത്തിനെ സൂക്ഷിക്ക എന്നാണ് ആവശ്യപ്പെ ടുന്നത്. ദൈവം വിശുദ്ധമാക്കിയതിനെ മാത്രമേ മനുഷ്യൻ വിശുദ്ധ മായി സൂക്ഷിക്കുവാൻ പാടുള്ളു എങ്കിൽ ഞായറാഴ്ചയെ വിശുദ്ധമായി ആചരിക്കുന്നത് ശരിയല്ല. കാരണം ഞായറാഴ്ചയെ ദൈവം വിശുദ്ധീ കരിച്ചതായി ഒരു രേഖയും തിരുവചനത്തിൽ എങ്ങും തന്നെ ഇല്ല. ഞായ റാഴ്ചയെ വിശുദ്ധമായി ആചരിക്കുന്നു എന്ന് കരുതുന്നവർക്ക് വചനം അടിസ്ഥാനമല്ല. അവരുടെ സങ്കല്പം മാത്രമാണ് അവരുടെ അടി സ്ഥാനം. തിരുവചനത്തിൽ ഞായറാഴ്ച വിശുദ്ധ ദിവസം എന്നോ ആരാ ധനാദിവസം എന്നോ ഉള്ളതിന് ഒരു അടിസ്ഥാനവും ഇല്ലാത്തതു കൊണ്ട് ഞായറാഴ്ച ആരാധനയെ സ്വേച്ഛാരാധന (self imposed worship) എന്ന് ഉറപ്പാക്കാം. ദൈവം പറയുന്നത് ശബ്ബത്തിനെ വിശുദ്ധമായി ആചരിപ്പാൻ ഓർക്ക എന്നാണ്.

## ശബ്ബത്തിനെ എപ്രകാരം ശുദ്ധീകരിക്കാം (keep holy)

**ശബ്ബത്തിനെ ശുദ്ധീകരിപ്പാൻ ഓർക്ക എന്നുമാത്രമല്ല എപ്രകാരം ശുദ്ധീകരിക്കണം എന്നും ദൈവം നിർദ്ദേശം നല്കുന്നു.** പുറപ്പാട് 20:8-ാം വാക്യത്തിൽ "ശബ്ബത്തിനെ ശുദ്ധീകരിപ്പാൻ ഓർക്ക" എന്ന് ദൈവം പറഞ്ഞതിനുശേഷം ആഴ്ചവട്ടത്തിന് ഏഴുദിവസങ്ങൾ ഉള്ള തിൽ ആറുദിവസം മനുഷ്യന് തന്നിരിക്കുന്നു എന്ന് അരുളിച്ചെയ്തു. "ആറുദിവസം അദ്ധ്വാനിച്ച് **നിന്റെ** വേല ഒക്കെയും ചെയ്ക" (വാക്യം 9). ആറാമത്തെ ദിവസം ഒരുക്കനാൾ ആകുന്നു എന്നും ദൈവം അരുളിചെയ്തു. ശബ്ബത്ത് വിശുദ്ധമായി ആചരിക്കുവാൻ ഒരുക്കങ്ങൾ ചെയ്യുവാനുള്ള ദിവസമാണ് ആറാം ദിവസം. യിസ്രായേൽ ജനം മരുഭൂമിയാത്ര ചെയ്തപ്പോൾ ദൈവം ആകാശത്തുനിന്ന് മന്നാ വർഷിപ്പിച്ചു. ഓരോ ദിവസവും ഓരോരുത്തനും ഭക്ഷിക്കാവുന്നിടത്തോളം പെറുക്കിക്കൊൾവിൻ എന്ന ദൈവത്തിന്റെ നിർദ്ദേശം മോശെ ജനത്തോട് അറിയിച്ചു. എന്നാൽ **ആറാം ദിവസം** അവർ ആളൊന്നിന് ഇരട്ടി മന്നാ ശേഖരിച്ചു. അപ്പോൾ ജനത്തിന്റെ പ്രമാണികൾ ജനം ചെയ്തത് മോശെയോട് അറിയിച്ചു. അപ്പോൾ മോശെ മറുപടി പറയുന്നത്. "അവൻ അവരോട്: **ഇതു യഹോവ കല്പിച്ചതുതന്നെ; നാളെ സ്വസ്ഥത ആകുന്നു. യഹോവയ്ക്ക് വിശുദ്ധമായുള്ള ശബ്ബത്ത്. ചുടുവാനുള്ളത് ചുടുവിൻ പാകം ചെയ്വാനുള്ളത് പാകം ചെയ്വിൻ ശേഷിക്കുന്നത് ഒക്കെയും നാളെത്തേക്കു സൂക്ഷിച്ചു വെപ്പിൻ"** (പുറപ്പാട് 16:23). ഈ ആചാരത്തിന്റെ തുടക്കം ഉല്പത്തി രണ്ടാം അദ്ധ്യായത്തിലാണ് എന്ന് നാം കാണുന്നു. കാലങ്ങൾ കഴിഞ്ഞതിനു ശേഷം ശബ്ബത്ത് വിശുദ്ധമായി എപ്രകാരം ആചരിക്കണം എന്നതിനെപ്പറ്റി ദൈവം അരുളിച്ചെയ്യുന്നത് "നീ എന്റെ വിശുദ്ധ ദിവസത്തിൽ നിന്റെ കാര്യാദികൾ നോക്കാതെ ശബ്ബത്തിൽ നിന്റെ കാൽ അടക്കിവെച്ച് ശബ്ബത്തിനെ ഒരു സന്തോഷം എന്നും യഹോവയുടെ വിശുദ്ധ ദിവസത്തെ ബഹുമാനയോഗ്യം എന്നും പറകയും നിന്റെ വേലക്കു പോകയോ, നിന്റെ കാര്യാദികളെ നോക്കുകയോ, വ്യർത്ഥസംസാരത്തിൽ നേരം പോക്കുകയോ ചെയ്യാതവണ്ണം അതിനെ ബഹുമാനിക്കുകയും ചെയ്യുമെങ്കിൽ നീ യഹോവയിൽ പ്രമോദിക്കും. ഞാൻ നിന്നെ ദേശത്തിലെ ഉന്നതങ്ങളിൽ വാഹനമേറ്റി ഓടുമാറാക്കുകയും നിന്റെ പിതാവായ യാക്കോബിന്റെ അവകാശം കൊണ്ട് നിന്നെ പോഷിപ്പിക്കയും ചെയ്യും. യഹോവയുടെ വായല്ലോ അരുളിച്ചെയ്തിരിക്കുന്നത്" (യെശയ്യാവ് 58:13,14).

ശബ്ബത്തിനെ എപ്രകാരം വിശുദ്ധമായി ആചരിക്കണം എന്നും ആചരിക്കുന്നവർക്ക് ലഭിക്കുന്ന അനുഗ്രഹവും ദൈവം വാഗ്ദാനം ചെയ്യുന്നു.

മോശെ മുഖാന്തരം ദൈവം നമുക്കു തന്നിരിക്കുന്ന പത്തുകല്പനയിൽ നാലാമത്തെ കല്പന തന്നെയാണ് യെശയ്യാവു മുഖാന്തരം ദൈവം വീണ്ടും ഓർമ്മിപ്പിക്കുന്നത്. "ഏഴാം ദിവസം നിന്റെ ദൈവമായ യഹോ വയുടെ ശബ്ബത്ത് ആകുന്നു. അന്ന് നീയും നിന്റെ പുത്രനും പുത്രിയും നിന്റെ കന്നുകാലികളും നിന്റെ പടിവാതില്ക്കകത്തുള്ള പരദേശിയും ഒരു വേലയും ചെയ്യരുത്. ആറു ദിവസംകൊണ്ട് യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി ഏഴാം ദിവസം സ്വസ്ഥമായിരുന്നു. **അതുകൊണ്ട്** യഹോവ ശബ്ബത്ത് നാളിനെ അനു ഗ്രഹിച്ചിരിക്കുന്നു" (പുറപ്പാട് 20:10,11). ദൈവം ആറുദിവസം സൃഷ്ടി പ്പിന്റെ വേലചെയ്തു, ഏഴാം ദിവസം സ്വസ്ഥമായിരുന്നു, ശബ്ബത്തിനെ അനുഗ്രഹിച്ചു വിശുദ്ധ ഉപയോഗങ്ങൾക്കായി ദൈവം വേർതിരിച്ചു. മനുഷ്യനും ആറു ദിവസം വേല ചെയ്യേണം. ശബ്ബത്ത് ദിവസത്തിൽ നമ്മുടെ വേലയിൽ നിന്നും വിശ്രമിക്കണം, വിശുദ്ധ ആരാധനയ്ക്കാ യിട്ട് ശബ്ബത്ത് വേർതിരിക്കണം. അങ്ങനെ ദൈവം കല്പിച്ച വിധത്തിൽ നാം ശബ്ബത്ത് ദിവസത്തെ ചിലവാക്കുമ്പോൾ "ശബ്ബത്ത് നാളിനെ ശുദ്ധീ കരിക്ക" എന്ന ദൈവഹിതം നിറവേറും.

യഹോവയുടെ കല്പന പ്രകാരം, ശബ്ബത്ത് വിശുദ്ധമായി ആചരി ക്കുവാൻ ദൈവജനം രണ്ടുദിവസത്തേക്കുള്ള ആഹാരം പാചകം ചെയ്യു ന്നത് വെള്ളിയാഴ്ച നിർവ്വഹിച്ചു. അതുപോലെ തന്നെ കർത്താവായ യേശുവിന്റെ ശരീരം കല്ലറയിൽ വെച്ചശേഷം ഗലീലയിൽ നിന്നും വന്ന സ്ത്രീകൾ വെള്ളിയാഴ്ച സുഗന്ധവർഗ്ഗവും പരിമള തൈലവും ഒരുക്കി. വെള്ളിയാഴ്ച ദിവസത്തെ ഒരുക്കനാൾ എന്ന് തിരുവചനം സംബോ ധന ചെയ്യുന്നു. "അന്ന് ഒരുക്കനാൾ ആയിരുന്നു" (ലൂക്കോസ് 23:54). തുടർന്ന് 56-ാം വാക്യത്തിൽ പറയുന്നത്. "...കല്പന (പത്തുകല്പന) അനുസരിച്ച് ശബ്ബത്തിൽ സ്വസ്ഥമായിരുന്നു". ശബ്ബത്ത് വിശുദ്ധമായി ആചരിക്കുവാൻ വെള്ളിയാഴ്ച ഒരുക്കങ്ങൾ ചെയ്യേണ്ടതാണ് എന്ന് തിരുവചനം നിർദ്ദേശിക്കുന്നു. ഏദെനിൽ ദൈവം ആസൂത്രണം ചെയ്ത ശബ്ബത്ത് യാതൊരു ഭംഗവും കൂടാതെ ഇന്നും തുടരേണ്ടതാണ്. "ദൈവ കല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്ന" (വെളിപ്പാട് 14:12) ദൈവ ജനം എല്ലാക്കാലത്തും ശബ്ബത്തിൽ അവരുടെ കാൽ അടക്കിവെച്ച് സ്വന്ത വേലയിൽ ഏർപ്പെടാതെ, വ്യർത്ഥസംസാ രത്തിൽ നേരമ്പോക്കാതെ, ശബ്ബത്തിനെ ഒരു സന്തോഷം എന്ന് എണ്ണി, ആരാധനയിൽ ദിവസം കഴിച്ച് ശബ്ബത്തിനെ വിശുദ്ധമായി ആചരിച്ചു പോന്നു.

വ്യഭിചാരം ചെയ്യുന്നവനെ മരണ ശിക്ഷയ്ക്ക് വിധിച്ചതുപോലെ ശബ്ബത്തിനെ അശുദ്ധമാക്കിയവനെയും മരണ ശിക്ഷയ്ക്ക് വിധിച്ചു. വ്യഭിചാരം പോലെ പാപമാണ് ശബ്ബത്തിനെ അശുദ്ധമാക്കുന്നത്. പാപത്തിന്റെ മാനദണ്ഡം പത്തുകല്പനയാണ്. അത് ദൈവത്തെപ്പോലെ മാറ്റമില്ലാത്തതാണ്. യിസ്രായേലിനോട് ചേർന്ന അന്യജാതിക്കാരനും യിസ്രായേലിനെപ്പോലെ ശബ്ബത്തിനെ വിശുദ്ധമായി ആചരിക്കണം എന്നുള്ളതായിരുന്നു ദൈവകല്പന. "ശബ്ബത്തിനെ അശുദ്ധമാക്കാതെ പ്രമാണിച്ച് ദോഷം ചെയ്യാതവണ്ണം തന്റെ കൈ സൂക്ഷിച്ചുംകൊണ്ട് ഇത് ചെയ്യുന്ന **മർത്യനും** ഇത് മുറുകെ പിടിക്കുന്ന **മനുഷ്യനും** ഭാഗ്യവാൻ" (യെശയ്യാവ് 56:2). പഴയനിയമ കാലത്തും യെഹൂദനും അന്യജാതിക്കാരനും രണ്ട് പ്രമാണങ്ങൾ ഉണ്ടായിരുന്നില്ല. **അന്യജാതിക്കാരൻ ദൈവത്തെ വിശ്വസിക്കുമ്പോൾ ദൈവം അവന്റെ സ്രഷ്ടാവാണ് എന്നുള്ളതിന്റെ അടയാളമാകുന്ന ശബ്ബത്ത് അന്യജാതിക്കാരനും അനുസരിക്കണം എന്ന് ദൈവം അരുളിച്ചെയ്തിരുന്നു.** "യഹോവയെ സേവിച്ചു, അവന്റെ നാമത്തെ സ്നേഹിച്ചു, അവന്റെ ദാസന്മാരായിരിക്കേണ്ടതിന്നു യഹോവയോടു ചേർന്നു വരുന്ന അന്യജാതിക്കാരേ, ശബ്ബത്തിനെ അശുദ്ധമാക്കാതെ ആചരിക്കയും എന്റെ നിയമം പ്രമാണിച്ചു നടക്കയും ചെയ്യുന്നവരെ ഒക്കെയും തന്നേ, ഞാൻ എന്റെ വിശുദ്ധ പർവ്വതത്തിലേക്കു കൊണ്ടുവന്നു, എന്റെ പ്രാർത്ഥനാലയത്തിൽ അവരെ സന്തോഷിപ്പിക്കും; അവരുടെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും എന്റെ യാഗപീഠത്തിന്മേൽ പ്രസാദകരമായിരിക്കും; എന്റെ ആലയം സകല ജാതികൾക്കും ഉള്ള പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും" (യെശയ്യാവ് 56:6,7). ജാതികളും ശബ്ബത്തിൽ അവരുടെ കാൽ അടക്കിവെച്ചും കൈസൂക്ഷിച്ചും ശബ്ബത്തിനെ വിശുദ്ധമായി ആചരിച്ചിരുന്നു. **എല്ലാവരുടെയും സ്രഷ്ടാവ് ദൈവമായതുകൊണ്ട് എല്ലാവരും ശബ്ബത്ത് വിശുദ്ധമായി ആചരിക്കുവാൻ ദൈവത്തോട് കടപ്പെട്ടിരിക്കുന്നു.** ശബ്ബത്ത് നാളിനെ ശുദ്ധീകരിക്കുക എന്ന കല്പനപോലെ ശബ്ബത്ത് നാളിനെ അശുദ്ധമാക്കരുത് എന്നും ദൈവം കല്പന തന്നിരിക്കുന്നു. നമ്മുടെ സ്വന്തകാര്യങ്ങൾ ചെയ്യുന്നതിൽ കൂടി നാം ശബ്ബത്തിനെ അശുദ്ധമാക്കുന്നു. വായനക്കാരാകുന്ന എല്ലാവരോടും ഒരു അപേക്ഷ: ദൈവം നിങ്ങളുടെ സ്രഷ്ടാവാണ് എന്ന് വിശ്വസിക്കുന്നു എങ്കിൽ അതിന്റെ അടയാളമായി ശബ്ബത്ത് വിശുദ്ധമായി ആചരിക്കണമേ. ഞായറാഴ്ച ശബ്ബത്തല്ല. ശബ്ബത്ത് യെഹൂദന് മാത്രം കൊടുത്തതായിരുന്നില്ല. അന്യജാതിക്കാരനും ശബ്ബത്ത് ആചരിക്കണം എന്ന് ദൈവം കല്പിച്ചു.

### ശബ്ബത്ത് പുതിയനിയമത്തിൽ

**ശബ്ബത്തിന്റെ ചരിത്രം ഈ ലോകത്തിന്റെ ആദ്യത്തെ ആഴ്ചയിൽ ആരംഭിച്ചു എന്ന് തിരുവചനം സാക്ഷീകരിക്കുന്നു. അത് കർത്താവിന്റെ കാലം വരെ ഭംഗം വരാതെ തുടർന്നു. എന്നാൽ ക്രിസ്തുവിൽ ശബ്ബത്തിന് മാറ്റം വന്നുവോ എന്നുള്ളതാണ് ചോദ്യം.** മറ്റെല്ലാസൃഷ്ടിപോലെയും സൃഷ്ടിക്കപ്പെട്ട വിശുദ്ധവും ആരാധനാദിവസവുമായ ശബ്ബത്ത് പുതിയനിയമ കാലത്ത് എന്തുകൊണ്ട് നിഷേധിക്കപ്പെടുന്നു? "പിന്നെ അവൻ (യേശു) അവരോട് മനുഷ്യൻ ശബ്ബത്ത് നിമിത്തമല്ല; ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രെ **ഉണ്ടായത്** എന്നു പറഞ്ഞു." മറ്റെല്ലാ കാര്യങ്ങളെയും സൃഷ്ടിച്ചതുപോലെ ശബ്ബത്തും ദൈവം സൃഷ്ടിച്ചു അല്ലെങ്കിൽ ഉണ്ടാക്കി. "അങ്ങനെ മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവാകുന്നു എന്നു പറഞ്ഞു" (മർക്കോസ് 2:27,28). "കർത്താവാകുന്നു" എന്നുപറഞ്ഞാൽ സ്രഷ്ടാവാകുന്നു എന്നർത്ഥം. "മനുഷ്യൻ ശബ്ബത്ത് നിമിത്തമല്ല" എന്നുപറയുമ്പോൾ, ദൈവം ശബ്ബത്ത് ഉണ്ടാക്കിയിട്ട് അത് ആചരിക്കാൻ ആരും ഇല്ലാത്തതുകൊണ്ട് മനുഷ്യനെ ഉണ്ടാക്കി എന്നല്ല മറിച്ച് മനുഷ്യന് ശബ്ബത്ത് ആവശ്യമാണ് എന്നു കണ്ടിട്ട് ശബ്ബത്ത് മനുഷ്യനുവേണ്ടി **ഉണ്ടാക്കി** എന്നാണ് സ്രഷ്ടാവായ യേശു പറയുന്നത്. സൃഷ്ടി മാറി മറ്റൊന്നാകുന്നില്ല. എല്ലാ കാര്യങ്ങളും മനുഷ്യനുവേണ്ടി സൃഷ്ടിച്ചതുപോലെ ശബ്ബത്തും മനുഷ്യനുവേണ്ടി സൃഷ്ടിച്ചു. ശബ്ബത്ത് ഒരു സൃഷ്ടിയാണ്.

ദൈവത്തിന്റെ മറ്റെല്ലാസൃഷ്ടിയും ഉല്പത്തിയിൽ സൃഷ്ടിച്ചതുപോലെ ഇന്നും കാണുന്നതുകൊണ്ട് ശബ്ബത്തും ഉല്പത്തിയിൽ ഉണ്ടാക്കിയതുപോലെ ഇന്നും കാണേണ്ടതാണ്. ഉല്പത്തിയിൽ സൃഷ്ടിച്ച ആന ഇന്നും അതേ ആന തന്നെ, ആട് ഇന്നും അതേ ആട് തന്നെ. അതുപോലെ ഉല്പത്തിയിൽ സൃഷ്ടിച്ച ശബ്ബത്ത് ഇന്നും അതേ ശബ്ബത്തായിരിക്കണം. എന്നാൽ മനുഷ്യൻ ഇന്ന് ശബ്ബത്ത് എന്ന സൃഷ്ടിയെയും അതിന്റെ വിശുദ്ധിയെയും നിഷേധിക്കുന്നു; ആരാധന ദിവസമായും അതിനെ നിഷേധിക്കുന്നു. അതുകൊണ്ട് പുതിയനിയമ പുസ്തകങ്ങൾ ശബ്ബത്തിനെപ്പറ്റി എന്തുപറയുന്നു എന്ന് പരിശോധിക്കാം.

### കർത്താവും ശബ്ബത്തും

**"സകലവും അവൻ മുഖാന്തരം ഉളവായി ഉളവായതു ഒന്നും അവനെ കൂടാതെ ഉളവായതല്ല"** (യോഹന്നാൻ 1:3). **ശബ്ബത്തിനെ ഉല്പത്തിയിൽ ഉളവാക്കിയ കർത്താവ് മനുഷ്യാവതാരം ചെയ്ത്**

**ലോകത്തിൽ വന്നപ്പോൾ തന്റെ ജീവിതം കൊണ്ട് ശബ്ബത്തിനെ അനുസരിച്ച് മനുഷ്യന് മാതൃകയായിട്ട് സാക്ഷീകരിച്ചു.** "അവൻ വളർന്ന നസറെത്തിൽ വന്നു ശബ്ബത്തിൽ തന്റെ പതിവുപോലെ പള്ളിയിൽ ചെന്ന് വായിപ്പാൻ എഴുന്നേറ്റുനിന്നു" (ലൂക്കോസ് 4:16). യെഹൂദ മര്യാദ പ്രകാരം കർത്താവ് ശബ്ബത്തിൽ പള്ളിയിൽ പോയി എന്ന് സാധാരണ പറഞ്ഞു കേൾക്കാറുണ്ട്. **എന്നാൽ യെഹൂദ മര്യാദ പ്രകാരമല്ല ദൈവമാകുന്ന യേശു ശബ്ബത്തിൽ പള്ളിയിൽ പോയത്. ഏദെനിൽ ശബ്ബത്തിനെ അനുഗ്രഹിച്ച് ശുദ്ധീകരിച്ച് ആരാധനയ്ക്കായി വേർതിരിച്ചതുകൊണ്ടാണ് യേശു ശബ്ബത്തിൽ പള്ളിയിൽ പോയത് എന്ന് ഓർത്തിരിക്കേണ്ടതുണ്ട്.** കർത്താവും പന്ത്രണ്ട് ശിഷ്യന്മാരുമായിട്ടാണ് ക്രിസ്തീയ സഭ ഉത്ഭവിക്കുന്നത്. പന്ത്രണ്ട് ശിഷ്യന്മാരും യെഹൂദന്മാരായിരുന്നു. ക്രിസ്തീയ സഭയുടെ അടിസ്ഥാനം കർത്താവായ യേശുവും പഴയനിയമ പ്രവാചകന്മാരും, പുതിയനിയമ അപ്പൊസ്തലന്മാരുമാണ്. "ക്രിസ്തുതന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്ന് കർത്താവിൽ വിശുദ്ധമന്ദിരമായി വളരുന്നു. അവനിൽ നിങ്ങളെയും (ജാതികളെയും) ദൈവത്തിന്റെ നിവാസമാകേണ്ടതിന് ആത്മാവിൽ ഒന്നിച്ചു പണിതുവരുന്നു" (എഫെസ്യർ 2:20-22). അതുകൊണ്ട്, കർത്താവ് യെഹൂദനായിരുന്നു, യെഹൂദാമര്യദ പ്രകാരം ശബ്ബത്ത് വിശുദ്ധമായി ആചരിച്ചു എന്ന് പറയുന്നത് ഒരു ന്യായീകരണം മാത്രമാണ്. പ്രവാചകന്മാർക്കും അപ്പൊസ്തലന്മാർക്കും ജാതികൾ ഉൾപ്പെടെ എല്ലാവർക്കും യേശു അടിസ്ഥാനമാണ്. ഈ അടിസ്ഥാനത്തിൽ ശബ്ബത്ത് കാണുന്നു; ഞായറാഴ്ച  കാണുന്നില്ല.

അപ്പൊസ്തലനായ യോഹന്നാൻ ക്രിസ്തീയ ജീവിതത്തെ സംബന്ധിച്ച് പറയുന്നത് ക്രിസ്തു ജീവിച്ചതുപോലെ നാമും ജീവിക്കണം എന്നാണ്. **"അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു"** (1 യോഹന്നാൻ 2:6). താൻ ജീവിച്ചതുപോലെ ജീവിക്കുവാൻ ലോകത്തെ യേശു ആഹ്വാനം ചെയ്യുന്നു. അതിൽ യെഹൂദനെന്നും യവനൻ എന്നുമില്ല. സകല ജാതികളെയും എന്റെ ശിഷ്യരാക്കിക്കൊൾവിൻ എന്നാണ് യേശു ശിഷ്യന്മാരോട് കല്പിച്ചത്. ഒരു ഗുരുവിന്റെ ഉപദേശം കൈക്കൊണ്ട് അതനുസരിച്ച് ജീവിക്കുന്നവരെയാണ് "ശിഷ്യൻ" എന്ന് വിളിക്കുന്നത്. ഗുരുവായ കർത്താവിന്റെ ജീവിതത്തിൽ ശബ്ബത്ത് മാതൃകയായിട്ട് കാണുന്നു. "യേശു

ക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും അനന്യൻ തന്നെ" (എബ്രായർ 13:8) എന്ന് വായ്കൊണ്ട് പറയുകയും അതേ വായ്കൊണ്ട് കർത്താവായ യേശു മാറ്റങ്ങൾ വരുത്തി എന്ന് പറയുകയും ചെയ്യുന്നത് ദൈവത്തിന് വിരോധമായി സാക്ഷ്യം പറയുന്നതിന് തുല്യമാണ്.

### ക്രിസ്തു കാണിച്ച മാതൃകകൾ

1. കർത്താവായ യേശു **സ്നേഹിക്കേണ്ടത്** എപ്രകാരമാണെന്ന് ജീവിതത്തിൽ കൂടി മാതൃക കാണിച്ചു. "...ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നെ" (യോഹന്നാൻ 13:34). ഇത് യെഹൂദന്മാർക്കുവേണ്ടി മാത്രമുള്ള മാതൃകയല്ല.

2. മനുഷ്യൻ എപ്രകാരം **അനുസരണമുള്ളവൻ** ആയിരിക്കണം എന്നതിന് കർത്താവ് മാതൃക കാണിച്ചു. "ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും" (യോഹന്നാൻ 15:10). ക്രിസ്തു കാണിച്ച അനുസരണത്തിന്റെ മാതൃക സാർവ്വത്രികമാണ്; അത് യെഹൂദനുവേണ്ടി മാത്രമുള്ള മാതൃകയല്ല.

3. എപ്രകാരം **താഴ്മയുള്ളവരായി** ജീവിക്കണം എന്നതിന് കർത്താവ് മാതൃക കാണിച്ചു.

"കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു. ഞാൻ നിങ്ങൾക്ക് ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്ക് ദൃഷ്ടാന്തം തന്നിരിക്കുന്നു" (യോഹന്നാൻ 13:14,15). അപ്രകാരം കർത്താവിന്റെ മാതൃക പിൻതുടരുന്ന നാം, കർത്താവിന്റെ സ്നേഹം, അനുസരണം, താഴ്മ എന്നിവ പിൻതുടരുന്നതുപോലെ കർത്താവിന്റെ മാതൃകയാകുന്ന ശബ്ബത്തും വിശുദ്ധമായി ആചരിക്കേണ്ടതാണ്.

കർത്താവിനെ ഒരു സമൂഹത്തിൽ മാത്രം (യെഹൂദാസമൂഹത്തിൽ മാത്രം) ഉൾക്കൊള്ളിച്ച് കർത്താവിന്റെ മാതൃകയെ തിരസ്ക്കരിക്കുന്നവർ കർത്താവിനെ തന്നെ തിരസ്ക്കരിക്കയാണ്. ലോകത്തെ സ്നേഹിക്കുന്ന പിതാവ് കർത്താവിനെ **ലോകത്തിന്** നൽകിയിരിക്കുന്നു (യോഹന്നാൻ 3:16). യെഹൂദന് മാത്രമായിട്ട് പിതാവ് കർത്താവിനെ അയച്ചില്ല. ഉല്പത്തിയിൽ ശബ്ബത്ത് ലോകത്തിന് വേണ്ടി സൃഷ്ടിച്ച കർത്താവ് ഈ ലോകത്തിൽ വന്നപ്പോൾ ശബ്ബത്ത് ആരാധ

നാദിവസമായി ആചരിക്കുകയും കല്പന നല്കുകയും ചെയ്തു. എന്നാൽ “നിങ്ങളുടെ ഓടിപ്പോക്ക് ശീതകാലത്തോ ശബ്ബത്തിലോ സംഭവിക്കാതിരിപ്പാൻ പ്രാർത്ഥിപ്പിൻ” (മത്തായി 24:20) ഈ വാക്കുകൾ കർത്താവ് പറയുമ്പോൾ കർത്താവിന്റെ മനസ്സിൽ എന്ത് ആലോചന ഉണ്ടായിരുന്നു എന്ന് നാം മനസ്സിലാക്കേണ്ടതാണ്. എന്തെങ്കിലും ഒരു ആലോചന ഇല്ലാതെ നമ്മുടെ വായിൽ നിന്നും വാക്കുകൾ വരികയില്ലല്ലോ. “വായിൽ നിന്നു പുറപ്പെടുന്നതോ ഹൃദയത്തിൽ നിന്നു വരുന്നു” (മത്തായി 15:18). ദാനിയേൽ പ്രവാചകൻ മുഖന്തരം പ്രവചിച്ചത് നിവൃത്തിയാകുമ്പോൾ വിശ്വാസികൾ യെരുശലേമിൽ നിന്നും ഓടിപ്പോകേണ്ടിവരും എന്ന് കർത്താവ് ഓർമ്മപ്പെടുത്തുന്നു (മത്തായി 24:15 –19). വാസ്തവമായി **അത് ക്രിസ്താബ്ദം 70–ൽ ഒക്ടോബർ മാസം ഒരു ബുധനാഴ്ച സംഭവിച്ചു** എന്ന് ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. ശീതകാലം തണുപ്പും മഴയും ആയതുകൊണ്ട് ഓടിപ്പോക്ക് പ്രയാസമാണ്; തന്നെയുമല്ല യോർദ്ദാൻ നദി കടക്കുകയും പ്രയാസം. അതുകൊണ്ട് ഓടിപ്പോക്ക് ശീതകാലത്ത് ആകാതിരിപ്പാൻ പ്രാർത്ഥിപ്പിൻ എന്ന് കർത്താവ് മുൻകൂട്ടി പറഞ്ഞു. ശബ്ബത്തിൽ ആകാതിരിപ്പാൻ പ്രാർത്ഥിപ്പിൻ എന്ന് പറയുന്നതിനും ഒരു കാരണം ഉണ്ടായിരിക്കണം. **ശബ്ബത്ത് ആരാധനാദിവസമായതുകൊണ്ട് എന്നല്ലാതെ മറ്റെന്തു കാരണം?** റോമാസാമ്രാജ്യം യെരുശലേമിനെ ആക്രമിക്കുവാനുള്ള സൂചന കണ്ട ക്രിസ്ത്യാനികൾ യെരുശലേമിൽ നിന്നും ഓടിപ്പോയി, ഒരുവനുപോലും ജീവഹാനിവന്നില്ല. എന്നാൽ **ആ ആക്രമണത്തിൽ പത്തുലക്ഷം യെഹൂദന്മാർ വാളിന്ന് ഇരയായിത്തീർന്നു എന്നു ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു.** ശബ്ബത്തിനെപ്പറ്റി കർത്താവിന്റെ മുന്നറിയിപ്പിൽ നിന്നും മനസ്സിലാക്കുന്ന ഒരു കാര്യം: **ഏദെനിൽ ശബ്ബത്ത് എത്ര വിശുദ്ധമായിരുന്നുവോ, യിസ്രായേലിന് ശബ്ബത്ത് എത്ര വിശുദ്ധമായി ദൈവം ഏല്പിച്ചു കൊടുത്തുവോ, അപ്രകാരം തന്നെ ക്രിസ്താബ്ദം എഴുപതിലും (ക്രൂശീകരണത്തിനുശേഷം) ക്രിസ്ത്യാനികൾക്ക് ശബ്ബത്ത് വിശുദ്ധമായിരുന്നു എന്നുള്ളതാണ്.** അതുകൊണ്ട് ശബ്ബത്ത് വിശുദ്ധ ദിവസമായി ഇന്നും തുടരുന്നു. ലോകം ശബ്ബത്തിന്റെ വിശുദ്ധിയെ തിരസ്കരിക്കുന്നത് ശബ്ബത്തിന്റെ വിശുദ്ധിയെ ബാധിക്കുന്നില്ല. ശബ്ബത്ത് എല്ലാകാലത്തും വിശുദ്ധമാണ്. കർത്താവിന്റെ ജീവിത സാക്ഷ്യവും കല്പനയും ഈ കാര്യത്തിൽ വ്യക്തമാണ്. ശബ്ബത്ത് വിശുദ്ധമായിരിക്കുന്നത് ലീഗലിസമല്ല; (അത് ദൈവം ചെയ്തു) ആചരിക്കുന്നത് ലീഗലിസമല്ല; (അത് കർത്താവ് ചെയ്തു) അനുസരണം ലീഗലിസമല്ല; (യേശു പിതാവിനെ അനുസരിച്ചു).

**യേശു ശബ്ബത്ത് ലംഘിച്ചുവോ?**

**കർത്താവായ യേശു ശബ്ബത്ത് ലംഘിച്ചു എന്ന് ചിലർ പറയുന്നു.** രോഗികളെ ശബ്ബത്തിൽ സൌഖ്യമാക്കിയിട്ടുള്ള സംഭവങ്ങളാണ് സാധാരണ തെളിവായിട്ട് ഉദ്ധരിക്കാറുള്ള ഒന്നാമത്തെ കാരണം. നാല് സുവിശേഷങ്ങളിലായിട്ട് കർത്താവ് ഏതാണ്ട് 20 സൌഖ്യമാക്കിയ സംഭവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. അതിൽ ശബ്ബത്തിൽ യേശു രോഗികളെ സൌഖ്യമാക്കിയ സംഭവങ്ങളും ഉണ്ട്. അന്നുണ്ടായിരുന്ന പരീശന്മാർ, രോഗികളെ ശബ്ബത്തിൽ സൌഖ്യമാക്കിയതുകൊണ്ട്, യേശു നാലാമത്തെ കല്പന ലംഘിച്ചു എന്ന് കുറ്റം ചുമത്തി. അവരുടെ പക്ഷം ചേർന്ന് കുറ്റാരോപണത്തെ പിന്താങ്ങുന്നവർ ഇന്നും ഉണ്ട്. ഞായറാഴ്ച ആരാധനയ്ക്ക് കൂടി വരുമ്പോൾ വിശ്വാസികളുടെ കൂട്ടത്തിൽ ഒരു രോഗി ഉണ്ടെന്നിരിക്കട്ടെ. പാസ്റ്റർ അയാൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും അയാൾ സൌഖ്യം പ്രാപിക്കുകയും ചെയ്താൽ ഞായറാഴ്ചയുടെ വിശുദ്ധി അശുദ്ധമാക്കി എന്ന് പാസ്റ്ററെ ആരും കുറ്റം ചുമത്താറില്ല. അങ്ങനെ എങ്കിൽ ശബ്ബത്തിൽ രോഗികളെ സൌഖ്യമാക്കിയതുകൊണ്ട് കർത്താവ് ശബ്ബത്ത് ലംഘിച്ചു എന്നുപറയുന്നത് എങ്ങനെ? തന്നെയുമല്ല കർത്താവിന്റെ സാക്ഷ്യം ഈ കുറ്റാരോപണത്തിന് കൂട്ടുനില്ക്കുന്നുമില്ല. കർത്താവ് തന്റെ പരസ്യശുശ്രൂഷയുടെ അവസാന കാലത്ത് പറയുന്നത് “ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ചു അവന്റെ സ്നേഹത്തിൽ വസിച്ചതുപോലെ...” (യോഹന്നാൻ 15:10). ശബ്ബത്തിൽ രോഗികളെ സൌഖ്യമാക്കിയതുകൊണ്ട് പിതാവിന്റെ കല്പന ലംഘിച്ചു എന്ന് കർത്താവ് പറയുന്നില്ല. കർത്താവിനെ ലംഘനക്കാരനാക്കുന്നത് കർത്താവിന്റെ ശത്രുക്കളാണ്. കർത്താവിനെ ലംഘനക്കാരനാക്കുന്നവരും അവരോട് ചേരുന്നവരും പരീശന്മാരെപ്പോലെ കുറ്റക്കാരാണ്.

ശിഷ്യന്മാർ കതിർ പറിച്ചു തിന്നതാണ് കർത്താവ് ശബ്ബത്ത് ലംഘിച്ചു എന്ന് പറയുന്നതിന്റെ രണ്ടാമത്തെ കാരണം. “ആ കാലത്ത് യേശു ശബ്ബത്തിൽ വിളഭൂമിയിൽ കൂടി കടന്നുപോയി തന്റെ ശിഷ്യന്മാർ വിശന്നിട്ട് കതിർ പറിച്ച് തിന്നുതുടങ്ങി. പരീശന്മാർ അതു കണ്ടിട്ട് ഇതാ ശബ്ബത്തിൽ വിഹിതമല്ലാത്തത് നിന്റെ ശിഷ്യന്മാർ ചെയ്യുന്നു എന്ന് അവനോട് പറഞ്ഞു... അല്ല ശബ്ബത്തിൽ പുരോഹിതന്മാർ ദൈവാലയത്തിൽ വെച്ച് ശബ്ബത്തിനെ ലംഘിക്കുന്നു എങ്കിലും കുറ്റമില്ലാതെ ഇരിക്കുന്നു എന്ന് ന്യായപ്രമാണത്തിൽ വായിച്ചിട്ടില്ലയോ എന്നാൽ ദൈവാലയത്തെക്കാൾ വലിയവൻ ഇവിടെ ഉണ്ട് എന്ന് ഞാൻ നിങ്ങളോട് പറയുന്നു” (മത്തായി 12:1,2,5,6). കർത്താവ് കതിർ പറിച്ച് തിന്നില്ല എങ്കിലും

ശിഷ്യന്മാർക്ക് തുണ നിന്നതുകൊണ്ട് കർത്താവിനെയും "ശബ്ബത്ത് ലംഘനത്തിൽ" ഉൾപ്പെടുത്താറുണ്ട്. ശിഷ്യന്മാർ കതിർ തിന്നതല്ല ലംഘനമായിത്തീർന്നത്. കതിർ പറിച്ചതിനെ കൊയ്ത്തായിട്ട് അവർ വ്യാഖ്യാനിച്ചു; അതുകൊണ്ട് കതിർ പറിച്ചത് ശബ്ബത്തു ലംഘനമായിത്തീർന്നു എന്നാണ് പരീശന്മാർ പറയുന്നത്.

മറുപടിയായി കർത്താവ് പറയുന്നത് ശബ്ബത്തിൽ പുരോഹിതന്മാർ ദൈവാലയത്തിൽ വെച്ച് ശബ്ബത്തിനെ ലംഘിക്കുന്നു എന്നാണ്. കാരണം, ദൈവാലയത്തിലെ മേശമേൽ വെച്ചിരുന്ന കാഴ്ചയപ്പം ശബ്ബത്ത് ദിവസത്തിലാണ് പുരോഹിതന്മാർ പാചകം ചെയ്തിരുന്നത്. ശബ്ബത്തിൽ ഒരു വേലയും ചെയ്യരുത് എന്ന നിയമത്തിന്റെ മുമ്പിൽ പുരോഹിതന്മാർ കാഴ്ച അപ്പം പാചകം ചെയ്യുന്നത് ലംഘനമാണ് എന്ന് നിയമം അവരെ വിധിക്കുന്നു. എന്നാൽ കർത്താവ് പറയുന്നത്, കാഴ്ച അപ്പം പാചകം ചെയ്യുന്നത് ദൈവ ശുശ്രൂഷയായതുകൊണ്ട് പുരോഹിതന്മാർ കുറ്റമില്ലാത്തവർ ആകുന്നു എന്നാണ്. അതുകൊണ്ട് കർത്താവ് പറയുന്നു, "കുറ്റമില്ലാത്തവരെ കുറ്റം വിധിക്കയില്ലായിരുന്നു" (മത്തായി 12:7). കതിർ പറിച്ചു തിന്നത് ശബ്ബത്തു ലംഘനമല്ല എന്നാണ് കർത്താവ് പറയുന്നത്. കർത്താവും അപ്പൊസ്തലന്മാരും ഈ കാര്യത്തിൽ കുറ്റക്കാരല്ല. ദൈവമാകുന്ന യേശു പറയുന്നത് "ഞാൻ എന്റെ നിയമത്തെ ലംഘിക്കയോ എന്റെ അധരങ്ങളിൽ നിന്നു പുറപ്പെട്ടതിനു ഭേദം വരുത്തുകയോ ഇല്ല" എന്നാണ് (സങ്കീർത്തനങ്ങൾ 89:34). പറിച്ചു, തിന്നു, എന്ന് രണ്ട് പ്രവൃത്തികളാണ് കുറ്റാരോപണത്തിന് കാരണം. ശബ്ബത്തിൽ, തിന്നുന്നത് പാപമല്ല എന്ന് പരീശന്മാരും സമ്മതിക്കും. കതിർ "പറിച്ചു" എന്ന പ്രവൃത്തിയെ കൊയ്ത്തായിട്ട് വ്യാഖ്യാനിച്ചതുകൊണ്ടാണ് ലംഘനമായത്. കതിർ പറിച്ചത് ലംഘനമല്ല എന്ന് യേശു പറഞ്ഞു. പരീശന്മാരുടെ കുറ്റാരോപണം ഒരിക്കലും ശരിയായിരുന്നില്ല, ഇവിടെയും ശരിയല്ല.

യേശു ശബ്ബത്തിന്റെ കർത്താവാണ് എന്നു താൻ തന്നെ പറയുന്നു. കർത്താവ് എന്നു പറഞ്ഞാൽ സ്രഷ്ടാവ് എന്നാണ് അർത്ഥം. നാം "എന്റെ കർത്താവേ" എന്നുപറയുമ്പോൾ നാം എന്ത് അർത്ഥമാക്കുന്നവോ അതെ അർത്ഥമാണ് ശബ്ബത്തിന്റെ കർത്താവ് എന്നു പറയുന്നതുകൊണ്ട് അർത്ഥമാകുന്നത്.

**ശബ്ബത്ത് വിശുദ്ധമായി അംഗീകരിക്കാത്തതിനും ആരാധനാദിവസമായി കരുതാത്തതിനും ഒരു കാരണം പോലും കർത്താവിൽ കാണുവാൻ സാദ്ധ്യമല്ല.** വിശ്വാസ സംബന്ധമായ ഏതു ചോദ്യത്തിനും

അതിന്റെ ശരിയായ മറുപടിക്കും വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക എന്ന മുദ്രാവാക്യം നമ്മെ ചതിയിൽ നിന്നും രക്ഷിക്കും. **കർത്താവായ യേശുവിന്റെ കാൽചുവടുകളെ പിൻപറ്റുന്നവർ ഒരു നാളും തെറ്റിപ്പോകയില്ല.** ശബ്ബത്തിന്റെ കാര്യത്തിലും അപ്രകാരം തന്നെ; കർത്താവ് ശബ്ബത്ത് ആചരിച്ചതു പോലെ നാമും ശബ്ബത്ത് വിശുദ്ധമായി അനുഷ്ഠിക്കേണ്ടതാണ്.

## ശിഷ്യന്മാരും ശബ്ബത്തും

**ശിഷ്യന്മാർ എന്ത് പഠിപ്പിക്കണം എന്ത് ആചരിക്കണം എന്ന് കർത്താവ് അവരോട് കല്പിച്ചു. കർത്താവിന്റെ കല്പന ആസ്പദമാക്കി മാത്രമേ ശിഷ്യന്മാരുടെ പ്രസ്താവനകളും ജീവിതശൈലിയും വ്യഖ്യാനിക്കുവാൻ പാടുള്ളു.** "ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ" (മത്തായി 28:20). ഈ പ്രസ്താവന വളരെ വ്യക്തമാണ്. ക്രിസ്തീയ സഭയുടെ അടിസ്ഥാനം ഇവിടെ കാണുന്നു. കർത്താവ് സ്വയമായി അവരെ പഠിപ്പിച്ചു. അതുപോലെ തന്നെ ആവർത്തിക്കുവാനാണ് കല്പന. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം പ്രവാചകന്മാരിലും (പഴയനിയമത്തിലും), ക്രിസ്തുവിലും, അതിന്റെ ആവർത്തനം ശിഷ്യന്മാരിലും കാണുന്നു. ഈ തത്വം: എഫെസ്യർ 2:20 ൽ സ്ഥാപിച്ചിരിക്കുന്നു. വെളിപ്പാട് 12:1 ലും ഇതേ തത്വം ആവർത്തിച്ചു കാണുന്നു. "സ്വർഗ്ഗത്തിൽ വലിയൊരു അടയാളം കാണായി. സൂര്യനെ അണിഞ്ഞോരു സ്ത്രീ; അവളുടെ കാല്ക്കീഴ് ചന്ദ്രനും അവളുടെ തലയിൽ പന്ത്രണ്ടു നക്ഷത്രം കൊണ്ടുള്ള കിരീടവും ഉണ്ടായിരുന്നു". സ്ത്രീ, സൂര്യൻ, ചന്ദ്രൻ എന്നീ കാര്യങ്ങൾ അടിസ്ഥാനപരമായി എന്താണ് എന്ന് മനസ്സിലാക്കുന്നു എങ്കിൽ നമ്മുടെ പഠനം തെറ്റിപ്പോകാതെ സുരക്ഷിതമായിരിക്കും.

സ്ത്രീ - സഭ - യെശയ്യാവ് 54:5, 6

- 2 കൊരിന്ത്യർ 11:2, എഫെസ്യർ 5:25-32

സൂര്യൻ - ക്രിസ്തു - മലാഖി 4:2, യോഹന്നാൻ 8:12, 1:4

ചന്ദ്രൻ - സൂര്യന്റെ പ്രകാശം പ്രതിബിംബിക്കുന്ന ചെറിയ വെളിച്ചം. കർത്താവായ യേശു എന്ന പൂർണ്ണ വെളിച്ചത്തെ പ്രതിബിംബിച്ചിരുന്ന പഴയനിയമ ചെറിയ വെളിച്ചം. (ചിലർ ഉല്പത്തി 37:8,9 വ്യഖ്യാനത്തിൽ ഉപയോഗിക്കുന്നു)

കിരീടം - ജീവകിരീടം, വിജയം (വെളിപ്പാട് 2:10)

**12 നക്ഷത്രങ്ങൾ - 12 അപ്പൊസ്തലന്മാർ എന്ന് ചിലർ അനുമാനിക്കുന്നു.**

**ക്രിസ്തീയ സഭയുടെ ചിത്രീകരണമാണ് വെളിപ്പാട് 12:1-ൽ കാണുന്നത്. ക്രിസ്തുവിനെയും ക്രിസ്തു പഠിപ്പിച്ച സത്യവെളിച്ചത്തെയും ഉൾക്കൊള്ളുന്ന ഒരു സത്യ സഭ. അവൾ നില്ക്കുന്നത് ചന്ദ്രന്റെ മുകളിലാണ്. എന്നു പറഞ്ഞാൽ ക്രിസ്തുവിന്റെ വലിയ വെളിച്ചത്തെ പ്രതിബിംബിച്ചിരുന്ന ചെറിയ വെളിച്ചത്തിന്മേൽ സ്ത്രീ നില്ക്കുന്നു എന്ന് മനസിലാക്കാം. ചന്ദ്രൻ പഴയനിയമത്തെ സൂചിപ്പിക്കുന്നു.** സൂര്യൻ പുതിയനിയമത്തെ സൂചിപ്പിക്കുന്നു. സ്ത്രീയുടെ കാല്ക്കീഴ് ചന്ദ്രൻ എന്നു പറയുമ്പോൾ പുതിയനിയമ സഭയുടെ അടിസ്ഥാനം പഴയനിയമം എന്ന് ചുരുക്കം. ചെറിയ വെളിച്ചമാകുന്ന ചന്ദ്രന്റെ പ്രകാശം സൂര്യന്റെതാണ്. രണ്ടും ഒരു വെളിച്ചം തന്നെ. കർത്താവായ യേശുക്രിസ്തു വെളിച്ചത്തിന്റെ ഉറവിടം. ഈ സത്യം തന്നെയാണ് അപ്പൊസ്തലനായ പൗലൊസും ജാതികളായ എഫെസ്യരോട് പറയുന്നത്. യേശുക്രിസ്തു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ (ജാതികളെ) അപ്പൊസ്തലന്മാരും പ്രവാചകന്മാരും (പഴയനിയമം) എന്ന അടിസ്ഥാനത്തിന്മേൽ (സ്ത്രീയുടെ കാല്ക്കീഴ് ചന്ദ്രൻ - പഴയനിയമ അടിസ്ഥാനം) പണിതിരിക്കുന്നു (എഫെസ്യർ 2:20) ദൈവത്തിന്റെ സഭക്ക് അടിസ്ഥാനപരമായ ഒരു മാറ്റവും കാണുന്നില്ല.

ഇന്ന് ശബ്ബത്ത് വിശുദ്ധ ദിവസമായിട്ടും ആരാധനാദിവസമായിട്ടും നിഷേധിക്കുന്നതിന്റെ കാരണങ്ങൾ: അത് പഴയനിയമത്തിലായിരുന്നു, അത് യെഹൂദനുകൊടുത്തതായിരുന്നു, അത് ക്രൂശിൽ തറച്ച് നീങ്ങിപ്പോയി എന്നൊക്കെയാണ്. ഈ ധാരണകൾ ഒക്കെയും അടിസ്ഥാനരഹിതമാണ് എന്ന് സൂക്ഷ്മമായ വേദപഠനം തെളിവാക്കുന്നു. **ദൈവവും ദൈവ വചനവും മാറ്റമില്ലാത്തതാണ് എന്ന് വിശ്വസിക്കാത്തതു കൊണ്ടാണ് തെറ്റിദ്ധാരണകൾക്ക് ജനം അധീനരായിപ്പോകുന്നത്. കർത്താവിനോടുകൂടെ അപ്പൊസ്തലന്മാരും ശബ്ബത്ത് വിശുദ്ധമായി ആചരിച്ചു. അപ്പൊസ്തലന്മാരുടെ പ്രവൃത്തികളുടെ ചരിത്രമാകുന്ന "അപ്പൊസ്തലപ്രവൃത്തികൾ" എന്ന പുസ്തകത്തിൽ ഒരു അപ്പൊസ്തലനും ഞായറാഴ്ച വിശുദ്ധമായി ആചരിച്ചതായി രേഖ ഇല്ല.** പഴയനിയമകാലത്ത് ആചരിച്ചിരുന്ന ശബ്ബത്ത് പുതിയനിയമത്തിൽ അപ്പൊസ്തലന്മാർ തുടരുന്നതായി തിരുവചനം സാക്ഷ്യം വഹിക്കുന്നു. പുതിയനിയമസഭയാകുന്ന സ്ത്രീ പഴയനിയമ അടിസ്ഥാനത്തിന്മേലാണ് നിൽക്കുന്നത്; സൂര്യനെ അണിഞ്ഞ സ്ത്രീ ചന്ദ്രന്റെമേൽ നില്ക്കുന്നു.

**അപ്പൊസ്തലനായ പൗലൊസും ശബ്ബത്തും**

**പൗലൊസും കൂടെയുള്ളവരും പാഫൊസിൽ നിന്നും കപ്പൽ നീക്കി പംഫുല്ല്യാദേശത്തിലെ പെർഗ്ഗക്കു ചെന്നു. അവിടെ വെച്ച് യോഹന്നാൻ അവരെ വിട്ടുപിരിഞ്ഞ് യെരുശലേമിലേക്ക് മടങ്ങിപ്പോയി. അവരോ പെർഗ്ഗയിൽ നിന്നു പുറപ്പെട്ട് പിസിദ്യാ ദേശത്തിലെ അന്ത്യൊക്ക്യയിൽ എത്തി ശബ്ബത്തുനാളിൽ പള്ളിയിൽ ചെന്നിരുന്നു** (അപ്പൊ. പ്രവൃത്തികൾ 13:13,14).

കർത്താവിന്റെ പതിവുപ്രകാരം പൗലൊസും ശബ്ബത്തുനാളിൽ പള്ളിയിൽ പോയിരുന്നു. യഹൂദന്മാരോട് സുവിശേഷം അറിയിക്കുവാൻ പൗലൊസ് ശബ്ബത്തിൽ പള്ളിയിൽ പോയി എന്ന നിഗമനം അടിസ്ഥാനരഹിതമാണ് എന്ന് തുടർന്നുള്ള വേദഭാഗത്തുനിന്നും തെളിവാകുന്നു. പള്ളിപ്രമാണികൾ പൗലൊസിനോട്, പ്രബോധനം വല്ലതും ഉണ്ടെങ്കിൽ ജനത്തോട് പറയുക എന്ന് ആവശ്യപ്പെട്ടു. അപ്പൊസ്തലൻ ജനത്തെ സംബോധന ചെയ്യുന്നത്. "യിസ്രായേൽ പുരുഷന്മാരും ദൈവഭക്തരുമായുള്ളോരേ, കേൾപ്പിൻ" എന്നാണ് (വാക്യം 16) അവിടെ രണ്ട് വിഭാഗം വിശ്വാസികൾ ഉണ്ടായിരുന്നു എന്ന് ഇംഗ്ലീഷ് തർജ്ജമയിൽ നിന്നും മനസ്സിലാകുന്നു Men of Israel and you gentiles who worship God" (NIV) യെഹൂദന്മാരും ദൈവത്തിൽ വിശ്വസിച്ചിരുന്ന ജാതികളും ശബ്ബത്തിൽ ആരാധനയ്ക്ക് കൂടിവന്നിരുന്നു എന്ന് വ്യക്തമാണ്. പ്രബോധനം കഴിഞ്ഞ ശേഷം അവർ പള്ളിവിട്ടു പോകുമ്പോൾ രണ്ടു കൂട്ടരിൽ നിന്നും പലർ പൗലൊസിനോട് **"പിറ്റെ ശബ്ബത്തിൽ** ഈ വചനം തങ്ങളോട് പറയേണം" എന്ന് അപേക്ഷിച്ചു. **പിറ്റെ ദിവസമാകുന്ന ഞായറാഴ്ച എന്നല്ല**; പിറ്റെ ശബ്ബത്തിൽ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് പ്രവചനത്തിന്റെ നിറവേറൽ എന്ന് പറയാം. ജാതികളുടെ ഇടയിൽ നിന്നും വലിയൊരു കൂട്ടം യിസ്രായേലിനോട് ചേരും എന്ന് യെശയ്യാപ്രവാചകൻ പ്രവചിച്ചു. (യെശയ്യാവ് 54,56). "പിറ്റെ ശബ്ബത്തിൽ ഏകദേശം പട്ടണം മുഴുവനും ദൈവവചനം കേൾപ്പാൻ വന്നു കൂടി. യഹൂദന്മാരോ പുരുഷാരത്തെ കണ്ടു അസൂയ നിറഞ്ഞവരായി ദുഷിച്ചുകൊണ്ട് പൗലൊസ് സംസാരിച്ചതിന് എതിർ പറഞ്ഞു" (അപ്പൊ. പ്രവൃത്തികൾ 13:44, 45). ആരാധനാസ്ഥലവും ദിവസവും എല്ലാവർക്കും ഒന്നുതന്നെ എങ്കിലും കർത്താവിൽ വിശ്വസിക്കാത്ത ഒരു കൂട്ടം യെഹൂദന്മാരെ ഇവിടെ കാണുന്നു. അവരോട് പൗലൊസ് പറയുന്നത് "ഇതാ ഞങ്ങൾ ജാതികളിലേക്ക് തിരിയുന്നു" (വാക്യം 46) **ഇവിടെ എങ്ങും ആരാധനയോട് ബന്ധപ്പെട്ട് ഞായറാഴ്ച കാണുന്നില്ല; ശബ്ബത്ത് കാണുന്നുമുണ്ട്.**

അപ്പൊ. പ്രവൃത്തികൾ 15-ാം അദ്ധ്യായത്തിൽ ആരാധനയോട് ബന്ധപ്പെട്ട് ശബ്ബത്ത് പരാമർശിക്കപ്പെടുന്നു. ജാതികളിൽ നിന്നും ക്രിസ്ത്യാനികളാകുന്നവർ എന്തൊക്കെ അനുസരിക്കണം എന്നതിനെപ്പറ്റി ക്രിസ്ത്യാനികളായ യെഹൂദന്മാരുടെ ഇടയിൽ തർക്കം ഉണ്ടായത് പ്രവൃത്തികളുടെ പുസ്തകം 15-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പരീശ പക്ഷത്തിൽ നിന്ന് വിശ്വസിച്ചവർ (ക്രിസ്തുവിൽ വിശ്വസിച്ചവർ) ജാതികളിൽ നിന്നും വിശ്വസിച്ചു സഭയോടു ചേർന്നവരെ പരിച്ഛേദന കഴിപ്പിക്കണം എന്നും മോശെയുടെ ന്യായപ്രമാണം ആചരിപ്പാൻ കല്പ്പിക്കുകയും വേണം എന്നും പറഞ്ഞു (വാക്യം 5). ഈ സംഗതികളെക്കുറിച്ച് അപ്പൊസ്തലന്മാർ ഒരു തീരുമാനം എടുത്തു. തീരുമാനം 19-ാം വാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. "ആകയാൽ ജാതികളിൽ നിന്നു ദൈവത്തിങ്കലേക്കു തിരിയുന്നവരെ നാം അസഹ്യപ്പെടുത്താതെ അവർ വിഗ്രഹമാലിന്യങ്ങൾ, പരസംഗം, ശ്വാസം മുട്ടിച്ചത്തത്, രക്തം എന്നിവ വർജ്ജിപ്പാൻ നാം അവർക്ക് എഴുതേണം എന്ന് ഞാൻ അഭിപ്രായപ്പെടുന്നു." പട്ടികയിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും മോശെയുടെ ന്യായപ്രമാണത്തിന്റെ ഭാഗമാണ്. അപ്പൊസ്തലിക സഭ മോശെയുടെ ന്യായപ്രമാണം മുഴുവനും ഉപേക്ഷിച്ചില്ല എന്ന വസ്തുത ഇവിടെ തെളിവാണ്. മോശെയുടെ ന്യായപ്രമാണത്തിന്റെ **"നിഴലല്ലാത്ത"** ഭാഗം ജാതികൾ അനുസരിക്കണം എന്ന് അപ്പൊസ്തലിക തീരുമാനം ആയിരുന്നു എന്ന് ഈ വേദഭാഗം ഉറപ്പാക്കുന്നു. അപ്പൊസ്തലന്മാരുടെ തീരുമാനം എഴുത്തു മുഖേന എല്ലാ സഭകളേയും അറിയിക്കണം എന്നും അവർ തീരുമാനിച്ചു. 21-ാം വാക്യത്തിൽ ശബ്ബത്തിനെക്കുറിച്ചുള്ള സത്യം മനസ്സിലാക്കാം. "മോശെയുടെ ന്യായപ്രമാണം ശബ്ബത്തുതോറും പള്ളികളിൽ വായിച്ചു വരുന്നതിനാൽ പൂർവ്വകാലം മുതൽ പട്ടണം തോറും അതു പ്രസംഗിക്കുന്നവർ ഉണ്ടല്ലോ". ജാതികളിൽ നിന്നും ദൈവത്തിങ്കലേക്ക് തിരിയുന്നവർ എന്തൊക്കെ അനുസരിക്കണം എന്ന തീരുമാനം പള്ളികളിൽ പ്രസംഗിക്കുന്നവർ വായിച്ചു കേൾപ്പിക്കട്ടെ എന്ന് അപ്പൊസ്തലന്മാർ തീരുമാനിച്ചു. ദൈവത്തിങ്കലേക്ക് തിരിഞ്ഞ ജാതികൾ ശബ്ബത്തിൽ പള്ളികളിൽ വന്നിരുന്നു എന്ന സത്യം വ്യക്തമാണ്. **അതുകൊണ്ട് 21-ാം വാക്യം പറയുന്നത് "ശബ്ബത്തുതോറും പള്ളികളിൽ വായിച്ചു വരുന്നതിനാൽ പൂർവ്വകാലം മുതൽ" എന്നാണ്. പൂർവ്വകാലം മുതൽ ഉള്ള ശബ്ബത്തിന് മാറ്റം ഒന്നും അപ്പൊസ്തലിക കാലത്ത് വന്നിരുന്നില്ല എന്ന സത്യം എത്ര വ്യക്തമാണ്.** ഈ എഴുത്ത് എല്ലാ സഭകളിലും കൊടുക്കുവാൻ അപ്പൊസ്തലന്മാരുടെ സംഘം ചിലരെ തിര

ഞെടുത്തു. അവരെ പൗലൊസിനോടും ബർന്നബാസിനോടും കൂടെ അന്ത്യോക്ക്യയിലേക്ക് അയച്ചു. എഴുത്തിൽ സംബോധന ചെയ്യുന്നത് “അപ്പൊസ്തലന്മാരും മൂപ്പന്മാരുമായ സഹോദരന്മാരും അന്ത്യോക്ക്യയിലും സുറിയയിലും ജാതികളിൽ നിന്നു ചേർന്ന സഹോദരന്മാർക്കു വന്ദനം” (വാക്യം 23). അന്ത്യോക്ക്യയിലും സുറിയയിലും കിലികൃയിലും ആരാധന ശബ്ബത്തിൽ ആയിരുന്നു എന്ന് അപ്പൊസ്തലന്മാരുടെ എഴുത്ത് വ്യക്തമാക്കുന്നു. ജാതികൾക്കുള്ള സന്ദേശം ശബ്ബത്തിൽ പള്ളിയിൽ വായിച്ചു. ഇവിടെ എങ്ങും ഞായറാഴ്ചയോ ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസമോ ആരാധനയ്ക്കായിട്ട് കാണുന്നില്ല. എന്നാൽ ശബ്ബത്ത് കാണുന്നുമുണ്ട്.

**അപ്പൊ. പ്രവൃത്തികൾ 16-ാം അദ്ധ്യാത്തിൽ ആരാധനയോടനുബന്ധിച്ച് ശബ്ബത്ത് കാണുന്നു**. “ശബ്ബത്തിൽ ഞങ്ങൾ ഗോപുരത്തിന് പുറത്തു പോയി അവിടെ പ്രാർത്ഥനാലയം ഉണ്ടായിരിക്കും എന്ന് ഞങ്ങൾ വിചാരിച്ചു പുഴവക്കത്തിരുന്നു, അവിടെ കൂടിവന്ന സ്ത്രീകളോട് സംസാരിച്ചു” (അപ്പൊ. പ്രവൃത്തികൾ 16:13).

ഞങ്ങൾ എന്ന് പറയുന്നത് പൗലൊസും, ശീലാസും, തിമൊഥെയൊസും, ലൂക്കൊസുമാണ് (ചരിത്രം എഴുതുന്നത് ലൂക്കൊസാണ്). അവർ എല്ലാവരും ശബ്ബത്ത് വന്നപ്പോൾ ആരാധനാസ്ഥലം അന്വേഷിക്കുന്നു. യെഹൂദന്മാരോട് സുവിശേഷം അറിയിക്കുവാനാണ് എന്ന് ചിലർ അഭിപ്രായപ്പെടുന്നു. അങ്ങനെ ആയിരുന്നാൽ തന്നെയും ഞായറാഴ്ച അവരുടെ ആരാധനയ്ക്ക് പോകുന്നതായി ലൂക്കൊസ് ചരിത്രത്തിൽ രേഖപ്പെടുത്തുന്നില്ല. ആരാധനാസ്ഥലം കാണാഞ്ഞതുകൊണ്ട് അവർ പുഴവക്കത്ത് ആരാധന കഴിച്ചു. ആരാധനയോട് അനുബന്ധിച്ച് ശബ്ബത്ത് മാത്രമേ കാണുന്നുള്ളു.

പ്രവൃത്തികളുടെ പുസ്തകം 17-ാം അദ്ധ്യായത്തിൽ പൗലൊസ് പതിവുപോലെ മൂന്ന് ശബ്ബത്ത് ദിവസങ്ങളിൽ യഹൂദന്മാരുടെ പള്ളികളിൽ പോയി യേശുവിനെ ആധാരമാക്കി അവരോട് സംസാരിച്ചു. യെഹൂദന്മാർക്കും മറ്റെല്ലാവർക്കും ആരാധനാദിവസവും വിശുദ്ധദിവസവും ഒന്നുതന്നെ ആയിരുന്നു എന്നാണ് നാം കാണുന്നത്. യഹൂദന്മാരും ജാതികളും ഒന്നിച്ച് ആരാധന കഴിച്ചു പോന്നു. “സഹോദരന്മാർ (ക്രിസ്ത്യാനികൾ) ഉടനെ, രാത്രിയിൽ തന്നെ പൗലൊസിനെയും ശീലാസിനെയും ബെരോവയ്ക്ക് പറഞ്ഞയച്ചു. അവിടെ എത്തിയാറെ അവർ യെഹൂദന്മാരുടെ പള്ളിയിൽ പോയി” (പ്രവൃത്തികൾ 17:10). **ഒന്നാം നൂറ്റാണ്ടിന്റെ ഏതാണ്ട് അവസാനമായപ്പോൾ ക്രിസ്തീയ വിശ്വാ**

**സക്കാരെ യഹൂദന്മാരുടെ പള്ളിയിൽ നിന്നും പുറത്താക്കാൻ തുടങ്ങി എന്ന് ചില ചരിത്രകാരന്മാർ പറയുന്നു. അതുവരെ എല്ലാവരും ഒരുമിച്ച് ആരാധന കഴിച്ചുപോന്നു. പള്ളിയിൽ വായിക്കുവാൻ പുതിയ നിയമ പുസ്തകങ്ങളും ഉണ്ടായിരുന്നില്ല. കൂടിവന്നിരുന്നവരിൽ ചിലർ ക്രിസ്തുവിൽ വിശ്വസിച്ചിരുന്നു, മറ്റു ചിലർ പാരമ്പര്യ യെഹൂദന്മാരായി തുടർന്നു. എല്ലാവരും ശബ്ബത്തിൽ ആരാധനയ്ക്ക് കൂടിവന്നിരുന്നു. ഇത് സത്യം.**

അപ്പൊസ്തലനായ പൗലൊസ് ക്രിസ്ത്യാനിയാകുന്നതിനുമുമ്പ് ക്രിസ്ത്യാനികളെ ക്രൂരമായി ഉപദ്രവിച്ചിരുന്നു. സ്തെഫാനൊസിനെ കല്ലെറിയുവാൻ പൗലൊസ് സമ്മതം കൊടുത്തിരുന്നു. അപ്പൊ. പൗലൊസ് ക്രിസ്ത്യാനികളെ അന്വേഷിച്ച് പള്ളികളിൽ (സിനഗോഗുകളിൽ) പോകുമായിരുന്നു. "ഞാൻ എല്ലാ പള്ളികളിലും അവരെ പലപ്പോഴും ദണ്ഡിപ്പിച്ചുകൊണ്ട് ദൂഷണം പറവാൻ നിർബന്ധിക്കുകയും അവരുടെ നേരെ അത്യന്തം ഭ്രാന്തുപിടിച്ചു അന്യപട്ടണങ്ങളോളവും ചെന്നു അവരെ ഉപദ്രവിക്കുകയും ചെയ്തു." (പ്രവൃത്തികൾ 26:11) അപ്പൊ. പൗലൊസിന്റെ കാലത്ത് ആരാധനയ്ക്ക് രണ്ട് സ്ഥലങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത്; ഒന്ന് സിനഗോഗ് (യഹൂദന്മാരുടെ പള്ളി), രണ്ട് യെരുശലേം ദൈവാലയം. ഈ രണ്ട് സ്ഥലങ്ങളിലും ആരാധന ശബ്ബത്ത് നാളിൽ ആയിരുന്നു. **പൗലൊസ് ക്രിസ്ത്യാനികളെ അന്വേഷിച്ച് ഞായറാഴ്ച ആരാധനാസ്ഥലം നോക്കിപ്പോയില്ല.** അങ്ങനെയുള്ള ഒരു സ്ഥലവും ഉണ്ടായിരുന്നില്ല. അപ്പൊ. പൗലൊസിന്റെ ചരിത്രത്തിൽ ശബ്ബത്ത് ആരാധനാദിവസമായിരുന്നു. ഞായറാഴ്ച വിശുദ്ധ ദിവസമായി ആചരിച്ചതിന്റെ ഒരു രേഖയും ഇല്ല. ഉണ്ടായിരുന്നു എന്ന് കരുതുന്നവർ ഉദ്ധരിക്കാറുള്ള രണ്ട് വേദഭാഗങ്ങൾ (അപ്പൊ. പ്രവൃത്തികൾ 20:7, 1 കൊരിന്ത്യർ 16:2) "ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ" എന്ന വിഷയത്തോടനുബന്ധിച്ച് വിശകലനം ചെയ്യുന്നതാണ്.

## അപ്പൊ. യോഹന്നാന്റെ കർത്തൃദിവസം

**കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി (വെളിപ്പാട് 1:10)**

**കർത്തൃദിവസം എന്ന പദപ്രയോഗം വെളിപ്പാട് 1:10 ൽ മാത്രമേ കാണുന്നുള്ളു,** അതുകൊണ്ട് താരതമ്യപഠനം സാദ്ധ്യമല്ല. മറ്റ് വേദഭാഗങ്ങളുടെ വെളിച്ചത്തിൽ നിഗമനത്തിൽ എത്തുവാൻ സാദ്ധ്യമാണ്. ഇത് ഒരു വേദപഠന തത്വമാണ്. അത്ര തെളിവല്ലാത്ത ഒരു വേദഭാഗം ഉണ്ടെങ്കിൽ, അതേ വിഷയത്തെ സംബന്ധിച്ച് പ്രതിപാദിക്കുന്ന തെളിവുള്ള വേദഭാഗങ്ങളോട് ചേർത്ത് തെളിവല്ലാത്ത വേദഭാഗം പഠിക്കേ

ണ്ടതാണ്. സാധാരണയായി മൂന്ന് വ്യഖ്യാനങ്ങളാണ് കർത്തൃദിവസത്തെപ്പറ്റി കേൾക്കാറുള്ളത്. 1. കർത്താവ് രണ്ടാമത് വരുന്ന ദിവസം 2. ഞായറാഴ്ച 3. ശബ്ബത്ത് ദിവസം.

## 1. കർത്താവ് രണ്ടാമത് വരുന്ന ദിവസം

കർത്താവ് രണ്ടാമത് വരുന്നദിവസം എന്ന് "കർത്തൃ ദിവസത്തെ" അർത്ഥമാക്കുവാൻ സാദ്ധ്യമല്ല. കർത്താവിന്റെ ദിവസം (The day of the Lord) എന്നാണ് ആ ദിവസത്തെ സംബോധന ചെയ്തിരിക്കുന്നത്. കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും (1 പത്രോസ് 3:10) (The day of the Lord will come like a thief in the night) കർത്തൃദിവസം എന്നത് ഇംഗ്ലീഷിൽ The Lord's day എന്നാണ് തർജ്ജമ ചെയ്തിരിക്കുന്നത്. The Lord's day എന്നത് The day of the Lord എന്നതിൽ നിന്നും വ്യത്യാസമാണ്. കർത്താവിന്റെ രണ്ടാം വരവ് ദിവസത്തെപ്പറ്റി മാത്രമല്ല വെളിപ്പാട് പുസ്തകം പ്രതിപാദിക്കുന്നത്. അപ്പൊസ്തലിക കാലം മുതൽ കർത്താവിന്റെ രണ്ടാം വരവുവരെയുള്ള കാലയളവുകളെ വെളിപ്പാടു പുസ്തകം വിവരിക്കുന്നു. വെളിപ്പാടു പുസ്തകം ആരംഭിക്കുന്നത് വേഗത്തിൽ സംഭവിപ്പാനുള്ളത്" (വെളിപ്പാട് 1:1) എന്നാണ്. കർത്താവു വരുന്ന ദിവസത്തിൽ സംഭവിപ്പാനുള്ളത് മാത്രം എന്നല്ല. കർത്താവ് വരുന്ന ദിവസത്തെ യോവേൽ 2:11,31; സെഫന്യാവ് 1:14; മലാഖി 4:5; എന്നീ വേദഭാഗങ്ങളിൽ **യഹോവയുടെ വലുതും ഭയങ്കരവുമായ ദിവസം എന്നും, യഹോവയുടെ മഹാദിവസം** എന്നുമൊക്കെയാണ് ചിത്രീകരിച്ചിരിക്കുന്നത്. 1 തെസ്സലൊനിക്യർ 5:2 ൽ **"കർത്താവിന്റെ നാൾ"** എന്നും 2 പത്രോസ് 3:10 ൽ **"കർത്താവിന്റെ ദിവസം"** എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആത്മ വിവശനായ ദിവസത്തെയാണോ, കർത്താവു വരുന്ന ദിവസത്തെക്കുറിച്ചാണോ "കർത്തൃദിവസം" എന്ന വാക്കുകൊണ്ട് യോഹന്നാൻ അർത്ഥമാക്കുന്നത് എന്നാണ് അവശേഷിക്കുന്ന ചോദ്യം. ദർശനം ലഭിക്കുമ്പോൾ താൻ എവിടെയായിരുന്നു എന്ന് (വാക്യം 9) പറഞ്ഞിട്ട് എപ്പോൾ ആയിരുന്നു ദർശനം ലഭിച്ചത് എന്ന് 10-ാം വാക്യത്തിൽ പറയുന്നു. **"കർത്തൃ ദിവസം" എന്നുപറയുന്നത് സംഭവവികാസ ദിവസമല്ല, കർത്താവ് തന്റേത് എന്ന് അവകാശപ്പെടുന്ന ഒരു ദിവസമാണ് എന്ന് മനസ്സിലാക്കേണ്ടതുണ്ട്.**

## 2. ഞായറാഴ്ച (ഒന്നാം ദിവസം)

**Kuriake hemera എന്ന ഗ്രീക്ക് പദത്തിൽനിന്നുമാണ് "കർത്തൃ ദിവസം" എന്ന് തർജ്ജമ ചെയ്തിരിക്കുന്നത്.** ഗ്രീക്ക് ഭാഷയിൽ

പാണ്ഡിത്യം ഉള്ളവർ പറയുന്നത് Kuriake hemera എന്ന പദപ്രയോഗം ഞായറാഴ്ച/ഒന്നാം നാൾ എന്ന് തർജ്ജമ ചെയ്യുക അസാദ്ധ്യമാകുന്നു എന്നാണ്. ഇന്ന് നാം ഞായറാഴ്ച എന്ന് വിളിക്കുന്ന ദിവസത്തെ ആഴ്ച വട്ടത്തിന്റെ ഒന്നാം ദിവസം എന്ന് യോഹന്നാനും മറ്റ് വേദപുസ്തക എഴുത്തുകാരും വിളിക്കുന്നു. **ഞായറാഴ്ചയെ കർത്തൃദിവസം എന്ന് വ്യാഖ്യാനിക്കുവാൻ ഒരു കാരണവും വേദപുസ്തകത്തിൽ എങ്ങും കാണുന്നില്ല;** ഇത് വെറും സങ്കല്പമാണ്. ഒട്ടകപക്ഷി അതിന്റെ തല മണ്ണിൽ പൂഴ്ത്തിവയ്ക്കാറുണ്ട് എന്ന് നാടൊട്ടുക്ക് പറയാറുണ്ട്. എന്നാൽ യഥാർത്ഥത്തിൽ ഒരു ഒട്ടകപക്ഷിയും ഒരുനാളും അതിന്റെ തല മണ്ണിൽ പൂഴ്ത്തി വച്ചിട്ടില്ല എന്നാണ് ഒട്ടകപ്പക്ഷിയെ നല്ലവണ്ണം പഠിച്ചിട്ട് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എങ്കിലും ഒട്ടകപക്ഷിയെപ്പറ്റിയുള്ള തെറ്റിദ്ധാരണ നാടുമുഴുവൻ സംസാരമാണ്. അതുപോലെ തന്നെ ഞായറാഴ്ച കർത്തൃദിവസം എന്ന് എല്ലാവരും പറയുകയും വിശ്വസിക്കയും ചെയ്യുന്നു. ഇത് തെളിയിക്കുവാൻ തിരുവചനത്തിൽ ഒരുവാക്യം പോലും സാക്ഷ്യം നല്കുന്നില്ല. ഈ പാപഹേതുവായ കാര്യം പഠിക്കുവാൻ ആരും ശ്രമിക്കുന്നതുമില്ല.

### 3. കർത്തൃദിവസം ശബ്ബത്താണ്

കർത്തൃദിവസം (Lord's day) എന്നൊരു പ്രത്യേക ദിവസം ഉണ്ട് എന്നത് തർക്കമില്ലാത്ത വിഷയമാണ്. "മനുഷ്യപുത്രനോ ശബ്ബത്തിന് കർത്താവാകുന്നു" (മത്തായി 12:8) എന്ന് കർത്താവുതന്നെ പറയുന്നതുകൊണ്ട് കർത്തൃ ദിവസം ശബ്ബത്താണ് എന്നുള്ളതിന് തെളിവുണ്ട്. **വേദപുസ്തക തെളിവ് അവഗണിച്ചിട്ട് യാതൊരു തെളിവും ഇല്ലാതെ കർത്തൃ ദിവസം ഞായറാഴ്ചയാണ് എന്ന് വിശ്വസിക്കുകയും ആചരിക്കുകയും ചെയ്യുന്നത് വെറും ശാഠ്യബുദ്ധിയാണ്.** കർത്താവിന്റെ പ്രസ്താവന മർക്കൊസിന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് "മനുഷ്യൻ ശബ്ബത്തുനിമിത്തമല്ല ശബ്ബത്ത് **മനുഷ്യൻ** നിമിത്തമത്രേ **ഉണ്ടായത്**" (യെഹൂദൻ നിമിത്തമല്ല) (മർക്കൊസ് 2:27). "അങ്ങനെ മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവു ആകുന്നു എന്നു പറഞ്ഞു". ഉണ്ടായത് (made) എന്ന് പറയുമ്പോൾ ദൈവം മറ്റെല്ലാകാര്യങ്ങളും ഉണ്ടാക്കിയതുപോലെ ശബ്ബത്തും മനുഷ്യനുവേണ്ടി ഉണ്ടാക്കി എന്നർത്ഥം. ദൈവം ശബ്ബത്തിനെ ഉണ്ടാക്കിയതുകൊണ്ട് മനുഷ്യപുത്രൻ ശബ്ബത്തിന് കർത്താവാകുന്നു. **മനുഷ്യപുത്രൻ ശബ്ബത്തിന് കർത്താവായതുകൊണ്ട് കർത്തൃദിവസം ശബ്ബത്താണ്. പഴയനിയമത്തിലും കർത്തൃദിവസം ശബ്ബത്തായിരുന്നു.** "ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്താകുന്നു" (പുറപ്പാട് 20:10). ദൈവം തനി

ക്കായി വേർതിരിച്ച ഒരു ദിവസം ആഴ്ചവട്ടത്തിന്റെ ഏഴാം ദിവസമാണ്, അതുകൊണ്ട് കർത്തൃദിവസം ശബ്ബത്താണ് എന്ന് തീരുമാനിക്കാം. "നീ **എന്റെ വിശുദ്ധദിവസത്തിൽ** നിന്റെ കാര്യാദികൾ നോക്കാതെ ശബ്ബത്തിൽ നിന്റെ കാൽ അടക്കിവെച്ച്..." (യെശയ്യാവ് 58:13). ദൈവം എന്റേത് എന്നു പറയുന്ന ഒരു ദിവസം ഉണ്ട്, അത് ശബ്ബത്ത് ദിവസമാണ്; അതുകൊണ്ട് ശബ്ബത്ത് കർത്തൃദിവസമാണ്. യോഹന്നാൻ തനിക്ക് ദർശനം ലഭിച്ച സ്ഥലത്തെ പത്മൊസ് ദ്വീപ് എന്ന് വെളിപ്പാട് 1:9-ൽ പറഞ്ഞിട്ട് ദർശനം ലഭിച്ച ദിവസത്തെ കർത്തൃദിവസം എന്ന് സാക്ഷീകരിച്ചിരിക്കുന്നു, അതിന്റെ അർത്ഥം: ശബ്ബത്ത് ദിവസത്തിൽ ആത്മവിവശനായി ദർശനം ലഭിച്ചു എന്നാണ്.

### ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം എന്ന പദപ്രയോഗം പുതിയ നിയമത്തിൽ

**ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം എന്ന പദപ്രയോഗം എട്ടു പ്രാവശ്യം തിരുവചനത്തിൽ കാണുന്നു. ഇതിൽ നിന്നുമാണ് ഞായറാഴ്ച വിശുദ്ധ ദിവസമോ എന്ന് തെളിയേണ്ടത്. അതിൽ ആറുപ്രാവശ്യം ഉയിർപ്പിനെ പ്രതിപാദിക്കുന്ന വേദവാക്യങ്ങളാണ്;** അവ എല്ലം താഴെ ചേർക്കുന്നു.

1. "ശബ്ബത്ത് കഴിഞ്ഞ് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം വെളുക്കുമ്പോൾ മഗ്ദലക്കാരത്തി മറിയയും മറ്റെ മറിയയും കല്ലറ കാൺമാൻ ചെന്നു." (മത്തായി 28:1)
2. "ശബ്ബത്ത് കഴിഞ്ഞശേഷം മഗ്ദലക്കാരത്തി മറിയയും യാക്കോബിന്റെ അമ്മ മറിയയും ശലോമയും ചെന്നു അവനെ പൂശേണ്ടതിന് സുഗന്ധ വർഗ്ഗം ഒരുക്കി." ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അതികാലത്ത് സൂര്യൻ ഉദിച്ചപ്പോൾ അവർ കല്ലറെക്കൽ ചെന്നു. (മർക്കൊസ് 16:1)
3. "അവൻ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ രാവിലെ ഉയിർത്തെഴുന്നേറ്റിട്ട് താൻ ഭൂതങ്ങളെ പുറത്താക്കിയിരുന്ന മഗ്ദലക്കാരത്തി മറിയയ്ക്ക് ആദ്യം പ്രത്യക്ഷനായി." (മർക്കൊസ് 16:9)
4. "അവർ ഒരുക്കിയ സുഗന്ധവർഗ്ഗം എടുത്ത് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം അതികാലത്ത് കല്ലറയ്ക്കൽ എത്തി, കല്ലറയ്ക്കൽ നിന്ന് കല്ല് ഉരുട്ടി നീക്കിയതായിട്ട് കണ്ടു." (ലൂക്കോസ് 24:1)
5. "ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ മഗ്ദലക്കാരത്തി മറിയ രാവിലെ ഇരുട്ടുള്ളപ്പോൾ തന്നേ കല്ലറയ്ക്കൽ ചെന്നു. കല്ലറ വായ്ക്കൽ നിന്ന് കല്ല് നീക്കിയിരിക്കുന്നത് കണ്ടു." (യോഹന്നാൻ 20:1)

6. "ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആയ ആ ദിവസം നേരം വൈകിയപ്പോൾ ശിഷ്യന്മാർ ഇരുന്ന സ്ഥലത്ത് യെഹൂദന്മാരെ **പേടിച്ച്** വാതിൽ അടച്ചിരിക്കെ യേശു വന്നു നടുവിൽ നിന്നു കൊണ്ട്: നിങ്ങൾക്ക് സമാധാനം എന്നു പറഞ്ഞു." (യോഹന്നാൻ 20:19).

7. "ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടി വന്നപ്പോൾ പൗലൊസ് പിറ്റെന്നാൾ പുറപ്പെടുവാൻ ഭാവിച്ചതുകൊണ്ട് അവരോട് സംഭാഷിച്ച് പാതിരാവരെയും പ്രസംഗം നീട്ടി." (അപ്പൊ. പ്രവൃത്തികൾ 20:7)

8. "വിശുദ്ധന്മാർക്കുവേണ്ടിയുള്ള ധർമ്മശേഖരത്തിന്റെ കാര്യത്തിലോ ഞാൻ ഗലാത്യ സഭകളോട് ആജ്ഞാപിച്ചതുപോലെ നിങ്ങളും ചെയ്വിൻ. ഞാൻ വന്ന ശേഷം മാത്രം ശേഖരം ഉണ്ടാകാതിരിക്കേണ്ടതിന്നു ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ തോറും നിങ്ങളിൽ ഓരോരുത്തൻ തനിക്ക് കഴിവുള്ളത് ചരതിച്ച് തന്റെ പക്കൽ വെച്ചുകൊള്ളേണം." (1 കൊരിന്ത്യർ 16:1,2)

**ഈ സംഭവവികാസങ്ങൾ ഞായറാഴ്ചയെ വിശുദ്ധദിവസമാക്കുന്നില്ല. ദിവസം വിശുദ്ധമായതിന്റെ കാരണം ഉല്പത്തിയിൽ ആരംഭിച്ചു. ദൈവം സ്രഷ്ടാവാണ് എന്ന് ലോകം ഓർത്തിരിക്കേണ്ടതിന് ശബ്ബത്ത് ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു എന്നും "അതുകൊണ്ട്" ഒരു വിശുദ്ധദിവസം ലോകത്തിന് ലഭിച്ചു എന്നും തിരുവചനത്തിൽ നിന്നു നാം കണ്ടുകഴിഞ്ഞു.**

ദൈവം ശുദ്ധീകരിച്ച ഒരു വിശുദ്ധദിവസം നിലവിലുള്ളപ്പോൾ മറ്റൊരു ദിവസം വിശുദ്ധമായി ആര് സ്ഥാപിച്ചു. **തിരുവചനത്തിൽ ഏതു പുസ്തകം ഏത് അദ്ധ്യായം ഏത് വാക്യത്തിൽ നാം വിശ്വസിക്കുന്നത് കാണുന്നു എന്ന അടിസ്ഥാനത്തിലായിരിക്കണം നമ്മുടെ വിശ്വാസം.** "ഞാൻ സ്വർഗ്ഗത്തിൽ കയറും എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കുമീതെ വെക്കും, ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും"എന്നുപറഞ്ഞ ശത്രുവിന്റെ സംവിധാനമാണ് ഞായറാഴ്ച വിശുദ്ധദിവസം എന്നുള്ളത്. ശത്രുവിന് സിംഹാസനം ഇല്ല എങ്കിലും അവൻ അരുളുന്നു; ജനം അനുസരിക്കുന്നു. "ഭൂതലത്തെ മുഴുവൻ തെറ്റിച്ചുകളയുന്ന പിശാചും സാത്താനും എന്ന മഹാസർപ്പമായ പഴയപാമ്പിനെ ഭൂമിയിലേക്ക് തള്ളിക്കളഞ്ഞു. അവന്റെ ദൂതന്മാരെയും അവനോടുകൂടെ തള്ളിക്കളഞ്ഞു" (വെളിപ്പാട് 12:9). വിശ്വാസപരമായ പല കാര്യങ്ങളിലും ഇന്ന് മനുഷ്യൻ

വഞ്ചിക്കപ്പെട്ടിരിക്കുന്നതുപോലെ, ദൈവം സ്ഥാപിച്ച വിശുദ്ധദിവസം എന്നകാര്യത്തിലും ലോകം വഞ്ചിക്കപ്പെട്ടിരിക്കുന്നു.

ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം എന്ന് പറയുന്ന വേദഭാഗങ്ങൾ പരിശോധിക്കുമ്പോൾ ആറെണ്ണം സുവിശേഷപുസ്തകങ്ങളിൽ കാണുന്നു. മത്തായി 28:1, മർക്കോസ് 16:2, മർക്കോസ് 16:9, ലൂക്കോസ് 24:1, യോഹന്നാൻ 20:1, യോഹന്നാൻ 20:19. യോഹന്നാൻ 20:19 ഒഴികെ മറ്റെല്ലാവേദഭാഗങ്ങളും യേശു ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ഉയിർത്തെഴുന്നേറ്റു എന്നുപറയുന്നു. യോഹന്നാൻ 20:19 ൽ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ "നേരം വൈകിയപ്പോൾ" ഒരു കൂടിവരവിനെപ്പറ്റി പറഞ്ഞിരിക്കുന്നു. അതുകൊണ്ട് അത് സൂക്ഷ്മതയോടെ പഠിക്കേണ്ടതാണ്. ഈ കൂടിവരവ് ഞായറാഴ്ച ആരാധനയ്ക്ക് മുന്നോടിയാണ് എന്ന് ചിലർ അനുമാനിക്കുന്നു.

കർത്താവ് ഉയിർത്തെഴുന്നേറ്റ ഞായറാഴ്ച **"വൈകിട്ട്"** ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്ന സംഭവമാണ് യോഹന്നാൻ 20:19-ൽ കാണുന്നത്. ഈ സമയത്ത് കർത്താവ് ഉയിർത്തെഴുന്നേറ്റു എന്ന് എല്ലാശിഷ്യന്മാരും വിശ്വസിച്ചിരുന്നുപോലും ഇല്ല. "ഈ വാക്ക് അവർക്ക് വെറും കഥ പോലെ തോന്നി അവരോ വിശ്വസിച്ചില്ല" (ലൂക്കോസ് 24:11). സ്ത്രീകൾ ശിഷ്യന്മാരോട്, കർത്താവ് ഉയിർത്തെഴുന്നേറ്റു എന്നു പറഞ്ഞിട്ട് അവർ വിശ്വസിച്ചില്ല. "എന്നാൽ പത്രൊസ് എഴുന്നേറ്റ് കല്ലറയ്ക്കൽ ഓടിച്ചെന്ന് കുനിഞ്ഞ് നോക്കി തുണി മാത്രം കണ്ടു സംഭവിച്ചതെന്തെന്ന് ആശ്ചര്യപ്പെട്ട് മടങ്ങിപ്പോന്നു" (വാക്യം 12). സൂര്യൻ അസ്തമിച്ചു കഴിഞ്ഞിട്ടുള്ള സമയത്തെയാണ് "വൈകിട്ട്" എന്നു പറയുന്നത്. (മർക്കൊസ് 1:32) ഇപ്പോഴേക്കും ഞായറാഴ്ച കഴിഞ്ഞിരുന്നു. ശിഷ്യന്മാർ ആരാധനയ്ക്ക് കൂടി വന്നു എന്ന് അനുമാനിക്കുവാൻ പോലും വകയില്ല. ശിഷ്യന്മാർ ചിന്താകുഴപ്പത്തിൽ ആയിരിക്കുന്ന സമയമാണിത്. കർത്താവ് ഉയിർത്തെഴുന്നേറ്റു എന്നുപോലും എല്ലാശിഷ്യന്മാരും വിശ്വസിച്ചിരുന്നില്ല. എന്നാൽ ഏട്ടുദിവസം കഴിഞ്ഞിട്ട് വീണ്ടും അവർ കൂടിയിരിക്കുമ്പോൾ തോമസും അവിടെ ഉണ്ടായിരുന്നു. യേശു വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാഭിഷേകത്തിനുവേണ്ടി ശിഷ്യന്മാർ **ദിവസേന കൂടിവന്ന് പ്രാർത്ഥിച്ചുകൊണ്ടിരുന്നു.** എന്നാൽ എട്ടുദിവസം കഴിഞ്ഞ് അവിടെ തോമസ് ഉണ്ടായിരുന്നതുകൊണ്ട് തോമസിന്റെ വിശ്വാസം ഉറപ്പിക്കുവാൻ കർത്താവ് അവർക്ക് അന്ന് പ്രത്യക്ഷനായി. ആദ്യത്തെ ഞായറാഴ്ച കൂടിവന്നതുതന്നെ ഉയിർപ്പുമായി യാതൊരു ബന്ധവും ഉണ്ടായിട്ടല്ല. ഒരു വിശുദ്ധ ദിവസത്തിന്റെ കാരണം സൃഷ്ടിപ്പാണ്;

ഉയിർപ്പല്ല. **ഉയിർപ്പ് പ്രാധാന്യമർഹിക്കുന്ന സംഭവമാണ്. ആ ദിവസത്തിന് യാതൊരു പ്രാധാന്യവും തിരുവചനം നല്കുന്നില്ല**.

എട്ട് പ്രാവശ്യം ഞായറാഴ്ച (ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ) എന്ന് തിരുവചനത്തിൽ കാണുന്നതിൽ ആറുപ്രവശ്യവും നാം കണ്ടുകഴിഞ്ഞു. ശേഷിക്കുന്ന രണ്ട്, അപ്പൊസ്തലപ്രവൃത്തികൾ 20:7, 1 കൊരിന്ത്യർ 16:2 എന്നീ വാക്യങ്ങളാണ്.

**അപ്പൊ. പ്രവൃത്തികൾ 20:7**

“ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടി വന്നപ്പോൾ പൗലൊസ് പിറ്റെന്നാൾ പുറപ്പെടുവാൻ ഭാവിച്ചതുകൊണ്ടു അവരോടു സംഭാഷിച്ചു പാതിരവരെയും പ്രസംഗം നീട്ടി” (അപ്പൊ. പ്രവൃത്തികൾ 20:7).

**അപ്പം നുറുക്കുക എന്നാൽ എന്ത്?**

**ഭക്ഷണം കഴിക്കുന്നതിനും തിരുവത്താഴത്തിനും അപ്പം നുറുക്കുക എന്ന പദം ഉപയോഗിച്ചിട്ടുണ്ട്**. പൗലൊസ് കപ്പൽ യാത്രയിലായിരുന്നപ്പോൾ കടൽ കൊടുങ്കാറ്റ് കൊണ്ട്, ഇളകിമറിഞ്ഞു; യാത്രക്കാർ പതിനാലുദിവസം ആഹാരം കഴിക്കാതെ കഴിച്ചു കൂട്ടി. “അപ്പോൾ പൗലൊസ് അവരോട് നിങ്ങൾ ഒന്നും കഴിക്കാതെയിരുന്നാൽ പ്രാണഹാനി ഉണ്ടാകും എന്നുപറഞ്ഞു. ഇങ്ങനെ പറഞ്ഞിട്ട് അപ്പം എടുത്ത് എല്ലാവരും കാൺകെ ദൈവത്തെ വാഴ്ത്തീട്ട് “**നുറുക്കി**” തിന്നു തുടങ്ങി” (പ്രവൃത്തികൾ 27:35). കർത്താവായ യേശു ഉയിർത്തെഴുന്നേറ്റ ദിവസം എമ്മവുസ് ഗ്രാമത്തിലേക്ക് പോകുന്ന രണ്ടുപേരെ കണ്ടു. വഴിയാത്രയിൽ അവരുമായി സംസാരിച്ചുപോകയിൽ അവർ യേശുവിനെ അവരോടു കൂടെ പാർക്കുവാൻ നിർബന്ധിച്ചു. “അവരുമായി ഭക്ഷണത്തിനു ഇരിക്കുമ്പോൾ അവൻ അപ്പം എടുത്തു അനുഗ്രഹിച്ചു നുറുക്കി അവർക്കു കൊടുത്തു” (പ്രവൃത്തികൾ 24:30). ഈ രണ്ടു സംഭവങ്ങളിലും **“അപ്പം നുറുക്കി”** എന്ന പദപ്രയോഗം കാണുന്നു. എന്നാൽ തിരുവത്താഴം ആയിരുന്നില്ല. **ദിനം തോറുമുള്ള ഭക്ഷണം കഴിക്കുന്നതിനും അപ്പം നുറുക്കുക എന്ന പദം ഉപയോഗിച്ചിരുന്നു**.

കൊരിന്ത്യസഭയോട് തിരുവത്താഴത്തെ കുറിച്ച് പറയുമ്പോൾ പൗലൊസ് പറയുന്നത്: “ഞാൻ കർത്താവിൽ നിന്നും പ്രാപിക്കുകയും നിങ്ങൾക്ക് ഏല്പിക്കുകയും ചെയ്തത് എന്തെന്നാൽ: കർത്താവായ യേശുവിനെ കാണിച്ചു കൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്ത്

സ്തോത്രം ചൊല്ലി നുറുക്കി ഇതു നിങ്ങൾക്കു വേണ്ടിയുള്ള എന്റെ ശരീരം, എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്‌വിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും എടുത്തു. ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയനിയമം ആകുന്നു. ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മയ്ക്കായി ചെയ്‌വിൻ എന്നു പറഞ്ഞു" (1 കൊരിന്ത്യർ 11:23-25). ഇത് തിരുവത്താഴ ശുശ്രൂഷയെപ്പറ്റി കൊരിന്ത്യരോട് പറയുന്നു എന്നത് സംശയമില്ലാത്ത കാര്യമാണ്.

അപ്പൊ. പ്രവൃത്തികൾ 20:7-ൽ അപ്പം നുറുക്കുന്നതിനെപ്പറ്റി പറയുന്നു. ഇത് ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ നടന്നതുകൊണ്ട് ഞായറാഴ്ച ആരാധനാദിവസമാണ് എന്ന് വിശ്വസിക്കുകയും, ആചാരമായി അനുഷ്ഠിക്കുകയും ചെയ്യുന്നു. **എന്നാൽ ഇത് തിരുവത്താഴമോ ഭക്ഷണം കഴിക്കലോ എന്നാണ് തെളിയേണ്ടത്.** ഈ സംഭവത്തെ അല്പം കൂടെ സൂക്ഷ്മതയോടെ വീക്ഷിക്കേണ്ടതുണ്ട്.

"ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടിവന്നപ്പോൾ പൗലൊസ് പിറ്റെന്നാൾ പുറപ്പെടുവാൻ ഭാവിച്ചതു കൊണ്ട് അവരോട് സംഭാഷിച്ച് പാതിരാവരെയും പ്രസംഗം നീട്ടി. ഞങ്ങൾ കൂടിയിരുന്ന മാളികയിൽ വളരെ വിളക്കുണ്ടായിരുന്നു. അവിടെ യൂത്തിക്കൊസ് എന്ന യൌവനക്കാരൻ കിളിവാതില്ക്കൽ ഇരുന്നു ഗാഢനിദ്ര പിടിച്ചു... പിന്നെ അവൻ കയറിചെന്നു അപ്പം നുറുക്കി **തിന്നു** പുലരുവോളം സംഭാഷിച്ച് പുറപ്പെട്ടുപോയി (പ്രവൃത്തികൾ 20:7,8,11).

പല കാരണങ്ങൾകൊണ്ട് ഈ സംഭവം തിരുവത്താഴമല്ല; സാധാരണ ഭക്ഷണം കഴിക്കലാണ് എന്ന് തെളിയുന്നു. എങ്കിലും ഈ സംഭവത്തോടു ബന്ധപ്പെടുത്തി ചില ചോദ്യങ്ങൾ ചോദിക്കാം.

1. കൂടിവരവ് എപ്പോൾ നടന്നു?

   ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം (രാത്രിയിൽ). ഇപ്പോഴേക്കും ഞായറാഴ്ച കടന്നുപോയിരുന്നു. "ഞങ്ങൾ കൂടിയിരുന്ന മാളികയിൽ വളരെ വിളക്കുണ്ടായിരുന്നു" (വാക്യം 8).

2. കൂടിവരവിന്റെ ഉദ്ദേശ്യം എന്തായിരുന്നു?

   പൗലോസ് പിറ്റെന്നാൾ യാത്രയാകാൻ പോകുന്നതുകൊണ്ട് (വാക്യം 7). ആരാധനക്കുവേണ്ടി ആയിരുന്നില്ല. തിരുവചനപ്രകാരം ആരാധന എപ്പോഴും രാവിലെ ആയിരുന്നു.

3. തിരുവത്താഴ ശുശ്രൂഷയ്ക്ക് ശുശ്രൂഷകൻ എന്തു ചെയ്യണം?

അപ്പം നുറുക്കി വിശ്വാസികൾക്ക് കൊടുക്കണം.

4. ഈ സംഭവത്തിൽ പൗലൊസ് കയറി ചെന്ന് "അപ്പം നുറുക്കി" എന്ത് ചെയ്തു?

അപ്പം നുറുക്കി തിന്നു; ആർക്കും അപ്പം നുറുക്കി കൊടുത്തില്ല.

5. ഈ സംഭവം തിരുവത്താഴ ശുശ്രൂഷയാകുന്നു എങ്കിൽ വീഞ്ഞ് കാണേണ്ടതല്ലേ?

അതെ അപ്പവും വീഞ്ഞും കർത്താവു നടത്തിയ തിരുവത്താഴശുശ്രൂഷയിൽ കാണുന്നുണ്ട്, എന്നാൽ ഈ സംഭവത്തിൽ വീഞ്ഞ് കാണുന്നില്ല. 1 കൊരിന്ത്യർ 11:23-25 വരെ പൗലൊസ് വിവരിക്കുന്ന തിരുവത്താഴത്തിൽ വീഞ്ഞ് കാണുന്നു.

6. കർത്താവുനടത്തിയ തിരുവത്താഴ ശുശ്രൂഷയിൽ അപ്പം നുറുക്കുന്നതിനുമുമ്പ് എന്തു ചെയ്തു?

"യേശു അപ്പം എടുത്തു വാഴ്ത്തി നുറുക്കി"

7. പ്രവൃത്തികളുടെ പുസ്തകം 20-ാം അദ്ധ്യായത്തിൽ കാണുന്ന സംഭവത്തിൽ അപ്പവും വീഞ്ഞും വാഴ്ത്തിയതായിട്ട് രേഖ ഉണ്ടോ?

ഇല്ല, യേശു അപ്പം വാഴ്ത്തിയതുപോലെയോ വീഞ്ഞ് എടുത്ത് സ്തോത്രം ചൊല്ലിയതുപോലെയോ പൗലോസ് ചെയ്യുന്നതായി രേഖയില്ല.

തിരുവത്താഴത്തിന്റെ ഒരു ലക്ഷണവും ഈ സംഭവത്തിൽ കാണുന്നില്ല. ഒരു യാത്ര അയപ്പും അതിനോട് അനുബന്ധിച്ച ഭക്ഷണവും കാണുന്നുണ്ട്. പ്രവൃത്തികളുടെ പുസ്തകം 20:7 ഞായറാഴ്ച ആചാരത്തെ ന്യായീകരിക്കുന്നില്ല. കാരണം കർത്താവായ യേശുക്രിസ്തു നടത്തിയ തിരുവത്താഴത്തിന്റെയോ പൗലൊസ് വിവരിക്കുന്ന (1 കൊരി. 11:23-25) തിരുവത്താഴത്തിന്റെയോ സവിശേഷതകൾ ഇവിടെയില്ല. അതിനാൽ ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ ഞായറാഴ്ച ആചാരത്തെ ന്യായീകരിക്കുവാൻ കഴിയുകയില്ല. അപ്പം നുറുക്കിയാൽ ദിവസം വിശുദ്ധമാകും എന്ന ഒരു വ്യവസ്ഥയും തിരുവചനത്തിൽ ഇല്ല.

**ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം ധർമ്മ ശേഖരം**

**1 കൊരിന്ത്യർ 16:2**

**ഞായറാഴ്ച ആചാരത്തിന്റെ കാരണമായിട്ട് 1 കൊരിന്ത്യർ 16:2 ഉപയോഗിക്കാറുണ്ട്.** "വിശുദ്ധന്മാർക്കുവേണ്ടിയുള്ള **ധർമ്മശേഖര**

**ത്തിന്റെ** കാര്യത്തിലോ ഞാൻ ഗലാത്യ സഭകളോട് ആജ്ഞാപിച്ചതു പോലെ നിങ്ങളും ചെയ്‌വിൻ. ഞാൻ വന്നശേഷം മാത്രം ശേഖരം ഉണ്ടാകാതിരിക്കേണ്ടതിന് ആഴ്ചവട്ടത്തിൽ ഒന്നാം നാൾതോറും നിങ്ങൾ ഓരോരുത്തൻ തനിക്കു കഴിവുള്ളതുപോലെ ചരതിച്ച് **തന്റെ പക്കൽ** വെച്ചുകൊള്ളേണം" (1 കൊരിന്ത്യർ 16:1,2).

ലേഖകൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ധർമ്മശേഖരത്തിലാണ്. ന്യായീകരണത്തിനായി വായിക്കുന്നവർ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ഞായറാഴ്ചയിലാണ്. ധർമ്മശേഖരം **"ഞാൻ വന്നശേഷം"** ധൃതഗതിയിൽ ആകരുത് എന്ന് ലേഖകൻ ഉദ്ദേശിക്കുമ്പോൾ വായിക്കുന്നവൻ ഏതുദിവസമായിരിക്കണം എന്ന് വായിക്കുന്നു. പാട്ടിനും പാട്ടുകാരനും തമ്മിൽ സ്വരചേർച്ച ഇല്ലാതെ വരുമ്പോൾ സംഗീതം അവതാളത്തിലാകുന്നു. അങ്ങനെയാണ് 1 കൊരിന്ത്യർ 16:2 ദുർവ്യാഖ്യാനിക്കുമ്പോൾ സംഭവിക്കുന്നത്.

ഈ വേദഭാഗത്ത് ഒരു കൂടിവരവ് കാണുന്നില്ല. ഓരോരുത്തൻ തനിക്ക് കഴിവുള്ളത് ചരതിച്ചു **"തന്റെ പക്കൽ"** സൂക്ഷിക്കണം എന്നാണ് അപ്പൊസ്തലൻ നിർദ്ദേശിക്കുന്നത്. എല്ലാവരും അവരവർക്ക് പ്രാപ്തിയുള്ളതുപോലെ ഞായറാഴ്ച പള്ളിയിൽ കൊണ്ടുവന്ന് പള്ളിയുടെ ഭണ്ഡാരത്തിൽ ഇടുന്നു എന്നിരിക്കട്ടെ. അതിനെ തന്റെ പക്കൽ വെച്ചുകൊള്ളേണം എന്ന നിർദ്ദേശ പ്രകാരമാകുമോ? ഞായറാഴ്ച കാണിക്ക എടുക്കുന്നതായിട്ട് ന്യായീകരിക്കുവാനുള്ള ഒരു ശ്രമം ഇവിടെ പ്രത്യക്ഷമായിട്ട് കാണുന്നു. ഞായറാഴ്ച കാണിക്ക എടുത്തു എന്ന് സ്ഥാപിക്കുവാൻ സാധിച്ചാൽ ഞായറാഴ്ച ആരാധന ഉണ്ടായിരുന്നു എന്ന് തെളിയിക്കുവാൻ സാധിക്കും; അതിന് 1 കൊരിന്ത്യർ 16:2 ഉപയോഗപ്പെടുന്നില്ല. ഉദാഹരണമായി പറഞ്ഞാൽ: ചീര എന്ന ചെടിയിൽ ഇരുമ്പ് അംശം ധാരാളം ഉണ്ടെന്നിരിക്കട്ടെ; പിച്ചാത്തി ഇരുമ്പുകൊണ്ട് ഉണ്ടാക്കുന്നു എന്ന് നമുക്കറിയാം. എന്നാൽ ചീരയ്ക്കകത്ത് ഇരുമ്പുള്ളതുകൊണ്ട് ചീരകൊണ്ട് പിച്ചാത്തി ഉണ്ടാക്കുക സാദ്ധ്യമല്ല. നാം ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്. അപ്പൊസ്തലന്മാർ അപ്പം നുറുക്കിയതുകൊണ്ടോ, ഞായറാഴ്ച ധനശേഖരം നടത്തിയതുകൊണ്ടോ, കർത്താവ് ഉയിർത്തെഴുന്നേറ്റതുകൊണ്ടോ ഞായറാഴ്ച വിശുദ്ധമാകുന്നില്ല. ദൈവം സ്രഷ്ടാവാണ് എന്ന് അറിയേണ്ടതിന് ദൈവം ശബ്ബത്ത് സൃഷ്ടിച്ചു; അനുഗ്രഹിച്ചു, ശുദ്ധീകരിച്ചു. അതുകൊണ്ട് നമുക്ക് ഒരു വിശുദ്ധശബ്ബത്ത് ഉണ്ടായിരിക്കണം. അത് ആഴ്ചയുടെ ഏഴാമത്തെ ദിവസവും ആയിരിക്കേണം. ഇത് ദൈവ നിയോഗമാണ്. ദൈവം തന്റെ

അധികാരത്തിൽ ഏഴാം ദിവസത്തെ ശബ്ബത്താക്കി തീർത്തിരിക്കുന്നതു കൊണ്ട് ഏതുദിവസമാണ് ശബ്ബത്ത് എന്നു തീരുമാനിക്കുവാനുള്ള ഇടം നമുക്കില്ല.

ശബ്ബത്ത് വിശുദ്ധമായി ആചരിക്കാനുള്ളതാണ് എന്ന് ദൈവം നമ്മെ പഠിപ്പിക്കുന്നു.

## ഞായറാഴ്ചയുടെ ഉത്ഭവം

### അടിസ്ഥാനം

ശബ്ബത്തിന്റെ ഉത്ഭവം, ദൈവത്താൽ, സൃഷ്ടിപ്പിന്റെ അടിസ്ഥാനത്തിൽ രൂപം കൊണ്ടു എന്ന് ദൈവം (ദൈവവചനം) സാക്ഷ്യം പറയുന്നു എന്ന് നാം കണ്ടുകഴിഞ്ഞു. പെസഹാ ദൈവം സ്ഥാപിച്ചത് ഒരു അടിസ്ഥാനത്തിന്മേലാണ്. **പെസഹാ കുഞ്ഞാട് യാഗമാകും എന്ന പ്രവചനം നിറവേറിയപ്പോൾ നിറവേറലിന്റെ സ്മാരകമായി തിരുവത്താഴം സ്ഥാപിക്കപ്പെട്ടു.** “അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്തുവാഴ്ത്തി നുറുക്കി ശിഷ്യന്മാർക്കു കൊടുത്തു; വാങ്ങി ഭക്ഷിപ്പിൻ; ഇതു എന്റെ ശരീരം എന്നു പറഞ്ഞു. പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു; എല്ലാവരും ഇതിൽ നിന്നും കുടിപ്പിൻ. ഇതു അനേകർക്കു വേണ്ടി പാപമോചനത്തിന്നായി ചൊരിയുന്ന പുതിയനിയമത്തിനുള്ള എന്റെ രക്തം; എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടുകൂടെ പുതുതായി കുടിക്കും നാൾവരെ ഞാൻ മുന്തിരിവള്ളിയുടെ ഈ അനുഭവത്തിൽനിന്നു ഇനി കുടിക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു” (മത്തായി 26:26–29). തിരുവത്താഴ ആചാരം കർത്താവിന്റെ മരണത്തെയും വീണ്ടും വരവിന്റെയും സ്മാരകമായി സ്ഥാപിക്കപ്പെട്ടു എന്ന് നാം കാണുന്നു. കർത്തൃമേശയെ സംബന്ധിച്ച് അപ്പൊ. പൗലൊസ് കർത്താവിനെ ധ്വനിക്കുന്നു (1 കൊരി. 11:23–26). പെന്തെക്കൊസ്ത് എന്ന ആചാരം ഒരു അടിസ്ഥാനത്തിന്മേൽ പഴയനിയമകാലത്ത് ദൈവത്താൽ സ്ഥാപിക്കപ്പെട്ടു എന്ന് നാം കാണുന്നു. അങ്ങനെ ദൈവത്താൽ സ്ഥാപിക്കപ്പെട്ട ഏത് ആചാരവും പരിശോധിക്കുമ്പോൾ എല്ലാ ആചാരങ്ങളും ഒരു കാരണത്തിന്മേൽ സ്ഥാപിക്കപ്പെട്ടു എന്ന് കാണുവാൻ സാധിക്കുന്നു. പഴയനിയമ ആചാരങ്ങളെ സംബന്ധിച്ചിടത്തോളം യഹോവ അരുളിച്ചെയ്യുകയും ജനം ആചരിക്കുകയും ചെയ്തു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ദൈവത്തിന്റെ സഭയിൽ മനുഷ്യന് ആചാരങ്ങൾ സ്ഥാപിക്കുവാൻ അധികാരമില്ല. “മനുഷ്യ കല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്ന

തുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു” (മത്തായി 15:9). ദൈവ ത്തിന്റെ സഭയിൽ ആചാരങ്ങൾ സ്ഥാപിക്കുവാൻ മനുഷ്യർക്ക് അധി കാരമില്ല എന്ന് പറയുന്നതിൽ അപ്പൊസ്തലന്മാർ ഉൾപ്പെടെ സകല മനുഷ്യനും ഉൾപ്പെടുന്നു. അപ്പൊ. പൗലൊസ് പറയുന്നത്: “ഞാൻ കർത്താവിൽനിന്നു പ്രാപിക്കയും നിങ്ങൾക്ക് ഏല്പിക്കയും ചെയ്തതു എന്തെന്നാൽ” (1 കൊരി. 11:23).

ഞായറാഴ്ച ആചാരത്തിന് കർത്താവിന്റെ കല്പന തിരുവചന ത്തിൽ കാണുന്നില്ല. ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം എന്നോ ഞായ റാഴ്ച എന്നോ ഒരു പദപ്രയോഗം കർത്താവിന്റെ വായിൽനിന്നും വന്ന തായി ഒരു രേഖയും തിരുവചനത്തിൽ കാണുന്നില്ല. സഭയ്ക്ക് ഒരു ആചാരം ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാന കാരണം ദൈവത്താൽ നൽകിയിരിക്കുന്നു (ഏത് പുസ്തകം, ഏത് അദ്ധ്യായം, ഏത് വാക്യം) എന്ന് ഓരോരുത്തരും തിരുവചനത്തിൽ നിന്നും ഉറപ്പാക്കേണ്ടതാണ്. ആഴ്ചവട്ടത്തിൽ ഒന്നാം നാൾ എന്ന് എട്ട് പ്രാവശ്യം തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ ഒന്നുപോലും ഞായറാഴ്ച ആചാര ത്തിന് തുണ നില്ക്കുന്നില്ല എന്ന് സൂക്ഷ്മതയോടുകൂടിയ വേദപഠനം തെളിവാക്കുന്നു എന്ന് നാം കണ്ടു കഴിഞ്ഞു. ഞായറാഴ്ച ആചാരം സങ്കല്പത്തിന്മേൽ പലരും ആചരിക്കുന്നു. എന്നാൽ ഞായറാഴ്ച ആചാ രത്തിന്റെ ചരിത്രം പഠിക്കുമ്പോൾ തിരുവചനവും ചരിത്രവും സങ്കല്പ ത്തിനു പോലും തുണനില്ക്കുന്നില്ല.

**കർത്താവിന്റെ സ്മാരകങ്ങൾ**

**1. സ്നാനം**

ദൈവത്താൽ സ്ഥാപിതമായ ഒരു ശുശ്രൂഷയാണ് സ്നാനം. “യോഹന്നാന്റെ സ്നാനം എവിടെനിന്നു? സ്വർഗ്ഗത്തിൽ നിന്നോ? മനു ഷ്യരിൽനിന്നോ?” (മത്തായി 21:25). യോഹന്നാൻ ജനിക്കുന്നതിനു മുമ്പു തന്നേ സ്നാനം എന്ന കർമ്മം ദൈവജനത്തിന്നിടയിൽ ഉണ്ടായിരുന്നു എന്ന് ചരിത്രം പഠിപ്പിക്കുന്നു; തിരുവചനവും അതിന് തുണ നില്ക്കുന്നു. “എന്നാൽ നീ ക്രിസ്തുവല്ല, ഏലിയാവല്ല, ആ പ്രവാചകനും അല്ല എന്നു വരികിൽ നീ സ്നാനം കഴിപ്പിക്കുന്നത് എന്ത് എന്ന് അവർ ചോദിച്ചു” (യോഹ. 1:25). യോഹന്നാന്റെ അധികാരത്തെ ചോദ്യം ചെയ്യുന്നു, എന്നാൽ സ്നാനം എന്ന ശുശ്രൂഷയെ ചോദ്യം ചെയ്യുന്നില്ല. കർത്താവായ യേശുവിൽ സ്നാനത്തിന്റെ അർത്ഥ വ്യാപ്തി പരിശു ദ്ധാത്മാവ് വെളിപ്പെടുത്തുന്നു. “അങ്ങനെ നാം അവന്റെ മരണത്തിൽ

പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ. അവന്റെ മരണത്തിന്റെ സാദൃശ്യത്തോട് നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും" (റോമർ 6:4,5). റോമർ 6:4,5 എന്നീ വാക്യങ്ങളിൽ മൂന്ന് മൂല്യ വസ്തുതകൾ ദൈവം സംക്ഷേപിച്ചിരിക്കുന്നു; ഒന്ന് - മരണം, രണ്ട് - കുഴിച്ചിടൽ, മൂന്ന് - പുനരുത്ഥാനം. കർത്താവ് നമുക്കുവേണ്ടി മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റു എന്ന് നാം ഓർക്കണം എന്നത് ദൈവനിയോഗം ആയതുകൊണ്ട് സ്നാനം എന്ന ശുശ്രൂഷ ദൈവം ക്രിസ്തുവിൽ പുനഃസ്ഥാപിച്ചു. കർത്താവായ യേശു ഉയിർത്തെഴുന്നേറ്റതിന്റെ ഓർമ്മക്കായിട്ട് ഞായറാഴ്ച വിശുദ്ധ ദിവസമായിട്ട് ദൈവം മാറ്റി സ്ഥാപിച്ചു എന്ന് ഏത് പുസ്തകം ഏത് അദ്ധ്യായം ഏത് വാക്യം പറയുന്നു? അപ്രകാരം ഒരു ദൈവിക പ്രസ്താവന തിരുവചനത്തിൽ എങ്ങും കാണുന്നില്ല. അങ്ങനെ എങ്കിൽ, ജനം ഞായറാഴ്ച ആരാധനക്ക് കൂടിവരുമ്പോൾ, "ഈ വിശുദ്ധ ദിവസത്തിൽ" എന്ന് ആരുടെ അധികാരത്തിൻ കീഴിൽ പറയുന്നു? ദൈവത്തിന്റെ അധികാരത്തിൽ ദൈവം സഭയിൽ എല്ലാ കാര്യങ്ങളും സ്ഥാപിച്ചിരിക്കുന്നു. "ദൈവം സഭയിൽ ഒന്നാമത് അപ്പൊസ്തലന്മാർ രണ്ടാമത് പ്രവാചകന്മാർ മൂന്നാമത് ഉപദേഷ്ടാക്കന്മാർ ഇങ്ങനെ ഓരോരുത്തരെ നിയമിക്കയും..." (1 കൊരി.12:28). "ദൈവം സഭയിൽ" ശുശ്രൂഷകൾ നിയമിക്കുന്നു എന്നത് ഒരു പൊതു തത്വമാണ്. ദൈവം സഭയിൽ ഞായറാഴ്ച ആരാധനാ ദിവസമായി സ്ഥാപിച്ചു എന്നതിന് തിരുവചനത്തിൽ രേഖകൾ കാണാത്തതുകൊണ്ട് ഞായറാഴ്ച ആചാരം സ്വേച്ഛാരാധനയാണ് (self imposed worship). കർത്താവായ യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്ന വസ്തുതകൾ സ്നാനം എന്ന ആചാരം ഉൾക്കൊള്ളുന്നു; (റോമർ 6:3-5) അത് ദൈവത്താൽ സ്ഥാപിക്കപ്പെട്ടു.

**2. കർത്തൃമേശ**

മശീഹാ പാപ പരിഹാരത്തിനായി വരും എന്ന ദൈവ വാഗ്ദാനത്തിന്റെ അടയാളമായി ദൈവം യാഗം എന്ന ശുശ്രൂഷ സ്ഥാപിച്ചു. അതേ ശുശ്രൂഷ തന്നെ പെസഹ ആയിട്ട് പുതുക്കി സ്ഥാപിച്ചു. മശീഹാ വന്നതിനുശേഷം വന്നു എന്നതിന്റെ സ്മാരകമായിട്ടും വീണ്ടും വരും എന്നതിന്റെ സ്മാരകമായിട്ടും തിരുവത്താഴം എന്ന ശുശ്രൂഷ ഏർപ്പാടു ചെയ്തു. "എന്റെ ഓർമ്മക്കായി ഇതു ചെയ്വിൻ എന്നു പറഞ്ഞു"

(1 കൊരി. 11:24). ഓരോ വ്യക്തിക്കുവേണ്ടിയും കർത്താവു ചെയ്ത പാപപരിഹാര ശുശ്രൂഷ ഓരോ വ്യക്തിയും ഓർമ്മക്കായി സൂക്ഷിക്കണം എന്ന് കർത്താവ് ആഗ്രഹിക്കുന്നു. അതിന്നായിട്ട് കർത്താവ് തിരുവത്താഴ ശുശ്രൂഷ സ്ഥാപിച്ചു. എന്റെ ഓർമ്മക്കായിട്ട് ആഴ്ചയുടെ ഒന്നാം ദിവസം വിശുദ്ധ ദിവസമാക്കിയിരിക്കുന്നു എന്നോ ഞായറാഴ്ചതോറും സഭായോഗം കൂടണം എന്നോ കർത്താവ് പറഞ്ഞതായി ഒരു രേഖയും തിരുവചനത്തിൽ കാണുന്നില്ല. ദൈവം സഭയിൽ ഞായറാഴ്ച ആചാരം സ്ഥാപിച്ചിട്ടില്ലാത്തതുകൊണ്ട് ഞായറാഴ്ച ആചാരം സ്വേച്ഛാരാധനയാണ് എന്ന് വീണ്ടും എടുത്തു പറയേണ്ടിയിരിക്കുന്നു. മനുഷ്യരായിരിക്കുന്നവർ (അപ്പൊസ്തലന്മാർ ഉൾപ്പെടെ) എല്ലാവരും ഒരുപോലെ മനുഷ്യർ മാത്രമാണ്. ഒരു മനുഷ്യൻ മറ്റൊരു മനുഷ്യന് ആചാരങ്ങൾ നിയോഗിക്കുവാൻ പാടില്ലാത്തതാണ്. കാരണം നാം എല്ലാവരും ഒരുപോലെ മനുഷ്യർ മാത്രമാണ്. അതുകൊണ്ട് അപ്പൊസ്തലന്മാർ സഭയ്ക്ക് ആചാരങ്ങൾ നിയോഗിച്ചിട്ടില്ല. "ഞാൻ കർത്താവിങ്കൽ നിന്നു പ്രാപിക്കയും നിങ്ങൾക്കു ഏല്പിക്കയും ചെയ്തത് എന്തെന്നാൽ" എന്ന് പൗലൊസ് പറയുന്നതുകൊണ്ട് താൻ സഭയ്ക്ക് ഒരു ആചാരവും നിയോഗിച്ചില്ല എന്ന വസ്തുത വ്യക്തമാണ്. ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ എന്ന പദപ്രയോഗം കർത്താവിന്റെ അധരങ്ങളിൽനിന്നും പുറപ്പെട്ടതായി ഒരു രേഖയും ഇല്ലാത്തതുകൊണ്ട് ഞായറാഴ്ച ആചാരം തികച്ചും മാനുഷികമാണ്.

## സൂര്യാരാധനയും ഞായറാഴ്ചയും

സൂര്യാരാധന ദൈവത്തിന്റെ സഭയിൽ കലർത്തുവാൻ സാത്താൻ ശ്രമം നടത്തിയിരുന്നു എന്ന് യെഹെസ്ക്കേൽ പ്രവാചകൻ രേഖപ്പെടുത്തിയിരിക്കുന്നു. "അവൻ എന്നെ യഹോവയുടെ ആലയത്തിന്റെ അകത്തെ പ്രാകാരത്തിൽ കൊണ്ടുപോയി; യഹോവയുടെ മന്ദിരത്തിന്റെ വാതില്ക്കൽ മണ്ഡപത്തിനും യാഗപീഠത്തിനും നടുവെ ഏകദേശം ഇരുപത്തിയഞ്ചു പുരുഷന്മാർ തങ്ങളുടെ മുതുകു യഹോവയുടെ മന്ദിരത്തിന്റെ നേരേയും മുഖം കിഴക്കോട്ടും തിരിച്ചുകൊണ്ടു നിന്നിരുന്നു; അവർ കിഴക്കോട്ടുനോക്കി സൂര്യനെ നമസ്ക്കരിക്കയായിരുന്നു" (യെഹെസ്ക്കേൽ 8:16). യഹൂദാ രാജാക്കന്മാർ സൂര്യനെ നമസ്ക്കരിച്ചിരുന്നു എന്ന് രാജാക്കന്മാരുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. "യഹോവയുടെ ആലയത്തിലേക്കുള്ള പ്രവേശനത്തിങ്കൽ വളപ്പിന്നകത്തുള്ള നാഥാൻ-മേലെക് എന്ന ഷണ്ഡന്റെ അറക്കരികെ യഹൂദാരാജാക്കന്മാർ സൂര്യന് പ്രതിഷ്ഠിച്ചിരുന്ന അശ്വബിംബങ്ങളെ അവൻ

നീക്കി സൂര്യരഥങ്ങളെ തീയിലിട്ടു ചുട്ടുകളഞ്ഞു" (2 രാജാ. 23:11). പുതിയനിയമ സഭയിലും സൂര്യാരാധന വേഷം മാറി പ്രവേശിച്ചിരിക്കുന്നു. കിഴക്കോട്ടു നോക്കിയുള്ള സൂര്യാരാധന പഴയനിയമക്കാർ ചെയ്തിരുന്നതുപോലെ ഇന്നും കാണുവാൻ സാധിക്കുന്നു. ഭാരതത്തിലും, പേർഷ്യയിലും, ഗ്രീസിലും, റോമിലും ഉണ്ടായിരുന്ന ജാതികൾ സൂര്യനെ ആരാധിച്ചിരുന്നു. ക്രിസ്താബ്ദത്തിനു മുമ്പുതന്നെ ആഴ്ചകളുടെ ദിവസങ്ങളെ ജാതികൾ ഗോളദേവന്മാർക്ക് നിയോഗിച്ചിരുന്നു എന്ന് ചരിത്രം പഠിപ്പിക്കുന്നു. ഗോളദേവന്മാരിൽ ശ്രേഷ്ഠൻ സൂര്യദേവൻ എന്ന് ജാതികൾ കരുതിയിരുന്നതുകൊണ്ട് ആഴ്ചയുടെ ആദ്യത്തെ ദിവസം സൂര്യദേവന് നിയോഗിച്ചു. അങ്ങനെ സൂര്യാരാധന ഞായറാഴ്ചയായി രൂപം കൊണ്ടു. പല ക്രിസ്തീയ ന്യായീകരണങ്ങൾ ഉപയോഗിച്ചാണ് സൂര്യദേവന്റെ ഞായറാഴ്ച ക്രിസ്ത്യാനിത്വത്തിൽ കടന്നു കൂടിയത്. അതിൽ ക്രിസ്തു നീതി സൂര്യൻ എന്നും, ഞായറാഴ്ച ഉയിർപ്പുദിവസം എന്നതും ഉൾപ്പെടുന്നു. ഇന്ന് ക്രിസ്ത്യാനികൾ ആചരിക്കുന്ന ക്രിസ്തുമസും സൂര്യാരാധനയുടെ അടിസ്ഥാനത്തിൽ നിലവിൽ വന്ന ജാതികളുടെ ആചാരമായിരുന്നു. വേദപുസ്തകം സൂക്ഷ്മതയോടെ പഠിക്കാത്ത സാധാരണ ക്രിസ്ത്യാനികളും, ആരാധന ഒരു ചടങ്ങായി മാത്രം കരുതുന്ന നാമധേയ ക്രിസ്ത്യാനികളും അവരുടെ ബുദ്ധിക്ക് "ശരി" എന്ന് തോന്നത്തക്കവണ്ണം കാര്യങ്ങൾ പ്രസംഗിച്ച് കേട്ടാൽ അത് വിശ്വസിക്കുന്നു. കുറെക്കാലം മുമ്പ്, ലോകത്തിൽ ഉള്ള എട്ടുപേരിൽ ഒരാൾക്ക് വേദപുസ്തകം ലഭിച്ചിരിക്കുന്നു എന്ന് കണക്കാക്കിയിരുന്നു. എന്നാൽ വേദപുസ്തകം ലഭിച്ചിരിക്കുന്നവരിൽ എത്രപേർ അത് പഠിക്കുന്നു എന്നും എത്രപേർ വായിക്കുന്നത് ഗ്രഹിക്കുന്നു എന്നും ഗ്രഹിക്കുന്നവരിൽ എത്രപേർ ഗ്രഹിക്കുന്ന പ്രകാരം ജീവിക്കുന്നു എന്നും കണക്കിലെടുക്കുമ്പോൾ: "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ" എന്ന കണക്കിൽ ഉൾപ്പെടുന്നവർ ചുരുക്കം പേർ എന്ന് കാണുന്നു; എന്നു മാത്രമല്ല സാത്താന്റെ ഏത് ചതിക്കും, മനുഷ്യൻ വിധേയരാകുന്നു എന്നും കാണുവാൻ സാധിക്കുന്നു. ഞായറാഴ്ച ആചാരം തികെച്ചും മാനുഷികമാണ് എന്നാൽ അതിന് വെള്ളതേച്ചിരിക്കുന്നു എന്നതാണ് സത്യം.

## ചില സഭാ നേതാക്കന്മാരുടെ പ്രസ്താവനകൾ

### Luther

*They (the Catholics) allege the Sabbath changed into Sunday, the Lord's day contrary to the decalogue, as it appears; neither is there any*

*example more boasted of than the changing of the Sabbath day. Great, say they, is the power and authority of the church, since it dispensed with one of the ten commandments-Auxsbury confession, art XXVIII.*

(പത്തുകല്പനയ്ക്ക് വിരുദ്ധമായി, ശബ്ബത്ത്, കർത്തൃദിവസമാകുന്ന ഞായറാഴ്ചയിലേക്ക് മാറ്റിയിരിക്കുന്നു എന്ന് കത്തോലിക്ക സഭ പ്രസ്താവിക്കുന്നു; ശബ്ബത്ത് മാറ്റിയ വീരവാദംപോലെ മറ്റൊന്നില്ല. പത്ത് കല്പനയിൽ ഒന്ന് ഒഴിവാക്കിയത് സഭയുടെ വലിയ അധികാരത്തിലും ശക്തിയിലുമാണ്.)

## Christian

I do not believe that the Lord's day came in the room of the Jewish Sabbath, or that the Sabbath was changed from the seventh to the first day, for this plain reason, that where there is no testimony, there can be no faith. Now there is no testimony in all the oracles of heaven that the sabbath was changed or that the Lord's day came in the room of it ...There is no divine testimony that the sabbath was changed or that the Lord's day came in the room of it; therefore there can be no divine faith that the sabbath was changed or that the Lord's day came in the room of it.- Alexander Campbell (candidus) in Washington (Pa.) Reporter, Oct. 8, 1821.

(കർത്തൃദിവസം ശബ്ബത്തിന്റെ സ്ഥാനത്ത് വന്നു എന്നോ ആഴ്ച വട്ടത്തിന്റെ ഏഴാംദിന ശബ്ബത്ത് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിനത്തിലേക്ക് മാറി എന്നോ ഞാൻ വിശ്വസിക്കുന്നില്ല; സാക്ഷ്യം ഇല്ലാത്തിടത്ത് വിശ്വാസം സാദ്ധ്യമല്ല. സ്വർഗ്ഗത്തിന്റെ എല്ലാ അരുളപ്പാടുകളിലും ശബ്ബത്ത് മാറ്റി എന്നും ഞായറാഴ്ച ശബ്ബത്തിന്റെ സ്ഥാനത്ത് സ്ഥാപിക്കപ്പെട്ടു എന്നും സാക്ഷ്യം ഇല്ല. ശബ്ബത്ത് മാറി കർത്തൃദിവസം അതിന്റെ സ്ഥാനം എടുത്തു എന്ന് ദൈവ നിയോഗമായ വിശ്വാസം സാദ്ധ്യമല്ല.)

## Congregationalist

"It is quite clear that, however rigidly or devotedly we may spend sunday, we are not keeping sabbath... The sabbath was founded on a specific, divine command. We can plead no such command for the observance of sunday... There is not a single sentence in the New Testament to suggest that we incur any penalty violating the supposed sanctity of Sunday''.-The Ten commandments, R.W. Dale D.D. (Congregationalist) P.P. 106, 107, Lendon; Hodder and Stoughton.

(നാം എത്ര കഠിനമായിട്ടും സമർപ്പണത്തോടും ഞായറാഴ്ച കഴി ച്ചുകൂട്ടിയാലും നാം ശബ്ബത്ത് ആചരിക്കുന്നില്ല എന്നത് വ്യക്തമാണ്. ഒരു നിശ്ചിതമായ ദൈവകല്പന പ്രകാരമാണ് ശബ്ബത്ത് സ്ഥാപിക്ക പ്പെട്ടിരിക്കുന്നത്. അപ്രകാരം ഒരു കല്പന ഞായറാഴ്ചയെ സംബന്ധിച്ച് കാണുന്നില്ല. നാം ഞായറാഴ്ചക്ക് അനുമാനിക്കുന്ന വിശുദ്ധി ലംഘി ക്കുന്നതുകൊണ്ട് ശിക്ഷ വഹിക്കും എന്ന് ഒരു വാചകംപോലും പുതി യനിയമത്തിൽ കാണുന്നില്ല.)

## Baptist

Dr. Hiscox's Solemn Question and Declaration: There was and is commandment to keep holy the Sabbath day, but that Sabbath day was not sunday. It will be said, however, and with some show of triumph, that the Sabbath was transferred from the seventh to the first day of the week, with all its duties, privileges, and sanctions. Earnestly desiring information on this subject which I have studied for many years. I ask, where can the record of such transaction be found? Not in the new testament, absolutely not. There is no scriptural evidence of the change of the sabbath institution from the seventh to the first day of the week... of course, I quite well know that sunday did come into use in early christian history as a religious day, as we learn from the christian fathers and other sources. But what a pity that it comes branded with the mark of paganizm, and christened with the name of the sun god, when adopted and sanctioned by the papal apostasy, and bequeathed as a sacred legacy to Protestantism". Dr Edward T. Hiscox, author of The Baptist manual, in a paper read before a New York Ministers conference held.

Nov.13, 1893.

#### ഡോ. ഹിസ്കോക്സിന്റെ പാവനമായ ചോദ്യവും പ്രഖ്യാപനവും

ശബ്ബത്ത്നാൾ ശുദ്ധീകരിപ്പാൻ ഒരു കല്പന ഉണ്ടായിരുന്നു, ഇപ്പോഴും ഉണ്ട്, എന്നാൽ ആ ശബ്ബത്ത്നാൾ ഞായറാഴ്ച ആയിരു ന്നില്ല. ശബ്ബത്തും അതിനോടനുബന്ധിച്ച കടമകളും, അനുഗ്രഹങ്ങളും, ഭവിഷത്തും ഏഴാമത്തേതിൽനിന്നും ആഴ്ചയുടെ ഒന്നാമത്തെ ദിവസ ത്തിലേക്ക് മാറ്റി എന്ന് ജയഘോഷപ്രകടനത്തോടെ പറയുവാൻ സാധി ച്ചേക്കാം. ഈ വിഷയം വളരെ വർഷങ്ങൾ ആത്മാർത്ഥതയോടെ പഠി ച്ചതിനുശേഷം ഞാൻ ചോദിക്കട്ടെ, അപ്രകാരം ഒരു മാറ്റത്തിന്റെ ചരി ത്രരേഖ എവിടെ കാണുവാൻ സാധിക്കുന്നു? പുതിയനിയമത്തിൽ ഇല്ല, അശേഷം ഇല്ല. ശബ്ബത്ത്, ഏഴാമത്തെ ദിവസത്തിൽനിന്നും, ആഴ്ച യുടെ ഒന്നാമത്തെ ദിവസത്തിലേക്ക് മാറിയതായി തിരുവചനത്തിൽ

തെളിവില്ല. ഞായറാഴ്ച ആചാരം പുരാതനമേ ക്രിസ്ത്യാനിത്വത്തി ലേക്ക് കടന്നുവന്നു എന്ന് സഭാ പിതാക്കന്മാരിൽനിന്നും മറ്റ് മാധ്യമ ങ്ങളിൽനിന്നും ഞാൻ അറിയുന്നു. എത്ര ശോചനീയം, ജാതികളിൽ നിന്നും സൂര്യദേവന്റെ പേരിൽ ക്രിസ്ത്യനീകരിച്ച്, വിശ്വാസ ത്യാഗി യായ പാപ്പാത്വത്തിന്റെ അനുഗ്രഹത്തോടും അധികാരത്തോടും പ്രോട്ടെസ്റ്റന്റിസത്തിലേക്ക് കടന്നു വന്നിരിക്കുന്നു.

**ഞായറാഴ്ചയും കത്തോലിക്കരും**

The Bishop Eusebius (AD 270-338) who worked with the Emperor Constantine says: "All things whatsoever that it was duty to do on the Sabbath, these we have transferred to the Lord's day" commentary on psalms, Eusebius; cited in the commentary on the apocalypse, Moses stuart, Vol. II; 9.40 Andover: Allen, Morille, and Wardwell, 1845.

കുസ്തന്തിനോസ് ചക്രവർത്തിയോടുകൂടെ പ്രവർത്തിച്ച ബിഷപ്പ് ഇസീബിയസ് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "ശബ്ബത്താചാരത്തിന് കടപ്പെട്ടിരുന്ന എല്ലാ കാര്യങ്ങളും ഞങ്ങൾ കർത്തൃദിവസത്തിലേക്ക് മാറ്റിയിരിക്കുന്നു. "

The first Sunday law ever made was that issued by the Emperor Constantine-March 7, AD 321, and reads as follows: "Let all the judges and town people and the occupation of all trades rest on the Venerable day of the sun; but let those who are situated in the country, freely and at full liberty, attend to the business of agriculture; because it often happens that no other day is so fit for sowing corn and planting vines; lest the critical moment being let slop, men should lose the comodities granted by heaven" corpus Juris Civilis Codes : 1163, tit. 12, 3.

മാർച്ച് 7, AD 321-ൽ കുസ്തന്തിനോസ് ചക്രവർത്തിയാണ് ഞായ റാഴ്ച ആചാരം കല്പനയായി പ്രഖ്യാപിക്കുന്നത്. അത് താഴെ ചേർക്കും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

"എല്ലാ ന്യായാധിപന്മാരും, നഗരവാസികളും, എല്ലാവിധ വ്യാപാ രത്തിൽ ഏർപ്പെട്ടിരിക്കുന്നവരും സൂര്യാരാധന ദിവസത്തിൽ വിശ്രമി ക്കേണ്ടതാകുന്നു. എന്നാൽ ഗ്രാമവാസികൾ പൂർണ്ണ സ്വാതന്ത്ര്യത്തോടെ കൃഷിയിൽ ഏർപ്പെടാം എന്തുകൊണ്ടന്നാൽ പലപ്പോഴും, ചോളം വിത ക്കുന്നതിനും മുന്തിരി നടുന്നതിനും മറ്റുദിവസങ്ങൾ അനുകൂലമല്ലാ തിരുന്നേക്കാം; അങ്ങനെ ഗുണാനുഗുണ നിമിഷങ്ങൾ പാഴാക്കി സ്വർഗ്ഗം നൽകുന്ന ചരക്കുകൾ നഷ്ടമാകാതിരിക്കും."

The Catholic council of Laodicea (AD 364) forbade the observance of the true Bible Sabbath.

"Christians shall not Judaize and be idle on Saturday (Sabbath, original) but shall work on that day; but the Lord's day they shall especially honour, and, as being christians, shall it possible do  not work on that day; If, however, they are found Judaizing, they shall be shut out from Christ". History of the councils of the Chruch: from the original document, Rt. Rev. Charles Joseph Hefele, D.D. Bishop of Rottenburg, book 6, Sec. 93. Canon 9 (Vol. II., P 316) Edinburg: T.&T. Clark 1896.

(AD 364)-ൽ ലെവൊദികൃയിൽ കൂടിയ കത്തോലിക്ക സമിതി തിരുവചന ശബ്ബത്താചാരം നിരോധിച്ചു.

ക്രിസ്ത്യാനികൾ യഹൂദാവല്ക്കരണപ്പെട്ട് ശനിയാഴ്ച പ്രവർത്തരഹിതരായിരിക്കാൻ പാടില്ല; ജോലി ചെയ്യേണ്ടതാണ്. എന്നാൽ കർത്തൃദിവസം വിശേഷിച്ചും ആചരിക്കേണ്ടതാണ്; കഴിയുമെങ്കിൽ ആ ദിവസത്തിൽ ഒരു വേലയും ചെയ്യാൻ പാടില്ലാത്തതാണ്. അവർ യഹൂദാവല്ക്കരണപ്പെടുന്നതായി കണ്ടാൽ അവർ ക്രിസ്തുവിൽ നിന്നും ബഹിഷ്ക്കരിക്കപ്പെടും.

കത്തോലിക്കാ പ്രസ്ഥാനം ആകമാനവും പല പ്രൊട്ടെസ്റ്റന്റ് നേതാക്കന്മാരും ഞായറാഴ്ച ആചാരത്തിന് തിരുവചനത്തിൽ തെളിവുകൾ ഇല്ല എന്ന നിഗമനത്തിൽ യോജിക്കുന്നു. തിരുവചന തെളിവുകളും ചരിത്രവും പരിശോധിക്കുമ്പോൾ ഞായറാഴ്ച ആചാരം മാനുഷികമായി രൂപംകൊണ്ടു എന്ന് തെളിവാകുന്നു. നാലാം കല്പനയാകുന്ന ശബ്ബത്തിന്റെ ലംഘനം മറ്റേത് കല്പനാ ലംഘനം പോലെയും മരണയോഗ്യമായ പാപമാണ് എന്ന് മനസ്സിലാക്കിയിരുന്നെങ്കിൽ എന്ന് പ്രാർത്ഥിക്കുന്നു. കത്തോലിക്കർ ശബ്ബത്തിന്റെ വിശുദ്ധി ഞായറാഴ്ചയിലേക്ക് മാറ്റി എന്ന് സാക്ഷ്യം പറയുന്നു. ഈ അധർമ്മം അവർ ചെയ്ത സമയത്ത് ഒരു പ്രൊട്ടെസ്റ്റന്റ് സഭപോലും ഭൂമുഖത്ത് ഉണ്ടായിരുന്നില്ല.

സൂര്യാരാധനയുടെ ദിവസം മനുഷ്യന് കൊടുത്തിരിക്കുന്നത് ദൈവമല്ല കത്തോലിക്കാ സഭയാണ് എന്ന് കത്തോലിക്കർ പറയുന്നത് സത്യമാണ് . ആരാധന ദിവസത്തെ സംബന്ധിക്കുന്ന സാക്ഷ്യം വളരെ വ്യക്തമാണ്. വെളിപ്പാടുകാരനായ യോഹന്നാൻ താക്കീത് നൽകുന്നത് “വേറൊരു ശബ്ദം സ്വർഗ്ഗത്തിൽനിന്നു പറയുന്നതായി ഞാൻ കേട്ടത്; എന്റെ ജനമായുള്ളോരേ അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും

അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടു പോരുവിൻ" (വെളി. 18:4) മഹതിയാം ബാബിലോൺ എന്ന വേശ്യക്ക് (കത്തോലിക്ക സഭക്ക്) മക്കളുണ്ട് (വെളി. 17:5). ഉപദേശങ്ങൾ ആകമാനമോ ഭാഗീകമായോ സ്വീകരിക്കുന്ന സഭകളുടെ മാതാവാണ് മഹതിയാം ബാബിലോൺ.

## ഞായറാഴ്ചയും എൻസൈക്ളോപിഡിയായും

"The earliest recognition of the observence of Sunday as a legal duty is a constitution of constantine in AD 321 enacting that all courts of justice, inhabitants of town and workshops were to be at rest on Sunday (venerabili die solis), with on exception in favour of those engaged in agricultural labour" Encyclopedia Britannica : Vol XXVI.,11th edition, art "Sunday." P.95.

"Unquestionably the first law, either ecclesiastical or civil, by which the sabbatical observance of that day is known to have been ordained, is the edict of constantine, A.D. 321'' chamers Encylopedia art, Sabbath.

♦

# അഭ്യർത്ഥന

ഞായറാഴ്ച ആചാരം മാനുഷികമാണ് എന്നതിന് തെളിവുകൾ ശക്തമാണ്. ശബ്ബത്ത് വിശുദ്ധമായി ആചരിക്കാത്തത് കല്പന ലംഘനമാണ്; കല്പനാ ലംഘനം പാപവുമാണ് (1 യോഹ. 3:4). മാനസാന്തരപ്പെടാത്ത പാപം നിത്യമരണയോഗ്യമാണ്. ശബ്ബത്ത് ലംഘനം ആരും ഗൗരവമേറിയ ലംഘനമായി കണക്കാക്കാറില്ല; കള്ളം പറയുന്നതും ഗൗരവമേറിയ ലംഘനമായി കണക്കാക്കാറില്ല. ചെറിയ അവിശ്വസ്തത സാരമില്ല എന്ന മനോഭാവത്തിൽ മറവു ചെയ്തിരിക്കുന്നു. ഇത് തെറ്റിദ്ധാരണയുടെയും അജ്ഞതയുടെയും തെളിവാണ്. ഒരു ശബ്ബത്താചാരത്തിലേക്കു മാത്രമല്ല ഒരു വിശുദ്ധ ജീവിതത്തിലേക്കാണ് ദൈവം നമ്മെ ആഹ്വാനം ചെയ്യുന്നത്. വിശുദ്ധ ജീവിതം ദൈവകൃപയാൽ സാദ്ധ്യമാണ്. വിശുദ്ധ ജീവിതത്തിൽ വീഴ്ച വരികയില്ല എന്ന് തിരുവചനം പഠിപ്പിക്കുന്നില്ല. ഒരു വിശുദ്ധ ജീവിതം എന്ന് പറയുമ്പോൾ ഒരു തെറ്റും ഒരിക്കലും ചെയ്യാതെ ജീവിക്കണം എന്നാണ് സാധാരണമായി മനസ്സിലാക്കിയിരിക്കുന്നത്. എന്നാൽ തിരുവചനം പറയുന്നത് നീതിമാൻ ഏഴു പ്രാവശ്യം വീണാലും എഴുന്നേല്ക്കും (സദൃശ. 24:16). നാം വീഴുമ്പോൾ കരം പിടിച്ച് എഴുന്നേല്പിക്കുന്ന ഒരു ദൈവം നമുക്കുണ്ടായിരിക്കണം. ദൈവത്തിന്റെ മകനും, മകളും ആയിത്തീരുവാൻ നമ്മെ തന്നെ സമർപ്പിക്കുമ്പോൾ നാം ഒന്നും ചെയ്യാതെ സൗജന്യമായി നീതികരിക്കപ്പെടുന്നു. അതിനുശേഷം വിശുദ്ധിയിൽ ജീവിക്കേണ്ടതാണ്. അനുസരണം കൂടാതെ ഒരു വിശുദ്ധ ജീവിതം സാദ്ധ്യമല്ല. വിശുദ്ധിയിലുള്ള ജീവിതത്തിന്റെ ഭാഗമായിട്ട് യോസഫ് വ്യഭിചാരം വിട്ട് ഓടി. തിന്മ വിട്ട് ഓടുവാൻ ഒരുവന് സാധിച്ചു എങ്കിൽ മറ്റാർക്കും ഓടാവുന്നതാണ്; ദൈവം ശക്തി നൽകും. ശുദ്ധീകരണം പ്രാപിച്ചവർ മാത്രമേ ദൈവത്തെ കാണുകയുള്ളു. (എബ്രായർ 12:14). ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നേ (1 തെസ്സ. 4:3). ഇപ്രകാരം ഒരു ഗൗരവമേറിയ വിശുദ്ധ ജീവിതത്തിന് സമർപ്പിക്കപ്പെട്ടവർ എത്ര പേർ ഉണ്ട്. വീണ്ടും എടുത്തു പറയട്ടെ അനുസരണം കൂടാതെ ഒരു വിശുദ്ധ ജീവിതം അസാദ്ധ്യമാണ്; അതിൽ പത്തു കല്പനയും ഉൾപ്പെടുന്നു; പത്തുകല്പനയിൽ നാലാം കല്പനയാകുന്ന ശബ്ബത്തും ഉൾപ്പെടുന്നു. ഇത് ഒരു സഭയുടെ

പഠിപ്പിക്കൽ അല്ല; ഇത് ദൈവ വ്യവസ്ഥയാണ്. ആകയാൽ ന്യായ പ്രമാണം വിശുദ്ധം; കല്പന വിശുദ്ധവും ന്യായവും നല്ലതും തന്നേ (റോമർ 7:12) വിശുദ്ധമായ ന്യായപ്രമാണവും കല്പനയും ഉപേക്ഷിച്ച് ഒരു വിശുദ്ധ ജീവിതം അസാദ്ധ്യമാണ്. ദൈവം ശബ്ബത്ത് ശുദ്ധീകരിച്ചു, വിശുദ്ധ കല്പനയുടെ ഭാഗവുമാക്കി; അതുകൂടാതെ വിശുദ്ധജീവിതം അസാദ്ധ്യമാണ്. അനേകം ആത്മാർത്ഥതയുള്ള ദൈവജനം സത്യം അറിയുമ്പോൾ അത് സ്വീകരിക്കണമേ എന്ന് അപേക്ഷിക്കുന്നു. അനേകം ദൈവമക്കൾ കരിസ്മാറ്റിസം എന്ന അനുഭൂതിയിൽ സംതൃപ്തരായി ജീവിക്കുന്നു. കല്പനാ ലംഘനം എന്ന പാപത്തിൽ അവർ ജീവിക്കുന്നു എന്ന് ബോധവാന്മാരല്ല. ദൈവം എല്ലാവരുടെയും ബുദ്ധി പ്രകാശിപ്പിക്കട്ടെ; അങ്ങനെ നാം എല്ലാവരും ബുദ്ധിയുള്ള ആരാധനക്കാരായിത്തീരുവാൻ ദൈവം കൃപ ചെയ്യുമാറാകട്ടെ.

♦